# പഃ വട്ടശ്ശേരിൽ തിരുമേനി

## മലങ്കരസഭയുടെ കോട്ട



K. V. MAMMEN
Kottackal Publishers
P. B. 10. Manganam
Kottayam-686 018
0481-2578936

# വട്ടശ്ശേരിൽ തിരുമേനി
## മലങ്കരസഭയുടെ കോട്ട

(Malayalam)

**Vattasseril Tirumeni**
**Malankara Sabhayude Kotta**
(Biography)


By **Rev. Dr. Joseph Cheeran**
**K. V. Mammen, Kottackal**
**Dr. P. C. Mathew, Pulikottil**

Published by : Kottackal Publishers
Manganam, Kottayam 18, Kerala
Phone: 2578936

First Published : October 2001
Second Edition : November 2001
Third Edition : February 2002
Fourth Edition : Feb. 23, 2012
Cover Design : Equations, Kottayam Ph: 94469 84669
D.T.P & Printing: Sophia Print House, Kottayam. Mob: 9947120697

**Rs. 175/-**


# വട്ടശ്ശേരിൽ തിരുമേനി
# മലങ്കരസഭയുടെ കോട്ട
**(ജീവചരിത്രം)**

**കാതോലിക്കേറ്റ് ശതാബ്ദി**
**സ്മാരക പതിപ്പ്**


ഗ്രന്ഥകർത്താക്കൾ:

**റവ. ഡോ. ജോസഫ് ചീരൻ**
**കെ. വി. മാമ്മൻ**
**അഡ്വ. ഡോ. പി. സി. മാത്യു**



പ്രസാധകർ:

**കോട്ടയ്ക്കൽ പബ്ലിഷേഴ്സ്**
മാങ്ങാനം, കോട്ടയം 686 018 കേരളം
ഫോൺ: 578936
വില: 175 രൂപ


## ഗ്രന്ഥകർത്താക്കൾ



ഫാ. ഡോ.
ജോസഫ്
ചീരൻ



കെ. വി. മാമ്മൻ
കോട്ടയ്ക്കൽ



അഡ്വ. ഡോ.
പി. സി. മാത്യു
പുലിക്കോട്ടിൽ



# സമർപ്പണം

മലങ്കര സഭാ മിഷൻ ബോർഡിന്റെ പ്രസിഡന്റും ഏഴു ദശാബ്ദകാലം പാവപ്പെട്ടവരുടെ, വിശിഷ്യ അനാഥരായ കുട്ടികളുടെ അത്താണിയും സ്നേഹനിധിയും ആതുരസേവനനിരതനും ഞങ്ങളുടെ വലിയ അഭ്യുദയകാംക്ഷിയുമായിരുന്നു ചരിത്രം സൃഷ്ടിച്ചശേഷം ഈ ഫെബ്രുവരി 16-നു പരുമല മാർ ഗ്രീഗോറിയോസ് ആശുപത്രിയിൽ വച്ച് ദിവംഗതനായ സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പാവനസ്മരണയ്ക്കു മുമ്പിൽ കാതോലിക്കേറ്റ് ശതാബ്ദി സ്മാരക പതിപ്പായി പ്രസിദ്ധീകരിക്കുന്ന "മലങ്കരസഭയുടെ കോട്ടയായ പ. വട്ടശ്ശേരിൽ തിരുമേനിയെ" ഞങ്ങൾ അത്യാദരപൂർവ്വം സമർപ്പിക്കുന്നു.

ഗ്രന്ഥകർത്താക്കൾ

# ആശീർവാദം



ഭാഗ്യസ്മരണാർഹനായ മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കരസഭയ്ക്കു നൽകിയ സമുന്നതവും അതുല്യവുമായ സംഭാവനകൾക്കു പ്രാധാന്യം നൽകിക്കൊണ്ടുള്ള "വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട" എന്ന ജീവചരിത്രം പ്രബുദ്ധരായ സഭാംഗങ്ങൾക്കു ലഭിച്ച വിലയേറിയ ഒരു പാരിതോഷികമായി കണക്കാക്കുകയാണ്. പ്രാതികൂല്യങ്ങളെ ഭയപ്പെടാതെ അവയെ നേരിടാനുള്ള ധൈര്യവും അതിനുവേണ്ട മാനസികമായ ഒരുക്കവുമായിരുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ മുഖമുദ്രയെന്നു പറയാം. സത്യത്തെ മുറുകെപ്പിടിച്ചുകൊണ്ടുള്ള ആ സുസ്ഥിരമായ നിലപാട് ആത്യന്തിക വിജയം നേടി. വൈഷമ്യങ്ങളെയും എതിർപ്പുകളെയും വിജയത്തിലേക്കുള്ള ചവിട്ടുപടികളാക്കി കരേറാനുള്ള ദൈവകൃപ അദ്ദേഹത്തിനു സുലഭമായി ലഭിച്ചിരുന്നു. പൗലൂസ് ശ്ലീഹായെപ്പോലെ അദ്ദേഹത്തിന്റെ ജീവിതവും ഒരു വലിയ യുദ്ധമായിരുന്നു. വിപത്തുകളെ ദൈവാശ്രയത്തോടെ നേരിട്ടു വിജയശ്രീലാളിതനായി. ആ വിജയം നേടാനുള്ള കഴിവ് ഒന്നു വേറെയായിരുന്നു. അക്കാര്യങ്ങൾ സഭാംഗങ്ങൾ വായിച്ചു പ്രചോദനം ഉൾക്കൊള്ളുക തന്നെ വേണം.

സഭാഭാസുരൻ എന്ന അന്വർത്ഥവും ഏറ്റവും ശ്രദ്ധേയവുമായ ബഹുമതിക്കർഹനായ അദ്ദേഹത്തിന്റെ ശാശ്വത സ്മാരകം പ്രധാനമായും, സഭയിലെ പ്രബുദ്ധരായ ഭക്തന്മാരുടെ ഹൃദയങ്ങളിലാണ്. സത്യവിശ്വാസികൾ നിത്യവും അദ്ദേഹത്തെ സ്മരിക്കും. മരണത്തെ മുഖാമുഖമായി കണ്ടപ്പോഴും അദ്ദേഹത്തിനു സംശയലേശമെന്യേ ആശ്രയിക്കാനും വിശ്വസിക്കാനും പറ്റിയ ഒരു പറ്റം സമുന്നത സഭാനേതാക്കളുടെ സാന്നിദ്ധ്യ സഹായസഹകരണങ്ങൾ മൂലം അദ്ദേഹം ഏറെ ധന്യനായിരുന്നു. ആ അസുലഭ ഭാഗ്യം മറ്റൊരു സഭാദ്ധ്യക്ഷനും അതേ അളവിൽ പിന്നീടു നമ്മുടെ സഭയിൽ ലഭ്യമായിരുന്നില്ല എന്ന വസ്തുത വിസ്മരിച്ചിട്ടു കാര്യമില്ല. മലങ്കരസഭയുടെ ദുർഘടഘട്ടങ്ങളിൽ അതിന്റെ ശക്തികേന്ദ്രമായിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ പ്രാർത്ഥനയും നമുക്ക് എന്നും മാർഗ്ഗദീപവും കോട്ടയുമായിരിക്കും; സംശയമില്ല.

ഈ പുസ്തക രചനയുടെ പിന്നിൽ പ്രവർത്തിച്ച അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ, കെ. വി. മാമ്മൻ കോട്ടയ്ക്കൽ, നമ്മുടെ പ്രിയൻ ജോസഫ് ചീരനച്ചൻ എന്നിവരുടെ സഭാചരിത്ര രംഗത്തെ മികച്ച സംഭാവനകളെ വിലമതിക്കുകയും ഈ സേവനം മലങ്കരസഭയിലെ വരും തലമുറയ്ക്ക് കോട്ടയും പ്രകാശഗോപുരവുമാകുമെന്നുറച്ചു വിശ്വസിക്കുകയും അവരെ ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കാതോലിക്കേറ്റ് അരമന
കോട്ടയം, 11 - 6 - 2001

**ബസ്സേലിയോസ് മാർത്തോമ്മാ**
**മാത്യൂസ് ദ്വിതീയൻ കാതോലിക്കാ**

# ആശംസ

"വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട" എന്ന ഗ്രന്ഥം, ഫാ. ഡോ. ജോസഫ് ചീരൻ, അഡ്വ. പി. സി. മാത്യു, കെ. വി. മാമ്മൻ എന്നിവർ വളരെയധികം പഠന - ഗവേഷണങ്ങൾ നടത്തി രചിച്ച ഒരു ഗ്രന്ഥമാണിത്. ഇരുപതാം നൂറ്റാണ്ടിൽ സഭയിൽ നടന്ന കേസുകളെക്കുറിച്ചും പല ചരിത്ര സംഭവങ്ങളെക്കുറിച്ചും ഇതിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും വട്ടശ്ശേരിൽ തിരുമേനിയാണിതിന്റെ കേന്ദ്രബിന്ദു. ഇതുവരെ അദ്ദേഹത്തെക്കുറിച്ച് രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ നിന്നു മാത്രമല്ല, ലേഖനങ്ങളും മലയാള മനോരമയിലെ പല ഉദ്ധരണികളും ഇതിൽ ചേർത്തിട്ടുണ്ട്. കെ. സി. മാമ്മൻ മാപ്പിളയെ എം. ഡി. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സ്ഥാനത്തുനിന്നു മാറ്റിയെങ്കിലും പിന്നീട് അതിന്റെ യാതൊരു വിരോധവും കാണിക്കാതെ വട്ടശ്ശേരിൽ തിരുമേനിക്കു വേണ്ടി ചെയ്ത സേവനങ്ങൾ വസ്തുനിഷ്ഠമായി പ്രതിപാദിച്ചിരിക്കുന്നത് എഴുത്തുകാരുടെ ശരിയായ വീക്ഷണത്തെയാണ് കാണിക്കുന്നത്.

ഞാൻ ശെമ്മാശനായിരുന്ന കാലത്ത് കെ. വി. മാമ്മൻ 'മൂന്നു വിശ്വാസസത്യങ്ങൾ' എന്ന എന്റെ ആദ്യത്തെ ഗ്രന്ഥമെഴുതുവാൻ എന്നെ സഹായിച്ച ആളാണ്. മാങ്ങാനം, കോട്ടയ്ക്കൽ പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ചിട്ടുള്ള പല ഗ്രന്ഥങ്ങളിൽ സുപ്രധാനമായ ഒന്നാണിത്. 'ആനപ്പാപ്പിയെക്കുറിച്ചും' വട്ടശ്ശേരിൽ തിരുമേനിയുടെ സഹായകരായ സെക്രട്ടറിമാരെക്കുറിച്ചും മറ്റും ഇതിൽ പരാമർശമുണ്ട്. യാക്കോബായ പാത്രിയർക്കീസന്മാർ ഭൗതിക അധികാരം പിടിച്ചുപറ്റാതിരിപ്പാൻ സഭയുടെ കോട്ടയായി പ്രവർത്തിച്ചത് വട്ടശ്ശേരിൽ തിരുമേനിയാണെന്ന് ഈ ഗ്രന്ഥം സസൂഷ്മം പഠിക്കുന്നവർക്ക് വ്യക്തമാകും.

സഭാഭാസുരന്റെ പാവനസ്മരണയിൽ സ്ഥാപിച്ചിരിക്കുന്ന പനയമ്പാല ബാലഭവനത്തെക്കുറിച്ചുള്ള പ്രതിപാദനത്തിൽ ദൈവകൃപയാൽ അതിന്റെ സ്ഥാപകൻ എന്ന് അഭിമാനിക്കുന്ന എനിക്ക് ചാരിതാർത്ഥ്യമുണ്ട്.

ഗ്രന്ഥകർത്താക്കൾ മൂവർക്കും അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ട് പുസ്തകത്തെപ്പറ്റി കൂലങ്കഷമായ പഠനം നടത്തുവാൻ അനുവാചകരോട് അഭ്യർത്ഥിക്കുന്നു. എല്ലാം സഭയുടെ വളർച്ചയ്ക്ക് സഹായകമായിത്തീരട്ടെ. നിരണം ഭദ്രാസനത്തിന്റെ ഇപ്പോഴത്തെ മെത്രാപ്പോലീത്താ എന്ന നിലയിൽ ഇതിന്റെ പ്രസിദ്ധീകരണത്തിന് പ്രത്യേക ഭാവുകങ്ങൾ ആശംസിക്കുന്നു. സഭയുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കയും അതേ സമയം കേസ്സുകൾ അവസാനിക്കുമ്പോൾ സഭ ഭാരത സുവിശേഷീകരണത്തിൽ ശ്രദ്ധിക്കുമെന്നുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ ആഗ്രഹം വേഗം സാധ്യ

യിത്തീരട്ടെയെന്ന് പ്രാർത്ഥിക്കയും ചെയ്യുന്നു. നല്ല കടലാസിൽ ഭംഗിയായി അച്ചടിച്ചിരിക്കുന്ന ഈ ഗ്രന്ഥം സൃഷ്ടിപരമായ വിമർശനത്തോടെ കൂടുതൽ ആളുകൾ വായിക്കുന്നത് നല്ലതായിരിക്കും.

ഇത് ദൈവ തിരുനാമ മഹത്വത്തിനും സഭയുടെ വളർച്ചയ്ക്കും സഭാസ്നേഹവർദ്ധനയ്ക്കും കാരണമായിത്തീരട്ടെ. ഗ്രന്ഥകർത്താക്കൾക്കും വായനക്കാർക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട്.

**ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്**
**മെത്രാപ്പോലീത്ത**

കോട്ടയം
പഴയസെമിനാരി
19 - 9 - 2001

# അവതാരിക


ഭാഗ്യസ്മരണാർഹനായ സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ സഭാസ്നേഹികൾക്ക് എന്നും കോരിത്തരിപ്പിക്കുന്ന അനുഭവം പ്രദാനം ചെയ്യുന്നു. ആ നാമശ്രവണമാത്രയിൽ തന്നെ ആത്മാഭിമാനമുള്ള മലങ്കര ഓർത്തഡോക്സുകാരൻ പുളകം കൊള്ളും. ദൈവത്തിലുള്ള ആഴമായ വിശ്വാസവും, വിനയവും, സ്നേഹവും, അർപ്പണബോധവും, പ്രതിപക്ഷ ബഹുമാനവും, കരുതലും, അതേസമയം തന്നെ നിശ്ചയദാർഢ്യവും, അനിഷേധ്യമായ നേതൃത്വവും, ഭരണനിപുണതയും, ക്രാന്തദർശിത്വവും, ദീർഘവീക്ഷണവും, ധീരതയും, സത്യത്തിനുവേണ്ടി വിട്ടുവീഴ്ചയില്ലാതെ പടപൊരുതുവാനുള്ള സാമർത്ഥ്യവും അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. പ്രാർത്ഥനയിലും, ആരാധനയിലും തീവ്രമായ വ്രതാനുഷ്ഠാനങ്ങളിലും, നോമ്പിലും കൗദാശിക ജീവിതത്തിലും അധിഷ്ഠിതമായി വളർത്തിയെടുത്ത ഓർത്തഡോക്സ് ക്രിസ്തീയ പൗരുഷത്തിന്റെ ഉടമയായിരുന്നു വന്ദ്യപിതാവ്. സത്യത്തിനുവേണ്ടി ഏതു ത്യാഗവും ചെയ്യുവാനുള്ള സന്നദ്ധത പിതാവിൽ വിളങ്ങിയിരുന്നു. ആ പിതാവിന്റെ ജീവിതവിജയത്തിന്റെ അടിസ്ഥാനവും ഇവ തന്നെയാണ്. 1912 -ലെ മലങ്കരയുടെ കാതോലിക്കേറ്റ് സ്ഥാപനവും അതിലൂടെ കരഗതമായ സ്വാതന്ത്ര്യവും, സ്വകീയതയും, സഭയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ വലിയ നേട്ടങ്ങളാണ്. വിദേശാധികാരത്തിൽ നിന്നുള്ള വിടുതലും സ്വതന്ത്രമായി സ്വന്തംകാലിൽ നിന്നുകൊണ്ട് സ്വധർമ്മം പൂർത്തീകരിച്ച് ജന്മനാട്ടിൽ വളർന്നു വികസിക്കുവാനുള്ള സാദ്ധ്യതയുമാണ് അദ്ദേഹം തുറന്നു തന്നത്. ഇതിൽ സഭ എത്രമാത്രം വിജയിച്ചു?

ഭക്തിപ്രകടനം ലവലേശം തീണ്ടാത്ത യഥാർത്ഥ ക്രിസ്തീയ ആത്മീയതയുടെ മാതൃക ലളിതജീവിതവും ഉന്നതചിന്തയും കൈമുതലായുള്ള ക്രൈസ്തവ ജീവിതത്തിന്റെ ഉടമ, സർവ്വോപരി സഭയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയും ദൗത്യബോധവും അദ്ദേഹത്തെ മറ്റുള്ളവരിൽനിന്നു വ്യത്യസ്തനാക്കി. വിവിധ മണ്ഡലങ്ങളിലുള്ള അദ്ദേഹത്തിന്റെ സേവനവും, സംഭാവനകളും അദ്ദേഹത്തെ അനശ്വരനാക്കി. വിദ്യാഭ്യാസമണ്ഡലത്തിലുള്ള ഈടുറ്റ സംഭാവനകൾ, സഭയിലെ മല്പാനായി നേടിയെടുത്ത ശിഷ്യസമൂഹം, ആരാധന, വിശ്വാസകാര്യങ്ങൾ, ആത്മീയപ്രസ്ഥാനങ്ങൾ, സുവിശേഷീകരണം, സഭൈക്യപ്രസ്ഥാനത്തിലുള്ള സംഭാവനകൾ ഇവ പ്രത്യേകം ശ്രദ്ധേയമാണ്.

പ. പിതാവിന്റെ ജീവിതവും, ദർശനവും, സഭയ്ക്കും സമൂഹത്തിനും നല്കിയ ശ്രേഷ്ഠമായ സംഭാവനകളും വിലയിരുത്തിക്കൊണ്ട് ഏതാനും കൃതികൾ ഇതിനകം പ്രസിദ്ധീകൃതമായിട്ടുണ്ട്. ദിവംഗതനായ ഇസ്സഡ്. എം. പാറേട്ടിന്റെ *മലങ്കര നസ്രാണി* പരമ്പരയിലെ, 'വട്ടശ്ശേരിൽ മാർ ദിവ

ന്നാസ്യോസ്', "നിത്യാക്ഷരങ്ങൾ" തുടങ്ങിയ വാല്യങ്ങൾ, പ്രശസ്ത ക്രിസ്തുശാസ്ത്ര പണ്ഡിതനും ചരിത്രകാരനുമായിരുന്ന ഫാ. ഡോ. വി. സി. സാമുവൽ വിരചിച്ച 'Truth Triumphs' എന്ന ഇംഗ്ലീഷിലുള്ള കൃതി, ചരിത്ര ഗവേഷകനും ഭാഷാപണ്ഡിതനുമായിരുന്ന ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ "*മലങ്കരസഭാ പിതാക്കന്മാർ*" എന്ന പരമ്പരയിലെ "വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്" എന്ന ഗ്രന്ഥം മുതലായവ ശ്രദ്ധേയങ്ങളാണ്.

എന്നാൽ അവയിൽ നിന്ന് അല്പം വിഭിന്നമായി സാമാന്യജനങ്ങൾക്ക് പ്രത്യേകിച്ചും ഈ തലമുറയിലും, വരും തലമുറയിലുമുള്ള യുവപ്രതിഭകൾക്ക് ഈ ശ്രേഷ്ഠ പിതാവിനെ പരിചയപ്പെടുത്തുക എന്ന യജ്ഞമാണ് "വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട" എന്ന ഈ കൃതിയിലൂടെ ഗ്രന്ഥകർത്താക്കളായ കെ. വി. മാമ്മൻ, ഫാ. ഡോ. ജോസഫ് ചീരൻ, അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ എന്നിവർ ഏറ്റെടുത്തത്. സഭാപിതാക്കന്മാരുടെയും മറ്റും ജീവചരിത്രരചന ഒരു തപസ്യയായി സ്വീകരിച്ചിരിക്കുന്ന കെ. വി. മാമ്മനാണ് ഈ കൂട്ടായ സംരംഭത്തിനു നേതൃത്വം നൽകിയിരിക്കുന്നത്. സഭാസ്നേഹിയും എന്റെ ദീർഘകാല സുഹൃത്തും ആയ മാമ്മൻ, കാലത്തിന്റെ കുത്തൊഴുക്കിൽ ഒരുപക്ഷേ നിഷ്പ്രഭമായി പോകുകയോ വിസ്മരിക്കപ്പെടുകയോ ചെയ്തേക്കാവുന്ന ശ്രേഷ്ഠ വ്യക്തികളെ തന്റെ രചനകളിലൂടെ അനശ്വരരാക്കിത്തീർക്കുന്നു. ഈ മഹത്തായ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന അദ്ദേഹത്തിന്റെയും ഉന്നതരായ സഹപ്രവർത്തകരുടെയും ശ്രമങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. Lives of great men remind us that we can also make our lives sublime' എന്ന ആപ്തവാക്യത്തിന്റെ യാഥാർത്ഥീകരണത്തിലേക്ക് നമ്മുടെ യുവജനത ഉണരട്ടെ!, ഉയരട്ടെ! ഒരു ജീവിതം ജീവിക്കുവാനുള്ളത്, ദൈവവിശ്വാസത്തോടെ, ആത്മവിശ്വാസത്തോടെ, ലക്ഷ്യബോധത്തോടെ, ശിക്ഷണബോധത്തോടുകൂടിയ കഠിനാദ്ധ്വാനത്തിലൂടെ, അർപ്പണബോധത്തോടെ നിസ്വാർത്ഥമായി നിർവ്വഹിക്കുവാനുള്ള സൽപ്രേരണ ഈ ഗ്രന്ഥപാരായണത്തിലൂടെ അനുവാചകർക്ക് ലഭ്യമാകട്ടെ! നന്മകൾ നേരുന്നു. ബഹുജനസമക്ഷം സവിനയം, സസന്തോഷം പരിശുദ്ധ പിതാവിനോടുള്ള നന്ദി നിറഞ്ഞ ഭക്ത്യാദരവുകളോടെ ഈ മഹൽഗ്രന്ഥം ഞാൻ സമർപ്പിച്ചുകൊള്ളുന്നു.



**ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത**

കാതോലിക്കേറ്റ് അരമന , കോട്ടയം

19 - 9 - 2001

# പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി സഭയുടെ അസ്തിത്വവും തനിമയും സ്വാതന്ത്ര്യവും അന്യൂനം സംരക്ഷിച്ചു

പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി, സ്വന്തം പ്രാണനേക്കാൾ കൂടുതലായി മലങ്കരസഭയെ സ്നേഹിക്കുകയും സഭയുടെ വ്യവസ്ഥാപിതമായ സ്വാതന്ത്ര്യവും, പാരമ്പര്യവും അന്യൂനം നിലനിർത്തണമെന്നാഗ്രഹിക്കുകയും സഭയുടെ അസ്തിത്വം, തനിമ എന്നിവയ്ക്ക് ഒരു പോറലും ഏൽക്കരുതെന്നു ദൃഢനിശ്ചയം ചെയ്യുകയും ചെയ്ത പുണ്യപുരുഷനും സമുന്നത വേദപണ്ഡിതനുമായിരുന്നു എന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുസ്മരിപ്പിച്ചു. പ. വട്ടശ്ശേരിൽ തിരുമേനിയുടെ 78-ാം ഓർമ്മപ്പെരുനാളിനോടനുബന്ധിച്ചു സഭയിലെ 100 പ്രമുഖ ഇടവകകളിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനങ്ങളുടെ ഉദ്ഘാടനം ഇക്കഴിഞ്ഞ ജനുവരി 31-നു കോട്ടയം മാർ ഏലിയാ ചാപ്പൽ ഹാളിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു പ. ബാവാ. തിരുമേനിയുടെ അതിശ്രദ്ധേയമായ പ്രസംഗത്തിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

വട്ടശ്ശേരിൽ തിരുമേനിയുടെ 78-ാമതു ഓർമ്മപ്പെരുനാളിന്റെ മുന്നോടിയായി പഴയസെമിനാരി മാനേജർ എം. സി. കുറിയാക്കോസച്ചൻ സഭയുടെ 100 കേന്ദ്രങ്ങളിൽ ഇക്കൊല്ലം ഇപ്രകാരമുള്ള സമ്മേളനങ്ങൾ സംഘടിപ്പിച്ചതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. ബ. അച്ചനെ ഞാൻ അനുമോദിക്കുന്നു.



നമ്മുടെ പിതാക്കന്മാരെ ഓർക്കുമ്പോൾ, നാമുമായി അവരെ താരതമ്യപ്പെടുത്തുമ്പോൾ, അവരുടെ ഗുണഗണങ്ങളുടെ നൂറിലൊരംശം പോലും നമുക്കില്ലെന്നു കാണാവുന്നതാണ്. നാം ഇന്ന് സ്വയംശീർഷകത്വമുള്ള സഭയായി നിലകൊള്ളുന്നത് പ. വട്ടശ്ശേരിൽ തിരുമേനി സ്വീകരിച്ച ഉറച്ച നിലപാടു കൊണ്ടാണെന്ന വസ്തുത ഒരു തർക്കവും

കൂടാതെ ആരും സമ്മതിക്കും. ഇവിടെ എന്റെ മുമ്പിലിരിക്കുന്ന കെ. വി. മാമ്മച്ചൻ തിരുമേനിയെപ്പറ്റി വളരെയധികം വായിക്കുകയും എഴുതുകയും ചെയ്യുന്ന വർത്തമാനകാലത്തെ ഒരു എഴുത്തുകാരനാണ്.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും വികസനത്തിനും വളർച്ചയ്ക്കും വേണ്ടി എന്തെല്ലാം ചെയ്യാമോ അതെല്ലാം വട്ടശ്ശേരിൽ തിരുമേനി ചെയ്തു. ഒരു ത്രാസിന്റെ വലത്തെ തട്ടിൽ സഭയേയും ഇടത്തെ തട്ടിൽ തന്റെ പ്രാണനേയും വച്ചു തൂക്കിനോക്കിയാൽ പ. സഭയുടെ ശക്തിക്കും നിലനിൽപിനുംവേണ്ടി പ്രാണനെപ്പോലും നഷ്ടപ്പെടുത്താൻ തിരുമേനി സന്നദ്ധനായിരുന്നു എന്നു കാണാം. വലിയ വേദപണ്ഡിതനായിരുന്നു അദ്ദേഹം. അന്നു പുസ്തകങ്ങൾ അധികമില്ല - ഇന്നാണെങ്കിൽ പഠിച്ചെഴുതാൻ വേണ്ടത്ര പുസ്തകങ്ങളും ഉണ്ട്. അവ വായിച്ചും പഠിച്ചും എഴുതാം. പുസ്തകങ്ങൾ ഒന്നും തുറന്നുനോക്കാനാവാതെയാണു 'മതസംഗതി' (മതോപദേശസാരങ്ങൾ) എന്ന അതിവിശിഷ്ടവും വേദാധിഷ്ഠിത പ്രധാനവുമായ ഗ്രന്ഥം തയ്യാറാക്കിയത്.

1960 കൊല്ലത്തെ ചരിത്രമുള്ള മലങ്കരസഭയുടെ അസ്തിത്വത്തിന് ഒരു പോറലും സംഭവിക്കരുതെന്ന നിഷ്കർഷ അദ്ദേഹത്തിനുണ്ടായിരുന്നു. 2012-ലെ കാതോലിക്കേറ്റ് ശതാബ്ദി ജൂബിലിയോ, ഓർമ്മപ്പെരുനാളോ, വാർഷികപ്പെരുനാളോ എന്തായാലും അതു തിരുമേനിയുടെ സ്വപ്ന സാക്ഷാൽക്കാരത്തിലേക്കു നയിക്കുന്നതാണ്. സമാധാനം ഉണ്ടാകാൻ അദ്ദേഹം സ്വയം താഴാൻ സമ്മതിച്ചു എങ്കിലും സഭയുടെ അസ്തിത്വത്തിന് ഒരു ചെറിയ പോറലുപോലും ഏല്പിക്കാൻ അവസരം നൽകിയില്ല.

തികഞ്ഞ സത്യസന്ധനായ അദ്ദേഹത്തിന് അസത്യം ഒട്ടും സ്വീകാര്യമായിരുന്നില്ലെന്നാണു എന്റെ കേട്ടറിവും വായിച്ചുള്ള അറിവും. സഭയെ ശക്തിപ്പെടുത്തുന്നതിനു വൈദികരുടെയും അവൈദികരുടെയും ഒരു നേതൃനിര ഉണ്ടായിരുന്നു. സഭയുടെ വ്യക്തിത്വം, അസ്തിത്വം, തനിമ എന്നിവ അന്യൂനം നിലനിർത്താൻ അവർ തിരുമേനിക്കു പിൻബലം നൽകി. വടക്കൻ പ്രദേശത്തു സഭയെ ശക്തമായി സഹായിച്ചത് കൊച്ചിയിലെ പോലീസ് സൂപ്രണ്ടായിരുന്ന എം. എ. ചാക്കോയാണ്. ഇദ്ദേഹം വേണ്ട ആലോചനകൾ തിരുമേനിക്കു നൽകിയിരുന്നു. തെക്കൻ ഭാഗങ്ങളിൽ ഇലഞ്ഞിക്കൽ ജോൺ വക്കീലിനെപ്പോലെയുള്ളവർ സഭാനേതാവിനു ശക്തമായ പിന്തുണ നൽകി. നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്താൻ മുടന്തൻ ന്യായങ്ങൾ പറഞ്ഞു മലങ്കരസഭയെ ഒരു ഭദ്രാസനമെന്നപോലെ ഇന്നും കരുതുന്നവരുണ്ട്. സമ്പൂർണ്ണ സ്വാതന്ത്ര്യം ലഭിച്ചിട്ടും ഇന്നും ചിലരുടെ മനസ്സിന്റെ കോണുകളിൽ അപ്പസ്തോലിക പാരമ്പര്യത്തെയും 2000 കൊല്ലത്തെ പഴക്കത്തെയും തഴയാൻ ശ്രമം നടന്നുവരു



ന്നുണ്ട്. ഇതു നമുക്കൊരു വലിയ വെല്ലുവിളിയാണ്. ഈസി ഗോയിംഗ് ലൈഫ് പാടില്ല. സഭയുടെ അഭിമാനവും ആഭിജാത്യവും വളർത്തി ഈ വെല്ലുവിളികളെ വ്യവസ്ഥാപിതമായി നാം നേരിടണം. സഭാനേതൃത്വത്തിനു ശക്തമായ പിൻബലം നൽകണം.

ഒരിക്കൽ പാത്രിയർക്കീസ് ബാവാ കുന്നംകുളത്തു വന്നപ്പോൾ ചിലർ അദ്ദേഹത്തെ അപമാനിക്കുംവിധം മുദ്രാവാക്യങ്ങൾ വിളിച്ചു എന്നും ആ അവസരത്തിൽ പറയേണ്ടതേ പറയാവൂ എന്നും ചെയ്യേണ്ടതേ ചെയ്യാവൂ എന്നും വട്ടശ്ശേരിൽ തിരുമേനി ആജ്ഞാപിച്ചതായി പ്രായമുള്ളവർ പറഞ്ഞു കേട്ടിട്ടുണ്ട്. പാത്രിയർക്കീസിന്റെ ചെയ്തികൾ മൂലം തനിക്കു വളരെ വേദനയും കഷ്ടതകളും ഉണ്ടായിട്ടും വട്ടശ്ശേരിൽ തിരുമേനി അദ്ദേഹത്തിനെതിരെ മോശമായ ഒരക്ഷരംപോലും പറഞ്ഞിട്ടില്ല.

ഒട്ടും പ്രകടനാത്മകത തിരുമേനിക്കില്ലായിരുന്നു. പുലിക്കോട്ടിൽ തിരുമേനി പിൻഗാമിയെ കണ്ട് ഏല്പിച്ച ചുമതലകൾ - സ്വപ്നങ്ങൾ - സാക്ഷാൽക്കരിക്കാൻ തിരുമേനിക്കൊപ്പം നിന്നു വെല്ലുവിളികളെ ഏറ്റെടുത്തു വിജയിപ്പിക്കണം. സഭയിൽ നിന്ന് എനിക്ക് എന്തു കിട്ടും എന്നതല്ല സഭയ്ക്ക് എന്തു കൊടുക്കാൻ സാധിക്കും എന്ന ചിന്ത ആഴമായി നിലകൊള്ളണം.

ചില വിദേശശക്തികൾ വ്യാപാരം ചെയ്തുകൊണ്ട് ഇന്ത്യയുടെ പരമാധികാരം പിടിച്ചെടുത്തു. 1950-ൽ രാഷ്ട്രം പരമാധികാര സ്വതന്ത്ര റിപ്പബ്ലിക്കായ ശേഷവും ഭാരതത്തിലെ ഏതെങ്കിലും സമൂഹത്തിനോ, വ്യക്തികൾക്കോ വിദേശത്തോടു കൂറു പുലർത്താൻ സാധ്യമല്ലെന്നോർക്കണം. അങ്ങനെ ചെയ്താൽ അതു രാജ്യദ്രോഹമാണ്.

വട്ടശ്ശേരിൽ തിരുമേനിയുടെ സ്വപ്നങ്ങളോടു ചേർന്നു നിന്ന് അവയുടെ സാക്ഷാൽക്കാരത്തിനുവേണ്ടി നമുക്കു പ്രവർത്തിക്കാനുള്ള കഴിവുണ്ടാകട്ടെ.

(കടപ്പാട്: http://www.malankaraorthodox.tv/)

# ആമുഖം

മഹത്തായ മനുഷ്യജീവിത പ്രവാഹത്തെ, വെൺമേഘമേഖലകളെ തൊട്ടുരുമ്മി നിലകൊള്ളുന്ന വിമലാഭമായ മലനിരകളുടെ പനിനീരായി മാറിയ നദിയോടുപമിച്ച മഹാൻ എത്രയോ ഭാവനാധന്യനാണെന്നു ചിന്തിച്ചുപോകുകയാണ്. ചെറിയ ആരംഭം. ചെളിയില്ലാത്ത ഒരു തെളിനീരുറവയായി - അമൃതവാഹിനിയായി - ഒഴുകിത്തുടങ്ങുന്നു. പിന്നീടു മലമടക്കുകളെയും താഴ്‌വാരങ്ങളെയും ഹരിതാഭമാക്കുകയും കാടുകളെയും വൃക്ഷലതാദികളെയും തഴുകുന്നതോടൊപ്പം ചിലപ്പോൾ പിഴുതുമറിക്കുകയും ചെയ്യുന്ന ആ തരംഗണി കൂലംകുത്തി കലങ്ങിമറിഞ്ഞും കലിതുള്ളിയും താഴോട്ടു ചീറിപ്പായുകയും ചെയ്യുന്നു. ഒടുവിൽ സൃഷ്ടി, സ്രഷ്ടാവിനെ കണ്ടെത്തും കണക്കെ, നദി സാഗരത്തിൽ ലയിച്ചു സായൂജ്യമടയുന്നു. നദിയെപ്പോലെ മനുഷ്യനും നിഷ്കളങ്കതയുടെ നിറകുടമായി അവനിയിൽ ജനിച്ചുവീഴുന്നു. സഹജീവികളെ സഹായിച്ചും നന്മകൾ വിതറിയും ചിലപ്പോൾ തിന്മകൾ വിതച്ചും അവൻ പ്രശ്നസങ്കീർണ്ണമായ ലോകജീവിതവീഥിയിലൂടെ അന്ത്യത്തെപ്പറ്റി ചിന്തയില്ലാതെ അലഞ്ഞുനടക്കുന്നു. അതിനിടയിൽ അനുഭവശതങ്ങളിലൂടെ, ശാശ്വതമായ ആത്മജ്ഞാനം ആർജ്ജിച്ചു കാലം തികയുമ്പോൾ അവൻ അത്യുന്നതങ്ങളിൽ അധിവസിക്കുന്ന, ആദിയും അന്തവുമില്ലാത്ത, സ്രഷ്ടാവിൽ അന്തിമജീവിതലക്ഷ്യം കണ്ടെത്തുന്നു.

മനുഷ്യന്റെ ആരംഭം മുതൽ തന്നെ, നദികൾ അവന്റെ ജീവിതസഖികളായി. അവൻ നദീതീരത്തുതന്നെ നിവസിച്ചിരുന്നു. ഏദൻതോട്ടത്തിലെ നാലു നദികൾ - പീശോൻ, ഗീഹോൻ, ഹിദ്ദേക്കൽ, ഫ്രാത്ത് എന്നിവ - ആദാമിന്റെയും ഹവ്വയുടെയും ദാഹം ശമിപ്പിക്കുകയും ദേഹശുദ്ധി വരുത്തുകയും ചെയ്തിരുന്ന വസ്തുത ഉല്പത്തിപ്പുസ്തകം ഉദ്ഘോഷിക്കുന്നു.

ലോകത്തിലെ വൻനഗരങ്ങളും ജനപദങ്ങളും സംസ്ക്കാരങ്ങളുമെല്ലാം തന്നെ നദീതീരങ്ങളിലാണല്ലോ വളർന്നുവികസിച്ച് വന്നിട്ടുള്ളത്. അങ്ങനെ നോക്കുമ്പോൾ നദിയില്ലെങ്കിൽ മനുഷ്യനുമില്ല, മഹാനഗരങ്ങളുമില്ല. മനുഷ്യനും നദികളും തമ്മിലുള്ള അഭേദ്യബന്ധം ആദികാലം മുതലുള്ളതാണെന്നു സിദ്ധിക്കുന്നു. ഇന്നും ഹിമവൽസാനുക്കളിലെ പുണ്യനദികളുടെ തീരങ്ങളിൽ പർണ്ണശാലകൾ കെട്ടി മുനീന്ദ്രന്മാർ ധ്യാനനിരതരായി കഴിയുന്നുണ്ടല്ലോ.

ലോഭമെന്യെ പ്രകൃതി ഹരിത പരവതാനി വിരിച്ചൊരുക്കി അനുഗ്രഹിച്ച മനോഹരമായ മല്ലപ്പള്ളിയിൽ ജനിച്ചുവളർന്ന വട്ടശ്ശേരിൽ



ഗീവർഗീസ് മാർ ദീവന്ന്യാസ്യോസ് മെത്രാപ്പോലീത്തായെപ്പറ്റി ചിന്തിക്കുമ്പോൾ നദികളുമായുള്ള അദ്ദേഹത്തിന്റെ എടുത്തുമാറ്റാനാവാത്ത ബന്ധം മനസ്സിൽ ഓടിയെത്തുകയായി. ഐശ്വര്യം തൊഴുതുനില്ക്കുന്ന, വൃക്ഷലതാദികൾ ആഛാദനം ചെയ്യുന്ന, കുന്നുകളും മലകളും വിഭിന്ന വിളകളുടെ കേദാരങ്ങളും, വീണ വായിച്ചൊഴുകുന്ന മണിമലയാറിന്റെ കളകളാരവവും ആഴമില്ലാത്ത ആറ്റിലെ മുങ്ങിക്കുളിയും പ്രഭാത സായാഹ്ന ഭേദമെന്യെ തലോടാനെത്തുന്ന മന്ദാനിലനും അമിതാശയില്ലാത്ത, സംസ്കാരസമ്പന്നരായ സാധാരണക്കാരും മറ്റും തിരുമേനിയെ ചെറുപ്പകാലത്തു വളരെയധികം സ്വാധീനിച്ചിരിക്കും.

മല്ലപ്പള്ളിയേയും പരിസരപ്രദേശങ്ങളേയും പച്ചപ്പട്ടണിയിക്കുന്ന -

“പാരംകരിമ്പുപനസംമുളകേലമിഞ്ചി
കേരംകവുങ്ങുതളിർവെറ്റില ഏത്തവാഴ”

എന്നിവയെ തഴുകിത്തലോടി പൂമണവുമായി എത്തുന്ന ബാലാനിലനും ബാല്യകാലം മുതലേ തിരുമേനിയുടെ ശരീരത്തെയും വിമലതയേറിയ മനസ്സിനേയും വിശുദ്ധീകരിക്കുകയും ആദ്ധ്യാത്മിക ചിന്തകളാൽ ഉന്മേഷഭരിതനാക്കുകയും ചെയ്തിരിക്കണം.

മല്ലപ്പള്ളിയെ തെല്ലും കൂസലെന്യെ രണ്ടായിത്തിരിച്ചുകൊണ്ട് നിർഭയം മങ്ങാതൊഴുകുന്ന മണിമലആറാണ് ഫലപുഷ്ടി നിറഞ്ഞ ആ രമ്യ ഭൂവിഭാഗത്തെ ഒരു മലർവാടിയാക്കി മാറ്റിയതെന്നു സംശയമില്ലാതെ ചൊല്ലാനാവും. ഈ മനോഹരമായ നദീമാതൃകത്തിൽ, സങ്കീർത്തനക്കാരന്റെ ഭാഷയിൽ പറഞ്ഞാൽ, തക്കകാലത്തു ഫലം കായിക്കുന്നതും ഇലവാടാത്തതുമായ ഒരു വടവൃക്ഷം പോലെ പടർന്നുപന്തലിച്ചു നിൽക്കുന്നു പ്രശസ്തമായ വട്ടശ്ശേരിൽ തറവാട്. അതിന്റെ സൽകീർത്തിയുടെയും സമുന്നതമായ ആദ്ധ്യാത്മികചൈതന്യത്തിന്റെയും, പ്രതീകമെന്ന നിലയിൽ അസ്തമിക്കാത്ത നിത്യാർക്കനാണു മലങ്കരസഭാ ഭാസുരനെന്നും മലങ്കരസഭയുടെ കോട്ടയെന്നും സ്ഥാനന്യായേന വിശേഷിപ്പിക്കപ്പെട്ടുവരുന്ന, ഒരർത്ഥത്തിൽ സഭാസമരഗോദായിലെ മല്ലന്മാരെ തകർത്ത കർമ്മകുശലനായ മല്ലപ്പള്ളി തിരുമേനി.

യൗവനത്തിന്റെ കവാടത്തിലെത്തി ഇരുപതു വയസ്സു തികയുന്നതിനു മുമ്പു വൈദികശ്രേണിയുടെ ആദ്യപടിയിൽ പ്രവേശിച്ച ഗീവറുഗീസ് ശെമ്മാശൻ, ഗണ്യമായ ഒരു ജനവിഭാഗം പുണ്യദായിനിയെന്നു കരുതുന്നതും ശബരിമലയുടെ പനിനീരുമായ പമ്പാനദിയുടെ പോഷക അരുവികളാൽ പരിസേവിതവും പരിപാവനവുമായ പരുമലയിലേക്കു താമസം മാറ്റി. പരുമലയിലെ ജീവിതം, അല്ല ആദ്ധ്യാത്മിക ഇമ്പങ്ങളുടെ പറുദീസയിലെ വാസം, ഒരു സ്വർഗ്ഗീയാനുഭൂതിയാണ് അദ്ദേഹത്തിനു പ്രദാനം

ചെയ്തത്. പരിശുദ്ധനായ പരുമലത്തിരുമേനിയുടെ സാന്നിദ്ധ്യവും അദ്ദേഹത്തോടൊപ്പമുള്ള ജീവിതവും സഞ്ചാരങ്ങളും മാർ ഗ്രിഗോറിയോസിന്റെ കീഴിൽ വെട്ടിക്കൽ ദയറായിലും പരുമലയിലെ അഴിപ്പുരയിലും വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചതും അഴിപ്പുരയിൽവച്ചു മലങ്കരയിലെ പ്രഥമ കാതോലിക്കാ മുറിമറ്റത്തിൽ മാർ ഈവാനിയോസിൽ നിന്നു വേദശാസ്ത്രവും സുറിയാനിയും ഉറങ്ങാതെ ഉരുവിട്ടു പഠിച്ചതും എല്ലാം അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ജീവിതത്തെ അളക്കാനാവാത്തവിധം പോഷിപ്പിച്ചു. അങ്ങനെ പമ്പാനദീതീരത്തെ സെമിനാരിവാസവും അദ്ധ്യാപനവും സെമിനാരിക്കുവേണ്ടിയുള്ള സഞ്ചാരങ്ങളും എല്ലാം വട്ടശ്ശരിൽ തിരുമേനിക്കു വിശുദ്ധിയുടെ സ്നാനഘട്ടങ്ങളിൽ മുടങ്ങാതെ മുങ്ങുന്നതിനു വേണ്ടത്ര സൗകര്യം ഒരുക്കി.

ഇങ്ങനെ കാലചക്രം തിരിയവെ പഴയ സെമിനാരി സംബന്ധിച്ച കേസ് ഹൈക്കോടതിയിൽ തന്റെ മുൻഗാമിയായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിനു (ദീവന്നാസിയോസ് അഞ്ചാമൻ) അനുകൂലമായി വിധിച്ചു. തുടർന്നു കൈവശക്കാരിൽ നിന്നു മെത്രാപ്പോലീത്താ സെമിനാരി നടത്തിയെടുത്തു. താമസംവിനാ വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാന്റെ കീഴിൽ അവിടെ വൈദിക വിദ്യാഭ്യാസം പുനരാരംഭിച്ചപ്പോൾ ആ ജീവിതവുമായി പിന്നീടു വളരെയധികം അലിഞ്ഞുചേർന്ന, ചരിത്രം സൃഷ്ടിച്ച, പഴയസെമിനാരിയിൽ അദ്ദേഹം താമസമാക്കി. പിൽക്കാലത്ത് കഴമ്പില്ലാത്ത കക്ഷി വഴക്കിനും വാശിയിൽ നിന്നുദിച്ച കശപിശകൾക്കും കശാപ്പിനും സാക്ഷിയാകേണ്ടിവന്ന സ്ഫടികജലധന്യമായ മീനച്ചിലാറിന്റെ തീരത്തെ, തീരാത്ത വേദനയോടുകൂടിയ വാസം തിരുമേനിയെ സംബന്ധിച്ചിടത്തോളം ഭൂ-നരക-സ്വർഗ്ഗജീവിതമായിരുന്നു എന്നു തറപ്പിച്ചുപറയാനാവും. സെമിനാരിയെ ചുറ്റി ഒരു രജതരേഖപോലെ ഒഴുകുന്ന മീനച്ചിലാറും അതിന്റെ തീരത്തുവച്ചു തിരുമേനിയുടെ അംഗരക്ഷകപ്രധാനിയും വലിയ സഭാസ്നേഹിയുമായിരുന്ന ആനപ്പാപ്പി സ്വന്തജനങ്ങളുടെ വാളാൽ ഹാബേലിനെപ്പോലെ കൊല്ലപ്പെട്ടതുമൂലം തിരുമേനിയുടെ സ്വപ്നങ്ങളെയും പ്രവർത്തനശേഷിയെയും എതിരാളികൾക്കു ഒരളവിൽ തടയാനും തളയ്ക്കാനും സാധിച്ചു. അതിനെപ്പറ്റി മലങ്കരസഭയുടെ ഭാഗ്യദോഷം എന്നല്ലാതെ എന്തു പറയാൻ? പക്ഷേ ശത്രുക്കൾ 'ചെങ്കടലിൽ' മുങ്ങിപ്പോയി. അബ്ദുള്ളാ പാത്രിയർക്കീസിന്റെ അകാരണമായ മുടക്കിന്റെയും അതവഗണിച്ചുകൊണ്ടു സഭയുടെ നഷ്ടപ്പെട്ട ആദ്ധ്യാത്മികപരമാധികാരം കാതോലിക്കാസിംഹാസന പുനസ്ഥാപനത്തിലൂടെ വീണ്ടെടുത്തതു സംബന്ധിച്ച ഉന്നതതല ചർച്ചകളുടെയും ദൃക്സാക്ഷിയാണു കണ്ണടയ്ക്കാതെയും അക്കരെയേയും ഇക്കരെയേയും കവർന്നെടുക്കാതെയും കാത്തുസൂക്ഷിക്കുന്ന മീനച്ചിലാറ് മലങ്കരസഭയാകുന്ന കനാനെ സംബന്ധിച്ചിടത്തോളം ഒരു യോർദ്ദാൻ നദി തന്നെ.



ചുരുക്കത്തിൽ തിരുമേനിയുടെ കർമ്മനിരതവും ധന്യവുമായ ജീവിതം മൂന്നു നദികളെ ചുറ്റിപ്പറ്റിയാണു നിലകൊള്ളുന്നതെന്നു വിശേഷിപ്പിക്കാം. ഈ മഹാജീവിത തരംഗണികളുടെ, - അല്ല പ്രയാഗിന്റെ - പ്രവാഹത്തെ പ്രതിരോധിച്ചു മലങ്കരസഭയുടെ കോട്ട എങ്ങനെ രൂപംകൊണ്ടു എന്നു നമുക്കു വിസ്മയത്തോടെയല്ലാതെ കാണാനാവില്ലെന്നാണു ഞങ്ങളുടെ നിഗമനം. പിടിച്ചുകെട്ടാനാവാത്തവിധം ബലവാനായ വട്ടശ്ശേരിൽ തിരുമേനിക്കു കൂട്ടു ട്രസ്റ്റികളിൽ നിന്നു കിട്ടിയ തട്ടും മുട്ടും ബലൂൺപോലെ പൊട്ടിപ്പോയതും അദ്ദേഹം വൈദേശിക സഭയുടെ കടന്നാക്രമണങ്ങളെ ബുദ്ധിപൂർവ്വം കോട്ടകൾ കെട്ടി ചെറുത്തുനിന്നതും മതിലുകൾ ഇടിഞ്ഞു കിടന്ന മലങ്കരസഭയുടെ ദുർഗ്ഗമായതും രോമഹർഷം ജനിപ്പിക്കുന്ന സംഭവപരമ്പരകളാണ് "വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട" എന്ന പുസ്തകത്തിന്റെ ഉള്ളടക്കം.

സഭാചരിത്രവും അതിന്റെ പാഠങ്ങളും മറ്റും ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ വാങ്ങിവായിച്ചു മനസ്സിലാക്കാത്തവർക്കു ഭൂരിപക്ഷമുള്ള മലങ്കരസഭയിലെ ഇന്നത്തെ തലമുറയ്ക്കും വട്ടശ്ശേരിൽ തിരുമേനിയുടെ നേട്ടങ്ങൾ (ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുപോലും മനസ്സിലാകുന്നവിധം) സുലളിത പദവിന്യാസത്തിലൂടെ കോരിക്കൊടുക്കേണ്ടത് മറ്റേതൊരു കാലത്തേക്കാളും അവശ്യമാണെന്ന ചിന്തയാണു ഞങ്ങളെ ശ്രമസാധ്യമായ ഈ യത്നത്തിലേക്കു തിരിച്ചുവിട്ടത്. വട്ടശ്ശേരിൽ തിരുമേനി ഇല്ലായിരുന്നു വെങ്കിൽ മലങ്കരസഭ വളരെ മുമ്പുതന്നെ ഒരു വട്ടപ്പൂജ്യ പദവിയിലെത്തുമായിരുന്നു എന്നു പലരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഈ സത്യം അറിയാവുന്ന സഭാനേതൃത്വം പരകാര്യവ്യഗ്രതയിലും കെട്ടിടംപണികളിലും മാത്രം ശ്രദ്ധിക്കുന്നതിനാൽ അദ്ദേഹത്തോടു നീതി ചെയ്തിട്ടില്ലെന്നും അദ്ദേഹം കാലം ചെയ്തു 60 വർഷം കഴിഞ്ഞിട്ടും പ്രയോജനപ്രദവും ഉചിതവുമായ ഒരു സ്മാരകം പോലും ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹത്തെ ജനലക്ഷങ്ങളുടെ മുമ്പിൽ അർഹിക്കുംവിധം യഥാവിധി അവതരിപ്പിക്കാനായിട്ടില്ലെന്നും അറിയുമ്പോൾ ഏതു സഭാസ്നേഹിയുടേയും നേത്രങ്ങൾ സജലങ്ങളാകാതിരിക്കില്ല.

വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റിയുള്ള സ്മരണകൾപോലും, അടങ്ങാത്ത സഭാസ്നേഹനിർഭരമായ ആവേശത്തിന്റെ കൊടുങ്കാറ്റുകൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്. "തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു" എന്ന നിത്യസത്യം സഭാംഗങ്ങൾ ഉരുവിട്ടിരുന്നു എങ്കിൽ എത്രമാത്രം ഉത്തമമായിരുന്നു.

കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ ജീവിച്ചു കടന്നുപോയ തിരുമേനിയെപ്പറ്റി കിട്ടാവുന്ന ഒട്ടധികം വിവരങ്ങൾ ശേഖരിക്കുകയും അദ്ദേഹ

ത്തിന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പല പുസ്തകങ്ങൾ വായിച്ചു പഠിക്കുകയും ഡയറി കണ്ടെത്തുകയും സമകാലികരുടെ ചോദ്യം ചെയ്യാനാവാത്ത സാക്ഷ്യങ്ങൾ മനസ്സിലാക്കുകയും അദ്ദേഹം ബാല്യകാലജീവിതം നയിച്ച സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തശേഷമാണു ഒരു മഹാസമുദ്രത്തെ ഒരു ചെറിയ കുപ്പിയിലൊതുക്കുംവിധം ഇവിടെ സംഗ്രഹിച്ചിരിക്കുന്നതെന്ന് എടുത്തുപറയേണ്ടതുണ്ട്. അനുവാചകരിൽ ചിലർക്കെങ്കിലും തിരുമേനി പട്ടാപ്പകൽ നേരിട്ടതും ദുഷ്ടന്മാർ സൃഷ്ടിച്ചതുമായ പ്രതിസന്ധികളുടേയും കേസുകളുടെയും മറ്റും വിപുലമായ ആധികാരിക വിവരങ്ങൾ ഈ പുസ്തകത്തിൽ കുറഞ്ഞുപോയി എന്നും, പോരാ എന്നും തോന്നാനിടയുണ്ടെന്നും ഞങ്ങൾക്കറിയാം. പക്ഷേ വായിക്കാതെ സമയം പാഴാക്കുകയും നല്ല പുസ്തകങ്ങൾക്കുവേണ്ടി കുറെയെങ്കിലും പണം കൈവിടാതെ കഴിയുകയും ചെയ്യുന്ന ഒരു ജനസമൂഹത്തിനിടയിൽ തടിച്ച പുസ്തകങ്ങൾ രചിക്കുന്നവർക്കു പിടിച്ചുനിൽക്കാനാവില്ല. തിരുമേനിയുടെ ജീവിതവും നേട്ടങ്ങളും സഭയ്ക്കു നൽകിയ വിലപ്പെട്ട സംഭാവനകളും കുറിക്കാൻ സഹസ്രക്കണക്കിനു പേജുകൾ വേണ്ടിവരും. വളരെയധികം പിതൃസ്വത്ത് ഉണ്ടായിരുന്ന ക്രാന്തദർശിയും അതുല്യ ക്ഷമാശീലനുമായിരുന്ന സെഡ്. എം. പാറേട്ടിനെപ്പോലെയുള്ള വലിയ സഭാസ്നേഹികൾക്കു മാത്രമേ ഒട്ടും ലാഭേഛ കൂടാതെ അത്തരം അമൂല്യ ഗ്രന്ഥങ്ങൾ മരണം ആസന്നമായിട്ടും രചിക്കാൻ സാധിച്ചിട്ടുള്ളു. ഈ പശ്ചാത്തലത്തിൽ ഒട്ടധികം വിവരങ്ങൾ മനസ്സില്ലാമനസ്സോടെ വിട്ടുകളയുകയാണ്. വട്ടശ്ശേരിൽ തിരുമേനിക്ക് ഇഷ്ടമായിരുന്ന എരിവുള്ള കാന്താരിയെപ്പോലെ ഈ പുസ്തകത്തെ കണക്കിലെടുത്താൽ മതി.

എന്റെ ഒരു ചിരകാലാഭിലാഷമായ ഈ പുസ്തകരചന ഞാൻ നേരത്തെ ആരംഭിച്ചശേഷം എന്നോടൊപ്പം സസന്തോഷം ചേർന്നു എന്നേക്കാൾ കൂടുതൽ ഉത്സാഹത്തോടും ഉൾക്കാഴ്ചയോടും വിഷയഗ്രഹണ- പ്രതിപാദന കുശലതയോടും സഹകരിക്കുകയും അപ്രകാശിത വിവരങ്ങൾ ആവേശപൂർവ്വം തപ്പിയെടുത്തു ലിപികളിലാക്കുകയും ചെയ്തവരിൽ ഒരാൾ പുണ്യസ്മരണാർഹരായ ദീവന്നാസ്യോസ് രണ്ടാമനേയും (സെമിനാരി സ്ഥാപകൻ), ദീവന്നാസ്യോസ് അഞ്ചാമനേയും (എം. ഡി. സെമിനാരി സ്ഥാപകൻ) മലങ്കരസഭയ്ക്കു സംഭാവന ചെയ്ത കുന്നംകുളത്തെ അതിപ്രശസ്തമായ പുലിക്കോട്ടിൽ കുടുംബത്തിൽപ്പെട്ട ഒരഭിഭാഷകനും, ചരിത്രകാരനുമായ പി. സി. മാത്യുവാണ്. സമുന്നത സഭാചരിത്ര ഗവേഷകനും പ്രമുഖ വൈദികനും ഗ്രന്ഥകർത്താവുമായ റവ. ഡോ. ജോസഫ് ചീരൻ ഞങ്ങളുടെ നീക്കത്തെ ഒരു നല്ല "പിതാവിനെ"പ്പോലെ കൗതുകപൂർവ്വം വീക്ഷിക്കുകയും വേണ്ടത്ര പ്രോത്സാഹനം നൽകുകയും, മറ്റാർക്കും എഴുതാനാവാത്ത ഒന്നു രണ്ടു അദ്ധ്യായങ്ങൾ തയ്യാറാക്കുകയും ചെയ്തതിനാൽ പുസ്തകത്തിന്റെ മാറ്റു കൂടുതൽ വർദ്ധിച്ചിട്ടുണ്ടെന്ന് സ്വാഭിമാനം പറയാനാവും.



ആശംസകളുടെ വാടാമലരുകൾ ചാർത്തി ഈ ഗ്രന്ഥത്തെ ശോഭിപ്പിച്ച മലങ്കരസഭയുടെ പരമാധ്യക്ഷനായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായോടും തന്റെ അതുല്യമായ അനാഥസംരക്ഷണ സേവനപ്രവർത്തനങ്ങളിലൂടെ സ്നേഹത്തിന്റെ മതം പ്രചരിപ്പിച്ചു *മലങ്കരസഭാ രത്നമായി* മാറിയ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടും ഞങ്ങൾക്കുള്ള നന്ദി വാചാമഗോചരമാണ്.

വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റിയും അദ്ദേഹത്തിന്റെ അനുപമ സഭാസേവനങ്ങളെപ്പറ്റിയും ഇരുത്തം വന്ന ഒരു ചരിത്ര ഗവേഷകന്റെ ദൃഷ്ടിയുപയോഗിച്ചു സെറാമ്പൂരിൽ വച്ചും മറ്റും ആഴമായി പഠിച്ച മലങ്കരസഭയിലെ ഏക മേല്പട്ടക്കാരനാണ് ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി എന്ന രഹസ്യം അദ്ദേഹത്തിൽ നിന്നു ഞങ്ങൾ ചോർത്തിയെടുത്ത ഈ പുസ്തകത്തിന്റെ അവതാരിക വെളിപ്പെടുത്തുന്നു. തിരുമേനിക്കു ഞങ്ങളുടെ ഉള്ളിന്റെ പനിമഞ്ഞിൽ വിരിഞ്ഞ പൂക്കൾ നന്ദിയുടെ നറുമലരുകളായി സസന്തോഷം സമർപ്പിക്കുകയാണ്. ഈ പുസ്തകം തിരുമേനിയുടെ ജന്മനാടായ മല്ലപ്പള്ളിയിൽ തിരുമേനി തന്നെ 80 വർഷം മുമ്പ് ശിലാസ്ഥാപനം നടത്തിയ ബഥനി ഓർത്തഡോക്സ് പള്ളിയിൽവച്ച് തിരുമേനിയുടെ 143 -ാം ജന്മദിനത്തോടനുബന്ധിച്ചു ഒക്ടോബർ 28 നു പ്രകാശനം ചെയ്യുന്നതിനു അനുമതി നൽകിയ വികാരിയോടും കമ്മിറ്റി അംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും ഇവിടെ ആലേഖനം ചെയ്യട്ടെ. മലങ്കരസഭാ ചരിത്രത്തിന്റെ ഏറ്റവും നിർണ്ണായകമായ ഒരു ഘട്ടത്തിൽ സഭയുടെ അത്താണിയായി മാറിയ വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റി അല്പം വൈകിയാണെങ്കിലും ഇങ്ങനെ കടഞ്ഞെടുത്തു സമഗ്രമായ ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നതിനെ സസന്തോഷം പ്രോത്സാഹിപ്പിച്ച പലരുണ്ട്. പേരെടുത്തു പറയുന്നത് അവരിൽ പലർക്കും ഇഷ്ടമില്ലെന്നുള്ളതും ശരിയാണ്.

എന്നിരിക്കിലും ചിലരുടെയെങ്കിലും സഹായസഹകരണങ്ങളും പ്രോത്സാഹനങ്ങളും വിസ്മരിക്കുന്നപക്ഷം അതൊരു കൃതഘ്നത ആയിരിക്കും. ഈ പുസ്തകത്തിന്റെ മനോഹരമായ കവർ സ്പോൺസർ ചെയ്തിരിക്കുന്നത് എന്റെ അയൽവാസിയും സുഹൃത്തും റിട്ട. പ്രൊഫസറുമായ ഉമ്മൻ ജേക്കബിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ മരുമക്കളും ചിക്കാഗോയിൽ ഉദ്യോഗസ്ഥന്മാരുമായ ജബി ചെറിയാൻ, കരിമ്പന്നൂർ തിരുവനന്തപുരം, ജോർജ്ജ് ഇട്ടി അയിപ്പ് വട്ടശ്ശേരിൽ മല്ലപ്പള്ളി എന്നിവരാണെന്നുള്ള വിവരം സസന്തോഷം വെളിപ്പെടുത്തുന്നു. കൂടാതെ കത്തുകളിലൂടെയും മറ്റും എനിക്ക് ഉത്തേജനം നൽകിയ ഫാ.

എം. എം. ഏബ്രഹാം യാച്ചാരം, സഖറിയ കുര്യൻ കണിയാംപറമ്പിൽ പുതുപ്പള്ളി (ന്യൂയോർക്ക്), കുര്യൻ മാത്യു ചന്ദ്രത്തിൽ (ഇല്ലിനോയി), അജിത് വട്ടശ്ശേരിൽ (ന്യൂയോർക്ക്), കെ. എം. ലൂക്കോസ് കരിങ്ങണാമറ്റത്തിൽ (ന്യൂയോർക്ക്), രാജച്ചൻ വട്ടശ്ശേരിൽ മല്ലപ്പള്ളി, പഴയസെമിനാരി മാനേജർ ഫാ. കെ. വി. ജോസഫ്, ദേവലോകം അരമന മുൻ മാനേജർ ഈയിടെ അന്തരിച്ച ഫാ. ടി. ജി. സഖറിയ മുതലായവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. സർവ്വോപരി സഭാഭാസുരന്റെ മല്പാനായിരുന്ന കാലത്തെ ഡയറിയും കുടുംബചരിത്രവും ചിത്രങ്ങളും നൽകുകയും പുസ്തകരചന, പ്രകാശന സമ്മേളന ക്രമീകരണങ്ങൾ സംബന്ധിച്ചു വളരെയധികം ത്യാഗങ്ങൾ അനുഷ്ഠിക്കുകയും ചെയ്ത ഏബ്രഹാം വട്ടശ്ശേരിയോടുള്ള നിസ്സീമമായ കടപ്പാടും അറിയിക്കുന്നു.

X X X X X

മലങ്കരസഭയിലെ ബഹുഭൂരിപക്ഷം അംഗങ്ങളും വേണ്ടവിധം വസ്തുതകൾ മനസ്സിലാക്കാൻ ഈ പുസ്തകം ഏതെങ്കിലുംവിധത്തിൽ സഹായിച്ചാൽ അതിൽപരം ചാരിതാർത്ഥ്യം ഞങ്ങൾക്കവകാശപ്പെടാനില്ല. വട്ടശ്ശേരിൽ തിരുമേനിയുടെ അതിപാവനമായ സ്മരണകൾക്കു മുമ്പിൽ അദ്ദേഹത്തിന്റെ 143 -ാം ജന്മദിനത്തോടനുബന്ധിച്ചു ആദരാഞ്ജലി അർപ്പിച്ചുകൊണ്ടു 'മലങ്കരസഭയുടെ കോട്ടയെ' ഞങ്ങൾ സഭാംഗങ്ങൾക്കു ചുറ്റും അഭിമാനപൂർവ്വം നിർമ്മിച്ചു നൽകുമ്പോൾ അതിന് ഒരാത്മാനുഭൂതി ഉണ്ടെന്നു പറയാതിരിക്കാനാവില്ല. ഈ ഗ്രന്ഥസമർപ്പണ 'കൂദാശ' നിർവഹിക്കുന്ന സീനിയർ മെത്രാപ്പോലീത്താ ഞങ്ങളുടെ വലിയ അഭ്യുദയകാംക്ഷിയും ആധുനിക മലങ്കരസഭയുടെ കണ്ണിലുണ്ണിയുമായ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിനോടുള്ള നന്ദി സ്നേഹഭക്ത്യാദരപുരസ്സരം വീണ്ടും അറിയിക്കട്ടെ.

X X X X X

ഭാവിചരിത്രകാരന്മാർക്കും ചരിത്രവിദ്യാർത്ഥികൾക്കും സഭാസ്നേഹികൾക്കും അവരുടെ പഠന പര്യടനവേളകളിൽ ഉപകരിക്കുന്ന ഈ പുസ്തകം ഒരു സുരക്ഷിത ദുർഗ്ഗമായിരിക്കുമെന്നുള്ള ചിന്തയാണു ഈ കൂട്ടായ പ്രയത്നത്തിന്റെ ഫലം എന്ന വസ്തുതയും ഞങ്ങൾ ഒരു മതിലിനുള്ളിലും മറച്ചുവയ്ക്കാനും ആഗ്രഹിക്കുന്നില്ല.

നിയന്ത്രണ രഹിത സ്വാതന്ത്ര്യം ആരംഭം മുതൽ ആസ്വദിച്ചു വളർന്നു വികസിച്ചുകൊണ്ടിരുന്ന മലങ്കരസഭയുടെ കഴുത്തിൽ മൂന്നര നൂറ്റാണ്ടു മുമ്പ് കയറ്റിവച്ച അന്ത്യോക്യായുടെ താങ്ങാനാവാതെ വന്ന നുകത്തിൽ നിന്നു വിടുവിച്ച് കനാനിലേക്കു നയിച്ച മലങ്കരസഭയുടെ മോശയായ വട്ടശ്ശേരിൽ തിരുമേനി കനാൻ കാണാതെ കടന്നുപോയി. എന്നാൽ തന്റെ പിൻഗാമിയായ യോശുവായെപ്പോലെ പ. ഗീവറുഗീസ് ദ്വിതീയൻ ബാവ,



മുൻഗാമിയായ മോശയുടെ ദർശനം സാക്ഷാൽകരിച്ചു.

ദൈവം യോശുവായ്ക്കു കൊടുത്ത കല്പന ഇതായിരുന്നു: "നിന്റെ ജീവകാലത്തു ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരെ നില്ക്കുകയില്ല; ഞാൻ മോശയോടു കൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും; ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയും ഇല്ല. ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക. ഞാൻ അവർക്കു കൊടുക്കുമെന്ന് അവരുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശം നീ ഈ ജനത്തിനു അവകാശമായി വിഭാഗിക്കും. എന്റെ ദാസനായ മോശ നിന്നോടു കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിനു നല്ല ഉറപ്പും ധൈര്യവും ഉള്ളവനായി മാത്രം ഇരിക്ക; ചെല്ലുന്നിടത്തൊക്കെയും നീ ശുഭമായിരിക്കേണ്ടതിന്നു അതു വിട്ടു ഇടത്തോട്ടൊ വലത്തോട്ടൊ മാറരുത്." ഈ കല്പന അനുസരിച്ചുകൊണ്ടാണു പരസ്പര സ്വീകരണം എന്ന മലങ്കരസഭാ ഭാസുരന്റെ ഒറ്റ മൂലി 1958 -ൽ പഴയസെമിനാരിയിൽ വച്ചു പ്രയോഗിക്കപ്പെട്ടത്. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ മുൻഗാമി തെളിച്ച പാതയിലൂടെ മൂന്നര ദശാബ്ദക്കാലം മലങ്കരസഭയെ പ്രഗല്ഭമായി നയിച്ചു. വഴക്കിനിടയിലും സഭയ്ക്കു വൻ നേട്ടങ്ങൾ ഉണ്ടാകാൻ വഴിയുണ്ടാക്കി. പരിശുദ്ധനായ വലിയ ബാവായുടെ തൃപ്പാദത്തിൽ വലിയ മല്പാനും സിംഹക്കുട്ടിയുമായ "വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട" ഞങ്ങൾ ഭക്ത്യാദരപൂർവ്വം കാഴ്ചവയ്ക്കുമ്പോൾ ഒരു നിമിഷനേരത്തെക്കെങ്കിലും ഞങ്ങൾക്കു താബോറിന്റെ ഒരനുഭവം കരഗതമാകുന്നു. ആ പുണ്യ സ്മരണ ഞങ്ങളെ കൂടുതൽ വിനയാന്വിതരാക്കുന്നു, ധന്യരാക്കുന്നു. പരിശുദ്ധ തിരുമേനിമാരെ ഈ തിരുമുൽകാഴ്ച സ്വീകരിച്ച് ഞങ്ങളെയും അനുവാചകരെയും അനുഗ്രഹിക്കുകയും ആശീർവദിക്കുകയും ചെയ്യണമേ.

**കെ. വി. മാമ്മൻ**
**കോട്ടയ്ക്കൽ**

മാങ്ങാനം
28 - 10 - 2001



*പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായും കെ. വി. മാമ്മനും (50 വർഷം മുമ്പ്)*

# ഉള്ളടക്കം


| | | |
|---|---|---|
| | ആശീർവാദം | 6 |
| | ആശംസ | 7 |
| | അവതാരിക | 9 |
| | തനിമയും സ്വാതന്ത്ര്യവും പരിരക്ഷിച്ചു | 11 |
| | ആമുഖം | 14 |
| 1. | വട്ടശ്ശേരിൽ തിരുമേനിയുടെ കുടുംബ ചരിത്രം | 23 |
| 2. | വൈദിക തുംഗപദത്തിലേക്ക് | 35 |
| 3. | സഹകരണവും കടന്നാക്രമണവും | 48 |
| 4. | മല്ലപ്പള്ളി മല്പാനച്ചനും മാമ്മൻ മാപ്പിളയും | 53 |
| 5. | ആനപ്പാപ്പി എന്ന രക്തസാക്ഷി | 66 |
| 6. | മല്ലപ്പള്ളി തിരുമേനിയും കുന്നംകുളവും | 80 |
| 7. | ആഘാതമേല്പിച്ച വൻചതി | 97 |
| 8. | പ്രതിഭാശാലിയായ സൂര്യതേജസ്സ് | 123 |
| 9. | സൂര്യതേജസ്സിലെ കതിരുകൾ | 151 |
| 10. | മലങ്കരസഭയുടെ കോട്ട | 187 |
| 11. | വലിയ ഇടയന്റെ ലളിത ജീവിതം | 206 |
| 12. | അതുല്യമായ വ്യക്തിപ്രഭാവം | 221 |
| 13. | പത്രനേത്രങ്ങളിൽ | 240 |
| 14 | സമുന്നത വ്യക്തികളുടെ സാക്ഷ്യങ്ങൾ | 248 |


# 1

# വട്ടശ്ശേരിൽ തിരുമേനിയുടെ കുടുംബചരിത്രം

**കേരളത്തിലെ** പ്രശസ്തമായ പല പുരാതന കുടുംബങ്ങളും തങ്ങൾ, മാർത്തോമ്മാ ശ്ലീഹായുടെ നേതൃത്വത്തിൽ ക്രിസ്തുമതം സ്വീകരിച്ച പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ നാലു പ്രമുഖ നമ്പൂതിരി കുടുംബങ്ങളിൽപെട്ടവരാണെന്നു ആത്മാർത്ഥമായി അഭിമാനിക്കുന്നുണ്ട്. ചരിത്രത്തേക്കാൾ ശക്തമായ ഐതിഹ്യങ്ങളും പാരമ്പര്യങ്ങളുമാണ് ഈ അഭിമാനസൗധങ്ങളുടെ തൂണുകൾ. മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്നതിനു വ്യക്തമായ തെളിവുകൾ ഇല്ലെന്നു വാദിക്കുന്നതുപോലെ വന്നില്ലെന്നു പറയാനും വേണ്ടത്ര തെളിവുകൾ ഇല്ലെന്നും ഓർക്കണം. ഒരു പ്രമുഖ കുടുംബത്തിന്റെയോ, പ്രശസ്ത വ്യക്തിയുടെയോ ആരംഭം കണ്ടുപിടിക്കുന്നതിനുവേണ്ടി ബൗദ്ധികമായ യുദ്ധമുറകൾ സ്വീകരിക്കുന്നത് ഇവിടെ പ്രസക്തമല്ലാത്തതിനാൽ അതിലേക്കൊന്നും കടക്കേണ്ടതില്ലല്ലോ. പല തലങ്ങളിൽ പ്രശസ്തമായ മല്ലപ്പള്ളി വട്ടശ്ശേരിൽ കുടുംബത്തിന്റെയും അതിലെ മൺമറഞ്ഞ മഹാവ്യക്തികളുടെയും ചരിത്രം മനസ്സിലാക്കണമെങ്കിൽ മൂലകുടുംബമായ പൗവ്വത്തിക്കുന്നേൽ കുടുംബത്തിൽ നിന്നു തന്നെ യാത്ര തുടങ്ങണം.

പൗവ്വത്തിക്കുന്നു കുടുംബത്തിന്റെ ആരംഭത്തെപ്പറ്റി ക്രൈസ്തവ ചരിത്രാഖ്യായികാരംഗത്തു വിജയക്കൊടി പാറിച്ച പ്രസിദ്ധ ചരിത്രകാരനും ചിത്രകലാമന്നനുമായിരുന്ന ചിത്രമെഴുത്ത് കെ. എം. വറുഗീസ് എഴുതിയ പൗവ്വത്തിക്കുന്നു കുടുംബചരിത്രത്തിൽ ഇങ്ങനെ പറയുന്നു:

നമ്മുടെ അതിപ്രാചീനമായ മൂലകുടുംബം ദക്ഷിണ മലബാറിൽ ചേർന്നതായ പുരാതനമായ നെടുവിരിപ്പ് രാജ്യത്ത് പാലയൂർ ദേശത്ത് സർക്കാർ കണക്കിൽ സർവ്വെ 64-ാം നമ്പരിൽ സബ് ഡിവിഷൻ ഏഴാം നമ്പരിൽപെട്ട പകലോമറ്റം ഇല്ലപ്പറമ്പിൽ ആയിരുന്നതും അവിടെനിന്ന് പകലോമറ്റം ഇല്ലത്തിലെ ക്രിസ്തുമതാനുസാരികളായ പലർ രാഷ്ട്രീയവും മതസഭാപരവുമായ കാരണങ്ങളാൽ കൊടുങ്ങല്ലൂരേയ്ക്കും അനന്തരം ക്രിസ്ത്വബ്ദം എഴുനൂറാമാണ്ട് കുറവിലങ്ങാട്ടേക്കും കുടിയേറിപ്പാർത്തിട്ടുള്ളതും, കുറവിലങ്ങാട്ടു നിന്ന് ഒരു ശാഖ കൃഷി, കച്ചവട സൗകര്യങ്ങളെ മുൻനിറുത്തി കൊല്ലവർഷാരംഭത്തിന് അൽപം മുമ്പായി അതിരമ്പുഴ എത്തി താമസം ഉറപ്പിച്ചിട്ടുള്ളതും, അതിരമ്പുഴയിലെ സ്ഥിരതാമസം അടിസ്ഥാനപ്പെടുത്തി അതിരമ്പുഴ തെക്കേടത്ത് തറവാട് തിരു

വിതാംകൂറിലെ നമ്മുടെ മൂലകുടുംബമായി അറിയപ്പെടുകയും ചെയ്യുന്നതുമാകുന്നു.

മേല്പടി തെക്കേടത്തു തറവാട്ടിൽ നിന്നു ക്രിസ്തുവർഷം എണ്ണൂറാമാണ്ട് അതിരമ്പുഴെ ഒരു ദേവാലയം സ്ഥാപിക്കുകയും ആയത് ചില കാരണങ്ങളാൽ ഇടപ്രഭുവായ എട്ടൊന്നുശ്ശേരി നമ്പ്യാതിരി പൊളിച്ചുകളയുകയാൽ പഴമ്പള്ളി കൈമ്മളുടെ സഹായത്തോടുകൂടി തെക്കേടത്തു കുടുംബക്കാർ കൊല്ലവർഷം പത്താമാണ്ട് വീണ്ടും അവിടെത്തന്നെ ഒരു പള്ളി പണികഴിപ്പിക്കുകയും ചെയ്തു. പിന്നീട് പ്രസ്തുത ദേവാലയവും ശവക്കോട്ട നില്ക്കുന്ന സ്ഥലവും കൂടി പൊതു ഉപയോഗത്തിലേക്കായി വിട്ടുകൊടുക്കുകയും ചെയ്തു. തെക്കേടത്തു തറവാട്ടുകാരുടെ ഈ ഒരു ദാനത്തെ മാനിച്ച് പില്ക്കാലത്ത് വരാപ്പുഴ മെത്രാസനത്തിങ്കൽനിന്ന് അതിരമ്പുഴ ഇടവകജനങ്ങളുടെ സമ്മതത്തോടുകൂടി തെക്കേടത്ത് തറവാട്ടിൽ പെട്ടവർ എക്കാലവും ഒരു മാന്യപദവിയായി അനുഭവിച്ചുകൊള്ളത്തക്കവണ്ണം ബഹുമാനസൂചകമായി അവരുടെ തറവാട്ടിൽ പെട്ടവരുടെ വിവാഹകർമ്മത്തിന് പള്ളിയിൽ പതാരവും ശവസംസ്കാരകർമ്മത്തിന് കുഴിക്കാണവും ഇളവ് ചെയ്തു കൊടുത്തിട്ടുള്ളത് അതിരമ്പുഴ തെക്കേടത്ത് തറവാട്ടുകാർ ഇന്നും പാരമ്പര്യമായി അനുഭവിച്ചുപോരുന്നു.

ക്രിസ്ത്വബ്ദം പതിനേഴാം ശതകത്തിന്റെ മധ്യപാദമടുപ്പിച്ച് മേൽപ്പറഞ്ഞ തെക്കേടത്ത് തറവാട്ടിൽപ്പെട്ട ആയുധാഭ്യാസ വിദഗ്ദ്ധരായ നാലു സഹോദരങ്ങൾ ഒരു കൊലക്കേസിനെ തുടർന്നു രാജശിക്ഷയെ ഭയപ്പെട്ട് തെക്കൻ പ്രദേശത്തു കടന്നുകൂടി. അതിരമ്പുഴ തെക്കേടത്തു കുടുംബത്തിലെ ഒരു യുവതിയെ ഒരാൾ (ഒരു നാടാടിപ്പണിക്കൻ) അപമാനിച്ചു. അയാളെ സഹോദരന്മാർ പിടികൂടി വധിച്ചു. രാജശിക്ഷയെ ഭയന്ന സഹോദരന്മാർ ആ രാത്രി തന്നെ സ്ഥലംവിട്ടു. അതിൽ ഒരാൾ കോട്ടയത്തും, ഒരാൾ ചങ്ങനാശ്ശേരിയിലും, വേറൊരാൾ ചങ്ങനാശ്ശേരിയിൽത്തന്നെ ഇത്തിത്താനത്ത് ചാലക്കലും, മറ്റൊരാൾ ചങ്ങനാശ്ശേരിൽ നിന്ന് പുളിങ്കുന്നിലും താമസിച്ചു. ചങ്ങനാശ്ശേരിയിൽ താമസിച്ചിരുന്ന വർഗീസ് എന്ന ആളിനെ കൊല്ലം എണ്ണൂറ്റൻപതാമാണ്ടിടക്ക് പൂവനപ്പണിക്കർ എന്ന് പ്രസിദ്ധനായി മല്ലപ്പള്ളിയിൽ കൊല്ലും കൊലയും അടക്കി വാണിരുന്ന ഒരു നായർ പ്രഭുവിന്റെ മെയ്കാവലിനും സ്വന്തം പരദേവതാ ക്ഷേത്രത്തിലേയ്ക്കും സ്വഗൃഹത്തിലേക്കും ആവശ്യമുള്ള നെയ്യ്, വെളിച്ചെണ്ണ മുതലായ സ്നേഹദ്രവ്യങ്ങൾ അക്കാലത്തെ രീതി അനുസരിച്ച് തൊട്ടുശുദ്ധമാക്കിക്കൊടുക്കുന്നതിനും വേണ്ടി പണിക്കർ മല്ലപ്പള്ളിയിലേക്ക് കുടുംബസഹിതം കൂട്ടിക്കൊണ്ടുപോയി പയ്യമ്പള്ളി പുരയിടത്തിൽ അന്നുണ്ടായിരുന്ന പൂവന വക നെല്ലുപുരയിടത്തിൽ ആദ്യമായി താമസിപ്പിച്ചു. ഇപ്പോൾ ചങ്ങനാശ്ശേരിയിലുള്ള അതിരമ്പുഴ തെക്കേടം എന്ന കുടുംബം,



പില്ക്കാലത്ത് അതിരമ്പുഴ തെക്കേടത്ത് കുടുംബത്തിൽനിന്ന് ചങ്ങനാശ്ശേരിയിൽ എത്തിച്ചേർന്ന ഒരു പൂർവ്വികനാൽ പ്രതിഷ്ഠാപിതമാണെന്നും, അതല്ല, ആദ്യഘട്ടത്തിൽ തന്നെ അതിരമ്പുഴ നിന്നു പുറപ്പെട്ട അഞ്ചു സഹോദരങ്ങളിൽ ഒരാളാൽ സ്ഥാപിക്കപ്പെട്ടതാണെന്നും രണ്ടു പക്ഷമുണ്ട്.

പയ്യമ്പള്ളിൽ താമസിച്ച ആൾ ഏറെ താമസിയാതെ അടുത്തുള്ള ദേവങ്കര എന്ന സ്ഥലത്ത് ക്ഷേത്രത്തിനു സമീപം പൗവ്വത്തിക്കുന്നേൽ എന്ന ഉയർന്ന പറമ്പിൽ സ്വകുടുംബ സ്ഥാപനം ചെയ്ത് താമസം ഉറപ്പിച്ചു. പൗവ്വത്തിക്കുന്നേൽ വർഗീസ് എന്ന പ്രസ്തുത പൂർവ്വികന്റെ രണ്ടു സന്താനങ്ങളിൽ ഒന്നാമനായ ഇസഹാക്ക് പൗവ്വത്തിക്കുന്നേൽ തറവാട്ടിലും കനിഷ്ഠപുത്രനായ ഇട്ടിയവിരാ പാലയ്ക്കാമണ്ണിൽ എന്ന പറമ്പിലും താമസിച്ചുപോന്നു. മേല്പടി ഇസഹാക്കിന് നെടുങ്കുന്നം പ്രവൃത്തിയിൽ കൂത്തറപ്പള്ളിയിൽ തൊമ്മി എന്ന ആളിന്റെ പുത്രിയായ മറിയാമ്മ എന്ന ഭാര്യയിൽ കൊല്ലവർഷം 912-914-916 എന്നീ കൊല്ലങ്ങളിൽ ജാതരായ വർഗീസ്, ഇട്ടിയവിരാ, തൊമ്മി എന്നീ മൂന്നു പുത്രന്മാരിൽ മൂന്നാമനായ തൊമ്മി മാരാമൺ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പിതാമഹന്റെ ഏക സഹോദരിയെ അഥവാ നവീകരണ കർത്താവായ അബ്രഹാം മല്പാനച്ചന്റെ പിതൃസഹോദരിയായ മറി യാമ്മയെ വിവാഹം ചെയ്തതിൽ വർഗീസ്, ഇട്ടിയവിരാ, മാത്തൻ എന്ന് മൂന്നു പുത്രന്മാരും അഞ്ചു പുത്രികളും ജാതരായി. പെൺമക്കളിൽ ഒരാളെ കാഞ്ഞിരപ്പള്ളിയിൽ കുരിശുംമൂട്ടിലും, വേറൊരാളെ വായിപ്പൂർ എട്ടോർ തരകൻ വീട്ടിലും, മറ്റൊരുത്തിയെ കങ്ങഴ കോതപ്പള്ളിയിലും ഇനിയൊരുത്തിയെ കവിയിൽ കൊച്ചിയിലും ഒടുവിലത്തെ പുത്രിയെ പാണ്ടനാട്ടിൽ മുരിങ്ങാശ്ശേരിയിലും വിവാഹം ചെയ്തു കൊടുത്തു.

തൊമ്മിയുടെ പ്രഥമ പുത്രനും എന്റെ പ്ര-പ്രപിതാമഹനു (വല്യപ്പന്റെ വല്യപ്പൻ) മായ വർഗീസ് മാരാമൺ കുലത്താക്കൽ കുടുംബത്തിലെ ചാക്കോ രാമച്ച എന്ന ആളിന്റെ പുത്രി ഏലിയാമ്മയെ വിവാഹം ചെയ്ത് പിതാവിന്റെ മരണശേഷം പൗവ്വത്തിക്കുന്നേൽത്തന്നെ താമസിച്ച് കുടുംബഭരണം നടത്തിപ്പോന്നു. അക്കാലത്ത് ഭൂസ്വത്തിലും പ്രതാപത്തിലും പൗവ്വത്തിക്കുന്നേൽ കുടുംബത്തെ കവിഞ്ഞു നിൽക്കത്തക്ക ഇതര ക്രൈസ്തവ കുടുംബങ്ങൾ മല്ലപ്പള്ളിയിലും ഉണ്ടായിരുന്നില്ല.

## മല്ലപ്പള്ളിയിലേക്ക്

അതിരമ്പുഴ നിന്നു മല്ലപ്പള്ളിയിൽ വന്നു താമസിച്ച വറുഗീസാണ് പവ്വത്തിക്കുന്നേൽ (ഭഗവതിക്കുന്നാണു പിൽക്കാലത്തു പവ്വത്തിക്കുന്നായത്)

കുടുംബത്തിന്റെ ആദ്യത്തെ പിതാവ്. മല്ലപ്പള്ളി, അക്കാലത്തു നാടുവാഴിയായിരുന്ന ഇടപ്പള്ളിതമ്പുരാന്റെ ഭരണത്തിൻകീഴിലായിരുന്നു. എന്നാൽ തമ്പുരാനുവേണ്ടി മല്ലപ്പള്ളിയും പരിസരപ്രദേശങ്ങളും ഭരിച്ചിരുന്നത് അന്നത്തെ ഒരു പ്രമുഖ ഇടപ്രഭുവെന്നറിയപ്പെട്ടിരുന്ന പൂവനപ്പണിക്കർ ആയിരുന്നു. ഈ പൂവനപ്പണിക്കർ ഒരിക്കൽ ചങ്ങനാശ്ശേരി കൊട്ടാരത്തിൽ ചെന്നപ്പോൾ കൊട്ടാരം സേവകനും കോമളഗാത്രനുമായിരുന്ന വറുഗീസിനെ കാണുകയും അദ്ദേഹത്തെ തനിക്ക് അകമ്പടിസേവിക്കാൻ വിട്ടുതരണമെന്നു തമ്പുരാനോട് അപേക്ഷിക്കുകയും തമ്പുരാൻ അനുവദിക്കുകയും ചെയ്തു എന്നാണു ചരിത്രം. തുടർന്നു വറുഗീസും കുടുംബവും ചങ്ങനാശ്ശേരിയോടു വിടപറഞ്ഞു മല്ലപ്പള്ളിയിൽ എത്തി. മല്ലപ്പള്ളിയിൽ താമസിക്കുന്നതിനും തന്റെ കച്ചവടം തുടർന്നു നടത്തുന്നതിനും പണിക്കർ വേണ്ട സൗകര്യങ്ങൾ നൽകി. വറുഗീസിനു ചങ്ങനാശ്ശേരിയിൽ വസിക്കുമ്പോൾ ജനിച്ച മക്കളാണു രണ്ടാം തലമുറയിൽപെട്ട ഇത്താക്കും ഇട്ടിയവിരായും. വിവാഹിതരായ ശേഷം കൂടുതൽ സൗകര്യാർത്ഥം ഇത്താക്കു (ജനനം കൊല്ലവർഷം 880) പവ്വത്തിക്കുന്നേലും അനുജൻ ഇട്ടിയവിരാ (ജനനം 883) പാലയ്ക്കാമണ്ണിലും വീടുവച്ചു താമസിച്ചു. രണ്ടു പറമ്പുകളും മണിമലയാറിന്റെ മടിത്തട്ടിൽ ആയിരുന്നതിനാൽ വളരെ ഫലപുഷ്ടിയുള്ളതുമായിരുന്നു. ഈ രണ്ടു പുരയിടങ്ങളും പൂവനപ്പണിക്കരാണു നൽകിയത്. ഈ സഹോദരങ്ങളുടെ സന്തതിപരമ്പരകളാണു പവ്വത്തിക്കുന്നേൽ പാലയ്ക്കാമണ്ണിൽ കുടുംബക്കാർ. ഇളയപുത്രനോടൊപ്പം താമസിച്ചുവന്ന വറുഗീസിനോടുള്ള സ്നേഹത്തെ മുൻനിറുത്തി കാലക്രമത്തിൽ ഇട്ടിയവിരായ്ക്കു കാരിക്കാമണ്ണു പുരയിടവും ഇത്താക്കിനു പയ്യമ്പള്ളി പുരയിടവും നൽകുകയാണുണ്ടായത്.

കൃഷി, കച്ചവടം എന്നിവ മൂലം ധാരാളം പണം സമ്പാദിച്ച മൂത്തപുത്രനായ ഇത്താക്ക് മല്ലപ്പള്ളിയുടെ കേന്ദ്രസ്ഥാനത്ത് ഫലപുഷ്ടിയുള്ള നിലം പുരയിടങ്ങളും ജംഗമസ്വത്തുക്കളും സമ്പാദിച്ചു.

പവ്വത്തിക്കുന്നേൽ കുടുംബത്തിന്റെ വിവിധ ശാഖകളിൽ ഏറ്റവും കൂടുതൽ വൈദികർ ഉണ്ടായത് വിഖ്യാതമായ വട്ടശ്ശേരിൽ ശാഖയിലാണ്. രണ്ടാം സ്ഥാനം പയ്യമ്പള്ളി ശാഖയ്ക്കും. പവ്വത്തിക്കുന്നേൽ കുടുംബത്തിലെ ആദ്യത്തെ നാലു തലമുറകളിൽ വൈദികർ ഉണ്ടായിരുന്നില്ല. അഞ്ചാം തലമുറയിൽപെട്ട വാഴയിൽ ഇസ്സഹാക്ക് ഇസ്സഹാക്കു കത്തനാരാണ് ആദ്യത്തെ വൈദികൻ. ആത്മീയചൈതന്യത്താൽ പ്രചോദിതനായ ഇദ്ദേഹം 16-ാമത്തെ വയസ്സിൽ ചേപ്പാട്ടു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽനിന്നു ശെമ്മാശുപട്ടവും അധികംവൈകാതെ വൈദികപട്ടവും സ്വീകരിച്ചു. വട്ടശ്ശേരിൽ ഇട്ടിയവിരാ തരകന്റെ പ്രഥമപുത്രൻ അവിരാ ഇസ്സഹാക്കിന്റെയും വെണ്ണിക്കുളം കൂടത്തുംമുറി



യിൽ ഈപ്പന്റെ പുത്രി മറിയാമ്മയുടെയും നാലാമത്തെ പുത്രനായിട്ടാണു 1819 -ൽ ഇസ്സഹാക്ക് ഇസ്സഹാക്ക് കത്തനാർ ജനിച്ചത്. വെങ്ങലശ്ശേരിപ്പള്ളിയിലെ ആദ്യത്തെ ഇടവകപ്പട്ടക്കാരനായ ഇദ്ദേഹം അവിവാഹിതനായിരുന്നു. അദ്ദേഹം പള്ളി പുതുക്കിപ്പണിതു. കൽപണി തീർത്തു മരപ്പണി ആരംഭിച്ചപ്പോൾ കൊല്ലവർഷം 1024 -ൽ 30 -ാം വയസ്സിൽ നിര്യാതനായി.

ആറാം തലമുറയിൽ മൂന്നു വൈദികരുണ്ടായി. വാഴയിൽ ഇസ്സഹാക്കു വറുഗീസിന്റെ മൂത്തപുത്രൻ വാഴയിൽ വറുഗീസ് ഇസ്സഹാക്കു കത്തനാർ 1811 -ൽ ജനിച്ചു. 11 -ാം വയസ്സിൽ ചേപ്പാട്ടു മാർ ദിവന്നാസ്യോസിൽ നിന്നു ശെമ്മാശ്ശുപട്ടം കിട്ടി. തന്റെ ചിറ്റപ്പനും വാഴയിലെ ആദ്യത്തെ വൈദികനുമായിരുന്ന ഇസ്സഹാക്കു ഇസ്സഹാക്കു കത്തനാരുടെ കീഴിൽ സുറിയാനി പഠിച്ചശേഷം 1032 -ൽ വിവാഹിതനായി. 1037 -ൽ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്നു കശീശ്ശാപട്ടം സ്വീകരിച്ചു. തുടർന്നു തന്റെ ചിറ്റപ്പൻ തുടങ്ങിവെച്ച വെങ്ങലശ്ശേരി പള്ളിയുടെ പണി ഇദ്ദേഹം പൂർത്തീകരിച്ചു. തന്റെ വരുമാനത്തിനു പുറമേ കടവും വാങ്ങിയാണു പണി പൂർത്തിയാക്കിയത്. ഇദ്ദേഹം 30-ാം വയസ്സിൽ മരിച്ചു. ചിറ്റപ്പന്റെ ശവകുടീരത്തിനടുത്തു സംസ്കരിക്കപ്പെട്ടു.

**വട്ടശ്ശേരിൽ ഫിലിപ്പോസ് കത്തനാർ:** വട്ടശ്ശേരിയിൽ അഞ്ചാം തലമുറക്കാരനായ ഔസേപ്പ് ഔസേപ്പിന്റെയും കുറിച്ചി കോലത്തുകളത്തിൽ പുന്നൂസിന്റെ പുത്രി ഏലിയാമ്മയുടെയും അഞ്ച് ആൺമക്കളിൽ രണ്ടാമൻ ആയിരുന്നു ഔസേപ്പ് പുന്നൂസ് എന്ന വട്ടശ്ശേരിൽ ഫിലിപ്പോസ് കത്തനാർ. ഇദ്ദേഹം വട്ടശ്ശേരിൽ തിരുമേനിയുടെ ജ്യേഷ്ഠ സഹോദരനുമായിരുന്നു. കൊല്ലവർഷം 1018 ൽ ജനിച്ച ഇദ്ദേഹം 21 -ാമത്തെ വയസ്സിൽ 1039-ൽ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്നു ശെമ്മാശ്പട്ടവും 1042 ൽ വൈദിക പട്ടവും ഏറ്റു. വാഴയിൽ രണ്ടാമത്തെ ഇസഹാക്കു കത്തനാരിൽ നിന്നു സുറിയാനിയും ശുശ്രൂഷാക്രമങ്ങളും അഭ്യസിച്ചു. ആറു കൊല്ലം വൈദികനായിരുന്ന ഇദ്ദേഹം 1043 -ൽ 31-ാം വയസ്സിൽ അന്തരിച്ചു. വെങ്ങലശ്ശേരി മദ്ബഹായുടെ വെളിയിൽ സംസ്കരിക്കപ്പെട്ടു.

മല്ലപ്പള്ളി പവ്വത്തിക്കുന്നേൽ തറവാടിന്റെ ഒരു ശാഖയായ വട്ടശ്ശേരിൽ ഔസേപ്പും കുറിച്ചിയിലെ പുരാതനപ്രസിദ്ധമായ പുത്തൻപുരയ്ക്കൽ കുടുംബത്തിന്റെ ഒരു ശാഖയായ കോലത്തുകളത്തിൽ പുന്നൂസിന്റെ മകൾ ഏലിയാമ്മയും തമ്മിലുള്ള വിവാഹത്തിൽ ജനിച്ച 9 മക്കളിൽ ഏറ്റവും ഇളയപുത്രനാണു നമ്മുടെ കഥാപുരുഷനായ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് എന്നു പിൽക്കാലത്ത് പ്രസിദ്ധനായ മലങ്കര മെത്രാപ്പോലീത്താ (ഈ കോലത്തുകളത്തിൽ പുന്നൂസിന്റെ പൗത്രനായ

നെയ്ശ്ശേരിൽ കുരുവിളകുഞ്ഞിന്റെ പുത്രൻ അടുത്തകാലത്ത് അന്തരിച്ച കെ. കെ. ജോണിന്റെ പുത്രനാണ് ഇപ്പോഴത്തെ അങ്കമാലി - ഇടുക്കി ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്താ ആയ പൗലൂസ് മാർ പക്കോമിയോസ്). പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ കുറിച്ചി പുത്തൻപുരയ്ക്കൽ കുടുംബത്തിന്റെ മറ്റൊരു ശാഖയായ കല്ലാശ്ശേരിൽ ഉലഹന്നാന്റെ പുത്രനും ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ മേപ്രാൽ കണിയാന്ത്ര ഈയ്യോബ് മാർ പീലക്സിനോസ്, ഉലഹന്നന്റെ പൗത്രി കല്ലാശ്ശേരിൽ മതിലകത്തു അച്ചാമ്മയുടെ പുത്രനുമാണ്.

ഗീവറുഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ (വറുഗീസ്) 1858 ഒക്ടോബർ 31 നു (1033 തുലാം 15) ജനിച്ചു. നാല് സഹോദരന്മാരും നാലു സഹോദരിമാരുമാണുണ്ടായിരുന്നത്. ഏറ്റവും മൂത്ത സഹോദരനായ ഔസേപ്പ് വട്ടശ്ശേരിൽ പൊയ്കുടിയിൽ താമസിച്ചു. ഇദ്ദേഹത്തിന്റെ കൊച്ചുമകനാണു അന്തരിച്ച ഫാ. പി. ജെ. ജേക്കബ് വട്ടശ്ശേരിൽ, പൊയ്കുടിയിൽ. രണ്ടാമത്തെ പുത്രനായ ഫീലിപ്പോസ് കത്തനാർ വട്ടശ്ശേരിൽ തോപ്പിൽ വീട്ടിലാണ് താമസിച്ചത്. ഇദ്ദേഹത്തിന്റെ കൊച്ചുമകനായ വട്ടശ്ശേരിൽ ഫിലിപ്പോസ് കത്തനാർ (ജൂണിയർ) ദീർഘകാലം പരുമല സെമിനാരി മാനേജരായിരുന്നു. മൂന്നാമത്തെ സഹോദരനായ അവിരാ കുടുംബമായ വട്ടശ്ശേരിൽ താമസിച്ചു. ഒരു പൊതുസമ്മതനായ പൊതുക്കാര്യ പ്രസക്തനായിരുന്നു ഇദ്ദേഹം. അടുത്ത സഹോദരനായ ഇട്ടിഐപ്പ് വട്ടശ്ശേരിൽ പടുവയിൽ വീട്ടിലാണ് താമസിച്ചിരുന്നത്. ഇവരുടെ മക്കളും കൊച്ചുമക്കളും മല്ലപ്പള്ളിയിൽ തന്നെ സ്ഥിരതാമസമാക്കി. മുകളിൽ പറഞ്ഞ പിതാക്കന്മാരുടെ മക്കളും കൊച്ചുമക്കളുമാണു തിരുമേനിയുമായി ഏറ്റവുമടുത്ത രക്തബന്ധമുള്ളവർ.

ആച്ചിയമ്മ, അന്നാമ്മ, ഏലിയാമ്മ, കൊച്ചിത്താമ്മ എന്നിവരാണ് സഹോദരിമാർ. ഇവരെ യഥാക്രമം കോഴഞ്ചേരി തേവർവേലിലും, വെണ്ണിക്കുളം തോണ്ടകരേട്ടും, എടത്വാ പഴമാലിലും, തിരുവല്ല എള്ളുംകാലായിലും വിവാഹം ചെയ്തയച്ചു. കോഴഞ്ചേരി തേവർവേലിൽ വിവാഹം ചെയ്തുവിട്ട ആച്ചിയമ്മയുടെ പൗത്രനാണ് അടുത്തകാലത്ത് കാലം ചെയ്ത തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ദിയസ്കോറോസ്. നാട്ടുനടപ്പനുസരിച്ച് ആശാൻ പള്ളിക്കുടത്തിൽ ചേർന്നാണ് വട്ടശ്ശേരിൽ വറുഗീസ് അക്ഷരങ്ങൾ പഠിച്ചത്. മല്ലപ്പള്ളി വലിയ വീട്ടിൽ കൊച്ചിക്കാ ആശാനായിരുന്നു ആദ്യത്തെയാശാൻ. എന്നാൽ ഓലയിലെ പഠനം പൂർത്തിയാക്കിയത് കോടുകുളഞ്ഞി ചാക്കോ ആശാന്റെ കീഴിലായിരുന്നു.

അങ്ങനെയിരിക്കെ മല്ലപ്പള്ളി മുട്ടത്തുമണ്ണിൽ ആരംഭിച്ച സി. എം. എസ്. മിഡിൽ സ്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തി. തുടർന്ന് കോട്ടയം സി. എം. എസ്. ഹൈസ്കൂളിൽ ചേർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് മുമ്പ് വൈദികവൃത്തിയിൽ പ്രവേശിക്കാൻ ഇടയായി. വറുഗീസ് സി. എം. എസ്. ഹൈസ്കൂളിൽ ഫോർത്ത് ഫോമിൽ പാലത്തിങ്കൽ വർക്കിയാശാന്റെ കൂടെ പഠിച്ചു എന്നു പുതുപ്പള്ളിക്കാരനായ വറുഗീസ് എന്ന സഹപാഠി പറഞ്ഞിട്ടുണ്ട്. ഈ വർക്കിയാശാൻ പിന്നീട് മജിസ്ട്രേറ്റും തിരുവിതാംകൂർ അഞ്ചൽ സൂപ്രണ്ടുമായി ഉയർന്ന പി. എം. വർക്കിയാണ്. ഇദ്ദേഹത്തിന്റെ പുത്രനായിരുന്നു ബോംബെ ഗവർണറായി ഉയർന്ന ഡോ. പി. വി. ചെറിയാൻ. തങ്ങൾ ഒരുമിച്ചു പഠിച്ച കാലത്ത് ബോർഡിങ്ങിൽ താമസിച്ചപ്പോഴത്തെ അനുഭവങ്ങളും ശനിയാഴ്ച തോറും രാവിലെ രണ്ടുപേരും കൂടി കാൽനടയായി പുതുപ്പള്ളിവരെ വന്നശേഷം വറുഗീസ് തനിച്ചു മല്ലപ്പള്ളിക്കു പോകുന്നകാര്യവും തിങ്കളാഴ്ച അതിരാവിലെ മല്ലപ്പള്ളിയിൽനിന്നു വറുഗീസ് വന്നശേഷം ഒരുമിച്ച് കോട്ടയത്തുപോകുന്നതും പിന്നീട് വർഷങ്ങൾ കഴിഞ്ഞു വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്താ ആയപ്പോൾ പഴയ സ്മരണകൾ അനുസ്മരിപ്പിക്കുന്നതും സഹപാഠിയായ വറുഗീസിനു വളരെ സന്തോഷമുള്ള കാര്യമായിരുന്നു.

ഫോർത്തു ഫോറം വരെ മാത്രമേ ഇംഗ്ലീഷ് അഭ്യസിച്ചിട്ടുള്ളുവെങ്കിലും സ്വന്തം പരിശ്രമങ്ങൾ മൂലം ഇംഗ്ലീഷ് പുസ്തകങ്ങൾ നിഷ്പ്രയാസം വായിച്ചു മനസ്സിലാക്കുന്നതിനുള്ള ഭാഷാപരിജ്ഞാനം തിരുമേനി നേടിയിരുന്നു. എം. ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പൽ ആയിരുന്ന കാലത്തും ഇംഗ്ലീഷ് പഠനം തുടർന്നിരുന്നു. അതുകൊണ്ട് ഇംഗ്ലീഷിൽ വാചാലമായിട്ടല്ലെങ്കിലും സംസാരിക്കാനും ആശയവിനിമയം നടത്തുന്നതിനും കഴിവു കരസ്ഥമാക്കിയിരുന്നു.

ഹൈസ്കൂൾ പഠനകാലത്ത് 18 വയസ്സു മാത്രമുള്ളപ്പോൾ മലങ്കരയിൽ ഇദംപ്രഥമമായി വന്നെത്തിയ പത്രോസ് പാത്രിയർക്കീസിൽ നിന്ന് കൊല്ലവർഷം 1051 കന്നി 26 ന് (1876) പുതുപ്പള്ളിപ്പള്ളിയിൽ വെച്ച് ശെമ്മാശുപട്ടം സ്വീകരിച്ചു. ഇതോടെ ഹൈസ്കൂൾ വിദ്യാഭ്യാസം തുടരാൻ സാധിച്ചില്ല.

x x x x x

ബാല്യകാലത്തു തന്റെ സഹപാഠിയായിരുന്ന മല്ലപ്പള്ളി വല്യവീട്ടിൽ ശങ്കരൻ ആചാരിയെ (പിന്നീട് പ്രശസ്ത തച്ചുശാസ്ത്ര വിദഗ്ധൻ) തിരുമേനി നാട്ടിൽ വരുമ്പോൾ വിളിപ്പിക്കുമായിരുന്നു. ആചാരി തിരുമേനിക്കു പുകയില കാഴ്ചവയ്ക്കുകയും ചെയ്യും. ഈ ശങ്കരൻ ആചാരിയുടെ കൊച്ചുമകനായിരുന്നു മല്ലപ്പള്ളിയിലെ പ്രസിദ്ധനായ ചിത്രകാരൻ നാരായണൻ ആചാരി.

## കുടുംബ പാരമ്പര്യം

ബാങ്കിംഗ്, പ്രിന്റിംഗ്, തോട്ടക്കൃഷി, സഭ മുതലായ രംഗങ്ങളിൽ വ്യക്തിമുദ്ര പതിച്ച ഒരു പൗരപ്രമുഖനായിരുന്ന അറയ്ക്കൽ ഏ. ഐ. അയ്പിന്റെ ചരമ സ്മാരകമായി സ്വപുത്രൻ ഏ. ഐ. ഇട്ടി അയ്പ് 1952 -ൽ പ്രസിദ്ധീകരിച്ച *കണ്ണുനീരിന്റെ കാണിക്ക* എന്ന പുസ്തകത്തിൽ പവ്വത്തിക്കുന്നേൽ കുടുംബത്തിന്റെ പാരമ്പര്യത്തെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

പാലൂർ ഗ്രാമത്തിൽ ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച ആര്യബ്രാഹ്മണകുടുംബമായ പകലോമറ്റം തറവാട്ടിൽപെട്ട ഇടത്തിൽ കുടുംബം, തെക്കേടമെന്നും വടക്കേടമെന്നും രണ്ടു ശാഖകളായി പിരിഞ്ഞു എന്നു വിശ്വസിക്കപ്പെടുന്നു. ഇവരിൽ ചിലർ പിൽക്കാലത്ത് അങ്കമാലിയിൽ പോയി താമസിച്ചു. മറ്റു ചിലർ കടുത്തുരുത്തിയിൽ പോയി താമസിച്ചു, അവിടുത്തെ പള്ളി പണികഴിപ്പിക്കുന്നതിൽ സഹകരിച്ചു. കടുത്തുരുത്തിയിൽ തെക്കേടമെന്നും, വടക്കേടമെന്നും രണ്ടു പേരായി രണ്ടു കുടുംബങ്ങൾ ഉണ്ടായിരുന്നുവത്രെ. അവരിൽ കുറേപ്പേർ, പിന്നീട് കടുത്തുരുത്തിയിൽ നിന്ന് കുറവിലങ്ങാട്ടു പോയി താമസിച്ചു. കുറവിലങ്ങാട്ടു പള്ളിയുടെ തെക്കുഭാഗത്തും വടക്കുഭാഗത്തുമായി തെക്കേടം എന്നും വടക്കേടം എന്നും കുടുംബപ്പേരോടുകൂടി തന്നെ ഇക്കൂട്ടർ ഇപ്പോഴും താമസിച്ചു വരുന്നതായറിയുന്നു. കുറവിലങ്ങാട്ടു കുടിയേറിപ്പാർത്തവരിൽ ചിലർ മല്ലപ്പള്ളിൽ പോയി താമസിച്ചു. മല്ലപ്പള്ളിയിലെ പുരാതനമായ പവ്വത്തിക്കുന്ന് കുടുംബം തെക്കേടത്തു ശാഖയിൽപെട്ടതാണ്. മലങ്കര യാക്കോബായ സുറിയാനി സഭാചരിത്രത്തിൽ സുപ്രസിദ്ധനായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, പവ്വത്തിക്കുന്ന് കുടുംബത്തിലെ ഒരു അംഗമായിരുന്നു എന്ന വിവരം ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണ്. ആദ്യം പറഞ്ഞ വടക്കേടത്തു കുടുംബക്കാരിൽ ഒരു ഭാഗക്കാർ കുറവിലങ്ങാട്ടുനിന്ന് കച്ചവട സൗകര്യം ഉദ്ദേശിച്ച് അതിരമ്പുഴ വന്ന് താമസിക്കുകയുണ്ടായി. ഇവർക്കു മതകർമ്മാദികൾക്കായി നിരന്തരം കുറവിലങ്ങാട്ടുപോയി വരുക ക്ലേശകരമായി തോന്നിയതിനാൽ (അക്കാലത്ത് ഇന്നത്തെപ്പോലെ സുഗമമായ ഗതാഗതസൗകര്യങ്ങൾ ഇല്ലായിരുന്നല്ലൊ) അതിരംപുഴയുള്ള മറ്റു ചില പ്രധാന കുടുംബങ്ങളോടു സഹകരിച്ച് അതിരംപുഴപ്പള്ളി പണികഴിപ്പിക്കുന്നതിന് ഒരു പ്രധാന ഭാഗം വഹിക്കുകയുണ്ടായി.

ആധുനിക തിരുവിതാംകൂർ രാജ്യം ഏകീകൃതരൂപം പ്രാപിക്കുന്നതിനു മുമ്പ് പല ചെറുരാജ്യങ്ങളായി ചെറുതരം രാജാക്കന്മാരുടെ പ്രത്യേകഭരണത്തിലാണല്ലോ സ്ഥിതി ചെയ്തിരുന്നത്. അക്കാലത്തു കോട്ടയത്ത് തളിയിൽകോട്ട എന്ന സ്ഥലം തലസ്ഥാനമാക്കിക്കൊണ്ട് നാടുവാണിരുന്ന തെക്കുംകൂർ രാജാവിന്റെ അധികാരാതൃത്തി കോട്ടയത്തിനു വടക്കുള്ള



കൈപ്പുഴ എന്ന സ്ഥലം മുതൽ തെക്ക് കയ്പട്ടൂർ എന്ന സ്ഥലംവരെ വ്യാപിച്ചിരുന്നു.

വടക്കേടത്തു കുടുംബക്കാർ അതിരംപുഴ വന്നു താമസമുറപ്പിച്ചതിനു ശേഷം ഒരിക്കൽ തെക്കുംകൂർ രാജാവ് തന്റെ രാജ്യാതിർത്തിയിൽപ്പെട്ട തെക്കൻ പ്രദേശങ്ങൾ സന്ദർശിക്കുന്നതിനായി അവിടങ്ങളിൽ സപരിവാരം ഒരു പര്യടനം നടത്തിയശേഷം ജലമാർഗ്ഗമായി കോടിമതക്കടവിൽ വന്നിറങ്ങി. ഒരു ദിവസം സന്ധ്യാ സമയത്താണ് രാജാവും അനുചരവൃന്ദവും കടവിൽ വന്നടുത്തത്. അവിടെനിന്നു രാജധാനിയായ തളിയിൽകോട്ടയിലേക്കു പോകേണ്ടിയിരുന്നു. ഒന്നൊന്നര മൈൽ ദൂരം വരും. ഇന്നത്തെപ്പോലെ റോഡുകളില്ല. രാത്രിയിൽ പോകാൻ വെളിച്ചം വേണം. അതിനു ദീപയഷ്ടികളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ, അപ്പോൾ ദീപയഷ്ടികൾ കത്തിക്കാൻ ആവശ്യമുള്ള വെളിച്ചെണ്ണ കൈവശമില്ലാതെ വന്നു. അവിടെ അടുത്ത് വെളിച്ചെണ്ണ എവിടെ വാങ്ങാൻ കിട്ടുമെന്ന് അന്വേഷണമായി - രാജഭൃത്യന്മാർ നാലു വഴിക്കും ഓടി. അവിടെ അടുത്തെങ്ങും കച്ചവടപ്പീടികകൾ ഇല്ലെന്നും അതിനാൽ തല്ക്കാലാവശ്യത്തിന് വെളിച്ചെണ്ണ വാങ്ങുക സാദ്ധ്യമല്ലെന്നുമുള്ള മറുപടിയോടുകൂടി ഭൃത്യന്മാർ മടങ്ങിവന്നു. അത് രാജാവിന് വളരെ കുണ്ഠിതത്തിനു കാരണമായി. അക്കാലത്ത് കച്ചവടത്തൊഴിൽ ചെയ്തിരുന്നത് പ്രായേണ സുറിയാനി ക്രിസ്ത്യാനികൾ മാത്രമായിരുന്നു. ആ വസ്തുത മനസ്സിലാക്കിയിരുന്ന രാജാവ് ഇവിടെ അടുത്തെങ്ങും നസ്രാണികൾ താമസമില്ലേ? എന്നു ചോദിച്ചു. ഇല്ല എന്നായിരുന്നു അതിനും ലഭിച്ച മറുപടി. ഒടുവിൽ ഓലച്ചൂട്ടുകറ്റകൾ എരിച്ചുപിടിച്ച് വെളിച്ചം കണ്ടുകൊണ്ട് രാജാവിനും സേവകന്മാർക്കും കോടിമതക്കടവിൽനിന്ന് തളിയിൽക്കോട്ടയിലേക്കു പോകേണ്ടിവന്നു എന്നാണ് കഥ.

ഏതായാലും തെക്കുംകൂർ രാജാവിന് ആകസ്മികമായി നേരിട്ട ഈ അനുഭവം കുറേക്കൂടി വിശാലമായ ഒരു ചിന്താശക്തിയിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധയെ തിരിച്ചുവിടാനിടയായി. അതായത് നസ്രാണികളുടെ, അഥവാ സുറിയാനി ക്രിസ്ത്യാനികളുടെ സാന്നിദ്ധ്യം വാണിജ്യാഭിവൃദ്ധിക്ക് ആവശ്യമാണ്. കോടിമത നസ്രാണികളില്ലാതെ വന്നതുകൊണ്ടാണല്ലോ താൻ വെളിച്ചത്തിനുവേണ്ടി ഇത്ര ക്ലേശിക്കേണ്ടിവന്നതും, ഓലച്ചൂട്ടിന്റെ സഹായം തേടേണ്ടിവന്നതും. അതിനാൽ ഈ ദുരവസ്ഥയ്ക്ക് ഒരു പരിഹാരമുണ്ടാക്കാൻ വേണ്ടിയും നാട്ടിന്റെ വാണിജ്യപരമായ സാമ്പത്തികാഭിവൃദ്ധിയെക്കരുതിയും; എവിടെനിന്നെങ്കിലും കുറെ നസ്രാണികളെ കോടിമത വരുത്തി താമസിപ്പിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. അന്നു മാത്രമല്ല, ഇന്നും തിരുവിതാംകൂറിലെ വാണിജ്യവ്യവസായ രംഗങ്ങളിൽ മുന്നിട്ടുനിൽക്കുന്നവർ സുറിയാനി ക്രിസ്ത്യാനികൾ ആണല്ലോ.

തെക്കുംകൂർ രാജാവിന്റെ നോട്ടം അതിരമ്പുഴ വരെ ചെന്നു. അവിടെ വാണിജ്യവൃത്തിയിൽ ഏർപ്പെട്ട് അഭിവൃദ്ധി പ്രാപിച്ചിരുന്ന വടക്കേടത്തു കുടുംബാംഗങ്ങളായ ചില നസ്രാണി വർത്തകരെ അദ്ദേഹം കോട്ടയത്തുവന്ന് താമസിക്കുന്നതിനായി ക്ഷണിച്ചു. കച്ചവടത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഇല്ലാത്ത ഒരു സ്ഥലത്ത് അതിലും പ്രത്യേകിച്ച് സ്വമതസ്ഥരായ മറ്റാരുമില്ലാത്ത സ്ഥലത്തു വന്നു താമസിക്കുന്നതിന് അവർ ആദ്യം വൈമനസ്യം പ്രകടിപ്പിച്ചതാശ്ചര്യമല്ല. എങ്കിലും തെക്കുംകൂർ രാജാവിന്റെ വാത്സല്യനിർഭരമായ നിർബ്ബന്ധംകൊണ്ടും, നസ്രാണികളുടെ പരമ്പരാഗതമായ രാജഭക്തികൊണ്ടും, പ്രോത്സാഹനാർത്ഥം അദ്ദേഹം ഏതാനും പുരയിടങ്ങളും പുഞ്ചനിലങ്ങളും കല്പിച്ച് ദാനമായി കൊടുത്തതുകൊണ്ടും, വടക്കേടത്തു കുടുംബം ഏതാണ്ട് മനസ്സില്ലാമനസ്സോടെ യെങ്കിലും അതിരമ്പുഴ നിന്ന്, കോട്ടയത്തു കോടിമതക്കരയിൽ വന്നു താമസമാക്കി. അന്നു കോടിമതക്കരയിൽ, നമ്പൂതിരിമാർ, നമ്പ്യാർ, നായർ, മാരാൻ എന്നീ ജാതികളിൽപ്പെട്ട 72 വീട്ടുകാരും കൊല്ലംപറമ്പിൽ എന്നു വീട്ടുപേരായ ഒരു ഈഴവകുടുംബവും പരവൻപറമ്പിൽ എന്നൊരു പരവ കുടുംബവും പിന്നീട് അവിടെ വന്നു താമസമുറപ്പിച്ച വടക്കേടത്തു നസ്രാണി കുടുംബവും ഉൾപ്പെടെ ആകെ 75 കുടുംബങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. വടക്കേടമാണ് കോടിമതക്കരയിലെ ആദ്യ ക്രൈസ്തവ കുടുംബം. അന്നും കോടിമത കൊടൂരാറ്റിൽ ഒരു പാലമുണ്ടായിരുന്നു. ഇന്നത്തെ പാലമല്ല. പഴയ പാലത്തിന്റെ തൊട്ടുവടക്കടുത്തു താമസിച്ചതിനാൽ വടക്കേടത്തിന്റെ വീട്ടുപേര് പാലത്തിങ്കൽ എന്നു സ്ഥലവാസികൾ പറഞ്ഞുപറഞ്ഞ് അങ്ങനെ രൂപാന്തരം പ്രാപിച്ചു. കോട്ടയത്തെ ഏറ്റവും പുരാതനമായ ഒരു നസ്രാണി കുടുംബമാണ് പാലത്തിങ്കൽ.

തിരുവിതാംകൂറിലും കൊച്ചിയിലും വെളിയിലും, ഔദ്യോഗികലോകത്തിലും അനൗദ്യോഗിക ലോകത്തിലും പേരെടുത്ത് ശോഭിച്ചിട്ടുള്ള പല വ്യക്തികൾ ആ കുടുംബാംഗങ്ങളോ പ്രസ്തുത കുടുംബത്തോടു ബന്ധപ്പെട്ടവരോ ആയിരുന്നു. ഇവരുടെ മൂലകുടുംബമായ വടക്കേടത്തു തറവാട്, ഇപ്പോൾ അതിരമ്പുഴ വലിയപള്ളിക്കും ചന്തയ്ക്കും പടിഞ്ഞാറുവശത്തുള്ള പുഞ്ചപ്പാടത്തിന്റെ പടിഞ്ഞാറേക്കര ശ്രീകണ്ഠമംഗലം എന്ന സ്ഥലത്താണ്. ഈ കുടുംബം കൂടാതെ തെക്കേടം, തടം, മാത്താംകുന്ന്, മണ്ണാർകുന്ന് എന്നു പേരായി വേറേയും ചില കുടുംബക്കാർ അവിടെ താമസിച്ചിരുന്നു. കൃഷിയും അതിരമ്പുഴ ചന്തയിൽ കച്ചവടവുമായിരുന്നു ഇവരുടെ തൊഴിൽ. ശ്രീകണ്ഠമംഗലത്ത് ഒരു പള്ളിവയ്ക്കാൻ സൗകര്യപ്രദമായ സ്ഥലമില്ലാതിരുന്നതിനാൽ കിഴക്കേക്കരയിൽ ഒരു പള്ളി വയ്ക്കാൻ ഇവർ ശ്രമിച്ചു. എന്നാൽ ആ സ്ഥലത്തിന്റെ ഉടമസ്ഥരായ എട്ടൊന്നുശ്ശേരി നമ്പ്യാതിരി, പുന്നയ്ക്കൽ നമ്പ്യാതിരി മുതൽപേർക്ക്



അതി ഷ്ടമായില്ല. അതിനാൽ പള്ളിപണി സംബന്ധിച്ച് പകൽ കല്ലുകെട്ടും മറ്റും നടത്തിയിട്ട് പണിക്കാർ പോയിക്കഴിയുമ്പോൾ ജന്മിമാരുടെ ആൾക്കാർ വന്നു രാത്രിയിൽ അതെല്ലാം നശിപ്പിച്ചുകളയുവാൻ തുടങ്ങി. രാവിലെ പണിക്കാർ വരുമ്പോൾ തലേദിവസം പണിതുവച്ചിട്ടു പോയതൊന്നും കാണാനില്ല. ഈ വിഷമാവസ്ഥയിൽ ഏറ്റുമാനൂരുള്ള പഴയംപള്ളി കയ്മൾ എന്ന നായർ കുടുംബക്കാർ ഈ ക്രൈസ്തവ സഹോദരന്മാരുടെ സഹായത്തിനെത്തി. കയ്മളും കൂട്ടരും പള്ളിപണി പൂർത്തിയാകുന്നതുവരെ രാത്രി തോറും വന്ന് അവിടെ കാവൽ നിന്നതിനാൽ എതിരുകാർക്ക് ശല്യം ചെയ്‌വാൻ സാധിച്ചില്ല. അങ്ങനെ പള്ളിപണി പൂർത്തിയായി - പഴയംപള്ളി കയ്മൾ കുടുംബക്കാർ ചെയ്ത ഈ സഹായത്തെപ്പറ്റിയുള്ള കൃതജ്ഞതാപുരസ്സരമായ സ്മരണയ്ക്കായി ആണ്ടുതോറും കുംഭമാസം ഒന്നിന് അതിരമ്പുഴ പള്ളിയിലെ വലിയ പെരുന്നാളാഘോഷത്തിന് ഈ കുടുംബക്കാർക്ക് അഞ്ചേകാലും കോപ്പും കൊടുത്തുവരാറുണ്ടായിരുന്നു.

തെക്കുംകൂർ രാജാവിന്റെ ക്ഷണം സ്വീകരിച്ച്, അതിരംപുഴ നിന്ന് ആദ്യം കോട്ടയത്തു കോടിമത വന്ന് താമസിച്ച വടക്കേടത്തു വീട്ടുകാർക്ക് തെക്കുംകൂർ രാജാവ് ദാനമായി നല്കിയ അകത്തിലൊട്ടുപറമ്പും അറയ്ക്കൽ പറമ്പും പ്രസ്തുത കുടുംബത്തിലെ പിൻഗാമികൾ തന്നെ ഇപ്പോഴും കരമൊഴിവായി കൈവശം വച്ചനുഭവിച്ചുവരുന്നു. കണ്ടെഴുത്തിൽ, മറ്റു ഭൂമിപോലെ പട്ടയമല്ല, ഇനാമാധാരമാണ് അവയുടെ ഉടമസ്ഥന്മാർക്ക് കിട്ടിയിട്ടുള്ളത്. കോടിമത (കോട്ടയം) ആറ്റിനടുക്കൽ, ഇപ്പോൾ പാലത്തുങ്കൽ എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലം തെക്കുംകൂർ തമ്പുരാന്റെ പള്ളിയോടം കയറ്റിവയ്ക്കുന്നതിന് ഉപയോഗിച്ചുവന്നിരുന്നു. ആ സ്ഥലവും തമ്പുരാൻ വടക്കേടത്തു വീട്ടുകാർക്കു കൊടുത്തു. ആ സ്ഥലത്തിന്റെ ആദ്യപേര് താന്നിക്കോട്ടുതറ എന്നായിരുന്നു. വള്ളത്തിൽ കച്ചവട സാമാനങ്ങൾ കൊണ്ടുവന്നിറക്കുന്നതിനും സൗകര്യമുള്ള സ്ഥലമായിരുന്നതിനാൽ വടക്കേടത്തു വീട്ടുകാർ ഇവിടെ ഒരു വീടു വച്ചു. കച്ചവട പീടികയും സ്ഥാപിച്ചു മുറയ്ക്കു കച്ചവടം നടത്തി. പിൽക്കാലത്ത് തെക്കുംകൂർ രാജ്യം തിരുവിതാംകൂർ രാജാവ് പിടിച്ചടക്കി തിരുവിതാംകൂറിനോടു ചേർത്തപ്പോൾ തെക്കുംകൂർ തമ്പുരാക്കന്മാർ അവരുടെ തലസ്ഥാനമായ തളിയിൽകോട്ട ഉപേക്ഷിച്ച് ഇന്നത്തെ കോട്ടയം പട്ടണത്തിന്റെ കിഴക്കുഭാഗത്തുള്ള നട്ടാശ്ശേരിക്ക് സമീപം ഇടത്തുംമണൽ എന്ന സ്ഥലത്ത് പോയി താമസിച്ചു. ഈ നാടുവാഴി കുടുംബത്തിലെ അനന്തര സന്താനപരമ്പരകൾ ഇന്നും അവിടെ താമസക്കാരായി ഉണ്ട്. ഇടത്തിൽ തമ്പുരാക്കന്മാർ എന്നാണ് ഇവരെ പറഞ്ഞുവരുന്നത്. ഇവർക്ക് ആവശ്യമുള്ള വെളിച്ചെണ്ണയും എണ്ണയും നൽകിവന്നതും പാലത്തിങ്കൽ

വീട്ടുകാരായിരുന്നു. അതിനുള്ള വിലയും അവർക്കു കൊടുത്തുവന്നു. ആദ്യകാലത്ത് തെക്കുംകൂർ സ്വരൂപത്തിന്റെ പള്ളിയോടം സൂക്ഷിപ്പു ചുമതലയും പാലത്തുങ്കൽ കുടുംബക്കാരായിരുന്നു നിർവഹിച്ചുപോന്നത്. തെക്കേടത്തു കുടുംബത്തിൽപ്പെട്ടവരുടെ അനന്തരഗാമികളിൽ ചിലരിപ്പോഴും മാന്നാനം ഗൊവേന്ദയ്ക്കു സമീപം താമസിക്കുന്നുണ്ടെന്നും ചരമം, വിവാഹം മുതലായ കർമാദികൾ സംബന്ധിച്ചു പള്ളിക്കു ചെല്ലേണ്ട കുഴിക്കാണം, പസാരം എന്നീ പള്ളി ഭോഗങ്ങളിൽ നിന്ന് ഇവർ ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്നുമാണ് അറിവ്. വടക്കേടത്തു കുടുംബക്കാരിൽ ആൺവഴിയിൽപെട്ടവരായി ആരും ഇപ്പോൾ അതിരമ്പുഴയിൽ ഇല്ലത്രേ. ഇപ്പോൾ അവിടെ വടക്കേടത്ത് എന്ന പേരിൽ അറിയപ്പെടുന്നവർ കല്ലുങ്കൽ എന്ന കുടുംബക്കാരാണ്. അതിരമ്പുഴ ചക്കാലയ്ക്കൽ തോമ്മാ മുതൽപേർ വടക്കേടത്തെ പെൺവഴിയിൽപ്പെട്ടവരാണ്. തെക്കേടവും വടക്കേടവും കുറവിലങ്ങാട്ടു നിന്നു അതിരമ്പുഴയിൽ വന്ന് താമസിച്ചവരാകയാൽ ഈ കുടുംബാംഗങ്ങൾ മരിക്കുമ്പോൾ മൃതശരീരം കുറവിലങ്ങാട്ടുപള്ളിയിൽ കൊണ്ടുപോയി അടക്കുകയായിരുന്നു പതിവ്. പക്ഷേ നല്ല വഴി ഇല്ലായിരുന്നു. നമ്പൂതിരിമാരുടേയും ഇതര ഹിന്ദുക്കളുടേയും സ്ഥലങ്ങൾ കടന്നുപോകേണ്ടിയിരുന്നു. അതിൽ അവർ, അഹിതം പ്രദർശിപ്പിക്കുകയും മാർഗ്ഗതടസ്സം ഉണ്ടാക്കുകയും ചെയ്തതിനാൽ ശ്രീകണ്ഠമംഗലത്തുള്ള മണ്ണാർകുന്ന് എന്ന സ്ഥലം പിന്നീട് ശവക്കോട്ടയായി ഉപയോഗിച്ചുവന്നു. അന്നത്തെ ചില കല്ലറകൾ ഇപ്പോഴും അവിടെ കാണ്മാൻ ഉണ്ട്. തങ്ങളുടെ പിതൃജനങ്ങളെ അടക്കിയ ഭൂമിയാണെന്നുള്ള ഭക്തിബഹുമാനങ്ങൾ കാരണം ചക്കാലയ്ക്കൽ മുതലായവരുടെ ഉത്സാഹത്താൽ ചങ്ങനാശ്ശേരി മെത്രാന്റെ അനുവാദത്തോടുകൂടി മണ്ണാർകുന്നിൽ ഒരു ചാപ്പൽ പണിയിച്ചു. പിന്നീടു പാലത്തിങ്കൽ എന്നു നാമരൂപാന്തരം പ്രാപിച്ച വടക്കേടത്തു വീട്ടുകാർ കോട്ടയത്തു കോടിമത വന്ന് താമസിച്ച കാലത്ത്, കോട്ടയത്തും ചുറ്റുപാടുമുള്ള കുറിച്ചി, പള്ളം, കുമരകം, കിളിരൂർ, തിരുവാർപ്പ്, അയ്മനം ആദിയായ സ്ഥലങ്ങളിലുമുള്ള ക്രിസ്ത്യാനികൾ കോട്ടയം വലിയപള്ളിയിലാണ് കൂടിനടന്നുവന്നത്. അന്ന് തെക്കുംഭാഗരും വടക്കുംഭാഗരും യോജിച്ച് വലിയപള്ളി ഉപയോഗിച്ചുവന്നു. പിന്നീടാണ് വടക്കുംഭാഗർ ചെറിയപള്ളി പണികഴിപ്പിച്ചത്.

# 2

# വൈദിക തുംഗ പദത്തിലേക്ക്

പകലോമറ്റം തറവാട്ടിന്റെ പൗരോഹിത്യ പാരമ്പര്യം ഉചിതമായ രീതിയിൽ നിലനിറുത്താൻ തെരഞ്ഞെടുക്കപ്പെട്ട വട്ടശ്ശേരിൽ ഗീവറുഗീസിനു കോട്ടയം സി. എം. എസ്. ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ 18-ാം വയസ്സിൽ 1051 കന്നി 26 നു (1876) പുതുപ്പള്ളിപ്പള്ളിയിൽ വച്ചു പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ ശെമ്മാശുപട്ടം നൽകിയെന്നു പറഞ്ഞുവല്ലോ. തുടർന്ന് നാലു വർഷം പഴയസെമിനാരിയിൽ വൈദികപഠനം നടത്തിയ വറുഗീസ് ശെമ്മാശൻ 1055 മകരം അഞ്ചാം തീയതി ഗീവർഗീസ് മാർ ഗ്രീഗോറിയോസിൽ (പരുമലത്തിരുമേനി) നിന്നു വൈദികപട്ടം സ്വീകരിക്കുകയും അടുത്ത വർഷം വൈദിക മല്പാനായി പഴയസെമിനാരിയിൽ നിയമിക്കപ്പെടുകയുമാണുണ്ടായത്. ഒരു നല്ല അധ്യാപകൻ, നേതൃത്വഗുണമുള്ള വൈദികൻ എന്നീ നിലകളിൽ പെട്ടെന്ന് ഉയർന്ന ഫാ. വറുഗീസ് സഭയുടെ ഉന്നതസ്ഥാനത്ത് വരുമെന്നു ദീർഘദർശനം ചെയ്യാൻ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിനു (ദീവന്നാസ്യോസ് അഞ്ചാമൻ) അധികസമയം വേണ്ടിവന്നില്ല. ഇതിനിടയിൽ അദ്ദേഹം സഭയുടെ പ്രശസ്ത വിദ്യാലയമായ കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിന്റെ പ്രിൻസിപ്പലായും ഉയർത്തപ്പെട്ടു (ഇക്കാലയളവിൽ ഹെഡ്മാസ്റ്ററായിരുന്ന കെ. സി. മാമ്മൻ മാപ്പിളയും മല്പാനച്ചനും തമ്മിലുള്ള ബന്ധം പ്രത്യേക അധ്യായമായി ചേർത്തിട്ടുണ്ട്). എം. ഡി. സെമിനാരിക്കുവേണ്ടി തന്റെ മുൻഗാമി, സർക്കാരിൽ നിന്ന് അനുവാദം വാങ്ങി നടത്തിയ ലോട്ടറിയുടെ മാനേജരും മല്പാനച്ചനായിരുന്നു. ലോട്ടറി മുഖേന വേണ്ടതിലധികം പണം ശേഖരിക്കാനും അധികം വന്ന പണം കൊണ്ടു സഭയ്ക്കുവേണ്ടി കുമരകത്തു കായൽ കുത്തിയെടുത്തു നെൽപാടമാക്കാനും സാധിച്ചതു മല്പാനച്ചന്റെ എട്ടു വർഷത്തെ എം. ഡി. സെമിനാരി ഭരണസാമർത്ഥ്യം കൊണ്ടാണ്.

പുലിക്കോട്ടിൽ തിരുമേനി ഒട്ടധികം വിദ്യാലയങ്ങൾ ആരംഭിച്ചു. അതിന്റെ നടത്തിപ്പു സംബന്ധിച്ച വിശദാംശങ്ങളിൽ ശ്രദ്ധിക്കാൻ തിരുമേനിക്കു സാധിച്ചില്ല. അവയെല്ലാം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി പ്രവർത്തിച്ചത് വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനാണ്. പുലിക്കോട്ടിൽ തിരുമേനി മല്പാനച്ചന്റെ കഴിവുകളിൽ വളരെയധികം മതി

പ്പുള്ള മേല്പട്ടക്കാരനുമായിരുന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ പിന്നിൽ ഒരു വലിയ പ്രേരകശക്തിയായി നിന്നുകൊണ്ടു മല്പാനച്ചൻ പ്രവർത്തിച്ചതിനെപ്പറ്റി കെ. എം. മാമ്മൻ മാപ്പിള 1934 -ൽ എഴുതിയ ഒരു ലേഖനത്തിൽ എടുത്തു പറഞ്ഞിട്ടുമുണ്ട്. സെഡ്. എം. പാറേട്ട് *മലങ്കര നസ്രാണികൾ* (പേജ് 28) നാലാം വാല്യത്തിൽ ഇങ്ങനെ പറയുന്നു: "മാർ ജോസഫ് ദീവന്നാസ്യോസിന്റെ ഭാഗ്യ തന്ത്രസാമർത്ഥ്യാദികൾക്കു വഴിക്കു ലഭിച്ച വിജയങ്ങൾ, വിശദാംശങ്ങളിൽ ശ്രദ്ധിക്കുന്നതിനു വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ ഉണ്ടായിരുന്നതുകൊണ്ട് കൂടുതൽ ഫലദായകമായിത്തീർന്നതിനു നല്ല ഒരു ഉദാഹരണമാണു കോട്ടയം എം.ഡി. സെമിനാരി.

മല്പാനച്ചന്റെ സേവനത്തെതുടർന്നു എം. ഡി. സെമിനാരിക്കുണ്ടായ നേട്ടത്തെപ്പറ്റി "*രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ*" എന്ന പുസ്തകത്തിലെ 'സഭയുടെ പൊതുവിദ്യാഭ്യാസം' എന്ന അധ്യായത്തിൽ മുൻപരീക്ഷാ കമ്മീഷണർ പള്ളം ഒറ്റത്തൈക്കൽ ഒ. എ. മാത്യു ഇങ്ങനെ പറയുന്നു: "1896 -ൽ സഭാ മാനേജിംഗ് കമ്മിറ്റിയുടെ അഭിപ്രായപ്രകാരം ഫാ. വി. ജെ. ഗീവറുഗീസ് മല്പാൻ (പിന്നീടു വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്) പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രയത്നം മൂലം സ്കൂളിന്റെ സാമ്പത്തിക ക്ലേശത്തിനു പരിഹാരം കാണുവാൻ സാധിക്കുകയും അതിന്റെ പ്രശസ്തി വർദ്ധിക്കുകയും ചെയ്തു."

പുലിക്കോട്ടിൽ തിരുമേനിയുടെ പല പുരോഗമന സംരംഭങ്ങളുടെയും ശക്തിസ്രോതസ്സ് വട്ടശ്ശേരിൽ മല്പാനായിരുന്നു എന്നു പത്തനംതിട്ട മല്ലശ്ശേരി കരിമരത്തിനാൽ ഫാ. കെ. കെ. വറുഗീസ് രചിച്ച "*മലങ്കര സുറിയാനി സഭാചരിത്രസംഗ്രഹ*'ത്തിലും (രണ്ടാം ഭാഗം) എടുത്തു പറഞ്ഞിട്ടുണ്ട്. സമുദായ കേന്ദ്രമായ കോട്ടയത്തു എം. ഡി. ഹൈസ്കൂൾ തുടങ്ങിയതോടെ 1897 -ൽ സാമൂഹ്യ സമ്മേളനം ആരംഭിക്കുന്നതിനും തുടർന്ന് അതു മഹാജനസഭയായി വളരുന്നതിനും സാധിച്ചതു മല്പാനച്ചന്റെ കർമ്മശേഷികൊണ്ടാണ്. ഏതാനും വർഷങ്ങൾ കഴിഞ്ഞു അബ്ദുള്ളാ പാത്രിയർക്കീസിന്റെ അധികാരമത്സരത്തിന്നു തടയിടാൻ മെത്രാപ്പോലീത്താ ശ്രമിച്ചപ്പോൾ അദ്ദേഹത്തിനു വേണ്ട പിൻബലം നൽകാൻ മഹാജനസഭയ്ക്കു കഴിഞ്ഞു. മലങ്കരസഭ സ്വതന്ത്രമായി വളരാനും പുരോഗമിക്കാനും കാതോലിക്കാ സിംഹാസനം കൂടിയേ തീരൂ എന്നു കരുതി പ്രാരംഭ പ്രവർത്തനം ആരംഭിച്ചതും മല്പാനച്ചൻ കൂടി ചേർന്നു സ്ഥാപിച്ച മഹാജനസഭയാണ്.

വട്ടശ്ശേരിൽ തിരുമേനി മലങ്കര മല്പാനാകുന്നത് 1881-ൽ. കോനാട്ടച്ചൻ വൈദികപട്ടം ഏൽക്കുന്നത് 1883 -ൽ ആണ്. വട്ടശ്ശേരിൽ തിരുമേനി മലങ്കര മല്പാൻ സ്ഥാനത്ത് അവരോധിതനായി രണ്ടു വർഷം കഴി



ഞ്ഞാണു കോനാട്ടച്ചൻ വൈദികനാകുന്നുള്ളു എന്ന ചരിത്രവസ്തുത പല സഭാചരിത്ര പണ്ഡിതന്മാരുടെ പോലും ശ്രദ്ധയിൽ പെട്ടിട്ടില്ല. ഇവർ ഇരുവരും സമനിലയിൽ സെമിനാരിയിൽ മല്പാന്മാരായിരുന്നു എന്നു പറയുകയും എഴുതുകയും ചെയ്യുന്നവർ വട്ടശ്ശേരിൽ മല്പാനച്ചന്റെ സീനിയോറിറ്റിയും മൂന്നു ദശാബ്ദത്തോളം പരുമല സെമിനാരി ഭരിച്ചതുകൊണ്ടും മറ്റും ലഭിച്ച അനുപമ അനുഭവസമ്പന്നതയും സൗകര്യപൂർവ്വം വിട്ടുകളയുകയോ വിസ്മരിക്കുകയോ ആണ്. ഉത്തരവാദിത്വങ്ങളും പണസംബന്ധമായ ചുമതലകളും വട്ടശ്ശേരിൽ മല്പാനെ, പുലിക്കോട്ടിൽ തിരുമേനി ഏല്പിച്ചതിനാലും 'തുല്യരായ' രണ്ടു മല്പാന്മാരിൽ ഒരാളെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തതിനാലും കോനാട്ടു മല്പാനു വട്ടശ്ശേരിൽ മല്പാനോടു അസൂയ ഉണ്ടായിരുന്നു എന്നു കാര്യകാരണസഹിതം കെ. സി. മാമ്മൻ മാപ്പിള, സെഡ്. എം. പാറേട്ട്, ഫാ. കെ. കെ. വറുഗീസ് കരിമരത്തിനാൽ മുതലായ സമുന്നത വ്യക്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

വട്ടശ്ശേരിൽ തിരുമേനി മല്പാനായ ശേഷം ഏഴു വർഷം കഴിഞ്ഞ്, 1888 – ൽ ആണു മലയാള മനോരമ ആരംഭിക്കുന്നത്. മനോരമയുടെ സ്ഥാപനത്തിനു പിന്നിൽ പുലിക്കോട്ടിൽ തിരുമേനിയുടെയും വട്ടശ്ശേരിൽ മല്പാനച്ചന്റെയും ആലോചനയും പിന്തുണയുമുണ്ടായിരുന്നു എന്ന വസ്തുത പലർക്കും ഇന്നും അജ്ഞാതമാണ്. പുലിക്കോട്ടിൽ തിരുമേനിയും മല്പാനച്ചനും മഹാനായ കണ്ടത്തിൽ വറുഗീസ് മാപ്പിളയും ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിച്ചതു സഭയ്ക്കും എം. ഡി. സെമിനാരി ഹൈസ്കൂളിനും മലയാള മനോരമയ്ക്കും ഒരുപോലെ ഗുണം ചെയ്തു. എം. ഡി. സെമിനാരി ഹൈസ്കൂൾ വളപ്പിൽ ദീർഘകാലം മനോരമ പ്രവർത്തിച്ചിരുന്നതിനാൽ എം. ഡി. സ്കൂൾ "മനോരമ പള്ളിക്കൂടം" എന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടത്.

കണ്ടത്തിൽ വറുഗീസ് മാപ്പിള വട്ടശ്ശേരിൽ മല്പാന്റെ ബഹിശ്ചരപ്രാണൻ ആയിരുന്നു എന്നാണ് അക്കാലത്തെ ചരിത്രങ്ങൾ എല്ലാം വ്യക്തമായി അറിയാമായിരുന്ന ഫാ. പി. റ്റി. ഗീവറുഗീസ് (പിന്നീട് ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്) പറയുന്നത്.

ഇതു സംബന്ധിച്ചു മാർ ഈവാനിയോസ് മലയാള മനോരമയുടെ ഷഷ്ടിപൂർത്തി സ്മരണികക്കു അയച്ചുകൊടുത്ത ആശംസാ സന്ദേശമാണ് ചുവടെ ചേർക്കുന്നത്.

**നി. വ. ദി. ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോലീത്ത**
**തിരുവനന്തപുരം**

നാം മലയാളമനോരമ വായിച്ചുതുടങ്ങീട്ട് നാല് പന്തീരാണ്ടിലധികമാ

യെന്നു തോന്നുന്നു. ആദ്യമായി വായിച്ച വൃത്താന്തപത്രികയും അതു തന്നെയാണ്. മനോരമയുടെ മുഖപ്രസംഗവും, കോട്ടയം വാർത്തയും ആയിരുന്നു നമ്മെ പ്രധാനമായും ആകർഷിച്ചുകൊണ്ടിരുന്നത്.

യഥാർത്ഥ ദേശഭക്തനും സ്വാത്വികനുമായിരുന്ന കണ്ടത്തിൽ വറുഗീസ് മാപ്പിളയും സമുദായാഭിമാനിയും വിദ്വൽ കേസരിയുമായ മി. കെ. സി. മാമ്മൻ മാപ്പിളയുമായിരുന്നു അന്നു മുഖപ്രസംഗം എഴുതിയിരുന്നതു. പ്രസന്ന പ്രൗഢസരസമായ ആ മുഖപ്രസംഗങ്ങൾ സാധാരണക്കാർക്കു പോലും വായിച്ചു മനസ്സിലാക്കാൻ കഴിയാവുന്നതായിരുന്നു. വറുഗീസ് മാപ്പിളയ്ക്കു "കൊച്ചുഉതുപ്പാൻ" എന്നൊരു വാലിയക്കാരൻ ഉണ്ടായിരുന്നു. യജമാനസ്നേഹത്തിന്റെ ഒരു മൂർത്തീഭാവമായിരുന്നു ആ ഭൃത്യൻ. അയാൾക്കു പോലും വായിച്ചു മനസ്സിലാക്കാവുന്ന ഭാഷയിൽ മുഖപ്രസംഗങ്ങൾ എഴുതണമെന്നായിരുന്നു വറുഗീസ് മാപ്പിളയുടെ അഭിപ്രായം. ഏതു കാര്യത്തെപ്പറ്റിയും ഗീർവാണത്തിലെഴുതുന്ന ചില പത്രാധിപന്മാർ വറുഗീസ് മാപ്പിളയുടെ ഈ ആദർശം ആദരിച്ചിരുന്നുവെങ്കിൽ!

എം. ഡി. സെമിനാരിയിൽ നാം വിദ്യാർത്ഥിയായിരുന്ന കാലത്ത് പ്രിൻസിപ്പാൾ ആയിരുന്നത് റവ. ഫാദർ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് (പിന്നാലെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ) ആയിരുന്നു. ആ പുണ്യശ്ലോകന്റെ ബഹിശ്ചരപ്രാണതുല്യനായിരുന്നു വറുഗീസ് മാപ്പിള. എം.ഡി. സെമിനാരിയുടെ പന്തുകളിക്കളത്തിനു സമീപത്ത് "പരിഷ്കാരപ്പാറ" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു ശിലാതലമുണ്ടായിരുന്നു. സമുദായനേതാക്കന്മാരുടെ അനേകമനേകം കാര്യാലോചനകൾക്കു സാക്ഷ്യം വഹിച്ചിട്ടുള്ളതാണ് ആ മനോഹര ശിലാതലം. പരിഷ്കാരപ്പാറയിലെ വാദവിഷയങ്ങൾ പതിവായി മനോരമയുടെ മുഖപ്രസംഗങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഇപ്പോൾ സ്വസ്ഥവൃത്തിയിൽ കഴിയുന്ന കെ. എം. മാത്തുള്ള മാപ്പിള പരേതരായ ശ്രീമാന്മാർ കെ. വി. ഈപ്പൻ, കൊച്ചീപ്പൻ തരകൻ എന്നിവരും മനോരമയുടെ പൂർവ്വകാലചരിത്രത്തിൽ സ്മരണീയമായ സ്ഥാനം അർഹിക്കുന്നവരാണ്.

പിൽക്കാലത്ത് എം. ഡി. യിൽത്തന്നെ പ്രിൻസിപ്പാൾ ആകുവാനുള്ള ഭാഗ്യവും നമുക്കുണ്ടായി. തദനന്തരം ശ്രീമാൻ കെ. സി. മാമ്മൻ മാപ്പിള, റിട്ട. ജഡ്ജി ഏ. ഫിലിപ്പോസ്, പരേതനായ മി. കെ. വി. ചാക്കോ മുതലായ സമുദായ നായകന്മാർ അനുദിനം പരിഷ്കാരപ്പാറയിൽകൂടി സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങളെപ്പറ്റി ആലോചിക്കുകയും, ആ സദസ്സിലെ ആലോചനാവിഷയങ്ങൾ മനോരമയുടെ മുഖപ്രസംഗങ്ങൾ ആകുകയും ചെയ്തിരുന്നതു നമ്മുടെ സ്മൃതിപഥത്തിലെത്തുന്നുണ്ട്.

അബ്ദുള്ളാ പാത്രിയർക്കീസ് ബാവായും മാർ ഡൈനീഷ്യസ് മെത്രാ



പ്പോലീത്തായും തമ്മിൽ അഭിപ്രായഭേദമുണ്ടായപ്പോൾ മെത്രാപ്പോലീത്തായുടെ പക്ഷത്തിലേയ്ക്കു സഹായിക്കുകയായിരുന്നു പരിഷ്ക്കാരപ്പാറയിലെ സംഭാഷണം. തുർക്കി രാജ്യത്തിൽ നിന്ന് അബ്ദേദ് മ്ശീഹോ പാത്രിയർക്കീസ് ബാവായെ ക്ഷണിച്ചുവരുത്തുകയും മലങ്കര കാതോലിക്കാ സിംഹാസനം സ്ഥാപിക്കുകയും ചെയ്യുന്ന വിഷയത്തിലും പരിഷ്ക്കാരപ്പാറയിലെ സദസ്സ് സേവനം നടത്തിയിട്ടുണ്ട്. അഭേദ്യമായ ബന്ധമാണ് ഈ സദസ്സിനും മനോരമ പത്രത്തിനും അന്നുണ്ടായിരുന്നത്.

നാട്ടിൽ പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിനും രാജ്യത്തിനു പൊതുവെയും ക്രിസ്തീയ സമുദായത്തിനും, വിശേഷിച്ചു യാക്കോബായ വിഭാഗത്തിനും നന്മ ചെയ്യുന്നതിനും മനോരമ ചെയ്തിട്ടുള്ള പരിശ്രമം സ്തുത്യർഹമത്രേ. സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ സ്വതന്ത്രമായും, നിഷ്പക്ഷമായും, നിർഭയമായും ദീർഘദൃഷ്ടിയോടുകൂടി മനോരമ നിർവഹിച്ചിട്ടുള്ള നയം മുക്തകണ്ഠമായ പ്രശംസയെ അർഹിക്കുന്നു.

മനോരമ അനുഷ്ഠിച്ചിട്ടുള്ള സർവതോമുഖമായ ലോകസേവനത്തെ എത്ര തന്നെ ശ്ലാഘിച്ചാലും മതിയാകുന്നതല്ല. കഴിഞ്ഞ അര നൂറ്റാണ്ടിലധികം കാലം കേരളക്കരയെ സാംസ്ക്കാരികമായി ഉയർത്തുന്നതിനും വിദ്യാഭ്യാസപരവും വ്യവസായപരവും കാർഷികവുമായ ഉൽക്കർഷത്തിനു മാർഗ്ഗദർശനം നൽകുന്നതിനും മനോരമ ചെയ്തിട്ടുള്ള യത്നം അന്യാദൃശമാണ്. കലാപോഷണത്തിനും - വിശിഷ്യ സാഹിത്യപോഷണത്തിനും - മനോരമ നിർവഹിച്ചിട്ടുള്ള സേവനം അപരിച്ഛേദ്യമാകുന്നു. വെണ്മണിപ്രഭൃതികൾ മുതൽ ഇന്നത്തെ സാഹിതീസ്കന്ധർ വരെയുള്ള മിക്ക കൈരളീഭക്തന്മാരും മനോരമയുടെ സഹായഹസ്തം കൊണ്ടു കൂടിയാണ് മുന്നോട്ട് വന്നിട്ടുള്ളതെന്നുള്ളത് അഭിമാനഹേതുകം തന്നെ.

ഇടക്കാലത്തുണ്ടായ ക്ലേശങ്ങളെ തരണംചെയ്ത് വിജയശ്രീയോടെ വിജയിക്കുന്ന മലയാള മനോരമയ്ക്കു മേലും സർവ്വഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

പ്രശ്നശതങ്ങളിൽ കിടക്കുമ്പോഴും രാത്രിവേളകളിൽ വേദപുസ്തകസാഗരത്തിൽ മുങ്ങിത്തപ്പി സഭയുടെ അനശ്വര വിശ്വാസസത്യത്തിന്റെ മുത്തുകൾ ശേഖരിക്കുകയും അതു "*മതോപദേശസാരങ്ങൾ*" എന്ന മനോഹരമായ മാലയായി മലങ്കര സഭാംഗങ്ങളുടെ കഴുത്തിൽ ചാർത്തുകയും ചെയ്ത ഒറ്റക്കാരണത്താൽ മലങ്കര സഭാഭാസുരൻ ആചന്ദ്രതാരം സഭാചക്രവാളത്തിൽ മിന്നി പ്രകാശിച്ചുകൊണ്ടിരിക്കും.

മലങ്കരസഭയുടെ ആദ്ധ്യാത്മിക പരമാധികാരം കൈകാര്യം ചെയ്തുകൊണ്ടിരുന്ന പാത്രിയർക്കീസ് നടത്തിയ കൈകടത്തലിന്റെ തിക്താനുഭവങ്ങൾ വേണ്ടുവോളം രുചിച്ചറിഞ്ഞ പുലിക്കോട്ടിൽ തിരുമേനി ശക്തനും ഭക്തനുമായ ഒരു പിൻഗാമിയെ മല്പാനച്ചനിൽ കണ്ടെത്തിയതു മലങ്കരസഭയുടെ ഭാഗ്യമെന്നേ കരുതേണ്ടതുള്ളു. ഏലിശായ്ക്കു ദൈവാത്മശക്തി ഏലിയാവിലൂടെ ലഭിച്ചതുപോലെ പരിശുദ്ധനായ പരുമല തിരുമേനിയിൽനിന്നു വട്ടശ്ശേരിൽ മല്പാനു കാപട്യമില്ലാത്ത വിശുദ്ധിയുടെ വെണ്മയേറിയ പുറം കുപ്പായം അല്ലെങ്കിൽ പുതപ്പു ലഭിച്ചതുകൊണ്ടാണു ദുഷ്ടാത്മശക്തികളെ പഴയസെമിനാരിയിൽ നിന്നു ആട്ടിപ്പായിച്ചു അക്കരയിൽ ഒതുക്കിനിറുത്തുന്നതിനും ശത്രുക്കൾ വലയം ചെയ്തിട്ടും വൈദിക പരിശീലനകേന്ദ്രമായ പഴയസെമിനാരി സഭയുടെ ശക്തിദുർഗ്ഗമായി അന്നും ഇന്നും നിലനിറുത്തുന്നതിനും സാധിച്ചത്.

അബ്ദുള്ളാ പാത്രിയർക്കീസ് നേരത്തെ ഗ്രീഗോറിയോസ് മെത്രാൻ ആയി മലങ്കരയിൽ കഴിഞ്ഞ കാലത്ത് വറുഗീസ് ശെമ്മാശൻ ഒന്നര വർഷത്തോളം അദ്ദേഹത്തോടൊപ്പം വടക്കൻ പള്ളികളിൽ സഞ്ചരിക്കുകയും പണം പിരിച്ചുകൊണ്ടിരുന്ന മെത്രാച്ചനിൽനിന്നു സുറിയാനി പഠിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ മാർ ഗ്രീഗോറിയോസ് തന്റെ പ്രതിയോഗിയായിത്തീരുമെന്നു അന്നു ശെമ്മാശൻ ചിന്തിച്ചിരിക്കില്ല. ഒരുപക്ഷേ മെത്രാച്ചന്റെ സ്വഭാവം മനസിലാക്കാനും വരുംകാലങ്ങളിൽ ഉറച്ചുനിൽക്കാനുമുള്ള ധൈര്യം നേടാൻ ഈ സഞ്ചാരം ദൈവം ഒരിക്കിയതല്ലെന്നു പറയാനും പ്രയാസമാണ്.

അന്ത്യോക്യാ - മലങ്കര ബന്ധത്തിന്റെ സുവർണ്ണകാലങ്ങളിൽ പരസ്പര വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അടിസ്ഥാനത്തിൽ മെത്രാന്മാരെ വാഴിക്കുന്നതിനും മൂറോൻ കൂദാശ ചെയ്യുന്നതിനുമുള്ള അവകാശം പാത്രിയർക്കീസിനു നൽകപ്പെട്ടിരുന്നു. അങ്ങനെ 1908 -ൽ പരുമലയിൽ മലങ്കരഅസോസിയേഷൻ ചേർന്ന് നേരത്തെ മേല്പട്ട സ്ഥാനത്തേക്കു തെരഞ്ഞെടുത്ത വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനേയും കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനേയും പാത്രിയർക്കീസിന്റെ അടുത്തേക്ക് അയക്കാൻ തീരുമാനിച്ചു. തുടർന്ന് ഇവർ യെരുശലേമിൽ എത്തുകയും സ്ലീബാ ശെമ്മാശൻ (പിന്നീട് സ്ലീബാ മാർ ഒസ്താത്തിയോസ്) ഉൾപ്പെടെ മൂന്നു പേരെയും മെത്രാന്മാരാക്കുകയും ചെയ്തു. വട്ടശ്ശേരിൽ തിരുമേനിയെ, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ (അഞ്ചാമൻ) പിൻഗാമിയെന്ന നിലയിൽ കണക്കാക്കി പാത്രിയർക്കീസ് സ്താത്തിക്കോൻ എഴുതിക്കൊടുക്കാഞ്ഞതു പിന്നീട് പല പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഒപ്പം വാഴിക്കപ്പെട്ട സ്ലീബാ മാർ ഒസ്താത്തിയോസ് എന്ന ശീമമെത്രാനു മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ലഭിക്കണമെന്നാഗ്രഹമുണ്ടായിരു



ന്നതുകൊണ്ടും അദ്ദേഹത്തിന്റെ നിർബന്ധംകൊണ്ടുമാണ് പിൻഗാമിയെന്നു പ്രഖ്യാപിക്കുന്ന സ്താത്തിക്കോൻ പാത്രിയർക്കീസ് എഴുതിക്കൊടുക്കാഞ്ഞത്.

യെറുശലേമിൽ നടന്ന പട്ടംകൊടയിൽ സംബന്ധിക്കാൻ മലങ്കരയിൽനിന്നു 1908 ൽ പോയത് രണ്ട് വേലക്കാർ ഉൾപ്പെടെ 11 പേരായിരുന്നു. 1. വലിയ പൗലോസ് റമ്പാച്ചൻ, 2. വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാച്ചൻ, 3. കല്ലാശ്ശേരിൽ പുന്നൂസ് റമ്പാച്ചൻ, 4. കണ്ടനാടു യുയാക്കിം അച്ചൻ, 5. കോടിയാട്ടച്ചൻ, 6. വേങ്കടത്തു ശെമ്മാശൻ, 7. പാറേട്ടു മാത്യൂസ് ശെമ്മാശൻ, 8. അയിരൂർ കുറന്തോട്ടത്തു ശെമ്മാശൻ, 9. പൂതിയോട്ട് ഏബ്രഹാം ശെമ്മാശൻ.

പട്ടംകൊട വൈകിയതിനാൽ സ്ഥാനാർത്ഥികൾ ഒഴിച്ചുള്ള മിക്കവരും തിരിച്ചുപോന്നു. ഈ യരുശലേം യാത്രയെപ്പറ്റിയുള്ള വിവരങ്ങൾ "*പാറേട്ടു മാർ ഈവാനിയോസ്*" എന്ന പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. മേല്പട്ടസ്ഥാനം ഏറ്റശേഷം മലങ്കരയിൽ തിരിച്ചെത്തിയശേഷമുള്ള കാര്യങ്ങളെപ്പറ്റി "*പാറേട്ട് മാർ ഈവാനിയോസ്*" എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു:

"മേൽപട്ടസ്ഥാനമേറ്റ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മാർ കൂറിലോസ്, മാർ ഒസ്താത്തിയോസ് എന്നീ പുതിയ മെത്രാന്മാർ തിരിച്ചെത്തി. മലങ്കര മെത്രാപ്പോലീത്താ, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അന്തരിച്ചു. മാർ കൂറിലോസും, കോനാട്ടു കോര മാത്തൻ മല്പാനും, അക്കര സി. ജെ. കുര്യൻ മുതലായവരും ഒരു പക്ഷത്തും; മാർ ദീവന്നാസ്യോസ്, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, കന്നുകുഴി കുരുവിള എൻജിനീയർ, കൊച്ചി പോലീസ് സൂപ്രണ്ട് എം. എ. ചാക്കോ മുതലായ മാനേജിംഗ് കമ്മിറ്റിക്കാരിൽ ബഹുഭൂരിപക്ഷവും എതിർപക്ഷത്തും നിന്നു സമുദായ വഴക്കിനു വഴിമരുന്നിട്ടു. ഈ കാലയളവിൽ അബ്ദുള്ളാ പാത്രിയർക്കീസും മലങ്കരയിൽ എത്തിച്ചേർന്നു. കേസിനുവേണ്ടി അബ്ദുള്ളാ പാത്രിയർക്കീസ്, മാർ ദീവന്നാസ്യോസിനെ കുടുക്കി. മലങ്കരസഭയുടെ മേൽ പാത്രിയർക്കീസിനു ലൗകികാധികാരം ഇല്ലെന്നുള്ള റോയൽ കോടതി വിധിയുടെ ശക്തി നശിപ്പിക്കുന്നതിനു മേല്പട്ടക്കാരോടും പള്ളി ഇടവകകളോടും ലൗകികാധികാരം സമ്മതിച്ചു രജിസ്റ്റർ ഉടമ്പടി വാങ്ങുകയായിരുന്നു പാത്രിയർക്കീസും അനുയായികളും ചെയ്തത്. ഈ നടപടിയെ എതിർത്ത മാർ ദീവന്നാസ്യോസിനെ മുടക്കി. മുടക്കിനുശേഷം ഒന്നുരണ്ടു സമരിക്കേസുകൾ പഴയസെമിനാരി സംബന്ധിച്ചുണ്ടായി. കേസുകൊണ്ടു പഴയസെമിനാരി കൈവശപ്പെടുത്താൻ സാധിക്കാതെ വന്നപ്പോൾ, ബലമായി കൈവശപ്പെടുത്താനുള്ള ശ്രമം തന്നെ നടത്തി. ആനപ്പാപ്പിയുടെ കൊലയിലേക്കു സംഭവങ്ങൾ നീങ്ങിയ

യായി മലങ്കരയിലുള്ള പള്ളിക്കാരിൽ ഭൂരിപക്ഷം അംഗീകരിക്കാൻ വേണ്ടിയാണല്ലോ പള്ളിപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടാൻ ബാവാകക്ഷി നേതാക്കന്മാർ ആഗ്രഹിച്ചത്. തിരുവിതാംകൂർ ഹൈക്കോടതിയുടെ പരമാധികാരവിധി ബാവാകക്ഷിക്കു തികച്ചും അനുകൂലമായതിനാൽ അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്കെതിരായി വോട്ട് ചെയ്യാൻ മലങ്കരയുള്ള പള്ളിക്കാർ ധൈര്യപ്പെടുകയില്ലെന്നായിരുന്നു അവർക്ക് ആദ്യഘട്ടത്തിലുണ്ടായിരുന്ന അടിയുറച്ച ആത്മവിശ്വാസം.

മനോരമയുടെ പ്രചാരണംമൂലം വലിയൊരു ഭാഗം ജനങ്ങൾ നൈരാശ്യ മനോഭാവത്തിൽനിന്നു കരകയറി എതിർപക്ഷത്ത് ഉറച്ചു നിൽക്കാൻ നിശ്ചയിച്ച പരമാർത്ഥവും ബാവാപക്ഷത്തിനു മനസ്സിലാകാതെയിരുന്നില്ല. എന്നാൽ ഈ പ്രതിഷേധവ്യാമോഹം കാലക്രമത്തിൽ ശമിക്കുമെന്നും, അപ്പോൾ പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടിയാൽ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ അനായാസേന മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കാൻ സാധിക്കുമെന്നുമാണ് ബാവാപക്ഷക്കാർ കരുതിയിരുന്നത്. എന്നാൽ മനോരമ പ്രചാരണം മുഖേന ജനങ്ങളിൽ അങ്കുരിച്ചു വളർന്നുറച്ച സ്വാതന്ത്ര്യാഭിവാഞ്ഛയും പ്രതിപക്ഷമനസ്ഥിതിയും അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പൊതുതെരഞ്ഞെടുപ്പിന് അപ്രതിഹതമായ മഹാപ്രതിബന്ധമായിത്തീരുമെന്നു ബാവാപക്ഷക്കാർ സ്വപ്നേപി കരുതിയിരുന്നില്ല. ജനങ്ങൾ മാനസികമായി അയഞ്ഞു ശാന്തരാകാനുള്ള ഒരു സന്ദർഭം കാത്തുകാത്താണ് അവർ പള്ളിപ്രതിപുരുഷയോഗം നീട്ടിനീട്ടിക്കൊണ്ടുപോയത്.

## മറ്റൊരു സന്ധിപരിശ്രമം

ഒടുവിൽ ഒരു രാജിശ്രമം നടന്നു. അതിന്റെ കഥ രസകരമാണ്. പറവൂർനിന്ന് ബാവാകക്ഷി പ്രമാണിയായിരുന്ന പൈലോ വക്കീൽ കോട്ടയത്തു വന്നു പാലാമ്പടം തോമസ് വക്കീലിനെ കണ്ടു. രണ്ടുപേരും കൂടി സി. ജെ. കുര്യന്റെ അടുക്കൽ പോയി.

മെത്രാപ്പോലീത്തായെ പഴയസെമിനാരിയിൽനിന്ന് ഇറക്കിവിടുന്ന അതിദുഃഖകരമായ അനുഭവം കൂടാതെ കഴിക്കാനായി തിരുമേനി ഭരണസംബന്ധമായ സകല ചുമതലകളും വച്ചൊഴിഞ്ഞു പരുമല സെമിനാരിയിലോ മറ്റോ പോയി സ്വസ്ഥമായി താമസിച്ചുകൊള്ളാമെന്നു സമ്മതിച്ചിരിക്കുന്ന വിവരം പറഞ്ഞു. ഈ രാജിയാലോചനയുടെ ആരംഭം മുതൽ സി. ജെ. കുര്യൻ എങ്ങനെയെങ്കിലും ഇരുകൂട്ടരും തമ്മിൽ രാജിയുണ്ടായാൽ കൊള്ളാമെന്നു തനിക്കും ആത്മാർത്ഥമായ ആഗ്രഹമുള്ളതായി പ്രദർശിപ്പിച്ചിരുന്നു.

രാജി സംഭാഷണങ്ങൾ ആരംഭിച്ചു. വിശദാംശങ്ങളിലേയ്ക്കു കടക്കു



മ്പോൾ സി. ജെ. കുര്യൻ ഓരോരോ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നു. അവയ്ക്കും മെത്രാപ്പോലീത്താ സ്വന്തം അഭിമാനം ബലികഴിച്ചാലും വഴക്കു തീരാൻവേണ്ടി ഓരോ പരിഹാരം നിർദ്ദേശിച്ചു. രാജിയാലോചന മന്ദം മന്ദം മുന്നോട്ടുനീങ്ങി. അപ്പോൾ സി. ജെ. കുര്യൻ തന്റെ മനസ്സിലുള്ള കാര്യം തുറന്നുപറഞ്ഞു. ഈ കേസ് നടത്താനായി, തന്റെ കക്ഷിക്കാർക്ക് വലിയ തുക ചെലവായിട്ടുണ്ട്. അതു മെത്രാപ്പോലീത്താ കൊടുക്കണം. കൊടുക്കാമെന്നു മെത്രാപ്പോലീത്താ സമ്മതിച്ചു. അതെങ്ങനെ നിർവ്വഹിക്കാമെന്ന പരിപാടിയും തിരുമേനി നിർദ്ദേശിച്ചു.

രാജി സന്നദ്ധതയിൽ മെത്രാപ്പോലീത്താ അത്രത്തോളം ആത്മാർത്ഥതയോടെ വഴങ്ങിയപ്പോൾ സി. ജെ. കുര്യൻ തിരിഞ്ഞുനിന്നു സൗമ്യത കൈവെടിഞ്ഞു ക്രൗര്യത്തിന്റെ ഉച്ചകോടിയിൽനിന്ന് ഉത്ഭവിക്കുന്ന സ്വരത്തിൽ ചോദിച്ചു:

"അല്ലാ, ഇത്രയും നാൾ ഞാൻ വളരെ ക്ലേശിച്ചു കേസ് നടത്തിയപ്പോൾ നിങ്ങൾ മധ്യസ്ഥന്മാർ എവിടെയായിരുന്നു? ഇപ്പോൾ രാജി പറയാൻ വന്നിരിക്കുന്നു. ഈ രാജി ആർക്കു വേണം? ഈ രാജിയുടെ ആവശ്യം എന്താണ്?"

മധ്യസ്ഥൻ: "കാര്യങ്ങൾ ഭംഗിയായി അവസാനിച്ചുകൊള്ളട്ടെ എന്നു കരുതിയാണ് രാജിക്ക് ഉദ്യമിച്ചത്."

സി. ജെ. കുര്യൻ: "എന്തിനു ഭംഗിയായി അവസാനിക്കണം? അവരവർക്കു വന്നുചേരുന്ന അനുഭവങ്ങൾ അവരവരനുഭവിക്കയാണ് ഏറ്റവും ഭംഗി. അതുകൊണ്ടു ഹൈക്കോടതി വിധിയനുസരിച്ചു തന്നെ കാര്യങ്ങൾ നടക്കട്ടെ."

വട്ടശ്ശേരിൽ മെത്രാപ്പോലീത്തായും സി. ജെ. കുര്യനും നിര്യാതരായിട്ടു വർഷങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു. അവർ തമ്മിൽ നടന്ന രാജിയാലോചനകളെപ്പറ്റി മേല്പറഞ്ഞ വിവരങ്ങൾ എന്റെ ഓർമ്മയിൽനിന്നു പകർത്തിയതാണ്. കഴിയുന്നേടത്തോളം ഓർമ്മപ്പിശകുകളും അതിശയോക്തിയും അവയിൽ കടന്നുകൂടാതിരിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

ഹൈക്കോടതി വിധിക്കുശേഷം കുറെ കഴിഞ്ഞപ്പോഴേയ്ക്കു സി. ജെ. കുര്യന് ഒരു കാര്യം ബോധ്യപ്പെട്ടു - പള്ളിപ്രതിപുരുഷയോഗം കൂടി ഭൂരിപക്ഷ വോട്ട് അനുസരിച്ച് അത്താനാസ്യോസ് മെത്രാപ്പോലീത്തായെ ഒരിക്കലും മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കാൻ സാധിക്കയില്ലെന്ന്. അദ്ദേഹത്തിന്റെ ആയുസ്സിലെ ഏറ്റവും വലിയ ആശാഭംഗമായിരുന്നു അത്. സി. ജെ. കുര്യൻ ഒരു അസാധാരണ ഗംഭീരപുരുഷനായിരുന്നു എന്നതിനു സംശയമില്ല. പ്രതിബന്ധങ്ങളുടെ മുന്നിൽ മുട്ടു

കുത്തിപ്പോകാത്ത മനോവീര്യവും ധൈര്യവും സ്ഥൈര്യവും അദ്ദേഹത്തിന്റെ സ്വഭാവത്തിലെ പ്രധാന ലക്ഷണങ്ങളായിരുന്നു. എങ്കിലും ഇത്ര വലിയ ഒരു ഇച്ഛാഭംഗം അദ്ദേഹത്തിന്റെ മനോബലത്തേയും ശരീരാരോഗ്യത്തെയും അത്യധികം ക്ഷീണിപ്പിച്ചുകളഞ്ഞിരിക്കണം.

അതിൽപ്പിന്നെ, ചെറിയൊരാഗ്രഹം മാത്രമേ അദ്ദേഹത്തിൽ ശേഷിച്ചുള്ളൂ; തന്റെ രണ്ടു പുത്രിമാരുടെ വിവാഹം ചെറിയപള്ളിയിൽ വച്ചു നടത്തണം. വിവാഹനിശ്ചയം കഴിഞ്ഞു. സ്ത്രീധനവും മറ്റും നേരത്തെ കൊടുത്തു.

ചെറിയപള്ളിയിൽ വച്ച് വിവാഹം നടത്തിയാൽ വഴക്കുണ്ടാകുമോ? ഇല്ലെന്ന ഒരു ഉറപ്പ് അധികൃതർക്ക് നല്കി, ചെറിയപള്ളി കൈവശപ്പെടുത്താനും സി. ജെ. കുര്യൻ ശ്രമിച്ചു. അന്ന് കോട്ടയത്തെ പോലീസ് സൂപ്രണ്ട് സി. ജെ. കുര്യന്റെ ഇഷ്ടനായിരുന്നു. ചെറിയപള്ളി ബാവാപക്ഷക്കാർ കൈവശപ്പെടുത്തിയാൽ സമാധാനലംഘനം ഉണ്ടാകാതെ താൻ നോക്കികൊള്ളാമെന്ന് കോട്ടയം ഡി. എസ്. പി. യെക്കൊണ്ട് ഒരു റിപ്പോർട്ട് അന്നത്തെ കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് അയപ്പിച്ചു.

എന്നാൽ കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മി. സുബ്രഹ്മണ്യയ്യർ എന്റെ ഒരു ഇഷ്ടനായിരുന്നു. അന്നു കോട്ടയത്തിരുന്ന ഉദ്യോഗസ്ഥന്മാരിൽ ചിലർ സി. ജെ. കുര്യനോടും മറ്റു ചിലർ എന്നോടും ഉള്ളുകൊണ്ട് ആനുകൂല്യമുള്ളവരായിരുന്നു. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് സുബ്രഹ്മണ്യയ്യരെ ഞാൻ ചെന്നുകണ്ട്, ഡി. എസ്. പി. യെ സ്വാധീനപ്പെടുത്തിക്കൊണ്ടു ചെറിയപള്ളി കൈവശപ്പെടുത്താനുള്ള സി. ജെ. കുര്യന്റെ ശ്രമം അക്രമവും നീതിവിരുദ്ധവുമാണെന്നു പറഞ്ഞു. അദ്ദേഹത്തിനതു ബോദ്ധ്യപ്പെട്ടു. ഡി. എസ്. പി. യുടെ റിപ്പോർട്ടിനോട് വിയോജിച്ചുകൊണ്ടു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ദിവാൻജിക്ക് എഴുതി. അന്നു ദിവാനായിരുന്ന രാഘവയ്യയ്ക്കു സുബ്രഹ്മണ്യയ്യരോട് ഇഷ്ടമായിരുന്നു. ദിവാൻജി ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അഭിപ്രായത്തെ അനുകൂലിച്ചുകൊണ്ട് ഉത്തരവിടുകയാണ് ചെയ്തത്."

മേൽപ്പട്ടസ്ഥാനം ഏൽക്കാൻ പോയ കാലയളവിൽ തുർക്കിയിൽ രണ്ടു പാത്രിയർക്കീസുമാർ ഉണ്ടായിരുന്നു. തുർക്കി സുൽത്താന്റെ അംഗീകാരമായ ഫർമാൻ പിൻവലിച്ചതിനെ തുടർന്ന് (മുമ്പ് മെത്രാന്മാർക്കു തിരുവിതാംകൂറിൽ രാജകീയ വിളംബരം വേണ്ടിവന്നിരുന്നു) ഭരണാധികാരം നഷ്ടപ്പെട്ട അബ്ദേദ് മശിഹായും ഫർമാൻ സമ്പാദിച്ച അബ്ദുള്ള പാത്രിയർക്കീസും. തന്നിമിത്തം പൗരോഹിത്യ നൽവരം ഉണ്ടെങ്കിലും അബ്ദേദ് മിശിഹായിൽ നിന്നു മേൽപട്ടം സ്വീകരിക്കാനാവില്ല. അതുകൊണ്ടാണു ദ്രവ്യാഗ്രഹത്തിന്റെ പ്രതീകവും കാക്കയെപ്പോലെ കൗശലക്കാരനും



റോമാസഭയിൽ ചേർന്നശേഷം വീണ്ടും മാതൃസഭയിൽ ചേർന്ന മേല്പട്ടക്കാരനും ആയിരുന്ന അബ്ദുള്ള പാത്രിയർക്കീസിൽനിന്നു പട്ടം ഏൽക്കേണ്ടിവന്നതും. അബ്ദേദ് മശിഹായെ മെത്രാന്മാർ യോഗം ചേർന്ന 1905-ൽ മുടക്കി എന്നും അദ്ദേഹത്തിന്റെ പൗരോഹിത്യ നൽവരങ്ങൾ ഉരിഞ്ഞു എന്നും മറ്റുമുള്ള കെട്ടുകഥകൾ എങ്ങനെയാണു മെനഞ്ഞതെന്നു വ്യക്തമായി മനസ്സിലാക്കാൻ ഇന്നു രേഖകൾ സുലഭമാണ്.

അബ്ദേദ് മശിഹാ പട്ടത്വ നൽവരമുള്ള ശരിയായ പാത്രിയർക്കീസാണെന്നും അദ്ദേഹം മലങ്കരയിൽ മുൻനിലപാടുമാറ്റി കാതോലിക്കാ സിംഹാസനം പുനസ്ഥാപിക്കാൻ ഒരുക്കമാണെന്നും അന്ന് അന്ത്യോക്യൻ സഭയുടെ വിവിധ കേന്ദ്രങ്ങളിൽ പര്യടനം നടത്തിയും താമസിച്ചും, പഠിച്ചു കൊണ്ടിരുന്ന ഔഗേൻ റമ്പാൻ (പിന്നീട് പ. ഔഗേൻ ബാവാ) രണ്ടു കത്തുകൾ വട്ടശ്ശേരിൽ തിരുമേനിക്ക് അയച്ചിരുന്നതു സമുദായക്കേസിൽ ഹാജരാക്കിയിട്ടുണ്ട്. മലങ്കരസഭയുടെ രക്ഷയ്ക്ക് കാതോലിക്കാ സിംഹാസനം അനിവാര്യമാണെന്നു ഔഗേൻ റമ്പാൻ പിന്നീട് നാട്ടിൽ വന്നു താമസിച്ചപ്പോഴും ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ആയപ്പോഴും കത്തുകളിലൂടെ വ്യക്തമാക്കിയിരുന്നു. കത്തുകളിൽ പലതും അന്നു വടകര ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന നാലാത്ര എൻ. എം. ഏബ്രഹാം (പിന്നീട് മനോരമ പത്രാധിപർ) മുഖേനയാണ് കൈമാറിയിരുന്നത്. അബ്ദുള്ള പാത്രിയർക്കീസ് ബാവായിൽ നിന്നു വട്ടശ്ശേരിൽ തിരുമേനി മേല്പട്ടം ഏൽക്കുന്നതിനുവേണ്ടി യരുശലേമിലേക്കു പോകുന്നതിനു മുമ്പുള്ള അന്ത്യോഖ്യാ മലങ്കര ബന്ധം സ്പർശിക്കാതെ ഇനി മുന്നോട്ടു നീങ്ങാനാവില്ല.

# 3

# സഹകരണവും കടന്നാക്രമണവും

ഇന്ത്യൻസഭയുടെ ആദ്യത്തെ മെത്രാപ്പോലീത്തായായി തോമസ് അർക്ക്ദിയാക്കോനെ, മലങ്കരസഭയിൽ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ വാഴിക്കുന്നതിന് അന്ത്യോക്യൻ സഭയിൽപെട്ട യെരുശലേമിലെ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, ക്ഷണമനുസരിച്ച് മലങ്കരയിൽ വരികയും 1665 -ൽ അദ്ദേഹം മാർത്തോമ്മാ ഒന്നാമനെ വാഴിക്കുകയും ചെയ്തതാണ് മലങ്കരസഭയും അന്ത്യോക്യൻ സഭയും തമ്മിലുള്ള ആദ്യത്തെ സഹകരണമായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സർവ്വതന്ത്ര സ്വതന്ത്രമായിരുന്ന മലങ്കരസഭ, അപ്പസ്തോലിക പിൻതുടർച്ചയ്ക്കുവേണ്ടി നടത്തിയ ഈ സമ്പർക്കംമൂലം അന്ത്യോക്യൻ സഭയുടെ അധീനത്തിലായെന്നും അതല്ല ആരംഭം മുതലേ അന്ത്യോക്യയുടെ കീഴിലാണെന്നും സഭാചരിത്രബോധമില്ലാത്ത ഒട്ടധികംപേർ പറയുകയും വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. സൗജന്യമായി ലഭിച്ച ഒരു നൽവരം ഒരാൾ മറ്റൊരാൾക്ക് നൽകിയാൽ അത് സ്വീകരിക്കുന്ന വ്യക്തി നൽവരം നല്കിയ വ്യക്തിയുടെ അടിമയാകുമെന്നുള്ള ദൈവശാസ്ത്രവും വാദവും ബുദ്ധിശക്തി സംബന്ധിച്ച് സമനില പാലിക്കുന്നവരോടുള്ള ഒരു വെല്ലുവിളിയാണ്. ഈ അജ്ഞത സഭയിലെ തർക്കവിതർക്കങ്ങൾക്ക് വഴിമരുന്നിട്ടിട്ടുണ്ടെന്നു സഭാചരിത്രം വ്യക്തമാക്കുന്നുമുണ്ട്. മലങ്കരസഭയും പേർഷ്യൻ സഭയും തമ്മിലുണ്ടായിരുന്ന പുരാതനബന്ധം ഒരിക്കലും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ ഹനിച്ചിട്ടില്ല. അതുപോലെ മാർ ഗ്രിഗോറിയോസിന്റെ കൈവയ്പിലൂടെ ലഭിച്ച സഹായവും മലങ്കരസഭയുടെ സ്വതന്ത്രമായ നിലനില്പിനെ ഒരു തരത്തിലും ബാധിച്ചിരുന്നില്ല എന്നും ഓർക്കണം.

പിന്നീട് 1876 -ൽ ചേർന്ന മുളന്തുരുത്തി സുന്നഹദോസിൽ പത്രോസ് തൃതീയൻ പാത്രിയർക്കീസും മലങ്കരസഭയുടെ പ്രതിനിധികളും മലങ്കരസഭയുടെ വളർച്ചയ്ക്കുവേണ്ടി സ്വീകരിച്ച കാര്യങ്ങൾ മൂന്നര ദശാബ്ദങ്ങൾ കഴിഞ്ഞപ്പോൾ പാളം തെറ്റി. സഭയിൽ 1911 -ൽ ആരംഭിച്ച വഴക്ക് 1958 -ൽ തീർന്നു എന്നു ലോകം ധരിച്ചു എങ്കിലും ഒന്നര ദശാബ്ദം കഴിഞ്ഞപ്പോൾ ഭിന്നതയുടെ ഉരുൾപൊട്ടി ഒഴുകി. പാത്രിയർക്കീസും മലങ്കരസഭയും തമ്മിൽ ഉണ്ടാകേണ്ടിയിരുന്ന മത്സരം നിർഭാഗ്യവശാൽ ഏകമായിരുന്ന മലങ്കരസഭയിലെ രണ്ടു വിഭാഗങ്ങൾ തമ്മിലാണ് നടമാടിയത്.



പത്രോസ് തൃതീയൻ പാത്രിയർക്കീസും പിൻഗാമികളും മലങ്കരസഭയുടെ ചരിത്രമോ പൗരസ്ത്യസഭകളിൽ അതിനുള്ള തുല്യനിലയോ മനസ്സിലാക്കാതെയും മാനിക്കാതെയും അതിലെ ആദ്ധ്യാത്മികാധികാരത്തിനു പുറമെ ലൗകികാധികാരവും വസ്തുവകകളും വേണമെന്ന് ശഠിച്ചപ്പോൾ പോരാട്ടം സ്വാഭാവികമായും ഉണ്ടായി. ഒന്നായിരുന്ന മലങ്കരസഭയിൽ അധികാരത്തിനും പണത്തിനുംവേണ്ടി നടത്തിയ ഈ പോരാട്ടങ്ങൾ പാത്രിയർക്കീസിനും മലങ്കരസഭയ്ക്കും ഒട്ടും അഭിമാനകരവുമല്ലായിരുന്നു.

മലങ്കരസഭ അന്ത്യോക്യൻ സഭയുടെ ഒരു ഭാഗമാണെന്നും മെത്രാന്മാർ പാത്രിയർക്കീസിനെ അനുസരിച്ച് നടന്നുകൊള്ളണമെന്നും അതിന്റെ സ്വത്തുക്കൾ എല്ലാം പാത്രിയർക്കീസിന്റെയും അദ്ദേഹത്തെ അനുകൂലിക്കുന്നവരുടെയും ആണെന്നുമുള്ള വാദം 1889 ലെ റോയൽ കോടതി വിധി മൂലം തകർന്നെങ്കിലും അത് അംഗീകരിക്കാൻ അന്ത്യോക്യൻ സഭയ്ക്ക് വിശാല മനോഭാവമുണ്ടായിരുന്നില്ല. ആ വിധിയെ മറികടക്കാനും ധിക്കരിക്കാനും അവർ ദീർഘനാൾ ശ്രമിച്ചു എങ്കിലും പരാജയപ്പെട്ടു. ആദ്ധ്യാത്മികാധികാരത്തോടൊപ്പം ലൗകികാധികാരവും കൂടിയെ തീരൂ എന്ന് വാശിപിടിച്ചപ്പോൾ, ആത്മികാധികാരം വീണ്ടെടുക്കുന്നതിനുവേണ്ടി കാതോലിക്കാ സ്ഥാപനം 1912 -ൽ മലങ്കരയിൽ ഉണ്ടാകുകയും ലൗകികാധികാരത്തിനു കോടതികൾ വിലക്കു കല്പിക്കുകയും ചെയ്തപ്പോഴാണ് പാത്രിയർക്കീസിന്റെ അധികാരാവകാശങ്ങൾ അസ്തമിക്കുന്ന ബിന്ദുവിൽ എത്തിച്ചേർന്നത്.

കാതോലിക്കാ സിംഹാസനത്തെ അംഗീകരിക്കാതിരുന്ന (1958 -ൽ അംഗീകരിച്ചു) പാത്രിയർക്കീസ് മലങ്കരയിൽ തന്റെ അധികാരങ്ങൾ ഭദ്രമാക്കുവാൻ നേരത്തെ മെത്രാന്മാരിൽനിന്നും ചില പള്ളികളിൽനിന്നും ഉടമ്പടി വാങ്ങിയപ്പോൾ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് സ്വന്തം സഭയുടെ സ്വാതന്ത്ര്യം ജീവൻ പോയാലും നഷ്ടപ്പെടുത്തുകയില്ലെന്നു പ്രതിജ്ഞയെടുത്തു. കാതോലിക്കാ സിംഹാസനത്തെ, 1958-ലെ സുപ്രീംകോടതിവിധി, പരസ്പര സ്വീകരണം എന്നിവയെ തുടർന്ന് പാത്രിയർക്കീസ് അംഗീകരിച്ചു എങ്കിലും അത് തന്റെ അധീശത്വത്തിൻകീഴിൽ എന്നാളും തുടരണമെന്ന അദ്ദേഹത്തിന്റെ മർക്കടമുഷ്ടിയാണ് ഇന്നുവരെയുള്ള ഭിന്നതയുടെ അടിസ്ഥാനം. കാതോലിക്കാ സിംഹാസനത്തെ നിരാകരിക്കുന്നതിനുവേണ്ടി അബ്ദേദ് മശിഹായുടെ പട്ടം സാധുവല്ലെന്നുള്ള വാദം കൊണ്ടുവന്നു എങ്കിലും അത് തെളിയിക്കാനുള്ള ശ്രമത്തിനിടയിൽ കള്ളരേഖകൾ ഹാജരാക്കിയ യൂലിയോസ് മെത്രാച്ചനെ മനസാക്ഷി കുലുക്കിയില്ലെങ്കിലും കോട്ടയം ജില്ലാക്കോടതി ശരിക്കും കുടയുകയും ഈ നടപടി അവിശുദ്ധമായ ഒരു ഹീനകൃത്യമായിപ്പോയെന്നു ഹൈന്ദവ ജഡ്ജിമാർ എടുത്തുകാട്ടുകയും ചെയ്തു.

## മുടക്കിലെ കള്ളക്കളി

അബ്ദേദ് മശിഹായെ മെത്രാന്മാരുടെ യോഗം ചേർന്നു 1905 -ൽ മുടക്കി എന്ന പാത്രിയർക്കിസ് വിഭാഗത്തിന്റെ കോട്ടയം ജില്ലാക്കോടതിയിലെ വാദം എത്രമാത്രം അടിസ്ഥാനരഹിതമായിരുന്നു എന്നും യൂലിയോസ് മെത്രാച്ചന്റെ "അതിവിശുദ്ധ" കള്ളമായിരുന്നെന്നും യാക്കൂബ് തൃതീയൻ പാത്രിയർക്കീസിനെയും (അന്നു അബ്ദുൾ ആഹാദ് റമ്പാൻ) യൂലിയോസ് മെത്രാച്ചനേയും മഞ്ഞിനിക്കര ദയറായിൽ വച്ചു ഇംഗ്ലീഷ് പഠിപ്പിച്ച സുറിയാനി മല്പാനും അവരുടെ ദ്വിഭാഷിയും സമുന്നത ദൈവശാസ്ത്രജ്ഞനുമായിരുന്ന റവ. ഡോ. വി. സി. സാമുവേലിന്റെ ആത്മകഥയായ "*സ്വാനുഭവവേദിയിൽ*" ദൃക്സാക്ഷിയെന്ന നിലയിൽ എഴുതിയിട്ടുണ്ട്. 1905-ൽ എഴുതി മെത്രാന്മാർ ഒപ്പിട്ടെന്നു പറഞ്ഞ രേഖ 1938-ൽ മഞ്ഞിനിക്കര ദയറായിൽ വച്ച് "ദൈവം പോലും കാണാതെ" മാർ യൂലിയോസ് ചമച്ചതാണെന്നുള്ള സത്യം ഇന്നും പലർക്കും അജ്ഞാതമാണ്. കള്ളരേഖയുടെ തുരുമ്പിച്ച തൂണിൽ കെട്ടിപ്പടുത്ത സമുദായക്കേസാകുന്ന ചീട്ടുകൊട്ടാരം ബി. കൃഷ്ണയ്യരുടെ വിധിയോടെ തകർന്നുവീണതു കണ്ട ധാരാളം പേർ ഇന്നും ജീവിച്ചിരിപ്പുണ്ട്. വിശുദ്ധ ജീവിതം നയിക്കേണ്ട യൂലിയോസ് മെത്രാച്ചൻ കള്ളരേഖകൾ രചിക്കുകയും കള്ളം ഉരുവിടുകയും ചെയ്ത ഒരു അവിശുദ്ധ സാക്ഷിയാണെന്നും കോടതി ചൂണ്ടിക്കാട്ടി. അന്നു ചെങ്ങളത്തുപള്ളി വികാരിയായിരുന്ന റവ. ഡോ. വി. സി. സാമുവേൽ എഴുതുന്നു:

"1942 -ൽ സമുദായക്കേസ് വിസ്താരം നടന്നുകൊണ്ടിരുന്നു. അതിൽ മാർ യൂലിയോസിനെ ഒരു കമ്മീഷൻ മുഖേന വിസ്തരിക്കുവാൻ ജഡ്ജി ബി. കൃഷ്ണയ്യരുടെ ബഞ്ചിൽ നിർദ്ദേശമുണ്ടായി. അതിന് മലയാളവും സുറിയാനിയും അറിയാവുന്ന ഒരു ദ്വിഭാഷി ആവശ്യമായി വന്നു. അതിനു രണ്ടു കക്ഷികളിലേയും നേതാക്കന്മാർ ഏകകണ്ഠമായി എന്നെ തിരഞ്ഞെടുത്തു. ഞാൻ കക്ഷിക്കാര്യത്തിൽ യാതൊരു അവിശ്വസ്തതയും കാണിച്ചിട്ടില്ല. എന്നെ ഏല്പിച്ച ജോലിയിലും സ്വന്തം മനസ്സാക്ഷിക്കെതിരായി ഞാൻ യാതൊന്നും ചെയ്തില്ല.

കേസിൽ പാത്രിയർക്കീസു കക്ഷിയുടെ വക്കീൽ അനന്തപത്മനാഭയ്യർ ആയിരുന്നു. മാർ യൂലിയോസിനെ വാദമുഖങ്ങൾ പഠിപ്പിക്കുവാൻ കോട്ടയം വലിയപള്ളിയിൽ അദ്ദേഹം പല തവണ വന്നു. ആശയ വിനിമയത്തിന് അവരെ സഹായിക്കുവാൻ ഞാൻ ചെങ്ങളത്തുനിന്നു കോട്ടയത്ത് വന്നുകൊണ്ടിരുന്നു. ആ ജോലിയും വിശ്വസ്തതയോടെ ഞാൻ ചെയ്തു പോന്നു.

കേസിലെ ഒരു പ്രധാന വാദം അബ്ദുൾ മശിഹാ ബാവായെ



സുറിയാനി സഭയുടെ മെത്രാന്മാർ ചേർന്ന് മുടക്കിയിരുന്നു എന്നതാണ്. മെത്രാന്മാർ ചേർന്ന് ഒപ്പിട്ടിട്ടുള്ള രേഖയുടെ ഒരു കോപ്പിയാണ് തെളിവായി ഹാജരാക്കാൻ ഉദ്ദേശിച്ചിരുന്നത്. അത് ശരിയായ രേഖയാണെന്ന് സിറിയൻ നാടുകളിലെ ഒരു നോട്ടറി സാക്ഷ്യപ്പെടുത്തിയിരുന്നു. അത് കോടതിയിൽ കാണിച്ചാൽ വിജയം സുനിശ്ചിതമാണെന്നായിരുന്നു പാത്രിയർക്കീസ് കക്ഷിയുടെ ധാരണ. ഞാനും അങ്ങനെ തന്നെ വിചാരിച്ചിരുന്നു. എന്നാൽ കോടതി അത് സ്വീകരിക്കുകയില്ല എന്ന് വക്കീൽ വ്യക്തമാക്കി. കാരണം, അതിൽ ഒപ്പുവച്ച നോട്ടറി ഉദ്യോഗസ്ഥന് അത് സാക്ഷ്യപ്പെടുത്തുവാൻ തക്കവണ്ണം സുറിയാനി അറിഞ്ഞുകൂടായിരുന്നു എന്നതുതന്നെ. അതിനുപകരം മാർ യൂലിയോസ് മർദ്ദീനിൽ പോയപ്പോൾ സുന്നഹദോസ് റെക്കോർഡിൽ മൂലരേഖ കണ്ടു എന്നും, അതു നോക്കി എഴുതിയെടുത്ത കടലാസ് തെളിവായി കോടതിയിൽ ഹാജരാക്കാം എന്നും വക്കീൽ പറഞ്ഞു. എന്നാൽ സത്യത്തിൽ മാർ യൂലിയോസ് അങ്ങനെയൊരു കടലാസ് മർദ്ദീനിൽ വച്ച് എഴുതിയിരുന്നില്ല. മഞ്ഞനിക്കര വച്ച് എഴുതിയുണ്ടാക്കുകയാണ് ചെയ്തത്. നോട്ടറി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരുന്നതും, കോടതിയിൽ വിലപ്പോവില്ല എന്നു വക്കീൽ പറഞ്ഞതുമായ രേഖയിൽ നിന്ന് മാർ യൂലിയോസ് അത് എഴുതിയുണ്ടാക്കുന്നത് ഞാൻ കണ്ടിട്ടുള്ളതാണ്. ഈ സംഭവം എന്നെ വേദനിപ്പിച്ചു. കാരണം അബ്ദുൾ മിശിഹായുടെ സ്ഥാനം മുടക്കുമൂലം അസാധുവാണെന്ന് ഞാനും വിശ്വസിച്ചിരുന്നു. അതിന് ആസ്പദമായ രേഖ സത്യസന്ധമല്ലെന്ന് എനിക്കു മനസ്സിലായി. അത്രയും കാലം ഞാൻ പാത്രിയർക്കീസ് കക്ഷിയിൽ ഉറച്ചുനിന്നിരുന്നു. എന്നാൽ അവിടെ കണ്ട പ്രകടമായ അസത്യത്തെ അഭിമുഖീകരിക്കുവാൻ തന്നെ ഞാൻ തീരുമാനിച്ചു. ഇടവക മെത്രാപ്പോലീത്താ ആയ മിഖായേൽ മാർ ദീവന്നാസ്യോസിനോടു കാര്യങ്ങൾ തുറന്നുപറഞ്ഞ് എന്റെ മനസ്സാക്ഷി നിർമ്മലമാക്കുവാൻ ഞാൻ തീരുമാനിച്ചു. അദ്ദേഹം കാതോലിക്കോസ് കക്ഷിക്കെതിരായി വീറോടെ പ്രസംഗിച്ചുവന്നിരുന്നത് മനസ്സാക്ഷിയുടെ ബോദ്ധ്യത്തിന്റെ പ്രതിഫലനമായാണ് ഞാൻ കണ്ടത്. കോട്ടയം സിംഹാസനപ്പള്ളിയിൽ വെച്ച് ഞാൻ ശാന്തമായി കാര്യങ്ങളെല്ലാം അദ്ദേഹത്തോടു പറഞ്ഞു. അന്നു ഞാൻ വ്യക്തമാക്കിയ കാര്യം ഇതിനകം പല തവണ പറഞ്ഞിട്ടുള്ളതാണ്. "അബ്ദുൾ മിശിഹാ ബാവായിൽനിന്ന് കാതോലിക്കാ കക്ഷിയ്ക്കു ലഭിച്ച പട്ടത്വം അസാധുവാണെന്നു പറയുന്നത് പറയുന്നവരുടെ വാശിയുടെ പ്രകടനമല്ലാതെ, ഒരു കഴമ്പുമുള്ളതല്ല." ഇതേ ആശയം അബ്ദുൾ ആഹാദ് റമ്പാനോടും ഞാൻ പറഞ്ഞു.

1958 - ൽ ഉണ്ടായ സമാധാനം മൂലം അബ്ദുൾ മിശിഹായുടെ പട്ടത്വത്തെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസം നീങ്ങിയിരിക്കുവാനിടയുണ്ട്. ആ

പട്ടത്തിന് യാതൊരു ന്യൂനതയും പറയാതെയായിരുന്നുവല്ലോ അന്നു സമാധാനം സ്ഥാപിച്ചത്. എന്നുതന്നെയുമല്ല അതു മലങ്കരസഭ അംഗീകരിച്ച ഭരണഘടനയ്ക്കു വിധേയവുമായിരുന്നു. ആ സമാധാനത്തെയാണ് 1964-ൽ മാർ യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസ് (അബ്ദുൾ ആഹാദ് റമ്പാൻ തന്നെ) സ്വീകരിച്ചതും. അതുകൊണ്ട് അബ്ദുൾ മിശിഹായുടെ പട്ടത്വം അതിനുശേഷം ഒരു വിവാദ വിഷയമായിരുന്നുകൂടാ."

വട്ടശ്ശേരിൽ തിരുമേനിയെ മുടക്കാൻ പാത്രിയർക്കീസിന് ഒട്ടും അധികാരമില്ല. സ്വാഭാവിക നീതി പ്രശ്നം അതുകഴിഞ്ഞേ വരുന്നുള്ളു. മുടക്കിയാൽ അദ്ദേഹത്തെ പഴയ സെമിനാരിയിൽ നിന്ന് ഇറക്കിവിടാമെന്നും കേസിലെ കക്ഷിയല്ലാതാക്കാമെന്നുമുള്ള ചിന്തയോടെ, കൂട്ടുട്രസ്റ്റികളായ കോനാട്ടു മാത്തൻ മല്പാനും, സി. ജെ. കുര്യനും പാത്രിയർക്കീസിനെ ഉപദേശിച്ചപ്പോൾ സത്യനിയമാദികളുടെ എ.ബി.സി.ഡി. പോലും അറിയാത്ത മൂന്നു മുഷ്ക്കരന്മാരും കൂടി മുടക്കു പാസ്സാക്കിയെടുത്തു. നിയമം ഉടക്കിയതിനാൽ മുടക്കു കോടതി അംഗീകരിച്ചില്ല. തന്മൂലം മൂന്നു പേരുടേയും പദ്ധതി പാളംതെറ്റി. തുടർന്നാണു വട്ടശ്ശേരിൽ തിരുമേനിയെ വകവരുത്താനുള്ള ഹീനവും മനുഷ്യത്വരഹിതവുമായ നീക്കങ്ങൾ ആരംഭിച്ചതും ആനപ്പാപ്പി കൊലക്കേസുണ്ടായതും. ഇതിന്റെ സൂത്രധാരന്മാർ ദൈവശിക്ഷയിലും നിരാശയിലും കിടന്നുരുകി വളരെ വൈകാതെ കേസും വഴക്കും കൊലയും ഇല്ലാത്ത പരലോകത്തേക്കു പാഞ്ഞു പോയത് (ഇക്കാര്യങ്ങളെല്ലാം "വർക്കി ആശാൻ എന്ന ആനപ്പാപ്പി" എന്ന പുസ്തകത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്).

# 4

# മല്ലപ്പള്ളി മല്പാനച്ചനും മാമ്മൻ മാപ്പിളയും

**തി**രുവിതാംകൂറിൽ പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നവരും മേധാശക്തിയുടെ കേദാരങ്ങളുമായിരുന്ന മല്ലപ്പള്ളി ഗീവറുഗീസ് മല്പാനച്ചനും സമുദായ നേതാവായിരുന്ന കെ. സി. മാമ്മൻമാപ്പിളയും തമ്മിൽ ആദ്യം നിലവിലിരുന്ന അസുഖകരവും പിന്നീടുണ്ടായ ആത്മാർത്ഥവുമായ ബന്ധത്തെപ്പറ്റി കുറെയെങ്കിലും കുറിച്ചില്ലെങ്കിൽ അത് ഈ ജീവചരിത്രഗ്രന്ഥത്തിന് ഒരു വലിയ കുറവായിരിക്കുമെന്ന വസ്തുത അംഗീകരിച്ചുകൊണ്ടാണ് അടുത്ത പേജുകൾ ആലേഖനം ചെയ്യുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസം കുറവായിരുന്നു എങ്കിലും ഭക്തനും പണ്ഡിതനും കുശാഗ്രബുദ്ധിയും അഭിമാനിയുമായിരുന്ന മല്പാനച്ചൻ കൂടുതൽ വിദ്യാഭ്യാസമുള്ള പലരേക്കാളും എല്ലാ രംഗങ്ങളിലും പ്രഗല്ഭനായിരുന്നു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്നു ബി. എ. പാസ്സായശേഷം മൈസൂർ സിവിൽ സർവീസിൽ പ്രവേശിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച മാമ്മൻ മാപ്പിളയെ മലയാളമനോരമയുടെ പത്രാധിപരായിരുന്ന കണ്ടത്തിൽ വറുഗീസ് മാപ്പിളയാണ് കോട്ടയത്തു വരുത്തിയതും മനോരമയുടെ പ്രവർത്തനത്തിലും എം. ഡി. സെമിനാരി ഹൈസ്കൂളിലെ അദ്ധ്യാപകവൃത്തിയിലും ബന്ധപ്പെടുത്തിയത്. മാമ്മൻ മാപ്പിളയുടെ ജീവിതവിജയപ്രയാണം ഇവിടെയാണ് ആരംഭിക്കുന്നത്. മാമ്മൻ മാപ്പിളയുടെ പിതൃസഹോദരനായ വറുഗീസ് മാപ്പിളയ്ക്കായിരുന്നു അന്ന് എം. ഡി. സ്കൂളിന്റെ മാനേജ്മെന്റ് സംബന്ധിച്ച ചുമതല. മനോരമയുടെ ഭാരിച്ച ചുമതല കൂടിയുണ്ടായിരുന്നതിനാലും സമുദായം വക സ്കൂൾ സമുദായത്തിൽ എല്ലാ നിലയിലും പ്രാധാന്യം ഉള്ള ഒരാൾ ഭരിക്കണമെന്നു ചിന്തിച്ചിരുന്നതിനാലും പുലിക്കോട്ടിൽ തിരുമേനിയുടെ അനുവാദപ്രകാരം വട്ടശ്ശേരിൽ മല്പാനച്ചൻ എം. ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പൽ ആയി ചാർജ്ജെടുത്തു കോട്ടയത്തു താമസമായി. പ്രിൻസിപ്പലാണെങ്കിലും മുഖ്യജോലി മാനേജ്മെന്റ് സംബന്ധിച്ചുള്ളതായിരുന്നു. സ്കൂൾ കാര്യങ്ങൾ വറുഗീസ് മാപ്പിളയുമായി ആലോചിക്കുകയും ചെയ്യുമായിരുന്നു. അദ്ധ്യയനസംബന്ധമായ കാര്യങ്ങൾ പ്രധാന അദ്ധ്യാപകന്റെ ചുമതലയിൽ ആയിരുന്നതിനാൽ വറുഗീസ് മാപ്പിള കറസ്പോണ്ടന്റ് എന്ന പദവി സ്വീകരിച്ചു. ഈ ഒരു പ്രത്യേക സാഹചര്യത്തിലാണ് മാമ്മൻ മാപ്പിള സ്കൂളിൽ എത്തുന്നതും 25 -ാം വയസ്സിൽ ഹെഡ്മാസ്റ്റർ ആകുന്നതും. "എനിക്കു മറ്റു പല മോഹങ്ങളും ഉണ്ടായിരുന്നു എങ്കിലും ഒരു

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സ്ഥാനം ആലിപ്പഴംപോലെ പൊടുന്നനെ കൈയിൽ വന്നുവീഴുന്ന പക്ഷം അതിനെ ആന്തരികമായ അനാസ്ഥയോടല്ല ഞാൻ വീക്ഷിച്ചതെന്നുള്ള പരമാർത്ഥവും പറയേണ്ടിയിരിക്കുന്നു" എന്നാണ് മാമ്മൻ മാപ്പിള തന്നെ ഇതെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത്.


ഹെഡ്മാസ്റ്ററായ ശേഷം പല കാരണങ്ങളാൽ എം. ഡി. യിലെ പരീക്ഷാ ഫലം മെച്ചപ്പെടുകയും സ്കൂളിന്റെ പ്രശസ്തി വർദ്ധിക്കുകയും ചെയ്തു. ഇതിനിടയിൽ സർക്കാരുദ്യോഗം സ്വീകരിക്കാനുള്ള അന്നത്തെ ചീഫ് സെക്രട്ടറി താണുപിള്ളയുടെ സ്നേഹപൂർവ്വമായ ക്ഷണവും മാമ്മൻ മാപ്പിള നിരസിച്ചു. ഈ കാലയളവിൽ എം. ഡി. സെമിനാരി ഹൈസ്കൂൾ ഒരു കോളജ് ആയി ഉയർത്തുന്നതിനുള്ള ശ്രമം മാമ്മൻ മാപ്പിളയും ഇലഞ്ഞിക്കൽ ജോൺ വക്കീലും മറ്റും ആരംഭിച്ചു എങ്കിലും "നമുക്കിപ്പോഴൊരു കോളജിന്റെ ആവശ്യം ഇല്ലെന്നു" പറഞ്ഞു മല്പാനച്ചൻ ആ നീക്കത്തെ നിരുൽസാഹപ്പെടുത്തി. ആദ്യകാലത്ത് അദ്ധ്യാപകവൃത്തിയിൽ ആനന്ദം കണ്ടെത്തിയ മാമ്മൻ മാപ്പിള, മല്പാനച്ചന്റെ ചൊൽപ്പടിക്കു നിൽക്കുന്ന മറ്റൊരാളെ ഹെഡ്മാസ്റ്റർ ആയി കിട്ടണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹം മണത്തറിഞ്ഞു.

ഇങ്ങനെയിരിക്കെ മല്പാനച്ചന്റെ പ്രത്യേക വാത്സല്യത്തിനു പാത്രീഭൂതനായ പി. ടി. ഗീവറുഗീസ് ശെമ്മാശ്ശനെ (പിന്നീട് ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്) സമുദായച്ചെലവിൽ പഠിപ്പിച്ചു. എം. എ. പാസ്സായ അദ്ദേഹത്തെ എം. ഡി. സെമിനാരിയിൽ മാമ്മൻ മാപ്പിളയുടെ തലക്കുമീതെയായി പ്രതിഷ്ഠിക്കാനും തീരുമാനിച്ചു. കുടുംബസംരക്ഷണം സംബന്ധിച്ച ഭാരത്തിന്റെ പശ്ചാത്തലത്തിൽ ഒരു പ്രതിസന്ധിയിലായ മാമ്മൻ മാപ്പിള തൽക്കാലത്തേക്കു, തന്നെ സമുദായക്കമ്മിറ്റി സെക്രട്ടറിയായോ മറ്റോ നിയമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പുലിക്കോട്ടിൽ തിരുമേനിയെ സമീപിച്ചു എങ്കിലും മല്പാനച്ചന്റെ വിസമ്മതംമൂലം അതു നടന്നില്ല.

തുടർന്നു പി. ടി. ഗീവറുഗീസ് ശെമ്മാശ്ശനെ എം. ഡി. സ്കൂൾ പ്രിൻസിപ്പലായി നിയമിച്ചു. ഇതെല്ലാം മാമ്മൻ മാപ്പിള സഹിച്ചു. ഹെഡ്മാസ്റ്റർ അറിയാതെ സ്കൂളിൽ മറ്റൊരദ്ധ്യാപകനെ നിയമിച്ചതും മൂന്നു മാസത്തെ ശമ്പളം തനിക്കു നിഷേധിച്ചതും മറ്റും മാമ്മൻ മാപ്പിളയുടെ മനസ്സിനെ വല്ലാതെ മഥിച്ചിരുന്നു. നല്ല ബന്ധുബലമുള്ള മാമ്മൻ മാപ്പിള സഭ വിട്ടു പോയേക്കുമെന്നും പ്രക്ഷോഭണം ഉണ്ടാക്കാമെന്നും മല്പാനച്ചനും ഗീവറുഗീസ് ശെമ്മാശനും ചിന്തിച്ചിരിക്കാം എന്നു മാമ്മൻ മാപ്പിള കരുതി. എന്നാൽ സ്കൂളിന്റെ ചുമതല ഒരു വൈദികനായിരിക്കണമെന്ന നിലപാടിൽ മല്പാനച്ചൻ ഉറച്ചു നിന്നതേയുള്ളു. താമസംവിനാ മലങ്കരയിൽ വന്നുചേർന്ന അബ്ദുള്ളാ പാത്രിയർക്കീസിന് ഊട്ടിയിൽ സ്വീകരണം



വട്ടശ്ശേരിൽ തിരുമേനിയും കെ. സി. മാമ്മൻ മാപ്പിളയും



നൽകുന്നതിനുള്ള ചുമതല മല്പാനച്ചനും ശെമ്മാശനും കൂടി മാമ്മൻ മാപ്പിളയെ ഏൽപിച്ചതിനാൽ അദ്ദേഹത്തോടവർക്കു പ്രത്യേക വിദ്വേഷം ഒന്നുമില്ലെന്ന് വ്യക്തമാണല്ലോ. എന്നാൽ പാത്രിയർക്കീസിന് ഊട്ടിയിൽ വെച്ച് നല്കപ്പെട്ട സ്വീകരണത്തിൽ ഹൃദയപൂർവ്വം താൻ പങ്കെടുത്തില്ലെന്നു മാമ്മൻ മാപ്പിള തന്നെ പറഞ്ഞിട്ടുണ്ട്. പിന്നീടു മല്പാനച്ചനോടുള്ള പെരുമാറ്റത്തിൽ പലതവണ മാമ്മൻ മാപ്പിള അനുചിതമായി നീങ്ങി മല്പാനച്ചനെ നൊമ്പരപ്പെടുത്തുകയും തർക്കുത്തരങ്ങൾ പറഞ്ഞു തന്റെ വിദ്വേഷം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് *"ജീവിതസ്മരണകളിൽ"* എഴുതിക്കാണുന്നു. പാത്രിയർക്കീസിനു തിരുവനന്തപുരത്തു നല്കപ്പെട്ട സ്വീകരണത്തെ തുടർന്ന് കോട്ടയത്തേക്കു വള്ളത്തിൽ യാത്രചെയ്ത നാലഞ്ചു ദിവസങ്ങളിൽ ഇതിനകം മെത്രാപ്പോലീത്തായായ അദ്ദേഹത്തോടു തന്റെ പരാതികൾ പറയുകയും കുറ്റാരോപണങ്ങൾ നിരത്തുകയും ചെയ്തിട്ടും മെത്രാപ്പോലീത്താ അതിനു മറുപടി നൽകാതെ "താൻ മനസ്സാക്ഷിക്കെതിരായി ഒന്നും ചെയ്തിട്ടില്ലെന്നു മാത്രം" അക്ഷോഭ്യനായി പറഞ്ഞു.

അബ്ദുള്ളാ പാത്രിയർക്കീസ്, മെത്രാപ്പോലീത്തായ്ക്കെതിരെ വാളോങ്ങുമ്പോൾ, മാമ്മൻ മാപ്പിള ബാവാകക്ഷിയിൽ ചേർന്നേക്കുമെന്നുള്ള ചിന്ത വട്ടശ്ശേരിൽ തിരുമേനിക്കുണ്ടാകാനുള്ള കാരണം, മാമ്മൻ മാപ്പിള തനിക്കുള്ളതിൽ കൂടുതൽ പാരുഷ്യവും അസംതൃപ്തിയും പ്രകടിപ്പിച്ചതുകൊണ്ടാണെന്നും മെത്രാപ്പോലീത്തായോടുള്ള എതിർപ്പുമൂലമാണെന്നും മാമ്മൻ മാപ്പിള വ്യക്തമാക്കിയിട്ടുണ്ട്. മെത്രാച്ചനും മാമ്മൻ മാപ്പിളയും തമ്മിലുള്ള അസുഖകരമായ ബന്ധം തുടരുമ്പോൾ കോട്ടയത്തു ചേർന്ന സുന്നഹദോസിൽ, അബ്ദുള്ളാ പാത്രിയർക്കീസ് അഞ്ചു മെത്രാന്മാരെ വാഴിക്കണമെന്നും അതേസമയം യോഗാംഗങ്ങൾ രണ്ടു മെത്രാ

ന്മാർ മതിയെന്നും അഭിപ്രായപ്പെട്ടപ്പോൾ ബാവായുടെ അധികാരദുർവിനിയോഗ ശ്രമങ്ങളെ മാമ്മൻ മാപ്പിള എതിർക്കുകയും മലങ്കരയിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണു സകല കുഴപ്പങ്ങളും സൃഷ്ടിക്കുന്നതെന്നുമുള്ള ബാവായുടെ അഭിപ്രായം തിരുത്താൻ അങ്ങേയറ്റം ശ്രമിക്കുകയും ഉണ്ടായി.

ഇതിനിടയിൽ മെത്രാപ്പോലീത്തായെ ബാവാ മുടക്കുമെന്നുള്ള വാർത്ത പരന്നതിനാൽ തികഞ്ഞ സഭാസ്നേഹിയായ മെത്രാപ്പോലീത്താ സ്വാഭാവികമായും അസ്വസ്ഥനാവുകയും സഭയെ നശിപ്പിക്കരുതെന്നു ബാവായോടു താണുവീണപേക്ഷിക്കുകയും ചെയ്തു. സമുന്നത സഭാസ്നേഹികളും മെത്രാപ്പോലീത്തായോടു മാമ്മൻ മാപ്പിളയ്ക്കു ഉണ്ടായിരുന്നതുപോലെയുള്ള ഉൾത്തിരക്കില്ലാത്തവരുമായിരുന്ന ഇലഞ്ഞിക്കൽ ജോൺ വക്കീൽ, കൊച്ചി പോലീസ് സൂപ്രണ്ട് എം. എ. ചാക്കോ മുതലായവരുടെ നിലപാടിനോടും മനോരമ പത്രത്തിന്റെ അടിസ്ഥാനശക്തിയായ സുറിയാനി സഭാംഗങ്ങളോടും, പള്ളിക്കൂടം പ്രശ്നത്തിന്റെ പേരിൽ ഇടഞ്ഞുനിന്നാൽ താൻ ഒറ്റപ്പെടുമെന്നു ബുദ്ധിമാനായ മാമ്മൻ മാപ്പിള മനസ്സിലാക്കി. തന്നിമിത്തം അദ്ദേഹം മുൻപറഞ്ഞവരോടൊത്തു നീങ്ങുകയും പത്രത്തിലൂടെ മെത്രാൻ പക്ഷത്തേക്ക് അനുകൂലമായി ശക്തിമത്തായ പ്രചരണം നടത്തുകയും ചെയ്തുവന്നു. തുടർന്നു തെക്കൻ പ്രദേശങ്ങളിൽ ബാവായെ എതിർക്കുന്നവരുടെയും മനോരമ വാങ്ങി വായിക്കുന്നവരുടെയും എണ്ണം വടക്കുള്ളവരേക്കാൾ താരതമ്യേന വർദ്ധിച്ചു. അതേസമയം കോനാട്ടച്ചന്റെ വ്യക്തിമാഹാത്മ്യവും വടക്കുള്ളവരെ ബാവായോടു ചേർന്നുനിൽക്കാൻ പ്രേരിപ്പിച്ചു. എം. ഡി. സെമിനാരി ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ പദത്തിൽ നിന്നു പിരിഞ്ഞ കാലഘട്ടവും മെത്രാൻകക്ഷിയെ തുലയ്ക്കത്തക്കവണ്ണം വീരരാഘവ അയ്യങ്കാർ വിധിയെഴുതിയ കാലഘട്ടവും തമ്മിൽ 15 വർഷത്തെ ഇടയുണ്ടായിരുന്നു. ഈ കാലഘട്ടം മുഴുവൻ മാമ്മൻ മാപ്പിള സാമുദായിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു എങ്കിലും, വട്ടശ്ശേരിൽ തിരുമേനിയോടു തനിക്കുള്ള തീരാപ്പക ഗോപനം ചെയ്യാനുള്ള ഒരു കപട തന്ത്രമായിട്ടാണ് ആ പ്രവർത്തനങ്ങൾ വീക്ഷിക്കപ്പെട്ടത്. ഈ ഒന്നര ദശാബ്ദത്തിനിടയിൽ ഒരിക്കലെങ്കിലും മാമ്മൻ മാപ്പിളയുടെ ആത്മാർത്ഥമായ സേവനത്തെ മെത്രാച്ചൻ അഭിനന്ദിക്കുകയോ അതിൽ സംതൃപ്തി പ്രകടിപ്പിക്കുകയോ ചെയ്തിരുന്നില്ലത്രേ. മെത്രാച്ചനു തന്നോടു ശത്രുതയുള്ളതുകൊണ്ടാണിതെന്ന് മാമ്മൻ മാപ്പിളയും ധരിച്ചു.

പിന്നീട് സമുദായക്കേസ്സിലെ അനുകൂലമായ ഒരു വിധിയെപ്പറ്റി കൊല്ലത്തുവെച്ച് ഇ. ജെ. പീലിപ്പോസിൽ നിന്നു കേട്ട വിവരം പഴയസെമിനാരിയിൽചെന്നു മെത്രാപ്പോലീത്തായെ നേരിട്ട് കണ്ടറിയിക്കാൻ ശ്രമിക്കവേ



മെത്രാപ്പോലീത്തായിൽ നിന്നുണ്ടായ പ്രതികരണം മാമ്മൻ മാപ്പിളയുടെ *ജീവിത സ്മരണ*യിൽ നിന്നുദ്ധരിക്കട്ടെ:

"ഞാൻ കൊല്ലത്തുവച്ചു കേട്ട പരമരഹസ്യമായ സന്തോഷവാർത്ത ഉള്ളിലമർത്തിയ പാരവശ്യത്തോടെ അറിയിച്ചു. ഇതു കേട്ടാലുടൻ മെത്രാപ്പോലീത്താ ആനന്ദാതിശയംകൊണ്ട് അറിയാതെതന്നെ മേലോട്ടു കുതിച്ചു ചാടിപ്പോകുമെന്നാണ് ഞാൻ ഓർത്തിരുന്നത്. പക്ഷേ അങ്ങനെയൊന്നും ഉണ്ടായില്ല. നിർവികാരമായ ഒരു ശീതഭാവമാണ് മെത്രാപ്പോലീത്തായുടെ മുഖത്ത് കാണപ്പെട്ടത്. അനന്തരം അദ്ദേഹം അസ്വസ്ഥതയെ സൂചിപ്പിക്കുന്ന സ്വരത്തിൽ പറഞ്ഞു:

'ആരെത്ര നോക്കിയാലും എന്റെ മുടക്കു സാധുവാണെന്നു വിധിക്കാൻ സാധ്യമല്ല. പിന്നെ ശീശ്മക്കാരനാണെന്നു പറയാമായിരിക്കാം (നിയമസ്ഥാപിതവും അംഗീകൃതവുമായ അധികാരത്തോടുള്ള മത്സരത്തിനാണ് ശീശ്മ എന്നു പറയുന്നത്)

അബ്ദുള്ളാ ബാവായോടു പട്ടമേറ്റ വട്ടശ്ശേരിൽ മെത്രാപ്പോലീത്താ ആ ബാവായ്ക്കു കീഴ്വഴങ്ങാൻ വിസമ്മതിക്കുന്നു എന്നും തന്റെ പേരിൽ, അങ്ങേയറ്റം ശീശ്മക്കുറ്റം ആരോപിക്കാൻ മാത്രമേ ഏതു കോടതിക്കും വിധിക്കുവാൻ ഒക്കുകയുള്ളു എന്നും അദ്ദേഹം വ്യഞ്ജിപ്പിച്ചു.

ഞാൻ കേസിന്റെ വിധിയെപ്പറ്റി പിന്നീട് ഒന്നും പറഞ്ഞില്ല. മെത്രാപ്പോലീത്താ അതു കേട്ട ഭാവവും നടിച്ചില്ല. തിരുമേനി ഇങ്ങനെ തുടർന്നു:

"അല്ലെങ്കിൽതന്നെ നമ്മുടെ സമുദായത്തിൽ ഇപ്പോഴെന്താണൊരു മെച്ചം? സകലരും ബോധിച്ചതുപോലെ ചെയ്യുന്നു. കുത്തഴിഞ്ഞതുപോലെ സർവ്വത്ര തോന്നിവാസമായി. അതിലൊട്ടും എനിക്കു സഹിക്കാൻ വയ്യാത്തതു മാമ്മൻ മാപ്പിളയെയാണ്. ഇക്കഴിഞ്ഞ ഇരുപതു വർഷമായി ഞാൻ മാമ്മൻ മാപ്പിളയുടെ സകല നടപടികളെയും സസൂക്ഷ്മം വീക്ഷിച്ചതിന്റെ ഫലമായി മാമ്മൻ മാപ്പിളയാണ് എന്റെ ഏറ്റവും വലിയ ശത്രുവെന്ന് എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു.

ഈ മട്ടിൽ രണ്ടു മൂന്നു മണിക്കൂർ നേരം മെത്രാപ്പോലീത്താ, ഒറ്റ ശ്വാസത്തിൽ ഇടതടവില്ലാതെ എന്നെ ശകാരിച്ചു. ഇടയ്ക്കൊരക്ഷരം പറയാൻ എന്നെ അനുവദിച്ചില്ല. അദ്ദേഹം കട്ടിലിൽ നിന്ന് എഴുന്നേറ്റു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടാണ് ഈ നിരർഗ്ഗളമായ ഭർത്സനപ്രസംഗം വളരെ ഉച്ചത്തിൽ നടത്തിയത്. ഇരുപതു കൊല്ലം അണകെട്ടി തടഞ്ഞുനിന്ന ജലം ചിറ പൊട്ടി പാഞ്ഞൊഴുകുന്നതുപോലെയുള്ള ഒരു ശകാരപ്രവാഹമായിരുന്നു അത്. വീണ്ടും മെത്രാപ്പോലീത്താ തുടർന്നു:

“ഞാൻ, അധികാരഭ്രാന്തനാണ്, സ്വേച്ഛാധികാരിയാണ് എന്നെല്ലാം അർത്ഥം വരത്തക്കവിധത്തിൽ മനോരമ പത്രത്തിൽ തുടർച്ചയായി എഴുതിക്കൊണ്ടിരിക്കയാണ് മാമ്മൻ മാപ്പിളയുടെ ജോലി.”

ഇതു കേട്ടപ്പോൾ തെറ്റിദ്ധാരണയുടെ കാരണം എനിക്കു മനസ്സിലായി. ലോകരാഷ്ട്രീയസ്ഥിതിഗതികളെ വിവരിച്ചുകൊണ്ടു ഞാൻ എഴുതിയ ലേഖനങ്ങളിൽ റഷ്യയിലേയോ ജർമ്മനിയിലേയോ ഇറ്റലിയിലേയോ സ്ഥിതിഗതികൾ പരാമർശിക്കുന്ന കൂട്ടത്തിൽ അവിടങ്ങളിലെ സ്വേച്ഛാധികാരഭരണസമ്പ്രദായത്തെപ്പറ്റി പറയുന്നതെല്ലാം മെത്രാപ്പോലീത്തായെ ഉദ്ദേശിച്ചുള്ള വിമർശനങ്ങളാണെന്നാണ് അദ്ദേഹം ധരിച്ചുവച്ചിരിക്കുന്നത്.

അദ്ദേഹം വീണ്ടും തുടർന്നു: “മാമ്മൻ മാപ്പിള എന്നെ തുച്ഛീകരിക്കാനും അവഹേളിക്കുവാനുമായി എന്തെല്ലാമാണു പത്രത്തിലെഴുതിവിടുന്നത്? ഞാൻ താണു താണു പിന്മാറി എത്ര ദൂരെ ഒതുങ്ങിപ്പോയി നിന്നാലും എന്നെ വിടുകയില്ല.”

കാലക്രമേണ മെത്രാപ്പോലീത്തായും മാമ്മൻ മാപ്പിളയും പരസ്പരം കൂടുതൽ മനസ്സിലാക്കുകയും സഹകരിക്കുകയും ചെയ്തു.

സമുദായക്കേസിൽ തോൽവി സംഭവിച്ചിട്ടും സഭ പിളർന്നു നശിക്കാതിരിക്കാൻ വേണ്ടി പ്രായത്തേയും മരണസാധ്യതയേയും അവഗണിച്ചു മർദ്ദീനിൽ ചെന്നു പാത്രിയർക്കീസ് ബാവായെക്കണ്ടു മുടക്കുതീർക്കാൻ നടത്തിയ ശ്രമം അത്യന്തം സാഹസികമായ ഒന്നായിരുന്നു. പരാജയത്തിലും സഭയ്ക്കു പരമപ്രാധാന്യം നൽകി നടത്തിയ ഈ നീക്കം കൊണ്ടു മാത്രം മെത്രാപ്പോലീത്താ സഭാരത്നം എന്ന പദവിക്കർഹനായി. ഇതേപ്പറ്റി കൊല്ലാടു ചെമ്പകശ്ശേരിൽ കൊച്ചു കൊച്ച് തന്റെ “*മരണമില്ലാത്ത സഭാസ്മരണകളിൽ*” ഇങ്ങനെ പറയുന്നു:

“1098 മീനം പത്ത്. വട്ടിപ്പണക്കേസ് വട്ടശ്ശേരിൽ തിരുമേനിക്കു ദോഷമായി വിധിച്ചു. പഴയസെമിനാരിയിൽ കാര്യം അറിയാതെ ഓടി എത്തിയവരിൽ ബാലനായ ഞാനും ഉൾപ്പെട്ടിരുന്നു. മാമ്മൻ മാപ്പിള മുതലായ പ്രമുഖ നേതാക്കളെല്ലാം തന്നെ ഉണ്ട്. മാമ്മൻ മാപ്പിള നിന്നു കരയുന്നു. അതോടൊപ്പം മറ്റുള്ളവരും. വിവരം ഗ്രഹിക്കാൻ കഴിവില്ലാഞ്ഞ ഞാൻ കൂടെ ഉണ്ടായിരുന്ന താഴത്തങ്ങാടിക്കാരൻ കറിയായോടു കാര്യം ചോദിച്ചറിഞ്ഞു. എന്നെ സഭയുമായി ഇത്രയധികം കൂട്ടി ഇണക്കിയ ഘടകം ഈ കരച്ചിലാണെന്ന സത്യം ഇവിടെ മറയില്ലാതെ വെളിപ്പെടുത്തുകയാണ്.

കേസിൽ തോറ്റതിനെ തുടർന്നു അല്പം അസ്വസ്ഥനായിരുന്നിട്ടും മുടക്കു തീർക്കുന്നതിനു വയസ്സുകാലത്തു ശീമയ്ക്കുപോകാൻ തീരുമാ



നിച്ച വട്ടശ്ശേരിൽ തിരുമേനിയുടെ സഭാസ്നേഹവും ആത്മധൈര്യവും പറഞ്ഞറിയിക്കാൻ എനിക്കു വാക്കുകളില്ല. ബോംബെയിൽ ബിസിനസ്സ് സംബന്ധമായ ഏതോ കാര്യവശാൽ എത്തിയ മാമ്മൻ മാപ്പിള, വട്ടശ്ശേരിൽ തിരുമേനി ശീമ യാത്രാ മദ്ധ്യേ കയറിയ കപ്പലിൽ എത്തി തിരുമേനിയുടെ കരം ഗ്രഹിച്ചു ചുംബിച്ചു യാത്രയാക്കിയ രംഗം ഏതൊരു സഭാസ്നേഹിയേയും കോരിത്തരിപ്പിക്കാതിരിക്കില്ല. എം. ഡി. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ പദത്തിൽ നിന്ന് അംഗസംഖ്യ കൂടുതലുള്ള ഒരു കുടുംബത്തിന്റെ നാഥനായിരുന്ന മാമ്മൻ മാപ്പിള മാറാനിടയാക്കിയ സാഹചര്യം വച്ചു നോക്കുമ്പോൾ വട്ടശ്ശേരിൽ തിരുമേനിയെ അദ്ദേഹം എതിർക്കുമെന്നു പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ട ചിലരെങ്കിലും ചിന്തിച്ചിരിക്കും. എന്നാൽ തികഞ്ഞ സഭാസ്നേഹിയും സത്യത്തിന്റെ ഉറവിടത്തെപ്പറ്റി ഉറച്ച വിശ്വാസവും ഉണ്ടായിരുന്ന മാമ്മൻ മാപ്പിള വ്യക്തിനിഷ്ഠമായ സംഗതികൾ അവഗണിച്ചു സഭാകാര്യങ്ങളിൽ വട്ടശ്ശേരിൽ തിരുമേനിയുടെ പിന്നിൽ പാറപോലെ ഉറച്ചുനിന്നു. ‘എനിക്കൊരു പത്രവും ഏഴെട്ടു മക്കളും ഇല്ലായിരുന്നുവെങ്കിൽ ഞാനും തിരുമേനിയെ ശീമ വരെ അനുഗമിക്കുമായിരുന്നു’ എന്നു മാമ്മൻ മാപ്പിള കപ്പലിൽ വച്ചു പറഞ്ഞപ്പോൾ മലങ്കരസഭാ ഭാസുരൻ ആ അതുല്യനായ സഭാസ്നേഹിയുടെ മുമ്പിൽ നമ്രശിരസ്ക്കനായി നിന്നിരിക്കണം. മാമ്മൻ മാപ്പിള കപ്പലിൽനിന്നു യാത്ര പറഞ്ഞിറങ്ങി നടന്നപ്പോൾ കൂടെ ഉണ്ടായിരുന്ന പൂതക്കുഴിയിൽ അച്ചനോടും ചെറിയമഠത്തിൽ മല്പാനച്ചനോടും മറ്റും “കത്തനാരന്മാരെ നോക്കൂ. ഇതാണു മാമ്മൻ മാപ്പിള. ഞങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസവും മറ്റും ഉണ്ടായിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ സഭാസ്നേഹവും എന്നോടുള്ള ബഹുമാനവും സൽപെരുമാറ്റവും നിങ്ങൾ മനസ്സിലാക്കണം” എന്നുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ അന്തരാത്മാവിൽനിന്നു ഉയർന്ന വാക്കുകൾ ഇടയനെ കണ്ണടച്ച് അനുസരിക്കുന്ന കുഞ്ഞാടിനെപ്പോലെയുള്ള ഒരു അവൈദികനു ലഭിക്കാവുന്ന സിംഹതുല്യനായ സഭാധ്യക്ഷന്റെ പരമോന്നത അവാർഡാണെന്നു ഞാൻ കരുതുന്നു. മാമ്മൻ മാപ്പിളയുടെ കഴിവുകളും നേട്ടങ്ങളും വിവരിക്കാൻ എനിക്ക് ഒട്ടും കഴിവില്ല. ഞാനതിനു മുതിരുന്നുമില്ല. പറയുന്നതു വ്യക്തിപരമായ ചില കാര്യങ്ങൾ മാത്രം.

വട്ടശ്ശേരിൽ തിരുമേനി മുടക്കുതീർത്തു കോട്ടയം മാർ ഏലിയാ ചാപ്പലിൽ തിരിച്ചെത്തി വി. കുർബാന മധ്യേ പ്രസംഗിച്ചപ്പോൾ അദ്ദേഹം കരഞ്ഞുപോയി. ഇതു കണ്ടുനിന്ന മാമ്മൻ മാപ്പിളയും കരഞ്ഞതു ഞാൻ ഇന്നലെ നടന്ന സംഭവംപോലെ ഓർക്കുകയാണ്. ചടങ്ങിൽ സംബന്ധിച്ച എന്റെ അപ്പനോട് വിവരം ചോദിച്ചാണു കൂടെ ഉണ്ടായിരുന്ന ഞാൻ കാര്യങ്ങൾ ഗ്രഹിച്ചത്. ഇത്രയധികം മഹാനായ ഒരു മനുഷ്യൻ ഇപ്രകാരം

സഭയെ സ്നേഹിച്ചു കരയുന്നതെന്തിനാണെന്നു പിന്നീടാണു എനിക്കു മനസ്സിലാക്കാൻ സാധിച്ചത്. പഞ്ഞിപോലെ നരച്ചമുടിയും നല്ല വെള്ള നിറവുമുള്ള ആളിന്റെ മുഖം കണ്ണുനീരൊഴുകി ചുമന്നു കണ്ടപ്പോൾ ഞാനും കരഞ്ഞുപോയി."

മെത്രാപ്പോലീത്തായുടെ മുടക്കു തീർത്തു കല്പന ഇറക്കിയതും അതു വഴിമദ്ധ്യേ മുക്കിയതും തുടർന്നും പ്രതിസന്ധികൾ ഉണ്ടായതും ആർക്കും വിസ്മരിക്കാൻ സാധ്യമല്ല. പിന്നീടു നടത്തപ്പെട്ട പല സന്ധി ആലോചനകളിലും മാമ്മൻ മാപ്പിള സജീവമായി പങ്കെടുത്തിരുന്നു.

1934 ഫെബ്രുവരി മൂന്നാം വാരത്തിൽ വട്ടശ്ശേരിൽ തിരുമേനി ആസന്നമരണനായി കിടക്കുമ്പോഴും മാമ്മൻ മാപ്പിള പഴയസെമിനാരിയിൽ സന്നിഹിതനായിരുന്നു. ഇതേപ്പറ്റി മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായിരുന്ന മണലിൽ യാക്കോബ് കത്തനാർ തന്റെ "*സഭാസ്മരണകളിൽ*" ഇങ്ങനെ പറയുന്നു:

"ഈ സമയം തിരുമേനിയുടെ മുറിയുടെ തൊട്ടു അച്ചൻ ഉപയോഗിച്ചു കൊണ്ടിരുന്ന മുറിയിൽ മാമ്മൻ മാപ്പിള ഇരുന്നിരുന്നു. അദ്ദേഹം മണലിൽ അച്ചനെ വിളിച്ചു തിരുമേനിയുടെ കൈപ്പെട്ടിയിൽ പണം വല്ലതുമുണ്ടോ എന്നു ചോദിച്ചു. ആയിരത്തിൽ താഴെ കാണും. ബാവായ്ക്കും മെത്രാപ്പോലീത്താമാർക്കും, കൈപ്പെട്ടി തുറക്കാൻ പറഞ്ഞിട്ടു എല്ലാവർക്കും ഭയമാണ്. സെമിനാരിയിൽ ഒരു കാശുമില്ല. കടം വാങ്ങിയാണു അത്യാവശ്യങ്ങൾ നിറവേറ്റുന്നത്. അച്ചൻ ഇതു പറഞ്ഞപ്പോൾ, അച്ചൻ തന്നെ പെട്ടിയിൽ നിന്നു പണം എടുക്കണമെന്നു മാമ്മൻ മാപ്പിള നിർദ്ദേശിച്ചു.

തിരുമേനി കിടന്ന കട്ടിലിന്റെ ക്രാസ്സിയിൽ തൂവാലയിൽ കെട്ടിയിരുന്ന താക്കോൽ എടുത്ത് അച്ചൻ ഒന്നു കുലുക്കി. കണ്ണു തുറന്നു തിരുമേനി നോക്കി. അച്ചൻ അടുത്ത മേശയിലിരുന്ന കൈപ്പെട്ടി തുറന്നു പണം എടുത്തശേഷം പൂട്ടി താക്കോൽ യഥാസ്ഥാനത്തുവച്ചു. പണം എണ്ണി. 950 രൂപാ ഉണ്ടായിരുന്നു. അതു മാമ്മൻ മാപ്പിളയെ ഏല്പിച്ചു. വേറെ പണം എടുക്കുവാൻ ഉണ്ടോ എന്നു മാമ്മൻ മാപ്പിള ചോദിച്ചപ്പോൾ 3000 രൂപ പരുമലയിലെ ഇരുമ്പുപെട്ടിയിലുണ്ടെന്നും അതിന്റെ താക്കോലും കൈപ്പെട്ടിയിൽ ആണെന്നും അച്ചൻ വെളിപ്പെടുത്തി. ആ പണം കൂടി എടുക്കണമെന്നും പല ആവശ്യങ്ങളുണ്ടെന്നും മാമ്മൻ മാപ്പിള പറഞ്ഞു. നാളെ കൊണ്ടുവരാമെന്നു പറഞ്ഞു കൈപ്പെട്ടിയിൽ നിന്നു ഇരുമ്പുപെട്ടിയുടെ താക്കോൽ എടുത്തുവച്ചു. അന്ന് ഒരു ശനിയാഴ്ചയായിരുന്നു.

പിറ്റേ ദിവസം ഞായറാഴ്ച വി. കുർബാന കഴിഞ്ഞ് മാമ്മൻ മാപ്പിളയുടെ കാറിൽ അച്ചൻ പരുമലയിൽ ചെന്നു. ഇരുമ്പുപെട്ടി ഇരിക്കുന്ന മുറിയുടെ താക്കോൽ മാനേജരോടുവാങ്ങി പെട്ടി തുറന്നു. 3000 രൂപായും എടുത്തു കോട്ടയത്തു തിരിച്ചെത്തി. അന്നു സഭാനേതാക്കളിൽ പലരും സമ്പന്നരല്ലായിരുന്നു.



തിരുമേനി ഫെബ്രുവരി 23 നു വെള്ളിയാഴ്ച കാലം ചെയ്തപ്പോൾ ഈ പണം കൊണ്ടാണു കബറടക്കം സംബന്ധിച്ച ആവശ്യങ്ങൾ നിറവേറ്റിയത്. ശനിയാഴ്ചത്തെ കബറടക്കം മെത്രാപ്പോലീത്തായുടെ സ്ഥാനത്തിന് യോജിച്ച വിധത്തിലുള്ളതായിരുന്നു. മലങ്കരയുടെ നാനാഭാഗങ്ങളിൽ നിന്നും സഭാംഗങ്ങൾ എത്തി അന്ത്യോപചാരം അർപ്പിച്ചു.

പിന്നീട് പള്ളിക്കാരെ വിളിച്ചുകൂട്ടി മുപ്പതാം ദിവസം അടിയന്തിരം 1000 പറ അരിവച്ചു നടത്താൻ നിശ്ചയിച്ചു. വിഭവങ്ങളുടെ ചുമതല വിവിധ പള്ളിക്കാരെ ഏല്പിക്കുകയാണുണ്ടായത്. നോമ്പുകാലമായിരുന്നതിനാൽ ശനി, ഞായർ ദിവസങ്ങളിൽ മാത്രം മൂന്നിന്മേൽ കുർബാന നടത്തി. 900 പറ അരിയുടെ ചോറു വച്ചു. പാച്ചോറും പുറമേ എല്ലാ വിഭവങ്ങളും അധികം വന്നു. ഒട്ടധികം പാവപ്പെട്ടവരും സദ്യയിൽ പങ്കെടുത്തു."

1934 ഫെബ്രുവരി 23 നു കാലം ചെയ്ത ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെപ്പറ്റി 1934 ഫെബ്രുവരി 27 ലെ മലയാള മനോരമയിൽ മാമ്മൻമാപ്പിള എഴുതിയ ശ്രദ്ധേയമായ ലേഖനം *കെ. സി. മാമ്മൻ മാപ്പിളയുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ* എന്ന പുസ്തകത്തിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

**കാലം ചെയ്ത മലങ്കര മെത്രാപ്പോലീത്താ:**
**ചില സ്മരണകൾ**

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ ജീവിച്ചിരിക്കയും ഞാനും കൂടി കക്ഷിപിടിച്ചിരുന്ന പല സംഗതികളിൽ കൂടി അദ്ദേഹം നായകത്വം വഹിക്കുകയും ചെയ്തിരുന്ന സമയം അദ്ദേഹത്തിന്റെ മാഹാത്മ്യങ്ങളെപ്പറ്റി ഉപന്യസിക്കുന്നതിൽ സ്വാർത്ഥമോ അദ്ദേഹത്തെ പ്രീതിപ്പെടുത്തണമെന്നുള്ള ആഗ്രഹമോ കലർന്നിരിക്കാനിടയുണ്ട്. എന്നാൽ ഈ സന്ദർഭത്തിൽ അദ്ദേഹത്തെപ്പറ്റി നിർദ്ദാക്ഷിണ്യവും യഥാർത്ഥവുമായ അഭിപ്രായമല്ലാതെ കൂടിയോ കുറച്ചോ എന്തെങ്കിലും പറയേണ്ട ആവശ്യമുള്ളതല്ലല്ലോ. തന്റെ ആയുഷ്ക്കാലത്തിൽ രഹസ്യമായും പരസ്യമായും ചെയ്തിട്ടുള്ള സകല സംഗതികളും വെളിപ്പെടുന്നപക്ഷം ലജ്ജിക്കേണ്ടിവരുന്ന യാതൊരു കാര്യവും ഉണ്ടായിരിക്കയില്ലെന്ന് വെല്ലിംഗ്ടൺ പ്രഭുവിനെപ്പറ്റിയാണെന്ന് തോന്നുന്നു ടെനിസൻ എന്ന മഹാകവി എഴുതിയിട്ടുണ്ട്. മെത്രാപ്പോലീത്താ അവറുകളുമായി അടുത്തു പരിചയപ്പെട്ടിട്ടുള്ളവർക്കെല്ലാം അദ്ദേഹത്തെപ്പറ്റി ഈ അഭിപ്രായം ധൈര്യസമേതം രേഖപ്പെടുത്താൻ കഴിയുന്നതാണ്. ഇങ്ങനെയുള്ള ഒരു സാക്ഷിപത്രം

യഥാർത്ഥമായി അർഹിക്കുന്ന ആളുകൾ ഏതു രാജ്യത്തിലും സമുദായത്തിലും വളരെ ദുർല്ലഭമായിരിക്കുന്നതാണല്ലോ. ഏകദേശം മുപ്പതു വർഷങ്ങൾക്കുമുമ്പ് ഒരാളുടെ ശവസംസ്കാര കർമ്മം അദ്ദേഹം നിർവഹിച്ച ശേഷം മരിച്ച ആളെപ്പറ്റി അദ്ദേഹം ഒരു ചെറിയ പ്രസംഗം ചെയ്തതിനെപ്പറ്റി എനിക്ക് ഓർമ്മവരുന്നു. "നിർമ്മല ഹൃദയന്മാരും യഥാർത്ഥമായ ഈശ്വരഭക്തിയുള്ളവരുമായ ചിലയാളുകളെപ്പറ്റി നമുക്കറിയാം. എന്നാൽ അവർ ബുദ്ധിശാലികളോ, കർമ്മകുശലന്മാരോ ആയിരിക്കില്ല. തങ്ങൾ ഉൾപ്പെടുന്ന ഏതുകാര്യങ്ങളിലും അനന്യസാധാരണമായ സാമർത്ഥ്യവും ധീരതയും പ്രദർശിപ്പിക്കുന്ന വേറെ ചിലരെയും നമുക്കു പരിചയപ്പെടാൻ ഇടയായിട്ടുണ്ട്. എന്നാൽ ഇങ്ങനെയുള്ളവർക്ക് സന്മാർഗബോധമോ ദൈവാശ്രയമോ ദീനദയാലുത്വമോ കുറവായിരുന്നേക്കാം. ഈ രണ്ടു സ്വഭാവങ്ങളും ഒരാളിൽ യോജിക്കുകയെന്നുള്ളത് വളരെ ദുർല്ലഭമാണ്." പരേതൻ ഇങ്ങനെയുള്ള ഒരാളായിരുന്നു എന്നായിരുന്നു ഈ പ്രസംഗത്തിന്റെ ചുരുക്കം. മെത്രാപ്പോലീത്താ അവർകളിൽ ഈ രണ്ടു വശങ്ങളും ഒരുപോലെ ശക്തിപ്രാപിച്ചിരുന്നു എന്നുള്ളതാണ് അദ്ദേഹത്തിന്റെ അന്യാദൃശമാഹാത്മ്യത്തിന്റെ യഥാർത്ഥമായ അടിസ്ഥാനമെന്നുള്ളത് നിസ്തർക്കമായ സംഗതിയാണ്. അദ്ദേഹം അതിബുദ്ധിശാലിയും അതിധീരനും എന്തെല്ലാം പ്രയാസങ്ങൾ നേരിട്ടാലും അവയെപ്പറ്റിയുള്ള വിഷമതകൾ അല്പമായിട്ടെങ്കിലും വെളിപ്പെടുത്താൻ സമ്മതം വരാത്ത വിധത്തിൽ അത്യധികം ആത്മാഭിമാനത്തോടുകൂടിയ ഒരാളുമായിരുന്നു. ഇങ്ങനെയുള്ള ഗംഭീരാശയന്മാർക്കുള്ള ഒരു പ്രയാസം ഉള്ളഴിഞ്ഞു സകല കാര്യങ്ങളും അന്യോന്യം തുറന്നു പറഞ്ഞ് സമനിലയിൽ കഴിച്ചുകൂട്ടാവുന്ന സ്നേഹിതന്മാർ ഉണ്ടായിരിക്കയില്ലെന്നുള്ളതാണ്. ഇത്തരമാളുകളുടെ ഹൃദയങ്ങൾ നക്ഷത്രങ്ങളെപ്പോലെ മറ്റെല്ലാവരിൽ നിന്നും അതിദൂരത്തിൽ സ്ഥിതിചെയ്യുന്നു. ഇവർ എത്രവലിയ ആൾക്കൂട്ടത്തിൽ നിവസിച്ചാലും യഥാർത്ഥത്തിൽ ഏകാകികളായിരിക്കുന്നതാണ്. ഇവർക്ക് മറ്റാരെയും വിശ്വാസം ഇല്ലാത്തതുകൊണ്ടോ മറ്റാരെയെങ്കിലും അറിയിക്കാൻ പാടില്ലാത്ത രഹസ്യ ന്യൂനതകൾ ഇവരിൽ ഉണ്ടായിട്ടോ അല്ല ഇങ്ങനെ സംഭവിക്കുന്നത്. ഹൃദയവും ഹൃദയവും തമ്മിലും, ബുദ്ധിയും ബുദ്ധിയും തമ്മിലും കൂട്ടിമുട്ടുമ്പോൾ ഇവരുമായി സമനിലയിൽ വർത്തിക്കാൻ വേണ്ട ആശയ വിപുലതയും സ്വഭാവഗുണവും ഉദ്ദേശ്യസാമ്യവും ഉണ്ടായിരിക്കുന്ന ആളുകളെ കണ്ടുകിട്ടുന്നതല്ലെന്നുള്ളതാണ് ഇതിനു കാരണമെന്നു തോന്നുന്നു. ഏതായാലും മെത്രാപ്പോലീത്താ അവർകളുടെ ഹൃദയം തുറന്നുകണ്ടിട്ടുള്ളവരായി ആരുമില്ലായിരുന്നു എന്നുള്ളതു തീർച്ചയാണ്. അപ്പഴപ്പോൾ ഇടപെടുന്ന സംഗതികളെ സംബന്ധിച്ച് ആവശ്യമുള്ളിടത്തോളം കാര്യങ്ങളെപ്പറ്റി അദ്ദേഹം സ്വതന്ത്രമായി സംസാരിക്കയും ആലോചിക്കയും ചെയ്തുവന്ന പലരും ഉണ്ടായിരുന്നുവെങ്കിലും



അദ്ദേഹത്തിൽനിന്ന് അനേകം മൈൽ അകലെയാണ് വാസ്തവത്തിൽ തങ്ങൾ നിൽക്കുന്നതെന്ന് ബോധമില്ലാത്തവരായി ആരുമില്ലായിരുന്നു. 1055 മകരമാസത്തിൽ ആണെന്നു തോന്നുന്നു, അദ്ദേഹത്തിന്റെ നവപൂജാർപ്പണം. എന്റെ ഇടവകപ്പള്ളിയായ നിരണത്തു പള്ളിയിൽവച്ചു നിർവഹിച്ചതിനെപ്പറ്റിയാണു (അന്ന് എനിക്ക് 7 വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളു) അദ്ദേഹത്തെപ്പറ്റി എനിക്ക് ഒന്നാമതായി ഉണ്ടായിരുന്ന സ്മരണ. എന്റെ വാസസ്ഥലത്തുനിന്ന് ഒരു മൈൽ മാത്രം അകലമുള്ള പരുമല സിമ്മനാരിയിൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ശിഷ്യനും പിന്നീട് മെത്രാപ്പോലീത്തായ്ക്കു പകരം സുറിയാനി മൽപ്പാനുമായി അദ്ദേഹം ജീവിതം കഴിച്ചുകൂട്ടി വന്നതിനാൽ അന്നുമുതൽ ഞങ്ങൾ തമ്മിലുള്ള പരിചയം ആരംഭിച്ചതായി കണക്കാക്കാവുന്നതാണ്. 1072 -ൽ അദ്ദേഹം കോട്ടയം എം. ഡി. സിമ്മനാരിയിലെ പ്രിൻസിപ്പലായും ഞാൻ ഒരു ഉപാദ്ധ്യായനായും ജോലി സ്വീകരിച്ചതു മുതൽ 1078 -ൽ ആണെന്നു തോന്നുന്നു അദ്ദേഹം റമ്പാൻ സ്ഥാനം സ്വീകരിച്ചതുവരെ ഞങ്ങൾ ദിവസേന പല കാര്യങ്ങളിൽ ഇടപെട്ടുകൊണ്ടിരുന്നു. റമ്പാനായശേഷം അദ്ദേഹത്തിന്റെ സ്ഥിരതാമസം പരുമല സിമ്മനാരിയിൽ ആക്കുകയും അതുമുതൽ പല കാര്യങ്ങളിലും ഞങ്ങൾ ഇടപെടുകയും ചെയ്തിട്ടുണ്ട്. ഞങ്ങൾ തമ്മിൽ സമുദായ കാര്യങ്ങളിൽ ചിലപ്പോഴെല്ലാം പ്രബലമായ അഭിപ്രായ വ്യത്യാസം ഉണ്ടായിട്ടുണ്ടെന്നിരുന്നാലും എനിക്ക് അദ്ദേഹത്തെപ്പറ്റി സീമാതീതമായ സ്നേഹബഹുമാനങ്ങളുണ്ടായിരുന്നു. അദ്ദേഹത്തിന് എന്നോടും വ്യക്തിപരമായി യാതൊരു നീരസത്തിനും സംഗതി ഉണ്ടായിട്ടില്ലെന്നാണ് എന്റെ വിശ്വാസം. ഇങ്ങനെ 50 വർഷത്തിലധികം കാലം ഞങ്ങൾ വളരെ അടുത്തു സംസർഗം ചെയ്തിട്ടുണ്ടെങ്കിലും അപ്പഴപ്പോൾ ആലോചനാവിഷയമായ സംഗതിയെപ്പറ്റി സംസാരിച്ചിട്ടുള്ളതു കൂടാതെ അദ്ദേഹത്തിന്റെ ഉള്ളറയുടെ ഒരു കോണെങ്കിലും തുറന്നുകാണിച്ചു തന്നിട്ടുള്ളതായി രണ്ടോ മൂന്നോ സന്ദർഭങ്ങൾ മാത്രമേ എന്റെ ഓർമ്മയിൽ വരുന്നുള്ളു. എം. ഡി. സിമ്മനാരിയിൽ ഒരു ദിവസം ഞങ്ങൾ രണ്ടുപേരുംകൂടി മൈതാനത്തു നടന്നു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഒരു ജീവിതരഹസ്യത്തെപ്പറ്റി എന്നോടു സംസാരിച്ചു. പരുമല സിമ്മനാരിയിൽ മല്പാനായിരുന്നപ്പോൾ അദ്ദേഹത്തിന് അതികഠിനമായ ഒരു ചുമ പിടിപെട്ടു. ആ സമയം അദ്ദേഹത്തിന് ഏകദേശം 27 വയസ്സ് പ്രായമായിരുന്നെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനും ഇപ്പോൾ പരുമല സിമ്മനാരി മാനേജരായിരിക്കുന്ന കൊച്ചച്ചന്റെ പിതാമഹനുമായിരുന്നയാൾ - അദ്ദേഹവും ഒരു കത്തനാരായിരുന്നു - ഈ പ്രായത്തിൽ ക്ഷയരോഗം പിടിപെട്ട് മരിച്ചിട്ടുണ്ടായിരുന്നു. കടുത്ത ക്ഷയരോഗമാണ് തന്നെ ബാധിച്ചിട്ടുള്ളതെന്നും രക്ഷപ്പെടുമെന്നു വലിയ ആശയില്ലെന്നും വൈദ്യന്മാർ അഭിപ്രായപ്പെട്ടുമിരുന്നു.

മനുഷ്യശക്തികൊണ്ടു രക്ഷപ്രാപിക്കുമെന്നു യാതൊരാശയുമില്ലാതിരുന്ന ആ സമയത്തിൽ – തന്റെ ആ ചെറു പ്രായത്തിൽ – എന്തെങ്കിലും ചില കാര്യങ്ങൾ ചെയ്യണമെന്നുണ്ടായിരുന്ന ആശകൾ അല്പമായിട്ടെങ്കിലും സഫലീഭവിക്കുന്നതിനു മുമ്പായി ലോകം വിട്ടുപോകയെന്നുള്ളത് അതികഠിനമായ മനോവേദനയ്ക്കു കാരണമായി തീർന്നു എന്നും തനിക്ക് രോഗത്തിൽനിന്നു മോചനം നൽകണമെന്നു ദൈവസന്നിധിയിൽ തീവ്രമായി പ്രാർത്ഥന നടത്തി എന്നും തന്റെ ഈ പ്രാർത്ഥന ദൈവം സ്വീകരിക്കുന്നപക്ഷം ശിഷ്ടായുസ്സു ദൈവതിരുനാമമഹത്വത്തിനു മാത്രമായി വിനിയോഗിക്കുന്നതാണെന്ന് മനസ്സുകൊണ്ട് ഒരു ശപഥം ചെയ്തിട്ടുണ്ടെന്നും അദ്ദേഹം എന്നോടു പറയുകയുണ്ടായി. അദ്ദേഹത്തിനു തന്നെ തൃപ്തികരമായിട്ടില്ലെന്നിരുന്നാലും – പലയാളുകളും അദ്ദേഹത്തെപ്പറ്റി അനേകതരം കുറ്റാരോപണങ്ങൾ ചെയ്യുന്നതിനിടയായിട്ടുണ്ടെന്നിരുന്നാലും – ഈ ശപഥത്തെ ദൈവതിരുസന്നിധിയിൽ സ്വീകാര്യമായവിധത്തിൽ അദ്ദേഹം ജീവാവസാനംവരെ നിറവേറ്റിയിട്ടുണ്ടെന്ന് 50 ൽ ചില്വാനം സംവത്സരക്കാലത്തിലെ ഏറ്റവും അടുത്തുള്ള പരിചയത്തെ അടിസ്ഥാനപ്പെടുത്തി യാതൊരു സംശയവും കൂടാതെ ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. പിന്നീടൊരവസരത്തിൽ വിശ്വാസമുണ്ടെങ്കിൽ മലകളുടെ സ്ഥാനം മാറ്റാമെന്നും മറ്റും കർത്താവ് കല്പിച്ചിട്ടുള്ളതിന്റെ സാരമെന്താണെന്ന് എന്നോടദ്ദേഹം ചോദിച്ചു. എത്ര പ്രയാസമുള്ള അപേക്ഷകളും – അവ ന്യായമായിരുന്നാൽ – പരിപൂർണ്ണമായ വിശ്വാസത്തോടുകൂടി ദൈവത്തോട് യാചിക്കുന്നതായാൽ ദൈവം അവ സാധിപ്പിച്ചു തരുമെന്നാണെന്നു ഞാൻ മറുപടി പറഞ്ഞു. എന്നാൽ ഈ വാക്യം ആന്തരാർത്ഥത്തിൽ മാത്രമല്ല അക്ഷരപ്രകാരം വാസ്തവമാണെന്നും ദൈവവിശ്വാസത്തിൽ വേണ്ടിടത്തോളം വളർച്ച പ്രാപിക്കുന്നവർക്ക് യഥാർത്ഥമായി മല മാറ്റുക മുതലായ സംഗതികൾ നിർവഹിക്കുന്നതിനുള്ള ദൈവിക ശക്തി ലഭിക്കുന്നതാണെന്നു തന്റെ അനുഭവത്തിൽ നിന്നു ബോധ്യപ്പെട്ടിട്ടുണ്ടെന്നുമായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഭക്തിവേഷം നടിക്കുകയും ഈശ്വരഭക്തനാണെന്നു മറ്റുള്ളവരെ കാണിക്കുകയും ചെയ്യുന്നതിനെപ്പോലെ അദ്ദേഹം ഇത്ര കഠിനമായി വെറുത്തുവന്ന മറ്റൊരു സംഗതിയുമില്ലായിരുന്നു എന്നുള്ളതു പ്രീശന്മാർ മുതലായ യൂദസമുദായ നേതാക്കന്മാരുടെ കപടഭക്തിയെപ്പറ്റി യേശുമിശിഹായുടെ ശാസനകളെക്കുറിച്ച് അദ്ദേഹം പള്ളികളിൽവച്ചു ചെയ്തിട്ടുള്ള പ്രസംഗങ്ങൾ കേട്ടിട്ടുള്ളവർക്കും അദ്ദേഹത്തിന്റെ ജീവിതസമ്പ്രദായം കണ്ടറിഞ്ഞിട്ടുള്ളവർക്കും വിശ്വസിക്കാൻ യാതൊരു പ്രയാസവുമുണ്ടാകുന്നതല്ല. ക്രമത്തിലധികമായ ഭക്തിവേഷം നടിച്ചുവന്ന ഒരു ശെമ്മാശ്ശൻ ഒരിക്കൽ അദ്ദേഹത്തെ സന്ദർശിച്ചു. കൈമുത്തിയശേഷം ധ്യാനത്തിൽ നിമഗ്നനെന്നുള്ള വിധത്തിൽ ഗൗരവമുഖത്തോടുകൂടി തലകുനിച്ചുകൊണ്ട് ശെമ്മാശൻ



നിലയായി. സ്വല്പനേരം കഴിഞ്ഞപ്പോൾ “തന്റെ പ്രാർത്ഥന അവസാനിപ്പിച്ചിട്ടില്ലെങ്കിൽ പള്ളിയിലേയ്ക്കുപോയി അതു പൂർത്തിയാക്കിയശേഷം വരിക” എന്നു മെത്രാപ്പോലീത്താ ശെമ്മാശനോടു പറഞ്ഞതായി എനിക്കു സൂക്ഷ്മമായി അറിയാവുന്നതാണ്. പക്ഷെ അതിരുകടന്ന തൊലിക്കട്ടിയുള്ളവർക്കല്ലാതെ ആ ഗംഭീരസന്നിധിയിൽ ഈ തരം നാടകം അഭിനയിക്കുവാനുള്ള ധൈര്യം ഉണ്ടായിട്ടില്ല. ഇങ്ങനെ വളരെ വളരെ ചുരുക്കമായ ചില സന്ദർഭങ്ങളിലല്ലാതെ അദ്ദേഹത്തിന്റെ ഹൃദായന്തർഭാഗത്തിലെ സംഗതികളെപ്പറ്റി എന്നോട് എന്തെങ്കിലും സംസാരിച്ചിട്ടില്ലെന്നുള്ളത് നിശ്ചയമാണ്. അദ്ദേഹത്തോടടുത്തു പരിചയപ്പെട്ടിട്ടുള്ള മറ്റെല്ലാവരുടെയും അനുഭവങ്ങളും ഇങ്ങനെയായിരുന്നു എന്ന് അവരിൽനിന്നുതന്നെ ഞാനറിഞ്ഞിട്ടുള്ളതാണ്.

(മലയാള മനോരമ, 1934 ഫെബ്രുവരി 27)



*വട്ടശ്ശേരിൽ തിരുമേനിയുടെ പ്രശസ്തനായ പ്രൈവറ്റ് സെക്രട്ടറി, ദിവ്യശ്രീ. മണലിൽ യാക്കോബു കത്തനാർ*

# 5

# ആനപ്പാപ്പി എന്ന രക്തസാക്ഷി

മലങ്കരസഭയുടെ സുദീർഘമായ ചരിത്രത്തിലെ ദുഃഖം തളംകെട്ടിനിൽക്കുന്ന ഒരു അദ്ധ്യായം വായനക്കാരുടെ ഹൃദയത്തെ നൊമ്പരപ്പെടുത്താതിരിക്കില്ല. വായന കഴിഞ്ഞ് ഗ്രന്ഥം മടക്കിവെച്ചാലും ചോരപ്പാട് വീണ ഒരു ചിത്രം മനസ്സിൽ തെളിഞ്ഞുനിൽക്കും. മുപ്പത്തിയഞ്ചാം വയസ്സിൽ മൃഗീയമായി കൊല്ലപ്പെട്ട ആനപ്പാപ്പി എന്നു വിളിച്ചുവന്ന വർക്കി വർഗീസ് ആശാന്റെ - അഭ്യസ്തവിദ്യനും, സഭാസ്നേഹിയും, അസാമാന്യമല്ലനുമായിരുന്ന പാപ്പിസാറിനെ - പേപ്പട്ടിയെ തല്ലിക്കൊല്ലുന്നപോലെ തലതല്ലിത്തകർത്ത് കൊന്ന ഭയാനകരംഗം മനുഷ്യചേതനയെ എന്നെന്നും അസ്വസ്ഥമാക്കുകയും, ഹൃദയതന്ത്രികളെ വല്ലാതെ വേദനിപ്പിക്കുകയും ചെയ്യും.

സിംഹഹൃദയനായ വട്ടശ്ശേരിൽ തിരുമേനി ഏതു കടുത്ത പ്രതിസന്ധികളേയും ധീരമായി നേരിടുകയാണ് പതിവ്. വട്ടിപ്പണക്കേസിൽ വീരരാഘവഅയ്യങ്കാരുടെ വിധി ദോഷമായി വന്നു എന്ന കമ്പിസന്ദേശം ലഭിച്ചപ്പോൾ പോലും അദ്ദേഹം ഒട്ടും കുലുങ്ങിയില്ല. കമ്പിസന്ദേശം വായിച്ചുകേട്ട് ചുറ്റും നിന്നവർ ഏങ്ങലടിച്ചുകരഞ്ഞു. പക്ഷേ തിരുമേനിക്ക് സ്വല്പം പോലും പരിഭ്രമമുണ്ടായില്ല. കുന്നംകുളം പഴയപള്ളിയിൽവെച്ച് സന്ധ്യാപ്രാർത്ഥന നടത്തിക്കൊണ്ടിരുന്നപ്പോൾ, തന്നെ അറസ്റ്റുചെയ്യുവാൻ തലപ്പിള്ളി ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ടും, ഒരു ബറ്റാലിയൻ പോലീസുകാരും പള്ളിയിൽ എത്തിയിരിക്കുന്നു എന്ന സംഭ്രമജനകമായ വാർത്ത കേട്ടപ്പോഴും അദ്ദേഹത്തിന്റെ മുഖത്ത് ഭാവഭേദമുണ്ടായില്ല. എന്നാൽ തന്റെ അംഗരക്ഷകരിൽ പ്രധാനിയായ പാപ്പിയെ എതിർകക്ഷികൾ തലതല്ലിത്തകർത്തിട്ടിരിക്കുന്നു എന്ന ദാരുണമായ വാർത്ത കേട്ടപ്പോൾ അദ്ദേഹം വിതുമ്പിപ്പോയി. പഴയസെമിനാരിയുടെ മുറ്റത്ത് മൃതപ്രായനായ പാപ്പിയെ കൊണ്ടുവന്നു കിടത്തിയിരിക്കുന്നു എന്നു അറിയിച്ചപ്പോൾ തിരുമേനിക്ക് സങ്കടം അടക്കാനായില്ല. ആ കണ്ണുകളിൽനിന്ന് കണ്ണുനീർ അടർന്നുവീണു. പരിക്ഷീണനായ തിരുമേനി മുറിയിലെ ചാരുകസേരയിൽ തളർന്നുകിടന്നു കരഞ്ഞു. ആനപ്പാപ്പി കൊലക്കേസിൽ 19 -ാം സാക്ഷിയായി വട്ടശ്ശേരിൽ തിരുമേനിയെ സെഷൻസ് കോർട്ടിൽ വിസ്തരിച്ചിരുന്നു. "എന്റെ ദേഹരക്ഷയ്ക്കായി വന്നയാളിനെ തല്ലിക്കൊന്നല്ലോ എന്ന വേദനകൊണ്ട് ഞാൻ പാപ്പിയെ പോയി കണ്ടില്ല" എന്ന് അദ്ദേഹം



മൊഴികൊടുത്തു (ഇവിടെ സാക്ഷിക്ക് ഗദ്ഗദസ്വരമായി നേത്രങ്ങളിൽ അശ്രുകണങ്ങൾ നിറഞ്ഞു എന്ന് ജഡ്ജി രേഖപ്പെടുത്തി).

ഇനി നമുക്ക് ചോരയിൽ കുതിർന്ന അദ്ധ്യായത്തിലെ ഓരോ താളും സാവധാനം മറിച്ചുനോക്കാം. രക്തക്കറ വീണ് ഒട്ടിപ്പിടിച്ച ആ ഏടുകൾക്ക് പറയാനുള്ള കദനകഥ മലങ്കരസഭയിലെ ഓരോ കുഞ്ഞും അറിഞ്ഞിരിക്കേണ്ടതാണ്. ആനപ്പാപ്പിയെ തല്ലിക്കൊന്നു എന്ന് പഴയതലമുറയിലെ ആളുകൾ പറയുന്നത് പലരും കേട്ടിരിക്കും. പാപ്പി ആരായിരുന്നുവെന്നോ, ആ വധത്തിനു പിന്നിലുണ്ടായിരുന്ന ഗൂഢശക്തികൾ ആരൊക്കെയായിരുന്നുവെന്നോ ഇപ്പോഴത്തെ തലമുറയിലെ പലർക്കും ഒരെത്തും പിടിയും ഉണ്ടായിരിക്കയില്ല. അതിനെക്കുറിച്ച് വേണ്ടത്ര അറിവുപകർന്നുകൊടുക്കാൻ ഉതകുന്ന കൃതികളും വിരളമായിരുന്നു. പാപ്പിസാറിനെ പുറംലോകത്തിന് സത്യസന്ധമായി പരിചയപ്പെടുത്തണമെന്ന തീവ്രമായ അഭിലാഷമാണ് "ആനപാപ്പി" എന്ന ഗ്രന്ഥം എഴുതാൻ ഞങ്ങൾക്ക് പ്രചോദനം നൽകിയത്. 2000 ഡിസംബറിൽ ഞങ്ങൾ എഴുതിയ പാപ്പിയുടെ ജീവചരിത്രം കോട്ടയ്ക്കൽ പബ്ലീഷേഴ്സ്, മാങ്ങാനം പ്രസിദ്ധീകരിച്ചതുവഴി മലങ്കരസഭയുടെ രക്തസാക്ഷിയായ ആ ധീരപുരുഷനോട് ചെയ്യേണ്ട കടപ്പാട് പൂർണ്ണമായിട്ടല്ലെങ്കിലും കുറച്ചൊക്കെ ചെയ്തുതീർത്തു എന്നൊരു ആശ്വാസം ഞങ്ങൾക്കുണ്ടായി.

തിരുവല്ലയ്ക്കു സമീപം പെരിങ്ങരക്കരയിൽ കാരയ്ക്കൽ സെന്റ് ജോർജ്ജ് പള്ളിക്കടുത്തുള്ള പണിക്കരുവീട്ടിൽ വർക്കി ആശാന്റെയും കാരയ്ക്കൽ ചക്കുംവീട്ടിൽ മറിയാമ്മയുടേയും ഏകമകനാണ് അദ്ധ്യാപകനായിരുന്ന പാപ്പി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന വർക്കി വറുഗീസ്. അന്നത്തെക്കാലത്ത് മട്രിക്കുലേഷൻ വരെ പഠിച്ച പാപ്പി അദ്ദേഹത്തിന്റെ പിതാവിനെപ്പോലെ അദ്ധ്യാപകനായിട്ടാണ് ഔദ്യോഗിക ജീവിതമാരംഭിച്ചത്. അദ്ദേഹത്തിന്റെ പിതാമഹനും അദ്ധ്യാപകനായിരുന്നു. മൂന്നു തലമുറ അദ്ധ്യാപകവൃത്തിയെ സ്വീകരിച്ച ഒരു കുടുംബമാണ് പാപ്പിയുടേതെന്ന് മലങ്കരസഭയിൽ എത്രപേർക്ക് അറിയാം. കല്ലൂപ്പാറക്കടുത്തുള്ള ഒരു ഗവ. എൽ. പി. സ്കൂളിലാണ് അദ്ദേഹം അദ്ധ്യാപകനായിരുന്നത്. സാമാന്യം ഭേദപ്പെട്ടനിലയിൽ കഴിഞ്ഞുകൂടുവാനുള്ള സമ്പത്ത് വീട്ടിൽ ഉണ്ടായിരുന്നു.

പെരിങ്ങര ആറ്റുപുറത്ത് കുടുംബത്തിലെ അന്നമ്മയെയാണ് പാപ്പി വിവാഹം ചെയ്തിരുന്നത്. 35 -ാം വയസ്സിൽ വധിക്കപ്പെട്ട പാപ്പിക്ക് ഒരു പുത്രനും മൂന്നു പുത്രിമാരുമാണ് ഉണ്ടായിരുന്നത്. പാപ്പി മരിക്കുമ്പോൾ ഇളയ പെൺകുഞ്ഞിന് വെറും മൂന്നു മാസം മാത്രം പ്രായം. 92 വയസ്സുള്ള റാഹേലമ്മ എന്നു പേരുള്ള ആ വനിത ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഞങ്ങൾ എഴുതിയ 'ആനപ്പാപ്പി' എന്ന ഗ്രന്ഥത്തിന്റെ പ്രകാ

ശനകർമ്മത്തിൽ പങ്കെടുക്കാൻ 2000 ഡിസംബർ 21 -ാം തീയതി റാഹേലമ്മയും കുടുംബവും കോട്ടയത്തു വന്നിരുന്നു. മലങ്കരസഭയ്ക്കുവേണ്ടി ജീവൻ അർപ്പിച്ച ആ രക്തസാക്ഷിയുടെ മകളെ സദസ്സിന് പരിചയപ്പെടുത്തിക്കൊടുത്ത് ആദരിക്കാനും അവരെ പൊന്നാട അണിയിച്ച് അനുമോദിക്കാനും സാധിച്ചതിൽ ഞങ്ങൾക്ക് കൃതാർത്ഥതയുണ്ട്. സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് റാഹേലമ്മ സംസാരിക്കുകയുണ്ടായി. നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസാണ് പൊന്നാട അണിയിച്ചത്.

പാപ്പിയുടെ ഭാര്യവീട്ടുകാർ ആറ്റുപുറം സ്ഥലം വിൽക്കാൻ ഒരുങ്ങിയപ്പോൾ ആ സ്ഥലം പാപ്പി ആശാൻ വാങ്ങുകയാണ് ഉണ്ടായത്. കാരയ്ക്കലെ സ്ഥലം വിറ്റ് പാപ്പിസാറ് ആറ്റുപുറത്തു വാങ്ങിയ സ്ഥലത്ത് താമസം തുടങ്ങി. അങ്ങിനെയാണ് പെരിങ്ങരയിൽ നിന്ന് ആറ്റുപുറത്തു വരുവാൻ ഇടയായത്.

പാപ്പി സാറിനെ തിരുവിതാംകൂർ ഗവണ്മെന്റിൽ എക്സൈസ് വകുപ്പിൽ റേഞ്ചറായി നിയമിച്ചിരുന്നു. ആ ഉത്തരവു കിട്ടിയശേഷമാണ് സർവ്വീസിൽ ചേരാതെ കോട്ടയത്തേക്ക് പോയതെന്ന് അറിയാൻ കഴിഞ്ഞു. സഭാസ്നേഹം ഒന്നുകൊണ്ടു മാത്രമാണ് പാപ്പി ജോലി ഇട്ടെറിഞ്ഞ് പഴയസെമിനാരിയിലേക്ക് കുതിച്ചത്. മലങ്കര മെത്രാപ്പോലീത്തായായ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയെ എതിർകക്ഷികൾ പലവിധത്തിൽ ദ്രോഹിക്കുന്നു എന്ന ദുഃഖകരമായ വാർത്ത ലഭിച്ചതിനെതുടർന്നു തിരുവല്ല, നിരണം, മാവേലിക്കര മുതലായ ശക്തമായ തെക്കൻ ഇടവകകളിൽ നിന്ന് പലരും പഴയസെമിനാരിയിൽ ഓടിഎത്തുകയും മേലിൽ ശല്യമുണ്ടാകാതിരിക്കാൻ ചില അഭ്യാസികളെ അവിടെ തിരുമേനിയുടെ അംഗരക്ഷകരായി നിയോഗിക്കുകയും ചെയ്തു. തിരുവല്ലയിൽ നിന്നു നിയോഗിക്കപ്പെട്ടവരിൽ ഒരാളായിരുന്നു പാപ്പിസാറ്. അദ്ദേഹത്തെ അയച്ചത് താനായിരുന്നു എന്ന് കെ. എം. മാമ്മൻ മാപ്പിള (കൊച്ചുമാമ്മൻ വക്കീൽ) വട്ടിപ്പണക്കേസിൽ മൊഴി കൊടുത്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച കാര്യത്തിന് നേതൃത്വം കൊടുത്തതു കെ. സി. ഈപ്പനാണത്രെ. പാപ്പിയെ കോട്ടയത്തേക്കു അയയ്ക്കുമ്പോൾ പാപ്പിയുടെ കഴുത്തിൽ ഒരു കസവു കവണികൊണ്ട് പൊന്നാട ചാർത്തി അനുമോദിച്ചത് കെ. സി. ഈപ്പനാണ്. പാപ്പിയെ തിരുവല്ലായിൽനിന്ന് താൻ കൊണ്ടുവന്നു എന്ന് ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് 'ഗിരിദീപം' എന്ന ഗ്രന്ഥത്തിൽ അവകാശപ്പെടുന്നുണ്ട്. മുകളിൽ പറഞ്ഞവരെല്ലാം ഇക്കാര്യത്തിൽ സഹകരിച്ചു എന്നു വേണം വിചാരിക്കാൻ. വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ദിവ്യശ്രീ മണലിൽ യാക്കോബ് കത്തനാർ 5 - 3 - 1992 ൽ അഡ്വ. പി. സി. മാത്യുവിന് അയച്ച കത്തിൽ



സെമിനാരിയിൽ എതിർകക്ഷികൾ വഴക്കുണ്ടാക്കിയും, ചില കേഡികളായ മുഹമ്മദീയർ മെത്രാപ്പോലീത്തായെ ചീത്തപറഞ്ഞും മറ്റും ഉപദ്രവിക്കാൻ തുടങ്ങിയപ്പോൾ തിരുവല്ലാപ്രമാണികൾ ആനപ്പാപ്പിയെ ദേഹരക്ഷയ്ക്ക് കൊണ്ടുവന്നതാണെന്ന് എഴുതിയിട്ടുണ്ട്. മുകളിൽ പറഞ്ഞിട്ടുള്ളവരെല്ലാംതന്നെ 'തിരുവല്ലാ പ്രമാണികൾ' എന്ന ഗണത്തിൽ വരും.

പാപ്പിയെ കോട്ടയത്തേക്കു കൊണ്ടുവരാൻ ഇടയാക്കിയ സംഭവവികാസങ്ങളെക്കുറിച്ച് ചുരുക്കമായി പ്രതിപാദിക്കാം. മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് 1909 ജൂലായ് 11 -ാം തീയതി ഞായറാഴ്ച കാലം ചെയ്തു. പിൻഗാമിയായി വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അധികാരമേറ്റു. ഈ സമയം അബ്ദുള്ള പാത്രിയർക്കീസ് ബാവാ മലങ്കരയിൽ വന്നെത്തി. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പരമാധികാരം മലങ്കരസഭയുടെ മേൽ അരക്കിട്ട് ഉറപ്പിക്കാൻ തയ്യാറെടുത്തുവന്ന അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലുള്ള മെത്രാന്മാർ എല്ലാവരും ഉടമ്പടി നൽകണമെന്നും അങ്ങിനെ നൽകുന്നവർക്ക് മാത്രമേ മേലിൽ മെത്രാൻ സ്ഥാനം നൽകുകയുള്ളുവെന്നും കൽപ്പിച്ചു. വട്ടശ്ശേരിൽ തിരുമേനി ഉടമ്പടി കൊടുക്കാൻ തയ്യാറായില്ല. മലങ്കരയുടെ പൂർവ്വിക ചരിത്രത്തിൽ അങ്ങിനെ ഉടമ്പടികൊടുക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല. മലങ്കരസഭയുടെ സ്വാതന്ത്ര്യം അടിയറവെക്കുന്ന അത്തരം ഉടമ്പടി കൊടുക്കില്ലെന്ന് വട്ടശ്ശേരിൽ തിരുമേനി തീർത്തുപറഞ്ഞു.

മലങ്കരസഭയിൽ ആത്മീയവും, ലൗകികവുമായ വിഷയങ്ങളിൽ സഭാഭരണം നടത്തിയിട്ടുള്ളത് മലങ്കര മെത്രാപ്പോലീത്താമാരാണ്. വിദേശത്തുനിന്നു വന്ന ചില മേൽപട്ടക്കാർ മലങ്കരസഭ ഭരിക്കാൻ ശ്രമിച്ചത് പല കുഴപ്പങ്ങൾക്കും ഇടയായി. മലങ്കരസഭാ സംബന്ധമായ ലൗകിക കാര്യങ്ങളിൽ ശീമമെത്രാന്മാർ പ്രവേശിച്ചുകൂടാ എന്നും, ആത്മീയവിഷയത്തിൽ സഭയെ സഹായിപ്പാൻ മാത്രമേ അവർക്ക് അധികാരമുള്ളുവെന്നും തീരുമാനമുണ്ടായിട്ടുണ്ട്. 1889 ലെ റോയൽകോർട്ട് വിധി നോക്കിയാൽ ഇതു മനസ്സിലാക്കാം. ഇതിനെതിരായിട്ടാണ് മലങ്കരസഭയിൽ ലൗകികഅധികാരവും, ഉൾഭരണവും തനിക്ക് ലഭിക്കണമെന്ന് പാത്രിയർക്കീസ് ശഠിച്ചത്. പല വിധത്തിലും വട്ടശ്ശേരിൽ തിരുമേനിയെ വശംവദനാക്കുവാൻ പാത്രിയർക്കീസ് ബാവാ പരിശ്രമിച്ചു. അതൊന്നും നടക്കാതെ വന്നപ്പോൾ "എന്നാൽ ഇതിന്റെ ദോഷഫലം നിങ്ങൾ അനുഭവിക്കും; ഊർശ്ലേം ഈവാനിയോസിന്റെ കഥ നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ" എന്ന് ബാവാ ഭീഷണിപ്പെടുത്തി. ഉടമ്പടി തന്നില്ലെങ്കിൽ മുടക്കും എന്ന് പാത്രിയർക്കീസ് കൽപിച്ചപ്പോൾ "മുടക്കിയാൽ അതു ഒരു സ്വർണ്ണമാല പോലെ ധരിക്കും" എന്ന് മലങ്കര മെത്രാപ്പോലീത്താ തിരിച്ചടിച്ചു.

അതോടെ രംഗം ചൂടാവാൻ തുടങ്ങി. സമുദായം രണ്ട് ചേരിയായി തിരിഞ്ഞ് വഴക്ക് ആരംഭിച്ചു. അത്മായ ട്രസ്റ്റി. സി. ജെ. കുര്യനും, വൈദിക ട്രസ്റ്റി കോനാട്ടു മാത്തൻ മല്പാനും പാത്രിയർക്കീസിനോട് ചേർന്നുനിന്നു. വട്ടശ്ശേരിൽ തിരുമേനിയെ ഒതുക്കാൻ വേണ്ട തന്ത്രങ്ങൾ പാത്രിയർക്കീസിന് അപ്പപ്പോൾ ഉപദേശിച്ചുകൊടുത്തിരുന്നതു ഇവരായിരുന്നു. കൂറിലോസ് മെത്രാപ്പോലീത്താ, അത്താനാസിയോസ് മെത്രാപ്പോലീത്താ തുടങ്ങിയവർ പഴയസെമിനാരിയിൽ വന്ന് താമസം തുടങ്ങി. പാത്രിയർക്കീസ് ബാവായും, ശീമയിൽ നിന്ന് അദ്ദേഹത്തിന്റെ കൂടെ വന്നിരുന്ന റമ്പാന്മാരും പരിവാരങ്ങളും പഴയസെമിനാരിയുടെ കിഴക്കേ ഭാഗത്ത് മൂന്നാമത്തെ നിലയും, പടിഞ്ഞാറ് ഭാഗത്ത് രണ്ടാമത്തെ നിലയിലെ വടക്കേ മുറിയും, കമ്മിറ്റി മാളികയും കൈവശം വച്ചു. വട്ടശ്ശേരിൽ തിരുമേനിയും മട്ടയ്ക്കൽ മല്പാനച്ചനും, ശെമ്മാശ്ശന്മാരും താമസിച്ചുവന്ന ചുരുക്കം ചില മുറികളൊഴിച്ച് മിക്ക മുറികളുടേയും താക്കോലുകളും പാത്രിയർക്കീസ് ബാവായുടേയും സിൽബന്ധികളുടേയും അധീനത്തിലായി. ഇതിനെ തുടർന്നാണ് 'സമരിക്കേസ്' എന്നു പറഞ്ഞുവരുന്ന സെമിനാരിക്കേസ് ആരംഭിച്ചത്. സെഡ്. എം. പാറേട്ടിന്റെ ഭാഷയിൽ പറഞ്ഞാൽ വട്ടശ്ശേരിൽ തിരുമേനിയെ "തടുത്തുകൂട്ടിവാരി" ക്ഷണത്തിൽ പുറത്തെറിഞ്ഞ് വിജയിക്കുന്നതിനുള്ള ഒരു വഴിയായിട്ടാണ് നിയമബോധം തൊട്ടുതേച്ചിട്ടില്ലാത്ത കൂട്ടുകക്ഷികൾ ഈ കേസിനെ വീക്ഷിച്ചതെന്നാണ് ധരിക്കേണ്ടത്. പ്രസ്തുത കേസിൽ വിജയം ലഭിക്കുന്നതിന് മലങ്കര മെത്രാപ്പോലീത്തായെ മുടക്കാതെ യാതൊരു രക്ഷയുമില്ലെന്ന് ബാവായും അദ്ദേഹത്തിന്റെ ഉപദേശകവൃന്ദവും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയത്. പഴയസെമിനാരിയിലെ അടുത്തമുറിയിൽ താമസിക്കുന്ന വട്ടശ്ശേരിൽ തിരുമേനിക്ക് അടിയന്തിരത്തിൽ അഞ്ചൽമാർഗം മുടക്കുകല്പന അയച്ചു. സാധാരണ, മുടക്കിന് മുമ്പ് ചെയ്യേണ്ടതായ യാതാരു കാനോനിക നടപടിയും ചെയ്തില്ല. മേൽപട്ടക്കാരുടെ സുന്നഹദോസ് കൂടി മെത്രാപ്പോലീത്തായുടെ സമാധാനം ആവശ്യപ്പെടുകയും ചെയ്തിരുന്നില്ല. മാർ ദീവന്നാസ്യോസിനെ മുടക്കിയാൽ മെത്രാപ്പോലീത്തായ്ക്ക് കേസിൽ കക്ഷിയായി വാദിക്കുകയും കേസ് നടത്തുകയും ചെയ്യാൻ പറ്റാതെ വരുമെന്നായിരുന്നു എതിർകക്ഷികളുടെ കണക്കുകൂട്ടൽ. പക്ഷേ കാര്യങ്ങളൊന്നും അവർ വിചാരിച്ചപോലെ അവസാനിച്ചില്ല. നിയമം അതിന്റെ വഴിക്കു തന്നെ നീങ്ങി.

സെമിനാരിയെ സംബന്ധിക്കുന്ന ആദ്യ മജിസ്ട്രേട്ട് കോർട്ട് വിധി 1087 ചിങ്ങം 18 ന് ഉണ്ടായി. മെത്രാപ്പോലീത്തായുടെ കൈവശം സ്ഥാപിച്ചാണ് മജിസ്ട്രേട്ട് രാഘവാചാരി തീർപ്പു കല്പിച്ചത്. പാത്രിയർക്കീസ് ഭാഗം മുട



ക്കിലൂടെ വളർത്തിക്കൊണ്ടുവന്ന ആകാശക്കോട്ട അതോടെ തകർന്നു വീണു. ഇതിനെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ ഞങ്ങൾ എഴുതിയ 'ആനപ്പാപ്പി' എന്ന ഗ്രന്ഥത്തിൽ പേജ് 44 മുതൽ ഉള്ള ഭാഗങ്ങളിൽ കാണാം.

പ്രതികാര വിഷജ്വാല ഏറ്റ കോനാട്ട് മാത്തൻ മൽപ്പാനും, സി. ജെ. കുര്യനും മജിസ്ട്രേട്ടിന്റെ വിധിയിന്മേൽ ഹൈക്കോർട്ടിൽ റിവിഷൻ കൊടുത്തു. മെത്രാപ്പോലീത്തായ്ക്കും കോട്രസ്റ്റികൾക്കും സെമിനാരിക്കു കൂട്ടവകാശം ഉണ്ടെന്ന് അവിടെ വിധിയുണ്ടായി. ഈ വിധിയോടെ, തണുത്തുകിടന്നിരുന്ന സഭാന്തരീക്ഷം പെട്ടെന്ന് ചൂടായി. വെടിമരുന്നിൽ തീപ്പൊരി വീഴുന്ന തരത്തിലുള്ള ഫലമാണ് ഹൈക്കോടതിയുടെ വിധി കൊണ്ട് ഉണ്ടായതെന്ന് പാറേട്ട് വിലയിരുത്തിയിട്ടുണ്ട്. പഴയസെമിനാരിയും വസ്തുക്കളും തങ്ങൾക്കും കൈവശം ഉണ്ടെന്ന് സ്ഥാപിക്കുന്നതിന് കൂട്ടു ട്രസ്റ്റികൾ ശ്രമിച്ചു. പാറേട്ട് എഴുതി: "സി. ജെ. കുര്യനു അക്കര കുടുംബത്തിന്റെ സ്വാധീന വലയത്തിൽപെട്ട ഭാഗത്ത് കിടക്കുന്ന സെമിനാരി പുരയിടവും മറ്റും കൈവശപ്പെടുത്തുന്നതിന് കുറെ ആളുകളെ നിയോഗിക്കാൻ അന്നു വൈഷമ്യം ഒന്നുമില്ലായിരുന്നു. അങ്ങനെ വരുന്നവരെ ബലംകൊണ്ടുതന്നെ തടയുന്നതിനു മലങ്കര സമുദായത്തിനും പണി ഒന്നുമില്ലായിരുന്നു." ചുരുക്കത്തിൽ പാവനമായ പഴയസെമിനാരി ഒരു അങ്കക്കളമായി മാറി. ഇരു ഭാഗക്കാരും അവരുടെ അവകാശങ്ങൾ ബലംകൊണ്ട് സ്ഥാപിക്കുന്നതിന് ബലിഷ്ഠകായന്മാരായ യോദ്ധാക്കളെ അവിടേക്ക് നിയോഗിച്ചു.

സെമിനാരിയിലും അതിനോടു ചേർന്നുകിടക്കുന്ന വിശാലമായ തെങ്ങിൻതോപ്പിലും തങ്ങൾക്ക് തുല്യാവകാശമുണ്ടെന്ന് തെളിയിക്കാൻ ആത്മായട്രസ്റ്റിയും, വൈദികട്രസ്റ്റിയും കിണഞ്ഞു പരിശ്രമം തുടങ്ങി. സെമിനാരി പുരയിടത്തിൽ നിന്ന് തേങ്ങാ ഇടീച്ച് കൈവശം ഉറപ്പിക്കുന്നതിന് ഏതാനും പരവരും അവരുടെ ദേഹരക്ഷയ്ക്കായി നാട്ടകം ചെറിയാൻ എന്ന തടിയന്റെ നേതൃത്വത്തിൽ കുറെ റൗഡികളുമായി സി. ജെ. കുര്യന്റെ അനുജൻ കൊച്ചുപാപ്പി മീനം 16 -ാം തീയതി പുറപ്പെട്ടു. പരവരുമായി വന്നവരോട് എതിർക്കാൻ ആ നിലയിൽ ഉള്ളവർ മെത്രാപ്പോലീത്തായുടെ പക്ഷത്ത് അപ്പോൾ ഹാജരുണ്ടായിരുന്നില്ല. സെമിനാരി മാനേജർ കൃശഗാത്രനായ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ അവരോട് എതിരിട്ടു. അദ്ദേഹത്തോടൊന്നിച്ച് ഒന്നോ രണ്ടോ ശെമ്മാശ്ശന്മാരും ഉണ്ടായിരുന്നു. കൈയേറ്റത്തെ തടയാൻ ശ്രമിച്ച മല്പാനച്ചനേയും ശെമ്മാശ്ശന്മാരേയും പരവരുടെ കൂടെ വന്ന ഗുണ്ടാസംഘം പൊതിരെ തല്ലി. ഇതെല്ലാം കണ്ടുകൊണ്ട് സെമിനാരി മാളിക മുകളിൽ കൂറിലോസ് മെത്രാനും, കോനാട്ടു മല്പാനും, സി. ജെ. കുര്യനും നിന്നിരുന്നു. വട്ട

ശ്ശേരിൽ തിരുമേനി ഒരു ചൂരൽ വടി എടുത്ത് പുറകിൽ കൂടി ചെന്ന് കോനാട്ട് മല്പാന്റെ പുറത്ത് ശക്തിയായി ഒരടി കൊടുത്തു. കോനാട്ടു മല്പാൻ കഠിനവേദനകൊണ്ടു പുളഞ്ഞു. തുടർന്ന് സി. ജെ. കുര്യൻ ഇടപെട്ടു. മെത്രാപ്പോലീത്താ ആവശ്യപ്പെട്ടപ്രകാരം കുര്യൻ, അനുജൻ കൊച്ചു പാപ്പിയെ തിരികെവിളിച്ചു. കൊച്ചുപാപ്പിയും കൂട്ടരും മൽപ്പാനേയും, ശെമ്മാശ്ശന്മാരേയും വിട്ട് തിരിയെപ്പോന്നു.

തേങ്ങാ ഇറക്കി തോപ്പ് കൈവശപ്പെടുത്താനുള്ള ശ്രമം ശരിക്കും ഫലിക്കാതെ വന്നതിൽ നിരാശപ്പെട്ട കോട്രസ്റ്റികൾ ശ്രമം കൂടുതൽ ഊർജ്ജിതപ്പെടുത്തി. മെത്രാപ്പോലീത്തായെ കാണുന്നതിനൊ, സെമിനാരിയിലെ സ്ഥിതിഗതികൾ ആരായുന്നതിനൊ, സെമിനാരിയിലേക്കു പോകുന്നവർ മെത്രാപ്പോലീത്തായുടെ അനുയായികളാണെന്നു അറിഞ്ഞാൽ അവരെ ശല്യപ്പെടുത്തുക പതിവായിത്തീർന്നു. ഫാ. പി. റ്റി. ഗീവർഗീസിനെ (പിന്നീട് മാർ ഈവാനിയോസ്) ഒരു ദിവസം ചില റൗഡികൾ തടഞ്ഞു വണ്ടിയിൽനിന്ന് പിടിച്ചിറക്കി കുപ്പായം ഊരിക്കാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന വടി അവർ തട്ടിപ്പറിച്ചു. എന്തും സംഭവിക്കാവുന്ന നിലയായിരുന്നു അവിടെ ഉണ്ടായിരുന്നത്.

പാത്രിയർക്കീസ് ഭാഗത്തെ പ്രമാണികൾക്ക് കണ്ണിൽകണ്ടുകൂടാത്ത മുഖ്യശത്രുവായി ഇതിനകം വട്ടശ്ശേരിൽ തിരുമേനി മാറിക്കഴിഞ്ഞിരുന്നു. പാത്രിയർക്കീസിന്റെ അധികാരം സ്ഥാപിക്കുന്നതിന് വിലങ്ങുതടിയായി നിൽക്കുന്നതും, കോട്രസ്റ്റികളുടെ കൈവശം സ്ഥാപിക്കുന്നതിനുള്ള പ്രതിബന്ധവും വട്ടശ്ശേരിൽ തിരുമേനി എന്ന ഒറ്റത്തടി മാത്രമായതുകൊണ്ട് ആ 'തടി' വെട്ടിമാറ്റുന്നതിന് ശ്രമങ്ങൾ തുടങ്ങി. ദീവന്നാസ്യോസ് തിരുമേനിയെ വധിക്കുന്നതിന് എതിർകക്ഷികൾ ചെയ്ത ശ്രമങ്ങളിൽ നിന്ന് തിരുമേനി അത്ഭുതകരമാംവിധം രക്ഷപ്പെട്ടു എന്നു മാത്രമേ പറയാനുള്ളു. ഇതിനെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ 'ആനപ്പാപ്പി' എന്ന ഗ്രന്ഥത്തിലെ 'വട്ടശ്ശേരിൽ തിരുമേനിയുടെ നേരെ' എന്ന ആറാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

വട്ടശ്ശേരിൽ തിരുമേനിയുടെ ദേഹരക്ഷയ്ക്ക് പത്തു പന്ത്രണ്ടു പള്ളിക്കാർ ആളുകളെ അയച്ചിരുന്നു. അങ്ങനെ പഴയസെമിനാരിയിൽ മെത്രാപ്പോലീത്തായുടെ ദേഹരക്ഷയ്ക്ക് നിയോഗിക്കപ്പെട്ടവരിൽ പ്രധാനിയായിരുന്നു പാപ്പിസാറ്.

പാപ്പി 1087 കുംഭമാസം അവസാനം പഴയസെമിനാരിയിൽ വന്ന് മെത്രാപ്പോലീത്തായുടെ അംഗരക്ഷകനായി ചുമതലയേറ്റു. വന്നിട്ട് എട്ടുപത്തു ദിവസം താമസിച്ചശേഷം വീണ്ടും വരാമെന്നു പറഞ്ഞ് അയാളുടെ സ്വദേശത്തേക്ക് പോയി. മീനമാസം 18 -ാം തീയതി കാലത്തു പത്തു



മണിയോടുകൂടി പാപ്പി തിരുവല്ലായിൽ നിന്നു സെമിനാരിയിൽ തിരിച്ചെത്തി. പാപ്പിയുടെ തിരിച്ചുവരവ് പാത്രിയർക്കീസ് ഭാഗത്തെ ചട്ടമ്പികൾക്ക് ഒട്ടും പിടിച്ചില്ല. ഭയാശങ്കകളോടെയാണ് അവർ പാപ്പിയുടെ ഇത്തവണത്തെ വരവിനെ വീക്ഷിച്ചത്. പാപ്പി തിരിച്ചുവന്നതിന്റെ തലേ ദിവസം വൈകുന്നേരം പഴയസെമിനാരിയിൽ വന്ന് വട്ടശ്ശേരിൽ തിരുമേനിയെ കണ്ട് സംസാരിച്ചശേഷം ഫാദർ. പി. റ്റി. ഗീവർഗീസ് കുതിരവണ്ടിയിൽ തിരിച്ചു പോകുമ്പോൾ ചില ചട്ടമ്പികൾ വണ്ടി തടയുകയും അച്ചനെ ബലമായി വണ്ടിയിൽ നിന്ന് ഇറക്കി കുപ്പായം ഊരി ദേഹപരിശോധന നടത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. അക്രമികൾ അച്ചന്റെ കയ്യിലിരുന്ന വടി തട്ടിപ്പറിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. പാപ്പി തിരിച്ചുവന്നാൽ ഇതിനെക്കുറിച്ച് ചോദ്യം ചെയ്യാതിരിക്കില്ലെന്ന് പാത്രിയർക്കീസ് ഭാഗം ചട്ടമ്പികൾക്ക് ഉറപ്പായിരുന്നു. അവർ വിചാരിച്ചപോലെ തന്നെ സംഭവിച്ചു. ആനപ്പാപ്പി കൊലക്കേസിലെ സെഷൻസ് കോർട്ട് വിധിയിൽ നിന്ന് പ്രസ്തുത ഭാഗം ഉദ്ധരിക്കട്ടെ:

"മീനമാസം 18 -ാം തീയതി കാലത്ത് ഒൻപതു മണിക്കോ, പത്തു മണിയ്ക്കോ പാപ്പി തിരുവല്ലായിൽ നിന്നു സെമിനാരിയിൽ എത്തുകയുണ്ടായി. അയാൾ ആകാരശക്തി നിമിത്തം ഒരു ഭീമസേനനായിരുന്നു എന്നുതന്നെ പറയാം. അയാളെപ്പറ്റി മെഡിക്കൽ ഓഫീസർ ഡോ. ഡൈസ് പറയുന്നത് "മരിച്ചുപോയ പാപ്പി അഥവാ വറുഗീസ് ഒരു വലിയമനുഷ്യനായിരുന്നു. അയാളുടെ മാംസപേശികൾ ഏറ്റം വലുതായിരുന്നു. വളരെ ബലിഷ്ഠനുമായിരുന്നു അയാൾ. എന്റെ പരിചയത്തിൽ പാപ്പിയെപ്പോലെ ബലവാനും വിപുലമായ ശരീരാകൃതിയും മാംസപേശികൾക്ക് വികാസം സിദ്ധിച്ചിട്ടുള്ളവനുമായ ചുരുക്കംപേരെ മാത്രമേ ഞാൻ കണ്ടിട്ടുള്ളു" വെന്നാണ്. "പാപ്പിസാർ" എന്നും "ആശാൻ പാപ്പി" എന്നും വിളിക്കപ്പെട്ടിരുന്ന അയാൾ തന്റെ കായശക്തിയിൽ അഭിമാനംകൊണ്ടു പുളകിതനായ ഒരു വ്യക്തിയായിരുന്നു. അയാളുടെ ശരീരശക്തിയെ മറ്റുള്ളവർ അംഗീകരിക്കുകയും ചെയ്തിരുന്നു. അയാൾ സെമിനാരിയിൽ എത്തിയപ്പോൾ അവിടെ നടന്ന സംഭവങ്ങളെപ്പറ്റി അയാളെ ധരിപ്പിക്കുകയുണ്ടായി. അയാൾ തൽക്ഷണം പരീക്കുട്ടിയുടെ സഹോദരപുത്രനോട് എം. എ. അച്ചനിൽനിന്നു ബലമായി പിടിച്ചുപറിച്ചെടുത്ത വടി തിരിച്ചു കൊടുക്കണമെന്ന് ആവശ്യപ്പെട്ടു (പരീക്കുട്ടിയെന്നു പറയുന്ന ആൾ കോട്ടയത്ത് താഴത്തങ്ങാടിയിലെ മുസ്ലീങ്ങളുടെ ഒരു നേതാവാണ്). പരീക്കുട്ടിയുടെ സഹോദരപുത്രൻ പറയുകയുണ്ടായി "ആ വടി സി. ജെ. കുര്യൻ മുതലാളിയുടെ കൈയിൽ എത്തിയിരിക്കുകയാണെന്ന്." എന്നാൽ ഇതിനെ പാപ്പി വിശ്വസിച്ചില്ല. അതുകൊണ്ട് തന്റെ ചോദ്യം ആവർത്തിക്കപ്പെട്ടു. അന്നുച്ചയ്ക്ക് പാപ്പി മൂന്നാംപ്രതി അസ്സനോട് ഇതെ ചോദ്യം

തന്നെ ചോദിക്കുകയുണ്ടായി. ഇതേപ്പറ്റി പതിമൂന്നാം സാക്ഷിയായ ശെമ്മാശൻ, പാപ്പിയും അസ്സനും തമ്മിൽ നടന്ന സംഭാഷണത്തെപ്പറ്റി പറയുന്നത് "എം. എ. അച്ചന്റെ വടി തിരിച്ചുതരണമെന്ന് ഇന്നു രാവിലെ ഞാൻ ആവശ്യപ്പെട്ടപ്പോൾ അത് ഞാൻ എടുത്തില്ലായെന്ന് നീ പറഞ്ഞു വല്ലോ. ഇങ്ങനെ ഒഴികഴിവു പറഞ്ഞാൽ പറ്റുകയില്ല. വടി തിരിച്ചുതന്നി ല്ലെങ്കിൽ നമ്മൾ ശത്രുക്കളായിത്തീരും." മൂന്നാംപ്രതി മറുപടി പറഞ്ഞത്, താനല്ല വടി പിടിച്ചുവാങ്ങിയതെന്നും അങ്ങനെ ചെയ്തത് കമാലുദ്ദീനാ ണെന്നുമാണ്. മൂന്നാം പ്രതിയോട് പാപ്പി ഒരു കാര്യം കൂടി പറഞ്ഞു. എന്നെ (സാക്ഷിയായ ശെമ്മാശനെ) ചൂണ്ടിക്കാണിച്ചുകൊണ്ട്, "നീ എന്തി നാണ് ഈ ശെമ്മാശന്റെ മുറിക്കകത്ത് പ്രവേശിച്ച് അദ്ദേഹത്തെ ശല്യ പ്പെടുത്തിയത്?" അതിനു അസ്സൻ മറുപടി പറഞ്ഞത് "ഞങ്ങൾ അദ്ദേ ഹത്തിന്റെ മുറിയിൽ കയറിയതല്ലാതെ യാതൊരു ശല്യവും ഉണ്ടാക്കി യില്ല. ഞങ്ങൾ അദ്ദേഹത്തിന്റെ മുറിയിൽ കയറിയാൽ തനിക്കെന്താ?" അതിനു മറുപടിയായി പാപ്പി പറഞ്ഞത്: "നിങ്ങൾ സി. ജെ. കുര്യന്റെ ആൾക്കാരായി ഇവിടെ വന്നാൽ ഞങ്ങൾക്ക് വിരോധമൊന്നുമില്ല. എന്നാൽ നിങ്ങൾ ഈ ശെമ്മാശ്ശന്റെ മുറിയിൽ പ്രവേശിക്കുകയോ അദ്ദേ ഹത്തിനു ഉപദ്രവം ഉണ്ടാക്കുകയോ ചെയ്യരുത്. അങ്ങിനെ ചെയ്താൽ ഞാൻ പകരം ചെയ്യും" എന്നു പാപ്പിയും, "തനിക്കു ബോധിച്ചപോലെ ചെയ്ക" എന്ന് അസ്സനും പറഞ്ഞു പിരിയുകയും ചെയ്തു."

എം. എ. അച്ചന്റെ വടി തിരിച്ചുകിട്ടാതെ പാപ്പി അടങ്ങില്ലെന്ന് എതിർ കക്ഷികൾക്ക് ഉറപ്പായി. അത് തിരിച്ചുകിട്ടാൻ പാത്രിയർക്കീസ് ഭാഗത്തെ റൗഡികളെ കൈയേറ്റം ചെയ്യാനും പാപ്പി മടിക്കുകയില്ലെന്ന് അവർ വിശ്വ സിച്ചു. സി. ജെ. കുര്യന്റെ പക്കലാണ് വടി എത്തിച്ചേർന്നതെങ്കിൽ കുര്യൻ മുതലാളിയെയും പാപ്പി വെറുതെ വിടില്ലെന്ന് അവർ ന്യായമായി ഭയ പ്പെട്ടു. പാപ്പിയെ ഉന്മൂലനാശം ചെയ്യാതെ ഈ പ്രതിസന്ധിയിൽ നിന്നു മോചനം കിട്ടില്ലെന്ന് അധോലോക വൈതാളികന്മാർ നിശ്ചയിച്ചുറപ്പിച്ചു. അവർ 'ഉന്നതങ്ങളിൽ' വിവരം അറിയിച്ച് അനുമതി നേടിയിരിക്കാം. തുടർന്ന് പാപ്പിയെ തട്ടാനുള്ള പദ്ധതി ക്ഷണത്തിൽ രൂപപ്പെടുത്തി യെടുത്തു. അക്കര പാപ്പച്ചനും, കട്ടപ്പുറത്ത് തോമാസും, വാടക ഗുണ്ടകളും ദുഷ്കർമ്മനിരതരായി കച്ചകെട്ടി ഇറങ്ങി. 'അക്കരയിൽ' നിന്നുള്ള പണക്കൊഴുപ്പ് പാപകർമ്മത്തിന് വീറും വാശിയും ചൂടും സമൃ ദ്ധിയായി നൽകി.

പാപ്പി, അസ്സനെ ചോദ്യം ചെയ്ത് അധികം താമസിക്കാതെ തന്നെ പാപ്പി വധത്തിനുള്ള തയ്യാറെടുപ്പുകൾ നടന്നുവെന്ന് പിന്നീടുള്ള സംഭ വങ്ങൾ തെളിയിക്കുന്നുണ്ട്. സെഷൻസ് കോർട്ട് വിധിയിൽനിന്നു പ്രസ ക്തഭാഗം ഉദ്ധരിക്കുന്നു:



"പിന്നീട് രണ്ടു മണിക്കൂർ കഴിഞ്ഞിട്ട് (പാപ്പി അസ്സനെ ചോദ്യം ചെയ്ത് പിരിഞ്ഞശേഷം) സമീപപ്രദേശമായ കുമരകത്തുനിന്നു ഒരു വള്ളം സെമി നാരി കടവിൽ വരുകയുണ്ടായി. അതു വന്നത് മാർ കൂറിലോസ് മെത്രാനെ കുമരകം പള്ളിയിലേക്കു കൊണ്ടുപോകുന്നതിനായിരുന്നു. കുമരകത്തു നിന്നു വന്ന ഏതാനും ആളുകൾ കൂറിലോസ് മെത്രാന്റെ മുറിയിലേക്കു ചെന്നപ്പോൾ അക്കര പാപ്പച്ചനും, കട്ടപ്പുറത്തു തോമാസും കൂടി മെത്രാ ച്ചനോടു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രതികളും മാർ കൂ റിലോസിന്റെ മുറിയിൽ പ്രവേശിച്ചശേഷം കുറെ കഴിഞ്ഞ് അവർ പുറ ത്തേക്കിറങ്ങിപ്പോയി.

രണ്ടു മണിക്കൂർ കഴിഞ്ഞ്, അതായത് സായംകാലം നാലു മണിക്ക് മാർ കൂറിലോസ് തന്റെ സാമാനങ്ങളും, അകമ്പടി അംഗങ്ങളും ഒന്നിച്ച് കുമരകത്തേക്ക് പോയി. അക്കര പാപ്പച്ചനും, കട്ടപ്പുറത്ത് തോമാസും പതിനൊന്നാം പ്രതിയും മറ്റു പ്രതികളിൽ അധികംപേരും കൂടി മെത്രാ പ്പോലീത്തായെ വള്ളക്കടവുവരെ അനുഗമിച്ചു. അനന്തരം അവർ സെമി നാരിയിലേക്ക് തിരിച്ചുവന്നശേഷം കട്ടപ്പുറത്ത് വീട്ടിലേക്കു പോയി.

ഇനി സംഭവസ്ഥലത്തേക്കു ദർശിക്കാം. സമയം വൈകുന്നേരം ഏതാണ്ട് അഞ്ചര മണി. ചായ കുടിക്കാനായി കൊല്ലപ്പെട്ട പാപ്പിയും, വാദിഭാഗം ഒന്നും, രണ്ടും സാക്ഷികളും കൂടി വടക്കുവശത്തു മണപ്പുറ ത്തേക്കു പോയി. ചായക്കടയുടെ വടക്കുവശത്തു ഒന്നും, രണ്ടും പ്രതി കളും കുഞ്ഞാമ്മി എന്നൊരാളും ഒന്നിച്ചിരിക്കുകയായിരുന്നു. പാപ്പിയും കൂട്ടുകാരും ചായ ആവശ്യപ്പെട്ടു. ഒന്നും രണ്ടും പ്രതികളും കുഞ്ഞാമ്മിയും പറയുകയുണ്ടായി "ഇവിടെ ചായ ഇല്ലാ എന്നും ചായ തരികയില്ലാ" എന്നും. ഇങ്ങനെ പതിവുകാരെ പറഞ്ഞ് ഓടിക്കരുതെന്നു കാപ്പി ഷാപ്പുടമസ്ഥൻ അവരെ വിലക്കി. "ഞങ്ങൾ ഇവിടെ ഇരിക്കു ന്നില്ലാ" എന്നു പറഞ്ഞ് ഒന്നും, രണ്ടും പ്രതികളും കുഞ്ഞാമിയും അവി ടെനിന്നു പോയി. ഒന്നാം പ്രതി ആംഗ്യം കാട്ടിയപ്പോൾ ചായക്കടയുടെ പടിഞ്ഞാറുഭാഗത്ത് കൂടിയിരുന്ന ഒരു സംഘം ആളുകൾ പാപ്പിയേയും ഒന്നും രണ്ടും സാക്ഷികളേയും തടഞ്ഞുനിർത്തി. സംഘത്തെ നയിച്ചു കൊണ്ടിരുന്ന അക്കര പാപ്പച്ചൻ പാപ്പിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് "ഇവ നാണ്, അവനെ പിടിക്ക" എന്നു പറഞ്ഞു. ഉടനെ ഒന്നാം പ്രതി പാപ്പി യുടെ തലയ്ക്ക് ഒരു കുറുവടികൊണ്ട് അടിച്ചു. പാപ്പി അതിനെ തടുത്തു. രണ്ടാം പ്രതിയും ഒരു കുറുവടികൊണ്ട് പാപ്പിയെ അടിച്ചു. പാപ്പി തെക്കോട്ടു പാഞ്ഞു. അപ്പോൾ പാപ്പച്ചൻ തന്റെ കൈവശമുണ്ടായിരുന്ന വടിവാൾ കൊണ്ട് പാപ്പിയുടെ കാലിന് വെട്ടി. പാപ്പി അതിനുശേഷം പുഴ യിൽ നീന്തി. എല്ലാവരുംകൂടി കുറുവടികൾകൊണ്ട് പാപ്പിയെ തല്ലിച്ച തച്ചു. അക്രമികൾ അതിന്റെശേഷം ഓടിക്കളഞ്ഞു.

രംഗസ്ഥലത്തു കൂടിയ ആളുകൾ ചിലർ സെമിനാരിയിൽനിന്ന് ഒരു കട്ടിൽ കൊണ്ടുവന്ന് പാപ്പിയെ അതിൽ കിടത്തി. സെമിനാരിയിൽകൊണ്ടു ചെന്നശേഷം കോട്ടയം പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. പാപ്പിയെ ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ സ്റ്റേഷനിൽവെച്ചു ആരോ പറഞ്ഞതനുസരിച്ച് അയാളെ ആശുപത്രിയിലാക്കി. മെഡിക്കൽ ഓഫീസർ (വാദിഭാഗം 21 -ാം സാക്ഷി) ഉടൻ ആശുപത്രിയിൽ എത്തി. പാപ്പിയുടെ മുറിവുകൾ എല്ലാം കഴുകി വച്ചുകെട്ടുകയും ചെയ്തു. പാപ്പിയുടെ മരണമൊഴി എടുക്കണമെന്നപേക്ഷിച്ചുകൊണ്ട് മെഡിക്കൽ ഓഫീസർ ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന് ഒരു കത്തയച്ചു. മജിസ്ട്രേട്ട് തൽക്ഷണം ആശുപത്രിയിൽ എത്തി പാപ്പിയുടെ മരണമൊഴി രേഖപ്പെടുത്തുകയും ചെയ്തു. കഠിനമായ വേദന നിമിത്തം പാപ്പി തത്സമയം ഞെരിപിരി കൊള്ളുകയായിരുന്നു. മജിസ്ട്രേട്ട് പല പ്രാവശ്യവും രണ്ടു മൂന്നു തവണ ആവർത്തിച്ചു ചോദിച്ച ചോദ്യങ്ങൾക്ക് പാപ്പി അവ്യക്തമായ ഉത്തരങ്ങളാണ് നൽകിയത്. രേഖപ്പെടുത്തിയ മൊഴിയിൽ പാപ്പിക്ക് ഒപ്പു വെയ്ക്കാൻ നിർവ്വാഹമില്ലായിരുന്നു; വേദനയുടെ ആധിക്യം നിമിത്തം. വേദന കുറഞ്ഞശേഷം കൂടുതൽ വിശദമായ ഒരു സ്റ്റേറ്റുമെന്റ് പാപ്പിയിൽനിന്നു വാങ്ങാം എന്നു മജിസ്ട്രേട്ട് ഉദ്ദേശിച്ചിരുന്നു. എന്നാൽ കേസിന്റെ അന്വേഷണം ഉടനടി തുടങ്ങണമെന്നും ഈ സംഭവത്തിന്റെ നിജസ്ഥിതിയെപ്പറ്റി അറിയാവുന്നവരിൽനിന്ന് മൊഴി വാങ്ങണമെന്നും മജിസ്ട്രേട്ട് പോലീസ് ഇൻസ്പെക്ടറോട് ആവശ്യപ്പെട്ടു. അദ്ദേഹം പാപ്പിയെ ആശുപത്രിയിലേക്ക് കട്ടിലിൽ ചുമന്നുകൊണ്ടുപോയ വാദിഭാഗം ഒന്നാം സാക്ഷിയുടെ മൊഴിരേഖപ്പെടുത്തുകയും ചെയ്തു. സംഭവ രജിസ്റ്റർ മജിസ്ട്രേട്ടിനു അയച്ചുകൊടുക്കുകയും അന്വേഷണം ആരംഭിക്കുകയും ചെയ്തു."

1912 മാർച്ച് 31 -ാം തീയതി, അതായത് സംഭവം നടന്നതിന്റെ പിറ്റേന്ന് (മലയാളം തീയതി 1087 മീനം 19 ഞായറാഴ്ച) പാപ്പിയുടെ ആരോഗ്യനില തീർത്തും വഷളായി. അന്നു രാത്രി മൂന്നു മണിക്കു പാപ്പി നിര്യാതനായി. പതിവുപോലെയുള്ള ഇൻക്വസ്റ്റും പോസ്റ്റുമാർട്ടം പരിശോധനയും നടത്തി. തലയ്ക്കുള്ള അടികൾ നിമിത്തം തലയോട്ടി പതിമൂന്നു കഷണങ്ങളായി പൊട്ടുകയും രണ്ട് സ്ഥലത്ത് തലച്ചോറ് പുറത്തുവരികയും ചെയ്തതായി പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ പറഞ്ഞിരുന്നു. പാപ്പിയുടെ മരണത്തിനു കാരണം തലച്ചോറിനുള്ള അതികഠിനമായ ഹേമദണ്ഡമാണെന്നായിരുന്നു മെഡിക്കൽ ഓഫീസറുടെ വിദഗ്ധാഭിപ്രായം.

പാപ്പിയുടെ മൃതദേഹം പോസ്റ്റ്മാർട്ടത്തിനുശേഷം വിട്ടുകിട്ടിയത് ബന്ധുക്കളും സമുദായ പ്രമാണികളും ചേർന്ന് ഏറ്റുവാങ്ങി കോട്ടയം ചെറിയപള്ളി വക പുത്തൻപള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.



### കോടതിവിധി

'കോട്ടയം കൊലക്കേസ്' എന്ന പേരിലാണ് ആ കാലങ്ങളിൽ പാപ്പി കൊലക്കേസ് അറിയപ്പെട്ടിരുന്നത്. 'കോട്ടയം കൊലക്കേസ്' എന്ന തലക്കെട്ടിൽ മലയാള മനോരമ 1912 ഏപ്രിൽ 19 -ാം തീയതി മുഖപ്രസംഗമെഴുതി പ്രസിദ്ധീകരിച്ചിരുന്നു.

പതിനേഴു പ്രതികളെ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ നിന്നു സെഷൻസു കോടതിയിലേക്കു കമ്മിറ്റ് ചെയ്തു. കോട്ടയം സെഷൻസ് കോർട്ടിൽ 1087 -ൽ സെഷൻസ് കേസ് നമ്പർ 29 ആയി കൊലക്കേസ് വിസ്തരിക്കപ്പെട്ടു. സർക്കാരായിരുന്നു വാദി. സെഷൻസ് ജഡ്ജി കെ. ശങ്കരപ്പിള്ളയായിരുന്നു. വാദിഭാഗത്തേക്ക് സർക്കാർ വക്കീൽ കോഴിമണ്ണിൽ തോമസ് വർഗീസ്. അദ്ദേഹത്തെ സഹായിക്കാൻ അന്ന് കോട്ടയം ബാറിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്നതും പിന്നീട് തിരുവിതാംകൂർ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായിരുന്നതുമായ സാഹിത്യപഞ്ചാനൻ പി. കെ. നാരായണപിള്ളയും ആയിരുന്നു. 1 മുതൽ 6 വരെ പ്രതികൾക്കു വേണ്ടി വക്കീൽ എൻ. കെ. രാമസ്വാമി അയ്യർ, ഈ. സുബ്രഹ്മണ്യയ്യർ (പിന്നീട് തിരുവനന്തപുരം ലോ കോളജ് പ്രിൻസിപ്പാൾ) എന്നിവർ ഹാജരായി. 7 മുതൽ 11 വരെ പ്രതികൾക്കുവേണ്ടി കൈതയിൽ കെ. ജെ. കുര്യനും (കുഞ്ഞൻ ബാവാ വക്കീൽ) ഹാജരായി വാദം നടത്തി. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഫാ. പി. ററി. ഗീവർഗീസ് (പിന്നീട് ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്) എന്നിവർ ഉൾപ്പെടെ 30 പേരെ സാക്ഷികളായി വിസ്തരിച്ചു.

മജിസ്ട്രേട്ട് കോടതി കമ്മിറ്റു ചെയ്ത പിടികിട്ടാത്ത ഒരാൾ ഒഴികെ മറ്റു പതിനൊന്നു പ്രതികൾക്കും ജീവപര്യന്തം തടവുശിക്ഷ നൽകി 1088 കന്നി 26 -ാം തീയതി ഡിസ്ട്രിക്ട് കോടതിയിൽ നിന്നു വിധി ഉണ്ടായി. ശിക്ഷിക്കപ്പെട്ട പ്രതികൾ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. അവിടെ ഒന്നാം പ്രതി കമാലുദീൻ, രണ്ടാം പ്രതി ഓതിക്കൻ മകൻ കുഞ്ഞിമുഹമ്മദ്, മൂന്നാം പ്രതി ചിറയിൽ അസ്സൻ എന്നിവരുടെ ജീവപര്യന്തം തടവുശിക്ഷ സ്ഥിരപ്പെടുത്തിയും ബാക്കി എട്ടുപേരെ വെറുതെ വിട്ടും വിധിയുണ്ടായി.

### ദൈവത്തിന്റെ വിധി

തിരുവിതാംകൂർ ഹൈക്കോടതി മൂന്നു പേരെ ശിക്ഷിച്ചും മറ്റു എട്ടു പേരെ വെറുതെ വിട്ടും വിധിച്ചെങ്കിലും അപ്പീലൊ, റിവിഷനൊ ഇല്ലാത്ത ദൈവത്തിന്റെ കോടതിയിലെ ശിക്ഷ വളരെ കടുപ്പമായിരുന്നു.

1925 മുതൽ പത്തു വർഷക്കാലം വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയും, സമുദായക്കേസിന്റെ മുക്കാൽ ശതാബ്ദക്കാലത്തെ പ്രധാന നടത്തിപ്പുകാരനും, പ്രശസ്ത വൈദികനും, മലങ്കരസഭാ വൈദിക ട്രസ്റ്റിയുമായിരുന്ന മണലിൽ യാക്കോബ് കത്തനാർ 5-3-1992 ൽ അഡ്വ. പി. സി. മാത്യുവിന് അയച്ച കത്തിൽ ആനപ്പാപ്പി കൊലക്കേസിനെപ്പറ്റി ഇങ്ങിനെ പറയുന്നു:

"...12 പ്രതികളെ ചേർത്ത് കേസ് ഉണ്ടായി. ഒരാൾ സി. ജെ. കുര്യന്റെ ജ്യേഷ്ഠപുത്രനായിരുന്നു (അക്കര പാപ്പച്ചൻ). അയാൾ ഒളിവിലായി. 11 പ്രതികളെയും സെഷൻസ് കോർട്ടിൽ കഠിനതടവിനു വിധിച്ചു. പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ മേത്തന്മാരാണ് തല്ലിയതെന്ന് മൊഴി പറഞ്ഞതായ റിപ്പോർട്ട് കൊണ്ട് മേത്തന്മാർ 3 - 4 പേരെ മാത്രം ഹൈക്കോർട്ടു ശിക്ഷിച്ചു. ബാക്കിയുള്ളവരെ വെറുതെവിട്ടു. അക്കൂട്ടത്തിൽ സി. ജെ. കുര്യന്റെ ജ്യേഷ്ഠപുത്രനും ഒഴിവായി. ഒഴിവായ ഒരുത്തനും ശരിയായ വിധം മരിച്ചിട്ടില്ല. ഒന്നുരണ്ടു കൊല്ലത്തിനകം ഓരോരുത്തർക്കും ദുർമരണമാണ് ഉണ്ടായത്. സി. ജെ. കുര്യന്റെ ജ്യേഷ്ഠന്റെ പുത്രൻ 5 കൊല്ലം കൂടി ജീവിച്ചിരുന്നു. ശിക്ഷിക്കപ്പെട്ട മേത്തന്മാരിൽ ഒരാൾ ജയിലിൽ വച്ച് മരിച്ചു. രണ്ടു പേർ ജയിൽ ചാടി. ഒരുത്തൻ ശിക്ഷ കഴിഞ്ഞിറങ്ങി. അയാൾ ഒരു നിസ്സാര കളവിൽ പിടിക്കപ്പെട്ട് പോലീസിന്റെ അടികൊണ്ട് മരിച്ചു. ഒരു മേത്തൻ പലപ്പോഴും സി. ജെ. കുര്യന്റെയും അനുജന്റെയും വീടുകളിൽ രാത്രികാലങ്ങളിൽ ചെന്ന് ഭയപ്പെടുത്തി പണം വാങ്ങുമായിരുന്നു എന്നും കേൾവിയുണ്ടായിരുന്നു.

മേത്തന്മാരാണ് തല്ലിയതെന്ന് പാപ്പി പറഞ്ഞതായി ഡോക്ടർ രേഖപ്പെടുത്തിയത് സി. ജെ. കുര്യന്റെ സ്വാധീനം കൊണ്ടാണെന്നും ഡോക്ടർ എതിർഭാഗത്തോടു അനുകൂലിയായിരുന്നു എന്നും സംസാരമുണ്ടായിരുന്നു..."

മണലിൽ അച്ചന്റെ കത്തിൽ ആനപ്പാപ്പിക്കേസിലെ പ്രതിയായിരുന്ന സി. ജെ. കുര്യന്റെ ജ്യേഷ്ഠന്റെ പുത്രൻ അഞ്ചു കൊല്ലം കൂടി ജീവിച്ചിരുന്നുവെന്ന് പറയുന്നുണ്ടല്ലോ. സമുദായക്കേസിന്റെ അഗ്നികുണ്ഠത്തിലേക്ക് മുമ്പും പിമ്പും നോക്കാതെ എടുത്തുചാടിയ അക്കര കുടുംബത്തിലെ ഒരു ദുരന്ത കഥാപാത്രമായിരുന്നു പാപ്പച്ചൻ. കൊലക്കേസിലെ പ്രതിയായി പോലീസിനു പിടികൊടുക്കാതെ ഒളിവിൽ കഴിയാൻ പണം വാരി വിതറി സാമ്പത്തികമായി തകർന്ന പാപ്പച്ചൻ മനഃസ്സമാധാനമില്ലാതെ ചുട്ടുനീറുന്ന മനസ്സുമായി അസ്വസ്ഥതയോടെ ഏതാനും നാൾ ജീവിച്ചപ്പോഴേക്കും ആരോഗ്യം തകർന്നുകഴിഞ്ഞിരുന്നു. താഴത്തങ്ങാടി കുളപ്പുര കടവിനു സമീപമുള്ള അഭ്യാസികളായ മുസ്ലീം യുവാക്കന്മാരെ മറുകക്ഷികൾ പള്ളിസാധനങ്ങൾ കടത്തിക്കൊണ്ടുപോകാതിരിക്കാൻ



കാവലിന് എന്ന പേരിൽ സി. ജെ. കുര്യൻ പഴയസെമിനാരിയിൽ നിയോഗിച്ചിരുന്നു. യഥാർത്ഥത്തിൽ വട്ടശ്ശേരിൽ തിരുമേനിയുടേയും സെമിനാരിയിലെ മറ്റു അന്തേവാസികളുടേയും സ്വൈരജീവിതം നശിപ്പിക്കുക എന്നതായിരുന്നു അവരുടെ മുഖ്യതൊഴിൽ. സെമിനാരിക്കു സമീപം താമസിച്ചിരുന്ന തന്റെ ജ്യേഷ്ഠന്റെ മകൻ അക്കര പാപ്പച്ചനെയാണ് മുസ്ലീം യുവാക്കളുടെ കാര്യങ്ങൾ നോക്കാൻ കുര്യൻ ഭരമേല്പിച്ചിരുന്നത്. ആ വഴിക്കാണ് നേരത്തെ നിരപരാധിയായിരുന്ന പാപ്പച്ചൻ ആനപ്പാപ്പി കൊലക്കേസിൽ വന്നു ചാടുന്നത്. വടിവാളും വീശി പാത്രിയർക്കീസ് ഭാഗത്തെ രക്ഷാപുരുഷനായിവിലസിയ പാപ്പച്ചൻ, കൊലക്കേസ് പ്രതിയായി പകലൊന്നും പുറത്തിറങ്ങാൻ വയ്യാതെ ഒളിസങ്കേതത്തിൽ മാറി മാറി താമസിച്ച് പോലീസിന് പിടികൊടുക്കാതെ അലഞ്ഞുനടക്കവേ കടം കയറി സാമ്പത്തികമായി കാറ്റുപോയ ബലൂൺ പോലെയായി. ഇതിനെ സംബന്ധിച്ച് അക്കര കുടുംബചരിത്രത്തിൽ നിന്നു തന്നെ ഉദ്ധരിക്കുന്നു:

"മേൽ പറഞ്ഞ കാരണങ്ങളാൽ വരവിൽ കൂടുതൽ ചിലവ് വർദ്ധിച്ചു. തുടർന്നു പാപ്പച്ചനു കടങ്ങൾ വർദ്ധിച്ചു. കടം വീട്ടുന്നതിലേക്കായി 300 പറ നിലം, ചെങ്ങളക്കാട്ടിലെ വീതം, തിരുനക്കര മാളിക എന്നിവ കിട്ടിയ കുറഞ്ഞ വിലയ്ക്ക് തൈത്തറക്കാർക്കു കൊടുത്തു. പാറയ്ക്കൽ പുരയിടത്തിൽ ഒരേക്കർ, കരിയംപാടം, കോടിമത നിലം, മെത്രാൻ കായൽ ഇത്രയും കൊച്ചുപാപ്പി വല്ല്യപ്പനും കൊടുത്തു. ശരിയായി വിലപേശാനോ, പുറത്തു വില ചോദിച്ചു അറിയാനോ അന്നത്തെ കാലത്ത് മിനക്കെട്ടില്ല."

സമുദായക്കേസും, ആനപ്പാപ്പിക്കേസും പാപ്പച്ചനെ മാനസികമായും, സാമ്പത്തികമായും തളർത്തി. പാപ്പച്ചൻ 45 -ാം വയസ്സിൽ മരിച്ചു. മരിക്കാറായപ്പോൾ മൂന്നു മക്കളെയും അടുത്തുണ്ടായിരുന്ന കൊച്ചാപ്പി വല്ല്യപ്പനെ ഏല്പിച്ചു. സ്ഥലങ്ങൾ പലതും വിറ്റു എങ്കിലും കടമെല്ലാം തീർത്തിട്ടാണ് മരിച്ചതെന്ന് അദ്ദേഹത്തിനു മനഃസമാധാനമുണ്ടായിരുന്നു. പാപ്പച്ചന്റെ മരണശേഷം ഭാര്യ ആച്ചിയമ്മ മൂന്നു മാസക്കാലം പൂരാട്ടു താമസിച്ചു. ആച്ചിയമ്മയും രോഗിയായി. തുടർന്ന് അയിരൂർക്ക് പോയി വിശ്രമിക്കാമെന്ന് കരുതി ആച്ചിയമ്മയുടെ പിതാവ് മാവേലി അച്ചൻ വള്ളവുമായി വന്നു മകളേയും മൂന്നു കൊച്ചുമക്കളേയും കൂട്ടിക്കൊണ്ടുപോയി. ഭർത്താവ് മരിച്ചു 10 മാസം കഴിഞ്ഞ് 1920 സെപ്തംബർ 3 -ാം തീയതി അയിരൂർ വച്ച് ആച്ചിയമ്മയും നിര്യാതയായി.

# 6

# മല്ലപ്പള്ളിത്തിരുമേനിയും കുന്നംകുളവും

വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, മല്ലപ്പള്ളിത്തിരുമേനി എന്ന പേരിലാണ് കുന്നംകുളത്ത് അധികം അറിയപ്പെട്ടിരുന്നത്. പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി, അദ്ദേഹം നിവസിച്ച സ്ഥലനാമത്തിൽ വിശ്രുതനായപ്പോൾ വട്ടശ്ശേരിൽ തിരുമേനി അദ്ദേഹത്തിന്റെ സ്വദേശനാമത്താൽ വടക്കൻദിക്കുകളിൽ വിഖ്യാതനായി. അതേ സമയം മലങ്കര മെത്രാപ്പോലീത്തായായിരുന്ന ജോസഫ് മാർ ദീവന്നാസ്യോസ് കുന്നംകുളം തിരുമേനി എന്ന പേരിൽ അറിയപ്പെട്ടിരുന്നില്ല. പുലിക്കോട്ടിൽ എന്ന തറവാട്ട് പേരിലാണ് തിരുമേനി കൂടുതൽ അറിയപ്പെട്ടിരുന്നത്.

എന്തു പേരിൽ അറിയപ്പെട്ടാലും കുന്നംകുളത്തുകാർക്കു പ്രിയംകരനായ മഹാചാര്യനായിരുന്നു വട്ടശ്ശേരിൽ തിരുമേനി. മല്ലപ്പള്ളിത്തിരുമേനി ഇടവക സന്ദർശനാർത്ഥം കുന്നംകുളത്തേക്ക് എഴുന്നള്ളിയാൽ തിരുവോണം വന്ന പ്രതീതിയാണ് നാട്ടിൽ.

ഓർത്തഡോക്സ് സഭയ്ക്ക് അന്ന് കൊച്ചി ഭദ്രാസനത്തിന് പ്രത്യേക മെത്രാപ്പോലീത്താ ഉണ്ടായിരുന്നില്ല. മലങ്കര മെത്രാപ്പോലീത്താ കൊച്ചി ഭദ്രാസനം ഭരിച്ചുവന്നു. അതുകൊണ്ട് ഭരണക്രമീകരണത്തിനായി വട്ടശ്ശേരിൽ തിരുമേനിക്ക് കൊച്ചി ഭദ്രാസനത്തിൽപ്പെട്ട ആർത്താറ്റ് - കുന്നംകുളം പ്രദേശത്തെ പള്ളികൾ ഇടയ്ക്കിടെ സന്ദർശിക്കേണ്ടതായി വന്നു. കുന്നംകുളത്തുകാർ മല്ലപ്പള്ളിത്തിരുമേനിയെ എന്തുമാത്രം ആരാധിക്കുകയും, പിതൃതുല്യം സ്നേഹിക്കുകയും ചെയ്തുപോന്നതിന്റെ പതിന്മടങ്ങ്, തിരുമേനി ആർത്താറ്റ് - കുന്നംകുളം ഇടവക ജനങ്ങളെ മക്കളെപ്പോലെ കരുതി അവരെ സ്നേഹിച്ചു. അവരുടെ ഉന്നമനത്തിനും, ആത്മീയ അഭിവൃദ്ധിക്കുമായി തിരുമേനി സദാ ജാഗരൂകനായി വർത്തിച്ചു.

വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ച് കുന്നംകുളത്തെ ചില അനുഗൃഹീത ഗായകന്മാർ പാടാറുള്ള ഒരു പാട്ട് കഴിഞ്ഞ തലമുറയിലെ സകലർക്കും പരിചിതമായിരുന്നു. തിരുമേനിയുടെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് വഞ്ചിപ്പാട്ടു രീതിയിൽ കുന്നംകുളം സ്വദേശിയായ ചെറുവത്തൂർ മാത്തുണ്ണി എന്ന കവി രചിച്ച മേൽപറഞ്ഞ പാട്ടിന്റെ ഏതാനും വരികൾ ഓർമ്മയിൽ നിന്നു പാടാൻ അറിയാത്തവർ അന്ന് ഉണ്ടായിരുന്നില്ല. ആ കവിത താഴെകൊടുക്കുന്നു.



## മലങ്കര സഭാഭാസ്വരൻ

(വഞ്ചിപ്പാട്ടു രീതി)

### രചയിതാവ് മാത്തുണ്ണി ചെറുവത്തൂർ

കേരളത്തിൽ കേളികേട്ട വട്ടശ്ശേരിത്തറവാട്ടിൽ
വീരനായകഥാനാഥൻ സഭാഭാസ്വരൻ
ആയിരവുമെട്ടുനൂറുമമ്പത്തെട്ടും ചേർന്നകൊല്ലം
അക്ടോബർ മുപ്പത്തിയൊന്നിൽഭൂജാതനായി.
ഗീവർഗീസെന്നഭിധാനം ചെയ്യപ്പെട്ടു പൈതലിനു
ദൈവകാരുണ്യത്താൽ ശിശു വളർന്നുവന്നു.
ശൈശവത്തിൽ മാതൃഭാഷ പിന്നെയിംഗ്ലീഷ്ഭാഷയിലും
ശരിയായ ജ്ഞാനസമ്പാദനം ലഭിച്ചു.
യുവാവിന്റെ ബുദ്ധി, ദൈവഭക്തിയാദിഗുണംകണ്ട്
ദൈവവകയ്ക്കു കൊച്ചനെ നൽകേണമെന്ന്
സമുദായ പ്രമുഖന്മാർ പലർകൂടി പറകയാൽ
സമ്മതിച്ചു വീട്ടുകാരും പട്ടമേല്പിക്കാൻ
ദൈവത്തോടു മുറയ്ക്കുതാൻ ജപംചെയ്തുപോന്നു പിന്നെ
ദൈവഹിതമറിഞ്ഞപ്പോൾ പട്ടവുമേറ്റു
കൊച്ചുമെത്രാച്ചനെന്നുള്ള പേരിൽ സുപ്രസിദ്ധനായ
കാലംചെയ്ത മാർ ഗ്രിഗോറിയോസു മെത്രാച്ചൻ
പരുമല സെമ്മനാരി തന്നിലന്നു സുറിയാനി
പഠിപ്പിച്ചുവന്നിരുന്ന ശെമ്മാശന്മാരെ
സുറിയാനിസാഹിത്യത്തിൽ പണ്ഡിതനാമീഗുരുവിൻ
ശിഷ്യനായിച്ചേർന്നു ഗീവർഗീസ് ശെമ്മാശൻ
ഭക്തശിരോമണിയായ കൊച്ചുമെത്രാച്ചന്റെ ശിഷ്യ -
വർഗ്ഗത്തിനു മകുടമായ് വിളങ്ങിനാഥൻ
ആയിരത്തിയമ്പത്തഞ്ചിൽ കശീശസ്ഥാനവുമേറ്റു
അചിരേണ സകലർക്കും പൂജ്യനായ്തീർന്നു.
സുറിയാനി ഭാഷാജ്ഞാനം വേണ്ടപോലെ സമ്പാദിച്ചു
സിമ്മനാരി തന്നിൽ മല്പ്പാൻ സ്ഥാനവുംകിട്ടി.
സഹസ്രമോടേഴുദശംരണ്ടുംചേർന്നൊരാണ്ടിൽ എം.ഡി.
സിമ്മനാരി പ്രിൻസിപ്പാലായ് പരിലസിച്ചു.
അനന്തരം കഥാനാഥൻ - അതിവിനീതനാം മല്പാൻ
ആയിരത്തെഴുപത്തെട്ടിൽ റമ്പാനുമായി.
ആയിരത്തെമ്പത്തിമൂന്നിൽ കഥാനാഥൻ മെത്രാൻസ്ഥാനം
അബ്ദുള്ളാബാവായിൽനിന്ന് കൈക്കൊണ്ടുപോന്നു.

മലങ്കരയ്ക്കധിപതി സുറിയാനിസഭാമന്നൻ
പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസുതാതനു
വാർദ്ധകൃത്താൽ ക്ഷീണംകൂടി, സഫർഗനായ് ഗീവർഗീസു
മാർദീവന്നാസ്യോസുമെത്രാൻ നിയമിതനായി
പിറ്റെക്കൊല്ലംമലങ്കരമെത്രാപ്പോലീത്താനിർയ്യാണം
പ്രാപിച്ചതുമൂലം സഭാഭരണത്തിനായ്
മലങ്കരസഭാരഥനാക്കി സഫർഗനെയെന്നു
മലങ്കരയ്ക്കധിപനായവരോധിച്ചു.

സഭാസംബന്ധമായി വളരെ പാട്ടുകളും, കവിതകളും മാത്തുണ്ണി ചെറുവത്തൂർ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൈരളീഹാരം, ചാത്തുക്കുറുപ്പിന്റെ ചാത്തൻകോഴി തുടങ്ങി ഏതാനും കവിതാഗ്രന്ഥങ്ങളും അദ്ദേഹം എഴുതി.

പുലിക്കോട്ടിൽ തിരുമേനിമാരുടെ ജന്മനാടായ കുന്നംകുളം, സഭാസംബന്ധമായ ഒരു കാര്യത്തിനും വിഷമം അനുഭവിക്കരുതെന്നു മല്ലപ്പള്ളിത്തിരുമേനി അതിയായി ആഗ്രഹിച്ചിരുന്നു. അതിന്റെ പേരിൽ എന്തു കഷ്ടത സഹിപ്പാനും, എത്ര കടുത്ത പ്രതിസന്ധികളെ അഭിമുഖീകരിക്കാനും വട്ടശ്ശേരിൽ തിരുമേനി തയ്യാറായിരുന്നു. മലങ്കരസഭയുടെ ഒരു വല്ലാത്ത വിഷമഘട്ടത്തിൽ എന്തിനും തയ്യാറായി അദ്ദേഹം കുന്നംകുളത്തേക്ക് വന്നില്ലായിരുന്നെങ്കിൽ ഇന്ന് കുന്നംകുളത്ത് കാതോലിക്കാ കക്ഷിയുടെ നില ശോചനീയമായ അവസ്ഥ പ്രാപിക്കുമായിരുന്നു. പഴയ കൊച്ചി രാജ്യത്തെ പഴക്കവും, പ്രശസ്തിയുമുള്ള തൃപ്പൂണിത്തുറ നടമേൽ, മുളന്തുരുത്തി, കരിങ്ങാശ്ര മുതലായ പ്രമുഖ പള്ളികൾ പാത്രിയർക്കീസ് ഭാഗത്തെ നെടും കോട്ടകളായി പരിണമിച്ചപ്പോൾ, വട്ടശ്ശേരിൽ തിരുമേനി എന്ന ധീരസേനാനിയുടെ പിന്നിൽ ആർത്താറ്റ് - കുന്നംകുളം മഹാഇടവക ഒറ്റക്കെട്ടായി നിന്ന് പരദേശികളോട് പോരാടി.

കൊല്ലം 1095. കക്ഷിഭിന്നത കൊടുമ്പിരിക്കൊണ്ടു നിൽക്കുന്ന സമയം. സമാധാന ലംഘനം ഉണ്ടാകുമെന്ന് ഭീഷണിപ്പെടുത്തി കുന്നംകുളം പഴയപള്ളി പൂട്ടി മുദ്ര വെപ്പിക്കാനായി പാത്രിയർക്കീസ് കക്ഷിയിലെ ചില വാശിക്കാരായ തന്ത്രശാലികൾ ചില പരിപാടികളെല്ലാം ആസൂത്രണം ചെയ്തു. ഭൂരിപക്ഷം പേർ ഉൾപ്പെടുന്ന ഓർത്തഡോക്സ് വിഭാഗക്കാർ വി. കുർബ്ബാന ലഭിക്കാതെ വലയുമ്പോൾ അവരെ എളുപ്പം കീഴടക്കാം എന്നായിരുന്നു കണക്കുകൂട്ടൽ. ഈ വിവരമെല്ലാം ബുദ്ധിശാലിയായ വട്ടശ്ശേരിൽ തിരുമേനി അറിഞ്ഞു. തന്റെ ആടുകൾക്കുവേണ്ടി ജീവൻ കളയാൻ തയ്യാറുള്ള ആ സാക്ഷാൽ നല്ല ഇടയൻ ഉടൻ പുറപ്പെട്ടു കുന്നംകുളത്തേക്ക്. വാസ്തവം പറഞ്ഞാൽ തിരുമേനിയുടെ വരവ് അഗ്നികുണ്ഡത്തിലേക്കുള്ള എടുത്തുചാട്ടമായിരുന്നു. പള്ളിയിലെ കർമ്മങ്ങൾ



പാത്രിയർക്കീസ് ഭാഗത്തെ കത്തനാരുടെ വീതത്തിന് വേർതിരിച്ച ആഴ്ചയിലായിരുന്നു വരവ്. 'മുടക്കപ്പെട്ട' മെത്രാച്ചൻ വന്ന് ബാവാ കക്ഷിയിലെ കത്തനാരുടെ കർമ്മം മുടക്കാൻ നോക്കുന്നു എന്ന് ആക്ഷേപിച്ചു മജിസ്ട്രേട്ടിനും, പോലീസ് ഇൻസ്പെക്ടർക്കും പാത്രിയർക്കീസ് ഭാഗത്തെ ചില പ്രമുഖർ ഹർജി കൊടുത്തു. ഇതിന്റെ മറവിൽ തിരുമേനിയെ അറസ്റ്റു ചെയ്ത് പള്ളിയിൽനിന്ന് അപമാനിതനാക്കി ഇറക്കിക്കൊണ്ടുപോകാൻ ചില കുബുദ്ധികൾ വേണ്ട കെണിയെല്ലാം ഒരുക്കിവെച്ചിരുന്നു. കുന്നംകുളം പോലീസ് ഇൻസ്പെക്ടർക്ക് ജാഗ്രതയായി പ്രവർത്തിക്കാൻ കൈനിറയെ കാശും കൊടുത്ത് തയ്യാറാക്കി നിർത്തിയിരുന്നു. ദോഷം പറയരുതല്ലോ! കൊടുത്ത കാശിന്റെ നന്ദി ഇൻസ്പെക്ടർ കാണിച്ചു. കാട്ടിൽ വല വിരിച്ച് മൃഗം വന്നുപെടാൻ കാത്തിരിക്കുന്ന വേടനെപ്പോലെ ഇൻസ്പെക്ടർ ജാഗരൂകനായി നിൽക്കുകയും ചെയ്തു.

എല്ലാം അറിഞ്ഞുകൊണ്ടും, എന്തിനും തയ്യാറായി വട്ടശ്ശേരിൽ തിരുമേനി കുന്നംകുളത്തു വന്നു. കുന്നംകുളത്തു എത്തുമ്പോൾ നേരം സന്ധ്യയാവാറായിരുന്നു. വന്ന ഉടനെ ലുത്തിനിയാ കഴിക്കുവാൻ പഴയപള്ളിയിൽ പ്രവേശിച്ചു. തുടർന്നു സ്വല്പനേരം വിശ്രമിച്ചശേഷം സന്ധ്യാനമസ്കാരം തുടങ്ങി. ജനങ്ങൾ പള്ളിക്കകത്തും പുറത്തും തിങ്ങിനിറഞ്ഞ് നിൽക്കുകയാണ്. എന്തും സംഭവിക്കാം! കൊച്ചി രാജ്യത്തെ പോലീസും, വേണമെങ്കിൽ നായർ പട്ടാളവും ഏതു നിമിഷവും അവിടെ വരാം. സായിപ്പ് ഇന്ത്യ ഭരിച്ചിരുന്ന ആ പഴയ കാലത്ത് നിയമലംഘനം കടുത്ത കുറ്റമായിട്ടാണ് കരുതിയിരുന്നത്. ലഹളകളും, അക്രമങ്ങളും ഉരുക്കു മുഷ്ടികൊണ്ട് അടിച്ചമർത്തുന്ന കാലവും.

പഴയപള്ളിക്കകത്ത് ആകാംക്ഷാഭരിതരായി തിങ്ങിനിറഞ്ഞ് നിൽക്കുന്ന ഭക്തജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് മല്ലപ്പള്ളിത്തിരുമേനി ഏവൻഗേലിയോൻ വായിക്കാൻ തുടങ്ങുന്നു. മലങ്കര നസ്രാണികളുടെ അഭിമാനത്തിന്റെ പ്രതീകമായ മെത്രാപ്പോലീത്താ പടിഞ്ഞാറോട്ടു തിരിഞ്ഞ് സ്ലീബാ ഉയർത്തി റൂശ്മാ ചെയ്യാൻ തുടങ്ങിയതേയുള്ളു. പള്ളിക്കകത്ത് നിറഞ്ഞുനിൽക്കുന്ന ജനസഹസ്രങ്ങളിൽ ഒരു കോളിളക്കം കാണാറായി. ആളുകൾ പരസ്പരം അടക്കിപ്പിടിച്ച സ്വരത്തിൽ എന്തോ കുശുകുശുക്കുന്നു. തലപ്പിള്ളി മജിസ്ട്രേട്ടും, കുന്നംകുളം പോലീസ് ഇൻസ്പെക്ടറും, വിപുലമായ പോലീസ് സന്നാഹവും പള്ളിപ്പറമ്പിൽ പ്രവേശിച്ചുകഴിഞ്ഞു. അതിന്റെ തിരയടിയാണ് പള്ളിക്കുള്ളിൽ കടന്നത്. ആരാധനയ്ക്ക് കൂടിയവർ പഴയപള്ളിയുടെ കനത്ത വാതിലുകൾ അകത്തുനിന്ന് ഭയങ്കര ശബ്ദത്തിൽ കൊട്ടിഅടച്ച് സാക്ഷാ ഇട്ടു. മജിസ്ട്രേട്ടും, പോലീസും പള്ളിയകത്ത് കയറാതിരിക്കാനുള്ള മുൻകരുതലുകൾ ധൃതഗതിയിൽ ചെയ്തുതീർത്തു. പീരങ്കി മുഴങ്ങുന്ന ശബ്ദത്തിൽ കനത്തവാതിലുകൾ ആഞ്ഞ്

അടയ്ക്കുമ്പോൾ മെത്രാപ്പോലീത്താ അക്ഷോഭ്യനായി തന്റെ കർമ്മം നിർവഹിക്കുകയായിരുന്നു.

പള്ളിക്കകത്തു ജനങ്ങൾ തികച്ചും പരിഭ്രാന്തരായി കാണപ്പെട്ടു. തങ്ങളുടെ മെത്രാപ്പോലീത്താ മജിസ്ട്രേട്ടിന്റെയും പോലീസുകാരുടേയും കൈകളാൽ അപമാനിതനാകുമോ എന്ന ഭയം അവരെ ദുഃഖാകുലരാക്കി. എന്നാൽ സഭാഭാസുരനായ തിരുമേനിയുടെ മുഖത്ത് ഒരു ഭാവവ്യത്യാസവും കണ്ടില്ലെന്ന് ദൃക്സാക്ഷികൾ ഉറപ്പിച്ചുപറയുന്നു. കത്തിനിൽക്കുന്ന മെഴുകുതിരികളുടെ പ്രകാശധോരണിയിൽ വന്ദ്യതിരുമേനിയുടെ മുഖം കൂടുതൽ തെളിഞ്ഞുകാണാമായിരുന്നു. ശങ്കയോ, ഭീതിയോ ആ മുഖത്ത് എത്തിനോക്കിയില്ല. ഏവൻഗേലിയോൻ വായിക്കുമ്പോൾ ശബ്ദം ഇടറിയില്ല. വാക്കുകൾ തടഞ്ഞുനിന്നില്ല. സ്വഛശീതളമായ പുൽപ്പുറത്ത് ആടുകളെ മേയിക്കുന്ന നല്ല ഇടയനെപ്പോലെ പ്രശാന്തനായി ആ യഹോവയുടെ അഭിഷിക്തൻ വേദഭാഗം വായിച്ചുതീർത്തു. കുന്നംകുളം നസ്രാണികൾ ആ കാഴ്ചകണ്ട് തങ്ങളുടെ സഭാനായകന്റെ മനോധൈര്യത്തെ മനസ്സിൽ വാനോളം പുകഴ്ത്തി.

പള്ളിക്കകത്ത് ഇങ്ങനെ കാര്യങ്ങൾ ഭംഗിയായി നടക്കുമ്പോൾ പള്ളിപ്പറമ്പിൽ സംഗതികൾ വളരെ മോശമായ നിലയിലെത്തിയിരുന്നു. പള്ളിപ്പറമ്പിനു ചുറ്റും കോട്ടപോലെ ഉയർന്ന മതിൽക്കെട്ടുണ്ടായിരുന്നു. ഇരുട്ടു വ്യാപിച്ച പള്ളിപ്പറമ്പിൽ അകപ്പെട്ട മജിസ്ട്രേട്ടിനും, പോലീസ് ഇൻസ്പെക്ടർക്കും, ഒരു കമ്പിനി പോലീസുകാർക്കും ആകപ്പാടെ വെളിച്ചം കാണാൻ ഉണ്ടായിരുന്നത് ഒരു പാനീസ് വിളക്കു മാത്രം (നാലു വശവും ചില്ലുകൊണ്ട് മറച്ചു മണ്ണെണ്ണയിൽ കത്തുന്ന ഒരുതരം പഴയ വിളക്കാണ് പാനീസ്). അന്ന് വൈദ്യുതി വിളക്കോ, മറ്റു സജ്ജീകരണങ്ങളോ ഉണ്ടായിരുന്നില്ല. വില്ലാശിപായി പാനീസ് വിളക്ക് ഉയർത്തിപ്പിടിച്ച് വെളിച്ചം കാണിച്ചുകൊണ്ട് തലപ്പിള്ളി മജിസ്ട്രേട്ടിന് തൊട്ട് മുൻപേ നടന്നുതുടങ്ങി. പോലീസ് വ്യൂഹം ഇരുട്ടിൽതപ്പിത്തടഞ്ഞു പള്ളിയെ ലക്ഷ്യമാക്കി പിൻപെയും. പിന്നെ എന്താണ് സംഭവിച്ചതെന്ന് വ്യക്തമായി അറിയില്ല. ഒരു കാളാമുണ്ടൻകൊണ്ട് ആരോ പാനീസ് വിളക്കിന് ഒരടികൊടുത്തു. വിളക്ക് വില്ലാശിപായിയുടെ കൈയിൽനിന്നു പറന്നു. ആകെ അന്ധകാരം. കടന്നൽകൂട് ഇളകിയപോലെ കുന്നംകുളം നസ്രാണികൾ ഇളകിവശായി. അവർ മജിസ്ട്രേട്ടിന്റേയും, പോലീസുകാരുടേയുംമേൽ ചാടിവീണു. പിന്നെ ഉണ്ടായത് ഒരു നരനായാട്ടാണ്. കലികൊണ്ട നസ്രാണി യുവാക്കൾ അവരെ തലങ്ങും വിലങ്ങും അടിച്ചുപരത്തി. യൂണിഫോമിൽ നിൽക്കുന്ന പോലീസുകാർ തല്ലുകൊണ്ട് ആർത്തുനിലവിളിച്ചു. അപരിചിതമായ സ്ഥലത്തു വന്നുപെട്ട മജിസ്ട്രേട്ട് ഇടികിട്ടി അവശനായി നിലത്തുവീണു. തങ്ങളുടെ നേതാവായ ആ നിയമജ്ഞനെ ചവിട്ടിമെതിച്ച് പോലീസു



കാർ ജീവനും കൊണ്ട് ഓടി. പരിഭ്രാന്തനായ എസ്. ഐ. വാവിട്ടു നിലവിളിച്ചു. ആ നിയമപാലകനും ആവശ്യത്തിനു കിട്ടിയിരുന്നു. തനിക്കു കിട്ടിയ മർദ്ദനത്തേക്കാൾ കൂടുതൽ അദ്ദേഹത്തെ ദുഃഖിപ്പിച്ചത് തന്റെ ബുദ്ധിശൂന്യത നിമിത്തം മജിസ്ട്രേട്ട് ഇടികിട്ടി നിലത്തുവീണുപോയതിലായിരുന്നു. പിറ്റേ ദിവസം പകൽ സമയംനോക്കി മെത്രാപ്പോലീത്തായെ അറസ്റ്റുചെയ്താൽ മതിയെന്നും, കുന്നംകുളം നസ്രാണി സിംഹങ്ങളുടെ ഗുഹയിലേക്ക് രാത്രികാലത്ത് പോകുന്നത് ബുദ്ധിയല്ലെന്നും മജിസ്ട്രേട്ട് മുൻകൂട്ടി പറഞ്ഞിരുന്നുവത്രേ! ചില കുബുദ്ധികളുടെ സ്വാധീനത്തിൽപെട്ട എസ്. ഐ. യുടെ നിർബന്ധം ഹേതുവാൽ മജിസ്ട്രേട്ട് കൂടെ ഇറങ്ങിത്തിരിച്ചതാണ്!

അന്നു കൊച്ചിരാജ്യത്തെ പോലീസ് കമ്മീഷണറും, നായർ പട്ടാളത്തിന്റെ സുപ്രീം കമാണ്ടറും (ഇന്നത്തെ ഐ. ജി. യേക്കാൾ ഉയർന്ന പദവി) മല്ലപ്പള്ളിത്തിരുമേനിയുടെ വലങ്കൈ ആയിരുന്ന എം. എ. ചാക്കോ എന്ന ഉറച്ച ഓർത്തഡോക്സ്കാരനായിരുന്നു. ചാക്കോ സൂപ്രണ്ട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം അന്ന് നാടുവാണിരുന്ന കൊച്ചി രാമവർമ മഹാരാജാവിന്റെ വിശ്വസ്തമിത്രമായിരുന്നു. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് എന്ന ഉന്നതാധികാരി (എക്സിക്യൂട്ടീവും, ജുഡീഷ്യറിയും തമ്മിൽ വേർതിരിക്കാതിരുന്ന ആ പഴയ കാലത്ത് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് ഇന്നത്തേക്കാൾ കൂടുതൽ അധികാരമുണ്ടായിരുന്നു) റാവുസാഹിബ്, ഷെവലിയർ, കള്ളിയത്ത് സി. വി. ആന്റണി എന്ന സുറിയാനി കത്തോലിക്കനും. എം. എ. ചാക്കോയുടെ ഉറ്റമിത്രമായിരുന്നു സി. വി. ആന്റണി. ഇനി കൂടുതൽ ഒന്നും വിശദീകരിക്കേണ്ടതില്ലല്ലോ. തലപ്പിള്ളി മജിസ്ട്രേട്ടിനും, കുന്നംകുളം പോലീസ് ഇൻസ്പെക്ടർക്കും, പരിവാരങ്ങൾക്കും തല്ലുകിട്ടിയതുമിച്ചം. അവരുടെ തൊപ്പികളും, മറ്റു സാധനങ്ങളും പിറ്റേ ദിവസം പള്ളിപ്പറമ്പിൽ നിന്നും, വരട്ടിച്ചാലിൽനിന്നും പെറുക്കി എടുക്കുകയാണ് ഉണ്ടായതത്രേ. പോലീസിനെ ആക്രമിച്ചതിനെപ്പറ്റിയും മറ്റും ക്രിമിനൽ കേസ് ഉണ്ടാകാതിരുന്നില്ല. 1095 ൽ എം. സി. 22- ാം നമ്പരായി കേസെടുത്തുവെങ്കിലും തെളിവില്ലെന്ന് കണ്ട് കേസ് പിന്നീട് തള്ളിപ്പോയി.

ആർത്താറ്റ് പള്ളിച്ചരിത്രത്തിൽ ഈ സംഭവത്തെപ്പറ്റി പറയുന്നുണ്ട്. “അക്കാലത്തെ പോലീസ് കമ്മീഷണർ എം. എ. ചാക്കോയുടെ ഇടപെടലും, ഡിസ്ട്രിക്ട് മജിസ്ട്രേട്ട് റാവുസാഹിബ്, ഷെവലിയർ സി. വി. ആന്റണിയുടെ അടിയന്തിരമായ ഇങ്ങോട്ടുള്ള വരവും നിമിത്തം കൂടുതൽ അത്യാഹിതങ്ങൾക്കൊന്നും ഇടയായില്ല” (പേജ് 134).

ആർത്താറ്റ് കുന്നംകുളം മഹായിടവകയിലെ ഭക്തജനങ്ങൾ അവരുടെ കണ്ണിലുണ്ണിയായ മല്ലപ്പള്ളിത്തിരുമേനിക്ക് എന്താണ് പാരിതോഷികം കൊടുക്കേണ്ടതെന്ന് ആലോചനയായി. സ്വർണ്ണംകൊണ്ടു ഇരട്ട

പ്പത്തിയുള്ള ഒരു വിലപിടിച്ച അംശവടി സമ്മാനിക്കാൻ തീരുമാനിച്ചു. അതിനെപ്പറ്റി ആർത്താറ്റ് പള്ളിച്ചരിത്രത്തിൽ ഇങ്ങനെ പറയുന്നു (പേജ് 137).

"ഇടവകജനങ്ങൾക്കു മാർ ഗീവർഗീസ് ദീവന്നാസ്യോസ് തിരുമേനിയോടുള്ള ഭക്തിവാത്സല്യചിഹ്നമായി സ്വർണ്ണംകൊണ്ടു ഇരട്ടപ്പത്തിയുള്ള ഒരു പാമ്പുവടിയുണ്ടാക്കി സമ്മാനിക്കണമെന്നു ഇടവകമഹായോഗത്തിൽ നിന്നു തീരുമാനിക്കുകയും അതനുസരിച്ച് 500 ഉറുപ്പിക ജനങ്ങളിൽനിന്നു പിരിവെടുത്തും പള്ളിയിൽനിന്നു 1000 ഉറുപ്പിക ചിലവുചെയ്തും ഒരു പാമ്പുവടി പണിയിക്കുകയും ചെയ്തു (അന്ന് സ്വർണ്ണം ഒരു പവന് 12 ഉറുപ്പിക 6 അണയായിരുന്നു വില).

"1922 വൃശ്ചികത്തിൽ മലങ്കര മെത്രാപ്പോലീത്തായായ മാർ ഗീവർഗീസ് ദീവന്നാസ്യോസും കാതോലിക്കാബാവായായ മാർ ഗ്രീഗോറിയോസും (പ. ഗീവർഗീസ് ദ്വിതീയൻ ബാവ) കൂടി പഴയപള്ളിയിൽ എഴുന്നള്ളി താമസിക്കുകയും ഒരു മഹായോഗത്തിൽവച്ച് മാർ ദീവന്നാസ്യോസ് തിരുമേനിക്ക് പാമ്പുവടി സമ്മാനിക്കുകയും ചെയ്തു."

രത്നങ്ങൾ പതിച്ച 100 പവൻ സ്വർണ്ണംകൊണ്ട് ശില്പകലാഭംഗിയോടെ നിർമ്മിച്ച ഈ മനോഹരവും അതിവിശിഷ്ടവുമായ അംശവടി മലങ്കരമെത്രാപ്പോലീത്താമാരുടെ സ്ഥാനചിഹ്നങ്ങളിൽ ഒന്നായി പരിലസിക്കുന്നു.

1932 നവംബറിൽ മല്ലപ്പള്ളിത്തിരുമേനി പുത്തൻകാവിൽ മാർ പീലക്സിനോസ് തിരുമേനിയുമൊന്നിച്ച് കുന്നംകുളം സന്ദർശിച്ചു. കൂടെ ചെറിയമഠത്തിൽ സ്കറിയാ മല്പാനുമുണ്ടായിരുന്നു. അതിഗംഭീരമായ ഒരു എതിരേല്പാണ് തിരുമേനിമാർക്ക് കുന്നംകുളം ജനാവലി നൽകിയത്. സ്വീകരണ ഘോഷയാത്രയ്ക്ക് ഒരു മൈൽ നീളമുണ്ടായിരുന്നുവെന്ന് ശെമ്മാശ്ശനായി വട്ടശ്ശേരിൽ തിരുമേനിയുടെ കൂടെ അന്നുണ്ടായിരുന്ന മണലിൽ യാക്കോബ് കത്തനാർ രേഖപ്പെടുത്തിയിട്ടുണ്ട്. കാലം ചെയ്ത അച്ചൻ എന്ന് കുന്നംകുളത്തുകാർ ഭക്തിബഹുമാനപൂർവ്വം പറയുന്ന പുലിക്കോട്ടിൽ ഒന്നാമത്തെ മെത്രാപ്പോലീത്തായായ യൌസേഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ (സെമിനാരി സ്ഥാപകൻ) ഓർമ്മപ്പെരുന്നാൾ കുന്നംകുളം പുത്തൻപള്ളിയിൽ വിപുലമായ രീതിയിൽ കൊണ്ടാടുന്നതിലേക്കായിട്ടാണ് തിരുമേനിമാർ ആഗതരായത്.

അന്നത്തെ കുന്നംകുളം പട്ടണത്തിലെ യുവതലമുറയിൽപ്പെട്ട രണ്ട് ബറ്റാലിയൻ നസ്രാണി 'യോദ്ധാക്കൾ' തിരുമേനിമാർക്ക് ഘോഷയാത്രയിൽ അകമ്പടി സേവിച്ചു. പടച്ചട്ട അണിഞ്ഞ് തോക്കുകൾ ചുമലിൽ ചായ്ച്ചുവെച്ച് പഴയപള്ളിയുടെ വിശാലമായ അങ്കണത്തിൽ അണി



നിരന്നുനിന്ന അവരുടെ ഗാർഡ് ഓഫ് ഓണർ വലിയ തിരുമേനി പരിശോധിച്ചു. മല്ലപ്പള്ളിത്തിരുമേനിയും, പുത്തൻകാവ് തിരുമേനിയും, യൂണിഫോം ഇട്ട് തോക്കുകൾ പിടിച്ചുനിൽക്കുന്ന ആ നസ്രാണി ഭടന്മാരുടെ മുൻനിരയിൽ സിംഹാസനങ്ങളിൽ ഉപവിഷ്ടരായിരുന്നു ഒരു ഗ്രൂപ്പ്ഫോട്ടോ എടുത്തു. എഴുപതു വർഷം മുൻപ് എടുത്ത ആ ചിത്രം ഒരു ചരിത്രരേഖയായി പലരും സൂക്ഷിക്കുന്നുണ്ട്. അതിൽ വട്ടശ്ശേരിൽ തിരുമേനിയുടെ അംശവടിയും പിടിച്ച് സെക്രട്ടറി മണലിൽ യാക്കോബ് ശെമ്മാശ്ശനും, പുത്തൻകാവ് തിരുമേനിയുടെ അംശവടിയും പിടിച്ച് സെക്രട്ടറി എം. ജെ. സ്കറിയാ ശെമ്മാശ്ശനും നില്ക്കുന്നതായി കാണാം. ഈ ചിത്രം കുന്നംകുളത്തെ പലപഴയ വീടുകളുടേയും ചുമരിനെ അലങ്കരിക്കുന്നുണ്ട്.

വട്ടശ്ശേരിൽ തിരുമേനി വലിയ ഗൗരവപ്രകൃതിക്കാരനാണെന്നാണ് പൊതുവേയുള്ള വിശ്വാസം. എന്നാൽ ഫലിതം ആസ്വദിക്കാനും, നർമ്മസംഭാഷണത്തിനും തിരുമേനി നിപുണനായിരുന്നു. കുന്നംകുളത്തിന്റെ സമീപപ്രദേശമായ പഴഞ്ഞി സന്ദർശനവേളയിൽ തിരുമേനി പറഞ്ഞ ഫലിതം ഇന്നും ചിലരുടെ മനസ്സിൽ മായാതെ കിടപ്പുണ്ട്. ഈ വിവരം കുന്നംകുളത്തു നിന്നു അന്ന് തിരുമേനിയെ അകമ്പടി സേവിച്ചുകൊണ്ട് പഴഞ്ഞിക്കുപോയ യുവാക്കളുടെ കൂട്ടത്തിലുണ്ടായിരുന്ന ചീരൻ സി. പി. ചേറു (പിന്നീട് എം. ജെ. ഡി. സ്കൂളിന്റെ ഹെഡ്മാസ്റ്റർ) ഞങ്ങളോട് നേരിട്ട് പറഞ്ഞിട്ടുള്ളതാണ്. ഘോഷയാത്രപഴഞ്ഞിപ്പള്ളിയിൽ എത്തി. പള്ളിയിൽ പ്രവേശിച്ച് പ്രാർത്ഥനയും മറ്റും കഴിഞ്ഞശേഷം വട്ടശ്ശേരിൽ തിരുമേനി മാളികയിലെ മുറിയിൽ ചൂരൽമെടഞ്ഞ ഒരു കസേരയിൽ ഇരുന്ന് വിശ്രമിക്കുന്നു. മേൽപറഞ്ഞ ചേറു മാസ്റ്ററുമായി എം. ജെ. ഡി. സ്കൂൾ സംബന്ധമായ കാര്യങ്ങൾ തിരുമേനി സംസാരിക്കുന്നുണ്ട്. തിരുമേനി വിശ്രമിക്കുന്ന മുറിയുടെ മുൻപിലുള്ള വരാന്തയിൽ കൂടി ആളുകൾ കലപിലാന്ന് സംസാരിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഒച്ചവെച്ച് നടന്നിരുന്നു. മെത്രാപ്പോലീത്താ മുറിയിൽ ഉണ്ടെന്നും അദ്ദേഹം കേൾക്കുമെന്നുമുള്ള വിചാരം തീരെ ഇല്ലാതെയാണ് ചിലരുടെ നടപ്പും ബഹളം വെച്ച് ഉച്ചത്തിലുള്ള സംസാരവും മറ്റും. പഴഞ്ഞി അന്ന് ഒരു ഗ്രാമപ്രദേശമാണ്. അടയ്ക്ക (പാക്ക്) വെട്ടും, കളിയടക്ക ഉണ്ടാക്കലും മറ്റുമായി കഴിയുന്നവരായിരുന്നു അവിടെ ഉള്ളവരിൽ ഭൂരിപക്ഷവും. ഇവരുടെ ബഹളം വലിയ ശല്യമായിതോന്നിയപ്പോൾ തിരുമേനി ചേറു മാസ്റ്ററോട് സ്കൂളിനെക്കുറിച്ചുള്ള സംസാരം നിർത്തി. സ്വല്പനേരം മൗനമായിരുന്നശേഷം തിരുമേനി ചോദിച്ചു.

"ചേറു, കുന്നംകുളത്തുനിന്ന് എത്ര അകലെയാണ് പഴഞ്ഞി?"

ചേറു മാസ്റ്റർ ഉടനെ മറുപടി പറഞ്ഞു: "നാലു നാഴിക". അന്ന് കിലോ

മീറ്റർ ഇല്ലല്ലൊ. ഫർലോങ്ങിലും, മൈലിലുമായിരുന്നു ദൂരം പറഞ്ഞിരുന്നത്.

"അത്ര കണ്ടാൽപോരല്ലോ ചേറു" എന്നായി തിരുമേനി.

സ്വല്പം ആലോചിച്ചശേഷം ചേറു മാസ്റ്റർ പറഞ്ഞു. "കുന്നംകുളത്തുനിന്നു പോർക്കളം വഴിയുള്ള എളുപ്പവഴിയിൽക്കൂടെയുള്ള ദൂരമാണ് അടിയൻ ഉണർത്തിച്ചത്. പെരുമ്പിലാവ് കൂടെ വേറൊരു വഴിയുണ്ട്. അതു വഴിയാണ് വരുന്നതെങ്കിൽ ഒരു നാഴിക കൂടും. അപ്പോൾ അഞ്ചു നാഴിക വരും."

ആ ഉത്തരംകൊണ്ടും തിരുമേനി തൃപ്തിപ്പെട്ടില്ല. തിരുമേനി കുറെ ഗൗരവത്തിൽ വീണ്ടും പറഞ്ഞു: "അത്ര കണ്ടാൽ പോരല്ലൊ ചേറു. ഒന്നുകൂടി ആലോചിച്ചുപറയൂ. കുന്നംകുളത്തുനിന്ന് എത്ര അകലെയാണ് പഴഞ്ഞി?"

ബുദ്ധിമാനും, രസികനുമായ ചേറു മാസ്റ്റർക്ക് ഉടനെ കാര്യം പിടികിട്ടി. മാസ്റ്റർ ചിരി ഒതുക്കിക്കൊണ്ട് പ്രതിവചിച്ചു. "തിരുമേനി പറഞ്ഞതാണ് ശരി. കുന്നംകുളത്തുനിന്നു വളരെ അകലെയാണ് പഴഞ്ഞി."

അതുകേട്ടപ്പോൾ തിരുമേനി പൊട്ടിച്ചിരിച്ചു. കുന്നംകുളത്തെ ജനങ്ങളുടെ അന്തസുള്ള പെരുമാറ്റവും, പഴഞ്ഞിയിലെ ജനങ്ങളുടെ പരുക്കൻ സമ്പ്രദായവും തമ്മിൽ വല്ലാത്ത അന്തരമുണ്ടെന്നു ചൂണ്ടിക്കാണിക്കുകയായിരുന്നു തിരുമേനി.

കുന്നംകുളത്തെ ഓർത്തഡോക്സ് സഭയിലെ വൈദികർ അക്കാലത്ത് സെക്കുലർ വിദ്യാഭ്യാസരംഗത്ത് വളരെ പുറകിലായിരുന്നു. പത്താം ക്ലാസ്സ് പാസ്സായവർ ആരും ആ കാലത്ത് ഉണ്ടായിരുന്നില്ലെന്ന് പറയുമ്പോൾ പാപ്പരത്തം ഏതാണ്ട് ഊഹിക്കാമല്ലോ. എട്ടാം തരം തോറ്റവരും പത്താം ക്ലാസ്സ് തോറ്റ് പഠിപ്പ് നിർത്തിയവരുമായിരുന്നു വൈദികർ. പഠിപ്പും, ബിരുദവും ഉള്ളവർക്ക് പറ്റിയ തൊഴിലല്ല വൈദികവൃത്തി എന്നുവരെ സാമാന്യജനങ്ങൾ തെറ്റിദ്ധരിച്ചിരുന്നു. ഉയർന്ന വിദ്യാഭ്യാസമുള്ള ഏതെങ്കിലും യുവാവിന് വൈദികനാകാൻ താല്പര്യമുണ്ടെന്നുള്ള വിവരം പുറത്തുപറഞ്ഞാൽ അവനെ വീട്ടുകാരും, നാട്ടുകാരും ഒന്നടക്കം നിരുത്സാഹപ്പെടുത്തും. ചുരുക്കത്തിൽ കുന്നംകുളത്തെ വൈദികരുടെ നിലവാരം അധഃപതനത്തിന്റെ നെല്ലിപ്പടിയിൽ എത്തിയിരുന്നു; വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യകാലത്ത് ഗുണനിലവാരമുള്ള അപൂർവ്വം ചില വൈദികർ ഇടയ്ക്കും, തലയ്ക്കും ഓരോന്ന് കണ്ടെങ്കിലായ്. "കഴുത്തിൽ കയറിട്ടുവലിച്ചാലും കുപ്പായത്തിൽ കയറുന്നതിന് മനുഷ്യരെ കിട്ടാൻ പ്രയാസവുമായിത്തീർന്നു" എന്ന് 1930 ൽ പുലിക്കോട്ടിൽ ഔസേഫ് റമ്പാനും, ചേപ്പാട്ട്



ഫീലിപ്പോസ് റമ്പാനും ചേർന്ന് എഴുതി പ്രസിദ്ധീകരിച്ച '*മലങ്കരസഭയുടെ കുഴൽക്കണ്ണാടി*' എന്ന ഗ്രന്ഥത്തിൽ (പേജ് 23) വിലപിക്കുന്നുണ്ട്. അക്കാലത്ത് തെക്കൻ ഇടവകകളിൽ നിന്നു സെറാമ്പൂരിൽ പോയി ബി. ഡി. ബിരുദത്തിന് പഠിക്കുന്ന പല വൈദികരും ഉണ്ടായിരുന്നു. പലരും പഠിച്ച് ബി. ഡി. യും, എം. എ. യും മറ്റും പാസ്സായി മടങ്ങിവരികയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ കുന്നംകുളത്തുനിന്ന് മരുന്നിൽ കൂട്ടാൻപോലും ഒരു ശെമ്മാശൻ സെറാമ്പൂരിലൊ മറ്റൊ പോയി ബിരുദം നേടുക ഉണ്ടായിട്ടില്ല. പത്താം ക്ലാസു തന്നെ പാസ്സാകാത്തവർ കോളജിൽ പഠിക്കുന്ന പ്രശ്നം തന്നെ ഇല്ലല്ലോ. ഈ ശോച്യാവസ്ഥ എങ്ങിനെ മാറ്റി എടുക്കാമെന്ന് വട്ടശ്ശേരിൽ തിരുമേനി ആലോചിച്ചു. കോളജ് ബിരുദവും, സൽസ്വഭാവവുമുള്ള ഒരു പട്ടക്കാരനെ തെക്കൻപ്രദേശത്തു നിന്നു കുന്നംകുളത്ത് കൊണ്ടുവന്ന് താമസിപ്പിച്ച് ആർത്താറ്റ് - കുന്നംകുളം പള്ളികളിലെ സഹവികാരിയായി പ്രവർത്തിപ്പിച്ചാൽ യുവതലമുറയ്ക്ക് ആ വൈദികനെക്കണ്ട്, ആ പുരോഹിതന്റെ കാലടികളെ പിൻതുടരാൻ പ്രചോദനം ലഭിച്ചേക്കും എന്ന് തിരുമേനി കണക്കുകൂട്ടി. അതിനുള്ള പദ്ധതികൾ തയ്യാറാക്കി. കുന്നംകുളം പഴയപള്ളിയുടെ അങ്കണത്തിൽ പള്ളിവകയായി പുലിക്കോട്ടിൽ രണ്ടാമത്തെ മെത്രാപ്പോലീത്തായായ എം. ഡി. സെമിനാരി സ്ഥാപകൻ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ഓർമ്മയ്ക്കായി എം. ജെ. ഡി. ലോവർ സെക്കണ്ടറി സ്കൂൾ നടത്തിവന്നിരുന്നു. അതിലെ അദ്ധ്യാപകനായി തുമ്പമൺ സ്വദേശിയും, സെറാമ്പൂരിൽ പഠിച്ച് ബി. ഡി. ബിരുദം ലഭിച്ച ദേഹവുമായ കെ. റ്റി. തോമസ് ശെമ്മാശ്ശനെ നിയോഗിച്ചു. രണ്ടു വർഷം ഈ സ്കൂളിൽ പഠിപ്പിച്ചുകഴിഞ്ഞ ശെമ്മാശ്ശന് വൈദികപട്ടം കൊടുത്തശേഷം അദ്ദേഹത്തെ പ്രസ്തുത സ്കൂളിന്റെ ഹെഡ്മാസ്റ്ററായി നിയമിച്ചു. ഏഴു കൊല്ലം കുന്നംകുളത്ത് താമസിച്ച് സകലരുടേയും പ്രീതിയും, വാത്സല്യവും, ബഹുമാനവും പിടിച്ചുപറ്റിയ ഫാദർ കെ. റ്റി. തോമസ് മുപ്പതാം വയസ്സിൽ ടൈഫോയ്ഡ് മൂലം 1941 കന്നി മാസത്തിൽ കുന്നംകുളത്തു വച്ച് നിര്യാതനായി. ആർത്താറ്റ് വലിയപള്ളി സെമിത്തേരിയിൽ കബറടക്കി. ജോസഫ് ചെറുവത്തൂരിന്റെ പ്രസിദ്ധ വിലാപകാവ്യമായ 'അശ്രുധാര' എന്ന ഗ്രന്ഥം ഫാദർ കെ. റ്റി. തോമസിന്റെ അകാലചരമത്തെക്കുറിച്ച് രചിക്കപ്പെട്ടതാണ്.

വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റുവാങ്ങിയത് പുലിക്കോട്ടിൽ തിരുമേനിയിൽ നിന്നുമായിരുന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ അസിസ്റ്റന്റും, പിൻഗാമിയുമായിട്ടാണല്ലോ വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെ മലങ്കര അസ്സോസ്സിയേഷൻ തിരഞ്ഞെടുത്തത്. അന്ന് സമുദായ വൈദിക ട്രസ്റ്റിയായിരുന്ന കോനാട്ട് കോര മാത്തൻ മല്പാന്റെ നേതൃത്വത്തിൽ വടക്കൻ ഇടവകക്കാർ പാണമ്പടി മാർ കൂറിലോസിനെ

(അന്ന് റമ്പാൻ) മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയാക്കണമെന്ന് നിശ്ചയിച്ച് ചില കരുനീക്കങ്ങൾ എല്ലാം നടത്തിയിരുന്നു. അതെല്ലാം തന്ത്രപൂർവ്വം പുലിക്കോട്ടിൽ തിരുമേനി തട്ടിനീക്കിയതിനാലാണ് വട്ടശ്ശേരിൽ തിരുമേനിക്ക് മലങ്കര മെത്രാപ്പോലീത്തായുടെ ഉന്നതസിംഹാസനത്തിൽ ഇരിക്കാൻ ഇടയായത്. ആ നന്ദി വട്ടശ്ശേരിൽ തിരുമേനിക്ക് എന്നെന്നും ഉണ്ടായിരുന്നു. കുന്നംകുളത്തെ പുലിക്കോട്ടിൽ തിരുമേനിയുടെ കുടുംബത്തോട് വട്ടശ്ശേരിൽ തിരുമേനിക്ക് വലിയ സ്നേഹവും ബഹുമാനവുമായിരുന്നു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ കാലശേഷം അദ്ദേഹത്തിന്റെ ജ്യേഷ്ഠപുത്രൻ കാക്കുണ്ണിക്ക് ഒരു വെള്ളരത്നവും, സ്വർണ്ണം കൊണ്ടുള്ള ഒരു അരപ്പട്ടയും, ഒരു സ്വർണ്ണ മുദ്രയും വട്ടശ്ശേരിൽ തിരുമേനി കൊടുത്തു. കണ്ടത്തിൽ കുടുംബക്കാർ പുലിക്കോട്ടിൽ തിരുമേനിക്ക് സമ്മാനിച്ചതായിരുന്നു ഈ വിലപിടിച്ച സ്വർണ്ണ അരക്കെട്ട്. ഇതിനെക്കുറിച്ച് കുന്നംകുളത്ത് ഒരു കുസൃതിപ്പാട്ട് ആളുകൾ പാടിവന്നിരുന്നു.

"കണ്ടത്തിൽ വീട്ടുകാരാൽ
ഉണ്ടാക്കിക്കൊടുത്തൊരു
പുത്തനാം അരക്കെട്ട്
വീങ്ങനും കൊണ്ടുവന്നു"

പുലിക്കോട്ടിൽ തിരുമേനിയുടെ ജ്യേഷ്ഠപുത്രൻ കാക്കുണ്ണിക്ക് ഉടവീക്കം അഥവാ അണ്ഡവീക്കം (ഹൈഡ്രോസിൽസ്) എന്ന അസുഖം കലശലായി ഉണ്ടായിരുന്നതിനാൽ അദ്ദേഹം വീങ്ങൻ കാക്കുണ്ണി എന്ന കുസൃതിപ്പേരിൽ അറിയപ്പെട്ടുവന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ കുടുംബക്കാർക്ക് വട്ടശ്ശേരിൽ തിരുമേനി കൊടുത്ത വിലപിടിപ്പുള്ള സാധനങ്ങളുടെ പട്ടിക മേൽപറഞ്ഞ പാട്ടിൽ ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ ആ പാട്ട് ഇപ്പോൾ വിസ്മൃതിയിൽപ്പെട്ടുപോയി. സ്വർണ്ണ അരക്കെട്ടു കൂടാതെ പുലിക്കോട്ടിൽ തിരുമേനിയുടെ ഒരു സ്വർണ്ണ മാലയും, രത്നങ്ങൾ പതിച്ച ഒരു കുരിശും കാക്കുണ്ണിക്ക് വട്ടശ്ശേരിൽ തിരുമേനി കൊടുത്തതായി പറയപ്പെടുന്നു. ഈ സ്വർണ്ണമാലയും അതിന്മേൽ ഘടിപ്പിച്ച സ്വർണ്ണക്കുരിശും കല്യാണത്തിന് വാഴ്ത്താൻ മണവാളന്മാർ അണിഞ്ഞുപോയിരുന്നതായി പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്. പുലിക്കോട്ടിൽ തിരുമേനിയുടെ സഹോദരിയുടെ മകൻ ചെറുവത്തൂർ കുറിയാക്കോസ് കത്തനാർക്ക് ഒരു സ്വർണ്ണമോതിരവും വട്ടശ്ശേരിൽ തിരുമേനി കൊടുത്തു. ഇതിനെക്കുറിച്ച് വട്ടിപ്പണക്കേസിൽ സമുദായ വൈദിക ട്രസ്റ്റി കോനാട്ട് കോര മാത്തൻ മല്പാനെ വിസ്തരിച്ചപ്പോൾ 1092 കുംഭം 19 -ാം തീയതി മല്പാൻ ഇങ്ങനെ മൊഴികൊടുത്തതായി കാണുന്നു: "ഒന്നാം പ്രതി (വട്ടശ്ശേരിൽ തിരുമേനി) ഒരു വെള്ള രത്നവും സ്വർണ്ണം കൊണ്ടുള്ള



ഒരു അരവാറും മുദ്രയും കാക്കുണ്ണിക്ക് കൊടുത്തു. ഒന്നാം പ്രതി ഒരു മോതിരം കൊടുത്തിട്ടുണ്ട്. ഒരു കത്തനാർക്കാണ് കൊടുത്തത്. കുറിയാക്കോസ് കത്തനാർക്കാണ് കൊടുത്തതെന്ന് തോന്നുന്നു....." (പുലിക്കോട്ടിൽ തിരുമേനിയുടെ സഹോദരിയുടെ മകനായ കുറിയാക്കോസ് കത്തനാർ കുരിയപ്പച്ചൻ എന്ന പേരിലാണ് കുന്നംകുളത്ത് അറിയപ്പെട്ടിരുന്നത്). പുലിക്കോട്ടിൽ തിരുമേനിയുടെ ഒരു സഹോദരിക്ക് സാമ്പത്തികമായി ഞെരുക്കമാണെന്നറിഞ്ഞ വട്ടശ്ശേരിൽ തിരുമേനി ആ വൃദ്ധയായ സഹോദരി നിര്യാതയാകുന്നവരെ മാസം തോറും അഞ്ചു രൂപ പഴയസെമിനാരിയിൽ നിന്ന് അയച്ചുകൊടുത്തിരുന്നു. ഇവ കൂടാതെ പുലിക്കോട്ടിൽ തിരുമേനിയുടെ ബന്ധത്തിൽപെട്ട പലർക്കും ഉദാരമായ സംഭാവനകൾ വട്ടശ്ശേരിൽ തിരുമേനി കൊടുത്തിട്ടുണ്ട്. തിരുമേനി കാലംചെയ്യുന്നതിന് ഏതാനും ദിവസം മുൻപ് തന്റെ ബന്ധുക്കൾക്കും, സേവകന്മാർക്കും മറ്റും കാലശേഷം കൊടുക്കേണ്ട സാധനങ്ങളെപ്പറ്റിയും, സംഖ്യകളെപ്പറ്റിയും മറ്റും പിൻഗാമിയോട് പറഞ്ഞ് ഏല്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം കൊടുത്തതത്രെ.

പുലിക്കോട്ടിൽ തിരുമേനിയുടെ ജ്യേഷ്ഠൻ വറിയതിന്റെ മകൻ ഉട്ടുപ്പിന്റെ മൂത്ത മകൻ യൌസേഫ് ശെമ്മാശ്ശനെ പുലിക്കോട്ടിൽ തിരുമേനിതന്നെ ശെമ്മാശ്ശുപട്ടം കൊടുത്ത് വൈദികവൃത്തിയിലേക്ക് ആനയിച്ചിരുന്നു. യൌസേഫ് ശെമ്മാശ്ശനെ ഭാവി മലങ്കര മെത്രാപ്പോലീത്തായായി കണക്കാക്കിയായിരുന്നു എല്ലാവരുടേയും പെരുമാറ്റം. ഒന്നാമത്തേയും, രണ്ടാമത്തേയും പുലിക്കോട്ടിൽ തിരുമേനിമാരെപ്പോലെ ഇദ്ദേഹം മൂന്നാമത്തെ പുലിക്കോട്ടിൽ തിരുമേനിയാകുമെന്ന് സകലരും പ്രതീക്ഷിച്ചു. "എനിക്ക് തന്റെ പൂർവ്വികനിൽ നിന്നാണ് മലങ്കരമെത്രാപ്പോലീത്താസ്ഥാനം ലഭിച്ചത്. ആ സ്ഥാനം തനിക്ക് തിരിച്ചു തരാൻ ആഗ്രഹമുണ്ട്" എന്ന് അർത്ഥം വരുന്ന രീതിയിൽ വട്ടശ്ശേരിൽ തിരുമേനി പുലിക്കോട്ടിൽ ശെമ്മാശ്ശനോട് പറഞ്ഞതായും കേട്ടിട്ടുണ്ട്. പരുമല കൂടിയ മഹായോഗത്തിൽ വച്ച് (മലങ്കര അസോസിയേഷനല്ല) പുലിക്കോട്ടിൽ ശെമ്മാശ്ശനെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കണമെന്ന് പ്രമേയം പാസ്സാക്കിയിരുന്നു. പിന്നീട് അതിനുള്ള ആദ്യപടിയായി പുലിക്കോട്ടിൽ ശെമ്മാശ്ശന് കുന്നംകുളം ആർത്താറ്റ് വലിയപള്ളിയിൽ വെച്ച് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ 1929 ഏപ്രിൽ 4 -നു കത്തനാർ പട്ടവും 14-നു റമ്പാൻ സ്ഥാനവും കൊടുത്തു. പക്ഷേ ഇതുകൊണ്ടൊന്നും യാതൊരു പ്രയോജനവും ഉണ്ടായില്ല. പുലിക്കോട്ടിൽ ശെമ്മാശ്ശൻ കുന്നംകുളത്തു കഴിഞ്ഞിരുന്ന കാലത്ത് അഭ്യസിച്ചിരുന്ന മദ്യപാനവും മറ്റു പരിപാടികളും കാരണം വല്ലാതെ അധഃപ്പതിച്ചു കഴിഞ്ഞിരുന്നു. ഇദ്ദേഹത്തെ ഈ സ്വഭാവവൈകൃതിയിൽ നിന്നു നന്നാക്കി എടുക്കാൻ എന്താണ് വഴിയെന്ന് വട്ട

ശ്ശേരിൽ തിരുമേനി ഗാഢമായി ചിന്തിച്ചു. പുലിക്കോട്ടിൽ തിരുമേനിയുടെ സഹോദരന്റെ മകന്റെ മകൻ നശിച്ചുപോകുന്നത് കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. കുന്നംകുളത്തെ പഴകിയ ചുറ്റുപാടിൽനിന്ന് ശെമ്മാശ്ശനെ വിടർത്തി കോട്ടയത്ത് പഴയ സെമിനാരിയിൽ കൊണ്ടുവന്ന് അച്ചടക്കത്തിൽ വളർത്തിയാൽ, സ്വഭാവത്തിൽ വ്യത്യാസം വരും എന്ന തോന്നൽ വട്ടശ്ശേരിൽ തിരുമേനിക്കുണ്ടായി. അതുപ്രകാരം പുലിക്കോട്ടിൽ ശെമ്മാശ്ശനെ പഴയസെമിനാരിയിൽ കൊണ്ടുവന്ന് വട്ടശ്ശേരിൽ തിരുമേനിയുടെ കൺമുന്നിൽ ഇട്ട് വളർത്തി. നല്ല ശിക്ഷയും കൊടുത്തിരുന്നു. പ്രഭാത നമസ്കാരത്തിന് പ്രാർത്ഥന തുടങ്ങുന്നതിന് മുൻപായി ശെമ്മാശ്ശന്മാർ എല്ലാവരും സെമിനാരി ചാപ്പലിൽ ഹാജരാകണം എന്നാണ് നിയമം. പുലിക്കോട്ടിൽ ശെമ്മാശ്ശൻ ഒഴിച്ചുള്ള എല്ലാവരും ഹാജരാകും. പലവട്ടം ശാസിച്ചിട്ടും ശരിപ്പെടുന്നില്ലെന്ന് മനസ്സിലാക്കിയ വട്ടശ്ശേരിൽ തിരുമേനി ചൂരലെടുത്ത് ശെമ്മാശ്ശന് നല്ല അടി കൊടുക്കാറുണ്ടായിരുന്നുവത്രേ! 1930 ൽ പ്രസിദ്ധീകരിച്ച '*മലങ്കരസഭയുടെ ഭൂതക്കണ്ണാടി* ' എന്ന ഗ്രന്ഥത്തിൽ ഇതിനെക്കുറിച്ച് സൂചനയുണ്ട് (പേജ് 36). "ഇപ്പോഴത്തെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (വട്ടശ്ശേരിൽ തിരുമേനി) അനേക തവണ ശാസിക്കുകയും, ചിലപ്പോഴെല്ലാം താഡിക്കുകയും കൂടി ചെയ്തിട്ടുണ്ടെന്നുള്ളതു കോട്ടയത്തുള്ള ഏവർക്കും നല്ലവണ്ണം അറിയാവുന്നതാണ്."

പുലിക്കോട്ടിൽ റമ്പാൻ പിന്നീട് ഈവാനിയോസുമായി റീത്തിൽ പോവുകയാണ് ഉണ്ടായത്. അദ്ദേഹം സൽസ്വഭാവിയായി കഴിഞ്ഞിരുന്നുവെങ്കിൽ ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തായായും, ചിലപ്പോൾ മലങ്കര മെത്രാപ്പോലീത്തായായും സഭയ്ക്കും പ്രത്യേകിച്ച് കുന്നംകുളത്തിനും അഭിമാനിക്കാവുന്ന മൂന്നാമത്തെ പുലിക്കോട്ടിൽ തിരുമേനിയായി ശോഭിച്ചേനെ. ആ മോഹമെല്ലാം പുകഞ്ഞുപോയി. വട്ടശ്ശേരിൽ തിരുമേനി വളരെ അധികം പരിശ്രമിച്ചിട്ടും അദ്ദേഹത്തെ നന്നാക്കാൻ കഴിഞ്ഞില്ല എന്നു ള്ളതാണ് പരമാർത്ഥം. ഒരു ദുരന്ത കഥാപാത്രമായി റമ്പാച്ചൻ അവസാനിച്ചു. ദിവസവും മുടങ്ങാതെയുള്ള മദ്യപാനം മൂലം ലിവറും, കിഡ്നിയും, തകരാറിലായി അദ്ദേഹം 52 -ാം വയസ്സിൽ കുന്നംകുളത്തു വെച്ച് നിര്യാതനായി. കരൾ ദ്രവിച്ച്, രക്തമെല്ലാം വറ്റി മഞ്ഞ നിറം കയറി അവശനായ റമ്പാച്ചനെയാണ് അവസാനനാളുകളിൽ കുന്നംകുളത്തുകാർക്ക് കാണാൻ കഴിഞ്ഞത്. 1941 ജൂലായ് 6 -ാം തീയതി വൈകുന്നേരം 6 മണിക്ക് റമ്പാച്ചൻ കുന്നംകുളം തെക്കേ അങ്ങാടിയിലുള്ള പുരാതനമായ പുലിക്കോട്ടിൽ വീട്ടിൽ വെച്ച് നിര്യാതനായി. പിറ്റെ ദിവസം കുന്നംകുളം റീത്തുപള്ളിയിൽ കബറടക്കി.

അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ മുടക്കിയതിനെ മുൻനിർത്തി



പല ശെമ്മാശ്ശന്മാരും വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നു പട്ടം ഏൽക്കാൻ വിസമ്മതിച്ചു. എന്നാൽ കുന്നംകുളം ചെറുവത്തൂർ ചാക്കുണ്ണി ശെമ്മാശനാണ് തിരുമേനിയിൽനിന്നു മുടക്കിനുശേഷം ആദ്യമായി വൈദികപട്ടമേറ്റത്. പട്ടമേറ്റശേഷം അദ്ദേഹത്തെ കോട്ടയത്ത് മാർ ഏലിയാ ചാപ്പലിൽ വൈദികനായും തിരുമേനി നിയമിച്ചു. കുറച്ചുകാലം അവിടെ സേവനമനുഷ്ഠിച്ചശേഷം ചെറുവത്തൂർ കത്തനാർ നാട്ടിൽ തിരിച്ചെത്തി ആർത്താറ്റ് - കുന്നംകുളം മഹാ ഇടവകയിൽ സഹവികാരിയായിച്ചേർന്നു. മുടക്കപ്പെട്ട മെത്രാപ്പോലീത്തായിൽനിന്നു പട്ടമേറ്റ ചെറുവത്തൂർ ചാക്കുണ്ണി (യാക്കോബ്) കത്തനാരെ ആർത്താറ്റ് - കുന്നംകുളം പള്ളികളിൽ വി. കുർബ്ബാന ചൊല്ലാൻ അനുവദിക്കരുതെന്ന് കാണിച്ച് കടുത്ത വാശിക്കാരായ ചില ബാവാകക്ഷിക്കാർ കേസു കൊടുത്തു.

കുപ്രസിദ്ധമായ ഈ വ്യവഹാരം സഭാചരിത്രത്തിൽ 'കുന്നംകുളം കേസ്' എന്ന പേരിലാണ് അറിയപ്പെടുന്നത്. പാറേട്ട് '*മലങ്കരനസ്രാണികൾ*' നാലാം വാല്യത്തിൽ ഈ കേസിനെപ്പറ്റി പരാമർശിക്കുന്നുണ്ട്. സഭാചരിത്രത്തിൽ പ്രത്യേകം പ്രാധാന്യമർഹിക്കുന്നതാണ് ഈ കേസ്. ദീവന്നാസ്യോസിന്റെ മുടക്കിനു നിയമദൃഷ്ട്യാ യാതൊരു വിലയുമില്ല; അസാധുവാണ് എന്ന് കൊച്ചി രാജ്യത്തെ ആദ്യ കോടതിയും, അപ്പീൽ കോടതിയും വട്ടിപ്പണക്കേസിൽ ഡിസ്ട്രിക്ട് കോടതിവിധിക്കു മുമ്പ് തീർപ്പ് കല്പിച്ചു എന്നതാണ് ഈ കേസിന്റെ പ്രാധാന്യം. ഇതിനെ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ ആദ്യ വിജയം എന്ന പേരിലാണ് പാറേട്ട് പ്രകീർത്തിച്ചിരിക്കുന്നത്.

ആർത്താറ്റ് പള്ളിച്ചരിത്രത്തിൽ പ്രസ്തുത കേസിനെപ്പറ്റി പറഞ്ഞിരിക്കുന്ന ഭാഗം താഴെ കൊടുക്കുന്നു: (പേജ് 128) "മാർ ഗീവർഗീസ് ദീവന്നാസ്യോസ് തിരുമേനിയുടെ മുടക്കിനുശേഷം പുതുതായി കത്തനാർ പട്ടം ഏറ്റ ദിവ്യശ്രീ ചെറുവത്തൂർ യാക്കോബ് കത്തനാരുടെ പള്ളിയിലെ പുതുപ്രവേശനത്തെ പ്രതിഷേധിച്ച് കമ്മിറ്റി പ്രസിഡണ്ട് മിസ്റ്റർ പാത്തപ്പന്റേയും മറ്റും പ്രേരണയാൽ ചിറ്റത്തൂർ പനക്കൽ ഉട്ടൂപ്പ് മുതൽ അഞ്ചു പേർ തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് കോർട്ടിൽ 1088 -ൽ ആദ്യം 66 - ാം നമ്പ്രായി ഒരു അന്യായം ഫയലാക്കുകയും അതിന്മേൽ ചീഫ് കോർട്ടിൽ (അന്നത്തെ കൊച്ചിയിലെ ഹൈക്കോടതി) 1092 ൽ ആദ്യം 128 -ാം നമ്പ്രായി അപ്പീൽ ബോധിപ്പിക്കുകയും മേൽപറഞ്ഞ കത്തനാരെ പള്ളിയിൽ കർമ്മം നടത്താൻ അനുവദിച്ചു വിധിയുണ്ടാവുകയും ചെയ്തു."

9 കൊച്ചിൻ ലൊ റിപ്പോർട്ട് പേജ് 322.

കുന്നംകുളം കേസിനെ സംബന്ധിച്ച് പാറേട്ട് മലങ്കര നസ്രാണികൾ നാലാം വാല്യത്തിൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട് (പേജ് 470).

## 'കുന്നംകുളം കേസ് - സംക്ഷിപ്ത ചരിത്രം'

മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ മുടക്കുന്നതായി പ്രസ്താവിച്ചു കൊണ്ട് മാർ അബ്ദുള്ളാ 1086 ഇടവം 26 -ാം തീയതി പഴയസെമിനാരിയിൽ താമസിക്കവെ അടുത്തമുറിയിൽ ഉണ്ടായിരുന്ന മെത്രാപ്പോലീത്തായ്ക്ക് അഞ്ചൽ മാർഗം അയച്ച സന്ദേശം കൈപ്പറ്റിയശേഷം മാർ ദീവന്നാസ്യോസ് ഇദംപ്രഥമമായി കത്തനാർപട്ടം കൊടുത്തത് കുന്നംകുളം ഇടവകക്കാരനായ ചാക്കുണ്ണി ശെമ്മാശ്ശനായിരുന്നു. ചാക്കുണ്ണി കത്തനാർ മുടക്കപ്പെട്ട മെത്രാപ്പോലീത്തായിൽനിന്നാണ് പട്ടം ഏറ്റത്. അതുകൊണ്ട് അദ്ദേഹം പള്ളിയിൽ പ്രവേശിച്ചു കർമ്മം നടത്തുന്നതിനെ നിരോധിക്കണമെന്നു ചിലർ ഡിസ്റ്റിക്ട് മജിസ്ട്രേട്ടിനോടു അപേക്ഷിച്ചു. ഡിസ്റ്റിക്ട് മജിസ്ട്രേട്ട് ഒരു താൽക്കാലിക ഇൻജങ്ങ്ഷൻ കൊടുത്തശേഷം പരാതിയെപ്പറ്റി മുറയ്ക്കു ഒരു വിചാരണ നടത്തി. അതിന്റെ ഫലമായി മാർ ദീവന്നാസ്യോസിന്റെ പക്ഷത്താണ് കുന്നംകുളം പള്ളികളിലെ ഭൂരിപക്ഷം ആളുകൾ എന്നും, അദ്ദേഹത്തിൽനിന്നു പട്ടമേറ്റ കത്തനാർ കർമ്മം നടത്തുകയാണ് അവരുടെ ആവശ്യം എന്നും മനസ്സിലാക്കിയ ഡിസ്റ്റിക്ട് മജിസ്ട്രേട്ട് ചാക്കുണ്ണി കത്തനാർക്കു കൊടുത്തിരുന്ന താല്കാലിക ഇൻജങ്ങ്ഷൻ പിൻവലിച്ചു. ചാക്കുണ്ണി കത്തനാർ പള്ളികളിൽ മുറയ്ക്ക് കർമ്മം നടത്താൻ തുടങ്ങി. പരാതിക്കാർക്ക് അത് അസഹ്യമാകയും അവർ തൃശൂർ ഡിസ്റ്റിക്ട് കോടതിയിൽ ഒരു സിവിൽ കേസ് കൊടുക്കുകയും ചെയ്തു. അതാണ് 1088 ൽ ആദ്യ നമ്പർ 66 എന്ന കുന്നംകുളം കേസ്.

അന്യായത്തിൽനിന്നു ചില വിവരങ്ങൾ:-

സ്ഥാനഭ്രംശനായിരിക്കുന്ന മാർ ഗീവർഗീസ് ദീവന്നാസ്യോസ് പ്രതിക്കു കൊടുത്തിരിക്കുന്നതായി പറയുന്ന കത്തനാരു പട്ടം തീരെ അസാധുവാകുന്നു. പ്രതി പള്ളിയിൽ പ്രവേശിച്ചു കർമ്മത്തിലും മറ്റും ചേരുന്നതായാൽ ജനങ്ങൾക്കു വലുതായ കഷ്ടവും, അസഹ്യതയും, കൂടാതെ കർമ്മത്തിനു അശുദ്ധിയും മുടക്കവും വരുന്നതും ലഹളയ്ക്കും, സമാധാനലംഘനത്തിനും ഇടയാകുന്നതുമാകുന്നു. കുന്നംകുളം പള്ളികൾ അന്ത്യോഖ്യാപാത്രിയർക്കീസിനോടു യോജിച്ചുനിൽക്കുന്നവരുടെ, ആരാധനയ്ക്കു സ്ഥാപിച്ചിട്ടുള്ളതാകുന്നു. ആറു കത്തനാർമാർ ഊഴപ്രകാരം കർമ്മം നടത്തിവന്നിരുന്നു. അവർക്കു കൊല്ലത്തിൽ 72 പറ നെല്ലും 60 ഉറുപ്പികയും വീതം പള്ളിയിൽനിന്നു കൊടുക്കുന്നു. കല്യാണം മുതലായവയ്ക്കുള്ള വരവുകൾ അവർ വീതിച്ചെടുക്കുകയും ചെയ്യുന്നു."

മാർ ദീവന്നാസ്യോസിനെ മുടക്കിയതായി അബ്ദുള്ളാ പ്രസിദ്ധപ്പെടുത്തിയ സന്ദേശം കഥയുള്ളതാണോ, മുടക്കു സാധുവാണോ, എന്ന്



ഒരു സിവിൽകോടതി തീരുമാനിക്കുകയാണല്ലൊ ഈ കേസിൽ ഉണ്ടാകുന്നത്. അതിനാൽ അടുത്തുതന്നെ പതിഞ്ഞ വട്ടിപ്പണക്കേസിലെ അവകാശവാദങ്ങളിലും വിജയം നേടുന്നതിനുള്ള ഒരു മാർഗ്ഗമായി ഈ കേസിനെ ഇരുപക്ഷവും എണ്ണി. വട്ടിപ്പണക്കേസിലെപ്പോലെ അനവധി നൂലാമാലകൾ വന്നു വീഴാനില്ലാത്തതുകൊണ്ടും കൊച്ചി കോടതി ആയതുകൊണ്ടും വളരെ വൈകാതെ ഒരു തീരുമാനത്തിലെത്തുമെന്ന് മനസ്സിലാക്കി ഇരുഭാഗക്കാരും അവരുടെ കഴിവുകൾ കേസിന്റെ നടത്തിപ്പിൽ കേന്ദ്രീകരിച്ചു. മാർ ഗീവർഗീസ് ദീവന്നാസ്യോസ്, ഇ. ജെ. ജോൺ, എം. എ. ചാക്കോ, കെ. സി. മാമ്മൻ മാപ്പിള തുടങ്ങിയവർ ഒരു പക്ഷത്തേക്കും, മാർ പൌലൂസ് അത്താനാസ്യോസ്, കോനാട്ടു മല്പാൻ, സി. ജെ. കുര്യൻ മുതലായ നേതാക്കന്മാർ മറുപക്ഷത്തേക്കും വേണ്ടി ഈ ചെറിയകേസിൽ മൊഴി കൊടുത്തത് ഇതിന് തെളിവാണ്.

"ദീവന്നാസ്യോസിന്റെ ആദ്യത്തെ വിജയം" - കുന്നംകുളം കേസ്. ഏതാണ്ട് നാലുവർഷം കൊണ്ടു ഡിസ്റ്റിക്ട് കോടതിയിലെ വിസ്താരം പൂർത്തിയായി. 1092 മേടം 30 -ാം തീയതി അന്യായം തള്ളിയും പ്രതികളുടെ ചിലവ് വാദികൾ കൊടുക്കുന്നതിനു നിർദ്ദേശിച്ചും വിധി ഉണ്ടായി. അബ്ദുള്ളായും ദീവന്നാസ്യോസും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസവും അതിന്റെ കാരണങ്ങളും എല്ലാം ന്യായാധിപതി ശരിക്കു മനസ്സിലാക്കി എന്ന് ജഡ്ജ്മെന്റ് വിളിച്ചുപറയുന്നുണ്ട്. മലങ്കരസമുദായത്തിന്റെ നിലനിൽപ്പിനും, ആത്മാഭിമാന സംരക്ഷണത്തിനും വേണ്ടി നടത്തിയതും, അര നൂറ്റാണ്ടോളം നീണ്ടുനിന്നതുമായ സമരത്തിൽ ദീവന്നാസ്യോസിനു ആദ്യമായി ലഭിച്ച സാരതരമായ ഒരു വിജയമായിരുന്നു കുന്നംകുളം കേസിന്റെ വിധി. വിധി പ്രസ്താവിച്ച സമയത്ത് തിരുവനന്തപുരം ഡിസ്റ്റിക്ട് കോടതിയിൽ നടന്നുകൊണ്ടിരുന്ന വട്ടിപ്പണക്കേസിന്റെ തീരുമാനത്തെ തൃശൂർ ഡിസ്റ്റിക്ട് കോടതിയുടെ വിധി ബാധിക്കുകയോ, ബന്ധിക്കുകയോ ചെയ്തില്ലെങ്കിലും, അത് അല്പം സ്വാധീനമെങ്കിലും ചെലുത്തുമെന്നു വിജയിച്ചവർ പ്രതീക്ഷിച്ചു എങ്കിൽ അതു അപ്രകൃതമല്ല. കോട്ടയം സെമിനാരിക്കേസിൽ കൂട്ടു ട്രസ്റ്റികളെ സഹായിക്കുന്നതിനു കൂടിയാണ് ആ ഘട്ടത്തിൽ "മുടക്ക്" പുറപ്പെടുവിച്ചത്. അതിനു നിയമദൃഷ്ട്യാ യാതൊരു വിലയുമില്ല. അസാധുവാണ് എന്ന് സ്ഥാപിച്ചിട്ടുള്ള കുന്നംകുളം കേസിന്റെ വിധിയുടെ സാരം താഴെ ചേർക്കുന്നു.

"ന്യായമായ കാരണങ്ങൾക്ക് വിധിക്കപ്പെട്ട മാർഗ്ഗങ്ങളിലൂടെ മുടക്കുന്നതിനു പാത്രിയർക്കീസിന് അധികാരമുണ്ട്. തിരുവിതാംകൂറിലേയും, കൊച്ചിയിലേയും റോയൽകോർട്ട് വിധികൾ കൊണ്ട് പാത്രിയർക്കീസിനു യാതൊരു ലൌകിക അധികാരവും ഇല്ലെന്നു തീർച്ചപ്പെട്ടിട്ടുണ്ട്. ലൌകികാധികാരം സമ്മതിച്ചു മെത്രാപ്പോലീത്താ പാത്രിയർക്കീസിന് റജിസ്റ്റർ ഉടമ്പടി കൊടുക്കണമെന്നാവശ്യപ്പെട്ടതുപോലെ ചെയ്യാത്തതി

നാലാണ് മുടക്ക് ഉണ്ടായത്. അന്വേഷണം നടത്താതെ, സമാധാനം വാങ്ങാതെ, ന്യായമായ കാരണങ്ങൾ കൂടാതെ ആണ് മുടക്കിയത്. മെത്രാപ്പോലീത്തായുടെ മേൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങൾക്കു സമാധാനം പറയാൻ മറ്റു മെത്രാന്മാരെ വിട്ടു വിളിപ്പിച്ചു എന്നു വാദികൾ പറയുന്നുണ്ടെങ്കിലും, അവരിൽ പ്രധാനിയായ കൂറിലോസ് മെത്രാനെയും, മറ്റു ചില മെത്രാന്മാരെയും വാദികൾ സാക്ഷികളായി വിസ്തരിക്കപോലും ചെയ്തിട്ടില്ല. വാദമുഖങ്ങൾ തെളിയിക്കുന്നതിനുള്ള ഈ പ്രധാനമാർഗ്ഗം വാദികൾ മനസ്സാലെ ഉപേക്ഷിക്കുകയാണ് ചെയ്തത്. തന്നെ വിളിപ്പിക്കുകയാകട്ടെ, കുറ്റമെന്തന്നറിയിക്കുകയാകട്ടെ, സമാധാനം ചോദിക്കുകയാകട്ടെ ചെയ്തില്ല എന്ന് മാർ ദീവന്നാസ്യോസ് മൊഴി കൊടുത്തതു വിശ്വസിക്കാനേ തരമുള്ളു. മുടക്കിൽ വഹിക്കത്തക്ക യാതൊരു കുറ്റവും ആരോപിച്ചിട്ടില്ല. കോട്ടയം സെമിനാരിയുടെ കൈവശം സംബന്ധിച്ചുണ്ടായ സമരിക്കേസിൽ കൂട്ടു ട്രസ്റ്റികളെ സഹായിക്കുന്നതിന് കൂടിയാണ് ആ ഘട്ടത്തിൽ മുടക്കുകല്പന പുറപ്പെടുവിച്ചത്. മുടക്കിനു നിയമദൃഷ്ട്യാ യാതൊരു വിലയുമില്ല. അത് അസാധുവുമാണ് . മെത്രാപ്പോലീത്തായ്ക്കു മലങ്കരസഭയുടെ മേൽ ആത്മികമായും, പൗരോഹിത്യപരമായും, മുതൽ സംബന്ധമായും ഉള്ള മേലധികാരമുണ്ടെന്നും, അതിനാൽ കത്തനാരുപട്ടം കൊടുക്കുന്നതിനും, അധികാരമുണ്ടെന്നും ചാക്കുണ്ണികത്തനാരുടെ പട്ടം സാധുവാണെന്നും അദ്ദേഹത്തിനു വിവാദപള്ളിയിൽ കർമ്മം നടത്തുന്നതിനു അവകാശമുണ്ടെന്നും പ്രതികളുടെ ചിലവു വാദികൾ കൊടുക്കണമെന്നും ജഡ്ജി തീർപ്പുകല്പിച്ചു.

ഡിസ്ട്രിക്ട് ജഡ്ജിയുടെ വിധിയിന്മേൽ വാദികൾ ചീഫ്കോർട്ടിൽ അപ്പീൽ കൊടുത്തു. അപ്പീൽ ചെലവ് സഹിതം തള്ളി കീഴ്ക്കോടതി വിധി ശരിവെച്ച് 1093 മിഥുനം 7 - ാം തീയതി വിധിയുണ്ടായി. അങ്ങനെ ദീവന്നാസ്യോസിന്റെ മുടക്കിന് നിയമദൃഷ്ട്യാ യാതൊരു വിലയുമില്ല, അസാധുവാണ് എന്ന് കൊച്ചിയിലെ ആദ്യകോടതിയും, അപ്പീൽകോടതിയും വട്ടിപ്പണക്കേസിൽ ഡിസ്ട്രിക്ട് കോടതിയുടെ വിധിക്കു മുമ്പ് തീർപ്പുകല്പിച്ചു.

1934 ഫെബ്രുവരി 23 ന് വെള്ളിയാഴ്ച വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്തു എന്ന വാർത്ത അതീവ ദുഃഖത്തോടെയാണ് ആർത്താറ്റ് - കുന്നംകുളം മഹാഇടവകയിലെ സഭാസ്നേഹികൾ ശ്രവിച്ചത്. ഈ ദേഹവിയോഗത്തിൽ ദുഃഖിതനായി പ. കാതോലിക്കാബാവാ സഭയുടെ ഭാവിയെ ഓർത്ത് വലിയ പ്രയാസത്തോടെ "ഇനി നമുക്ക് ആരുണ്ട്?" എന്നു പലതവണ ഉള്ളം ഉരുകി ഉരുവിട്ടിരുന്നപോലെ കുന്നംകുളത്തെ ആത്മീയ മക്കൾ 'ഇനി നമുക്ക് ആരുണ്ട്?' എന്ന് തമ്മിൽ തമ്മിൽ ചോദിച്ച് സങ്കടം പൊറുക്കവയ്യാതെ കണ്ണുനീർ വാർത്തു. സ്വന്തപ്പെട്ട ആരോ മരിച്ചപോലെയുള്ള ദുഃഖമായിരുന്നു കുന്നംകുളത്തെ ഓരോ വീട്ടിലും.

# 7

# ആഘാതമേല്പിച്ച വൻ ചതി

വട്ടശ്ശേരിൽ തിരുമേനിയെ അതിവിദഗ്ദ്ധമായി അക്ഷരാർത്ഥത്തിൽ വഞ്ചിച്ച ദേഹം എന്ന ദുർബഹുമതി മാർ ഈവാനിയോസിനു മാത്രം അവകാശപ്പെടാവുന്നതാണ്. "വഞ്ചക പ്രഭോ!" എന്നദ്ദേഹത്തെ സംബോധന ചെയ്യുന്ന ഒരു രംഗം 1930 ൽ പ്രസിദ്ധീകരിച്ച 'മലങ്കരസഭയുടെ ഭൂതക്കണ്ണാടി' എന്ന ഗ്രന്ഥത്തിന്റെ 87 -ാം പേജിലുണ്ട്. മലങ്കരസഭയിലെ ഓരോ കുഞ്ഞുകുട്ടിയും തിരിഞ്ഞുനിന്ന് ആ മഹാപുരോഹിതന്റെ മുഖത്തുനോക്കി അന്ന് ആക്രോശിക്കേണ്ടിയിരുന്ന മലയാള ഭാഷയിലെ ആ പഞ്ചാക്ഷരം ക്രൌര്യഭാവത്തോടെ ചരിത്രാന്വേഷികളുടെ മുമ്പിൽ ഇന്നും തെളിഞ്ഞു നിൽക്കുന്നു.


മല്ലപ്പള്ളി തിരുമേനിയുടെ ജീവിതത്തിൽ ഏറ്റവുമധികം ആഘാതം ഏൽപിച്ച സംഭവമായിരുന്നു ബഥനിയുടെ മാർ ഈവാനിയോസിന്റെ സഭവിട്ടുള്ള പോക്ക്. ആദർശത്തിന്റെ പേരിൽ, മനസ്സാക്ഷിയുടെ വെല്ലുവിളി കേട്ട് ആ വന്ദ്യ ദേഹം സഭവിട്ടു പോകുന്നതിൽ തെറ്റു പറയാൻ വയ്യ. ആത്മരക്ഷയ്ക്കുവേണ്ടി സ്വന്തമാർഗ്ഗം തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഓരോ മനുഷ്യനും ഉണ്ടല്ലോ. എന്നാൽ പൂർണ്ണതയ്ക്കു എന്നു പറഞ്ഞ് പോകുന്ന പോക്കിൽ, വട്ടശ്ശേരിൽ തിരുമേനി വിശ്വസിച്ച് ഏല്പിച്ച മലങ്കരസഭ വക അറുപതോളം സ്കൂളുകളും, ഒട്ടധികം ബഥനിപ്പള്ളികളും, ബഥനിക്കുവേണ്ടി സംഭരിച്ച വലിയൊരു സംഖ്യയും, ദാനം കിട്ടിയ ഭൂസ്വത്തുക്കളും കൂടെക്കൊണ്ടുപോയത് പൂർണ്ണതയുടെ ഭാഗമാണെങ്കിൽ എങ്ങനെ നീതീകരിക്കാനാവും? പോകുമ്പോഴും, പോയശേഷവും മലങ്കരസഭയ്ക്കു നേരെ ചെയ്തുകൂട്ടിയ ദ്രോഹകർമ്മങ്ങൾക്ക് കണക്കുവെക്കുവാൻ കഴിയുമോ?

അബ്ദള്ളാ പാത്രിയർക്കീസ് മുടക്കിയപ്പോൾ ആ മുടക്ക് സ്വർണ്ണമാലപോലെ വട്ടശ്ശേരിൽ തിരുമേനി അണിഞ്ഞു. കൂട്ടുട്രസ്റ്റികളായ കോനാട്ടുമല്പാനും, സി. ജെ. കുര്യനും, തന്നെ പഴയസെമിനാരിയിൽനിന്ന് പുകച്ചു പുറത്തുചാടിക്കാൻ സമരിക്കേസുമായി വന്നപ്പോൾ തിരുമേനി അവരുടെ സ്ഥാനത്തേക്ക് വേറെ ആളുകളെ നിയമിച്ച് രണ്ടുപേരേയും നിഷ്പ്രഭരാക്കി. വട്ടിപ്പണക്കേസിൽ വീരരാഘവ അയ്യങ്കാരുടെ വിധി വന്നപ്പോൾ ബുദ്ധിഉപയോഗിച്ച് ആ പരാജയത്തെ മറികടന്ന് ആ ഉൽപതിഷ്ണു വിജയസോപാനമേറി. ഏലിയാസ് പാത്രിയർക്കീസ് തന്ത്ര

പൂർവ്വം കുറുപ്പംപടി പള്ളിയിലേക്ക് ക്ഷണിച്ചുവരുത്തി, തന്നെ കൂട്ടിലാക്കാൻ ശ്രമിച്ചപ്പോൾ ആ നസ്രാണിസിംഹം കൂടുപൊളിച്ച് പുറത്തുചാടി, ആ അറബിവംശജനെ മലയാളിയുടെ ബുദ്ധിപാടവം കാട്ടിക്കൊടുത്ത് ഇളിഭ്യനാക്കി. കൗശലക്കാരനായ യൂലിയോസ് മെത്രാൻ തനിക്കെതിരെ സസ്പെൻഷൻ കല്പന ഇറക്കിയപ്പോൾ വട്ടശ്ശേരിൽ തിരുമേനി അതിനെ തികഞ്ഞ അവജ്ഞ യോടെ പുച്ഛിച്ചു പുറംതള്ളി.

അങ്ങിനെ എന്തെല്ലാം സംഭവങ്ങൾ! എത്രയെത്ര പൊള്ളുന്ന അനുഭവങ്ങൾ!! ഒരുപാടു വൈതരണികൾ അവിടുന്നു നേരിട്ടു. എന്തുമാത്രം മനോവ്യഥ അങ്ങുന്ന് അനുഭവിച്ചു! ആനപ്പാപ്പി വധം അദ്ദേഹത്തെ തീർത്തും ദുഃഖിതനാക്കി. കഷ്ടപ്പെട്ട് മർദ്ദീനിൽ പോയി കൊണ്ടുവന്ന സമാധാന കല്പന യൂലിയോസ് മെത്രാൻ 'മുക്കിയപ്പോൾ' അദ്ദേഹം വികാരാധീനനായി. ഇവയിൽ പലതും ആ ബുദ്ധിമാൻ മുൻകൂട്ടി പ്രതീക്ഷിച്ചിരുന്ന വിപത്തുകളായിരുന്നുവെന്നു വെക്കാം. "അബ്ദള്ള പാത്രിയർക്കീസ് വരുന്നു, സൂക്ഷിക്കണം" എന്ന് മുൻഗാമി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മരണക്കിടക്കയിൽ വെച്ച് വട്ടശ്ശേരിൽ തിരുമേനിക്ക് മുന്നറിയിപ്പു കൊടുത്തിരുന്നു. പ്രതീക്ഷിച്ചപോലെ തന്നെ അപകടം വന്നു സംഭവിച്ചു എന്നു മാത്രമേ ആ കാര്യത്തിൽ ഉണ്ടായുള്ളു. എന്നാൽ തന്റെ വാത്സല്യ ശിഷ്യനായിരുന്ന ഈവാനിയോസിന്റെ ചതി തികച്ചും അപ്രതീക്ഷിതമായിരുന്നു. താൻ പണം ചിലവിട്ട് പഠിപ്പിച്ചു വളർത്തി മെത്രാനാക്കിയ മാർ ഈവാനിയോസ് പിച്ചച്ചട്ടിയിൽ കൈയിട്ടു വാരുന്നതുപോലെ പാവപ്പെട്ട മലങ്കരസഭയിൽ നിന്ന് കിട്ടാവുന്നതെല്ലാം കൈയിൽ ഒതുക്കി റോമാ പാളയത്തിലേക്ക് ഓടിപ്പോയപ്പോൾ വട്ടശ്ശേരിൽ തിരുമേനിക്ക് സങ്കടം പൊറുക്കാനായില്ല. പണിക്കരു മെത്രാൻ തന്നെ പറ്റിച്ചുകളഞ്ഞല്ലോ എന്ന ഖേദം അദ്ദേഹത്തെ തളർത്തി. നന്ദികേടിന്റെ പാരമ്യം ഓർത്ത് ആ വൃദ്ധമഹാതാപസൻ നെടുവീർപ്പിട്ടു!

മാർ ഈവാനിയോസിന്റെ സഭാപരിത്യാഗത്തെക്കുറിച്ച് മലങ്കരസഭാ ചരിത്രഗ്രന്ഥങ്ങളിൽ പലേടത്തും പരാമർശിച്ചിട്ടുണ്ട്. ഇസ്സഡ്. എം. പാറേട്ടിന്റെ *മലങ്കര നസ്രാണികൾ* നാലാം വാല്യത്തിൽ എഴുപതു പേജ് വരുന്ന 16-ാം അദ്ധ്യായം "ബഥനിയുടെ ഉദയവും, മെത്രാന്റെ അസ്തമനവും" എന്ന പേരിൽ എഴുതിച്ചേർത്തിട്ടുണ്ട്. അതു വായിച്ചാൽ പൂർണ്ണമായിട്ടല്ലെങ്കിലും മിക്കവാറും വിവരങ്ങൾ ലഭിക്കും. പുലിക്കോട്ടിൽ റമ്പാനും, ചേപ്പാട്ടു റമ്പാനും, ഈവാനിയോസിനെ പിന്തുടർന്ന് റീത്തിൽ ചേർന്നപ്പോൾ റീത്തിനെ ന്യായീകരിച്ച് 'മലങ്കരസഭയുടെ കുഴൽക്കണ്ണാടി' എന്ന പേരിൽ 248 പേജുള്ള ഒരു ഗ്രന്ഥം തന്നെ എഴുതി പ്രസിദ്ധീകരിച്ചു. അതിനുള്ള മറുപടിയാണ് 'മലങ്കരസഭയുടെ ഭൂതക്കണ്ണാടി' എന്ന 170 പേജുള്ള കോട്ടയം പി. ജോൺ മാത്യുവിന്റെ പുസ്തകം (ഗ്രന്ഥകർത്താവിന്റെ പേര്



യഥാർത്ഥ നാമമല്ലെന്ന് ഒരു ഭാഷ്യമുണ്ട്). റീത്തിന്റെ ആരംഭകാലത്തെ വിവരങ്ങളാണ് ആ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബഥനി സുപ്പീരിയർ ആയിരുന്ന ഫാ. കുര്യാക്കോസ് ഒ. ഐ. സി. എഴുതിയ "മലമടക്കിലെ കെടാവിളക്ക്" എന്ന ഗ്രന്ഥത്തിൽ ബഥനി ആശ്രമത്തിന്റെ ചരിത്രം പ്രതിപാദിക്കുന്നതോടൊപ്പം, ഈവാനിയോസിന്റെ സഭാഭ്രംശത്തെക്കുറിച്ചും, അദ്ദേഹം സഭാമാതാവിനോടു ചെയ്ത ദ്രോഹത്തെക്കുറിച്ചും മറ്റുള്ളവരെക്കൊണ്ട് ചെയ്യിച്ച ക്രൂരപ്രവൃത്തികളെക്കുറിച്ചും പറയുന്നുണ്ട്. ഇതൊക്കെ ആയാലും യഥാർത്ഥത്തിൽ മാർ ഈവാനിയോസ് മലങ്കര സഭയോടു ചെയ്ത പാപകർമ്മങ്ങളുടെ ഒരു നേരിയ നിഴൽ മാത്രമേ വായനക്കാർക്ക് ദർശിക്കാൻ കഴിയുകയുള്ളൂ. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയാൽ അനവധി അനവധി പേജുകൾ എഴുതാനുള്ള വക ആ മഹാപുരോഹിതൻ ചെയ്തുവെച്ചിട്ടുണ്ട്. ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ ജീവചരിത്രം ഫാ. ഇഞ്ചക്കലോടി രണ്ടു വോള്യങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. മാർ ഈവാനിയോസ് വട്ടശ്ശേരിൽ തിരുമേനിയെ അതിസമർത്ഥമായി വഞ്ചിച്ച ചരിത്രവും, സഭാമാതാവിനു നേരെ ആ മേൽപട്ടക്കാരൻ ചെയ്ത ദ്രോഹവും, താനുപേക്ഷിച്ചുപോയ ശേഷിക്കുന്ന ബഥനിയെ നശിപ്പിക്കുവാൻ കണ്ണിൽ ചോരയില്ലാത്തവിധം ചെയ്തുകൂട്ടിയ പാപകർമ്മങ്ങളും പുസ്തകമാക്കിയാൽ ഫാ. ഇഞ്ചക്കലോടി എഴുതിയതിനേക്കാൾ വലിയ പല വോള്യങ്ങൾ പ്രസിദ്ധീകരിക്കാം.

ഒട്ടുവളരെ ലഘുലേഖകളും, പുസ്തകങ്ങളും, സ്മരണികകളും, റീത്തുകാർ കാലാകാലങ്ങളായി മാർ ഈവാനിയോസിനെ പാടിപുകഴ്ത്തുവാൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു പരസ്യം പോലും ചേർക്കാതെ നല്ല ആർട്ടുപേപ്പറിൽ ധാരാളം ചിത്രങ്ങളോടുകൂടി പ്രസിദ്ധീകരിക്കപ്പെടുന്ന റീത്തു സുവനിറുകൾ കൗതുകകരങ്ങളാണ്. അതിസമ്പന്നമായ റോമാസഭയിൽ ചേർന്ന് പണത്തിന്റെ പിരമിഡിൽ വിശ്രമിച്ചിരുന്ന മാർ ഈവാനിയോസിനും, പിൻഗാമി ബനഡിക്ട് മാർ ഗ്രിഗോറിയോസിനും റീത്തിനെ പുകഴ്ത്തിയും, മലങ്കരസഭയെ താഴ്ത്തിയും, അത്യാവശ്യ സ്ഥലങ്ങളിൽ വ്യാജംപ്രചരിപ്പിച്ചും, പുസ്തകങ്ങളും ലഘുലേഖകളും ധാരധാരയായി പ്രസിദ്ധീകരിക്കുന്നത് 'അപ്പച്ചന്റെ തമാശ' പോലെയായിരുന്നു. ഇതിനൊക്കെ മറുപടിയെഴുതാനോ സത്യം ജനങ്ങളെ ബോധിപ്പിക്കുവാനോ പല കഷ്ടപ്പാടുകളിൽ കൂടി നീന്തിത്തുടിച്ചിരുന്ന മലങ്കരസഭാ നേതൃത്വത്തിന് സാധിക്കാതെ വന്നു. മലങ്കരസഭയുടെ മൗനം റീത്തുകാരുടെ ആക്രമണത്തിന് ആക്കം കൂട്ടി. പഴയ ശക്തിയില്ലെങ്കിലും റീത്തുകാർ ഇപ്പോഴും പുനരൈക്യമേളകൾ സംഘടിപ്പിച്ച് പണം വാരി വിതച്ച് അനുയായികളെ കൂട്ടാനുള്ള ശ്രമം നടത്തുന്നുണ്ട്. തിരുകൊച്ചി പ്രദേശത്തുനിന്നു വിചാരിച്ചത്ര ആളുകളെ ലഭിച്ചുകഴിഞ്ഞതുകൊണ്ടോ,



അതോ ആളുകൾക്ക് കേട്ടുകേട്ട് മടുത്തതുകൊണ്ടോ, എന്തോ ഇപ്പോൾ പുനരൈക്യ മാമാങ്കം മലബാർ ഭാഗങ്ങളിലാണ് കാര്യമായി നടമാടുന്നത്.

വട്ടശ്ശേരിൽ തിരുമേനിക്ക് മാർ ഈവാനിയോസിനെക്കുറിച്ച് വലിയ പ്രതീക്ഷകളായിരുന്നു ഉണ്ടായിരുന്നത്. മാർ ഈവാനിയോസ്, പി. റ്റി. ഗീവർഗ്ഗീസ് കത്തനാരായിരുന്നപ്പോൾ അദ്ദേഹത്തെക്കുറിച്ച് കുന്നംകുളം കേസിൽ ക്രോസ് വിസ്താരത്തിൽ 1091 ഇടവം 18 -നു കൊടുത്ത മൊഴിയിൽ തിരുമേനി ഇങ്ങിനെ പറഞ്ഞു: "ടിയാന്റെ (പി. റ്റി. ഗീവറുഗീസ് കത്തനാരുടെ) ആയുസ്സും, തന്റെ സകല സമ്പാദ്യവും സുറിയാനി സമുദായത്തിന്റെ ഗുണത്തിനായി ചെലവിടണമെന്നുള്ള നിഷ്ഠയോടുകൂടി വേലചെയ്യുന്ന ഒരാള്." ആയുസ്സും സകല സമ്പാദ്യവും സമുദായത്തിനായി ഉഴിഞ്ഞുവച്ചു എന്ന് വട്ടശ്ശേരിൽ തിരുമേനി വിശ്വസിച്ച അളാണ് ഒരു സുപ്രഭാതത്തിൽ മാതൃസഭയെ ഉപേക്ഷിച്ച് നിന്നനില്പിൽ കാലുമാറി കത്തോലിക്കനായത്. ചരിത്രകാരനായ പാറേട്ട് *മലങ്കരനസ്രാണികൾ* വാല്യം നാല് പേജ് 552 ൽ സുന്ദരമായ ഒരു ഉപമകൊണ്ട് വട്ടശ്ശേരിൽ തിരുമേനിയും ഈവാനിയോസും തമ്മിലുള്ള ബന്ധത്തിന്റെ പരിണാമത്തെക്കുറിച്ച് വിലയിരുത്തുന്നുണ്ട്. "താറാവിന്റെ മുട്ടയ്ക്ക് അടയിരുന്ന് വിരിയിച്ച് കുഞ്ഞുങ്ങളെയും കൊണ്ട് പിടക്കോഴി നടക്കുന്നു. വെള്ളം കണ്ട ക്ഷണത്തിൽ താറാവിൻകുഞ്ഞുങ്ങൾ സംശയം കൂടാതെ അതിലിറങ്ങുന്നു. തള്ളക്കോഴി കരയിൽ നിന്നുകൊണ്ട് നിലവിളിക്കുകയോ, മടങ്ങിവരാൻ ആജ്ഞാപിക്കുകയോ ചെയ്യുന്നു. താറാവിൻകുഞ്ഞുങ്ങൾ രസിക്കുന്നു, സുഖിക്കുന്നു." ഇതാണ് സംഭവിച്ചത്. ദരിദ്ര ഭിക്ഷുവായി മലങ്കരസഭയിൽ റാന്നി - പെരുനാട്ടിലെ മലമുകളിലെ പുൽക്കുടിലിൽ കഴിഞ്ഞിരുന്ന മാർ ഈവാനിയോസ് സമ്പന്നമായ റോമാസഭയിലേക്ക് ചേക്കേറി. മെത്രാൻ മുതലാളിയായി. മലങ്കരസഭയിൽ നിന്നിരുന്നപ്പോൾ ആളുകളുടെ കണ്ണിൽ പൊടിയിടാൻ ഉപയോഗിച്ചിരുന്ന കാവിവസ്ത്രവും, മൺചട്ടിയിലുള്ള ഭക്ഷണവും, പുൽക്കുടിലിലുള്ള താമസവും, മരം കൊണ്ട് പണിതീർത്ത സ്ലീബായും, അംശവടിയുമെല്ലാം പമ്പ കടന്നു. എല്ലാം സ്വർണ്ണമയമായി. തിരുവനന്തപുരം നഗരമദ്ധ്യത്തിൽ ശതക്കണക്കിന് ഏക്കർ സ്ഥലംവാങ്ങി പട്ടം അരമന പണിതു. സ്വന്തം പേരിൽ കോളജ് സ്ഥാപിച്ചു. അങ്ങിനെ പലതും. കണ്ടുനിന്ന ജനം മൂക്കത്തു വിരൽവച്ചു!

മാർ ഈവാനിയോസ് ഒരു കൊച്ചു ശെമ്മാശനായി കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിൽ വന്നുചേർന്നതിനെക്കുറിച്ച് അന്ന് എം. ഡി. യിൽ ഹെഡ്മാസ്റ്ററായിരുന്ന കെ. സി. മാമ്മൻമാപ്പിള 'ജീവിതസ്മരണകളിൽ' എഴുതിയിട്ടുണ്ട്. അതിൽനിന്ന് അല്പം ഉദ്ധരിക്കുന്നു: "....വേളയിലാണ് മാവേലിക്കര സ്വദേശിയായ പി. റ്റി. ഗീവറുഗീസ് ശെമ്മാശൻ

എന്നൊരു വിദ്യാർത്ഥി എം. ഡി. ഹൈസ്കൂളിൽ നാലാം ഫാറത്തിൽ വന്നുചേർന്നത്. ഈ ശെമ്മാശൻ സ്വതേ സമർത്ഥനും, ബുദ്ധിമാനും ആയിരുന്നതിനാൽ മല്പാനച്ചന്റെ (പിന്നീട് ഗീവർഗീസ് മാർ ദീവന്നാസ്യോസ്) സവിശേഷമായ വാത്സല്യത്തിനു പാത്രീഭവിച്ചു. മല്പാനച്ചൻ ഈ ശെമ്മാശന്റെ പഠിത്ത കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കയും അതുപോലെ തന്നെ ശെമ്മാശ്ശനും മല്പാനച്ചനോട് എന്തെന്നില്ലാത്ത ഭക്ത്യാദരങ്ങൾ ഉളവാകുകയും ചെയ്തു. ഇരുവരും തമ്മിൽ പിതൃപുത്രനിർവ്വിശേഷമായ ഒരു ഹൃദയബന്ധം വളർന്നുവന്നു. ഭാവിയിൽ സഭാസേവനത്തിന് മല്പാനച്ചന്റെ മനസ്സിനിണങ്ങിയ ഏറ്റവും യോഗ്യനായ ഒരു ചെറുപ്പക്കാരനെ കണ്ടുകിട്ടിയാലെന്നപോലെ ശെമ്മാശ്ശന്റെ സർവ്വ വിദ്യാഭ്യാസചെലവുകളും സമുദായ ചെലവിൽ മല്പാനച്ചൻ സൗജന്യമായി നിർവ്വഹിച്ചുകൊടുത്തു. ശെമ്മാശ്ശൻ മട്രിക്കുലേഷൻ ക്ലാസ്സു വരെ സമുദായ ചെലവിൽ എം. ഡി.യിൽ പഠിച്ചു. അവിടെനിന്നു മട്രിക്കുലേഷൻ പരീക്ഷ പാസ്സായശേഷം മല്പാനച്ചൻ അദ്ദേഹത്തെ സമുദായ ചെലവിൽ കോട്ടയം സി. എം. എസ്. കോളജിൽ അയച്ചു പഠിപ്പിച്ചു. അവിടെനിന്ന് എഫ്. എ. പരീക്ഷ ജയിച്ച ശേഷം ഉൽകൃഷ്ട വിദ്യാഭ്യാസത്തിനായി മദ്രാസ് ക്രിസ്ത്യൻ കോളജിൽ അയച്ചു. അവിടെ നിന്നു ബി. എ. പരീക്ഷ പാസ്സായി. എം. എ. യും പാസ്സായി മടങ്ങിവന്നു. ..... മല്പാനച്ചന്റെ സാമ്പത്തികമായ സൗജന്യങ്ങൾ കൊണ്ട് എം. എ. ബിരുദധാരിയായിത്തീർന്ന ശെമ്മാശ്ശനെ സമുദായ സേവനത്തിൽ ഒരു പ്രധാന സ്ഥാനത്തു പ്രതിഷ്ഠിക്കാനുള്ള അഭിനിവേശം മല്പാനച്ചനിൽ കൊടുമ്പിരിക്കൊണ്ടു." പിന്നീട് അദ്ദേഹത്തെ എം. ഡി.യിൽ പ്രിൻസിപ്പലായി നിയമിക്കുകയാണ് ഉണ്ടായത്.

മാർ ഈവാനിയോസിന്റെ പിന്നീടുള്ള വളർച്ച പെട്ടെന്നായിരുന്നു. സെറാമ്പൂർ കോളജിൽ പ്രഫസർ സ്ഥാനം സ്വീകരിച്ച് അദ്ദേഹം കൽക്കട്ടയ്ക്ക് പോയി. കുറച്ചു കൊല്ലങ്ങൾ കഴിഞ്ഞ് മടങ്ങിവന്ന് ബഥനി ആശ്രമം തുടങ്ങി. ധാരാളം പേർ അനുയായികളായി പുറകെ കൂടി. ബഥനി മഠവും തുടർന്ന് സ്ഥാപിതമായി. ബഥനിപ്പള്ളികൾ നാടെല്ലാം സ്ഥലം വാങ്ങി പണിതുയർത്തി. ഇതിനെല്ലാം വട്ടശ്ശേരിൽ തിരുമേനിയുടെ പരിപൂർണ്ണ പിൻതുണ ഉണ്ടായിരുന്നു. ഇടവം മൂന്നാം തീയതിയിലെ ഒരു കത്തിൽ തിരുമേനി പി. റ്റി. ഗീവർഗീസ് കത്തനാർക്ക് ഇങ്ങനെ എഴുതി: "......നമുക്ക് ഒരു വിശ്വസ്തനും, സത്യസ്നേഹിതനും ഉണ്ടെങ്കിൽ അത് താനാണെന്ന് നാം അറിയാത്തവനല്ല."

മലങ്കര സമുദായത്തോടും വട്ടശ്ശേരിൽ തിരുമേനിയോടും തനിക്ക് വളരെ അധികം കടപ്പാടുണ്ടെന്ന നിലയിലായിരുന്നു ആർച്ച് ബിഷപ്പായിത്തീർന്ന ഫാ. പി. റ്റി. ഗീവർഗീസിന്റെ ആദ്യകാല നിലപാട്.



സെറാമ്പൂരിൽ നിന്ന് 1917 നവംബർ 25 -ാം തീയതി അദ്ദേഹം വട്ടശ്ശേരിൽ തിരുമേനിക്ക് അയച്ച കത്തിൽ പറയുന്നു: "Most Beloved Father...... തിരുമനസ്സുകൊണ്ട് ഒരു വിത്ത് വിതച്ചു. അതു ഞാൻ ആണ്. വിത്ത് നൂറുമേനി ഫലം കൊടുക്കണമെന്ന് വരുകിൽ എന്താണ് വേണ്ടത് എന്നു ഞാൻ പറയണമെന്നില്ലല്ലോ...." ഇങ്ങനെ പോകുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ വിനീതദാസൻ എന്ന നിലയിലുള്ള പി. റ്റി. ഗീവറുഗീസ് കത്തനാരുടെ കത്ത്. എല്ലാം കഴിഞ്ഞ് മെത്രാപ്പോലീത്താ സ്ഥാനം കിട്ടിക്കഴിഞ്ഞപ്പോൾ മട്ടുമാറി. രീതിമാറി. പിന്നെ ഭീഷണിയുടെ സ്വരമായി. ഒരു പറ്റം ബഥനി അച്ചന്മാരും കുറെ കന്യാസ്ത്രീകളും മാർ ഈവാനിയോസ് എന്തു പറയുന്നതും മൂളാൻ പാകത്തിൽ കൂടെക്കൂടെ ഉണ്ടായിരുന്നു. നാട്ടിൽ പലേടത്തായി ബഥനിപ്പള്ളികൾ സ്ഥാപിച്ചിരുന്നതിനാൽ അവയുടെ പിൻതുണയും കിട്ടി.

രണ്ടാം കാതോലിക്കാ ദിവംഗതനായപ്പോൾ ഓർത്തഡോക്സ് സഭയിൽ ആകെ മൂന്ന് മെത്രാന്മാരേ ഉണ്ടായിരുന്നുള്ളു. കാതോലിക്കാ ബാവായുടെ വാഴ്ചയ്ക്ക് മൂന്ന് മെത്രാന്മാർ ഉണ്ടായിരിക്കണമെന്നാണ് നിയമം. മാർ ഈവാനിയോസിനെക്കൂടാതെ വട്ടശ്ശേരിൽ തിരുമേനിയും കല്ലാശ്ശേരിൽ മാർ ഗ്രിഗോറിയോസും മാത്രം. ഇതിൽ ഗ്രിഗോറിയോസിനെ കാതോലിക്കായായി വാഴിക്കണമെങ്കിൽ മാർ ഈവാനിയോസിന്റെ സഹകരണം കൂടിയേ തീരു. ഇത് അദ്ദേഹത്തിന് വില പേശാൻ നല്ല അവസരം ഒരുക്കിക്കൊടുത്തു. അന്ന് ബഥനിയുടെ എപ്പിസ്കോപ്പാ മാത്രമായിരുന്ന മാർ ഈവാനിയോസ്, കാതോലിക്കാവാഴ്ചയോടൊപ്പം തന്നെ മെത്രാപ്പോലീത്തായായി ഉയർത്തണമെന്ന് ശഠിച്ചു. വട്ടശ്ശേരിൽ തിരുമേനിക്ക് വഴങ്ങിക്കൊടുക്കുകയല്ലാതെ മറ്റ് വഴി ഉണ്ടായിരുന്നില്ല. അങ്ങനെ കല്ലാശ്ശേരിയിൽ ഗ്രിഗോറിയോസിനെ മൂന്നാം കാതോലിക്കായായി ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ എന്ന പേരിൽ വാഴിച്ചപ്പോൾ അന്നുതന്നെ അതേ വേദിയിൽ വെച്ച് പുതിയ ബാവ, മാർ ഈവാനിയോസ് എപ്പിസ്കോപ്പായെ മെത്രാപ്പോലീത്താ ആയി ഉയർത്തി. കഴിഞ്ഞില്ല, ബഥനിയിലെ യാക്കോബ് റമ്പാനെ തെയോഫിലോസ് എന്ന നാമത്തിൽ എപ്പിസ്കോപ്പായായി പിറ്റെദിവസം വാഴിക്കേണ്ടതായും വന്നു.

ഒളശ്ശ കളപ്പുരയ്ക്കൽ കുടുംബാംഗമായ മാർ തെയോഫിലോസിനെക്കുറിച്ച് 'മലങ്കരസഭയുടെ ഭൂതക്കണ്ണാടിയിൽ' പറഞ്ഞിരിക്കുന്ന ഭാഗം ശ്രദ്ധേയമാണ്. അതിലെ പ്രസക്ത ഭാഗം താഴെക്കൊടുക്കുന്നു. പേജ് 38-40. "പണ്ടേ തന്നെ "HIS MASTERS VOICE" (തന്റെ യജമാനന്റെ ശബ്ദം) എന്ന അന്വർത്ഥ നാമം സമ്പാദിച്ചിട്ടുള്ള മാർ തെയോഫിലോസ്, മാർ ഈവാനിയോസിന്റെ പാവയോ, കിളിയോ ആണെന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല. ഇദ്ദേഹത്തെ സഹപാഠികൾ വിളിച്ചുവന്ന പേരാണ്

മേൽചേർത്തത്. അന്നുതന്നെ പണിക്കരച്ചന്റെ (മാർ ഈവാനിയോസിന്റെ അച്ഛനായിരുന്ന കാലത്തെ പേര്) പാവയായി കണക്കാക്കപ്പെട്ടിരുന്ന ഈ സാധു ഇപ്പോൾ മാർ ഈവാനിയോസിന്റെ സഹായവും ആനുകൂല്യവും കൊണ്ട് മെത്രാനായിത്തീർന്നു എങ്കിൽ അന്നത്തെക്കാൾ എത്രയോ മടങ്ങ് കൂടുതൽ ഇന്നു പരാധീനനായിത്തീർന്നിരിക്കണം എന്ന് നമുക്ക് ഊഹിക്കാവുന്നതാണല്ലോ. ഇദ്ദേഹത്തിന്റെ സാധുപ്രകൃതത്തേയും ഈശ്വരഭക്തിയേയും മാത്രം പരിഗണിച്ചാണ് മേൽപ്പട്ടസ്ഥാനത്തേക്കുയർത്തുന്നതിൽ ആരും ഭിന്നാഭിപ്രായം പ്രകടിപ്പിക്കാതിരുന്നത്. ഏതായാലും സ്വശക്തിയോ, തന്റേടമോ ഇല്ലാത്ത ഭീരുക്കൾക്ക് സ്ഥാനമാനങ്ങൾ നൽകിയാലത്തെ ഫലം എന്താണെന്നു സുറിയാനി സമുദായം ഇനിയെങ്കിലും പഠിക്കട്ടെ!

"മാർ തെയോഫിലോസിന്റെ സ്ഥാനാഭിഷേകത്തിൽ വേറൊരു രഹസ്യവും കൂടി അന്തർഭവിച്ചിട്ടുണ്ട്. ഇദ്ദേഹത്തെ മെത്രാൻ സ്ഥാനത്തേക്കുയർത്തി "ഓക്സിയോസ്" ചൊല്ലുന്ന നിമിഷംവരെ ഇദ്ദേഹത്തെ ഒരു ഇടവക മെത്രാനായി വാഴിക്കുന്നു എന്നാണ് ജനസാമാന്യം മനസ്സിലാക്കിയിരുന്നത്. ബഥനിക്ക് ഒരു എപ്പിസ്കോപ്പായെക്കൂടി വാഴിക്കുന്നതിൽ ഭിന്നാഭിപ്രായമുണ്ടാകുമെന്ന് നിശ്ചയമുണ്ടായിരുന്ന മാർ ഈവാനിയോസ് മുൻകൂട്ടി ജനങ്ങളെ മനസ്സിലാക്കിയിരുന്നതും അപ്രകാരം തന്നെയായിരുന്നു. അതിനാൽ ഓക്സിയോസ് ചൊല്ലിയ അവസരത്തിൽ പലരും അത്ഭുതപരതന്ത്രരായി നിന്നുപോയി എന്നു പറയാം. പക്ഷേ സ്ഥാനാഭിഷേകം കഴിഞ്ഞ് പിന്നെയൊന്നും ചെയ്യുവാൻ നിവൃത്തിയില്ലാത്തതിനാൽ മാർ ഈവാനിയോസിന്റെ ഈ വഞ്ചനയെ എല്ലാവരും ക്ഷമാപൂർവ്വം സഹിക്കുകയാണ് ചെയ്തത്. ഈവാനിയോസ് മെത്രാൻ ഇതെല്ലാം മുൻകൂട്ടി കരുതിക്കൊണ്ടുചെയ്ത വിദ്യകളാണെന്ന് മറ്റ് പല സംഗതികൾകൊണ്ടും വ്യക്തമാകുന്നുണ്ട്. അദ്ദേഹത്തിന്റെ തന്ത്രങ്ങളെയും, വഞ്ചനകളെയും പറ്റി പിന്നീട് വിശദമായി പ്രസ്താവിക്കാനുദ്ദേശിക്കുന്നതിനാൽ അത് അങ്ങനെ നിൽക്കട്ടെ.

ചേപ്പാട്ട് റമ്പാനെക്കൂടി ബഥനിയുടെ ഒരു എപ്പിസ്കോപ്പയായി വാഴിച്ചു കിട്ടുന്നതിന് മാർ ഈവാനിയോസ് കഴിവുള്ള സകല ശ്രമങ്ങളും ചെയ്തെങ്കിലും കാതോലിക്കാ ബാവാ അതിനെ ശക്തിമത്തായി എതിർത്തത് ഇന്ന് ദൈവാധീനമായിത്തീർന്നു. ഇദ്ദേഹത്തെ റമ്പാനാക്കിയത് ആശ്രമബന്ധം വിടർത്തിയതിന് ശേഷമായിരുന്നുവെങ്കിലും അതുകൊണ്ടും ഉദ്ദിഷ്ട ഫലപ്രാപ്തി ഉണ്ടായില്ലെന്നാണ് ഇപ്പോൾ അനുഭവത്തിൽനിന്ന് മനസ്സിലാകുന്നത്. ഇക്കൂട്ടരെല്ലാം കൂടിയാണ് സത്യവിശ്വാസപാലനത്തിൽ ബദ്ധശ്രദ്ധരായിരുന്ന തങ്ങളുടെ പൂർവ്വികന്മാർ ജീവനെപ്പോലും തൃണവൽകരിച്ചു സംരക്ഷിച്ചുവന്ന സുറിയാനി സഭാമാതാ



വിനെ മുഖത്തു കരിതേച്ച് അലംകോലപ്പെടുത്തിയശേഷം സ്വാർത്ഥലാഭത്തെയും സ്വകീശാപോഷണത്തെയും ലാക്കാക്കി റോമാസഭയിൽ ചേർന്നു വിടുതി വാസം ആരംഭിച്ചിട്ടുള്ളത്."

റീത്തുമായി മാർ ഈവാനിയോസിന്റെ പുറകെ റോമാ സഭയിൽ ചേർന്ന മാർ തെയോഫിലോസിന്റെ പിന്നീടുള്ള കാര്യം പരിതാപകരമായിരുന്നു. പാറേട്ട്, *മലങ്കര നസ്രാണികൾ* വാല്യം 4 പേജ് 723 ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "യാക്കോബ് റമ്പാൻ സാധുവായ ഒരു നല്ല മനുഷ്യനായിരുന്നു. അദ്ദേഹം ബഥനി മാർ ഈവാനിയോസിന്റെ സ്വാധീനത്തിൽപ്പെട്ട് റോമാസഭയിൽ ചേരുകയും വളരെക്കാലം ബുദ്ധിഭ്രമ രോഗിയായി തടങ്കലിൽ കഴിയുകയും ചെയ്തു. ആ ഓർമ്മ സന്താപകരമാണെന്നു പറഞ്ഞാൽ മതിയല്ലൊ."

മാർ തെയൊഫിലോസിന് ശെമ്മാശ്ശനായിരിക്കുന്ന കാലത്തുതന്നെ തലയ്ക്ക് നല്ല സുഖമുണ്ടായിരുന്നില്ല എന്നതാണ് പരമാർത്ഥം. ഇടയ്ക്കെല്ലാം ചിത്തഭ്രമം വരും. പിന്നെ മാറും. ഇദ്ദേഹം സെറാമ്പൂരിൽ പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽ ചാപ്പലിൽ പ്രാർത്ഥിക്കാൻ പോയപ്പോൾ ചിത്തഭ്രമം ഉണ്ടായി. അതിനെക്കുറിച്ച് വന്ദ്യദിവ്യശ്രീ മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ്) 1951 ൽ കുന്നംകുളത്തു നിന്നു പ്രസിദ്ധീകരിച്ച *മാർ പീലക്സിനോസ് സുവനിറിൽ* (പേജ് 54) എഴുതിയ ലേഖനത്തിൽ നിന്നു അല്പം ഉദ്ധരിക്കാം. പുത്തൻകാവ് മാർ പീലക്സിനോസ് തിരുമേനി കാലം ചെയ്യുന്നതിന് ഏതാനും ദിവസം മുൻപ് കുന്നംകുളം പഴയപള്ളിയിൽ, ഉയർന്ന രക്തസമ്മർദ്ദവും, കുറേശ്ശെ നെഞ്ചുവേദനയുമായി താമസിച്ചുവരികയായിരുന്നു. ഹൃദ്രോഗലക്ഷണങ്ങളായിരുന്നതിനാൽ പൂർണ്ണ വിശ്രമം വേണമെന്ന് ഡോക്ടർമാർ ഉപദേശിച്ചിരുന്നു. അടങ്ങിയിരിക്കുന്ന സ്വഭാവം തീരെ ഇല്ലാതിരുന്ന പീലക്സിനോസ് തിരുമേനി രോഗം വകവെയ്ക്കാതെ നടക്കുകയും, പ്രസംഗങ്ങൾ നടത്തുകയും ചെയ്തുവന്നു. കാലം ചെയ്യുന്നതിന് മൂന്ന് ദിവസം മുൻപ് കുന്നംകുളം പഴയപള്ളിയിൽ വച്ച് കാതോലിക്കാദിനത്തിന് ചെയ്ത ഉഗ്രൻ പ്രസംഗം തിരുമേനിയുടെ അന്ത്യശാസനമായി കണക്കാക്കിവരുന്നു. ആ നീണ്ട പ്രസംഗം പൂർണ്ണരൂപത്തിൽ അച്ചടിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നെഞ്ചുവേദനയാകുന്നു എന്നു പറഞ്ഞാണ് പ്രസംഗിച്ചുകൊണ്ടിരുന്നത്. ഇക്കാലത്താണെങ്കിൽ ഹൃദ്രോഗചികിത്സയ്ക്ക് ഐ. സി. യു. വിൽ കിടത്തേണ്ട രോഗമായിരുന്നു തിരുമേനിക്ക് വന്നിരുന്നത്. ഈ സമയം പുതുക്രിസ്ത്യാനികളെ സന്ദർശിക്കാനായി മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ, സെക്രട്ടറി ഫാദർ റ്റി. വി. ഫീലിപ്പോസുമൊന്നിച്ച് കുന്നംകുളം പഴയപള്ളിയിലെത്തി. തുടർന്നുണ്ടായ കാര്യങ്ങളെക്കുറിച്ച് റമ്പാച്ചൻ സുവനിറിൽ ഇപ്രകാരം

എഴുതിയിരിക്കുന്നു: "പട്ടണത്തിന്റെ പരിസരങ്ങളിലേയ്ക്ക് ഒന്നും, രണ്ടും നാഴിക നടന്നുപോയി സന്ധ്യാനമസ്കാരവും യോഗവും നടത്തി രാത്രി പത്തു മണിക്ക് ഞങ്ങൾ മടങ്ങുമ്പോൾ തിരുമേനി ഉറങ്ങീട്ടില്ല. ഞങ്ങളുടെ ക്ഷീണം മാറട്ടെ എന്നു കരുതിയായിരിക്കാം തിരുമേനി എന്റെ മുറിയിലേക്ക് മധുരനാരങ്ങയും, മധുരമില്ലാത്ത ബിസ്കറ്റും, പഴവും വേലക്കാരന്റെ കൈയിൽ കൊടുത്തയച്ചത്. സെറാമ്പൂരിൽ ഞങ്ങൾ വേദാദ്ധ്യായനം ചെയ്തിരുന്നപ്പോൾ യാക്കോബ് ശെമ്മാശ്ശന് (മാർ തെയോഫിലോസിന്) ചിത്തഭ്രമം വരികയും, കൊച്ചുശെമ്മാശ്ശൻ (മാർ പീലക്സിനോസ്) ചാപ്പലിൽനിന്നു പിടിച്ചുകൊണ്ടുപോന്നപ്പോൾ, "ഇത് എന്റെ അമ്മയാണ്; അമ്മയ്ക്ക് മീശയുണ്ടോ?" എന്നു പറഞ്ഞു ചുംബിച്ചതും മറ്റും ഞങ്ങൾ പറഞ്ഞ് കുറേനേരം ചിരിച്ചു. ......പിറ്റേ ആഴ്ച കർമ്മേൽ വച്ചു കേട്ടതു തിരുമേനിയുടെ ചരമവാർത്തയായിരുന്നു."

ശെമ്മാശ്ശനായിരിക്കുമ്പോൾ ചിത്തഭ്രമം എന്ന രോഗം ഉണ്ടായിരുന്ന ആളെ എന്തിന് മെത്രാനാക്കി എന്നു ചോദിച്ചാൽ അന്നത്തെ സഭയുടെ നില അതായിരുന്നു എന്ന് പറഞ്ഞ് സഹതപിക്കുവാനെ വഴിയുണ്ടായിരുന്നുള്ളൂ. മാർ ഈവാനിയോസ് പറയുന്നത് മൂലാതെ വട്ടശ്ശേരിൽ തിരുമേനിക്ക് കഴിയാത്ത സാഹചര്യമായിരുന്നു അന്ന് ഉണ്ടായിരുന്നതെന്ന് കാര്യങ്ങളുടെ കിടപ്പ് സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാക്കാം. ഈവാനിയോസിനെ പിണക്കാതെ കാതോലിക്കാ വാഴ്ച നടത്തിക്കിട്ടാൻ വട്ടശ്ശേരിൽ തിരുമേനി വിട്ടുവീഴ്ച ചെയ്തതായിരിക്കാമെന്ന് ഊഹിക്കാനെ നിവൃത്തിയുള്ളൂ. യാക്കോബ് റമ്പാനെ തെയോഫിലോസ് എന്ന നാമത്തിൽ മെത്രാനായി വാഴിക്കുന്ന വേളയിൽ ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്ക് ഈ മെത്രാന്റെ കാര്യം പോക്കാണെന്ന് തോന്നിയിരുന്നുവത്രെ! മലങ്കര നസ്രാണികൾ 5-ാം വാല്യം പേജ് 630-631 ൽ നിന്ന്:

"ഗീവറുഗീസ് ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ കിഴക്കിന്റെ കാതോലിക്കോസായി ഉയർത്തിയത് 1929 ഫെബ്രുവരി 13-ാം തീയതിയാണ്. മഹാനായ ഗീവറുഗീസ് ദീവന്നാസ്യോസിന്റെ നിർദ്ദേശോപദേശങ്ങൾ അനുസരിച്ച് സ്ഥാനാരോഹണത്തിന്റെ കർമ്മാനുഷ്ഠാനങ്ങളും ഇതരാചാരങ്ങളും ഭക്തിസംവർദ്ധകവും ആർഭാടപൂർണ്ണവും ആയി നടത്തുന്നതിന് മലങ്കര നസ്രാണികൾ അരയും, തലയും മുറുക്കി ഇറങ്ങി. എം.ഡി. സെമിനാരി തോപ്പിൽ ഏലിയാ ചാപ്പലിനു മുൻവശം വേണ്ട താൽക്കാലിക എടുപ്പുകൾ തീർന്നു. അവ വേണ്ടവിധം അലങ്കരിക്കപ്പെട്ടു. ഗുരുവായ ദീവന്നാസ്യോസിന്റെ സാന്നിദ്ധ്യ സഹകരണങ്ങളോടുകൂടെ കിഴക്കിന്റെ കാതോലിക്കോസിന്റെ സ്ഥാനാരോഹണം ഏറ്റം മംഗളകരമായി നിർവ്വഹിക്കപ്പെട്ടു. ഒരു മേൽപ്പട്ടക്കാരനെ വാഴിക്കുന്നതിന് മൂന്ന് മേല്പ്പട്ടക്കാർ എങ്കിലും ഉണ്ടായിരിക്കണം എന്ന കാനോൻ നിയമം പത്രോസ്



തൃതീയൻ ലംഘിച്ച് നസ്രാണികൾക്ക് കാണിച്ചുകൊടുത്തെങ്കിലും ആ വിധം നിയമലംഘനം ചെയ്യുന്നതിന് ദീവന്നാസ്യോസ് തയ്യാറല്ലായിരുന്നതുകൊണ്ടാണ് മേല്പട്ടക്കാരുടെ എണ്ണം കണക്കിൽ താണുപോകുന്നതിന് മുൻപ് ഗ്രീഗോറിയോസിനെ കാതോലിക്കോസായി ബദ്ധപ്പെട്ടു വാഴിച്ചത്."

"അദ്ദേഹം സ്ഥാനം പ്രാപിച്ചതിന്റെ പിറ്റെന്നാൾ 1929 ഫെബ്രുവരി 14-ാം തീയതി രണ്ടുപേരെ മെത്രാന്മാരായി അഭിഷേകം ചെയ്തതു സംബന്ധിച്ചുള്ള ഒരു സംഭവമാണ് താഴെ ചേർക്കുന്നത്. തന്റെ കർമ്മത്തിൽ ദൈവത്തിന്റെ യഥാർത്ഥ സാന്നിദ്ധ്യം തന്നെ ഉണ്ടാകും; കേവലം ചിഹ്നമോ, പ്രതിരൂപമോ ഒന്നുമല്ല എന്ന് ഗീവറുഗീസ് ബസ്സേലിയോസ് വിശ്വസിച്ചിരുന്നു എന്നതിനു ശരിയായ ഒരു ഉദാഹരണം അദ്ദേഹം പറഞ്ഞതാണ്."

"സ്ഥാനാരോഹണത്തിന് തയ്യാറാക്കിയിരുന്ന താൽക്കാലിക കെട്ടിടങ്ങളോടു ചേർത്തുണ്ടാക്കിയിരുന്ന മദ്ബഹായിൽ വെച്ച് പിറ്റെന്നാൾ പാമ്പാടി കുര്യാക്കോസ് റമ്പാൻ, ബഥനി യാക്കോബ് റമ്പാൻ എന്നിവരെ മെത്രാന്മാരായി അഭിഷേകം ചെയ്തു. അഭിഷിക്തരെ സുന്നഹദോസിന്റെ പ്രസിഡന്റായ കാതോലിക്കോസിന്റെ കാപ്പയ്ക്കുള്ളിൽ നിർത്തി സ്ഥാനദാനത്തിന്റെ ഏറ്റം പ്രധാനപ്പെട്ട ഘട്ടത്തിൽ, പരിശുദ്ധാത്മാവ് ഇറങ്ങി മെത്രാൻ സ്ഥാനാർത്ഥികളെ അനുഗ്രഹിക്കുന്നതിനുള്ള ക്രൊയിത്തോദുറൂഹാ പ്രാർത്ഥന ചൊല്ലി. വലതുവശത്ത് പരിശുദ്ധാത്മാവ് ഇറങ്ങി വരുന്നു എന്ന് തനിക്ക് അറിയാമായിരുന്നു. ഇടതുവശത്ത് യാക്കോബ് റമ്പാനിൽ - പിന്നീട് ഈവാനിയോസിനോടുകൂടെ റോമാസഭയിൽ ചേർന്നയാൾ - പരിശുദ്ധാത്മ ശക്തിപ്രഭാവം ഉണ്ടാകുന്നില്ല എന്നു കണ്ടു. വീണ്ടും, വീണ്ടും അതിനായി പ്രാർത്ഥിച്ചു. ഫലമുണ്ടായില്ല. അതിന്റെ രഹസ്യം അദ്ദേഹം - തെയോഫിലോസ് മെത്രാനായി വാഴിക്കപ്പെട്ടയാൾ - റോമായിൽ പോയിക്കഴിഞ്ഞപ്പോഴാണ് ശരിക്കു മനസ്സിലായത് എന്നാണ് കാതോലിക്കോസ് പറഞ്ഞതിന്റെ ചുരുക്കം."

മാർ ഈവാനിയോസിന്റെ കൂടെ റീത്തിൽ പോയി അധികം കഴിയുന്നതിനുമുൻപേ തെയോഫിലോസിന് ചിത്തഭ്രമം മൂത്തുവശായി. ഒടുവിൽ തിരുവല്ലായിൽ മുറിക്കകത്ത് ഇട്ടുപൂട്ടി. പുറമെനിന്ന് ആരെയും കാണിക്കാൻ വയ്യാത്ത നിലയിലായിരുന്നു അദ്ദേഹത്തിന്റെ നില. ഉടുതുണിയില്ലാതെ നിന്ന് തുള്ളി സുബോധമില്ലാതെ ആ മനുഷ്യൻ വിളിച്ചുകൂവിയിരുന്ന കാര്യങ്ങൾ മറ്റാരും കേൾക്കാൻ പാടില്ലാത്ത തരത്തിലുള്ളതായിരുന്നുവത്രെ! ആ വിവരങ്ങൾ എല്ലാം അറിയാവുന്നവർ ഇപ്പോഴും തിരുവല്ലാപ്രദേശത്ത് ഉണ്ട്. റീത്തിൽ ചേർന്നശേഷം "രണ്ട് കണ്ണുള്ളവനായി തീനരകത്തിൽ പോകുന്നതിനേക്കാൾ ഒറ്റക്കണ്ണനായി സ്വർഗ്ഗത്തിൽ

പോകുന്നത് നല്ലത്" എന്ന വേദവാക്യം വായിച്ച് സമനിലതെറ്റിയതിന്റെ ആരംഭകാലത്ത് അദ്ദേഹം മേശപ്പുറത്ത് ഇരുന്ന പെൻസിൽ എടുത്ത് ഒരു കണ്ണ് കുത്തിപ്പൊട്ടിച്ചതായും, ചോര ഒലിപ്പിച്ച് നിലത്തുകിടന്ന് പിടഞ്ഞിരുന്ന അദ്ദേഹത്തെ സഹായിക്കാൻ ബഥനി അച്ചന്മാർ ഓടിവന്ന് പൊക്കിയെടുത്ത് 'എന്താണ് പറ്റിയതെന്ന്' ചോദിച്ചപ്പോൾ "എനിക്ക് സ്വർഗ്ഗത്തിൽ പോണം" എന്ന് അലറി നിലവിളിച്ചതായും കേട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ സംഭവം എന്തുമാത്രം ശരിയാണെന്ന് അറിയില്ല. അങ്ങിനെ ഒരു ബഹുമാനപ്പെട്ട വൈദികൻ - സത്യസന്ധനെന്നും, വിശ്വാസയോഗ്യനെന്നും ഞങ്ങൾക്ക് നല്ല ബോദ്ധ്യമുള്ള ആ പട്ടക്കാരൻ - ഞങ്ങളോട് പറഞ്ഞിട്ടുള്ളതാണ്. തന്റെ വാത്സല്യവാനും എറാൻമൂളിയുമായ തെയോഫിലോസിന്റെ പരിതാപകരമായ അവസ്ഥ കാണാൻ മാർ ഈവാനിയോസ് തിരുവനന്തപുരത്തുനിന്ന് തിരുവല്ലാ അരമനയിൽ എത്തി ആ സാധുവിനെ അടച്ചിട്ട മുറിയുടെ ജനലിനു സമീപം ദുഃഖിതനായി കുറച്ചു നേരം നോക്കിനിന്നശേഷം നെടുവീർപ്പിട്ട് മടങ്ങുമായിരുന്നു. തനിക്ക് ജന്മം നൽകിയ മലങ്കരസഭയേയും, തന്നെ പോറ്റിപ്പുലർത്തി വലുതാക്കി മെത്രാനാക്കിയ വട്ടശ്ശേരിൽ തിരുമേനിയേയും നിർദ്ദയമായി വഞ്ചിച്ചതിന് ദൈവം തമ്പുരാൻ തന്ന പ്രത്യക്ഷത്തിലുള്ള ശിക്ഷയായി ഈ ദുരന്തം അദ്ദേഹത്തിന് തോന്നിക്കാണുമോ? SINS OF PARENTS DESCEND UPON CHILDREN എന്ന ആപ്തവാക്യത്തിന്റെ അർത്ഥം അറിയാത്ത ആളല്ലല്ലോ എം. എ. ക്കാരനായ പണിക്കരുമെത്രാൻ. തന്റെ ആത്മീയ പുത്രനായ തെയോഫിലോസിന് വന്നു ഭവിച്ച ദുര്യോഗം മാർ ഈവാനിയോസ് എങ്ങനെ പൊരുൾ തിരിച്ചുകാണും എന്ന് അറിയില്ല. മുറിക്കകത്ത് തടങ്കലിൽ കഴിഞ്ഞ് അസ്ഥിമാത്രശേഷനായി മാർ തെയോഫിലോസ് മരണമടഞ്ഞു. എങ്കിലും മരിക്കുന്ന നാൾവരെ അദ്ദേഹം തിരുവല്ല രൂപത 'ഭരിച്ചു' എന്ന് റീത്തുകാരുടെ ചരിത്രപുസ്തകത്തിൽ 'ധീരമായി' എഴുതിച്ചേർത്തിട്ടുണ്ട്. ഇതിനല്ലേ മലയാള ഭാഷയിൽ 'തൊലിക്കട്ടി' എന്നു പറയാറ്?

അങ്ങിനെ എഴുതിച്ചേർക്കാൻ മതിയായ കാരണങ്ങളുമുണ്ടെന്നു വയ്ക്കാം. ലോകമെമ്പാട് അത്ഭുതരോഗശാന്തി നൽകുന്ന എത്രയെത്ര പുണ്യവാളന്മാർ ഉള്ളതാണ് മഹത്തായ റോമാസഭ. അത്തരമുള്ള സഭയിലെ ഒരു മെത്രാൻ ഭ്രാന്തനായി മുറിക്കകത്ത് പൂട്ടിയിട്ട് അന്ത്യംവരെ കഴിഞ്ഞു എന്നു പറയുന്നത് മഹാകുറച്ചിലല്ലേ. കേരളത്തിൽ തന്നെ വെള്ളിയാഴ്ച തോറും കണ്ണുനീർ തൂവുന്ന മാതാവിന്റെ മാർബിൾ പ്രതിമയും ഞായറാഴ്ച രക്തം ചിന്തുന്ന മറ്റു പ്രതിമകളും എന്തു രോഗവും സൗഖ്യമാക്കാൻ പ്രാപ്തിയുള്ളതാണെന്ന് അനുഭവസാക്ഷ്യങ്ങളുടെ പിൻബലത്തോടെ കൊട്ടിഘോഷിക്കപ്പെടുന്ന സഭയിൽ ഒരു മെത്രാന് ചിത്തഭ്രമം വന്ന് സുഖപ്പെടുത്താൻ കഴിഞ്ഞില്ലെന്നുവരുന്നത് നാണക്കേ



ടല്ലേ? പക്ഷേ അതുകൊണ്ടൊന്നും സാധുവായ തെയോഫിലോസ് മെത്രാൻ രക്ഷപ്പെട്ടില്ല. അദ്ദേഹം കഷ്ടപ്പെട്ട് ദയനീയമായി മരിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ.

ഏതായാലും കഴിഞ്ഞതു കഴിഞ്ഞു. ഇനി മരിച്ചശേഷം അദ്ദേഹത്തിന് മാനസികരോഗം ഉണ്ടായിരുന്നില്ലെന്ന് മനഃപൂർവ്വം വരുത്തിത്തീർത്ത് അദ്ദേഹത്തിന്റെ പിൽക്കാല സ്മരണ ധന്യമാക്കുവാൻ റീത്തുകാർ ഉഷാറായി വേണ്ടതെല്ലാം പ്രവർത്തിച്ചു; ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മാർ തെയോഫിലോസിന് തിരുവല്ലാ പുഷ്പഗിരി അരമനയിൽ കഴിയുമ്പോൾ ഒരു കുഴപ്പവും ഇല്ലായിരുന്നു എന്നും, അദ്ദേഹത്തെ സന്ദർശിച്ച് സംഭാഷണം നടത്തിയെന്നും മറ്റും അനുഭവസാക്ഷ്യങ്ങൾ എഴുതിച്ച് പുസ്തകമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ അനുഭവസാക്ഷ്യങ്ങളുടെ മെച്ചം ഇപ്പോഴല്ല ബോദ്ധ്യപ്പെടുക. അനവധി കൊല്ലങ്ങൾ കഴിയുമ്പോഴാണ് അവയുടെ മേന്മ തെളിയുക. കുറെ കൊല്ലങ്ങൾ കഴിയുമ്പോൾ തെയോഫിലോസ് മാനസികനില തെറ്റിക്കഴിഞ്ഞിരുന്ന വിവരങ്ങൾ നേരിട്ടറിയാവുന്ന തലമുറ കാലയവനികയ്ക്കുള്ളിൽ മറയും. പിന്നെ വരുന്ന തലമുറയ്ക്ക് വളരെ ലോലമായ അറിവേ അദ്ദേഹത്തിന്റെ ചിത്തഭ്രമത്തെക്കുറിച്ച് കാണുകയുള്ളൂ. കുറെ നാളുകൾക്കൂടി കഴിഞ്ഞാൽ ആ വക കാര്യങ്ങൾ തീർത്തും വിസ്മരിക്കപ്പെടും. അപ്പോൾ ആരെങ്കിലും റീത്തിൽ ചേർന്ന തെയോഫിലോസ് മാനസികരോഗിയായിട്ടാണ് മരിച്ചതെന്ന് പറഞ്ഞാൽ ആ പറഞ്ഞ ആൾ അടിസ്ഥാനരഹിതമായി പറയുന്നതാണെന്നും തെയോഫിലോസ് വാർദ്ധക്യസഹജമായ രോഗത്താൽ മരിച്ചുപോയതാണെന്നും, റീത്തിൽ ചേർന്ന വൈരാഗ്യത്തിന്റെ പേരിൽ തൽപ്പരകക്ഷികൾ പ്രചരിപ്പിക്കുന്ന നുണയാണ് അദ്ദേഹത്തിന് ചിത്തഭ്രമമുണ്ടായിരുന്നു എന്ന് പറയുന്നതെന്നും മറ്റും പറഞ്ഞുനിൽക്കാനുള്ള വക ബുദ്ധിമാന്മാരായ റീത്തുകാർ ഇപ്പോഴെ ഒരുക്കിയിട്ടുണ്ട്. ഭവിഷ്യത്തുകൾ മുൻകൂട്ടിക്കണ്ട് പ്രതിവിധികൾ ശാസ്ത്രീയമായി മുന്നമേ ചെയ്തുവയ്ക്കുന്നതിൽ റീത്തുകാർക്ക് പ്രത്യേകിച്ചും, കത്തോലിക്കർക്ക് പൊതുവേയും ഉള്ള കഴിവ് കണ്ടുപഠിക്കുകതന്നെ വേണം!

മാർ തെയോഫിലോസ് തിരുവല്ല പുഷ്പഗിരി അരമന മുറിയിൽ ബന്ധനത്തിൽ കിടക്കുമ്പോൾ അദ്ദേഹത്തെ ഒരു സഭാവിശ്വാസി കണ്ട ചരിത്രം ഒരു ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം അനവധി ഗ്രന്ഥങ്ങളും ലഘുലേഖകളും ഉണ്ട്. സാമ്പിളിന് ഒന്നുമാത്രം കൊടുക്കാനേ ഈ പുസ്തകത്തിൽ ഇടമുള്ളൂ. ഭാവിയിൽ തെയോഫിലോസിന് തകരാറൊന്നും ഉണ്ടായിരുന്നില്ലെന്ന് സമർത്ഥിക്കാൻ നല്ല തെളിവായി പുസ്തകങ്ങൾ ഉപയോഗിക്കാനുള്ള പദ്ധതിയുടെ ഭാഗമായി ഇവയെ കണക്കാക്കിയാൽ മതിയാകും.

ബി. ജി. ജേക്കബ് എന്ന - മുൻപ് അവശസമുദായ അംഗമായിരുന്ന - ഒരു ബാലൻ മാർ ഈവാനിയോസിന്റെ സംരക്ഷണത്തിൽ ബഥനിയിൽ കഴിഞ്ഞുവന്നു. അയാൾ വലുതായി, ക്രിസ്തുമതം സ്വീകരിച്ച് മാർ ഈവാനിയോസിന്റെ വാത്സല്യശിഷ്യനായി കുറെനാൾ ജീവിച്ചു. മാർ തെയോഫിലോസുമായി അയാൾക്ക് നല്ല അടുപ്പമുണ്ടായിരുന്നു. തെയോഫിലോസ് പുഷ്പഗിരി അരമനയിൽ കിടന്നിരുന്ന അന്ത്യനാളുകളിൽ ഒരു ദിവസം ജേക്കബ് അദ്ദേഹത്തെ കാണാൻ പോയി. ഇനി ജേക്കബിന്റെ "മാർ ഈവാനിയോസിന്റെ അനാഥബാലൻ" എന്ന ഗ്രന്ഥത്തിൽ നിന്നു ഉദ്ധരിക്കുന്നു. പുസ്തകം അച്ചടി: സെന്റ് മേരീസ് പ്രസ്സ്, തിരുവനന്തപുരം. പ്രസിദ്ധീകരണം: ഗ്രന്ഥകാരൻ തന്നെ. ബി. ജി. ജേക്കബ് c/o ബഥനി ആശ്രമം, നാലാഞ്ചിറ, തിരുവനന്തപുരം. പുസ്തക വില ഏഴു രൂപ, പേജ് 147. പ്രസിദ്ധീകരിച്ചത് 1974 ൽ.

"മാർ തെയോഫിലോസ് തിരുമേനിയുടെ അന്തിമദിനങ്ങൾ" എന്ന് തലക്കെട്ട്. പേജ് 101. "മാർ തെയോഫിലോസ് തിരുമേനി മെത്രാനായ ശേഷം തിരുവല്ലാ ബഥനിപ്പള്ളിയുടെ തെക്കുവശത്ത് ഒരു ചെറിയ കെട്ടിടത്തിലാണ് താമസിച്ചിരുന്നത്. ഇതായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ അരമന. രണ്ടാമത്തെ അരമന ഇപ്പോഴത്തെ കത്തീഡ്രലിനടുത്തുള്ള ചങ്ങനാശ്ശേരി രൂപത വക ഒരു കെട്ടിടമായിരുന്നു. മൂന്നാമത്തെ അരമനയായിരുന്നു പുഷ്പഗിരി (അതിപ്പോൾ പുഷ്പഗിരി ആശുപത്രിയാണ്). തെയോഫിലോസ് തിരുമേനി രോഗബാധിതനായപ്പോൾ (രോഗം എന്തായിരുന്നു എന്ന് അനാഥബാലൻ പറയുന്നില്ല - ഗ്രന്ഥകർത്താക്കൾ) പുഷ്പഗിരി അരമനയിലാണ് താമസിച്ചിരുന്നത്. രോഗിയായശേഷം അദ്ദേഹം അധികസമയവും ഏകാകിയായിട്ടാണ് കഴിഞ്ഞുകൂടിയത് (മുറിക്കകത്ത് അടച്ചിട്ടിരിക്കുകയാണെന്ന് പറയുന്നില്ല).

എന്റെ രോഗശമനത്തിനുവേണ്ടി അദ്ദേഹം ധ്യാനനിരതനായി ഒന്നിലധികം ദിവസം പ്രാർത്ഥനയിൽ കഴിഞ്ഞുകൂടിയ വിവരം ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങനെ എന്നെ അധികമായി സ്നേഹിച്ചിരുന്ന ആ പിതാവ് രോഗശയ്യയിലാണെന്ന് കേട്ടപ്പോൾ എനിക്ക് അത്യധികമായ സങ്കടമുണ്ടായി. ഒരു ദിവസം അദ്ദേഹത്തെ കാണുന്നതിന് ഞാൻ അവിടെ ചെന്നു. അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന വൈദികർ എന്നെ അകത്തുവിട്ടില്ല. ഞാൻ തിരുവനന്തപുരത്തുനിന്നു വരികയാണെന്നും അദ്ദേഹത്തെ കാണാൻ വേണ്ടി മാത്രമാണ് വന്നതെന്നും പറഞ്ഞപ്പോൾ അവർ അഞ്ചു മിനിട്ടു നേരത്തേയ്ക്ക് സന്ദർശനം അനുവദിച്ചു. ഞാൻ അകത്തുചെന്നപ്പോൾ പിതാവ് ധ്യാനിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നെ കണ്ടയുടൻ തലയുയർത്തി നോക്കി. ഞാൻ അടുത്തുചെന്ന് കൈമുത്തി. അദ്ദേഹത്തിന്റെ അപ്പോഴത്തെ ദയനീയാവസ്ഥ കണ്ട് ഞാൻ കരഞ്ഞു



പോയി. മുഖത്തോടു മുഖംനോക്കി ഞങ്ങൾ അല്പനേരം നിന്നു. എന്നിട്ട് എന്നോട് ചോദിച്ചു: "നീ എപ്പോൾ വന്നു?" ഞാൻ ഇപ്പോൾ വന്നതേയുള്ളുവെന്നു അറിയിച്ചു. "നീ വല്ലതും കഴിച്ചോ?" എന്നു ചോദിച്ചിട്ട് അദ്ദേഹം അലമാര തുറന്ന് പുസ്തകാകൃതിയിലുള്ള ഒരു കേക്ക് എടുത്ത് അതിൽ നിന്ന് മൂന്ന് കഷണം എടുത്തു മാറ്റിവച്ചു. സിസ്റ്റർ സൈബാർ (അദ്ദേഹത്തിന്റെ സഹോദരി) പുത്തൻകാവ് മഠത്തിൽ നിന്നു കൊടുത്തയച്ചതാണെന്ന് എന്നോടു പറഞ്ഞു. എന്നിട്ട് രണ്ടു ഭരണികളിൽ നിന്ന് മുമ്മൂന്ന് ബിസ്ക്കറ്റുമെടുത്ത് കേക്ക് കഷണങ്ങളുടെ കൂടെ തന്നു. "ത്രിത്വത്തിന്റെ നാമത്തിൽ ഇതിരിക്കട്ടെ. അടുക്കളയിൽ ചെന്ന് കാപ്പിയും വാങ്ങി കുടിച്ചിട്ട് നീ ഇവിടെ വരണം" എന്നു പറഞ്ഞു. അപ്രകാരം കാപ്പികുടിയും കഴിഞ്ഞ് ഞാൻ തിരിച്ചുവന്ന് പലതും സംസാരിച്ചു. പഴയകാര്യങ്ങൾ പറയുമ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് സന്തോഷവും, കൃതാർത്ഥതയും നിറഞ്ഞുനിന്നിരുന്നു. അങ്ങനെ കുറെനേരത്തെ കുശലപ്രശ്നങ്ങൾക്കു ശേഷം കൈമുത്തി യാത്ര പറയാൻ നേരം എന്റെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു."

"കുറെനാൾ രോഗശയ്യയിൽ കിടന്നു. 1956 ജൂൺ 27 -ന് അവിടെവച്ചു തന്നെ കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹത്തെ തിരുവല്ലാ അരമനയ്ക്കടുത്തുള്ള കത്തീഡ്രലിലാണ് സംസ്കരിച്ചത്."

ഇത്രയുമാണ് 'മാർ ഈവാനിയോസിന്റെ അനാഥ ബാലൻ' എന്ന ഗ്രന്ഥത്തിൽ, മാർ തെയോഫിലോസ് രോഗശയ്യയിൽ ആയിരുന്നപ്പോൾ ഗ്രന്ഥകാരൻ സന്ദർശിച്ച വിവരങ്ങളുടെ വിവരണം. അലമാരി തുറന്ന് കേക്കും, ബിസ്ക്കറ്റും പുറത്തെടുത്തുകൊടുത്ത് സൽക്കരിക്കുകയും തലയിൽ കൈവച്ച് പ്രാർത്ഥിക്കുകയും മറ്റും ചെയ്യുവാൻ പ്രാപ്തിയുള്ള മെത്രാനെകാണാൻ അദ്ദേഹത്തെ ശുശ്രൂഷിക്കുന്ന വൈദികർ വൈമനസ്യത്തോടെ അഞ്ചു മിനിറ്റ് മാത്രം അനുവദിച്ചത് എന്താണാവോ? അലമാര തുറന്ന് പുസ്തകാകൃതിയിലുള്ള കേക്ക് എടുത്ത് അതിൽ നിന്ന് മൂന്നു കഷണം മുറിച്ചുമാറ്റിവെച്ചു എന്നേ പറയുന്നുള്ളു. കത്തി കൊണ്ടാണോ മുറിച്ചത് എന്ന് പറയുന്നില്ല. സുബോധമില്ലാതെ അസഭ്യമായി ഓരോന്ന് വിളിച്ചുപറഞ്ഞ് അടച്ചിട്ട മുറിയിൽനിന്നു പുറത്തുചാടുവാൻ ബഹളം വെച്ചിരുന്ന അദ്ദേഹത്തിന് എടുത്ത് ഉപയോഗിക്കുവാൻ പാകത്തിൽ ഒരു കത്തികൂടി ഏല്പിച്ചിരുന്നു എന്ന് പറയാത്തതിന് വായനക്കാർ അനാഥബാലനോട് നന്ദി പറയേണ്ടിയിരിക്കുന്നു."

മാർ ഈവാനിയോസിന്റെ മോഹനവാഗ്ദാനങ്ങളിൽ മയങ്ങി റീത്തിൽ ചേർന്ന ദേഹമാണ് വന്ദ്യദിവ്യശ്രീ പുലിക്കോട്ടിൽ യൗസേഫ് റമ്പാൻ. *മലങ്കരസഭയുടെ ഭൂതക്കണ്ണാടി* എന്ന ഗ്രന്ഥത്തിൽ പുലിക്കോട്ടിൽ റമ്പാച്ചനെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഭാഗം ഇപ്രകാരമാണ്. പേജ് 36-37. "തന്റെ

മനോരാജ്യ കോട്ടകളെല്ലാം ശിഥിലീഭവിച്ചതുമൂലം നിരാശനും ഭഗ്നോത്സാഹിയുമായി "ഇനി എന്താണ് വേണ്ടത്" എന്നാലോചിച്ചുകൊണ്ടിരുന്ന മാർ ഈവാനിയോസിനു ലഭിച്ച അനുചരൻ പുലിക്കോട്ടു റമ്പാൻ അവർകൾ ആണെന്നു പറയുമ്പോൾ ബാക്കിയെല്ലാം ഊഹ്യമാണല്ലോ. "കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി." നമ്മുടെ പുലിക്കോടന്റെ കഥകൾ ഒന്നും പറയാതിരിക്കുന്നതാണുത്തമമെന്നു കൂടി തോന്നാതിരുന്നില്ല. ഇദ്ദേഹം ശെമ്മാശ്ശനായി നടന്ന കാലത്തെ ജീവിതരീതി ഏതു തരത്തിലുള്ളതായിരുന്നുഎന്നു പ്രസിദ്ധമാണല്ലോ. ഇപ്പോഴത്തെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനി തന്നെ അദ്ദേഹത്തെ അനേകം തവണ ശാസിക്കുകയും ചിലപ്പോഴെല്ലാം താഡിക്കുകയും കൂടി ചെയ്തിട്ടുണ്ടെന്നുള്ളതു കോട്ടയത്തുള്ള ഏവർക്കും നല്ലവണ്ണമറിയാവുന്നതാണ്. വലിയ തിരുമേനി എത്ര നിർബന്ധമായി ആവശ്യപ്പെട്ടാണ് ഇദ്ദേഹത്തെ കുന്നംകുളത്തുനിന്നു കോട്ടയത്തേയ്ക്ക് വരുത്തിയതെന്നും എത്ര വാത്സല്യപൂർവ്വമായ കത്താണ് തിരുമേനി അന്ന് ഇദ്ദേഹത്തിന് അയച്ചിരുന്നതെന്നും റമ്പാനു തന്നെ അറിവുള്ളതാണല്ലോ. മാർ ഈവാനിയോസ് മെത്രാൻ ഉത്കൃഷ്ട ബിരുദധാരിയും കൂടുതൽ തന്ത്രജ്ഞനും ആയിരുന്നിട്ടും അദ്ദേഹം കാത്തിരുന്നു ഭഗ്നാശനായി മലങ്കര മെത്രാൻസ്ഥാനം പോലും ആശിക്കത്തക്കവിധത്തിലാണ് റമ്പാന്റെ പേർക്ക് വലിയതിരുമേനി എഴുതിയിരുന്നതെന്നു എനിക്ക് സൂക്ഷ്മമായി അറിയാം. പക്ഷേ, നമ്മുടെ റമ്പാൻ പരിചയിച്ചിരുന്ന ജീവിതരീതി പഴയസെമിനാരിയിൽ പ്രായോഗികമല്ലെന്നു കണ്ടതിനോടുകൂടി അദ്ദേഹത്തിനു അവിടെനിന്നു വെളിയിൽ ചാടാതെ ഗത്യന്തരമില്ലെന്നു വന്നുപോയി. തന്നെ റമ്പാൻ സ്ഥാനത്തേക്കുയർത്തിയതു മിസ്റ്റർ എം. എ. ചാക്കോ ആദിയായ വടക്കരിൽ ചിലരുടെ നിർബന്ധവും പുലിക്കോട്ടു കുടുംബത്തോടു മലങ്കര സുറിയാനി സമുദായത്തിനുള്ള നിർവ്യാജമായ ബഹുമാനവും കൊണ്ടു മാത്രമാണെന്നും തന്റെ സാമർത്ഥ്യമോ, ഈശ്വരഭക്തിയോ, ജനസമ്മതമോ കൊണ്ടല്ലെന്നും ഉള്ളതു നമ്മുടെ റമ്പാനു തന്നെ നല്ലവണ്ണം അറിയാവുന്നതാകയാൽ എന്തിനധികം വിസ്തരിക്കുന്നു. റമ്പാൻ സ്ഥാനം കൊടുത്തിരിക്കുന്നതു തന്നെ ഒരു പരീക്ഷയായിട്ടു മാത്രമാണെന്നും ജീവിതരീതി വ്യത്യാസപ്പെടാതിരിക്കുന്നിടത്തോളം കാലം ചുവപ്പു ളോഹ ഇടാൻ അഗ്രഹിക്കേണ്ടതില്ലെന്നും സമുദായ പ്രധാനന്മാരിൽ ചിലർ നേരിട്ടു റമ്പാച്ചനോടു പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ സൂക്ഷ്മമായ അറിവ്. എന്നാൽ താൻ അഭ്യസിച്ചുവശായിരിക്കുന്ന ആ വഴികളെ നിശ്ശേഷം വിട്ടുമാറുന്നതിനു വളരെ വിഷമമാകയാൽ സുറിയാനിസഭയിൽ മെത്രാൻ സ്ഥാനം കിട്ടുക കൃച്ഛ്രസാധ്യമായിട്ടാണിരിക്കുന്നതെന്നു വിശദമാണല്ലൊ. ഒടുവിൽ സ്വന്തം സഹോദരിയും മറ്റു ചില ബന്ധുക്കളും കൂടി ഇദ്ദേഹം റീത്തു പ്രസ്ഥാനക്കാരിൽ



ഒരാളാണെന്നറിഞ്ഞുകൊണ്ടു തിരുവല്ലായിലെത്തിയപ്പോൾ നമ്മുടെ റമ്പാൻ അവരോട് ചോദിച്ച ചില ചോദ്യങ്ങൾ യഥാർത്ഥത്തിൽ സഹതാപാർഹങ്ങളാണെങ്കിലും അവയെക്കൂടി പരിശോധിക്കാതെ നിവൃത്തിയില്ല. നമ്മുടെ റമ്പാന്റെ ഒരു ചോദ്യം "എന്നെ ആർക്കാണ് വേണ്ടത്?" എന്നായിരുന്നു. ഇതിൽനിന്നെന്തു മനസ്സിലാക്കാം. എന്നാൽ ഇതിനു സ്വന്തം വിധിയേ പഴിക്കുന്നതല്ലാതെ സുറിയാനി സമുദായത്തിന്മേൽ ഒരുവിധത്തിലും കുറ്റാരോപണം ചെയ്‌വാൻ പാടില്ലെന്നു മേൽ പ്രസ്താവിച്ച പല സംഗതികൾ കൊണ്ടു വിശദമാണ്. ശെമ്മാശ്ശനായിരുന്ന കാലത്ത് അദ്ദേഹത്തെ വിളിച്ചുവരുത്തിയ ആ വന്ദ്യതിരുമേനി ഇന്നും ജീവിച്ചിരിക്കുന്നു. അദ്ദേഹത്തിനു നമ്മുടെ റമ്പാനെപ്പറ്റി വലിയ പ്രതീക്ഷകളും ഉണ്ടായിരുന്നു. പക്ഷേ അതെല്ലാം തന്നെത്താനെ താറുമാറാക്കിയ ശേഷം ഒരു കുടുംബദ്രോഹിയെന്നവണ്ണം പൂർവ്വിക വിശ്വാസം വിറ്റുതിന്നണമെന്നുള്ള "കമലാസനാജ്ഞ" അതേപടി നിറവേറ്റുക തന്നെ വേണം. "എനിക്കിവിടെ എന്താ സ്ഥാനം?" എന്നുള്ള വേറൊരു ചോദ്യം വളരെ അർത്ഥഗർഭമാണ്. നമ്മുടെ റമ്പാനു മലങ്കരസഭയിൽ യാതൊരു സ്ഥാനവുമില്ലെന്നുള്ളത് അദ്ദേഹത്തിനു തന്നെ ബോധ്യപ്പെട്ടു. ഇങ്ങനെയെല്ലാമിരിക്കുന്നതിനാൽ കിട്ടിയ അവസരം നഷ്ടപ്പെടുത്താതെ റോമാ സഭയിലേക്കു ഒരു ചാട്ടംചാടിയാൽ കാലതാമസം കൂടാതെ മെത്രാനായി യഥേഷ്ടം സുഖിച്ചാനന്ദിക്കാമെന്നുള്ള മോഹമാണ് അദ്ദേഹത്തെ ഇതിലേക്ക് പ്രേരിപ്പിച്ചതെങ്കിൽ എന്തിന് അദ്ദേഹത്തെ ക്ലേശിപ്പിക്കുന്നു. അദ്ദേഹം ഇഷ്ടംപോലെ സുഖിച്ചുകൊള്ളട്ടെ. ഇപ്രകാരം പണിക്കരു മെത്രാന്റെയും, മന്ത്രിയായ പുലിക്കോട്ടു റമ്പാന്റെയും പ്രതാപ മഹിമകളെല്ലാം മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ആനുകൂല്യത്തെ ഒന്നിനെ ആശ്രയിച്ചാണിരിക്കുന്നതെന്ന പരമാർത്ഥം അവർ ഇരുവരും യഥാവിധി ഗ്രഹിച്ചിട്ടുള്ളതിനാലാണ് വലിയ മെത്രാച്ചന്റെ കാലം കഴിഞ്ഞാലത്തെ സ്ഥിതിയെപ്പറ്റി ഇപ്പോഴെ അവർ ആലോചന ആരംഭിച്ചിരിക്കുന്നതെന്ന വസ്തുത സമുദായാംഗങ്ങളിൽ ചിലർക്ക് മനസ്സിലായിട്ടില്ലാത്തതിനാലാണ് അവർ ഇക്കാര്യത്തിൽ ഇത്ര പരിഭ്രമം പ്രദർശിപ്പിക്കുന്നത്."

പുലിക്കോട്ടിൽ റമ്പാച്ചന് മാർ ഈവാനിയോസിനെപ്പറ്റി വലിയ മതിപ്പൊന്നും ഉണ്ടായിരുന്നില്ല. മാർ ഈവാനിയോസിനെ മെത്രാനാക്കുന്നതിനുള്ള ആലോചന നടന്നുകൊണ്ടിരുന്നപ്പോൾ വല്ല വിധേനയും അത് മുടക്കുവാൻ റമ്പാൻ ശെമ്മാശ്ശനായിരുന്നപ്പോൾ രണ്ടാമത്തെ കാതോലിക്കാ ബാവായ്ക്ക് അയച്ചിട്ടുള്ള ഒരു കത്തിന്റെ ഭാഗം 'മലങ്കരസഭയുടെ ഭൂതക്കണ്ണാടി' പേജ് 166 ൽ കൊടുത്തിട്ടുണ്ട്.

കുന്നംകുളം
5 - 5 - 100

അവസരംപോലെ തിരുമനസ്സുണർത്തിപ്പാൻ

............. തിരുമനസ്സുകൊണ്ട് കാതോലിക്കാ പദത്തിൽ കയറുകയാണെന്ന് ഉറച്ചുകഴിഞ്ഞാൽ പലതും ഗൗനിക്കേണ്ടതുണ്ട്. അതൊന്നും ഈ അല്പജ്ഞൻ ഉണർത്തിക്കേണ്ടതില്ലല്ലോ. .....

കാതോലിക്കായെ വാഴിക്കുന്നതോടുകൂടി എം. എ. അച്ചനെ മെത്രാനാക്കണമെന്ന് മെത്രാച്ചനും മറ്റും നിർബന്ധമുണ്ട്. എം. എ. അച്ചൻ മെത്രാനായാൽ ഇതര മെത്രാന്മാരും അദ്ദേഹവുമായി സ്വരച്ചേർച്ചയിൽ നിൽക്കുകയില്ലെന്നാണ് എന്റെ നോട്ടം.

ഡീക്കൻ. പി. ജോസഫ് (ഒപ്പ്)

പുലിക്കോട്ടിൽ റമ്പാൻ ശെമ്മാശനായിരുന്ന കാലത്ത് പഴയസെമിനാരിയിൽ താമസിക്കുമ്പോൾ മണലിൽ യാക്കോബ് കത്തനാർ ശെമ്മാശ്ശനായി വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയായി അവിടെ ഉണ്ടായിരുന്നു. മണലിൽ അച്ചൻ ഞങ്ങൾക്ക് അയച്ചിരുന്ന ഒരു കത്തിൽ ഇപ്രകാരം എഴുതിയിട്ടുണ്ട്. ഈ കത്തിലെ പ്രസക്തഭാഗം കെ. വി. മാമ്മൻ എഴുതി 1992 ഡിസംബർ 25 ന് പ്രസിദ്ധീകരിച്ച 'മണലിൽ അച്ചന്റെ സഭാസ്മരണകൾ' എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. പേജ് 70. "പുലിക്കോട്ടിൽ റമ്പാച്ചനെ എനിക്ക് വളരെ ബഹുമാനവും സ്നേഹവുമായിരുന്നു. അദ്ദേഹം ശെമ്മാശ്ശനായി കോട്ടയം പഴയസെമിനാരിയിൽ രണ്ടു കൊല്ലമെങ്കിലും താമസിച്ചിരുന്നു. മിക്ക ദിവസങ്ങളിലും സന്ധ്യക്ക് 7 മണി കഴിഞ്ഞ് ഞങ്ങൾ ഒരുമിച്ച് അദ്ദേഹത്തിന്റെ മുറിയിൽ ഇരുന്ന് പല കാര്യങ്ങൾ സംസാരിക്കുമായിരുന്നു. രസകരമാണ് അദ്ദേഹവുമായുള്ള സംസാരം. നടന്നുകൊണ്ടാണ് സംസാരം. സംസാരമദ്ധ്യേ അദ്ദേഹം ഞാൻ കാണാതെയാണെന്നുള്ള വിചാരത്തിൽ അലമാര ഒരു വാതിൽ തുറന്നിടും. പിന്നീട് ഒരു ചെറിയ കുപ്പിയെടുത്ത് കാക്കുപ്പായത്തിൽ തിരുകും. ഒന്നു രണ്ടു പ്രാവശ്യം നടന്നുകഴിഞ്ഞ് കാർക്കിച്ച് പുറത്തിറങ്ങും. അതൊഴിച്ചു ള്ളിലാക്കി ഒരു ചുള ഉള്ളി വായിലിട്ടു കയറി വന്നു പഴയതുപോലെ കുപ്പി ഒതുക്കും. അന്ന് സെമിനാരിയിൽ ഇലക്ട്രിക് ലൈറ്റില്ല. ഈ കുടി പതിവായി ഞാൻ നോട്ടു ചെയ്തിട്ടുണ്ട്. വട്ടശ്ശേരിൽ തിരുമേനിയോട് ഞാൻ ഒന്നും പറഞ്ഞിട്ടില്ല. എന്നോട് ചോദിച്ചിട്ടുമില്ല. ഒരു പക്ഷേ തിരുമേനി സ്വന്തം വേലക്കാരനോട് ചോദിച്ചറിഞ്ഞിരിക്കും. മറ്റു പുറത്തുള്ള വല്ല മാന്യന്മാരും പറഞ്ഞിരിക്കും. തിരുമേനിക്കറിയാമായിരുന്നു എന്നു ഞാൻ മനസ്സിലാക്കുന്നത് മുളന്തുരുത്തിയ്ക്ക് പോകുന്നതിന് നിശ്ചയിച്ചപ്പോൾ ഈ ശെമ്മാശ്ശനെ വിളിച്ച് "ഞാൻ മുളന്തുരുത്തി



മുതലായ വടക്കൻ പ്രദേശത്തുള്ള പള്ളികളിൽ പോകയാണ്. തന്നെക്കൂടി കൊണ്ടുപോകണമെന്നുണ്ട്. താൻ മദ്യം കഴിക്കുമെന്ന് കേൾക്കുന്നുണ്ട്. നോമ്പു കാലം, വടക്കൻ പ്രദേശം. എന്റെ കൂടെ വരണം. കുടിക്കരുത് എന്നു കല്പിച്ചത് ഞാൻ കൂടെ ഉള്ളപ്പോൾ ആണ്. ബാവാ അറിഞ്ഞിരുന്നുവോ എന്ന് നിശ്ചയമില്ല. ചുവടെ ചേർക്കുന്നത് എന്റെ അന്വേഷണത്തിലൂടെ ലഭിച്ചതാണ്. എം. എ. ചാക്കോ സൂപ്രണ്ട് നിർബന്ധിച്ചതനുസരിച്ചാണ് പുലിക്കോട്ടിൽ ജോസഫ് അച്ചന് റമ്പാൻ സ്ഥാനം നൽകിയത്. ഇദ്ദേഹം റീത്തിൽ ചേർന്നപ്പോൾ ചാക്കോ സൂപ്രണ്ട് പറഞ്ഞു: "കിളിയെ കൂട്ടിലിടാം. ഇണങ്ങിയില്ലെങ്കിൽ തുറന്നുവിടാം." അങ്ങിനെ പറ്റിയതാണല്ലോ ഉണ്ടായത്."

പുലിക്കോട്ടിൽ റമ്പാൻ റീത്തുകാരുടെ തിരുവനന്തപുരം രൂപതയുടെ (1932 ഏപ്രിൽ മുതൽ ഒക്ടോബർ വരെയും) തിരുവല്ലാ രൂപതയുടെയും (1935 - 36) അഡ്മിനിസ്ട്രേറ്ററായിരുന്നു. ദിവസവും മുടങ്ങാതെയുള്ള കുടി മൂലം ലിവറും, കിഡ്നിയും തകരാറിലായി അദ്ദേഹം 52 -ാം വയസ്സിൽ ദിവംഗതനായി. കരൾ ദ്രവിച്ചു മരിച്ചതിനാൽ ശരീരം മുഴുവൻ മഞ്ഞ നിറം കലർന്നിരുന്നു. കുടി മാത്രമല്ല ഉണ്ടായിരുന്നതെന്നും നാട്ടുകാർക്ക് അറിയാമായിരുന്നു. വീട്ടിൽ ധാരാളം സ്വത്തുണ്ടായിരുന്നതിനാൽ പണം ലോഭമില്ലാതെ ചിലവിടുന്ന പ്രകൃതക്കാരനായിരുന്നു. രോഗിയായി കിടക്കുമ്പോൾ ഓർത്തഡോക്സ് സഭയിലേക്ക് വീണ്ടും വരണമെന്ന് ആഗ്രഹം ഉണ്ടായി. "പള്ളിയിലെ ഉപ്പാപ്പന്റെ" കബറിടത്തിനു സമീപം കബറടക്കണമെന്നായിരുന്നു ആഗ്രഹം. 1061 മീനം 14 -ാം തീയതി 94-ാം വയസ്സിൽ മരിച്ച പുലിക്കോട്ടിൽ യൗസേഫ് കത്തനാരെയാണ് *പള്ളിയിലെ ഉപ്പാപ്പൻ* എന്ന് പുലിക്കോട്ടിൽ കുടുംബത്തിലുള്ളവർ പറയാറ്. മേൽപറഞ്ഞ പുലിക്കോട്ടിൽ യൗസേഫ് കത്തനാർ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ (സെമിനാരി സ്ഥാപകൻ) സഹോദര പുത്രനും, രണ്ടാമൻ തിരുമേനിയുടെ (എം. ഡി. സെമിനാരി സ്ഥാപകൻ) പിതാവിന്റെ സഹോദരനുമാണ്. തന്റെ അപ്പന്റെ സഹോദരനും, തന്റെ അനുജന്റെ മകനും മലങ്കര മെത്രാപ്പോലീത്തന്മാരായി ഭരിക്കുന്നത് കാണുവാനുള്ള അപൂർവ്വ ഭാഗ്യം അദ്ദേഹത്തിനുണ്ടായി. അവിവാഹിത പട്ടക്കാരനായ അദ്ദേഹം മരിച്ചപ്പോൾ രണ്ടാമൻ തിരുമേനി വന്നാണ് കബറടക്കം നടത്തിയത്. ആർത്താറ്റ് പള്ളിയുടെ വടക്കെ വരാന്തയിൽ അദ്ദേഹത്തിന്റെ കബറിടം കാണാം. പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി 1808 ഓഗസ്റ്റ് 15-ാം തീയതി ഞായറാഴ്ചയാണ് 8-ാം മാർത്തോമ്മായിൽ നിന്നു കണ്ടനാടു പള്ളിയിൽ വെച്ച് റമ്പാൻ സ്ഥാനം ഏറ്റത്. റമ്പാൻ പദവി സ്വീകരിക്കുവാൻ കണ്ടനാട്ടേക്കു പോയപ്പോൾ അദ്ദേഹം സഹോദരപുത്രനായ ഉട്ടൂപ്പിനേയും കൂടെക്കൊണ്ടുപോയി. റമ്പാൻ സ്ഥാനം കിട്ടിയതിന്റെ പിറ്റേ

ദിവസം ഉട്ടൂപ്പിന് 8-ാം മാർത്തോമ്മാ ശെമ്മാശ് പട്ടം കൊടുത്തു. ഈ വിവരം ഉട്ടൂപ്പ് റൈറ്ററുടെ സഭാചരിത്രത്തിലും *നിരണം ഗ്രന്ഥവരി*യിലും (നിരണം ഗ്രന്ഥവരി, സോഫിയാ ബുക്സ്, ആസാദ് ലൈൻ, കോട്ടയം-1) വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കുടുംബവാഴ്ച നിലനിർത്തണമെന്ന ആഗ്രഹമുണ്ടായിരുന്നെങ്കിൽ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിക്ക് അവിവാഹിത പട്ടക്കാരനായ സഹോദരപുത്രൻ യൗസേഫ് കത്തനാരെ മെത്രാനായി അഭിഷേകം ചെയ്യാമായിരുന്നു. മാർത്തോമ്മാ മെത്രാന്മാരുടെ പകലോമറ്റം കുടുംബവാഴ്ചയ്ക്ക് അറുതിവരുത്തിയ പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് മെത്രാൻ സഹോദരപുത്രനെ മെത്രാനാക്കി വാഴിക്കാൻ ഒട്ടും ശ്രമിച്ചില്ല. സെമിനാരി സ്ഥാപകന്റെ മഹത്വം ഇതിൽ നിന്നു മനസ്സിലാക്കാം.

പുലിക്കോട്ടിൽ റമ്പാൻ, യൗസേഫ് ശെമ്മാശ്ശനായിരുന്ന കാലത്ത് കുന്നംകുളത്ത് ഉള്ള അവസരങ്ങളിൽ ദിവസവും സന്ധ്യയ്ക്ക് ആർത്താറ്റ് പള്ളിയിൽ വന്ന് പ്രാർത്ഥിച്ചശേഷം ഉട്ടൂപ്പ് കത്തനാരുടെ കബറിടത്തിൽ ധൂപംവെക്കുമായിരുന്നു. റമ്പാനായി മരിക്കാൻ കിടക്കുമ്പോൾ, തന്നെ ആർത്താറ്റ് വലിയപള്ളിയുടെ വടക്കെ വരാന്തയിൽ "പള്ളിയിലെ ഉപ്പാപ്പന്റെ" കബറിടത്തിനു സമീപം അടക്കണമെന്ന ആഗ്രഹം കലശലായി. പക്ഷേ ആ ആഗ്രഹം സഫലമായില്ല. ജന്മംകൊണ്ട് സകല സൗഭാഗ്യങ്ങളും ഉണ്ടായിരുന്നെങ്കിലും കർമ്മംകൊണ്ട് എല്ലാം നശിപ്പിച്ച് ഒരു ദുരന്ത കഥാപാത്രമായി റമ്പാച്ചൻ കാലയവനികക്കുള്ളിൽ മറഞ്ഞു. മൃതദേഹം അദ്ദേഹം തന്നെ സ്ഥാപിച്ച കുന്നംകുളം റീത്ത് പള്ളിയുടെ തെക്കെ വരാന്തയിൽ കബറടക്കി. 1941 ജൂലായ് 6 -ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണിക്കാണ് റമ്പാച്ചൻ ദിവംഗതനായത്. തലേ ദിവസം ശനിയാഴ്ച കാലത്ത് മാർ ഈവാനിയോസും, മാർ സേവേറിയോസും വന്നിരുന്നു. അന്നു തന്നെ റമ്പാച്ചനു ഉപ്രുശുമ മുതലായ അന്ത്യശുശ്രൂഷകൾ തിരുമേനിമാർ കഴിച്ചു. തിങ്കളാഴ്ച കാലത്താണ് കബറടക്കം നടന്നത്.

പുലിക്കോട്ടിൽ റമ്പാൻ മദ്യപനായിത്തീർന്നതിനുള്ള സാഹചര്യം അദ്ദേഹത്തിന്റെ ഇളയസഹോദരി താണ്ടമ്മ (കെ. സി. മാമ്മൻമാപ്പിളയുടെ നാലാമത്തെ മകൻ വറുഗീസ് മാപ്പിളയുടെ ഭാര്യ) ഞങ്ങളോട് ബാംഗ്ലൂരിൽ ഒരു സുഹൃത്തിന്റെ വീട്ടിൽവെച്ച് ഒരിക്കൽ പറയുകയുണ്ടായി. അവർ പറഞ്ഞത് ഇപ്രകാരമാണ്. റമ്പാച്ചന്റെ അമ്മ ക്ഷയരോഗബാധിതയായി മരിച്ചു. റമ്പാച്ചനും, സഹോദരി അച്ചമ്മയും അന്ന് ചെറിയ കുട്ടികളായിരുന്നു. പിതാവ് പിന്നീട് പുനർവിവാഹം കഴിച്ചു. അതിൽ രണ്ടു സന്താനങ്ങൾ ഉണ്ടായി. ഉട്ടൂപ്പും സഹോദരി താണ്ടമ്മയും. റമ്പാച്ചൻ ചെറിയ കുട്ടിയായിരുന്നപ്പോൾ വളരെ മെലിഞ്ഞ് തീരെ രക്തപ്ര



സാദമില്ലാത്തപോലെ ആയിരുന്നു. അമ്മയുടെ അസുഖം കുട്ടിക്ക് പിടിപെടുമോ എന്ന് പിതാവ് ഭയപ്പെട്ടു. ദേഹം പുഷ്ടിപ്പെടുവാൻ ആട്ടുസൂപ്പ് പതിവായി കൊടുത്തിരുന്നു. ചെറിയ കുട്ടിയായിരുന്നതിനാൽ ആട്ടുസൂപ്പ് ദഹിക്കുന്നതിനായി അതിൽ സ്വല്പം ബ്രാണ്ടി ചേർത്തു കൊടുത്തുവന്നു. പിതാവിന്റെ നിർദ്ദേശപ്രകാരമാണ് ഇങ്ങിനെ ചെയ്തത്. പിതാവും ബ്രാണ്ടി പതിവായി ഉപയോഗിച്ചുവന്നു. ബ്രാണ്ടി ചേർത്ത ആട്ടുസൂപ്പ് കുടിച്ച് കുടിച്ച് കുട്ടിക്ക് മദ്യത്തോടുള്ള ആസക്തി വളർന്നുവന്നു. അങ്ങിനെ അദ്ദേഹം മദ്യപനായിത്തീരുകയാണ് ഉണ്ടായത്. മകന്റെ മദ്യപാനശീലം കണ്ട് പിതാവ് പിന്നീട് വ്യസനിച്ചു. അതിനെക്കുറിച്ച് ദുഃഖിച്ച് ഓരോന്ന് പറയുമ്പോൾ അദ്ദേഹം രണ്ടാമത് വിവാഹം ചെയ്ത കുത്തീറ്റി എന്നവർ പറയുമായിരുന്നുവത്രെ, "മകന് മദ്യം ചേർത്ത സൂപ്പ് കൊടുത്ത് നിങ്ങൾ തന്നെയല്ലെ അവനെ ഈ നിലയിലാക്കിയതെന്ന്."

റമ്പാച്ചന്റെ സഹോദരി താണ്ടമ്മ ഞങ്ങളോടു പറഞ്ഞ മേൽപറഞ്ഞ കാര്യം സത്യമാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഇതു പറയുമ്പോൾ ആ മഹതിയുടെ സമീപം അവരുടെ ഭർത്താവ് വർഗ്ഗീസ് മാപ്പിളയും ഇരുന്നിരുന്നു. സഹോദരൻ റമ്പാച്ചൻ തനിക്കയച്ച പല കത്തുകളും ഇന്നും താൻ നിധി പോലെ സൂക്ഷിച്ചുവച്ചിട്ടുണ്ടെന്നും ആ മഹതി പറഞ്ഞത് ഓർക്കുന്നു.

ഏതുവിധമായാലും റീത്തിനെ പരിപോഷിപ്പിക്കുവാൻ ഈവാനിയോസിന് കിട്ടിയ പ്രധാന സഖാവ് പുലിക്കോട്ടിൽ റമ്പാനായിരുന്നു. അതുകൊണ്ടാണല്ലോ അദ്ദേഹത്തെ തിരുവനന്തപുരം - തിരുവല്ലാ രൂപതകളുടെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചത്. ദുഃഖവെള്ളിയാഴ്ച പോലും മദ്യത്തിൽ നിന്നു ഒഴിഞ്ഞിരിക്കാൻ വയ്യാത്ത പുലിക്കോട്ടിൽ റമ്പാനെ അഡ്മിനിസ്ട്രേറ്ററാക്കിയ മാർ ഈവാനിയോസിന്റെ ഗതികേടിനെക്കുറിച്ച് സഹതപിക്കുവാനെ നിവൃത്തിയുള്ളൂ. ഏത് അനഭിമത വ്യക്തിയാണെങ്കിലും ഓർത്തഡോക്സ് സഭയിൽ നിന്നു വന്നാൽ "പുനരൈക്യപ്പെട്ടു" എന്ന് കൊട്ടിഘോഷിക്കണമെന്നേ റീത്തുകാർക്ക് ഉണ്ടായിരുന്നുള്ളൂ. പുകഞ്ഞ കൊള്ളികളെയാണ് പട്ടിട്ടുമൂടി റീത്തുകാർ സ്വീകരിച്ചത്. ചേപ്പാട്ട് ഫീലിപ്പോസ് റമ്പാനെയും, പുലിക്കോട്ടിലെ റമ്പാനെയും "നിയുക്ത മെത്രാന്മാർ" എന്നു പറഞ്ഞാണ് ഈവാനിയോസ് കൊട്ടിഘോഷിച്ചത്. യാക്കോബായ സഭയിലെ രണ്ട് നിയുക്ത മെത്രാന്മാർ എന്റെ കൂടെ വന്നിരിക്കുന്നു എന്നാണ് റോമിലേക്ക് എഴുതിയിരിക്കുന്നത്. കത്ത് മാർ ഈവാനിയോസിന്റെ ജീവചരിത്രത്തിൽ ഫാ. ഇഞ്ചക്കലോടി ചേർത്തിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ടു പേരും റീത്തിൽ മെത്രാന്മാരാകുന്ന സുദിനം കാത്ത് മനഃപ്പായസവും ഉണ്ട് ഒടുവിൽ നിരാശരായി ശിഷ്ടായുസ്സു കഴിച്ചുകൂട്ടി. ഈവാനിയോസ് രണ്ട് റമ്പാന്മാരുടെയും കാല് വാരി ആവശ്യം കഴിഞ്ഞ

പ്പോൾ കറിവേപ്പില എടുത്തുകളയുന്നതുപോലെ രണ്ടിനെയും തഴഞ്ഞു. നിരാശനായ പുലിക്കോട്ടിൽ റമ്പാൻ മനംമടുത്ത് കുന്നംകുളത്ത് തിരിച്ചുവന്ന് ശിഷ്ടായുസ്സ് കഴിച്ചുകൂട്ടി. ഈവാനിയോസിന്റെ വാക്ക് വിശ്വസിച്ച് കൂടെപ്പോയത് വലിയ അബദ്ധമായെന്ന് കുന്നംകുളത്തുവന്ന് തന്റെ സ്നേഹിതന്മാരോടും ബന്ധുക്കളോടും പറഞ്ഞു. തിരിച്ച് ഓർത്തഡോക്സ് സഭയിൽ ചേരാൻ പല വഴിക്ക് ശ്രമിച്ചെങ്കിലും ആർത്താറ്റ് - കുന്നംകുളം മഹാഇടവകയുടെ അന്നത്തെ വികാരി ജനറാളായിരുന്ന തെക്കെക്കര കുരിയാക്കോസ് കോർ -എപ്പിസ്കോപ്പാ ഒട്ടും സമ്മതിച്ചില്ല. അദ്ദേഹം അനുകൂലിച്ച് ഒന്ന് യെസ് മൂളിയിരുന്നെങ്കിൽ റമ്പാച്ചനെ ആർത്താറ്റ് പള്ളിയിൽ അടക്കുമായിരുന്നു.

ശുദ്ധ നുണ പ്രചരിപ്പിക്കുന്നതിൽ റീത്തു പ്രസ്ഥാനക്കാർ അമിത താല്പര്യം തന്നെ കാണിച്ചുവന്നു. കത്തോലിക്കാ സഭയിൽ ചേരാൻ വട്ടശ്ശേരിൽ തിരുമേനിയും അനുയായികളും സമ്മതിച്ചിരുന്നു എന്ന് മാർ ഈവാനിയോസും കൂട്ടരും തട്ടിവിടാറുണ്ടായിരുന്നു. കാര്യവിവരമുള്ളവർ അത് ശ്രദ്ധിക്കാറില്ലെങ്കിലും സഭാകാര്യങ്ങളെപ്പറ്റി അത്രയൊന്നും പിടിപാടില്ലാത്ത സാധുക്കളെ തെറ്റിദ്ധരിപ്പിക്കാൻ റീത്തുകാരുടെ വ്യാജപ്രസ്താവനകൾ വഴിവെച്ചിരുന്നു. ഓർത്തഡോക്സ് സഭയിലെ സീനിയർ മെത്രാപ്പോലീത്താമാർ റീത്തിൽ ഇതാ ചേരാൻ പോകുന്നു എന്ന് പറഞ്ഞ് വാർത്ത സൃഷ്ടിക്കൽ സ്ഥിരം പരിപാടിയായിരുന്നു. പുത്തൻകാവ് മാർ പീലക്സിനോസ് റീത്തിൽ ചേർന്നുകഴിഞ്ഞു എന്നു പറഞ്ഞ് പത്രത്തിൽ വാർത്തയും, പടവും വരികയുണ്ടായി. അതിനെക്കുറിച്ച് ബഥനി സുപ്പീരിയറായിരുന്ന ഫാ. കുരിയാക്കോസ് ഒ. ഐ. സി. 1991 ൽ എഴുതി പ്രസിദ്ധീകരിച്ച 'മധുരസ്മരണകൾ' എന്ന ഗ്രന്ഥത്തിൽ നിന്ന് ഉദ്ധരിക്കുന്നു (പേജ് 43):

"തുമ്പമൺ ഭദ്രാസനത്തിന്റെ പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ പ്രധാന നേതൃത്വത്തിൽ മാക്കാംകുന്ന് കൺവെൻഷൻ നടക്കുന്ന കാലം. മേൽപറഞ്ഞ വിദ്വാൻ ഒരു റോമൻ കത്തോലിക്കാ വൈദികന്റെ വേഷത്തിൽ മാക്കാംകുന്നിൽ വന്നിറങ്ങി. കൺവെൻഷൻ നടത്തിപ്പിൽ വ്യാപൃതനായി കഴിഞ്ഞിരുന്ന കൊച്ചു തിരുമേനിയെ സമീപിച്ച് കൈമുത്തിക്കൊണ്ട് വണക്കമായി അറിയിച്ചു.

"അടിയൻ റീത്തിലെ .... അച്ചനാണ്. തിരുമേനി റീത്തിൽ ചേർന്നു എന്നു പറഞ്ഞ് ഇതാ, ഈ അമേരിക്കൻ മാസികയിൽ തിരുമേനിയുടെ പടം പ്രസിദ്ധീകരിച്ചിരിക്കുന്നു." അച്ചൻ മാസിക നീട്ടിക്കാണിച്ചു.

പുത്തൻകാവ് തിരുമേനി സംഭ്രമത്തോടുകൂടി മാസിക വാങ്ങി നോക്കി. അതിനകത്തതാ കിടക്കുന്നു തിരുമനസ്സിലെ പടം! ചിത്രത്തിന്റെ അടിയിൽ വലിയ അക്ഷരങ്ങളിൽ അച്ചടിച്ചിരിക്കുന്നത് തിരുമേനി വായിച്ചു.



"Most Reverend Mar Philexinos M. A; B. D. the most educated prelate in the Orthodox Syrian Church has embraced Catholicism."

തിരുമേനി അടിമുടി വിയർത്തു. "ഇമ്മാതിരി കൊള്ളരുതായ്മ വിദേശങ്ങളിൽ പ്രചരിപ്പിച്ചിട്ടാണ് ഈ റീത്തുകാർ പണം വരുത്തുന്നത്" എന്ന് തിരുമേനി ദേഷ്യപ്പെട്ട് പറഞ്ഞു.

മാർ ഈവാനിയോസിന്റെ റീത്തു വിപ്ലവത്തെക്കുറിച്ച് പാറേട്ട് മലങ്കര നസ്രാണികൾ 4 -ാം വാല്യം പേജ് 524 -ൽ ഇങ്ങിനെ വിലയിരുത്തിയിട്ടുണ്ട്: "നസ്രാണികളെ റോമാ നുകത്തിൻകീഴിലാക്കാൻ വന്ന് 1599-ൽ ഉദയംപേരൂർ സുന്നഹദോസ് നടത്തിയ മെനെസിസ്സ് ഒരു പറങ്കി മെത്രാൻ ആയിരുന്നെങ്കിൽ, ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിൽ നസ്രാണികളെ തൂത്തുകൂട്ടി റോമാ ഇടുക്കിൽ അടയ്ക്കാൻ ശ്രമിച്ച ഈവാനിയോസ് ഒരു നസ്രാണി മെത്രാപ്പോലീത്താ ആയിരുന്നു എന്നൊരു വ്യത്യാസമുണ്ട്. പറങ്കി മെത്രാന് ഭൂരിപക്ഷത്തെ തൽക്കാലത്തേയ്ക്കു കൂട്ടിലാക്കാൻ കഴിഞ്ഞു. എന്നാൽ വട്ടശ്ശേരിൽ ദീവന്നാസ്യോസിന്റെ വ്യക്തിമാഹാത്മ്യം കാരണത്താലും മറ്റും മെനസിസ്സിന്റെ അനിയനായി പ്രത്യക്ഷപ്പെട്ട ഈവാനിയോസിനു ജനങ്ങൾക്കു പകരം വിശ്വസിച്ചു ഏല്പിക്കപ്പെട്ടിരുന്ന ചില പള്ളിക്കൂടങ്ങളും, പള്ളികളും തല്ക്കാലത്തേയ്ക്കു കൈവശപ്പെടുത്തി അവ കൊണ്ടു തൃപ്തിപ്പെടേണ്ടതായി വന്നു."

റീത്തു പ്രസ്ഥാനവുമായി റോമാ സഭയിൽ ചേരുവാൻ കളമൊരുക്കിയിരുന്ന കാലത്ത് മലങ്കരസഭയിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് കൂടെകൊണ്ടുപോകാൻ മാർ ഈവാനിയോസ് കിണഞ്ഞ് പരിശ്രമിച്ചു. മലങ്കര സഭയിൽ നിന്ന് നമ്മൾ മാറുന്നില്ല; അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പേര് തുബ്ദേനിൽ പറയേണ്ട സ്ഥാനത്ത് പാപ്പായുടെ പേര് പറയുന്നു എന്നു മാത്രമെ ഉള്ളു എന്നെല്ലാം തരംപോലെ തട്ടിവിട്ട് പാവപ്പെട്ട ജനങ്ങളെ പരമാവധി കബളിപ്പിക്കാൻ ശ്രമിച്ചു. പരമാർത്ഥിയും, സാധുവുമായിരുന്ന രണ്ടാം കാതോലിക്കാ ബാവായെ റീത്തിൽ ചേർക്കാൻ കുറച്ചൊന്നുമല്ല മാർ ഈവാനിയോസ് ശ്രമിച്ചിട്ടുള്ളത്. അദ്ദേഹത്തെ പതുക്കെ, പതുക്കെ വളച്ച് റീത്ത് അനുകൂലിയാക്കാൻ പല കത്തുകളും തരംപോലെ മാർ ഈവാനിയോസ് എഴുതിയത് കണ്ടുകിട്ടിയിട്ടുണ്ട്. അതിലെ ഒരു കത്തിന്റെ സാമ്പിൾ ഇതാ.

പഴയസെമിനാരി, കോട്ടയം
കർക്കിടകം 10 - 1101

ലക്ദോം കുമറുസേദ് മോറാൻ മോർ ബസേലിയോസ് കാതോലിക്കാ.

"...... അവിടെനിന്ന് അയച്ച സാധനത്തിനു മറുപടി അയച്ചിട്ടുണ്ട്. ഇന്നലെ മാർത്തോമ്മാ സെമിനാരി ഹെഡ്മാസ്റ്റർ കെ. കെ. കുരുവിള ഒരു മദാമ്മയെ സെമിനാരി കെട്ടിടം കാണിക്കാനായി ഇവിടെ വന്നു. സമുദായ കാര്യങ്ങളെപ്പറ്റിയും മറ്റും സംസാരിച്ചു. നാം ഒരിക്കലും ഒരു സ്വതന്ത്ര സഭയായി നിൽക്കരുതെന്നാണ് അയാളുടെ അഭിപ്രായം. ഈ രാജ്യത്തിനു പുറത്ത് ഒരു മേലധികാരം വേണം. അങ്ങിനെയൊന്നില്ലാത്തതിന്റെ ദോഷം മാർത്തോമ്മാ സമുദായം ഇപ്പോൾ അനുഭവിക്കുന്നു. ഈ നാട്ടിലുള്ള മേലധികാരത്തിനു മേലായിയാതൊരു മേലധികാരവുമില്ലെങ്കിൽ ആരും വകവെയ്ക്കയില്ല. .... ഇതിനെപ്പറ്റി നാമും നന്നായി ആലോചിക്കേണ്ടതാണ്..."



*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്*

റോമാ സഭയിലേക്ക് ആട്ടിത്തെളിച്ചു കൊണ്ടുപോകാൻ പാകത്തിൽ നേരത്തെ കൂട്ടി ചൂണ്ടയെറിയുന്ന ഇത്തരം പല കത്തുകൾ മാർ ഈവാനിയോസ് രണ്ടാം കാതോലിക്കാബാവായ്ക്ക് എഴുതുക ഉണ്ടായിട്ടുണ്ട്. മറ്റൊരു കത്തിൽ ഇങ്ങിനെ പറയുന്നു: "...... ഈ സാധനം വേറെ ഒരുത്തരേയും കാണിക്കരുതെന്ന് എനിക്കു നിർബന്ധമുണ്ട്. മോറാൻ ഈ കാര്യങ്ങളെല്ലാം ഒന്നായി കണ്ടിട്ടു പരിഹാരമാർഗ്ഗം ചിന്തിപ്പാൻ വേണ്ടി ഇതെല്ലാം എഴുതിയതാണ്. ചില വഴികൾ എനിക്കു തോന്നിയിട്ടുണ്ട്. അതു തമ്മിൽ കാണുമ്പോൾ പറഞ്ഞുകൊള്ളാം. നമ്മുടെ കാതലായ വിശ്വാസത്തിനും, പരിശുദ്ധമായ കർമ്മങ്ങൾ, ആചാരങ്ങൾ മുതലായവയ്ക്കും ഭേദം വരുത്താത്തനിലയിൽ ഏതെങ്കിലും പുരാതന സഭയുമായി യോജിക്കുന്നതു കൊള്ളാമോ?....." ഇങ്ങിനെ പോകുന്നു ബഥനി മെത്രാന്റെ ചക്കരവാക്കുകൾ.

പരമാർത്ഥിയായ ബാവാതിരുമേനിയെ ക്രമേണയായി വശീകരിക്കുന്നതിനു മാർ ഈവാനിയോസ് ചെയ്ത ശ്രമം വിശദമാക്കുന്നതിനു ഈ കത്ത് വളരെ പ്രയോജനപ്പെടുന്നതാണ്. കത്ത് മറ്റ് ആരെയും കാണിക്കരുതെന്നുള്ള പ്രത്യേക നിർബന്ധം ശ്രദ്ധേയമാണ്. സമുദായത്തിന്റെ പൊതുവെയുള്ള നന്മയെ ലാക്കാക്കി ചെയ്യുന്ന നിർദ്ദേശങ്ങൾ മേൽപട്ടക്കാർ എല്ലാവരുടേയും ആലോചനയ്ക്കു വിഷയീഭവിപ്പിക്കുന്നതിനു



പകരം സൂത്രത്തിൽ തന്റെ യുക്തിവാദം കൊണ്ട് നിഷ്കളങ്കചിത്തനായ ബാവാ തിരുമേനിയെ വശീകരിച്ച് കുടുക്കിലാക്കാനാണ് ബഥനി മെത്രാൻ ശ്രമിച്ചത്.

സുന്നഹദോസ്സിലെ മറ്റൊരംഗമായ കല്ലാശ്ശേരിൽ ഗ്രിഗോറിയോസിന്റെ (പിന്നീട് മൂന്നാം കാതോലിക്കാ ബാവ) അടുത്തും ഇതേ തന്ത്രങ്ങൾ മാർ ഈവാനിയോസ് ഇറക്കിനോക്കി. പക്ഷേ ഫലിച്ചില്ല. വട്ടശ്ശേരിൽ തിരുമേനിയുടെ ഉള്ളിലിരുപ്പ് അറിയാൻ പാറേട്ട് അച്ചനെ (പിന്നീട് മാത്യൂസ് മാർ ഈവാനിയോസ്) നിർബന്ധിച്ച് അയച്ചു. പാറേട്ടച്ചൻ വിവരം പറഞ്ഞപ്പോൾ വട്ടശ്ശേരിൽ തിരുമേനി ഇടതുകരമുയർത്തി മാറിടത്തെ മറച്ചു താഴേക്കു ഒഴുകിക്കിടന്ന വെഞ്ചാമരം പോലെയുള്ള താടിമീശ പിടിച്ചുയർത്തി കഴുത്ത് കുറുകെ വാളുകൊണ്ട് അറക്കുന്ന രീതിയിൽ കാണിച്ചുകൊണ്ട് കല്പിച്ചു: "കത്തനാരച്ചാ, നമ്മുടെ കഴുത്ത് ഈ രീതിയിൽ അറുത്തു വേർപെടുത്തിയാലും നാം ഇതിന് അനുകൂലിക്കയില്ല."

1105 കർക്കിടകം 23 -ാം തീയതി വട്ടശ്ശേരിൽ തിരുമേനിയുമായി നടന്ന സംഭാഷണത്തെപ്പറ്റി ഫാ. പാറേട്ടിന്റെ ഡയറിയിൽ ഇങ്ങിനെ കാണുന്നു: "... ബഥനിക്കാര്യമായിരുന്നു ഇന്നത്തെ പ്രധാന സംസാരവിഷയം. ബഥനി മെത്രാച്ചൻ ചതിച്ചു എന്നാണ് വലിയ മെത്രാച്ചൻ പറയുന്നത്."

മാർ ഈവാനിയോസിന്റെ റോമാ കമ്പവും അങ്ങോട്ട് ചാഞ്ഞ് ചാഞ്ഞ് പോകുന്നു എന്നുള്ള വാർത്തകളും ആദ്യം വിശ്വസിക്കാതെ കഴിക്കാനാണ് വട്ടശ്ശേരിൽ തിരുമേനി ശ്രമിച്ചിരുന്നത്. എന്നാൽ കാലം കഴിയുംതോറും ആ അസുഖകരമായ വാർത്തയിൽ കഴമ്പുണ്ടെന്ന് തിരുമേനിക്ക് തോന്നിത്തുടങ്ങി. കഴിവുള്ള സ്ഥലങ്ങളിലെല്ലാം ബഥനിപ്പള്ളികൾ സ്ഥാപിക്കണം എന്ന് കല്പിച്ച ആൾ തന്നെ 1105 കുംഭം 21 -ാം തീയതി ഇനി മേലിൽ ബഥനിപ്പള്ളികൾ സ്ഥാപിച്ചുപോകരുതെന്ന് കല്പന ഇറക്കി.

മലങ്കരസഭ മുഴുവൻ തന്റെ പുറകെ വരും എന്ന് വീമ്പിളക്കി റോമുമായി കത്തിടപാടുകൾ നടത്തിയിരുന്ന മാർ ഈവാനിയോസിന് പിന്നെ നിൽക്കക്കള്ളി ഇല്ലാതെയായി. നഷ്ടവീര്യനായ അദ്ദേഹം ഇനി കാത്തുനിന്നാൽ റോമാക്കാരും സ്വീകരിക്കാതെ വന്നെങ്കിലോ എന്ന് ഭയപ്പെട്ട് ഒട്ടും സമയം നഷ്ടപ്പെടുത്താതെ പാപ്പായുടെ ഇന്ത്യയിലെ ഡെലിഗേറ്റ് അപ്പസ്തോലിക്കായെ കണ്ട് റോമാ സഭയിൽ ചേരുന്നതിനുള്ള നടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചർച്ച ചെയ്ത് എല്ലാം ശരിപ്പെടുത്തിവെച്ചു. 1106 കന്നി 4 -ാം തീയതി, അതായത് 1930 സെപ്റ്റംബർ 20-ാം തീയതി ശനിയാഴ്ച രാവിലെ ഏഴര മണിക്ക് കൊല്ലത്തു ചെന്ന് ലത്തീൻ ബിഷപ്പ് ഡോ. അലോഷ്യസ് ബൻസിഗറിന്റെ മുമ്പിൽ മുട്ടുകുത്തി മാർപാപ്പ വെഞ്ചരിച്ച വെന്തിങ്ങ കഴുത്തിലണിഞ്ഞ് ഉർബാൻ എട്ടാമൻ പാപ്പ നിർദ്ദേശിച്ചിട്ടുള്ള സത്യവാചകങ്ങൾ ഏറ്റുപറഞ്ഞ് കത്തോലിക്കനായി. 'പുനരൈക്യം' എന്ന ഓമനപ്പേരിട്ട് റീത്ത്കുഞ്ഞാടു

കൾ ഈ നടപടിക്ക് ഉച്ചത്തിൽ ഓശാനപാടി. കുറെ സ്ഥാനമോഹികളും, അസംതൃപ്തരും ദുർവൃത്തരും, എറാൻമൂളികളും, സ്വയം ഒരു തീരുമാനമെടുക്കാൻ കഴിവില്ലാത്തവരുമായ ഒരു പറ്റം ആളുകൾ 'റീത്തു'മായി കത്തോലിക്കാ സഭയിലേക്ക് ചേരിമാറി.

# 8

# പ്രതിഭാശാലിയായ സൂര്യതേജസ്സ്

അപൂർവ്വ വസ്തുനിർമ്മാണ ക്ഷമമായ പ്രജ്ഞയാണ് പ്രതിഭ എന്ന് ഭാരതീയാലങ്കാരികന്മാർ പ്രതിഭയെ നിർവചിച്ചിട്ടുണ്ട്. മുമ്പില്ലാത്ത ഒന്നിനെ വിഭാവനം ചെയ്തു രൂപകല്പന ചെയ്ത് ദൃശ്യരൂപത്തിൽ ആവിഷ്ക്കരിക്കുവാൻ അസാധാരണ പ്രജ്ഞയുള്ള പ്രതിഭാവാന്മാർക്കേ കഴിയൂ എന്നത് കാവ്യാലങ്കാരശാസ്ത്രങ്ങളിലും കലാചർച്ചകളിലും മാത്രമല്ല പ്രസക്തമാവുക. അപൂർവ്വമായ അവസ്ഥ, വ്യവസ്ഥിതി, ദർശനം, തത്വശാസ്ത്രം എന്നീ മേഖലകളിൽ സർവങ്കഷമായ പൊളിച്ചെഴുത്തു നടത്തി തൽസ്ഥാനത്ത് പുത്തൻ സർഗ്ഗശൈലികൾ അവതരിപ്പിക്കുവാനും പ്രതിഭാശാലികൾക്കേ കഴിയൂ. മാനവചരിത്രത്തിലെ മഹാപുരുഷന്മാരെല്ലാവരും വിഗ്രഹധ്വംസനം നടത്തിയവരും പരിണാമത്തിന്റെ തത്വശാസ്ത്രങ്ങൾ വികസിപ്പിച്ചെടുത്തവരുമായിരുന്നു. അവർ കാലപ്രവാഹത്തിന് മുമ്പിൽ സഞ്ചരിച്ച് പ്രവാഹത്തിന്റെ ഗതിയെ നിർണ്ണയിക്കുന്നവരും കാലപ്രവാഹത്തിന് ദിശാബോധം നൽകുന്നവരും ആയിരുന്നു. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കരസഭയുടെ ഇരുപതാം നൂറ്റാണ്ടിലെ പൂർവ്വാർദ്ധ ചരിത്രത്തിൽ സൂര്യപ്രഭാവനായി വിശേഷിപ്പിക്കപ്പെടുന്നത് അനുപമമായ ഈ പ്രതിഭാവിലാസം കൊണ്ടുതന്നെയാണ്.

അദ്ദേഹത്തിന്റെ ജീവചരിത്രത്തിന് വ്യതിരിക്തമായ രണ്ട് അദ്ധ്യായങ്ങൾ ഉണ്ടായിരുന്നു എന്ന സത്യം പല സഭാചരിത്രകാരന്മാരുടെയും ജീവചരിത്രകാരന്മാരുടെയും നിരീക്ഷണത്തിന് വിഷയമായോ എന്ന് സംശയമാണ്. കണ്ണഞ്ചിപ്പിക്കുന്ന വ്യക്തിപ്രഭാവദീപ്തിയിൽ ചില വിശദാംശങ്ങൾ ശ്രദ്ധയിൽപ്പെടാതെ പോവുക അസാധാരണമല്ല. അധൃഷ്യമായ ആ വ്യക്തിത്വം ദൂരെനിന്ന് വീക്ഷിക്കുവാനും ആദരിക്കുവാനും ആരാധിക്കുവാനുമല്ലാതെ സൂക്ഷ്മമായി വിലയിരുത്തുവാൻ ആരും തുനിഞ്ഞതേ ഇല്ല എന്ന പാറേട്ടിന്റെ പ്രസ്താവന പ്രത്യേക പരിഗണ അർഹിക്കുന്നു. അദ്ദേഹം എഴുതുന്നു: "കാൽ ശതാബ്ദക്കാലം തീ തിന്നുകൊണ്ട് ഭരണം നടത്തിയ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോട് മലങ്കര നസ്രാണികൾക്കുള്ള കടപ്പാട് തീർക്കാൻ സാധ്യമല്ല. എന്നിട്ടും അദ്ദേഹത്തിന് ഒരു സ്മാരകമോ അദ്ദേഹത്തിന്റെ ജീവചരിത്രമെങ്കിലുമോ ഇന്നുവരെ ഉണ്ടായിട്ടില്ല. ജീവചരിത്രം എഴുതുന്നതിന് സമു

ദായത്തിൽ നിന്ന് ഒരു കമ്മിറ്റിയെ ഒരിക്കൽ നിയമിച്ചു. ഒന്നുരണ്ടു വ്യക്തികൾ ശ്രമിച്ചു. നിർഭാഗ്യവശാൽ ഫലം ഉണ്ടായില്ല.."[1] 1967 ലെ ഈ പ്രസ്താവന മനോരമപ്പത്രത്തിൽ പരസ്യപ്പെടുത്തുമ്പോൾ സ്മര്യപുരുഷൻ നിര്യാതനായിട്ട് മുപ്പത്തിമൂന്ന് കൊല്ലം കഴിഞ്ഞിരുന്നു. രണ്ടു കൊല്ലം കൂടെ കഴിഞ്ഞ് 1969 ലാണ് അദ്ദേഹത്തിന്റെ ആദ്യത്തെ ജീവചരിത്രം വെളിച്ചം കാണുന്നത്. അതെഴുതിയതാകട്ടെ സഭയുടെ എല്ലാ മർമ്മ ഭാഗങ്ങളിലും ആധ്യക്ഷ്യം അവകാശപ്പെടുന്ന ഒരു മേല്പ്പട്ടസ്ഥാനിയോ വൈദികസെമിനാരിയുടെ ചരിത്രവിഭാഗം കൈയാളിയിരുന്ന വൈദികപ്രൊഫസർമാരോ ആയിരുന്നില്ല. മാർ ദീവന്നാസ്യോസിന്റെ ഭരണകാലത്ത് സഭാപ്രവർത്തനത്തിൽ പങ്കാളിത്തമൊന്നും നേരിട്ടു വഹിക്കാതെ സാഹിത്യരചനയിലും പത്രപ്രവർത്തനത്തിലും ബാങ്കിങ്ങിലും മുഴുകിക്കഴിഞ്ഞിരുന്ന ഇസ്സഡ്. എം. പാറേട്ട് എന്ന വൃദ്ധസാഹസികനാണ് ആ ജീവചരിത്രരചനയ്ക്ക് ഉത്സാഹിച്ചത്. ആ കാലഘട്ടത്തെപ്പറ്റി തനിക്ക് നേരിട്ട് അറിവില്ലാത്തതിനാൽ ജീവചരിത്രരചനയ്ക്ക് ആവശ്യമായ സാമഗ്രികൾ ശേഖരിക്കുവാൻ നടത്തിയ ശ്രമങ്ങളെ അദ്ദേഹം സത്യസന്ധമായി തുറന്ന് കാട്ടുവാൻ മടിച്ചിട്ടില്ല.

"ഈ പുസ്തകം എഴുതുന്നതിൽ എനിക്കു നിരവധി സ്ഥാനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ചിട്ടുള്ള പ്രോത്സാഹനം, സഹായസഹകരണങ്ങൾ ഇവ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. മുൻ മൂന്ന് വാല്യങ്ങളുടെ സംഗതിയിൽ എന്നോട് സഹകരിച്ചവരിൽ ഒരു സ്നേഹിതൻ പിന്മാറി. അപ്പോൾ മാർ ദീവന്നാസ്യോസിന്റെ പ്രൈവറ്റ് സെക്രട്ടറി ശെമ്മാശൻ ആയി ഒമ്പതുകൊല്ലം ഇരുന്ന് അദ്ദേഹത്തിൽ നിന്ന് കത്തനാർ പട്ടം ഏറ്റ .... മണലിൽ യാക്കോബ് കത്തനാർ മുന്നോട്ടുവന്നു.[2] തുടർന്നുള്ള ഭാഗം സംഗ്രഹിക്കട്ടെ: 1083 (1908) മുതലുള്ള മനോരമപത്രം സഹായകമായി, മനോരമയിൽ ശ്രീ കെ. സി. മാമ്മൻ മാപ്പിള എഴുതിയ മുഖപ്രസംഗങ്ങൾ സഹായകമായി; കോടതിരേഖകളും വളരെ സഹായകമായി.

ഈ ചിത്രം വ്യക്തമാക്കുന്നത് 1908 മുതലുള്ള സംഭവങ്ങൾ മാത്രമേ ആദ്യത്തെ ജീവചരിത്രരചനയ്ക്കു മിക്കവാറും ഉപയോഗപ്പെടുത്തിയിട്ടുള്ളു എന്നാണ്. അതിനുമുമ്പുള്ള ഒരമ്പതുകൊല്ലം പാറേട്ടിന്റെ ചരിത്രരചനയ്ക്കു വിഷയമായോ എന്ന് സംശയമാണ്. പില്ക്കാല ചരിത്രകാരന്മാരിൽ ഏറിയപങ്കും പാറേട്ടിന്റെ 'കാൽനഖേന്ദു മരീചികളെ' അനുഗമനം ചെയ്യുകയായിരുന്നു. ഒരു മഹാവ്യക്തിത്വത്തിന്റെ ഉടമയായിരുന്ന സ്മര്യപുരുഷന്റെ വളർച്ചയുടെ ആദ്യത്തെ അഞ്ചു ദശാബ്ദങ്ങളെക്കുറിച്ച് ചരിത്രകാരന്മാർ കൈക്കൊണ്ട മൗനവും അദ്ദേഹത്തിന്റെ നിര്യാണം കഴിഞ്ഞു 35 വർഷം വരെയും അദ്ദേഹത്തിന്റെ ഒരു ജീവചരിത്രം രചിക്കപ്പെട്ടില്ല എന്ന വസ്തുതയും നമ്മെ അത്ഭുതപ്പെടുത്തുന്നു.



സ്മര്യപുരുഷന്റെ മുൻഗാമിയായിരുന്ന പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ രണ്ട് ജീവചരിത്രങ്ങൾ (ഒന്ന് ഗദ്യത്തിൽ ശ്രീ. എം. പി. വർക്കി എഴുതിയത്; മറ്റൊന്ന് പദ്യത്തിൽ ചിങ്ങവനത്തുകാരൻ ഒരു കുരുടൻ രചിച്ചത്) അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ തന്നെ പ്രസിദ്ധീകൃതമായി എന്നത് നമ്മുടെ വിസ്മയം വർദ്ധിപ്പിക്കുന്നു. ഗൗരവാർഹമായ ഒരന്വേഷണം ഈ വിഷയത്തിൽ ആവശ്യമുണ്ടെന്ന് സൂചിപ്പിക്കുവാനാണീ കാര്യം ഇവിടെ ചൂണ്ടിക്കാട്ടിയത്.

സ്മര്യപുരുഷൻ ഏല്ക്കേണ്ടിവന്ന ഉത്തരവാദിത്വങ്ങളെ എപ്രകാരം നിർവ്വഹിച്ചുവെന്നും പ്രയത്നങ്ങളിൽ എത്രമാത്രം പ്രതിഭാവിലാസം പ്രകടമാവുന്നു എന്നുമാണ് ഈ അദ്ധ്യായത്തിൽ പരിശോധിക്കുന്നത്. ജീവിതത്തിൽ ലഭിക്കുന്ന അവസരങ്ങളെല്ലാം തന്നെ ദൈവം ഏല്പിക്കുന്ന ദൗത്യങ്ങളാണെന്നും അവ നിസ്വാർത്ഥമായും സഭയ്ക്കുവേണ്ടിയും പ്രയോജനപ്പെടുത്തുകയാണ് ജീവിതലക്ഷ്യമെന്നും അദ്ദേഹം കരുതിയിരുന്നു. സെക്കണ്ടറിതലത്തിൽ വച്ച് ഔപചാരികവിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടിവന്നുവെങ്കിലും കോട്ടയം സി.എം.എസ്. ഹൈസ്കൂൾ വിടുന്നതിനുമുമ്പായി പരസഹായം കൂടാതെ ഇംഗ്ലീഷ് ഭാഷ വായിക്കുവാനും എഴുതുവാനും അല്പമൊക്കെ സംസാരിക്കുവാനും അദ്ദേഹം വശമാക്കിയിരുന്നു[3]. നിരീക്ഷണപടുവും കൂർമ്മബുദ്ധിയും ഗൗരവപ്രകൃതിയുമായ ആ ബാലൻ സതീർത്ഥ്യരിൽ നിന്ന് ഏറെ വ്യത്യസ്തനായിരുന്നു. അന്ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം വഹിച്ചിരുന്ന പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസിന്റെ നേതൃത്വത്തിൽ മലങ്കര സഭ കാലോചിതമായ കുതിച്ചുചാട്ടത്തിന് തയ്യാറെടുക്കുകയായിരുന്നു. മുളന്തുരുത്തിയ്ക്കു സമീപം വെട്ടിക്കലിൽ മലങ്കരയിലെ ഒന്നാമത്തെ സന്യാസാശ്രമവും സെമിനാരിയും സ്ഥാപിച്ചതാണ് അക്കാലത്തെ ശ്രദ്ധേയമായ കാൽവെപ്പുകളിൽ ഒന്ന്. ചാത്തുരുത്തിൽ ഗീവറുഗ്ഗീസ് കോറിക്കുറമ്പാൻ സ്ഥാനം നൽകി അതിന്റെ അധിപനായി നിയോഗിച്ചതോടെ പുലിക്കോട്ടിൽ മെത്രാച്ചൻ ദയറാപ്രസ്ഥാനത്തിന് ഏറെ ഭാവനയോടെയും അതിലുമേറെ പ്രതീക്ഷയോടെയും മലങ്കരസഭയിൽ ആരംഭംകുറിക്കുകയായിരുന്നു. സെന്റ് തോമസ് പ്രസ് എന്ന പേരിൽ 1872 മുതൽ കൊച്ചിയിൽ പുലിക്കോട്ടിൽ മെത്രാച്ചൻ ആരംഭിച്ച അച്ചടിശാലയും അതിൽനിന്ന് ദ്വൈവാരികയായി പ്രസിദ്ധീകരിച്ച 'കേരളപതാക' എന്ന പ്രസിദ്ധീകരണവുമാണ് അക്കാലത്തെ മറ്റൊരു സംഭവം.[4] പുത്തൻ പ്രസ്ഥാനങ്ങളുടെ തിരപ്പുറപ്പാടോടെ സഭയിലെങ്ങും ഒരു നവോന്മേഷം കതിരിട്ടു. നമ്മുടെ കഥാപുരുഷൻ ഹൈസ്കൂൾ വിദ്യാർത്ഥി ആയിരിക്കെ ഈ രണ്ട് സംരംഭങ്ങളിലും ആകൃഷ്ടനായി. വൈദിക വിദ്യാഭ്യാസത്തിന് അഭിരുചിയുള്ള ബാലന്മാരെ, പള്ളിസന്ദർശനവേളകളിൽ തെരഞ്ഞു കണ്ടെത്തുക പുലി

ക്കോട്ടിൽ മെത്രാച്ചന്റെ ശീലമായിരുന്നു. വട്ടശ്ശേരിയിലെ ബാലൻ അപ്രകാരം കണ്ടെത്തപ്പെട്ടു. സന്യാസത്തോട് താല്പര്യമുണ്ടായിരുന്ന ആ ബാലൻ അവധിക്കാലങ്ങളിലും ഒഴിവുദിനങ്ങളിലും വെട്ടിക്കൽ ദയറായിൽ താമസിച്ച് ചാത്തുരുത്തിൽ റമ്പാച്ചനിൽ നിന്ന് സുറിയാനിഭാഷയും വ്യാകരണവും ആരാധനയും മറ്റും പഠിച്ചുവന്നു. കൂർമ്മബുദ്ധിയായ ശിഷ്യൻ സഹപാഠികളെ പിൻതള്ളി പാഠ്യവിഷയങ്ങളിൽ മുന്നേറുന്നതും അസാധാരണമായ ഉപാസനയിലൂടെ പഠിച്ചവിഷയങ്ങൾ ആഴങ്ങളിൽ ഗ്രഹിച്ചതും ഗുരുവിന്റെ പ്രസാദം നേടുവാൻ കാരണമായി. മൂന്നു നാല് അവധിക്കാലം കഴിയുന്നതിന് മുമ്പേ കഥാപുരുഷൻ സുറിയാനി ഭാഷ ഒരുവിധം തെറ്റുകൂടാതെ സംസാരിക്കുവാനും ആ ഭാഷയിലെ ഗ്രന്ഥങ്ങൾ സ്വന്തമായി വായിച്ച് ഗ്രഹിക്കുവാനും വൈദഗ്ദ്ധ്യം ആർജ്ജിച്ചു. 'കേരളപതാക'യിലെ അറിയപ്പെടുന്ന ഒരു എഴുത്തുകാരൻ ആയിരുന്നു ആ അനാഗതശ്മശ്രുവായ ചെറുപ്പക്കാരൻ.

നവീകരണക്കാരുമായുള്ള ഏറ്റുമുട്ടലിന്റെ യുദ്ധാന്തരീക്ഷം നിലവിലിരുന്ന ആ കാലത്ത് മലങ്കരയിലുണ്ടായിരുന്ന വൃദ്ധനായ യൂയാക്കിം മാർ കൂറിലോസിന്റെ ശിഷ്യത്വവും അദ്ദേഹം സമ്പാദിച്ചു. അങ്ങനെയാണ് സുറിയാനി ഭാഷയിൽ സംസാരിക്കുവാനുള്ള വൈഭവവും അറബി ഭാഷാപരിചയവും അദ്ദേഹം നേടിയത്. കോനാട്ട് മാത്തൻ കത്തനാരുടെ സുറിയാനി ഗ്രന്ഥശാല പ്രയോജനപ്പെടുത്തുവാൻ അവസരം ആദ്യം ലഭിച്ചതും അക്കാലത്താണ്. മാർ ദീവന്നാസ്യോസ് ബർസ്ലീബിയുടെ സുവിശേഷവ്യാഖ്യാനം, ബാർ എബ്രായ ക്രോഡീകരിച്ച ഹൂദായകാനോൻ, സൽഗാ, സഭാചരിത്രം, ഈത്തിക്കോൻ, ഔസർ റോസെ, മൂശെ ബർകീപ്പാ എഴുതിയ കുർബ്ബാന- മാമ്മൂദീസാ വ്യാഖ്യാനങ്ങൾ എന്നിങ്ങനെ സുറിയാനി സഭയുടെ ഈടുവെപ്പിൽപ്പെട്ട വിശ്വാസപാരമ്പര്യങ്ങളെക്കുറിച്ചും കാനോൻ ചരിത്രത്തെപ്പറ്റിയും ആരാധനയുടെ വികാസപരിണാമങ്ങളെക്കുറിച്ചും പരിനിഷ്ഠിതമായ ജ്ഞാനം ദൃഢമായി നേടുവാൻ ഈ ഗ്രന്ഥശാലാപരിചയം മുഖേനപില്ക്കാലത്ത് അദ്ദേഹത്തിന് സാദ്ധ്യമായി. ഈദൃശ വിഷയങ്ങളിൽ ഉപരിപഠനം നടത്തി അഗാധപാണ്ഡിത്യം നേടിയിരുന്ന ചാത്തുരുത്തിയിലെ ഗുരുനാഥനുമായി അർത്ഥപൂർണ്ണമായ സംവാദങ്ങളും അന്വേഷണങ്ങളും സഫലമായി നടത്തുവാൻ ഈ ഗ്രന്ഥശാലാപരിചയം വിജ്ഞാനതീർത്ഥാടകനും വിപഠിഷുവുമായ സ്മര്യപുരുഷന് സാധിച്ചു. ആംഗ്ലിക്കൻസഭയോടുള്ള യോജ്യതയിലേയ്ക്ക് മലങ്കരസഭയെ സ്വാധീനിക്കുവാൻ നവീകരണ നേതാവായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസും കൂട്ടരും നടത്തിയിരുന്ന നിഗൂഢവും ഹീനവുമായ ശ്രമങ്ങളെ പ്രതിരോധിച്ച് സഭയെ അതിന്റെ പൂർവ്വികസ്വഭാവത്തിൽ തന്നെ ഉറപ്പിച്ചുനിറുത്തുവാൻ പുലിക്കോട്ടിൽ മെത്രാച്ചനും



തന്റെ ഗുരുവായ ചാത്തുരുത്തിൽ റമ്പാച്ചനും ചെയ്യുന്ന യത്നങ്ങളിൽ സർവ്വാത്മനാ സഹകരിക്കുവാൻ ഈ സുറിയാനിഭാഷാ പഠനം സ്മര്യപുരുഷനെ ശക്തനാക്കി.

അക്കാലത്താണ് 1872 -ൽ പുലിക്കോട്ടിൽ മെത്രാച്ചൻ സ്ഥാപിച്ച പരുമലസെമിനാരിയിൽ വച്ച് 1873 ചിങ്ങത്തിൽ മലങ്കരയുടെ പള്ളിപ്രതിപുരുഷയോഗം കൂടിയത്.[5] മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും രൂപരേഖ അംഗീകരിച്ച ആ യോഗത്തിന്റെ തീരുമാനപ്രകാരം പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് മലങ്കരയിൽ വന്നുചേർന്നു. പതിനേഴാം നൂറ്റാണ്ടു മുതൽ അന്ത്യോഖ്യായെന്നും മാർ ഇഗ്നാത്യോസ് പാത്രിയർക്കീസെന്നും പാത്രിയർക്കീസിന്റെ കീഴിലാണ് മലങ്കരസഭയെന്നും പകലോമറ്റം തറവാട്ടിലെ മാർത്തോമ്മാ മെത്രാന്മാരും (അഞ്ചാം മാർത്തോമ്മാ വിദേശത്തേയ്ക്കും[6] എട്ടാം മാർത്തോമ്മാ ബ്രിട്ടീഷ് സർക്കാരിലേക്കും[7] നൽകിയ ഔദ്യോഗിക രേഖകൾ കാണുക) കോട്ടയം ഓർത്തഡോക്സ് സെമിനാരി സ്ഥാപകനും (1800 -ൽ കുന്നംകുളം സന്ദർശിച്ച ഫ്രാൻസിസ് ബുക്കാനനോട് അദ്ദേഹം മലങ്കരസഭാഭരണാധിപനെ പരിചയപ്പെടുത്തിയത് ഓർക്കുക[8]) ചേപ്പാട്ട് മാർ ദീവന്നാസ്യോസും (മാവേലിക്കരപ്പടിയോലയിലെ പരാമർശങ്ങൾ കാണുക[9]) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസും (മലങ്കര മെത്രാൻ സ്ഥാനത്തുനിന്ന് ചേപ്പാട്ട് മെത്രാച്ചനെ നീക്കി തന്നെ അംഗീകരിക്കുവാൻ ബ്രിട്ടീഷ് സർക്കാരിലേക്ക് അദ്ദേഹം നൽകിയ അപേക്ഷ കാണുക[10]) ആവർത്തിച്ചു പറയുന്നതല്ലാതെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ വ്യക്തിനാമമോ വിലാസം പോലുമോ ഇവരിൽ മിക്കവർക്കും അറിയില്ലായിരുന്നു. രണ്ടു നൂറ്റാണ്ടോളമായി സ്ഥാനത്തും അസ്ഥാനത്തും സംരക്ഷകനും നാഥനുമായി വിശേഷിപ്പിക്കപ്പെട്ടുപോന്ന പാത്രിയർക്കീസിനെ അനിവാര്യമായ ഒരു ദശാസന്ധിയിൽ പ്രയോജനപ്പെടുത്തുവാൻ മലങ്കരസഭ നിശ്ചയിച്ചു. 1873 ലെ പരുമല യോഗനിശ്ചയങ്ങളുടെ പൊരുൾ അതാണ്. പാത്രിയർക്കീസ് മുൻകൂറായി ആവശ്യപ്പെട്ടതനുസരിച്ച് അഞ്ഞൂറു പവൻ വഴിച്ചെലവിനായി പുലിക്കോട്ടിൽ മെത്രാച്ചൻ ശേഖരിച്ച് അയച്ചുകൊടുത്തു (കടം വാങ്ങിയും പലിശയ്ക്കു വാങ്ങിയും ഈ സംഖ്യ സ്വരൂപിക്കപ്പെട്ടതെങ്ങനെയെന്നും ഇക്കാര്യത്തിൽ ഏതെല്ലാം വ്യക്തികളും പള്ളികളും നൽകിയ തുകകൾ എത്രയെന്നും പലിശയ്ക്കു വാങ്ങിയ തുക എത്രയെന്നും ജാമ്യക്കാർ ആരെല്ലാമെന്നും *കണ്ടനാട് ഗ്രന്ഥവരിയിൽ* സമകാലസാക്ഷ്യം ഉണ്ട്; അത് അനിഷേധ്യവുമാണ്). 1875 ൽ പാത്രിയർക്കീസ് വന്നതോടെ നവീകരണക്കാരുമായുള്ള പോരാട്ടങ്ങൾക്കു വിജയസാധ്യത തെളിയുമാറു തിരുവിതാംകൂർ മഹാരാജാവ്

നവീകരണനേതാവായ മാത്യൂസ് മാർ അത്താനാസ്യോസിന് നൽകിയ രാജകീയ വിളംബരം പിൻവലിച്ചു. അതിഥിയെക്കൊണ്ട് ആതിഥേയർ ഉദ്ദേശിച്ച കാര്യം ഇതോടെ സഫലമായെങ്കിലും അതിഥി കോളനിസ്ഥാപനപ്രിയനായിരുന്നതിനാൽ തന്റെ മേല്ക്കോയ്മ മലങ്കരസഭയെക്കൊണ്ട് അംഗീകരിപ്പിച്ച് നിയമസാധുത വരുത്തുവാൻ ഈ സന്ദർശനത്തെ ഉപയോഗപ്പെടുത്തി. 1876 ലെ മുളന്തുരുത്തി സുന്നഹദോസിന് അണിയറ ഒരുങ്ങിയതങ്ങനെയാണ്. മുളന്തുരുത്തി സുന്നഹദോസ് രണ്ടുമൂന്ന് കാര്യങ്ങൾകൊണ്ട് സഭാചരിത്രത്തിൽ സ്ഥാനം നേടിയിട്ടുണ്ട് (മുളന്തുരുത്തി സുന്നഹദോസിന്റെ തീരുമാനങ്ങൾ സുന്നഹദോസിൽ വച്ച് 'മുളന്തുരുത്തി പടിയോല' എന്ന പേരിൽ എഴുതിയെന്ന് ഒരു നൂറ്റാണ്ടിനുശേഷം വന്ദ്യ കണിയാമ്പറമ്പിലച്ചനും മറ്റും എഴുതിയിട്ടുള്ളതിന് പ്രമാണങ്ങളുടെ പിൻബലമൊന്നുമില്ലെന്ന് കണ്ടനാട് ഗ്രന്ഥവരി എന്ന സമകാലരേഖ പുറത്തുവന്നതോടെ പകൽവെളിച്ചംപോലെ വ്യക്തമായിട്ടുണ്ട്) ശ്രദ്ധേയമാവാൻ കാരണം ഇവയാണ്. 1. മലങ്കരസഭയിലെ സഹോദരീസഭയായ റോമ്മൻ കത്തോലിക്കാസഭയ്ക്ക് റോമിൽ ഒരാത്മീയാദ്ധ്യക്ഷൻ ഉള്ളതുപോലെ മലങ്കരസഭയ്ക്ക് തത്തുല്യനായി, ഒരാത്മീയപരമാദ്ധ്യക്ഷൻ, റോമ്മിനേക്കാൾ പ്രാചീനസഭാകേന്ദ്രമായ അന്ത്യോഖ്യായിൽ ഉണ്ടെന്ന് സർവ്വസമ്മതമായി അഭിമാനപൂർവ്വം അംഗീകരിക്കപ്പെട്ടു. 2. പരുമലയിൽവച്ച് യൂയാക്കിം മാർ കൂറീലോസിന്റെയും ജോസഫ് മാർ ദീവന്നാസ്യോസിന്റെയും നേതൃത്വത്തിൽ 1873 ൽ സ്വീകരിച്ച എല്ലാ തീരുമാനങ്ങളും - മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മലങ്കര മാനേജിംഗ് കമ്മിറ്റി, അവയുടെ അദ്ധ്യക്ഷൻ മലങ്കര മെത്രാപ്പോലീത്താ - പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിൽവച്ച് സുദൃഢവും സർവ്വാദൃതവും അനിഷേധ്യവും ആക്കിത്തീർത്തു. 3. കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയായി രൂപംകൊണ്ട മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മുഖേന കേന്ദ്രീകൃതമായ ജനശക്തി,ഇടവക - പൊതുസമുദായം എന്നീ തലങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾക്കും അനിവാര്യമായ പോരാട്ടങ്ങൾക്കും ഉപയോഗപ്പെട്ടു. സ്വതന്ത്ര ഇടവകകളായി കഴിഞ്ഞുകൂടിയിരുന്ന ഇടവകകളെ ഒരു കേന്ദ്രീകൃതസംഘടനയുടെ കീഴിൽ അണിനിരത്തിയപ്പോൾ മലങ്കരസഭ മുമ്പെന്നത്തെക്കാളും അധികം ശക്തി പ്രാപിക്കുകയും ഇതര സമുദായങ്ങൾക്കു മാതൃകയായിത്തീരുകയും ചെയ്തു.

ഏറെത്താമസിയാതെ പത്രോസ് തൃതീയൻ ബാവായുടെ കൈകൾ കൊളോണിയൽ മേധാവിയുടെ ശൈലിയിൽ പ്രവർത്തിക്കുവാൻ തുടങ്ങി. അവിഭക്തമായിരുന്ന മലങ്കരസഭയെ ഏകപക്ഷീയമായ പ്രഖ്യാപനംവഴി ഏഴു ഭദ്രാസനങ്ങളായി പാത്രിയർക്കീസ് വിഭജിച്ചു. മലങ്കരയുടെ ലൗകിക



- ആത്മീയ പരമാദ്ധ്യക്ഷൻ പാത്രിയർക്കീസ് ആണെന്ന് രേഖപ്പെടുത്തിയ രജിസ്റ്റേർഡ് ഉടമ്പടി വാങ്ങി ആറു പേരെ മെത്രാന്മാരാക്കി. ഇപ്രകാരമുള്ള ഉടമ്പടി നൽകുവാൻ വിസമ്മതിച്ച മലങ്കര മെത്രാപ്പോലീത്തായെ ഒരു പാഠം പഠിപ്പിക്കുവാൻ അദ്ദേഹത്തിന്റെ ചുമതലയിലായിരുന്ന സഭയെ പാത്രിയർക്കീസിനോടു മാത്രം വിധേയത്വം പുലർത്തുന്ന ഏഴു മെത്രാസനങ്ങളാക്കി വിഭജിക്കുകയും അതിൽ ഒരു മെത്രാസനത്തിന്റെ ചുമതല നൽകി സ്ഥാനസങ്കോചം വരുത്തുകയും ചെയ്തു. തന്നെ മലങ്കരയിലേയ്ക്കു ക്ഷണിച്ച് യാത്രച്ചെലവ് അയച്ചുകൊടുത്തുവരുത്തിയ ആതിഥേയനെ മുടക്കുവാൻപോലുമുള്ള ധാർഷ്ട്യം പത്രോസ് മൂന്നാമൻ പ്രകടിപ്പിച്ചു. പ്രശാന്തഗംഭീരനും നയകോവിദനും അനുരഞ്ജനകലയുടെ മാന്ത്രികനും ആയിരുന്ന പുലിക്കോട്ടിൽ മെത്രാച്ചൻ അർത്ഥഗർഭമായ മൗനം കൊണ്ടും നിവർത്തനംകൊണ്ടും ആ നടപടികളോട് നിസ്സഹകരിച്ചു.

അരങ്ങേറിയ സംഭവപരമ്പരകൾ കഥാപുരുഷനെ അമ്പരപ്പിച്ചുകളഞ്ഞു. ഇതിനോടകം അദ്ദേഹം പത്രോസ് ബാവായിൽ നിന്ന് മസമ്രോനോ സ്ഥാനം (ആദ്യ ശെമ്മാശുപട്ടം) സ്വീകരിച്ചിരുന്നു. മുളന്തുരുത്തിയിൽ വച്ച് 1876 ചിങ്ങം 15 -ാം തീയതി നടന്ന മൂറോൻ കൂദാശ കഥാപുരുഷന് സവിശേഷമായ ഒരനുഭവമായിതോന്നി. മലങ്കരയിലെ പള്ളികൾക്കെല്ലാം വി.മൂറോൻ വിതരണം ചെയ്യാൻ നിയോഗിക്കപ്പെട്ടത് പാത്രിയർക്കീസിനോടൊപ്പം ശീമയിൽനിന്ന് വന്ന മാർ ഗ്രിഗോറിയോസ് അബ്ദള്ളാ ആയിരുന്നു. അദ്ദേഹത്തെ ദ്വിഭാഷി എന്ന നിലയിൽ അനുഗമിക്കുവാൻ വട്ടശ്ശേരിലെ ശെമ്മാശന് നിയോഗം ലഭിച്ചു. ചാത്തുരുത്തിയിലെ റമ്പാച്ചൻ നേരത്തെതന്നെ പാത്രിയർക്കീസിന്റെ ദ്വിഭാഷിയായി നിയോഗിക്കപ്പെട്ടിരുന്നു.

അബ്ദള്ള ഗ്രീഗോറിയോസുമൊന്നിച്ചുള്ള യാത്രയും സമ്പർക്കവും നമ്മുടെ കഥാപുരുഷനായ കൊച്ചുശെമ്മാശന് നിരവധി അസുഖകരമായ ഓർമ്മകൾ സമ്മാനിച്ചു. പ്രതിഫലം വാങ്ങി മാത്രം മൂറോൻ വിതരണം ചെയ്യുന്ന മെത്രാന്റെ ദ്രവ്യാഗ്രഹം ശെമ്മാശനെ അത്ഭുതപ്പെടുത്തിക്കാണണം. അന്ത്യോഖ്യൻ സഭയുടെയും മലങ്കരസഭയുടെയും ഭാവിസാരഥികൾ ഒന്നൊന്നര വർഷത്തോളം ഒന്നിച്ചുണ്ടായിരുന്നു. മലങ്കര മെത്രാനായിരുന്ന പുലിക്കോട്ടിൽ മെത്രാച്ചനെ മഫ്രിയാനാ സ്ഥാനത്തേയ്ക്കുയർത്തുവാൻ മലങ്കരസഭ ആഗ്രഹിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. മാർ അബ്ദള്ള, പാത്രിയർക്കീസ് സ്ഥാനത്ത് അവരോധിക്കപ്പെടുന്നപക്ഷം മലങ്കരസഭയ്ക്ക് മഫ്രിയാനേറ്റ് അനുവദിക്കാമോ എന്ന് കൊച്ചു ശെമ്മാശൻ നിഷ്കളങ്കമായി മലങ്കരസഭയുടെ ഭാവിയിൽ കണ്ണുംനട്ട് ചോദിച്ചിട്ടുണ്ടാകുമോ? മലങ്കരസഭയുടെ ചിരകാലാഭിലാഷം നിറവേറ്റുകവഴി മല

ങ്കരയെ കോളനിയാക്കിത്തീർക്കാമെന്ന് മാർ അബ്ദള്ള സ്വപ്നം കണ്ടിരിക്കുമോ? ഒന്നര വർഷത്തെ പരിചയംകൊണ്ട് മാർ അബ്ദുള്ള ദ്രവ്യാഗ്രഹി ആണെന്നും കൈമുത്തും കാഴ്ചകളും കൊടുത്താൽ കാതോലിക്കേറ്റ് ലഭിക്കാതെ വരികയില്ലെന്നും ശെമ്മാശൻ വിലയിരുത്തിയിട്ടുണ്ടാവാം. അന്ത്യോഖ്യൻ സഭയും മലങ്കരസഭയും ഉൾപ്പെട്ട ഏകസഭയിൽ വിശ്വാസാചാരാനുഷ്ഠാനങ്ങൾ സമാനമായിരിക്കേണ്ടത് അന്ത്യോഖ്യയുടെ പ്രീതിയ്ക്കു അനിവാര്യമാണെന്ന് ശെമ്മാശൻ ഗ്രഹിച്ചിട്ടുണ്ടാവാം. പാത്രിയർക്കീസിന്റെ മുടക്കും ശാപവാക്കുകളും മാർ അബ്ദള്ള കാര്യമായെടുത്തില്ലാത്തത് പാത്രിയർക്കാ - മെത്രാൻ ബന്ധത്തെപ്പറ്റി ഒരു പുതിയ അവബോധം ശെമ്മാശ്ശനിൽ ജനിപ്പിച്ചിരിക്കാം. ഏറ്റവും ശ്രേഷ്ഠമായ സഭാഭരണശൈലി 'എപ്പിസ്കോപ്പൽ' ആണെന്ന് സിറിയൻ മെത്രാനും ഹൂദായ കാനോൻ വിവക്ഷിക്കുന്ന ആ ശൈലി മലങ്കരയിലും പ്രാവർത്തികമാക്കാവുന്നതാണെന്ന് ശെമ്മാശ്ശനും ചിന്തിച്ചിരിക്കാം. സിറിയൻ സഭയുടെ ആത്മീയപാപ്പരത്തം മാർ അബ്ദള്ളായിലൂടെ ഗ്രഹിച്ചെങ്കിലും കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ചെടുക്കുംവരെ അവരെ പിണക്കുന്നത് ബുദ്ധിയല്ലെന്ന് ശെമ്മാശ്ശൻ നിരീക്ഷിച്ചിരിക്കാം. സുറിയാനി ഭാഷാപരിജ്ഞാനം ആഴപ്പെടുത്തുവാനും അറബി ഭാഷാപരിചയം ദൃഢമാക്കുവാനും ആ സമ്പർക്കം മൂലം ശെമ്മാശ്ശനു കഴിഞ്ഞു.

ഏതായാലും പത്രോസ് തൃതീയനും മാർ അബ്ദള്ളായും മലങ്കരയിൽനിന്ന് പോയിക്കഴിഞ്ഞപ്പോഴേക്കും മലങ്കരസഭ നേടിയ പുതിയ അനുഭവശതങ്ങൾ വട്ടശ്ശേരിൽ ശെമ്മാശ്ശനും അവിസ്മരണീയമായ ഓർമ്മകളായി. അന്ത്യോഖ്യൻ നേതൃത്വത്തിന് മലങ്കരയിൽ ലഭിച്ച ആദരവുകളും അവരുടെ മുമ്പിൽ മലങ്കരസഭ പ്രദർശിപ്പിച്ച അച്ചടക്കബോധവും അഭൂതപൂർവ്വമായിരുന്നു. താന്തോന്നിത്തമായി ഭദ്രാസനങ്ങൾ പ്രഖ്യാപിച്ചതും യാതൊരു ചർച്ചയും തെരഞ്ഞെടുപ്പും കൂടാതെ ഏകപക്ഷീയമായും അകാനോനികമായും മെത്രാന്മാരെ വാഴിച്ചതും എതിർക്കാൻ ശ്രമിച്ച മലങ്കരസുറിയാനി അസ്സോസിയേഷൻ ഭാരവാഹികളും മലങ്കര മെത്രാപ്പോലീത്ത തന്നെയും അധിക്ഷേപിക്കപ്പെട്ടതും എപ്പിസ്കോപ്പൽ ഭരണശൈലിയുടെ വിജയമെന്നു ചിലരൊക്കെ വിലയിരുത്തിയിരുന്നു. ലൗകികാധികാരം സമ്മതിക്കുന്ന ഉടമ്പടി നിഷേധിച്ചതിന്റെ പേരിൽ, മലങ്കരയുടെ കണ്ണിലുണ്ണിയായിരുന്ന പുലിക്കോട്ടിൽ മെത്രാച്ചനെ മുടക്കിയിട്ടും പാത്രിയർക്കീസിനെതിരെ ജനരോഷം ഉണ്ടായില്ല എന്നത് ശെമ്മാശ്ശനെ അത്ഭുതപ്പെടുത്തി. പുതിയ ആറ് മെത്രാന്മാരും ആ നടപടിയെ ചോദ്യം ചെയ്യാതെ സ്വീകരിച്ചത് കഥാപുരുഷനെ അസ്വസ്ഥനാക്കി. തിരുവായ്ക്കെതിർവായില്ലാത്ത ആ രാജഭരണകാലത്ത് ആ എപ്പിസ്കോപ്പൽ ഏകാധി



പത്യ ഭരണശൈലി ഏറെപ്പേർക്കു പ്രിയങ്കരമായി തോന്നിയിട്ടുണ്ടാകാം. പാത്രിയർക്കീസിന്റെ മുടക്കുമൂലം പുലിക്കോട്ടിൽ മെത്രാച്ചന് തൽക്കാലത്തേക്ക് ചില മാനസിക വിഷമതകൾ തോന്നിയെങ്കിലും കാലക്രമേണ പാത്രിയർക്കീസ് സൃഷ്ടിച്ചുവിട്ട എല്ലാ പ്രതികൂല പരിതഃസ്ഥിതികളെയും അനുകൂലമാക്കി മാനസാന്തരപ്പെടുത്തിഎടുക്കുവാൻ, അനുരഞ്ജനപാടവം മൂലം അദ്ദേഹത്തിനു കഴിഞ്ഞത് ശെമ്മാശ്ശൻ ആദരവോടെ നോക്കിക്കണ്ടു. എപ്പിസ്ക്കോപ്പൽ ശൈലിയും അനുരഞ്ജനസന്നദ്ധതയും സമന്വയിപ്പിച്ചാൽ അതൊരൊന്നാംകിട ഭരണക്രമമാകുമെന്ന് ശെമ്മാശ്ശന് തോന്നിയതിൽ അസ്വാഭാവികമായിട്ടൊന്നുമില്ല.

1880 ജനുവരി 18 ന് കഥാപുരുഷൻ തന്റെ പ്രധാന ഗുരുവായ മാർ ഗ്രിഗോറിയോസിൽ (പരുമല തിരുമേനി) നിന്നു കശ്ശീശാപട്ടം സ്വീകരിച്ചു. പരുമലയിലെ വൈദിക വിദ്യാഭ്യാസത്തിന്റെ മുഖ്യ ചുമതല മാർ ഗ്രിഗോറിയോസിനായിരുന്നു. എന്നാൽ നവീകരണക്കാരുമായുള്ള തർക്കത്തിന്റെ പശ്ചാത്തലത്തിലും മെത്രാന്മാർ തമ്മിലുള്ള വടംവലിയുടെ പിരിമുറുക്കത്തിലും മലങ്കരയിലുടനീളം പൊട്ടിപ്പുറപ്പെടുന്ന പള്ളിവഴക്കുകൾ കേട്ടവസാനിപ്പിക്കുന്ന മലങ്കര മെത്രാപ്പോലീത്തായുടെ വിശ്വസ്ത പ്രതിനിധിയായി മലങ്കരസഭയുടെ എല്ലാ ഭാഗങ്ങളിലേക്കും നിരന്തരമായി സഞ്ചാരം ആവശ്യമാകയാൽ ചാത്തുരുത്തിൽ കൊച്ചു മെത്രാച്ചന് പരുമലയിൽ സ്ഥിരമായി താമസിക്കുക അസാധ്യമെന്നു വന്നു. സഭാ വ്യവഹാരങ്ങൾക്കായി കോടതിയാത്രകളും ധനസമാഹരണത്തിനായി പള്ളിസന്ദർശനങ്ങളും ക്രമമായി നടത്തിവന്ന മലങ്കര മെത്രാന് ആശ്വാസവും താങ്ങും തണലും ലഭിച്ചിരുന്നത് ശിഷ്യ പ്രമുഖനായ കൊച്ചുമെത്രാച്ചനിൽ നിന്ന് മാത്രമായിരുന്നു. പള്ളിവഴക്കുകൾ അടങ്ങിയ പരാതിക്കെട്ടുകൾ ലഭിക്കുമ്പോൾ മലങ്കര മെത്രാൻ അവ പരുമലയിലേക്ക് അയയ്ക്കും. വഴക്കുകളുള്ള പള്ളികളിലേക്ക് മലങ്കര മെത്രാന്റെ നിയോഗപ്രകാരം കൊച്ചുമെത്രാച്ചൻ നിരന്തരം സഞ്ചരിക്കും; വഴക്കുകൾ പരിഹരിച്ച് വിവരം യഥാസമയം വലിയ മെത്രാച്ചന് റിപ്പോർട്ട് എഴുതി അയയ്ക്കുകയും ചെയ്യും. അപ്രകാരമുള്ള പല റിപ്പോർട്ടുകളും പുലിക്കോട്ടിൽ മെത്രാച്ചന്റെ ഫയലിൽ ഈ ലേഖകൻ നിരീക്ഷിച്ചിട്ടുണ്ട്. നിലയ്ക്കാത്ത യാത്രകൾ മൂലം പരുമല സെമിനാരിയിലെ വൈദികവിദ്യാഭ്യാസം അനാഥമാകാതിരിക്കുവാൻ ഒരു പുതിയ മല്പാൻ ആവശ്യമായി വന്നു. പരുമല കൊച്ചു മെത്രാച്ചൻ കഥാപുരുഷനിൽ അപ്രകാരം ഒരു മല്പാനെ കണ്ടെത്തുകയും വലിയ മെത്രാച്ചന്റെ ആലോചനപ്രകാരം സെമിനാരിച്ചുമതല അദ്ദേഹത്തെ ഏല്പിക്കുകയുമായിരുന്നു. 1881 ൽ ആയിരുന്നു ആ നിയമനം. 1878 മുതൽ 1908 ൽ മെത്രാൻ സ്ഥാനം ഏല്ക്കുന്നതുവരെ മൂന്ന് ദശാബ്ദക്കാലം അദ്ദേഹം പരുമല സെമിനാരിയുടെ മാനേജർ ആയിരുന്നു."

വൈദികവിദ്യാഭ്യാസത്തിന് നിയതമായ സമ്പ്രദായങ്ങളോ പാഠ്യക്രമമോ അന്ന് നിലവിലില്ലായിരുന്നു. പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസ് (സഭാജ്യോതിസ്), താൻ സ്ഥാപിച്ച കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ഭാവനാപൂർവ്വം വൈദികവിദ്യാഭ്യാസത്തിന്റെ ഉയർന്ന മാനദണ്ഡങ്ങൾ നടപ്പിൽ വരുത്തിയെങ്കിലും അദ്ദേഹം വിളംബം വിനാ അന്തരിച്ചതുമൂലം സെമിനാരിച്ചുമതല ആംഗ്ലേയമിഷനറിമാരിലേയ്ക്ക് വഴുതിപ്പോയി. പഴയസെമിനാരിയിൽ താമസിച്ച് വൈദികവിദ്യാഭ്യാസത്തിന് മേൽനോട്ടം വഹിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്തായ്ക്കു കോട്ടയം ചെറിയപള്ളിയിലേയ്ക്ക് വാസം ക്രമീകരിക്കേണ്ടിവന്നതും സെമിനാരി വിദ്യാഭ്യാസത്തിൽ മലങ്കര മെത്രാന്റെ മേൽനോട്ടം നിന്നുപോയതും സെമിനാരി സ്ഥാപകന്റെ നിര്യാണാനന്തരമാണ്. സെമിനാരി സ്ഥാപകന്റെ വിപുല ഭാവനയിലേയ്ക്കും ദർശനങ്ങളിലേയ്ക്കും ഉയരാൻ പിൽക്കാല സഭാനേതൃത്വത്തിന് കഴിയാതെവന്നതിനാൽ വൈദികസെമിനാരിയിലെ വിദ്യാഭ്യാസത്തിന് പ്രൊട്ടസ്റ്റന്റ് നിറവും മണവും അചിരേണ വന്നുചേരുകയാണ് ഉണ്ടായത്. വൈദികസെമിനാരിയിൽ, മലങ്കര സഭാ നേതൃത്വം കളിക്കാരെന്ന ഉത്തരവാദിത്വം വിസ്മരിച്ച് കാഴ്ചക്കാരുടെ ഉദാസീനതയിലേയ്ക്കു പതിച്ചതുകൊണ്ടാണ് നവീകരണത്തിന്റെ ആദ്യകാല നേതാക്കൾ വൈദികസെമിനാരിയിൽ ഉത്ഭവിച്ചത് (ഭാവനയോ പ്രതിബദ്ധതയോ ഇല്ലാത്ത പിൻഗാമികളുടെ ഉദാസീനതയും അനവധാനതയും മൂലം മുൻഗാമികൾ ആരംഭിച്ച പല പ്രസ്ഥാനങ്ങളും നിലച്ചുപോവുകയോ മന്ദീഭവിക്കുകയോ ചെയ്തിട്ടുള്ളതിന്റെ ഉദാഹരണങ്ങൾ മലങ്കരസഭാചരിത്രത്തിന്റെ പല അദ്ധ്യായങ്ങളിലും കാണാം). ഏതായാലും കോട്ടയം വൈദികസെമിനാരിയിൽ ആരംഭിച്ച വൈദികപരിശീലനം ഏറെത്താമസിയാതെ പൂർവികശൈലിയിൽ മല്പാൻ ഭവനങ്ങളിലേയ്ക്ക് വികേന്ദ്രീകരിക്കപ്പെടുകയാണുണ്ടായത്. ഇത് വീണ്ടും ഏകീകരിക്കുവാനുള്ള ശ്രമമാണ് പുലിക്കോട്ടിൽ മെത്രാച്ചൻ പരുമലയിൽ പരീക്ഷിച്ചത്. ചാത്തുരുത്തിൽ റമ്പാച്ചന്റെ ശിക്ഷണത്തിൽ പെട്ടെന്ന് പരുമലസെമിനാരിക്ക് പ്രസിദ്ധിയും അംഗീകാരവും ലഭിച്ചുവെങ്കിലും റമ്പാച്ചൻ മൂന്ന് നാല് വർഷത്തിനകം മെത്രാപ്പോലീത്താ എന്ന നിലയിൽ വിപുലവും വ്യാപകവുമായ ഉത്തരവാദിത്വങ്ങളിലേയ്ക്ക് വിളിക്കപ്പെട്ടതിനാൽ പരുമലയിലെ വൈദികവിദ്യാഭ്യാസം ഏറെക്കുറെ അനാഥമാകുമായിരുന്ന അവസ്ഥയിലാണ് വട്ടശ്ശേരിൽ മല്പാൻ ആ ചുമതലയിലേക്കു വിളിക്കപ്പെട്ടത്.

## മതോപദേശസാരം

താൻ പ്രവർത്തിക്കുന്ന ഏതു രംഗത്തും ക്രമവും ചിട്ടയും പുലർത്തണമെന്നത് സ്മര്യപുരുഷൻ ജീവിതത്തിലുടനീളം പുലർത്തിയിട്ടുള്ള ഒരു നിർബന്ധമായിരുന്നു. സ്വന്തം വ്യക്തിത്വത്തിന്റെ പ്രധാന ഭാഗം തന്നെ



യായിരുന്ന ഈ വിഷയത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും ഒരു കാലത്തും അദ്ദേഹം തയ്യാറായിരുന്നില്ല.

ഗുരുമുഖങ്ങളിൽ നിന്നും ഗ്രന്ഥശാലകളിൽ നിന്നും സ്വന്തം ഉപാസനയിൽ നിന്നും ആർജ്ജിച്ച വിജ്ഞാനത്തെ ഉപയോഗപ്പെടുത്തി വൈദികപരിശീലന പാഠ്യപദ്ധതിക്കു അദ്ദേഹം രൂപം നൽകി. മലങ്കരസഭയിൽ അതു ഒരു ആദ്യ സംരംഭമായിരുന്നു. പഠനവിഷയങ്ങളെ അദ്ദേഹം വർഗ്ഗീകരിച്ചു. സുറിയാനി ഭാഷ, ആരാധന, സഭാചരിത്രം, കാനോൻ, വേദപുസ്തകവ്യാഖ്യാനം, വിശ്വാസസംഹിതകൾ എന്നിങ്ങനെ വിഭജിക്കപ്പെട്ട വിഷയങ്ങളെ വ്യവസ്ഥാപിതമായി വിദ്യാർത്ഥികളിലേക്കു സംക്രമിപ്പിക്കുവാൻ അദ്ദേഹം പദ്ധതികൾ ആസൂത്രണം ചെയ്തു. സാഗരസമാനമായ സുറിയാനി ഗ്രന്ഥശേഖരങ്ങളല്ലാതെ അധ്യാപനത്തിന് സഹായകമായ മലയാള ഗ്രന്ഥങ്ങൾ 'അതിമാത്രസുദുർല്ലഭങ്ങൾ' ആയിരുന്നു. മതോപദേശസാരം, സുറിയാനി ഒന്നാം പാഠം എന്നിവ അച്ചടിച്ച് പ്രസിദ്ധീകരിക്കുവാനിടയായ പശ്ചാത്തലം ഇതാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ മലയാളം പ്രൊഫസർ ആയിരുന്ന ഏ. ആർ. രാജരാജവർമ്മ, മലയാളവ്യാകരണം ഉയർന്ന ക്ലാസ്സുകളിൽ പഠിപ്പിക്കുവാൻ, മലയാള വ്യാകരണഗ്രന്ഥങ്ങളൊന്നും ലഭ്യമല്ലാതിരുന്ന കാലത്ത് ഇംഗ്ലീഷ്, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിലെ പ്രസക്തഗ്രന്ഥങ്ങൾ പരിശോധിച്ച് നോട്ടുകൾ തയ്യാറാക്കിയിരുന്നുവെന്നും ആ നോട്ടുകളുടെ വികസിതരൂപമാണ് മലയാളത്തിലെ പ്രാമാണികമായ പ്രഥമ വ്യാകരണ ഗ്രന്ഥമായ 'കേരളപാണിനീയ'മെന്നും നാളിതുവരെ ആ ഗ്രന്ഥത്തെ അധഃകരിക്കുന്ന മറ്റൊരു മലയാളവ്യാകരണഗ്രന്ഥവും പ്രസിദ്ധീകൃതമായിട്ടില്ലെന്നും നമുക്കറിയാം.തൽസമാന്തരമായി വിശ്വാസവിഷയങ്ങളെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റു ചെയ്തു വേദപുസ്തകത്തിന്റെ സുനിശ്ചിതവും സുവ്യക്തവും സുദൃഢവുമായ അടിസ്ഥാനത്തിൽ അവയെ അവതരിപ്പിക്കുവാനുള്ള ശ്രമമാണ് 'മതോപദേശസാരത്തിൽ' നാം കാണുന്നത്. പൂർവമാതൃകയൊന്നുമില്ലാതെ അദ്ദേഹം രചിച്ച ആ ഗ്രന്ഥം, ഗ്രന്ഥകാരൻ വേദപുസ്തകത്തിലും സുറിയാനി ഭാഷയിലെഴുതപ്പെട്ട വ്യാഖ്യാനഗ്രന്ഥങ്ങളിലും സഭാചരിത്രത്തിലും കാനോൻ സമാഹാരങ്ങളിലും ആർജ്ജിച്ച അനന്യവും അസാമാന്യവും ആയ പാണ്ഡിത്യത്തെ അനാച്ഛാദനം ചെയ്യുന്നുണ്ട്. സുറിയാനിസഭയുടെ വിശ്വാസാചാരങ്ങൾ വേദപുസ്തകാനുസൃതമല്ലെന്ന് വിവിധ നവീകരണ വിഭാഗങ്ങൾ തമ്പേറടിച്ച് കൊട്ടിഘോഷിച്ചിരുന്ന അക്കാലങ്ങളിൽ മലങ്കരസഭ അവലംബിച്ചിട്ടുള്ള സുറിയാനിസഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങൾ അന്യൂനവും വേദപുസ്തകാനുസൃതവും ആണെന്ന് പ്രസക്തമായ വേദതെളിവുകളോടെ ആധികാരികമായി സ്ഥാപിക്കുന്ന ഒരു ഗ്രന്ഥം ആ

കാലഘട്ടത്തിന്റെ തന്നെ ഒരാവശ്യമായിരുന്നു. ആ വെല്ലുവിളിയാണ് വട്ടശ്ശേരിൽ മല്പാനച്ചൻ ഏറ്റെടുത്തത്. വൈദികർക്കു മാത്രമല്ല, സാമാന്യജനങ്ങൾക്കും സുഗ്രാഹ്യമായിരുന്ന ആ ചെറുഗ്രന്ഥത്തിന് അതിറങ്ങിയ ദശകത്തിൽത്തന്നെ പല പതിപ്പുകൾ ആവശ്യമായിവന്നത് സ്വാഭാവികമായിരുന്നു. അനേകം വൈദികരും ഇടവകകളും നവീകരണം സൃഷ്ടിച്ച കുത്തൊഴുക്കിൽപ്പെട്ട് ഒഴുകിപ്പോകാതിരിക്കുവാൻ ഈ ഗ്രന്ഥം വഹിച്ച പങ്കു നിസ്സാരമല്ല.

നവീകരണക്കാർക്കെതിരെ മൂന്നു തലങ്ങളിലാണ് യുദ്ധം നടന്നത്. ഒന്ന്, കോടതി തലത്തിൽ. ഇതിന്റെ നേതൃത്വം വഹിച്ചിരുന്നതു മലങ്കര മെത്രാൻ പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസ് ആയിരുന്നു. രണ്ട്, ഇടവകകളിലെ വിശ്വാസപരവും ഭരണപരവുമായ ചാഞ്ചാട്ടങ്ങൾ: ഇതിനെ നേരിടുവാൻ ചാത്തുരുത്തിൽ മാർ ഗ്രിഗോറിയോസ് മെത്രാച്ചൻ നിയോഗിക്കപ്പെട്ടു. മൂന്ന്, ആശയപരമായ പ്രചരണം. ഇതിന്റെ മുഖ്യ ഉത്തരവാദിത്വം ഏറ്റെടുത്തത് വട്ടശ്ശേരിൽ മല്പാനച്ചൻ ആയിരുന്നു. വൈദികരിലും ജനങ്ങളിലും പ്രതിയോഗികളിൽപ്പോലും 'മതോപദേശസാരങ്ങൾ' ചെലുത്തിയ പ്രേരണയും സ്വാധീനവും ശ്രദ്ധേയമായിരുന്നു. നവീകരണക്കാർ ദേവാലയാരാധനകളിലും വിശ്വാസകാര്യങ്ങളിലും വരുത്തിയിട്ടുള്ള നിരവധി വ്യതിയാനങ്ങൾക്ക് വേദപുസ്തകത്തിന്റെ അംഗീകാരവും പിൻബലവും ഇല്ലെന്ന് നവീകരണത്തിന്റെ രണ്ടാം തലമുറയിലെ തലമുതിർന്ന നേതാക്കളെ ശാസിച്ചുകൊണ്ട് ആദ്യകാല നവീകരണനേതാവായ പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ (താഴത്തച്ചൻ) എഴുതിയ 'വിലാപങ്ങളുടെ' രചനയിൽപ്പോലും 'മതോപദേശസാര'ങ്ങളുടെ സ്വാധീനം സൂക്ഷ്മദർശികൾക്കു കാണാവുന്നതാണ്.

*മതോപദേശസാരം* എഴുതുമ്പോൾ അദ്ദേഹം പുലർത്തിയിരുന്ന ചിന്തകളും നിലപാടുകളും ആ ലഘുഗ്രന്ഥത്തിൽ പ്രതിഫലിക്കുന്നുണ്ട്. 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മലങ്കരയിൽ ലഭ്യമായ അന്ത്യോഖ്യൻ സുറിയാനി സഭയുടെ വിശ്വാസപരമായ നിലപാടുകളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളിൽനിന്നാണ് അദ്ദേഹം തന്റെ സഭാവിജ്ഞാനീയദർശനങ്ങൾ രൂപപ്പെടുത്തിയത്. കിഴക്കൻ ഓർത്തഡോക്സ് സഭകളെപ്പറ്റിയോ ഓറിയന്റൽ ഓർത്തഡോക്സ് സഭകളെപ്പറ്റിയോ മനസ്സിലാക്കുവാൻ സഹായകമായ മറ്റു ഗ്രന്ഥങ്ങൾ അന്ന് മലങ്കരയിൽ അലഭ്യമായിരുന്നു. തന്മൂലം അന്ത്യോഖ്യൻ സഭയും അതിന്റെ സാഹിത്യവും പുലർത്തിയ നിലപാടുകൾ തന്നെയാണ് സ്മര്യപുരുഷനും പുലർത്തിയിരുന്നത്. അതിന്റെ പേരിൽ അദ്ദേഹത്തിന്റെ മഹത്വം അല്പംപോലും കുറയുന്നില്ല. മലങ്കരസഭയിൽ ഒന്നു രണ്ടു നൂറ്റാണ്ടുകളായി പലരും പരാമർശിക്കുകയും സഭാതലവനായി അവകാശപ്പെടുകയും വിശേഷിപ്പിക്കപ്പെടുകയും ചെയ്തു



പോന്നിരുന്ന അന്ത്യോഖ്യാ പാത്രിയർക്കീസ്, മലങ്കരസഭയിലെ അവഗണിക്കാനാവാത്ത സാന്നിദ്ധ്യവും യാഥാർത്ഥ്യവുമാണെന്ന് മാവേലിക്കര സുന്നഹദോസിലും മുളന്തുരുത്തി സുന്നഹദോസിലും പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. ഈ യാഥാർത്ഥ്യത്തെ *മതോപദേശസാരത്തിൽ* എങ്ങനെ നിർവചന രൂപത്തിൽ പ്രമാണവത്ക്കരിക്കുമെന്നുള്ളത് സ്മര്യപുരുഷനെ ചിന്തിപ്പിച്ചിരിക്കണം. പ്രശ്നങ്ങളെ ധീരമായി നേരിടുകയല്ലാതെ ഒഴിഞ്ഞുമാറുകയോ നീട്ടിവയ്ക്കുകയോ ചെയ്യുന്ന പ്രകൃതക്കാരനായിരുന്നില്ലല്ലോ അദ്ദേഹം.

പുലിക്കോട്ടിൽ മെത്രാച്ചന് ലഭിച്ച സുസ്താത്തിക്കോനിൽ മെത്രാന്മാരെ വാഴിക്കുവാനും മൂറോൻ കൂദാശ ചെയ്യുവാനുമുള്ള അനുവാദം രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയാധികാരമെന്നത് മെത്രാന്മാരെ വാഴിക്കുവാനുള്ള അധികാരമാണെന്ന് *മതോപദേശസാരത്തിൽ* അദ്ദേഹം രേഖപ്പെടുത്തി. പരുമല മെത്രാച്ചൻ ഉൾപ്പെടെ ആറു പുതിയ മെത്രാച്ചന്മാരും അന്ത്യോഖ്യാ പാത്രിയർക്കീസിന് ആത്മീയവും ലൗകികവുമായ മേലധികാരം ഉണ്ട് എന്ന് രജിസ്റ്റർ ചെയ്ത ഉടമ്പടി കൊടുത്തിട്ട് ഏറെ വർഷങ്ങളായില്ല എന്ന് നാം ഓർക്കേണ്ടതുണ്ട്. ആത്മീയാധികാരം മാത്രമേ പാത്രിയർക്കീസിനുള്ളു എന്ന് തീർച്ചപ്പെടുത്തുന്ന റോയൽക്കോടതി വിധി വന്നിട്ടുമില്ല എന്നോർക്കുക. അപ്രകാരമുള്ള കാലത്ത്, പാത്രിയർക്കീസിന്റെ മലങ്കരയിലെ അധികാരം മെത്രാന്മാരെ വാഴിക്കൽ മാത്രമാണെന്ന് പ്രമാണവത്ക്കരിക്കുവാൻ കഴിഞ്ഞതിൽ അദ്ദേഹം പ്രദർശിപ്പിച്ച ബുദ്ധികൂർമ്മതയും[12] ക്രാന്തദർശിത്വവും വിലമതിക്കത്തക്കവയാണ്. മൂറോൻ കൂദാശയുടെ പ്രധാനകാർമ്മികനായി, 'മതോപദേശസാരങ്ങൾ' അന്ത്യോഖ്യാ പാത്രിയർക്കീസിനെ പ്രതിഷ്ഠിച്ചിട്ടില്ലാ എന്നത് ശ്രദ്ധേയമായ മറ്റൊരു കാര്യമാണ്. മൂറോൻ കൂദാശയുടെ പ്രധാനകാർമ്മികനെ 'പ്രധാന മേല്പട്ടക്കാരൻ' എന്നാണ് മല്പാനച്ചൻ പ്രമാണഗ്രന്ഥത്തിൽ വിധിച്ചിട്ടുള്ളത്. പ്രധാന മേല്പട്ടക്കാരൻ ആരാണ്? എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അദ്ധ്യക്ഷസ്ഥാനമുള്ള മെത്രാപ്പോലീത്തായോ മലങ്കരസഭയിൽ സ്ഥാപിക്കപ്പെടണമെന്ന് മലങ്കരസഭ ദീർഘനാളുകളായി ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്തുപോന്ന കാതോലിക്കായോ ആകാം, മലങ്കരസഭയുടെ ആത്മീയ തലവനായി അക്കാലങ്ങളിൽ അംഗീകരിക്കപ്പെട്ടുപോന്ന പാത്രിയർക്കീസുമാകാം. പാത്രിയർക്കീസിന്റെ ഇംഗിതങ്ങളെ മറികടന്നുകൊണ്ട്, ഹൂദായകാനോനിലെ വിധി പ്രമാണമായി അദ്ദേഹം അംഗീകരിക്കുകയായിരുന്നു. തന്റെ ഗുരുവായ ചാത്തുരുത്തിൽ മെത്രാച്ചന്റെയും മലങ്കര മെത്രാൻ പുലിക്കോട്ടിൽ മെത്രാച്ചന്റെയും അംഗീകാരം ആ പ്രയോഗത്തിനുണ്ടായിരുന്നുവെന്നത് നിർവിവാദമാണ്. മലങ്കര മെത്രാൻ അച്ചടി

പ്പിച്ചുവന്നിരുന്ന പ്രാചീന കുർബാനക്രമത്തിന്റെ ആദ്യ തുബ്ദേനിൽ 'ഇന്നും ഈ ആയുഷ്ക്കാലത്തിലും നമ്മെ മേയിച്ചു ഭരിക്കുന്ന'വരുടെ കൂട്ടത്തിൽ ഒരാളായി ഇഗ്നാത്യോസ് പാത്രിയർക്കീസിനെ മുൻപതിവിൽനിന്ന് വ്യത്യസ്തമായി മലങ്കരമെത്രാൻ കൂട്ടിച്ചേർത്തു എന്നോർക്കുക (ആ പുസ്തകത്തിന്റെ അച്ചടിച്ച പല പതിപ്പുകളും മലങ്കരസഭയിൽ ഇന്നും ലഭ്യമാണ്. പാത്രിയർക്കീസിന്റെ പേരില്ലാത്ത ചില മധ്യസ്ഥപ്രാർത്ഥനകളും ലുത്തിനിയാകളും പ്രാചീന കൈയെഴുത്തു സുറിയാനിക്രമങ്ങളിൽ കാണുന്നുണ്ട്; മുഖ്യമായും പത്രോസ് മൂന്നാമന്റെ മലങ്കര സന്ദർശനത്തിന് മുമ്പെഴുതപ്പെട്ട ക്രമങ്ങളിൽ). കാനോൻ പഠനത്തിൽനിന്ന് അദ്ദേഹം ആർജ്ജിച്ച പരിനിഷ്ഠിതവും പരിപക്വവുമായ പാണ്ഡിത്യവും സംസ്കാരവുമാണ് മേൽക്കാണിച്ച പ്രമാണവത്ക്കരണത്തിന് അദ്ദേഹത്തെ പ്രാപ്തനാക്കിയത്. പാത്രിയർക്കീസിനെക്കൂടാതെ സഭാ പൗരോഹിത്യശ്രേണി അപൂർണ്ണമായിരിക്കുമെന്നും മറ്റും പഠിപ്പിക്കുന്ന ഗ്രന്ഥങ്ങളാണ് അദ്ദേഹത്തിന്റെ സഭാപരമായ ദർശനങ്ങളെ സ്വാധീനിച്ചിരുന്നതെന്ന് വീണ്ടും നമുക്കോർക്കാവുന്നതാണ്.

മലങ്കരയിൽ അന്ന് മൂന്നു സഭാധാരകളാണുണ്ടായിരുന്നത്. ഒന്ന്, വ്യവഹാരത്തിൽ നിന്ന് വ്യവഹാരത്തിലേക്കു പതിച്ചുകൊണ്ടിരുന്ന മലങ്കര സഭ. രണ്ട്, മാവേലിക്കര സുന്നഹദോസിന്റെ കാലം മുതൽ സഭയിൽനിന്ന് വേറിട്ട് സ്വതന്ത്രമായി വളർന്നുകൊണ്ടേയിരുന്ന സി. എം. എസ്. സഭയും അതിന്റെ നിഴലിൽ രൂപപ്പെട്ടുവന്ന നവീകരണ വിഭാഗങ്ങളും. മൂന്ന്, റോമ്മാ പാപ്പായുടെ സുദൃഢമായ ആത്മീയ മേൽനോട്ടത്തിൻകീഴ് അനുദിനം ശക്തിയിലേക്കുകുതിക്കുന്ന കത്തോലിക്കാസഭ. ഇവയിൽ കത്തോലിക്കാസഭയുടെ ഭരണസംവിധാനം മല്പാനെ വലിയൊരളവിൽ സ്വാധീനിച്ചിരുന്നു. പാപ്പാ ഇൻഡ്യൻസഭയുടെ അനുദിനകാര്യങ്ങളിലിടപെടാതെ, എന്നാൽ പൗരോഹിത്യശ്രേണിയുടെ തലവനായി നിലകൊള്ളുന്നത് ആ സഭയുടെ അച്ചടക്കത്തെയും വളർച്ചയെയും ഗണ്യമായി സ്വാധീനിക്കുന്നത് അദ്ദേഹം സാകൂതം വീക്ഷിച്ചു. ആ സഭ പൗരോഹിത്യ സ്ഥാനികളോട് പ്രദർശിപ്പിക്കുന്ന ആദരവും വിധേയത്വവും ആദ്ദേഹത്തെ അത്ഭുതപ്പെടുത്തി. എപ്പിസ്ക്കോപ്പൽസഭയുടെ മൗലികതത്വങ്ങൾ പൂർണ്ണമായും പരിപാലിക്കപ്പെടുന്നതുകൊണ്ടാണ് ആ സഭയിൽ ഗണ്യവും സങ്കീർണ്ണവുമായ അച്ചടക്കപ്രശ്നങ്ങൾ ഉത്ഭവിക്കാതിരിക്കുന്നത് എന്ന് അദ്ദേഹം കാര്യങ്ങളെ നിരീക്ഷിച്ച് വിലയിരുത്തി. മലങ്കരസഭയിലെ ഒരു മെത്രാപ്പോലീത്തായ്ക്ക് രണ്ടു കൃത്യങ്ങളേ നിർവഹിക്കുവാൻ കഴിയുന്നുള്ളു എന്ന് സ്വന്തം കാലഘട്ടത്തെ വേദനയോടെ അദ്ദേഹം മനസ്സിലാക്കി. ഒന്ന്, നിയമപരമായ യുദ്ധങ്ങൾ; രണ്ട്, ഇടവകകളിലെ നിലക്കാത്തതും അന്തമില്ലാത്തതുമായ വഴക്കുകൾക്കു പരിഹാരം കാണുക. എത്ര പ്രതിഭാ



ശാലിയായ മേല്പട്ടക്കാരനും ഇവയെ മറികടന്ന് സഭയുടെ വളർച്ചക്കാവശ്യമായ ഏതെങ്കിലും പദ്ധതികൾക്ക് സ്വന്തം പ്രതിഭയും പ്രതിബദ്ധതയും സമയവും നീക്കിവയ്ക്കാനാവുന്നില്ലല്ലോ എന്ന് അദ്ദേഹം വേദനിച്ചു. കത്തോലിക്കാസഭയുടെ ഭരണശൈലിയിൽ മലങ്കരസഭാഭരണം ക്രമീകരിക്കപ്പെട്ടാൽ മലങ്കരസഭയിലും വലിയൊരു പരിധിവരെ പ്രശ്നപരിഹാരം സാധ്യമെന്ന് അദ്ദേഹം വിശ്വസിച്ചു. റോമിലെ പാപ്പായ്ക്ക് സമാന്തരസ്ഥാനിയായി അന്ത്യോഖ്യാ പാത്രിയർക്കീസിനെ അംഗീകരിക്കുകയും പൗരോഹിത്യശ്രേണിയിലെ പ്രഥമസ്ഥാനിയായി അദ്ദേഹത്തെ പ്രതിഷ്ഠിച്ച് അദ്ദേഹത്തിൻെറ ആത്മീയമേൽനോട്ടത്തിൽ മലങ്കരസഭയെ എപ്പിസ്ക്കോപ്പൽ അടിസ്ഥാനങ്ങളിൽ ഉറപ്പിക്കുകയും - ഇതായിരുന്നു മല്പാനച്ചൻെറ അന്നത്തെ സഭാവീക്ഷണം. 'മതോപദേശസാരങ്ങൾ" സൂക്ഷ്മമായി പഠിക്കുമ്പോൾ ഇത് ഗ്രഹിക്കാനാകും. എപ്പിസ്കോപ്പൽ സഭാഘടനയിൽ, മലങ്കരമെത്രാപ്പോലീത്തായുടെ ഭഗീരഥയത്നങ്ങൾ ലഘൂകരിക്കപ്പെടുമെന്ന് അദ്ദേഹം ചിന്തിച്ചിരിക്കാം. മുന്നേറ്റത്തിന് സജ്ജമല്ലാത്ത ജനത്തെ ഒരു കുതിച്ചുചാട്ടത്തിന്റെ വിശദാംശങ്ങളെക്കുറിച്ചു ബോധവാന്മാരാക്കിത്തീർ ക്കുന്നതിലെ കാലതാമസവും അപ്രായോഗികതയും അദ്ദേഹത്തെ  അപ്രകാരമൊരു നിലപാടിലേക്കാണ് നയിച്ചത്. പകലോമറ്റം മെത്രാന്മാരുടെ കാലം മുതൽ (1653) മലങ്കരസഭയ്ക്കു നേരിടേണ്ടിവന്ന എല്ലാ അസ്വസ്ഥതകളെയും ഭിന്നതകളെയും വിലയിരുത്തി ശാശ്വത പരിഹാരം കാണാൻ ശ്രമിക്കുന്ന സഭാസ്നേഹിയും പ്രതിഭാശാലിയും പൗരസ്ത്യഭാഷാവിജ്ഞാനീയത്തിൽ വ്യുല്പന്നനുമായ ഒരു പണ്ഡിതന് അപ്രകാരം ഒരു നിലപാടിലേ എത്താനാവുമായിരുന്നുള്ളു. പാത്രിയർക്കീസിനെ അംഗീകരിക്കുകമൂലം പൗരോഹിത്യപരമായ ഒരു രക്ഷാബോധം സഭയിൽ വേരുപിടിക്കുമെന്നും എപ്പിസ്ക്കോപ്പൽ ഭരണശൈലികൊണ്ട് അച്ചടക്കപൂർണ്ണമായ ഒരു സഭാന്തരീക്ഷം സംജാതമാകാമെന്നും അദ്ദേഹം ചിന്തിച്ചുറപ്പിച്ചത് ആ നൂറ്റാണ്ടിലെ രാഷ്ട്രീയ, സാമൂഹിക, സഭാഗതികൾക്കനുസരിച്ച്  സ്വാഭാവികവും പുരോഗമനപരവും ആയിരുന്നു.

ഇതു വേണ്ടത്ര മനസ്സിലാക്കാതെ ചില ആധുനിക പണ്ഡിതന്മാർ സ്മര്യപുരുഷന്റെ മാനംകാക്കാനെന്ന ഭാവത്തിൽ നടത്തിയ ചില സമീപനങ്ങൾ അക്ഷന്തവ്യങ്ങളും കേവലം ബാലിശങ്ങളും ആണെന്ന് വിശേഷിപ്പിക്കാതെ വയ്യ. ചരിത്രപരമായ അജ്ഞതയാണ് ആ യത്നങ്ങളിൽ പ്രതിഫലിക്കുന്നത്. അവർ 'മതോപദേശസാരങ്ങളിൽ' ചില തിരുത്തലുകൾ വരുത്തിയാണ് വെള്ളപൂശലിന് ശ്രമിച്ചിട്ടുള്ളത്. 'മലങ്കരസഭയിലെ പൗരോഹിത്യപരമായ മേലധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിക്ഷിപ്തമാണ്' എന്ന് വട്ടശ്ശേരിൽ മല്പാനച്ചൻ വളരെ ഭാവനാപൂർവ്വം

പ്രമാണവത്ക്കരിച്ച ഒരു പ്രസ്താവനയെ അഭ്യുദയകാംക്ഷികളായ ചില പിൻഗാമികൾ, പരിഷ്ക്കരണം ബ്രാക്കറ്റിലോ ഫുട്ട്നോട്ടിലോ രേഖപ്പെടുത്താതെ, ഭേദഗതി ചെയ്ത് 'സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം കാതോലിക്കാ സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മാർ കാതോലിക്കാബാവാ തിരുമനസ്സിലേക്കു ഇരിക്കുന്നതാകുന്നു' എന്നു രേഖപ്പെടുത്തി.[13] *മതോപദേശസാരം* എഴുതുമ്പോൾ മലങ്കരയിൽ കാതോലിക്കേറ്റ് ഇല്ല. രാജഭരണകാലമാകയാൽ മെത്രാച്ചന്മാരെ തിരുമനസ്സ് എന്ന് വിശേഷിപ്പിക്കുന്ന പാരമ്പര്യവും സാധാരണമല്ല. സഭാചരിത്രത്തിന്റെ വെളിച്ചം കയറാത്ത പല്ലവ ഗ്രാഹികളായ മസ്തിഷ്ക്കങ്ങൾക്കേ ഇത്തരം അനധികൃത പരിഷ്കാരങ്ങൾ പൂർവ്വികരേഖകളിൽ വരുത്തുവാൻ കഴിയൂ. മലങ്കരസഭയുടെ പ്രസിദ്ധീകരണവകുപ്പുകൾക്കു അധ്യക്ഷന്മാരായി ചില സുന്നഹദോസ് അംഗങ്ങളെ കാലാകാലങ്ങളിൽ നിയോഗിക്കുക പതിവുണ്ടെങ്കിലും പ്രസിദ്ധീകരണ സംരംഭങ്ങളിൽ അനാഥത്വവും അല്പത്തവും അരാജകത്വവും കൊടികുത്തിവാഴുന്നു എന്നല്ലേ ഇത് തെളിയിക്കുന്നത്? ക്രാന്തദർശിയും സഭാസ്നേഹിയുമായ വട്ടശ്ശേരിൽ മല്പാനെവിടെ? പല്ലവഗ്രാഹികളായ അനന്തരഗാമികളെവിടെ?

എപ്പിസ്കോപ്പൽ ഭരണശൈലി അദ്ദേഹത്തിന് സ്വീകാര്യമായി തോന്നിയത് എപ്പിസ്കോപ്പൽ അഹന്തകൊണ്ടൊന്നുമായിരുന്നില്ല. സഭയുടെ ചരിത്രം, അടിസ്ഥാനവിശ്വാസങ്ങൾ, ദൗത്യങ്ങൾ ഇവയൊന്നും വേണ്ടത്ര ഗ്രഹിക്കാത്തവരെ സഭാഭരണത്തിന്റെ ഉത്തുംഗസോപാനങ്ങളിലേക്കു നയിക്കുക ദുഷ്കരമാണെന്ന ചിന്തയാണ് അതിന് പിന്നിൽ വർത്തിച്ചിരുന്നത്. 1934 ൽ ജനകീയ താല്പര്യപ്രകാരമുള്ള ഭരണഘടന അംഗീകരിച്ച് നടപ്പിലാക്കിയിട്ടും 'വഞ്ചി തിരുനക്കരെ' നിന്ന് അല്പംപോലും നീങ്ങാൻ കൂട്ടാക്കാത്തതെന്തേ? ജനാധിപത്യപരമായ ഭരണസംവിധാനം വിഭാവനംചെയ്യുന്ന ആ 'ഘടന' മൂലം കോടതികളിൽ വ്യവസ്ഥാപിതമായ ഒരു അടിത്തറയുണ്ടായി എന്നല്ലാതെ പറയത്തക്ക മാറ്റങ്ങളെന്തെങ്കിലുമുണ്ടായോ? സഭയിലെ ജനകീയ പങ്കാളിത്തം അർത്ഥപൂർണ്ണവും സക്രിയവും സഫല വുമാകണമെങ്കിൽ ഭരണത്തിൽ പങ്കുവഹിക്കുന്ന നേതാക്കളെങ്കിലും സഭാതത്വങ്ങളുടെ മൗലിക വിഷയങ്ങളിൽ അവബോധമുള്ളവരായിരിക്കണം. ആ തിരിച്ചറിവ് നേടിയതിന്റെ ഫലമായിട്ടാണല്ലോ 'ദിവ്യബോധനം' എന്ന പേരിൽ ഒരു അത്മായ പഠനപരിശീലന പദ്ധതിക്കു വളരെ പ്രതീക്ഷാപൂർവ്വം നാം തുടക്കം കുറിച്ചത്. വൈദികസെമിനാരിയിലെ മിക്ക അധ്യാപകരെയും ഗ്രന്ഥകർത്താക്കളാക്കി വളർത്തിയെടുക്കാൻ ആ പദ്ധതി കൊണ്ടു കഴിഞ്ഞു എന്നതിൽ അതിന്റെ അവതാരകന്മാരെ അഭിനന്ദിച്ചേമതിയാവൂ. എന്നാൽ ആരംഭത്തിൽ കൊട്ടിഘോഷിച്ചതുപോലെ സഭയിലെ അത്മായ നേതാക്കളെ ആവേശം കൊള്ളി



ക്കുവാനോ ആകർഷിക്കുവാൻ പോലുമോ ആ പദ്ധതിക്കു കഴിഞ്ഞതായി ഒരു വ്യാഴവട്ടക്കാലത്തിനുശേഷവും ആരെങ്കിലും അവകാശപ്പെടുമെന്ന് തോന്നുന്നില്ല. സഭയിലെ വിദ്യാഭ്യാസം നേടിയ അത്മായർ സഭാവിഷയങ്ങളിൽ അറിവുനേടുന്നതു വല്ലാത്ത ഒരു വിനയാകുമെന്ന് ചിന്തിക്കുന്ന മേല്പട്ടക്കാരും വൈദികരും ആ പ്രസ്ഥാനം വിജയിപ്പിക്കുവാനായി ചെറുവിരൽപോലും അനക്കാൻ സന്നദ്ധരല്ലെന്ന് ആർക്കാണറിയാത്തത്? ദിവ്യബോധനത്തിന്റെ ഒരു യൂണിറ്റുപോലും ഇല്ലാത്ത മെത്രാസനങ്ങൾ കേരളത്തിലുണ്ടെന്നത് ആരെയെങ്കിലും വേദനിപ്പിക്കുന്നുണ്ടോ? ഈ വാസ്തവം സ്മര്യപുരുഷൻ ഏഴുപതിറ്റാണ്ടുകൾക്കു മുമ്പ് കണക്കിലെടുത്തുകൊണ്ടാണ് എപ്പിസ്കോപ്പൽ ഭരണശൈലിയെ അഭികാമ്യമെന്നു കണ്ട് തെരഞ്ഞെടുത്തത്. അക്കാലത്ത് 'എപ്പിസ്കോപ്പൽ' ഭരണത്തിന്റെ നേതൃസ്ഥാനങ്ങളിൽ വൈദികരെയും അദ്ദേഹം ഉൾപ്പെടുത്തിയിരുന്നു. സുറിയാനിസഭയുടെ അംഗീകൃത കാനോനാകൾ എപ്പിസ്കോപ്പാ - കശ്ശീശാ ബന്ധത്തെപ്പറ്റി ഇന്ന് പ്രയോഗത്തിലുള്ള ബന്ധമല്ല വരച്ചുകാട്ടിയിട്ടുള്ളത്. ഇന്ന് കാണുംപോലെ ഫ്യൂഡൽ ശ്രേണിയിലെ കീഴ്ജീവനക്കാരനായി, മേലധികാരിയായ മേല്പട്ടക്കാരനെ മുഖസ്തുതികൊണ്ടും പാദസേവകൊണ്ടും ഫ്യൂഡൽ ആചാര - ഉപചാരപദങ്ങൾ കൊണ്ടും വശത്താക്കി കാര്യം കാണുന്ന ഒരു വൈദികസ്ഥാനിയെ കാനോനിൽ വിവക്ഷിച്ചിട്ടേ ഇല്ല. സഭയുടെ മുന്തിരിത്തോപ്പിലെ വേലക്കാരായ അവർ തമ്മിലുള്ളത് യജമാന - ഭൃത്യ ബന്ധമല്ല. ഈ കാനോൻ സംസ്കാരം ആർജ്ജിച്ചതുകൊണ്ടാവാം *മതോപദേശസാരത്തിൽ* 'സുന്നഹദോസ്' എന്ന ശീർഷകം നിർവചിക്കുമ്പോൾ അദ്ദേഹം എഴുതി: ".... ഈ സത്യ ഉപദേശത്തിനും വിശ്വാസരീതിയ്ക്കും ചേരുന്നതായുള്ള കർമ്മാചാരങ്ങൾക്കടുത്ത നടപടിക്രമങ്ങളെയും മര്യാദകളെയും കാലയുക്തംപോലെയും ദേശാവസ്ഥ പോലെയും ക്രമപ്പെടുത്തുവാൻ കാതോലിക്കായ്ക്കടുത്തതും ശ്ലീഹായ്ക്കടുത്തതുമായ നമ്മുടെ വിശുദ്ധസഭയിലെ മേല്പട്ടക്കാർ, പട്ടക്കാർ മുതലായവർ ഒന്നിച്ചുകൂടുന്ന പൊതുവി നടുത്ത സുന്നഹദോസുകൾക്ക് അധികാരമുണ്ട്.." എപ്പിസ്കോപ്പൽ ഭരണശൈലിയുടെ അവതാരകനാണെങ്കിൽപോലും തന്റെ പ്രമാണഗ്രന്ഥത്തിൽ എപ്പിസ്കോപ്പന്മാരുടേതു മാത്രമായി ഒരു സുന്നഹദോസ് അദ്ദേഹം വിഭാവനം ചെയ്തിരുന്നില്ല. സുന്നഹദോസ് എന്ന് എഴുതുമ്പോഴെല്ലാം അദ്ദേഹം വിവക്ഷിച്ചത് സഭ ഒന്നിച്ചുകൂടുന്ന പൊതുസുന്നഹദോസുകൾ എന്നാണ്. വട്ടശ്ശേരിൽ മല്പാന്റെ കൂർമ്മബുദ്ധി അതിൽ നിഴലിച്ചിട്ടുള്ളത് കാണാൻ പ്രയാസമില്ല. മേല്പട്ടക്കാരുടേതു മാത്രമായി ഒരു സുന്നഹദോസ് വിഭാവനം ചെയ്യപ്പെടുന്നതും അതിലേക്കു അധികാരങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നതുമൊക്കെ പില്ക്കാലത്തുണ്ടായ ചില ഏച്ചുകെട്ടലും കൂട്ടിച്ചേർക്കലുകളുമാണ്.

*മതോപദേശസാരങ്ങൾ* വെളിപ്പെടുത്തുന്ന സംവിധാനചാരുതയും വാചം യമിത്വവും ആരെയും അത്ഭുതപ്പെടുത്തും. മുപ്പത്തിനാലു വിഷയങ്ങളെ നിർവചനശൈലിയിൽ അവതരിപ്പിക്കുകയാണ് അതിന്റെ സ്വഭാവം. വേദപുസ്തകം, ആരാധനക്രമങ്ങൾ, കാനോൻ, സൽഗാ എന്നി ഗ്രന്ഥങ്ങളിലെ പദങ്ങളാണ് നിർവചനങ്ങൾക്കു മിക്കവാറും ഉപയോഗിച്ചിട്ടുള്ളത്. സ്വന്തം വിശദീകരണങ്ങളോ വ്യാഖ്യാനങ്ങളോ വിശേഷണ പദങ്ങൾ പോലുമോ അവിടെ കാണുകയില്ല. പകരം ഫുട്നോട്ടിൽ നിർവചനങ്ങൾക്കുപയോഗിച്ച ഓരോ പദത്തിനുമുള്ള ബൈബിൾ റഫറൻസുകൾ സമൃദ്ധിയായി കൊടുത്തിരിക്കുന്നു. ഉദാഹരണത്തിന് ആദ്യത്തെ വിഷയം നോക്കുക. 'ശുദ്ധമുള്ള ത്രിത്വത്തെക്കുറിച്ച്' എന്ന് ശീർഷകം. നിർവചനം ഇപ്രകാരമാണ്: 'കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ ജീവനും സത്യവും ഉള്ള ദൈവം ഒരുവനേ ഉള്ളു. സകലത്തിന്റെയും ആദികാരണൻ ആയിരിക്കുന്ന ഈ ഏകദൈവം അല്ലാതെ വേറെ ദൈവം ഇല്ല. താൻ അനാദിയായുള്ളവനും നിത്യനും അദൃശ്യനും സർവജ്ഞാനിയും സർവവ്യാപിയും നന്മയിൽ പൂർണ്ണനും നിർണ്ണയിക്കപ്പെടാവതല്ലാത്തവനും ഭേദമില്ലാത്തവനും സകലത്തെയും ഭരിക്കുന്നവനുമാകുന്നു. ഈ ദൈവത്വത്തിൽ പിതാവെന്നും പുത്രനെന്നും ശുദ്ധമുള്ള റൂഹാ എന്നും മൂന്ന് ആളുകൾ ഉണ്ട്. ആയത് ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും അത്രേ. തമ്മിൽ മുമ്പിമ്പോ വലിപ്പച്ചെറുപ്പമോ ശക്തി വ്യത്യാസമോ ഇല്ല. ഈ മൂന്ന് ആളുകൾക്കും ഏകസാരാംശവും ഏകരാജിതവും ഏകസ്വഭാവവും ഏക ഇഷ്ടവും ഏക നിരൂപണയും ഏക ശക്തിയും ഏക ശ്രേഷ്ഠതയും ഏക കർത്തവ്യവുമാകുന്നു." വിശ്വാസപ്രമാണത്തിലും പെന്തിക്കോസ്തി ശുശ്രൂഷയുടെ പ്രുമിയോനുകളിലും ഉള്ള, തെരഞ്ഞെടുത്തവയും സ്വയം വിശദീകരണക്ഷമങ്ങളും ധ്വന്യാത്മകവുമായ പദങ്ങൾ, അത്യുക്തിയോ ന്യൂനോക്തിയോ, തർക്കശാസ്ത്രഭാഷയിൽ അവ്യാപ്തിയോ അതിവ്യാപ്തിയോ കൂടാതെ നിർവചനം രചിച്ചിരിക്കുന്നു. കേൾവിക്കാർക്കു മധുരമായി തോന്നുംവിധം ഭാഷാവ്യവഹാരം നടത്തുന്നവരെയല്ലാ, 'സ്വർണ്ണനാവുകാരൻ' എന്ന് വിശേഷിപ്പിക്കേണ്ടത്, പ്രത്യുത അളന്ന് തൂക്കി വാക്കുകളെ തേച്ചുമിനുക്കി സംവേദക്ഷമതയോടെ ആശയവികാരസംക്രമണം സാധിക്കുന്ന ആളാണ് ഈ വിശേഷണത്തിന് കൂടുതൽ അർഹനാകേണ്ടത്. ആ നിലയിൽ വിലയിരുത്തിയാൽ 'മതോപദേശസാരങ്ങളുടെ' രചയിതാവിനേക്കാൾ *സ്വർണ്ണനാവുകാരൻ* എന്ന് വിശേഷിപ്പിക്കുവാൻ അർഹതയുള്ള മറ്റൊരാൾ മലങ്കരസഭയിൽ ഇനിയും പിറവികൊള്ളേണ്ടതായിരിക്കുന്നു. അച്ചടിച്ച പതിനാറുവരിയിൽ നൽകിയ ത്രിത്വനിർവചനത്തെ സാധൂകരിക്കുന്ന പന്ത്രണ്ടു ബൈബിൾ ഉദ്ധരണികൾ ഫുട്ട്നോട്ടിൽ ചേർത്തിരിക്കുന്നു. മലങ്കരസഭ വേദപുസ്തകത്തെ



അവഗണിക്കുന്നു എന്ന് ആക്ഷേപിച്ചുകൊണ്ടിരുന്ന നവീകരണക്കാരുടെ നാവടക്കുവാൻ ഇതിനേക്കാൾ ഫലപ്രദവും പ്രസക്തവുമായ മറ്റൊരവതരണശൈലി നിർദ്ദേശിക്കാനാവുമോ?

നവീകരണആശയങ്ങളുടെ പ്രചാരകന്മാരുമായി സംവാദങ്ങളിലേർപ്പെടുന്ന വട്ടശ്ശേരിൽ മല്പാനെ ഇസ്സഡ്. എം. പാറേട്ട് പരിചയപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ഉദാഹരിക്കുന്ന ഒരു സംഭവം പില്ക്കാല നവീകരണസഭയിലെ വികാരി ജനറൽ ആയിത്തീർന്ന കോവൂർ ഐപ്പ് തോമ്മാ കത്തനാരുമായുള്ള സംവാദമാണ്. രസകരമായ പ്രതിപാദനശൈലിയിലൂടെയും അന്തസ്സാരവിഹീനങ്ങളായ കഥാകഥനങ്ങളിലൂടെയും ചില കൺവെൻഷൻ പ്രസംഗകരെപ്പോലെ കേൾവിക്കാരെ കൈയിലെടുക്കുക പതിവായിരുന്ന കോവൂരച്ചനെ മർമ്മജ്ഞനും മിതഭാഷിയുമായ കഥാപുരുഷൻ പരാജയപ്പെടുത്തി എന്നാണ് പാറേട്ടു രേഖപ്പെടുത്തിയിട്ടുള്ളത്.[14]

(നവീകരണസഭയ്ക്കും മലങ്കര സുറിയാനിസഭയ്ക്കും ഒരേ പൈതൃകമാണുള്ളതെങ്കിലും നവീകരണ നേതാക്കൾ ഈ പൊതുപൈതൃകത്തെപ്പറ്റി മിക്കവാറും അജ്ഞരായിരുന്നു. പൊതുപൈതൃകം മനസ്സിലാക്കുവാൻ അനിവാര്യമായും ആവശ്യമായിരുന്ന സുറിയാനി ഭാഷാപരിചയം ഉള്ളവർ നവീകരണ വിഭാഗത്തിൽ തുലോം കുറവായിരുന്നു. അവരിൽ ഉന്നതസ്ഥാനീയരായ പലരും - കോവൂരച്ചൻ ഉൾപ്പെടെ - സുറിയാനി ഭാഷാ പണ്ഡിതരാണെന്ന് ആളുകളെ തെറ്റിധരിപ്പിക്കുവാൻ പ്രാർത്ഥനകളും മറ്റും മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിരുന്നത് സുറിയാനി അക്ഷരമാല ഉപയോഗിച്ച് കർസോനിയിൽ എഴുതിയിരുന്നതിന്റെ ചില ഉദാഹരണങ്ങൾ ലേഖകന്റെ സുറിയാനി കൈയെഴുത്തു ഗ്രന്ഥശേഖരത്തിലുണ്ട്. സുറിയാനിയിൽ മാത്രം അന്നു ലഭ്യമായിരുന്ന 'പട്ടംകൊട' ക്രമവും 'പള്ളികൂദാശ' ക്രമവും വേണ്ടതുപോലെ ഗ്രഹിക്കുവാൻ ആവശ്യമായത്ര സുറിയാനിഭാഷാ ശേഷി ഇല്ലാത്തതിനാൽ അവർ പില്ക്കാലത്ത് ക്രോഡീകരിച്ച പല പള്ളിക്രമങ്ങളും അനുഷ്ഠാനപരമായ വൈകല്യങ്ങൾകൊണ്ട് വിരൂപമായിത്തീർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഷ്ടപ്പെട്ടുപോയ ആ വിശിഷ്ട പാരമ്പര്യങ്ങൾ ഒട്ടൊക്കെ വീണ്ടെടുക്കുവാൻ ആ സഭാവിഭാഗങ്ങൾ ശ്രദ്ധിച്ചുതുടങ്ങിയിട്ടുണ്ടെന്നുള്ളത് ശ്ലാഘനീയം തന്നെ. വേദപുസ്തകം മാത്രം അടിസ്ഥാനപ്പെടുത്തിയും വിശുദ്ധ പാരമ്പര്യങ്ങളെ അവഗണിച്ചും വിശ്വാസവിഷയങ്ങളിൽ അവസാന തീരുമാനങ്ങൾ കൈക്കൊ ണ്ടത് പുനഃപരിശോധനാർഹമാണെന്ന്, ആലുവാ ഫെലോഷിപ്പ് ഹൗസ് കേന്ദ്രമാക്കി ഓർത്തഡോക്സ് - മാർത്തോമ്മാ ഡയലോഗ് സംഘടിപ്പിച്ച ഇരു സഭകളിലേയും നേതാക്കൾ മുഖ്യമായും ഫാദർ പോൾ വർഗ്ഗീസും (പൗലോസ് മാർ ഗ്രിഗോറി

യോസ്) പ്രൊഫ. സി. പി. മാത്യുവും ഒടുവിൽ പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിൽ സൂചിപ്പിച്ചിട്ടുള്ളത് ഇത്തരുണത്തിൽ ശ്രദ്ധേയം തന്നെ.)

ഇക്കഴിഞ്ഞ ഏഴെട്ടു ദശാബ്ദങ്ങളായി മലങ്കരസഭയിൽ നിലവിലിരുന്ന സൺഡേസ്കൂൾ പുസ്തകങ്ങളുടെ സിലബസ്സും പാഠാവലികളും തയാറാക്കുവാൻ 'മതോപദേശസാരങ്ങൾ' ഏറെ സഹായിച്ചിട്ടുണ്ട്.

## സഭാചരിത്രക്കുറിപ്പുകൾ

സ്മര്യപുരുഷന്റെ സഭാചരിത്ര വിജ്ഞാനം വിലയിരുത്തുവാൻ ആവശ്യമായ ഗ്രന്ഥങ്ങളൊന്നും അദ്ദേഹം പ്രസിദ്ധീകരിച്ചതായി അറിവില്ല. എന്നാൽ ആദ്യം കോട്ടയത്തും പിന്നീട് പരുമലയിലും അദ്ദേഹത്തിന്റെ കീഴിൽ വൈദിക വിദ്യാഭ്യാസം നടത്തിയ ഒരു ചീരൻ വി. വർഗ്ഗീസ് അക്കാലത്ത് സെമിനാരി ക്ലാസ്സുകളിൽ വച്ച് എഴുതിയ കുറിപ്പുകൾ, ഭാഗ്യവശാൽ നമുക്കു ലഭിച്ചിട്ടുണ്ട്. The Faith of Our Fathers എന്ന ശീർഷകമുള്ള പ്രസ്തുത ഗ്രന്ഥം മേൽപ്പറഞ്ഞ വൈദിക വിദ്യാർത്ഥി എഴുതിയ കുറിപ്പുകളുടെ ഇംഗ്ലീഷ് വിവർത്തനമാണെന്ന്, ഗ്രന്ഥം പ്രസാധനം ചെയ്ത മക്കൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്[15] (വൈദിക വിദ്യാർത്ഥിയായിരുന്ന ഈ ചീരൻ വി. വർഗ്ഗീസ് വൈദികനാവാതെ അജ്ഞാതമായ ഏതോ കാരണങ്ങളാൽ പരുമല സെമിനാരിയിൽ നിന്ന് വിട്ടുപോന്നു സ്കൂൾ അധ്യാപകവൃത്തിയിൽ പ്രവേശിച്ചു. മാന്നാർ തച്ചേരിൽ കുടുംബത്തിൽ നിന്ന് വിവാഹം കഴിച്ച് അവിടെ സ്ഥിരതാമസമാക്കി. 1956 ൽ നിര്യാതനായി). ഈ കുറിപ്പുകളിലൂടെ - അധ്യാപകൻ നൽകിയ നോട്ട്സ് ആണ് ഈ കുറിപ്പുകൾ - അധ്യാപകന്റെ വിജ്ഞാന മണ്ഡലത്തിലേക്കു തീർത്ഥയാത്ര നടത്തുക സാധ്യമാണ്. രണ്ടു ഭാഗങ്ങൾ ആയി തിരിച്ച കുറിപ്പുകളുടെ ഒന്നാം ഭാഗത്തിന്റെ ശീർഷകം ആദിമക്രൈസ്തവസഭയും വിഭജനങ്ങളും എന്നാണ്. ഒന്നാം ഭാഗത്തിൽ അപ്പോസ്തോലിക കാലം (എ. ഡി. 30-70) അപ്പോസ്തോലിക പിതാക്കന്മാരുടെ കാലം (എ. ഡി. 70-110), വേദവിപരീതങ്ങൾ, സാർവ്വത്രിക സുന്നഹദോസുകൾ (സഭയുടെ വിശ്വാസം, ആചാരങ്ങൾ ഉൾപ്പെടെ), സഹോദരീസഭകൾ, ഓർത്തഡോക്സ് സഭകൾ, ആദിമ സഭയുടെ സാമൂഹിക നിലവാരം, സഭയിലെ ആരാധനക്രമങ്ങൾ, സഭാ ഭരണം, സഭയുടെ വളർച്ച എന്നിങ്ങനെ പത്തു അദ്ധ്യായങ്ങളുണ്ട്. രണ്ടാം ഭാഗത്തിൽ മാർത്തോമ്മായുടെ ആഗമനം, രണ്ടും മൂന്നും ശതകങ്ങളിലെ സഭ, സിറിയൻ കുടിയേറ്റം, രണ്ടാം കുടിയേറ്റം, നെസ്തോറിയൻ കാലഘട്ടം, കൂനൻകുരിശു പ്രതിജ്ഞ, അന്ത്യോഖ്യൻ സഭയും മലങ്കരസഭയുടെ നവോത്ഥാനവും, മാർത്തോമ്മാ 7 -ാമൻ മുതൽ 9 -ാമൻ വരെ, മാത്യൂസ് മാർ അത്താനാസ്യോസും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമനും, വട്ടശ്ശേരിൽ മാർ ഗീവറുഗ്ഗീസ് ദീവന്നാസ്യോസിന്റെ ഭരണകാലം എന്നിങ്ങനെ പത്ത് അദ്ധ്യായങ്ങളുണ്ട്.



ആകെ 20 അദ്ധ്യായങ്ങൾ ഉള്ളതിൽ ആദ്യത്തെ പത്തും പൊതുസഭയെ പരാമർശിക്കുന്നതും ഒടുവിലത്തെ പത്തെണ്ണം മലങ്കരസഭയെക്കുറിക്കുന്നതും ആകുന്നു. സെമിനാരി ക്ലാസ്സുകളിലെ നോട്ടുകൾ ആയതിനാൽ എല്ലാ അദ്ധ്യായങ്ങളും അനതിദീർഘങ്ങളാണ്. അധ്യാപകന്റെ വാചം യമിത്വവും നിർവചന സ്വഭാവവും ഈ സെമിനാരി നോട്ടുകളിലും കാണാം. കഥാപുരുഷൻ ലോകസഭകളെക്കുറിച്ചും അവയിലെ വൈവിധ്യമാർന്ന വിശ്വാസപാരമ്പര്യാനുഷ്ഠാനങ്ങളെപ്പറ്റിയും നൽകുന്ന ഉൾക്കാഴ്ചകൾ ആശ്ചര്യകരമാണ്. ഒന്നാം ഭാഗത്തിലെ 9 -ാം അദ്ധ്യായത്തിൽ - സഭാഭരണ നിർവഹണം - കാണുന്ന ഒരു ഖണ്ഡിക വിവർത്തനം ചെയ്തു ചേർക്കുന്നു:

"ഒരിടവകപ്പള്ളിയുടെ അധ്യക്ഷനാണ് ബിഷപ്പ് (എപ്പിസ്കോപ്പാ) എന്ന് ആദ്യം കരുതിവന്നു. പിന്നീട് ഒന്നിലേറെ ഇടവകകൾ ആ സമൂഹത്തിന്റെ കീഴിൽ വരികയും ശ്ലൈഹിക പിന്തുടർച്ചാ സിദ്ധാന്തങ്ങൾ രൂപപ്പെടുകയും ചെയ്തപ്പോൾ സഭയിൽ ഭദ്രാസനങ്ങൾ രൂപീകൃതമായി. കുർബ്ബാനാർപ്പണത്തിനും മാമ്മൂദീസായ്ക്കും എപ്പിസ്കോപ്പന്മാർക്കു പുറമേ എപ്പിസ്കോപ്പാ കൈവെപ്പുമൂലം കശ്ശീശന്മാരെ നിയമിച്ചുവന്നു; അവരും സഭാകൗൺസിലുകളിൽ അധ്യക്ഷത വഹിച്ചുപോന്നു. പുരോഹിതന്മാർ എപ്പിസ്കോപ്പാമാരുടെ സാന്നിദ്ധ്യത്തിൽ കുർബ്ബാന അർപ്പിച്ചുകൊണ്ടും ആലോചനകൾ, സഹകരണം ഭരണനിർവഹണം എന്നിവ കൊണ്ടും എപ്പിസ്കോപ്പായെ സഹായിച്ചുപോന്നു. ക്രമേണ പുരോഹിതർ മാമ്മൂദീസാ നടത്തുവാൻ തുടങ്ങി. ചുരുക്കത്തിൽ, ചില കാര്യങ്ങളൊഴിച്ച് പുരോഹിതന്മാർ എപ്പിസ്കോപ്പന്മാർക്കു തുല്യരായിരുന്നു. ശെമ്മാശ്ശന്മാർ പൊതു ആരാധനകളിലും കൂദാശകളിലും പുരോഹിതന്മാരെ സഹായിക്കുകയും ചിലപ്പോൾ പ്രാർത്ഥനകൾക്കു സ്വയം നേതൃത്വം വഹിക്കുകയും ചെയ്തിരുന്നു. ..." പേജ് 65.

സ്മര്യപുരുഷന്റെ സഭാചരിത്രജ്ഞാനമാണ് ഈ ഖണ്ഡികയിൽ നിറഞ്ഞുനില്ക്കുന്നത്. ഹൂദായകാനോനിൽ നിന്ന് ആർജ്ജിച്ച ഈ സംസ്കാരം തന്നെയാണ് *മതോപദേശസാരത്തിൽ* കാണുന്നത്.

## സുറിയാനി ഒന്നാം പാഠ പുസ്തകം

വട്ടശ്ശേരിൽ മെത്രാപ്പോലീത്താ മല്പാനായിരുന്ന കാലത്തു വൈദികാഭ്യസനത്തിന്റെ സിംഹഭാഗവും നിർവഹിച്ചിരുന്നത് സുറിയാനി ഭാഷാ പഠനത്തിന് വേണ്ടിയായിരുന്നു. പ്രതിദിന കാനോനാ പ്രാർത്ഥനകളും കൂദാശക്രമങ്ങളും മൂലഭാഷയിൽ ഉപയോഗിക്കേണ്ടിവന്നിരുന്നു.

അക്കാലത്ത്, വൈദികർക്കു സുറിയാനി ഭാഷാജ്ഞാനം അപരിത്യാജ്യമായിരുന്നു. ആരാധനാ മദ്ധ്യേയുള്ള ഏവൻഗേലിയോൻ വായനകളും അന്ന് സുറിയാനി പുസ്തകം നോക്കി വായിക്കണമായിരുന്നു. ചിലരെങ്കിലും ആയത് തൽസമയ വിവർത്തനം നടത്തി വായിക്കുമായിരുന്നു. കുർബ്ബാനക്രമത്തിൽ ശുശ്രൂഷക്കാർക്കു ചൊല്ലാനുള്ള തൂബ്ദേനുകളും ജനങ്ങളുടെ പ്രതിവാക്യങ്ങളും മലയാളത്തിലേക്കു വിവർത്തനം ചെയ്ത നമസ്കാരക്രമങ്ങൾ പുലിക്കോട്ടിൽ മെത്രാച്ചൻ പ്രസിദ്ധീകരിച്ചിരുന്നതൊഴിച്ചാൽ മറ്റെല്ലാ ക്രമങ്ങളും മൂലഭാഷയിൽത്തന്നെ ഉപയോഗിക്കേണ്ടിയിരുന്നു. നോമ്പിലെയും കഷ്ടാനുഭവയാഴ്ചയിലേയും പ്രാർത്ഥനകൾ പുലിക്കോട്ടിൽ മെത്രാച്ചന്റെ നമസ്കാരവിവർത്തനത്തിലുണ്ടായിരുന്നെങ്കിലും അവ വീടുകളിലെ ഉപയോഗത്തിനല്ലാതെ ദേവാലയാരാധനകളിൽ ഉപയോഗിച്ചിരുന്നില്ല. സുറിയാനി ഭാഷയിലുള്ള പരിജ്ഞാനം കൂടാതെ കാനോൻ, വിശ്വാസവ്യാഖ്യാനങ്ങൾ തുടങ്ങിയവ ഗ്രഹിക്കുവാൻ കഴിയുമായിരുന്നില്ല. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും വൈദികർ സുറിയാനി ഭാഷയിൽ മികവു പുലർത്തുന്നതിൽ പരാജയപ്പെട്ട ചരിത്രമാണ് നാം കാണുന്നത്. തങ്ങൾക്കു നടത്തുവാനുള്ള ആരാധനകൾ മാത്രം വളരെ ക്ലേശിച്ച് നടത്തുവാനുള്ള മിനിമം സുറിയാനി ഭാഷാജ്ഞാനം മാത്രം നേടി വൈദികർ തൃപ്തിപ്പെട്ടുപോന്നു. വൈദികർ പൂജാരികൾ മാത്രമാണെന്ന് ആക്ഷേപമുയർന്നത് ഈ പശ്ചാത്തലത്തിലാണ്. ആളുകൾ ആരാധനയിൽ നിന്ന് അകലുവാൻ ഇതൊരു കാരണമായി. സ്മര്യപുരുഷൻ മല്പാനായി ചുമതലയേൽക്കുന്നത് ഈ പരിതഃസ്ഥിതിയിലാണ്. താൻ കൈയേൽക്കുന്ന ഏത് ചുമതലയും കൃത്യതയിലും ചിട്ടയിലും നടത്തുക സ്വഭാവമായിരുന്ന അദ്ദേഹത്തെ, സുറിയാനി ഭാഷാപഠനത്തിന് സഹായിക്കുന്ന പാഠപുസ്തകങ്ങളുടെ അഭാവം വേദനിപ്പിച്ചു. ഗുരുമുഖത്തുനിന്ന് കേൾക്കുന്നതിനപ്പുറം സുറിയാനിഭാഷയുടെ ആഴത്തിലേക്കും വിസ്തൃതിയിലേക്കും വിപഠിഷുക്കളായ വൈദികവിദ്യാർത്ഥികൾക്കു സഞ്ചരിക്കുവാൻ സഹായകമായ ഒരു സുറിയാനി പാഠപുസ്തകം അദ്ദേഹം രചിക്കാനിടയായ പശ്ചാത്തലം ഇതാണ്. സുറിയാനി അക്ഷരമാല പരിചയപ്പെടുത്തുന്നതിൽ നിന്നാരംഭിച്ച് സുറിയാനി പദങ്ങൾ പരിചയിപ്പിച്ച് വ്യാകരണനിയമങ്ങൾ ഉൾപ്പെടുത്തി രചിച്ച ആ ലഘു ഗ്രന്ഥം അവധാനപൂർവ്വം പഠിക്കുന്നവർക്കു പരസഹായം കൂടാതെ തന്നെ സുറിയാനിഭാഷ വശപ്പെടുത്തുവാൻ കഴിയും. യാതൊരു ഔദ്യോഗിക സ്ഥാപനത്തിന്റെയും കൃപാകടാക്ഷം ലഭിക്കാതെപോയ പല വൈദികവിദ്യാർത്ഥികൾക്കും സുറിയാനി പഠനത്തിന് വട്ടശ്ശേരിൽ മല്പാനച്ചൻ രചിച്ച സുറിയാനി ഒന്നാംപാഠപുസ്തകം പ്രകാശഗോപുരമായിരുന്നു (ഈ എഴുത്തുകാരനും ആ ഗ്രന്ഥം സുറിയാനിപഠനത്തിന്റെ ആദ്യനാളുകളിൽ ഉപയോഗിച്ചിട്ടുള്ളത് നന്ദിപൂർവ്വം സ്മരിക്കുന്നു). 1950 കളിലേക്കു വന്ന



പ്പോഴേക്കും മട്ടയ്ക്കൽ മല്പാൻ, പാമ്പാക്കുട മല്പാൻ, ഔഗേൻ ബാവാ, ഗീവറുഗീസ് പണിക്കരച്ചൻ (ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്), തകിടിയിൽ യാക്കോബ് കത്തനാർ, നരിമറ്റത്തിൽ യോഹന്നാൻ മല്പാൻ (യൂഹാനോൻ മാർ സേവേറിയോസ്) തുടങ്ങിയവരുടെ ശ്രദ്ധയും ശ്രമവും മൂലം മിക്ക ആരാധനക്രമങ്ങളും മലയാളഭാഷയിൽ ലഭ്യമായതോടെ സുറിയാനി ഒന്നാംപാഠപുസ്തകം അവഗണനയിലേക്കു പതിച്ചു. എന്നിരുന്നാലും സുറിയാനി കൂട്ടി വായിക്കുവാൻ സഹായിക്കുന്ന ഒരു കൃതി എന്ന നിലയിൽ അതു അടുത്തകാലംവരെയും ഉപയോഗത്തിലിരുന്നു ( ഇന്ന് സുറിയാനി ഭാഷയും അതിന്റെ വ്യാകരണമുറകളും രാഗസംവിധാനങ്ങളും ഒരനാവശ്യഭാരമായി ചിന്തിച്ചുതുടങ്ങിയിട്ടുണ്ട്. ഭാഷ മരിച്ചെങ്കിലും രാഗസംവിധാനം ഈ അടുത്തകാലംവരെ മേല്പട്ടക്കാരുടെ തലത്തിലെങ്കിലും ഉപയോഗത്തിലിരുന്നു. വിരലിലെണ്ണാവുന്ന ഏതാനും പേർ മാത്രം ഇന്നും അതു ഉപയോഗിക്കുന്നതായി കണ്ടിട്ടുണ്ട്. സുറിയാനി ഭാഷ ഒഴിവാക്കുവാൻ കാലമായോ എന്ന ഒരു ചോദ്യം ഇവിടെ ഉന്നയിക്കുകയാണ്. സഭയിലെ അനുഷ്ഠാനങ്ങളുടെ വ്യാഖ്യാനനിർവചന പ്രമാണഗ്രന്ഥങ്ങൾ ഇനിയും ഭാഷയിലേക്കു പരിഭാഷ ചെയ്യപ്പെട്ടിട്ടില്ല. സുറിയാനി ഭാഷയുടെ സഹായം കൂടാതെ അവ ഗ്രഹിക്കാനൊക്കുകയില്ല. സഭയിൽ പല അനുഷ്ഠാനപാരമ്പര്യങ്ങളും വൈവിധ്യത്തിൽനിന്ന് വൈവിധ്യത്തിലേക്കു വ്യത്യാസപ്പെട്ടുകൊണ്ടേയിരിക്കുമ്പോൾ സ്വന്തം വ്യാഖ്യാനങ്ങൾ നൽകി അവയെ ന്യായീകരിക്കുവാനല്ലാതെ വൈവിധ്യങ്ങൾക്കാധാരമായ വിഷയങ്ങളെപ്പറ്റി മൂലഭാഷയിൽ മാത്രം ലഭ്യമായ പ്രമാണഗ്രന്ഥങ്ങൾ എന്തു പറയുന്നുവെന്ന് പരിശോധിക്കുവാനുള്ള ഭാഷാശേഷി നഷ്ടപ്പെട്ടതുമൂലം അനേകം പേർ ഇരുട്ടിൽ തപ്പുകയും ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. പള്ളികൂദാശയിലെ ശിലാവിന്യാസനത്തിലെ കൂദാശാപരമായ അനുഷ്ഠാനങ്ങൾ, പട്ടംകൊടയിലെ നില്പ്, അംശവസ്ത്രധാരണം, അർക്കദിയോക്കാൻ സ്ഥാനം, സ്ഥാനചിഹ്നദാനം മുതലായ ക്രിയാംശങ്ങളിലെല്ലാം കാണുന്ന വൈവിധ്യങ്ങൾക്കു മുഖ്യകാരണം സുറിയാനിഭാഷയിലെ പ്രമാണഗ്രന്ഥങ്ങൾ വായിക്കുവാനുള്ള കഴിവില്ലായ്മയാണ്. ആധികാരികഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുവാൻ സംഘടിതവും ഔദ്യോഗികവുമായ ശ്രമം അടിയന്തിരമായി ആരംഭിക്കുവാൻ സമയം വൈകി. ആ യത്നം യഥാവിധി പൂർത്തിയാകുംവരെയെങ്കിലും സുറിയാനി ഭാഷാപഠനം അലംഭാവം കൂടാതെ തുടരേണ്ടതുണ്ടെന്ന് ആരും സമ്മതിക്കും. സുറിയാനി ഭാഷാപഠനത്തോടു കാണിക്കുന്ന അനാദരവും ഉദാസീനതയും മാതൃഭാഷയോടുള്ള സ്നേഹം മൂലമായിരുന്നെങ്കിൽ ക്ഷന്തവ്യമായേനേ. സുറിയാനി രാഗത്തെ ഉപേക്ഷിക്കുവാൻ നവീകരണക്കാർ ഉന്നയിച്ച ന്യായീകരണം മാതൃഭാഷാസ്നേഹമായിരുന്നെങ്കിലും അവർ എത്തിച്ചേർന്നത് പാശ്ചാത്യ സംഗീതത്തിലേക്കാണെന്നത് മറക്കരുതാത്ത പാഠമാണ്.

നവീകരണക്കാരുമായുള്ള കേസിന്റെ പശ്ചാത്തലത്തിൽ സ്മര്യപുരുഷൻ തയ്യാറാക്കിയ *മതോപദേശസാരം*, സുറിയാനി ഒന്നാം പാഠപുസ്തകം, സഭാചരിത്ര കുറിപ്പുകൾ എന്നിവ നാം സ്ഥാലീപുലാകന്യായേന പരിശോധിച്ചുകഴിഞ്ഞു. മലങ്കര - അന്ത്യോഖ്യാ ബന്ധത്തെപ്പറ്റി റോയൽക്കോടതി വിധിയിൽ പ്രഖ്യാപിക്കപ്പെട്ട ഭൂരിപക്ഷതീരുമാനം അക്കാലത്തെ മലങ്കരസഭയുടെ അറിവിനെയും ബോദ്ധ്യത്തെയും സത്യസന്ധമായി പ്രതിഫലിപ്പിക്കുന്നുണ്ട്. ഇന്നത്തെ ചുറ്റുപാടിൽ റോയൽക്കോടതിവിധിക്ക് പല അപൂർണ്ണതകളും വൈകല്യങ്ങളും ഉണ്ടെന്ന് ചില പണ്ഡിതന്മാർ പ്രസ്താവിച്ചുകണ്ടിട്ടുണ്ട്. കാളിദാസ കവിതയിലെങ്ങും കമ്പ്യൂട്ടർ മുഖേനയുള്ള ആശയവിനിമയത്തെ പരാമർശിച്ചിട്ടില്ലാത്തതിനാൽ കാളിദാസ പ്രതിഭയ്ക്കു ന്യൂനതയുണ്ടെന്ന് വാദിക്കുംപോലെ ബാലിശവും യുക്തിരഹിതവുമായ നിലപാടാണത് (രാമായണത്തിലും, മഹാഭാരതത്തിലും പുരോഗമനസ്വഭാവം വേണ്ടത്ര ഇല്ലാത്തതുകൊണ്ട് അവ ചുട്ടുകളയണമെന്ന് വാദിച്ച പുരോഗമന കലാസാഹിത്യ നായകന്മാർ കേരളത്തിലുണ്ടായിട്ടുണ്ട്. അവരുടെ അനുജന്മാർ ഈയിടെ നമ്മുടെ സഭാചരിത്ര രംഗം കീഴടക്കുവാൻ വിഫലമായി യത്നിക്കുന്നുണ്ട്).

മുളന്തുരുത്തി സുന്നഹദോസിന്റെ നിലപാടിനോട് പൂർണ്ണ യോജിപ്പാണ് വട്ടശ്ശേരിൽ ശെമ്മാശ്ശന് എന്ന് (അദ്ദേഹത്തിന് അന്ന് പതിനെട്ട് വയസ്സ് പ്രായമുണ്ട്) സഭാചരിത്ര മർമ്മഗ്രാഹിയായ ഡോ. വി. സി. സാമുവേൽ അച്ചൻ നിരീക്ഷിച്ചിട്ടുണ്ട്.[16] റോയൽക്കോടതി ജഡ്ജിമാരിൽ ഒരാളായ ഓറംസ്ബി ഭൂരിപക്ഷ വിധിന്യായത്തോടു വിയോജിച്ചുകൊണ്ട് എഴുതിയ ന്യൂനപക്ഷവിധിയിൽ ഭൂരിപക്ഷവിധി തയ്യാറാക്കുവാൻ ജഡ്ജിമാർ അവലംബമായി സ്വീകരിച്ച ഇട്ടൂപ്പ് റൈട്ടരുടെ സഭാചരിത്രത്തേയും മുളന്തുരുത്തി സുന്നഹദോസ് നിലപാടുകളേയും അതിരൂക്ഷമായി വിമർശിച്ചിട്ടുള്ളതിനെ ഭൂരിപക്ഷവിധിയെക്കാൾ സ്വീകാര്യമായി കരുതിയാഘോഷിക്കുന്ന ചില മലങ്കരസഭാചരിത്ര പണ്ഡിതന്മാർ ഇന്നുണ്ട്. ഓറംസ്ബിയുടെ ആംഗ്ലിക്കൻ സഭാപശ്ചാത്തലം നവീകരണ വിഭാഗത്തോട് സമാനമായതുകൊണ്ടാണ് ഒരു സഭയുടെ പ്രാദേശിക സുന്നഹദോസ് നിശ്ചയങ്ങളെ അദ്ദേഹം ഗൗരവവിഹീനമായിക്കണ്ടത് (മുളന്തുരുത്തിയിൽ 1876 ൽ നടന്നത് ഒരു പൊതുസഭാ സിനഡ് തന്നെയായിരുന്നു. പ്രാദേശിക സ്വതന്ത്രസഭകൾക്കു സ്വന്തം സഭയുടെ ഭരണപരമായ പ്രതിസന്ധികളിൽ നിർണ്ണായക തീരുമാനമെടുത്ത് മുന്നോട്ടുപോകാമെന്ന് വാദിക്കുന്ന ആംഗ്ലിക്കൻ സഭയുടെ പശ്ചാത്തലമുള്ള ഓറംസ്ബി തന്നെ, അപ്രകാരം സ്വാതന്ത്ര്യം ഉള്ള മലങ്കരസഭ മുളന്തുരുത്തി സുന്നഹദോസിലെടുത്ത തീരുമാനങ്ങൾക്ക് വിലയില്ലെന്ന് രേഖപ്പെടുത്തിയതിലെ അസ്വാഭാവികതയും യുക്തിവിഹീനതയും ദുരൂഹതയും ശ്രദ്ധിക്കേണ്ടതാണ്



(ഇട്ടൂപ്പ് റൈട്ടർ സഭാചരിത്ര രചനയ്ക്ക് അയോഗ്യനായിരുന്നു എന്ന നിരീക്ഷണങ്ങൾ അപക്വവീക്ഷണത്തിന്റെ ഫലമാണ്. ഒരു ചരിത്രമില്ലാതിരുന്ന കാലത്ത് പുതിയ വഴിവെട്ടുന്ന ഒരാളിന്റെ ക്ലേശവും ദീർഘവീക്ഷണവും സ്വീകരിച്ച അദ്ദേഹത്തിന്റെ ഗവേഷണ ചതുരതയെ ആദരിച്ചില്ലെങ്കിലും അപമാനിക്കുന്നത് സ്വന്തം അല്പത്വം വിളംബരം ചെയ്യുന്നതിന് തുല്യമാണ്. യാതൊരു പുരാരേഖയും പരിശോധിക്കുവാനുള്ള ക്ഷമയോ അറിവോ നേടാത്ത ഒരാൾക്ക് മാത്രമേ ഇട്ടൂപ്പ് റൈട്ടറുടെ സഭാചരിത്ര നിർമ്മാണത്തിന്റെ പിന്നിലെ അദ്ധ്വാനത്തെ പുച്ഛിക്കുവാൻ കഴിയൂ). ഒരു പ്രാദേശിക സ്വതന്ത്രസഭയുടെ ഇംഗിതവും കാഴ്ചപ്പാടുകളും പൂർണ്ണമായും പ്രതിഫലിപ്പിക്കുന്ന റോയൽ ക്കോടതിവിധിയുടെ തീരുമാനങ്ങളോടെ *മതോപദേശസാരത്തിലെ* സ്വരത്തിന് സമ്മാന്യത വന്നിട്ടുള്ളത് തന്മൂലം യുക്ത്യധിഷ്ഠിതമാണ്. 'പാത്രിയർക്കീസിന്റെ അധികാരം കൂടാതെ മലങ്കരയ്ക്കു സ്വന്തം തീരുമാനങ്ങളുമായി നീങ്ങുവാൻ സാധിക്കാതെ വന്നു'[17] എന്ന് ആദരണീയനായ ഡോ. സാമുവൽ ചന്ദനപ്പള്ളി എഴുതിയതിൽ നോട്ടപ്പിശകുണ്ട്. മേൽപ്പട്ടക്കാരെ വാഴിക്കുവാനും മൂറോൻ കൂദാശ ചെയ്യുവാനും പാത്രിയർക്കീസിനെ വിഭാവനം ചെയ്ത (മുളന്തുരുത്തിയിൽ) മലങ്കരസഭ തന്നെ 1934 ൽ കോട്ടയത്തുചേർന്ന എം. ഡി. അസോസ്യേഷൻ യോഗത്തിൽ വച്ച് (സുന്നഹദോസും അസോസ്യേഷനും പേരിലല്ലാതെ കാര്യത്തിൽ വിഭിന്നമല്ലല്ലോ) ആ രണ്ടധികാരങ്ങളും എടുത്തുമാറ്റുകയും അത് കാതോലിക്കായിൽ നിക്ഷിപ്തമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തുവല്ലോ. ആ നടപടികളെ കോടതികൾ നാളിതുവരെ അംഗീകരിക്കുകയല്ലാതെ വിമർശിച്ചിട്ടില്ല. അതിന്റെ അർത്ഥം മുളന്തുരുത്തിയിൽ ഏതെല്ലാം നോട്ടപ്പിശകുകൾ പറ്റിയിട്ടുണ്ടെങ്കിലും അതൊക്കെ ആവശ്യാനുസരണം തിരുത്തുവാൻ അസോസ്യേഷൻ യോഗങ്ങൾക്കു അധികാരവും അവകാശവും കടമയുമുണ്ടെന്നാണ്. അപ്രകാരം ആവശ്യമായ ഭേദഗതികൾ സഭയുടെ പൊതുസമ്മതത്തോടെ അസോസ്യേഷനിൽ പ്രഖ്യാപിക്കുന്നതിന് പകരം മുളന്തുരുത്തി സുന്നഹദോസിനെയും അതിന്റെ സംഘാടകരെയും അതിൽ പങ്കെടുത്ത നമ്മുടെ പിതാക്കന്മാരെയും കുറ്റപ്പെടുത്തിക്കൊണ്ടേയിരിക്കുന്നത് ഇന്നത്തെ സഭാനേതൃത്വത്തിന്റെ ദർശന ദാരിദ്ര്യമായേ വിലയിരുത്താനാവൂ.

### 1903 – ലെ കുർബ്ബാനക്രമം

സ്മര്യപുരുഷൻ 1903 ൽ പ്രസിദ്ധപ്പെടുത്തിയ കുർബ്ബാനക്രമ പരിഭാഷയാണ് അദ്ദേഹത്തിന്റെ അവിസ്മരണീമായ പ്രതിഭാവിലാസം വെളിപ്പെടുത്തുന്ന മറ്റൊരു സംഭാവന. അതിലും മുളന്തുരുത്തി സുന്നഹദോസിന്റെ സ്വാധീനം നിരീക്ഷിക്കാവുന്നതാണ്. 1903 വരെ മലങ്കരസഭയിൽ

ഉപയോഗിച്ചുവന്നിരുന്ന ഒരു കുർബ്ബാനക്രമമുണ്ടായിരുന്നു. വിവിധ നമസ്കാര ക്രമങ്ങൾ, കുമ്പസാരക്രമം, അനുതാപത്തിന്റെ അപേക്ഷകൾ എന്നിവ അതിലും വിവർത്തനം ചെയ്തു ചേർത്തിരുന്നു. കുറഞ്ഞപക്ഷം പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലത്ത് അതിന്റെ പതിമൂന്നു പതിപ്പുകളെങ്കിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മുളന്തുരുത്തി സുന്നഹദോസിന്റെ ശേഷം പ്രസിദ്ധപ്പെടുത്തിയ ഏഴു പതിപ്പുകളുടെ മാതൃകകൾ ഈ ലേഖകൻ ശേഖരിച്ചിട്ടുണ്ട്. ജനങ്ങൾക്ക് ഉപയോഗിക്കുവാനായി തയ്യാറാക്കപ്പെട്ട ഈ പുസ്തകത്തിൽ ജനങ്ങൾ ചൊല്ലേണ്ടുന്ന പ്രതിവാക്യങ്ങളും ശുശ്രൂഷക്കാരൻ ചൊല്ലേണ്ടുന്നവയിൽ തുബ്ദേനുകളും വിവർത്തനം ചെയ്തു ഉൾപ്പെടുത്തിയിട്ടുണ്ട്. ആറ് തുബ്ദേനുകളും അതീവ ഹ്രസ്വങ്ങളും ഇന്നത്തേതിൽനിന്ന് ഭിന്നങ്ങളുമാണ്. ഒന്നാം തുബ്ദേനിൽ ഇഗ്നാത്തിയോസിന്റെ പേർ ഉൾപ്പെടുത്തിയിട്ടുണ്ട്. ബസ്സേലിയോസ്സിന്റെയും ഗ്രിഗോറിയോസിന്റെയും പേരുകളില്ല. ഒന്നാം തുബ്ദേനിലാണ് കശ്ശീശ്ശന്മാരെയും ശെമ്മാശന്മാരെയും സ്മരിക്കുന്നത്. മൂന്നാം തുബ്ദേനിൽ ഭരിക്കുന്ന രാജാവിനും രാജകുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. നാലാം തുബ്ദേനിൽ ദൈവമാതാവിനെ മാത്രമേ പേരെടുത്തു പറഞ്ഞു സ്മരിക്കുന്നുള്ളു. അഞ്ചാം തുബ്ദേനിൽ യാതൊരാളുടെ പേരും പ്രത്യേകമായി സ്മരിക്കുന്നില്ല. എല്ലാ തുബ്ദേനുകളുടേയും സാരാംശവും ക്രമീകരണവും ഇന്നത്തേതിനോട് തുല്യമാണെങ്കിലും രണ്ടു വിവർത്തനങ്ങൾക്കും ആധാരമായി രണ്ട് മൂലകൃതികൾ ഉണ്ടെന്നത് അവിതർക്കിതമാണ്. എല്ലാ ഗാന ഭാഗങ്ങളും ഗദ്യമായിട്ടാണ് അതിൽ വിവർത്തനം ചെയ്തിട്ടുള്ളത് (കുക്കിലിയോൻ ഉൾപ്പെടെ). വേറെയും ചില സാരമായ വ്യത്യസ്തതകൾ അതിൽ കാണുന്നുണ്ട്.

അതേകാലത്തു പാലക്കുന്നത്തു വലിയ മെത്രാച്ചൻ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയ ഗദ്യകുർബ്ബാനക്രമവും സഭയിൽ പല ഭാഗങ്ങളിലും നിലവിലിരുന്നു. ചില ഭാഗങ്ങൾ നവീകരണ സിദ്ധാന്തങ്ങൾക്കനുസൃതമായി തിരുത്തിയിരുന്നു എന്നതൊഴിച്ചാൽ അതിന് പുലിക്കോട്ടിൽ മെത്രാച്ചൻ പ്രസിദ്ധീകരിച്ച ക്രമവുമായി വലിയ വ്യത്യാസങ്ങളില്ലായിരുന്നു. ഇതു കൂടാതെ സെമിനാരി സ്ഥാപകൻ വിവർത്തനം ചെയ്ത കൈയെഴുത്തു പകർപ്പിന്റെ രൂപത്തിൽ മറ്റൊരു കുർബ്ബാനക്രമം പല സ്ഥലങ്ങളിലും പ്രയോഗത്തിലിരുന്നു. അതിലെ പ്രാർത്ഥനകളും പ്രതിവാക്യങ്ങളും നേരത്തെ പ്രസ്താവിച്ചതിൽനിന്നു വ്യത്യസ്തമായിരുന്നു. ഈ നാനാത്വങ്ങളുടെ മദ്ധ്യേ യൂയാക്കിം മാർ കൂറിലോസ് ഇവിടെ പ്രചരിപ്പിച്ച ശീമയിലെ കുർബ്ബാനക്രമവും സുറിയാനി കൈയെഴുത്തു പകർപ്പുകളായി പ്രചരിച്ചിരുന്നു. മലങ്കരസഭ ഏകമാണെങ്കിലും പല പള്ളികളിലും അവരവർക്കഭിമതമായ കുർബ്ബാനക്രമമാണ് ഉപയോഗിച്ചുവന്നത്. ഈ



വൈവിധ്യങ്ങൾക്കു ശാശ്വതപരിഹാരം കാണാൻ സ്മര്യപുരുഷൻ നടത്തിയ ഉദ്യമമാണ് 1903 ലെ കുർബ്ബാനക്രമം. അന്ന് തന്റെ സഹപ്രവർത്തകനായിരുന്ന കോനാട്ട് മാത്തൻ മല്പാനുമൊന്നിച്ചാണ് അതിന്റെ പ്രസിദ്ധീകരണം നടത്തിയത്. താഴെ പറയുന്ന പ്രത്യേകതകൾ അതിനുണ്ടായിരുന്നു.

1. നല്ല ഭാഷ. 2. നാം ഇന്നുപയോഗിക്കുന്നതും യൂയാക്കിം മാർ കൂറിലോസ് പരിചയപ്പെടുത്തിയതുമായ തുബ്ദേനുകൾ സ്വീകരിച്ചു. അതിൽ ഇഗ്നാത്തിയോസ്, ബസ്സേലിയോസ്, ഗ്രിഗോറിയോസ് എന്നിവർ ഓർക്കപ്പെട്ടിരുന്നു. കശ്ശീശന്മാരും ശെമ്മാശ്ശന്മാരും ഒന്നാം തുബ്ദേനിൽനിന്ന് മൂന്നാം തുബ്ദേനിലേക്കു മാറ്റപ്പെട്ടു. അഞ്ചാം തുബ്ദേനിൽ ശീമയിലെ പിതാക്കന്മാരുടെ നീണ്ട ലിസ്റ്റ് പ്രത്യക്ഷമായി. ചുരുക്കത്തിൽ ശീമയിലെ കുർബ്ബാനക്രമം 1903 ൽ മലങ്കരയിൽ പറിച്ചുനട്ടു. 3. ശുശ്രൂഷക്കാർ ചൊല്ലേണ്ടുന്ന എല്ലാ ആഹ്വാനങ്ങളും വിവർത്തനം ചെയ്തു ചേർത്തു. 4. ഗാനങ്ങൾ സുറിയാനി വൃത്തത്തിലും ഈണത്തിലും മലയാളഗാനങ്ങളായി പ്രത്യക്ഷപ്പെട്ടു. 5. കൃംതാ നമസ്കാരങ്ങളിൽ (ഉയിർപ്പു ഞായറാഴ്ചകളിലെ പ്രാർത്ഥനകൾ) ഒരു സെറ്റ് ഏഴു യാമങ്ങളിലേതും മലയാളത്തിൽ ലഭ്യമായി; ഇടയ്ക്കുള്ള സങ്കീർത്തനങ്ങൾ ഗദ്യമായിച്ചേർക്കപ്പെട്ടു.

കുർബ്ബാന ഏകീകൃതമാവാനും ആളുകളുടെ പങ്കാളിത്തം അർത്ഥപൂർണ്ണമായി ഉറപ്പുവരുത്തുവാനും ശുശ്രൂഷക്കാരുടെ ആഹ്വാനങ്ങളോടു അർത്ഥഗ്രഹണത്തോടെ പ്രതികരിക്കുവാനും ഈ ക്രമം കുറച്ചൊന്നുമല്ല സഹായിച്ചത്. അക്കാലത്ത് അതൊരു ഭഗീരഥയത്നം തന്നെയായിരുന്നു. തികഞ്ഞ സഭാഭക്തനും മലയാളഭാഷാ സാഹിത്യ പ്രണയിയുമായ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ സഹായവും അദ്ദേഹം മുഖേന കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സഹായവും ഇക്കാര്യത്തിൽ ലഭ്യമായത് പ്രത്യേകം സ്മരണീയം തന്നെ. ഭാഷാപരമായി നമ്മുടെ ആരാധനകൾക്കു പിൽക്കാലത്തു സംഭവിച്ച കുതിച്ചുചാട്ടത്തിന്റെ ആദ്യരേഖയാണ് 1903 ലെ കുർബ്ബാനക്രമം (മലങ്കര മെത്രാപ്പോലീത്താ പുതിയ ക്രമം സ്വാഗതം ചെയ്തതായി തോന്നുന്നില്ല. മല്പാന്മാരുടെ കുർബ്ബാനക്രമം പ്രസിദ്ധീകരിച്ചതിനു ശേഷവും അദ്ദേഹം മുൻ കുർബ്ബാനക്രമത്തിന്റെ രണ്ടു പതിപ്പുകളെങ്കിലും പ്രസിദ്ധപ്പെടുത്തിയതിന്റെ തെളിവുകൾ ലഭ്യമാണ്. മത്സരബുദ്ധിയോടെ രണ്ടു ക്രമങ്ങളും ആറേഴു കൊല്ലം നിലവിലിരുന്നെങ്കിലും വൈദികസെമിനാരിയിലെ മല്പാന്മാരുടെ ക്രമം ക്രമേണ വിജയിക്കുക തന്നെ ചെയ്തു. അന്ത്യോഖ്യൻ ബന്ധത്തെച്ചൊല്ലി അസ്വസ്ഥരാകുന്നവർ ഒരു നൂറ്റാണ്ടിനുമുമ്പ് വരെ പ്രയോഗത്തിലിരുന്ന കുർബ്ബാനക്രമത്തെ സ്മരിക്കാതിരിക്കുന്നത് ആ പുസ്തകം അവരുടെ

ശ്രദ്ധയിൽപ്പെടാത്തതുകൊണ്ടാവാം. പഴയപുസ്തകത്തിലെ തുബ്ദേൻ സെറ്റുകൾ നമുക്കിന്നും ഉപയോഗിക്കാവുന്നവയാണ്. അപ്രകാരമുള്ള ഒരു ഓപ്ഷൻ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വകുപ്പിന് സ്വീകരിക്കാവുന്നതുമാണ്.)

ഇപ്രകാരം നിരീക്ഷിച്ചാൽ *മതോപദേശസാരം*, സഭാചരിത്രക്കുറിപ്പുകൾ, സുറിയാനി ഒന്നാംപാഠപുസ്തകം, കുർബ്ബാനക്രമം എന്നിവയുടെ രചയിതാവ് പ്രദർശിപ്പിച്ച പ്രതിഭാവിലാസം അതത് രംഗങ്ങളിൽ അനുപമവും സഭയുടെ ഏകീകരണത്തിന് പ്രയോജനപ്രദവും പില്ക്കാല സഭയ്ക്കു അഭിമാനാർഹവും ആണെന്നും ആ സൂര്യപ്രഭയിലാണ് നാം ഇന്നും സഞ്ചരിക്കുന്നതെന്നും പ്രസ്താവിക്കാവുന്നതാണ്.

**- ഫാ. ഡോ. ജോസഫ് ചീരൻ**

1. മലങ്കര നസ്രാണികൾ, വാല്യം 4, പു. 6, 7.
2. ടി. പുസ്തകം, പു. 11, 12.
3. ടി. പുസ്തകം, പു. 638.
4. കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ നാളാഗമം, (കയ്യെഴുത്ത് സഭാചരിത്രം), പു. 321
5. ടി. നാളാഗമം, പു. 328.
6. 1738, 1745, 1746 എന്നീ വർഷങ്ങളിലെഴുതിയ മൂന്നു കത്തുകൾ. വിവർത്തനം മലങ്കര മല്പാൻ ഞാർത്താങ്കൽ കോരുതച്ചൻ, ഇന്ത്യൻ ഓർത്തഡോക്സ് സഭ, 1993, പു. 41-46, ഫാ. ജോസഫ് ചീരൻ.
7. ഇട്ടൂപ്പ് റൈട്ടർ, സഭാചരിത്രം, പു. 176-185.
8. ഫ്രാൻസിസ് ബുക്കാനന്റെ കേരളം, വിവ. സി. കെ. കരീം. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് പ്രഥമൻ. ഫാ. ജോസഫ് ചീരൻ, പു. 96-97.
9. മാവേലിക്കര പടിയോല, ഇട്ടൂപ്പ് റൈട്ടറുടെ സഭാചരിത്രം, പു. 232-245.
10. റോയൽ കോടതി ജഡ്ജ്മെന്റ്, പു. 49.
11. മലങ്കരസഭാ പിതാക്കന്മാർ, ഡോ. സാമുവൽ ചന്ദനപ്പള്ളി, പു. 137.
12. മതോപദേശസാരം 9 -ാം സംഗതി.
13. മതോപോദേശ സാരങ്ങൾ, M.G.O.C.S.M. പതിപ്പ്, പു. 29.
14. മലങ്കര നസ്രാണികൾ, Z. M. പാറേട്ട്, 4 -ാം വാല്യം, പു. 32-35.
15. Faith of our Fathers, Cheeran V. Varghese, 2000.
16. Rev. Dr. V. C. Samuel. Truth Triumphs, M.O. C. Publications, Devalokam, P. 17
17. ഡോ. സാമുവൽ ചന്ദനപ്പള്ളി. മലങ്കരസഭാ പിതാക്കന്മാർ, പു. 89.

# 9

# സൂര്യതേജസ്സിലെ കതിരുകൾ

ഫാ. ഡോ. ജോസഫ് ചീരൻ

വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സൂര്യസമാനമായ വ്യക്തിത്വത്തിന്റെ കതിരുകൾ എന്തൊക്കെയാണെന്നാണ് ഈ അദ്ധ്യായത്തിൽ പരിശോധിക്കുന്നത്. സ്വർണ്ണത്തിന്റെ മൂല്യം നിർണ്ണയിക്കുന്നത് ശാണഘർഷണത്തിലൂടെയാണല്ലോ. അപ്രകാരം മാറ്റുരച്ചുനോക്കാൻ സഹായിക്കുന്ന കാലാവസ്ഥയാണ് കഴിഞ്ഞ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും മലങ്കരസഭയിൽ സംജാതമായത്. സഭ ഏറ്റവും ദരിദ്രമായിത്തീർന്ന ഒരു കാലഘട്ടമാണത്. നവീകരണത്തോടുള്ള ചെറുത്തുനിൽപിന്റെ ഭാഗമായി ഉടലെടുത്ത വ്യവഹാരങ്ങളാണ് സഭയുടെ സാമ്പത്തിക ഭദ്രതയെ തളർത്തിയത്. വ്യവഹാരം പൂർത്തീകരിച്ചിട്ടാകാം മറ്റെല്ലാം എന്ന ഇന്നത്തെ അകർമ്മണ്യത അന്ന് സഭയെ ഗ്രസിച്ചുതുടങ്ങിയിരുന്നില്ല. നവീകരണക്കാരുമായുള്ള കേസുകൾക്കുവേണ്ടി ധനം സമാഹരിക്കുന്ന കാലത്തുതന്നെയാണ് മലങ്കരസഭയിൽ പരുമല സെമിനാരി, കോട്ടയം എം. ഡി. സെമിനാരി എന്നിവ ഉൾപ്പെടെ അര ഡസനോളം സെമിനാരികൾ ഉണ്ടായത്. ഇരുനൂറ്റി അമ്പതിലേറെ വിദ്യാലയങ്ങളും തിരുവനന്തപുരം പള്ളി, ഏലിയാകത്തീഡ്രൽ തുടങ്ങി അറുപതിലേറെ പുതിയ ദേവാലയങ്ങൾ ഉണ്ടായതും ഇക്കാലത്താണ്. സഭയുടെ ചുമതലയിൽ രണ്ടു മൂന്നു പത്രങ്ങൾ ഉണ്ടായതും ഇക്കാലത്തു തന്നെ. സഭാ മാനേജിംഗ് കമ്മിറ്റിയുടെ ധാർമ്മിക പിന്തുണയോടെ ആവിഷ്ക്കരിച്ച ഈ ബൃഹത് പ്രവർത്തനമേഖലകൾക്കാവശ്യമായ ധനം സമാഹരിക്കുവാൻ പുലിക്കോട്ടിൽ മെത്രാച്ചന്റെ ശക്തിദുർഗ്ഗമായി പ്രവർത്തിച്ചിരുന്നത് ആദ്യകാലത്ത് ചാത്തുരുത്തിൽ കൊച്ചുമെത്രാച്ചനും അദ്ദേഹത്തിന്റെ ആജ്ഞയിൻകീഴ് സ്മര്യപുരുഷനും ആയിരുന്നു.

## 1. ട്രസ്റ്റ് വിനിയോഗത്തിൽ സുതാര്യതയും സത്യസന്ധതയും

ഗവണ്മെണ്ട് അംഗീകാരത്തോടെ മലങ്കര മെത്രാപ്പോലീത്താ നടത്തിയ ഷോടതി നടത്തിപ്പിന്റെ പ്രധാനചുമതല വഹിച്ചിരുന്നത് വട്ടശ്ശേരിൽ മല്പാനച്ചനാണ്.[1] പണപരമായ ഇടപാടുകളിൽ അദ്ദേഹം കാണിച്ച സത്യസന്ധതയും നിസ്വാർത്ഥതയും ഉടമസ്ഥതാബോധവും സുതാര്യതയും പില്ക്കാലത്തെ ഏതെങ്കിലും മലങ്കര മെത്രാപ്പോലീത്തന്മാരോ ഭദ്രാസന

മെത്രാപ്പോലീത്തന്മാരോ പുലർത്തിയതായി ഇനിയും കണ്ടെത്തപ്പെടേണ്ടതായിരിക്കുന്നു. അദ്ദേഹത്തിന്റെ മരണപത്രം വായിച്ചാൽ ഇക്കാര്യം സുവ്യക്തമാകും. അദ്ദേഹത്തിന്റെ അധീനതയിൽ മെത്രാപ്പോലീത്തൻ അക്കൗണ്ട് എന്ന ഔദ്യോഗിക സഭാഅക്കൗണ്ടും വ്യക്തിഗതമായ സമാന്തര അക്കൗണ്ടും എന്നിങ്ങനെ രണ്ട് കണക്കുകൾ ഉണ്ടായിരുന്നില്ല. മെത്രാപ്പോലീത്തന്മാർ വിദേശപര്യടനവും മറ്റും നടത്തി ആരോടും ഉത്തരവാദപ്പെടാതെ ഫ്യൂഡൽ പ്രഭുക്കന്മാരെപ്പോലെ ഭീമമായ സമ്പത്തിലൂടെ വൻ മുതലാളിമാരാവുകയും ആ പണം തന്നിഷ്ടം പോലെ വ്യയം ചെയ്യുകയും സഭാ അക്കൗണ്ടുകൾ ഇതിനിടെ ശോഷിച്ചുകൊണ്ടേ ഇരിക്കുകയും ഭദ്രാസനത്തിന്റെ പഞ്ഞം (ദാരിദ്ര്യം) വിളിച്ചറിയിക്കുന്ന സുഗന്ധം നഷ്ടപ്പെട്ട 'സാധന'ങ്ങൾ (പണ്ട് മെത്രാന്മാർ അയക്കുന്ന കല്പനകൾക്കു 'സാധനം' എന്നാണ് പറഞ്ഞിരുന്നത്) കുന്തുരുക്കത്തിന്റെ സുഗന്ധത്തിൽ അലിഞ്ഞുചേരുന്നതുമൊക്കെ ഒരറുപതു കൊല്ലങ്ങൾക്കിപ്പുറം സഭയിൽ മുളച്ചു പൊന്തിയ അനാശാസ്യ പ്രവണതകളാണ്. വൈദികർ മുഖേന ലഭിക്കുന്ന വരുമാനങ്ങൾ അതത് ഇടവകയുടെ വരുമാനമായിത്തീരുന്നതുപോലെ മെത്രാപ്പോലീത്തന്മാർ സ്വരൂപിക്കുന്ന എല്ലാ വരുമാനങ്ങളും മെത്രാസനത്തിന്റേതായി മാറുന്ന ഒരു കാലത്തേ, സഭാപിതാക്കന്മാരുടെ വിശ്വാസ്യത ഇനിയും വീണ്ടെടുക്കാനാവൂ. സ്മര്യപുരുഷന്റെ പ്രൈവറ്റ് സെക്രട്ടറിയായി ദീർഘകാലം സേവനം അനുഷ്ഠിച്ച ബഹു. മണലിലച്ചന്റെ '*സഭാ സമരണ*'കളിൽ നിന്ന് ഒരു ഭാഗം ഉദ്ധരിക്കട്ടെ: "മലങ്കര മെത്രാപ്പോലീത്തായ്ക്കു ഒരു കണക്കു മാത്രമേയുണ്ടായിരുന്നുള്ളു. പള്ളികളിൽനിന്നോ മറ്റുവിധത്തിലോ കിട്ടുന്ന കൈമുത്തും സമുദായ വരുമാനങ്ങളുമെല്ലാം ഒരു കണക്കുബുക്കിലാണ് എഴുതുന്നത്. മാസം തോറും കണക്കുകൾ വായിച്ചുകേൾക്കും. ആണ്ടവസാനം തെരട്ട് എഴുതിക്കൊടുക്കണം. വട്ടശ്ശേരിൽ തിരുമേനിയുടെ എല്ലാ പ്രവൃത്തികളും സത്യസന്ധമായിരുന്നു. കാരണം തിരുമേനി ചില തത്വങ്ങളിൽ അടിയുറച്ചു നിന്ന മഹാനായിരുന്നു."[2]

താൻ വരിച്ചതും വഹിച്ചതുമായ ഭീമമായ ഉത്തരവാദിത്വങ്ങളിലെല്ലാം സ്മര്യപുരുഷൻ ആരോപണങ്ങൾക്കതീതമായി സുതാര്യത പുലർത്തിയിരുന്നു. പുലിക്കോട്ടിൽ മെത്രാച്ചന്റെ സഹായിയായി ജാത്യൈക്യ സംഘം, മലങ്കര മഹാജനസഭ, വൈദികസംഘം, സണ്ടേസ്കൂൾ പ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം, പത്രമാസികകൾ മുതലായ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മലങ്കരയിലാകെ നിറഞ്ഞുനിന്നിരുന്ന സാന്നിധ്യമായിരുന്ന സ്മര്യപുരുഷന്റെ മാതൃക അനുകരിക്കുവാൻ ആളില്ലാതെ പോയതാണ്, അന്ത്യോഖ്യൻ വിഭാഗവുമായി നിരന്തരം യുദ്ധം



ചെയ്യേണ്ടിവരുന്നതല്ല, സഭ നേരിടുന്ന ഏറ്റവും വലിയ വിപത്ത്.

## 2. കാലത്തോടൊപ്പം വളരാനുള്ള സന്നദ്ധത

സ്മര്യപുരുഷനിൽ നിരീക്ഷിക്കപ്പെടേണ്ടുന്ന മറ്റൊരു മഹത്വകിരണം, പുതിയ അറിവിന്റെ ചക്രവാളങ്ങൾ തേടുവാനും അവയെ മുൻവിധി കൂടാതെ സ്വാംശീകരിക്കുവാനും അതിന്റെ വെളിച്ചത്തിൽ സ്വന്തം അറിവുകളെയും നിലപാടുകളെയും വിമർശനാത്മകമായി വിലയിരുത്തുവാനും ആവശ്യമെങ്കിൽ തിരുത്തുവാനും അദ്ദേഹം കാണിച്ച സന്നദ്ധതയാണ്. അന്ത്യോഖ്യൻ സഭയുടെ വേദശാസ്ത്രവും ഭരണശൈലിയും കാനോനുമാണ് അദ്ദേഹത്തിന്റെ ആദ്യകാലത്തെ കൈമുതൽ എന്ന് മുൻ അദ്ധ്യായത്തിൽ ഉപദർശിച്ചുവല്ലോ. എന്നാൽ പിന്നീട് അദ്ദേഹം കത്തോലിക്കാസഭയുടെ വേദശാസ്ത്രവും ഭരണശൈലിയും ഗ്രഹിക്കുവാൻ ശ്രമിച്ചു. 'എപ്പിസ്കോപ്പൽ സഭാ ഭരണശൈലി' എന്ന സ്വപ്നം ഈ വളർച്ചയുടെ ഫലമായിരുന്നു. കത്തോലിക്കാസഭയുടെ ഭരണശൈലിയിലെ പ്രയോജനപ്രദമായ അംശങ്ങൾ സ്വന്തം സഭയുടെ ഭരണശൈലിയിലേക്കു അദ്ദേഹം സ്വീകരിച്ചതായിക്കാണാം. അതിനുശേഷം ശിഷ്യപ്രമുഖന്റെ സെറാമ്പൂർ ബന്ധം വഴി ആംഗ്ലിക്കൻ സഭയുടെ വേദശാസ്ത്രവും ഭരണശൈലികളും നിരീക്ഷിക്കുവാൻ അദ്ദേഹത്തിന് അവസരം കിട്ടി. അതിന്റെയും നന്മകളെ ഉൾക്കൊള്ളുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. വാസ്തവത്തിൽ സ്മര്യപുരുഷൻ രൂപകല്പന ചെയ്ത സഭാഭരണഘടനയിൽ എപ്പിസ്കോപ്പൽ ഭരണശൈലിയോട് ആഭിമുഖ്യം പ്രദർശിപ്പിക്കുന്ന കത്തോലിക്കാസഭയും ജനായത്ത ഭരണശൈലിയോട് ആഭിമുഖ്യം പുലർത്തുന്ന ആംഗ്ലിക്കൻ സഭാദർശനവും സ്വാധീനം ചെലുത്തിയിട്ടുണ്ട്. കാലോചിതമായി വളരുവാനും ആ വളർച്ചയെ സഭയുടെ ക്രിയാത്മക പദ്ധതികളിലേക്കു സംക്രമിപ്പിക്കുവാനും യത്നിക്കുന്ന ഒരു പ്രതിഭാശാലിയെ ഇവിടെ കണ്ടെത്താം. വിജ്ഞാനസ്ഫോടനങ്ങളുടെ നേരെ നിതാന്തജാഗ്രതപുലർത്തുകയും അവയെ തന്റെ സഭയുടെ വളർച്ചക്കുള്ള ഊർജ്ജസ്രോതസ്സായി സ്വീകരിക്കുകയും ചെയ്യുന്ന - കാലത്തോടൊപ്പം വളരുന്ന - ഈ വ്യക്തിവൈഭവം അദ്ദേഹത്തിന്റെ പിൽക്കാല നിലപാടുകളെ സുദൃഢമാക്കുവാനും യുക്ത്യധിഷ്ഠിതമാക്കുവാനും സഹായിച്ചിട്ടുണ്ട്. ജീവിതകാലം മുഴുവൻ ആ മല്പാൻ വിദ്യാർത്ഥി ആയിരുന്നു; അറിവിന്റെ ചക്രവാളങ്ങളെ വികസിപ്പിക്കുകയും ചെയ്തു.

## 3. കാപട്യങ്ങളും മുഖസ്തുതികളും വെറുക്കുന്ന ആത്മീയ പൗരുഷം

സ്മര്യപുരുഷന്റെ മറ്റൊരു സവിശേഷത മുഖസ്തുതിയെയും കാപട്യത്തെയും വിട്ടുവീഴ്ചയില്ലാതെ വെറുക്കുകയും എതിർക്കുകയും

ചെയ്തുഎന്നതാണ്. അതേപ്പറ്റി ഒരു സംഭവം 96 വയസുകാരനായി ഇപ്പോൾ ജീവിക്കുന്ന പാമ്പാടി സ്വദേശി കരിങ്ങണാമറ്റത്തിൽ ബഹു. ജേക്കബ് അച്ചൻ വിവരിക്കുന്നു. ആ ദൃക്സാക്ഷി വിവരണത്തിന്റെ സംക്ഷേപം ഇവിടെ ചേർക്കാം: പഴയസെമിനാരിയിൽ സ്മര്യപുരുഷനെ കാണാൻ വന്ന പ്രഗത്ഭനായ ഒരച്ചനെ വി. കുർബ്ബാന അർപ്പിക്കുവാൻ നിയോഗിച്ചിരുന്നു. ഞായറാഴ്ച പ്രഭാതനമസ്കാരം ആരംഭിച്ചപ്പോൾതന്നെ അച്ചൻ കൈമുത്തി അനുവാദം വാങ്ങി തുയോബോ നടത്തുവാൻ (അനുതാപത്തിന്റെ ആദ്യ ശുശ്രൂഷ) മദ്ബഹായിൽ പ്രവേശിച്ചു. ഒരു മണിക്കൂറോളം നീണ്ടുനിന്ന പ്രഭാതപ്രാർത്ഥനകൾക്കുശേഷം മെത്രാപ്പോലീത്താ മദ്ബഹായിൽ പ്രവേശിച്ചപ്പോൾ കണ്ടത് കാസാപീലാസകൾ ഉയർത്തിപ്പിടിച്ച് തുയോബോയുടെ പകുതിപോലും നിർവഹിച്ചുതീർക്കാത്ത കാർമ്മികനെയാണ്. അത്രയും കാര്യങ്ങൾ അര മണിക്കൂർ കൊണ്ട് തീർക്കാവുന്നതേയുള്ളു. തന്റെ ഭക്തിപാരവശ്യം മെത്രാച്ചനെ ഒന്നറിയിക്കുവാൻ അച്ചൻ ചെയ്ത ആ 'മണിയടിവേല' കണ്ട് മെത്രാച്ചൻ അടിമുടിവിറച്ചു. അദ്ദേഹം ഗർജ്ജിച്ചു. ആ ജ്വാല വാക്കുകളായി പുറത്തുവന്നതിപ്രകാരം: "വയ്ക്കടോ അവിടെ."

മേല്പട്ടക്കാരെ സന്തോഷിപ്പിച്ച് കാര്യംനേടാൻ പല വൈദികരും നടത്താറുള്ള മുറകളിലൊന്ന് ആ വൈദികൻ പ്രയോഗിച്ചു എന്നേയുള്ളു (ഓണക്കാലത്ത് ജന്മിഗൃഹങ്ങളിൽ മികച്ച നേന്ത്രക്കായക്കുലകൾ കാഴ്ചയായി കുടിയാന്മാർ സമർപ്പിക്കാറുള്ളതുപോലെ മെത്രാന്മാരുടെ അരമനകളിൽ കാഴ്ചക്കുലകൾ സമർപ്പിക്കുക, ഇഷ്ടവിഭവങ്ങൾ കാഴ്ചവസ്തുക്കളായി സമ്മാനിക്കുക, വിരുന്നൊരുക്കി ഭവനങ്ങളിലേക്കു എഴുന്നള്ളിക്കുക, മൂന്ന് നേരം തീപുകയുന്നഅടുപ്പുകളുള്ള വീടുകളിൽ വിവാഹമോ മാമ്മൂദീസായോ ശവസംസ്കാരം പോലുമോ നടത്തേണ്ടിവരുന്ന അവസരങ്ങളിൽ വീട്ടുകാരിൽ അവസരോചിതമായ പ്രേരണ നടത്തി മെത്രാച്ചനെ ക്ഷണിച്ച് 'കൈമുത്തു' ലഭിക്കുവാൻ അവസരമുണ്ടാക്കുക, പെരുന്നാളുകൾക്കു മെത്രാച്ചനെ, പള്ളിക്കാർക്കു താല്പര്യമില്ലെങ്കിൽപോലും നിർബന്ധിച്ച് ക്ഷണിച്ചുകൊണ്ടുവന്ന് സൽക്കരിച്ച് മെത്രാച്ചനും ഡ്രൈവർ അടക്കമുള്ള സിൽബന്ധികൾക്കും പൂർവ്വാധികം ഭംഗിയായി വൻതുകകൾ സമ്മാനിക്കുവാൻ ഏർപ്പാടുണ്ടാക്കുക എന്നിങ്ങനെ എന്തെല്ലാം കുറുക്കുവഴികൾ കിടക്കുന്നു മെത്രാച്ചനെ സന്തോഷിപ്പിച്ച് പാട്ടിലാക്കുവാൻ!!). പക്ഷേ വട്ടശ്ശേരിൽ മെത്രാച്ചന്റെ അടുക്കൽ ഇവയൊന്നും വിലപ്പോകുമായിരുന്നില്ല. അദ്ദേഹത്തെ നയിച്ചിരുന്നത് ഡ്രൈവറുടെയും അന്തേവാസികളുടെയും സങ്കുചിത ഉപദേശങ്ങളായിരുന്നില്ലല്ലോ. സ്വന്തം കണ്ണുകളും ചെവികളും മസ്തിഷ്കവും സദാ സമയവും ജാഗ്രതയോടെ തുറന്നു വയ്ക്കുന്ന അദ്ദേഹത്തിന്റെ തീരുമാനങ്ങളെ സ്വാധീനിക്കുക



എളുപ്പമായിരുന്നില്ല. ആർക്കെങ്കിലും എതിരെ ഒരു പരാതി അടിസ്ഥാനരഹിതമായി ഉന്നയിക്കുവാൻ അദ്ദേഹത്തിന്റെ മുമ്പിൽ ആരും ധൈര്യപ്പെടുമാറില്ല. പ്രൈവറ്റ് സെക്രട്ടറി അനുസ്മരിക്കുന്നതിപ്രകാരമാണ്: "..വഴക്കുണ്ടായ കാര്യങ്ങൾ പൊടിപ്പുംതൊങ്ങലും ചേർത്ത് ആരെങ്കിലും വന്ന് പറഞ്ഞാൽ ഇന്നത്തെ പത്രറിപ്പോർട്ടുകളെപ്പോലെ മെത്രാപ്പോലീത്താ വിശ്വസിക്കുകയില്ല. പറയുന്നവരുടെ സംസാരത്തിന്റെ അടിസ്ഥാനത്തിൽ ക്രോസുചെയ്യുന്ന വിധത്തിലുള്ള ചോദ്യങ്ങൾ ചോദിക്കും. പറഞ്ഞ ആൾ ആകെ കുഴയും. എങ്ങനെയെങ്കിലും അവിടെനിന്ന് രക്ഷപ്പെട്ടാൽ മതിയെന്നായിരിക്കും അയാളുടെ ചിന്ത. അങ്ങനെ ചിലർക്കു അനുഭവം ഉണ്ടായിട്ടുണ്ട്."[3] കുറെ ഉപചാരപദങ്ങൾകൊണ്ട് അദ്ദേഹത്തെ സ്വാധീനിക്കുവാനും ആർക്കും കഴിയുമായിരുന്നില്ല. ഒരാൾക്കെതിരെ പരാതിയുണ്ടായാൽ പരാതിക്കുവിധേയനായ ആളിന്റെ വിശദീകരണം കേൾക്കാതെ തീരുമാനമെടുക്കുമായിരുന്നില്ല. അദ്ദേഹത്തെ സമീപിച്ചവർക്കൊക്കെ നീതി ലഭിച്ചു എന്ന സംതൃപ്തി അനുഭവപ്പെട്ടിരുന്നു. കർണ്ണേജപന്മാരായ അന്തേവാസികളുടെ മധുരഭാഷണത്തിൽ അഭിരമിക്കുന്ന പ്രഭുമനസ്സ് അദ്ദേഹത്തിന് തീരെയില്ലായിരുന്നു. സ്വന്തം ജീവിതത്തിലും കാപട്യത്തിന്റെ നിഴൽ പോലും പ്രവേശിക്കുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. അതിഭക്തനായ അദ്ദേഹം ആളുകളുടെ സാന്നിദ്ധ്യത്തിൽ ഭക്തിപ്രകടനം നടത്താതിരിക്കുവാൻ ശ്രദ്ധിക്കുമായിരുന്നു. പടിഞ്ഞാറോട്ടു തിരിയുമ്പോഴൊക്കെയും കണ്ണീരൊഴുക്കുകയും ഭക്തിപാരവശ്യം പ്രകടമാക്കുകയും ചെയ്യുന്ന തന്ത്രങ്ങൾ അദ്ദേഹത്തിന് വശമില്ലായിരുന്നു. കാപട്യംകൊണ്ട് മനുഷ്യരെയും ദൈവത്തെയും ഒരുപോലെ വിഢ്ഢികളാക്കുന്ന ഭക്തശിരോമണികൾ സ്മര്യപുരുഷനെ മാതൃകയാക്കുമെങ്കിൽ സഭ രക്ഷപ്പെട്ടേനെ. താൻ തന്റെ സ്വർഗ്ഗീയ പിതാവുമായി രഹസ്യസമ്പർക്കത്തിലേർപ്പെടുക അദ്ദേഹത്തിന്റെ നിത്യസ്വഭാവമായിരുന്നു. അദ്ദേഹത്തെ വധിക്കുവാൻ പുറത്തു കോവണിവച്ചു കയറിയവർ, രാത്രിയുടെ ഏകാന്തവും നിശ്ശബ്ദവുമായ യാമങ്ങളിൽ, കവിളിൽ ധാരധാരയായി കണ്ണീരൊഴുക്കിക്കൊണ്ട് ഏങ്ങലടിച്ച് പ്രാർത്ഥിക്കുന്ന മെത്രാപ്പോലീത്തായെ അരണ്ട മെഴുകുതിരിവെളിച്ചത്തിൽ കണ്ട്, കമ്പിതഗാത്രരായി വധശ്രമം ഉപേക്ഷിച്ച് മടങ്ങിയവിവരം ചില കൊലയാളികളിൽ നിന്ന് നേരിട്ട് ഗ്രഹിച്ച് ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് 'ഗിരിദീപ'ത്തിൽ അനുസ്മരിക്കുന്നുണ്ട്. അതാണ് അദ്ദേഹത്തിന്റെ ഭക്തി. തന്റെ വ്രതാനുഷ്ഠാനങ്ങളോ പ്രാർത്ഥനാജീവിതമോ, ഒക്കെ രഹസ്യസ്വഭാവമുള്ളതായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. ഭക്തിസൂചകമായി ആരാധനകൾ വലിച്ചുനീട്ടുന്ന സ്വഭാവം തീരെയില്ലായിരുന്നു.

## 4. സന്യാസിയുടെ ലാളിത്യം, നിസ്സംഗത, നിർഭയത്വം

ആടയാഭരണങ്ങളിലും അദ്ദേഹം മാതൃകാപരമായ ലാളിത്യം പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ ഫോട്ടോയിൽ രാജസ്ഥാനീയനേക്കാൾ എപ്പോഴും മുൻതൂക്കം സന്യാസസ്ഥാനീയനാണ്.വസ്ത്രധാരണത്തിൽ വൃത്തിയല്ലാതെ ആഡംബരഭ്രമം ആ സന്യാസവീരനെ ഒരുകാലത്തും കീഴടക്കിയിട്ടില്ല. ഒരു സർവ്വസംഗപരിത്യാഗിയുടെ നിസ്സംഗതയും മുഖഗൗരവവും അറിയാതെതന്നെ ആ വ്യക്തിത്വത്തെ പ്രദീപ്തമാക്കി. മുഖം നോക്കാതെ കാര്യങ്ങൾ വെട്ടിത്തുറന്നുപറയുന്ന അദ്ദേഹത്തിന്റെ നിഷ്കളങ്കമായ ധീരതയും ആർജ്ജവവും പലരെ ശത്രുക്കളാക്കിയിട്ടുണ്ട്. കാര്യങ്ങൾ മധുരമായി അവതരിപ്പിച്ച് വിപരീതാഭിപ്രായക്കാരെപ്പോലും അനുനയിപ്പിച്ചെടുക്കുന്ന മുൻ മലങ്കര മെത്രാപ്പോലീത്തായുടെ അനുരഞ്ജന സംസ്കാരത്തേക്കാൾ പിൻഗാമിയെ ആകർഷിച്ചത് കർക്കശമായ നീതിബോധമായിരുന്നു. സഭയിലെ പല പ്രമാണിമാരുടേയും ശുപാർശയോടെ പട്ടമേല്ക്കാൻ വന്ന പല മന്ദബുദ്ധികളെയും കഥാപുരുഷൻ തിരിച്ചറിഞ്ഞു നിഷ്കരണം മടക്കിഅയക്കാറുണ്ടായിരുന്നുവെന്ന്, ഗീവറുഗീസ്സ് ദ്വിതീയൻ ബാവാ സ്മര്യപുരുഷനെ അനുസ്മരിക്കുന്നത് കേട്ടിട്ടുണ്ടെന്ന്, ഈ ലേഖകന്റെ വന്ദ്യഗുരു യൂഹാനോൻ മാർ സേവേറിയോസ് മെത്രാച്ചൻ പറയാറുള്ളത് ഓർത്തുപോകുന്നു. വൈദികട്രസ്റ്റി കോനാട്ട് മാത്തൻ മല്പാനും അത്മായട്രസ്റ്റി സി. ജെ. കുര്യനും ആയി കടുത്ത ശത്രുതയിലാവാനുള്ള ഒരു കാരണം ഈ കർക്കശമായ തത്വദീക്ഷ ആയിരുന്നു. തന്റെ മുൻഗാമിയും വയോധികനുമായ മലങ്കരമെത്രാപ്പോലീത്തായോടു പോലും തന്റെ വിയോജിപ്പുകൾ ശക്തമായി പ്രകടിപ്പിക്കുവാനുള്ള ധാർമ്മികധീരത ചെറുപ്പത്തിലേ അദ്ദേഹം ആർജ്ജിച്ചിരുന്നു. അദ്ദേഹം മല്പാനായിരുന്ന കാലത്തെ ഒരു സംഭവം കെ. സി. മാമ്മൻമാപ്പിള രേഖപ്പെടുത്തുന്നതു കാണുക: "...മല്പാനച്ചനാണെങ്കിൽ ഞാൻ ഹെഡ്മാസ്റ്റർ ആയിരിക്കുന്നതു ഉള്ളിൽ അത്ര സുഖിച്ചിട്ടില്ലെന്ന്... എം. ഡി. ഹൈസ്കൂളിൽ ഔദ്യോഗിക സ്ഥാനത്ത് എന്റെ തലയ്ക്കുമീതെ പ്രതിഷ്ഠിക്കാൻ മല്പാനച്ചൻ അണിയറയിൽ വേഷം കെട്ടിച്ചുകൊണ്ടുവന്ന ആളാണ് പി. റ്റി. ഗീവറുഗീസ് ശെമ്മാശൻ എന്ന വസ്തുത ഇതിനോടകം സ്പഷ്ടമായിക്കഴിഞ്ഞിരുന്നു. ... എന്റെ ഈ ധാർമ്മിക സങ്കടത്തിൽ ഞാൻ പുലിക്കോട്ട് മെത്രാപ്പോലീത്താ തിരുമനസ്സിലെ സഹായംതേടി. ... കാര്യങ്ങളെല്ലാം ശ്രദ്ധാപൂർവ്വം കേട്ടശേഷം, 'ശരി, ആലോചിച്ച് ഇതിനൊരു തീരുമാനമുണ്ടാക്കി നാളെ പറയാം" എന്ന് എന്നെ ആശ്വസിപ്പിച്ചു. മല്പാനച്ചനോടുകൂടെ ചോദിക്കട്ടെ എന്നായിരുന്നു ആ മറുപടിയുടെ സാരം. ... തീരുമാനം അറിയാനായി തിരുമേനി പറഞ്ഞ സമയമൊപ്പിച്ച് പിറ്റേദിവസം കാലത്തു ഏകദേശം പത്തര മണിയോടു കൂടി ഞാൻ വീണ്ടും പഴയസെമിനാരിയി



ലേക്കു ചെന്നപ്പോൾ മെത്രാപ്പോലീത്താ തിരുമേനി നേരത്തെതന്നെ പരുമലയ്ക്കു പോയിക്കഴിഞ്ഞിരുന്നതായി അറിയാൻ കഴിഞ്ഞു. ... എന്റെ കാര്യത്തെപ്പറ്റി മെത്രാപ്പോലീത്താ തിരുമേനി വട്ടശ്ശേരിൽ മല്പാനോട് ആലോചിച്ചപ്പോൾ മല്പാനച്ചൻ കടുകിടെ അയവുകൂടാതെ സ്വാഭിപ്രായത്തിൽത്തന്നെ അടിയുറച്ചുനിന്നതിനാൽ ആ അനിഷ്ട വാർത്ത നേരിട്ട് മുഖദാവിൽ എന്നെ അറിയിക്കുന്നതിലുള്ള വൈമനസ്യം ഹേതുവായി തിരുമേനി കല്പിച്ചുകൂട്ടി പരുമലയ്ക്കു പൊയ്ക്കളഞ്ഞതാണെന്നുള്ള പരമാർത്ഥം പിന്നീടൊരിക്കൽ ഞാൻ തിരുമേനിയെ കണ്ടപ്പോൾ പറഞ്ഞു."[4] പിൽക്കാലത്ത് പാത്രിയർക്കീസുമായി നടന്നിട്ടുള്ള ഓരോ സമാഗമത്തിലും ഈ ചങ്കൂറ്റം പ്രകടമാണ്. പത്രോസ് തൃതീയൻ ബാവാ മലങ്കരയിൽ ചെയ്ത അനീതികളോട് നേരിട്ട് അഹിതം പ്രകടിപ്പിക്കാതെ നിവർത്തനത്തിലൂടെയും ദൂതരിലൂടെയും സ്വഹിതം അറിയിക്കുകയും ബാവാ കുപിതനാണെന്നറിഞ്ഞപ്പോൾ, മലങ്കരയിലെ ഐക്യം ശക്തിപ്പെടുത്തിക്കൊണ്ട് ബാവായെ പ്രത്യക്ഷത്തിൽ എതിർക്കാതിരിക്കുകയും അങ്ങനെ ഒരു യുദ്ധം ഒഴിവാക്കുന്നതിൽ വിജയിക്കുകയും ചെയ്ത മുൻഗാമിയിൽ നിന്ന് വ്യത്യസ്തനായി പട്ടമേൽക്കുവാൻ ശീമയിൽചെന്നപ്പോഴും പാത്രിയർക്കീസ് മലങ്കരയിൽ വന്നപ്പോഴും പിന്നീട് ബാവായെ മർദ്ദീനിൽ സന്ദർശിച്ചപ്പോഴും മലങ്കരയിലെത്തിയ ഏലിയാസ് ബാവായെ കണ്ടപ്പോഴുമെല്ലാം സ്വാഭിപ്രായം വെട്ടിത്തുറന്ന് പറയുവാൻ അദ്ദേഹം കാണിച്ച ധീരത മലങ്കരസഭയെ യുദ്ധക്കളമാക്കിമാറ്റിയെങ്കിലും സ്മര്യപുരുഷനിലെ നീതിബോധവും പൗരുഷവും വെളിപ്പെടുത്തുവാൻ പര്യാപ്തമാണ്. ഇക്കാര്യം വേണ്ടത്ര മനസ്സിലാക്കാതെ ഏതുവിധേനയും അദ്ദേഹത്തെ ഒതുക്കുവാൻ പാത്രിയർക്കീസിന്റെ സഹായം തത്വദീക്ഷയില്ലാതെ സ്വീകരിക്കുവാൻ തയ്യാറായവരാണ് ആ യുദ്ധത്തിന്റെ യഥാർത്ഥ ഉത്തരവാദികൾ എന്ന് പറഞ്ഞേ മതിയാവൂ. മെത്രാപ്പോലീത്തായുടെ ഭാവനാവിസ്തൃതിയും ഉദ്ദേശ്യശുദ്ധിയും ഹൃദയഗതിയും വേണ്ടതുപോലെ മനസ്സിലാക്കുവാൻ കൂട്ടുട്രസ്റ്റികൾക്കു കഴിയാതെ പോയി (അവരും പൗരുഷശാലികളും സഭാസ്നേഹികളുമായിരുന്നു). മൂന്നു ട്രസ്റ്റികളേയും കൂട്ടിഇണക്കുന്ന ഒരനുരഞ്ജനകണ്ണി ഇല്ലാതെ പോയത് മലങ്കരസഭയുടെ ദൗർഭാഗ്യം എന്നേ പറയാനാവൂ.

പണ്ഡിതാഃ സമദർശിനഃ എന്ന് സംസ്കൃതത്തിൽ ഒരു ചൊല്ലുണ്ട്. പണ്ഡിതന്മാരെ അവരുടെ സമദർശിത്വ സ്വഭാവം കൊണ്ട് തിരിച്ചറിയാമെന്നാണ് അതിന്റെ അർത്ഥം. അസമമായതിനെ സമമായിക്കാണുകയാണതിന്റെ സ്വഭാവം. സമലോഷ്ട കാഞ്ചനത്വം എന്നും അതിനെ വിശേഷിപ്പിക്കാം. മൺകട്ടയെയും സ്വർണ്ണക്കട്ടയെയും സമമായിക്കാണാൻ കഴിയുക എന്നർത്ഥം. അദ്ദേഹം അനുഭവിക്കേണ്ടിവന്നിട്ടുള്ള ദുഃഖങ്ങൾ അധി

കവും സ്വയം വരിച്ചവയാണ്; തത്വം ലംഘിച്ച് സുഖം അനുഭവിക്കുന്നതിനേക്കാൾ അദ്ദേഹം ഇഷ്ടപ്പെട്ടത് തത്വങ്ങൾക്കുവേണ്ടി സുഖത്തെ ത്യജിക്കുന്നതിലായിരുന്നു. കൊട്ടാരം വിട്ടിറങ്ങിയ മോശയോടും സ്വർഗ്ഗമഹിമകൾ വെടിഞ്ഞിറങ്ങിയ യേശുവിനോടും സ്മര്യപുരുഷനെ ഉപമിക്കാവുന്നതാണ്. എത്താവുന്നതിന്റെ പരമകാഷ്ഠയിലെത്തിക്കഴിഞ്ഞാൽ പിന്നെ ജീവിതം സുഖപുഷ്ക്കലമാകാൻ ആവശ്യമായ സാഹചര്യങ്ങൾ സംഘടിപ്പിക്കുന്ന പില്ക്കാല സഭാനേതൃത്വശൈലി അദ്ദേഹത്തിലല്പം പോലും കാണുകയില്ല. മെത്രാപ്പോലീത്തൻ സംസ്കാരത്തേക്കാൾ അദ്ദേഹത്തെ സ്വാധീനിച്ചത് സന്യാസി സംസ്കാരമാണ്.

### 5. പതറാത്ത ആത്മധൈര്യം

സാധാരണക്കാർ തകർന്നുപോകാവുന്ന വൻ വ്യഥകളെ അചഞ്ചലമായി നേരിടുന്ന ഒരു മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ നിലപാടുകളെ പൂർണ്ണമായും ശരിവെയ്ക്കുന്ന ജില്ലാക്കോടതി വിധി അറിഞ്ഞപ്പോൾ അദ്ദേഹം ഏറെ സന്തോഷിച്ചില്ല; തന്റെ നിലപാടുകളെ പൂർണ്ണമായും നിരാകരിക്കുന്ന ഹൈക്കോടതിവിധി പ്രഖ്യാപിക്കപ്പെട്ടപ്പോൾ തളർന്നതുമില്ല. ആ രംഗം സെക്രട്ടറി വിവരിക്കുന്നതു കാണുക: "... ശെമ്മാശൻ വേഗം സെമിനാരിയിൽ ചെന്ന് തിരുമേനിയുടെ മുറിയിൽ കയറിയപ്പോൾ തിരുമേനി അത്താഴം കഴിക്കുവാൻ തുടങ്ങുകയായിരുന്നു. കേസ്സുതോറ്റ വിവരം അറിയിച്ചപ്പോൾ മനോരമയിൽ നിന്ന് കെ. സി. മാത്യു വക്കീലും, കെ. എം. മാമ്മൻമാപ്പിളയും മറ്റൊരാളും കൂടി തിരുമേനിയുടെ മുറിയിൽ മനോരമയ്ക്കു വന്ന കമ്പിയുമായി പ്രവേശിച്ചു. കമ്പിവാചകം വളരെ വിഷമിച്ചു വായിച്ചു. തിരുമേനി അത്താഴം ഭംഗിയായി കഴിച്ചു. ഒരു ചാരുകസേരയിൽ ഇരുന്നുകൊണ്ട് കമ്പി ഒന്നുകൂടി വായിക്കുവാൻ അവരോടു പറഞ്ഞു. വായിച്ചപ്പോൾ, 'ഒന്നും വിഷമിക്കേണ്ട, മറുകക്ഷികൾക്കു വിധി നടത്തുവാൻ സാധിക്കുകയില്ല. ഇനിയൊരു മലങ്കരമെത്രാനെ തെരഞ്ഞെടുത്ത് വാഴിച്ച് പാത്രിയർക്കീസിന്റെ നിയമനകല്പനയും വരുത്തിവേണമല്ലോ വിധി നടത്തുവാൻ. ഈ വിധി ഇപ്പോൾ ദോഷമാണെങ്കിലും എല്ലാ പള്ളികളേയും കൂട്ടി തെരഞ്ഞെടുപ്പ് നടക്കുകയില്ല. സമാധാനമായിരിക്കുക, ധൈര്യമായിരിക്കുക' എന്ന് കല്പിച്ചുകൊണ്ട് അവരെ പറഞ്ഞയച്ചു'.[5] അതാണ് വട്ടശ്ശേരിൽ മെത്രാച്ചൻ. അദ്ദേഹം ജയത്തിൽ അഹങ്കരിക്കാറില്ല, തോൽവിയിൽ തളരാറുമില്ല. രണ്ടിനെയും സമനില കൈവിടാതെ കേൾക്കുവാനും അപഗ്രഥിക്കുവാനും കഴിയുന്ന ചാഞ്ചല്യരാഹിത്യം അദ്ദേഹത്തിന് സ്വായത്തമായിട്ടുണ്ടായിരുന്നു.

വ്യക്തിപരമായി സ്മര്യപുരുഷനോട് അമർഷവും നീരസവും ശത്രുത



പോലും പുലർത്തിയിരുന്ന മാമ്മൻ മാപ്പിളയെപ്പോലുള്ള പല മഹാശയന്മാരും മെത്രാച്ചന്റെ ഈ പതറാത്ത വിപദിധൈര്യവും ആത്മീയപൗരുഷവും പ്രകടനാത്മകമല്ലാത്ത സന്യാസനിഷ്ഠകളും ഗ്രഹിച്ച് അദ്ദേഹത്തിന്റെ ആരാധകരായി മാറുകയും അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്ന് അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്മര്യപുരുഷന്റെ വിപദിധൈര്യം കണ്ട് കുന്നംകുളത്തുകാർ രോമാഞ്ചമണിഞ്ഞ ഒരു സംഭവം അഡ്വ. പി. സി. മാത്യു വിവരിക്കുന്നതിപ്രകാരമാണ്: "... തിരുമേനിയെ അറസ്റ്റ് ചെയ്തു പള്ളിയിൽനിന്ന് അപമാനിതനാക്കി ഇറക്കിക്കൊണ്ടുപോകുവാൻ ചില കുബുദ്ധികൾ വേണ്ട കെണിയെല്ലാം ഒരുക്കിവച്ചിരുന്നു. ........ സന്ധ്യാനമസ്ക്കാരം തുടങ്ങി. ... എന്തും സംഭവിക്കാം. കൊച്ചി രാജ്യത്തെ പോലീസും നായർപട്ടാളവും ഏതു നിമിഷവും അവിടെ വരാം. ...... ഏവൻഗേലിയോൻ വായിക്കാൻ മലങ്കര നസ്രാണികളുടെ അഭിമാനത്തിന്റെ പ്രതിരൂപമായ മെത്രാപ്പോലീത്താ പടിഞ്ഞാറോട്ടു തിരിഞ്ഞു സ്ലീബാ ഉയർത്തി റൂശ്മാ ചെയ്യാൻ തുടങ്ങിയതേയുള്ളൂ. പള്ളിക്കകത്ത് തിങ്ങി നിറഞ്ഞുനിൽക്കുന്ന ജനസഹസ്രങ്ങളിൽ ഒരു കോളിളക്കം. തലപ്പള്ളി മജിസ്ട്രേട്ടും കുന്നംകുളം പോലീസ് ഇൻസ്പെക്ടറും വിപുലമായ പോലീസ് വ്യൂഹവും പള്ളിപ്പറമ്പിൽ പ്രവേശിച്ചുകഴിഞ്ഞു. .... എന്നാൽ തിരുമേനിയുടെ മുഖത്തു ഒരു ഭാവവ്യത്യാസവും കണ്ടില്ലെന്ന് ദൃക്സാക്ഷികൾ ഉറപ്പിച്ചുപറയുന്നു. കത്തി നിൽക്കുന്ന മെഴുകുതിരികളുടെ പ്രകാശധോരണിയിൽ വന്ദ്യ തിരുമേനിയുടെ മുഖം കൂടുതൽ തെളിഞ്ഞു കാണാമായിരുന്നു. ശങ്കയോ ഭീതിയോ ആ മുഖത്തേക്ക് എത്തിനോക്കിയില്ല. ഏവൻഗേലിയോൻ വായിക്കുമ്പോൾ ശബ്ദം ഇടറിയില്ല. വാക്കുകൾ തടഞ്ഞുനിന്നില്ല. ..... കുന്നംകുളം നസ്രാണികൾ ആ കാഴ്ച കണ്ടു തങ്ങളുടെ നായകൻെറ മനോധൈര്യത്തെ മനസ്സിൽ വാനോളം പുകഴ്ത്തി..."[6]

### 6. പ്രതിപക്ഷ ബഹുമാനം

വ്യവഹാരങ്ങളിൽ മെത്രാപ്പോലീത്തായുടെ എതിർകക്ഷികളായിരുന്ന കോനാട്ട് മാത്തൻ മല്പാനോടും സി. ജെ. കുര്യനോടും അദ്ദേഹം രോഷം വച്ചു പുലർത്തുകയോ അവരെപ്പറ്റി മറ്റുള്ളവരുടെ മുമ്പാകെ ദോഷാരോപണം നടത്തി പരിഹസിക്കുകയോ ചെയ്തിരുന്നില്ല. മറ്റുള്ളവരുടെ ദോഷം കേൾക്കാൻ ഇഷ്ടപ്പെടാത്ത അദ്ദേഹം ദോഷം പറയാനും ഇഷ്ടപ്പെട്ടിരുന്നില്ല. നിർണ്ണായകമായ പല നിലപാടുകളിലും കത്തു മുഖേനയോ ദൂതൻ മുഖേനയോ അവരുമായി സമ്പർക്കത്തിലേർപ്പെടുകയോ അവരുമായി സംഭാഷണം നടത്തുകയോ ചെയ്തിട്ടുണ്ടെങ്കിലും താൻ കണ്ണിലെ കൃഷ്ണമണിപോലെ വിലമതിക്കുന്ന ചില തത്വങ്ങൾ ബലികഴിക്കുവാൻ തയ്യാറല്ലായിരുന്നതുകൊണ്ട് മാത്രമാണ് അവ പരാജയപ്പെട്ടിരുന്നത്.

വ്യക്തിപരമായ ബന്ധങ്ങൾക്ക് കോട്ടം വരാതിരിക്കുവാൻ മൂന്ന് ട്രസ്റ്റികളും പരമാവധി ശ്രമിച്ചിരുന്നു. പ്രശ്നങ്ങളെ നേരിടുകയല്ലാതെ അവയിൽനിന്ന് ഒളിച്ചോടുന്ന പ്രകൃതം അദ്ദേഹത്തിനില്ലെന്ന് കൂട്ടുട്രസ്റ്റികൾ ഓർക്കാഞ്ഞത് സഭയുടെ ദൗർഭാഗ്യം എന്നേ പറയാനാവൂ. തന്നെയും തന്റെ സഭയെയും താറുമാറാക്കിയതിലൂടെ മലങ്കരസഭയുടെ കണ്ടകോടാലിയായിത്തീർന്ന അബ്ദുള്ള പാത്രിയർക്കീസിന്റെയും കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിന് നേതൃത്വം നൽകുകവഴി മലങ്കരസഭയുടെ കണ്ഠാഭരണമായി മാറിയ അബ്ദുൽ മശിഹാ പാത്രിയർക്കീസിന്റെയും ചരമവൃത്താന്തം സഭയെ അറിയിച്ചുകൊണ്ട് അദ്ദേഹം എഴുതിയ കല്പന സ്മര്യപുരുഷന്റെ അസാമാന്യമായ സമദർശിത്വത്തിന്റെ ദൃഷ്ടാന്തമാണ്. 1916 ന് കൊല്ലം 1091 മിഥുനം 4-ാം തീയതി കോട്ടയത്ത് സെമിനാരിയിൽനിന്ന് അയച്ച കല്പനയിലെ പ്രസക്തഭാഗം ഇപ്രകാരമാണ്: "നമ്മുടെ സഭയുടെ ആത്മീയ മേലധ്യക്ഷന്മാരായിരുന്ന നിതാന്ത വന്ദ്യ ദിവ്യമഹിമശ്രീമാന്മാരായ മോറാൻ മാർ അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവാ തിരുമനസുകൊണ്ട് മർദ്ദീനിൽ പാത്രിയർക്കാ സിംഹാസന ദയറായിൽ വച്ച് 1915 ആഗസ്റ്റ് 30 ന് സുറിയാനി കണക്കിന് ചിങ്ങം 17 -ാം തീയതി ഞായറാഴ്ച കാലത്തും (അബ്ദേദ് മശിഹാ ബാവായുടെ ഓർമ്മ ഇപ്പോഴത്തെ കലണ്ടറുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത് ആഗസ്റ്റ് 15 ന് എന്നാണ്. സമകാലരേഖയിൽ നിന്നു വ്യത്യസ്തമായ ഒരു തീയതി നിർദ്ദേശിക്കാനുള്ള ധാർഷ്ട്യം ആർക്ക് എങ്ങനെ ഉണ്ടായി എന്ന് അറിഞ്ഞുകൂടാ. ഔദ്ധത്യമേ നിന്റെ പേർ മലങ്കരസഭ എന്നാണോ? - ലേഖകൻ). മോറാൻ മാർ അബ്ദുള്ള പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഊർശ്ലേമിൽ വച്ച് 1915 നവംബർ 25 ന്, സുറിയാനി കണക്കിന് വൃശ്ചികം 12-ാം തീയതിയും കാലം ചെയ്തതായി ഊർശ്ലേമിലെ അമേരിക്കൻ കോൺസൽ (സർക്കാർ സ്ഥാനപതി) വഴിയായി നമുക്ക് സൂക്ഷ്മമായി അറിവു കിട്ടിയിരിക്കുന്ന വിവരം അത്യന്തം വ്യസനത്തോടുകൂടി നിങ്ങളെ അറിയിക്കുന്നു. ... ഈ വിശുദ്ധ പിതാക്കന്മാരുടെ കാലത്തിൽ നമ്മുടെ സഭ ഇടപെട്ടിട്ടുള്ള ചില സംഗതികൾ ഇപ്പോൾ വ്യവഹാരമദ്ധ്യേ ഇരിക്കുന്നതാകയാൽ നാം അവയെപ്പറ്റി ഈ സന്ദർഭത്തിൽ എന്തെങ്കിലും പ്രസ്താവിക്കുന്നത് വിഹിതമായിരിക്കുകയില്ല. ഈ കല്പന നിങ്ങൾക്ക് കിട്ടുന്ന ദിവസം മുതൽ അതാത് പള്ളിയിൽ മൂന്ന് ദിവസത്തേക്ക് ദുഃഖമണിയടിക്കുകയും ഈ വിശുദ്ധ പിതാക്കന്മാരുടെ ആത്മാനുകൂലാർത്ഥം വി. കുർബ്ബാന, പ്രത്യേക ശുശ്രൂഷകൾ മുതലായവ നടത്തുകയും പിൻഗാമിയായി അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് സർവപ്രകാരേണയും യോഗ്യനായ ഒരു മഹാപുരോഹിതനെ എഴുന്നേല്പിച്ചുതരണമെന്ന് കർത്താവിനോട് എല്ലാവരും മുട്ടിപ്പായി അപേക്ഷിക്കുകയും വേണം."[7]



ഈ ചരമവൃത്താന്ത പ്രഖ്യാപനത്തിൽ അദ്ദേഹത്തിന്റെ വാചംയമിത്വം, നിർമ്മമത്വം, സമദർശിത്വം, ഉദാരത, ദൈവാശ്രയം, ഭാവിയെക്കുറിച്ചുള്ള കരുതൽ എന്നിവ തിങ്ങിയ ഒരു പക്വഹൃദയത്തിന്റെ സ്പന്ദനങ്ങൾ നമുക്ക് കേൾക്കുവാൻ കഴിയും. ഈ വിശാലഹൃദയത്തിന്റെ സമദർശിത്വവും പ്രതിപക്ഷ ബഹുമാനവും കോട്ടയം വൈദികസെമിനാരിയിൽ ഒരു സാംസ്കാരിക പരിമളമായി നിറഞ്ഞുനിന്നിരുന്നു. പില്ക്കാലത്ത് കോട്ടയം പഴയസെമിനാരിയിൽ ഒരു വ്യാഴവട്ടക്കാലത്തിലേറെ മല്പാനായിരുന്ന ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മാർ സേവേറിയോസ് മെത്രാച്ചൻ അദ്ദേഹത്തിന്റെ സ്വതഃസിദ്ധമായ വാഗ്മിതയോടെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "കക്ഷി ഭിന്നതകൾ ഉണ്ടായിരുന്നതു കൊണ്ട് വളരെയേറെ തെറ്റിദ്ധരിപ്പിക്കപ്പെട്ട വ്യക്തിയായിരുന്നു ഗീവർഗീസ് മാർ ദീവന്നാസ്യോസ്. ഭിന്നതകൾ ഉണ്ടായെങ്കിലും അദ്ദേഹം നിരാശനാകാതെയും തത്വങ്ങളെ ബലികഴിക്കാതെയും അചഞ്ചലനായി സഭാനൗകയെ നയിച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്ത് മൂന്ന് പാത്രിയർക്കീസുമാരോടും മൂന്ന് കാതോലിക്കാമാരോടും ബന്ധപ്പെടുവാൻ ഇടയായി. മൂന്ന് പ്രാവശ്യം ശീമ യാത്ര നടത്തി. സ്വപക്ഷത്തുള്ളവരോടെന്നവണ്ണം അദ്ദേഹത്തിന്റെ പ്രതിപക്ഷത്തുള്ള വരോടും ബഹുമാനപൂർവ്വം പെരുമാറത്തക്കവണ്ണം വിശാലഹൃദയനായിരുന്നു. അദ്ദേഹത്തോടുള്ള സമ്പർക്കത്തിന് അവസരം കിട്ടാതിരുന്നവർക്ക് അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തെയും വിശ്വാസതീക്ഷ്ണതയെയും ഗ്രഹിക്കുവാൻ സാധിച്ചിരിക്കുകയില്ല. ചില വിപരീതസാഹചര്യത്തിൽ മരണത്തിന്റെ വക്കോളം ചെന്നുചേരാൻ ഇടയായിട്ടുണ്ടെങ്കിലും ധൈര്യത്തിനോ സ്ഥൈര്യത്തിനോ യാതൊരു കോട്ടവും നേരിടാതെ ദൈവത്തിൽ അടിയുറച്ച് നിന്ന് പ്രവർത്തിച്ചു."[8]

## 7. ആസൂത്രണ വൈഭവം

ഒരു ഭരണാധികാരിയുടെ ധൈഷണികതയുടെ അനിവാര്യഘടകമാണ് ആസൂത്രണവൈഭവം. ഇത് വിവേകപൂർവ്വം നടത്തുവാൻ പരിനിഷ്ഠിതമായ ഭൂതകാല ജ്ഞാനവും യാഥാർത്ഥ്യത്തിലധിഷ്ഠിതമായ വർത്തമാനകാലാപഗ്രഥനശേഷിയും ലക്ഷ്യബോധത്തിലധിഷ്ഠിതമായ ഭാവികാല ഭാവനയും കൂടിയേ കഴിയൂ. സ്മര്യപുരുഷൻ ഇക്കാര്യത്തിൽ ഒരു അനന്വയം (unique) ആയിരുന്നുവെന്ന് നിരീക്ഷിക്കുവാൻ അദ്ദേഹം തയ്യാറാക്കിയ ഭരണഘടനാ ഡ്രാഫ്റ്റ് മാത്രം മതിയാകുന്നതാണ്. ഒ. എം. ചെറിയാൻ കൺവീനർ ആയി നിയമിക്കപ്പെട്ട് ഭരണഘടനാ ഡ്രാഫ്റ്റ് കമ്മിറ്റിക്ക് ഭരണഘടകങ്ങളുടെ വിവിധ നിർവഹണഘട്ടങ്ങളെപ്പറ്റി ദിശാബോധം നൽകുവാനായി അനുഭവസമ്പന്നനും കാനോൻ വിദഗ്ദ്ധനുമായ സ്മര്യപുരുഷൻ സ്വന്തമായ ഒരു ഡ്രാഫ്റ്റ് 1932 മിഥുനം 9 മുതൽ കേരള

കേസരി പത്രത്തിൽ പേരു വച്ചു തന്നെ പ്രസിദ്ധപ്പെടുത്തി (*മലങ്കര നസ്രാണികൾ*, വാല്യം 4. പുറം 787). അതിലെ പ്രധാനപ്പെട്ട പല നിർദ്ദേശങ്ങളും 1934 ലെ ഭരണഘടനയിൽ സ്വീകരിക്കപ്പെട്ടില്ല എന്നതുകൊണ്ടുമാത്രം അവയുടെ പ്രസക്തി നഷ്ടപ്പെടുന്നില്ല. അതിലെ 4 -ാം വകുപ്പ് ഇപ്രകാരമാണ്: "....നമ്മുടെ സഭയ്ക്കുള്ള സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്താത്തവിധത്തിൽ മേൽപ്പറഞ്ഞ സഭകളുമായുള്ള (ഈഗുപ്തായ, അർമ്മീനിയൻ, അന്ത്യോഖ്യൻ) കമ്മ്യൂണിയൻ ബന്ധം കഴിവുള്ളപക്ഷം മേലാലും തുടരേണ്ടതാണ്." ഈ വ്യവസ്ഥ എന്തുകൊണ്ടോ 1934 ലെ ഭരണഘടനയിലുൾപ്പെടുത്തുവാൻ കമ്മറ്റിക്കാർക്ക് സാധിച്ചില്ല. അന്ത്യോഖ്യൻ സഭ, നമ്മുടെ സഭയുമായി കമ്മ്യൂണിയൻ ഉള്ള വിദേശസഭകളിൽ ഒന്നുമാത്രമാണെന്ന അവബോധം സൃഷ്ടിക്കുവാൻ ഈ വകുപ്പിന് കഴിയുമായിരുന്നു.

സഭയുടെ ഹയരാർക്കിയെപ്പറ്റി പര്യാലോചന ചെയ്യുമ്പോൾ അദ്ദേഹം വിഭാവനം ചെയ്ത് പ്രസിദ്ധീകരിച്ച ഡ്രാഫ്റ്റിലെ ഒരു ഹയരാർക്കി ക്രമം നമ്മുടെ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. 1934 ലെ ഭരണഘടനയിൽ നാം സ്വീകരിച്ച ഇടവക - മെത്രാസന സഭാ തലങ്ങൾ എന്ന വിഭജനം സ്മര്യപുരുഷന്റെ ഭാവനയോട് കിടപിടിക്കുവാൻ പര്യാപ്തമല്ല. സ്മര്യപുരുഷൻ ഇപ്രകാരമാണ് അത് അവതരിപ്പിച്ചത്: "നമ്മുടെ പൗരസ്ത്യ സിംഹാസനത്തിന്റെ അധികാരസീമ ഇന്ത്യയും അതിന് സമീപമുള്ള ദ്വീപുകളും നമ്മുടെ മിഷൻവേലയുടെ ഫലമായി അന്യദേശങ്ങളിൽ സഭകളുണ്ടായാൽ അവകളും ആയിരിക്കണം. ഈ നമ്മുടെ സിംഹാസനത്തിന്റെ അധികാരസീമയ്ക്കുള്ളിൽ പാത്രിയർക്കാ സിംഹാസനത്തിന് നേരിട്ട് ഭരിപ്പാൻ തക്കവണ്ണം പള്ളികളോ സഭകളോ സ്ഥാപിക്കുകയോ ഈ സഭാംഗങ്ങളെ അവയിലേയ്ക്ക് ചേർക്കുകയോ ചെയ്യുന്നതിന് അനുവദിച്ചുകൂടാത്തതും അതിനെതിരായി പാത്രിയർക്കീസ് പ്രവർത്തിക്കുന്ന പക്ഷം പാത്രിയർക്കാസിംഹാസനവുമായി ഉള്ള ലൗകികസംബന്ധംകൂടിയും പിരിവാൻ തക്കവണ്ണം ആയിരിക്കണം" (ഇന്നിപ്പോൾ പാത്രിയർക്കീസിന്റെ കീഴിൽ ക്നാനായ ഭദ്രാസനം, സിംഹാസനപ്പള്ളികൾ, പൗരസ്ത്യ സുവിശേഷസമാജം വക പള്ളികൾ തുടങ്ങിയവ സഭയ്ക്ക് തലവേദനയായി തീരുകയാണല്ലോ. ക്രാന്തദർശിയായ സ്മര്യപുരുഷന്റെ ദീർഘവീക്ഷണത്തിന് നമസ്കാരം. അന്ത്യോഖ്യയുമായി പിരിയേണ്ടിവന്നാൽ പിരിയാനുള്ള സന്നദ്ധത ഭരണഘടനാ നിർമ്മിതിയുടെ കാലത്തുതന്നെ 'ഘടന'യുടെ ഭാഗമായി നിർദ്ദേശിക്കാൻ അദ്ദേഹത്തിന് ധൈര്യവും ഉൾക്കാഴ്ചയുമുണ്ടായി - ലേഖകൻ). "ക്നാനായക്കാർക്ക് ഒരു ജാത്യ സഭയായി വേർതിരിഞ്ഞുനിൽക്കണമെന്ന് ആഗ്രഹമുള്ളപക്ഷം അവരെയൊഴിച്ച് മലങ്കരയെ ശേഷമുള്ള എല്ലാ പള്ളികളെയും, ശക്തി ഏകദേശം



ഒരുപോലിരിപ്പാൻ തക്കവണ്ണം മൂന്ന് മെത്രാപ്പോലീത്തൻ ഇടവകകളായി ഭാഗിക്കണം. അതിൽ നടുക്കേതിന് കോട്ടയം മഹാഇടവകയെന്നും തെക്കേതിന് നിരണം മഹാഇടവകയെന്നും വടക്കേതിന് അങ്കമാലി മഹാഇടവകയെന്നും പേർ കൊടുക്കണം. ഈ മൂന്ന് ഇടവകകൾക്ക് പ്രത്യേകം പ്രത്യേകം ഓരോ മെത്രാപ്പോലീത്താ ഉണ്ടായിരിക്കണം. ഈ മൂന്ന് മഹാ ഇടവകകളും ഓരോന്ന്, നന്നാല് എപ്പിസ്കോപ്പൽ ഇടവകകളായി ഭാഗിക്കുകയും അവയ്ക്ക് ഓരോന്നിനും പ്രത്യേകം പ്രത്യേകം പേർ കൊടുക്കുകയും അവയിൽ ഓരോന്നിനും ഓരോ എപ്പിസ്കോപ്പാ ഉണ്ടായിരിക്കത്തക്കവണ്ണം എപ്പിസ്കോപ്പാമാരെ കൂടുതൽ വാഴിക്കുകയും വേണം. ഒരു എപ്പിസ്കോപ്പായുടെ സ്ഥാനാഭിഷേകം ആ എപ്പിസ്കോപ്പൽ ഇടവകയുൾപ്പെട്ട മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്ന് ആ മഹാഇടവകയുടെ സാന്നിദ്ധ്യത്തിൽ സിനഡ് വിളിച്ചുകൂട്ടി നടത്താവുന്നതാണ്. ഒരു മെത്രാപ്പോലീത്തായ്ക്ക് മെത്രാപ്പോലീത്താ എന്ന നിലയിൽ തന്റെ മഹാ ഇടവകയിൽ ഉൾപ്പെട്ട എപ്പിസ്കോപ്പൽ ഇടവകകളുടെ ആവശ്യത്തിലേക്കുള്ള മൂറോൻ കൂദാശനടത്തുന്നതിനുള്ള അധികാരവും അവകാശവും ഉണ്ടായിരിക്കണം."[9] ഈ വകുപ്പുകൾ അദ്ദേഹത്തിന്റെ ആസൂത്രണവൈഭവത്തിന്റെ മകുടോദാഹരണമാണ്. അദ്ദേഹത്തിന്റെ വിവക്ഷ ഇപ്രകാരം സംഗ്രഹിക്കാം:

1. മെത്രാപ്പോലീത്തൻ ട്രസ്റ്റിയായി ഒരു മെത്രാപ്പോലീത്താ ഇല്ലാതാവും. ഒപ്പം വൈദികട്രസ്റ്റിയും അത്മായട്രസ്റ്റിയും മൂന്ന് ട്രസ്റ്റിമാർ തമ്മിലുള്ള അധികാരവടംവലിയും ശീതസമരവും അപ്രത്യക്ഷമാകുന്നു. ഫലത്തിൽ ആ അധികാരങ്ങൾ കാതോലിക്കായിൽ വന്നുചേരുന്നു.

2. മലങ്കര മെത്രാപ്പോലീത്താ കൈയാളിയിരുന്നതും കാതോലിക്കായ്ക്കും അദ്ദേഹത്തിന്റെ 'ഘടനാ ഡ്രാഫ്റ്റിൽ' വിഭാവനം ചെയ്തതുമായ അധികാരാവകാശങ്ങളും പദവികളും കാതോലിക്കാ അദ്ധ്യക്ഷനും മൂന്ന് മഹാഇടവക മെത്രാപ്പോലീത്തന്മാർ അംഗങ്ങളുമായ സുന്നഹദോസിലേയ്ക്ക് വികേന്ദ്രീകരിക്കപ്പെടുന്നു.

3. ഭരണത്തിന് കൂടുതൽ സുഗമതയും സുതാര്യതയും കൈവരുന്നു.

4. സഭയിലെ പ്രാദേശിക അസന്തുലിതാവസ്ഥയും തന്മൂലമുണ്ടാകാവുന്ന പിരിമുറുക്കവും കുറയുന്നു.

5. മെത്രാപ്പോലീത്താ അദ്ധ്യക്ഷനായി മൂന്ന് സമാന്തര പ്രാദേശിക സുന്നഹദോസുകളും അവയ്ക്കു മുകളിൽ കാതോലിക്കാ അദ്ധ്യക്ഷനായ ഒരു മഹാ സുന്നഹദോസും എന്നിങ്ങനെ സുന്നഹദോസിന് രണ്ട് തലങ്ങളും രണ്ട് അപ്പീൽവേദികളും ഉണ്ടാകുന്നു.

6. സുന്നഹദോസ് അദ്ധ്യക്ഷൻ എന്ന നിലയിൽ മെത്രാപ്പോലീത്തായ്ക്ക് എപ്പിസ്കോപ്പന്മാരെ പട്ടംകെട്ടുവാനും മൂറോൻ കൂദാശ ചെയ്യുവാനും സാധിക്കുന്നു. തന്മൂലം മൂറോൻ കൂദാശയും മെത്രാൻ വാഴ്ചയും ഒരു മാമാങ്കമായി അധഃപതിക്കാതിരിക്കും. കാതോലിക്കായുടെ അമിത പ്രാധാന്യം കുറയുകയും ചെയ്യും.

7. ഈ ശ്രേണീവിഭജനത്തെ ഹൂദായകാനോൻ കൂടുതൽ ശരിവയ്ക്കുന്നുണ്ട്.

ബിഷപ്പ്, ആർച്ച്ബിഷപ്പ് എന്നിങ്ങനെയുള്ള കത്തോലിക്കാസഭയുടെ ഹയറാർക്കിക്കൽ സംവിധാനമാകാം ഇപ്രകാരമൊരു ശ്രേണി വിഭാവനം ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് (ഇന്ന് മെത്രാസനങ്ങൾക്കെല്ലാം മെത്രാപ്പോലീത്തന്മാർ ഉറച്ചുപോയതിനാലും കോറെപ്പിസ്കോപ്പന്മാരുടെ സ്ഥാനവും പദവികളും ചുമതലകളും അനിശ്ചിതമായി കിടക്കുന്നതിനാലും ഓരോ മെത്രാപ്പോലീത്തായുടെയും അധികാരസീമയിൽ ആറോ ഏഴോ പള്ളികൾ ചേർത്ത് കോർഎപ്പിസ്ക്കോപ്പേറ്റുകളായി പ്രഖ്യാപിച്ച് അവയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട കോർഎപ്പിസ്കോപ്പാമാരെ നിയമിച്ച് ഭരണനടപടികൾ സുഗമവും സുതാര്യവും വികേന്ദ്രീകൃതവും ആക്കാവുന്നതും ആക്കേണ്ടതുമാണ്. കത്തോലിക്കാസഭയിലെ ഫൊറോനാകളും അവയുടെ വികാരിമാരും ഈ കാഴ്ചപ്പാടിലാണ് സഭാ ഭരണം നിർവ്വഹിക്കുന്നത്).

“.......1933 ഏപ്രിൽ - മെയ് കാലത്ത് തിരുമേനി തന്നെ ഒരു ഭരണഘടന എഴുതി പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ഈ ഭരണഘടനയാണ് 1934 ഡിസംബർ 26 ന് കോട്ടയം എം. ഡി. യിൽ ചേർന്ന മലങ്കര അസോസ്യേഷൻ പാസ്സാക്കിയത്” എന്ന് മണലിലച്ചൻ ‘*സഭാസ്മരണക*’ളിൽ അനുസ്മരിച്ചിട്ടുള്ളത്[10] 91 വയസ്സുകാരനായ അച്ചന്റെ ഓർമ്മപ്പിശകാണ്. മെത്രാപ്പോലീത്താ പ്രസിദ്ധപ്പെടുത്തിയ ഡ്രാഫ്റ്റിലെ പല വകുപ്പുകളും 1934 ലെ ഭരണഘടനയിൽ സ്വീകരിച്ചിട്ടില്ല. ഹയറാർക്കിയെ സംബന്ധിച്ച വകുപ്പുകൾ പാടേ വ്യത്യാസപ്പെട്ടതായി നാം കണ്ടുവല്ലോ. മറ്റൊരുപ്രധാനവകുപ്പ് സഭയിൽ അക്കാലത്ത് വലിയ വിവാദം തന്നെ ഉണ്ടാക്കിയതുമൂലമാണ് സ്മര്യപുരുഷന്റെ കാലത്ത് ഭരണഘടന അംഗീകരിക്കപ്പെടാതിരുന്നത്. ആ വകുപ്പ് ഇപ്രകാരമാണ്: “വകുപ്പ് 25. നമ്മുടെ സഭയുടെ ആത്മീയവും ലൗകികവും ആയ ഭരണത്തിനുള്ള തത്വം ‘എപ്പിസ്കോപ്പൽ’ ആയിരിക്കണം.”[11] “ഈ തടങ്കൽപ്പാറയിൽത്തട്ടി ഭരണഘടനാനിർമ്മാതാക്കൾ പലപ്പോഴും വഴിമുട്ടിനിന്നതായി പാറേട്ട് മാത്യൂസ് ശെമ്മാശന്റെ - പിന്നീട് കോട്ടയം ഇടവകയുടെ മാത്യൂസ് മാർ ഈവാനിയോസ് - സമകാല ഡയറിക്കുറിപ്പിൽ



സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.[12] സ്മര്യപുരുഷന്റെ ഡ്രാഫ്റ്റിൽ കാതലായ പല മാറ്റങ്ങളും വരുത്തിയശേഷമാണ് മെത്രാച്ചന്റെ കാലശേഷം കൂടിയ കോട്ടയം എം. ഡി. അസോസ്യേഷൻ ‘ഘടന’ അംഗീകരിച്ചത്. മുഖ്യമായ വ്യത്യാസങ്ങൾ ‘എപ്പിസ്കോപ്പസി’യുമായി ബന്ധപ്പെട്ട വകുപ്പുകളാണ്. 1934 ലെ ഭരണഘടന, എപ്പിസ്കോപ്പൽ - ജനായത്ത പങ്കാളിത്തത്തെ സമന്വയിപ്പിക്കുന്ന ഒന്നാണ്. ഇപ്പോഴും ഈ അന്തഃസംഘർഷം സഭയിൽ സജീവമാണെന്ന് തോന്നുന്നു. സഭയുടെ ഭരണത്തിന്റെ അടിസ്ഥാനം ‘എപ്പിസ്കോപ്പൽ’ തത്വങ്ങളിലാണെന്ന് സുപ്രീംകോടതി പ്രഖ്യാപിക്കുവാൻ സഭാക്കേസിൽ സഭാനേതൃത്വം ശ്രമിച്ചതും 1995 ലെ സുപ്രീം കോടതിവിധിയിൽ അതിന് പൂർണ്ണ അംഗീകാരം കിട്ടാതെ പോയതും നമുക്ക് വിസ്മരിക്കാറായിട്ടില്ലല്ലോ.

## 8. ജീവിതനിഷ്ഠകൾ

സ്മര്യപുരുഷൻ ജീവിതത്തിൽ പുലർത്തിയിരുന്ന ഏതാനും നിഷ്ഠകൾ അദ്ദേഹത്തിന്റെ അതുല്യ വ്യക്തിത്വ ദീപ്തിയെ ഉദാഹരിക്കുന്നവയാണ്. കൃത്യനിഷ്ഠ, ലാളിത്യം തുടങ്ങിയ കാന്തിപ്രകർഷങ്ങൾ അവയിൽ തുടിച്ചുനില്ക്കുന്നതായിക്കാണാം. അദ്ദേഹം ജീവിതത്തിൽ ദീക്ഷിച്ച യമനിയമാദികൾ ആരേയും അത്ഭുതപ്പെടുത്തും. സ്മര്യപുരുഷന് ഇക്കാര്യത്തിൽ ആകട്ടെ മഹാപുരുഷന്മാരെ മാതൃകയായി ലഭിച്ചു. ഒരാൾ അന്നത്തെ മലങ്കര മെത്രാൻ മഹാനായ പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസ് ആയിരുന്നു. അപരനാകട്ടെ, മലങ്കരയിലെ വിശുദ്ധിയുടെ പരിമളമായ ചാത്തുരുത്തിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസും. രണ്ടു ഗുരുക്കന്മാരും പ്രകടനപരമല്ലാത്ത ഭക്തിജീവിതത്തിൽ നിഷ്ഠയുള്ളവർ ആയിരുന്നു. പൊതുപ്രാർത്ഥനകൾക്കു പുറമെ, ഏകാന്തധ്യാനങ്ങൾ, കാനോനിക നോമ്പുകൾക്കു പുറമേ സ്വകാര്യമായ വ്രതാനുഷ്ഠാനങ്ങൾ എന്നിവയിൽ അഭിരമിച്ചിരുന്ന പുണ്യാത്മാക്കളായിരുന്നു ഇരുവരും. വലിയമെത്രാച്ചൻ തിരക്കുപിടിച്ച ജീവിതത്തിനിടയിൽ കുന്നംകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ ദിക്കുകളിൽ സ്ഥിരയാത്രികനായിരുന്നപ്പോൾ തന്റെ കർമ്മവ്യഗ്രതകളുടെയും നാനാവിധ ആസൂത്രിതപദ്ധതികളുടെയും താക്കോൽ കൊച്ചുമെത്രാച്ചനെ ഏല്പിക്കുമായിരുന്നു. വലിയ മെത്രാച്ചന്റെ കർമ്മപരിപാടികളുടെ ആത്മീയശക്തി ചൈതന്യകേന്ദ്രം കൊച്ചുമെത്രാച്ചന്റെ കണ്ണീരോടുകൂടിയ രഹസ്യ പ്രാർത്ഥനകളായിരുന്നു. മലങ്കര മെത്രാപ്പോലീത്താ ആയി ഒന്നു രണ്ടു ദശാബ്ദം മലങ്കരയുടെ മാർ ദീവന്നാസ്യോസ് എന്നറിയപ്പെട്ട്, പത്രോസ് തൃതീയൻ ബാവായാൽ കൊല്ലം ഇടവകയുടെ മാർ ദീവന്നാസ്യോസ് എന്ന് സ്ഥാനവ്യാപ്തി സങ്കോചിപ്പിക്കപ്പെട്ടപ്പോൾ കൊച്ചുമെത്രാച്ചന്റെ പിൻതുണയും പ്രാർത്ഥനയുമാണ് വല്യമെത്രാച്ചന്റെ ‘മാനം’ കാക്കാൻ

സഹായകമായത് എന്ന് കണ്ടനാട്ട് ഗ്രന്ഥവരി സാക്ഷിക്കുന്നുണ്ട്. ഇതൊക്കെ ശെമ്മാശനായും മല്പാനായും അടുത്തുനിന്ന് വീക്ഷിച്ച സ്മര്യപുരുഷന് സ്വന്തം ജീവിതത്തിൽ ഈ ഭക്തിമാതൃകകളെ അനുകരിക്കാൻ പ്രേരണ ലഭിച്ചത് സ്വാഭാവികം. സ്മര്യപുരുഷന്റെ ശിഷ്യനും സഹപ്രവർത്തകനും മേൽസ്ഥാനിയും പിൻഗാമിയുമായ കല്ലാശ്ശേരിൽ ബാവാ സ്മര്യപുരുഷനെ വിലയിരുത്തുന്നതിപ്രകാരമാണ്: "....ആത്മീയപ്രകാരം അദ്ദേഹം ഒരു മഹാനും യാതൊരു കറയും കുറവും ഇല്ലാത്തവനുമായിരുന്നുവെന്നാണ് നമ്മുടെ അഭിപ്രായം. പലർക്കും അത് അറിയുന്നതിന് സാധിച്ചിട്ടില്ല. കാരണം അദ്ദേഹം അത് അശേഷം ഭാവിക്കുന്ന ആളല്ലായിരുന്നു എന്നുള്ളതാണ്. നമ്മുടെ കർത്താവ് ഉഗ്രമായി ശപിച്ചിട്ടുള്ള കപടഭക്തിയുടെ നിഴൽപോലും അദ്ദേഹത്തിലില്ലായിരുന്നു. ..... നാം ചെറുപ്പംമുതൽ അദ്ദേഹത്തോടുകൂടി താമസിച്ചിട്ടുള്ളവനും അടുത്തുപെരുമാറിയിട്ടുള്ളവനും അത്രേ. ദൈവത്തിന് ഇഷ്ടമുള്ള നടപടികളല്ലാതെ അദ്ദേഹത്തിന്റെ ആത്മീയജീവിതത്തിൽ നാം കണ്ടിട്ടില്ല. ആത്മീയകാര്യങ്ങളിൽ അദ്ദേഹം എത്രയും ക്രമവും നിഷ്ഠയും ഉള്ളവനായിരുന്നു എന്നതിന് നാം ദൃക്സാക്ഷിയാണ്. നിത്യവുമുള്ള വേദവായന, യാമംതോറും വിശിഷ്യാ പാതിരാത്രിക്കുപോലും ഉള്ള നമസ്കാരങ്ങൾ, നോമ്പാചാരം ഇവയൊക്കെയും കഴിഞ്ഞ വെള്ളിയാഴ്ച പ്രഭാതം വരെ അദ്ദേഹം നിർവിഘ്നം അനുഷ്ഠിച്ചിരുന്നു. രോഗശയ്യയിലായി സംസാരശേഷി ക്ഷയിച്ചിട്ടും യാമങ്ങളിൽ അദ്ദേഹം കുരിശുവരച്ച് നമസ്കരിക്കുമായിരുന്നു. വിശുദ്ധ സഭയുടെ വിശ്വാസാചാരങ്ങളെപ്പറ്റിയുള്ള അറിവിൽ അദ്ദേഹം അദ്വിതീയൻ ആയിരുന്നതുപോലെതന്നെ അവയുടെ അനുഷ്ഠാനങ്ങളിലും ഒട്ടും പിന്നോക്കമായിരുന്നില്ല."[13]

സ്മര്യപുരുഷന്റെ ചില നിഷ്ഠകളെപ്പറ്റി ദീർഘകാലം സെക്രട്ടറിയായിരുന്ന മണലിലച്ചൻ അനുസ്മരിക്കുന്നതിപ്രകാരമാണ്. "....... തിരുമേനിയുടെ ജീവിതവിശുദ്ധിയും ദിനചര്യകളിലുള്ള കൃത്യനിഷ്ഠയും വിശുദ്ധിയും പ്രത്യേകം ശ്രദ്ധിക്കണം. ഏഴു നേരത്തെ പ്രാർത്ഥനയിൽ കൂടെയുള്ളവർ നാലു നേരം സംബന്ധിച്ചാൽ മതി. ഉച്ചയ്ക്കു മുമ്പും ഉച്ചകഴിഞ്ഞുമുള്ള യാമപ്രാർത്ഥനകൾ വാതിലടച്ചുകൊണ്ടായിരിക്കും നടത്തുക. സൂത്താറായും പാതിരാത്രി നമസ്കാരവും തനിച്ച് തന്നെയായിരിക്കും. ആ പ്രാർത്ഥനകൾ മറ്റുള്ളവർ അറിയണമെന്ന് ആഗ്രഹമില്ല."[14]

"അന്നു വളരെ ചുരുക്കം വിവാഹങ്ങൾക്കു മാത്രമേ മലങ്കര മെത്രാപ്പോലീത്താ പോയിരുന്നുള്ളു. ക്ഷണിക്കാൻ സാമ്പത്തികശേഷി ഉള്ളവരും കുറവായിരുന്നു. യാത്രാസൗകര്യവും പരിമിതമായിരുന്നു. ക്ഷണിക്കുന്നവരുടെ പ്രതാപം പ്രകടിപ്പിക്കുവാനും ക്ഷണിക്കപ്പെടുന്ന മേൽപ്പട്ടക്കാർക്ക് പണം കിട്ടാനും വേണ്ടി ഇന്നത്തെപ്പോലെ ഓടിനടന്നുള്ള കല്യാ



ണങ്ങൾ അന്നില്ലായിരുന്നു. വിവാഹം നടത്താൻ വൈദികർ മാത്രം മതിയെന്ന ചിന്തയും മെത്രാപ്പോലീത്തായെ ഭരിച്ചിരുന്നു."[15]

സ്മര്യപുരുഷന്റെ മറ്റൊരു നിഷ്ഠയെ ഉദാഹരിക്കുന്ന ഒരു സംഭവം കാണുക. "ഒരു ഗുരുതരമായ തെറ്റ് ചെയ്ത വൈദികനോട്, ഒരിക്കൽ ഗുണദോഷം നൽകാൻ, തന്നെ വന്ന് കാണണമെന്ന് തിരുമേനി കല്പിച്ചു. പക്ഷേ, പലതവണ പറഞ്ഞിട്ടും അച്ചൻ വന്നില്ല. ഗതിമുട്ടിയപ്പോൾ അനുസരണക്കേടിന് തിരുമേനി മനസ്സില്ലാമനസ്സോടെ മുടക്കി. തുടർന്ന് അച്ചൻ വന്ന് ക്ഷമ ചോദിക്കുകയും മുടക്കുതീർക്കുകയും ചെയ്തു. വി. കുർബ്ബാന തുടങ്ങിയ കൂദാശകൾ അനുഷ്ഠിക്കുന്ന വൈദികരെ ഒരിക്കലും മുടക്കരുതെന്നും അങ്ങനെ ചെയ്യുന്നത് അല്പന്മാരാണെന്നും അത് തെറ്റാണെന്നും ആയിരുന്നു തിരുമേനിയുടെ നിലപാട്."[16] സെക്രട്ടറി ശെമ്മാശന്റെ മറ്റൊരു സ്മരണ ഇപ്രകാരമാണ്: "തിരുമേനി കത്തുകൾക്കും അപേക്ഷകൾക്കും സാധാരണഗതിയിൽ പിറ്റേ ദിവസം തന്നെ മറുപടി അയയ്ക്കും. അതിനുവേണ്ടി രാവിലെ കാപ്പികഴിഞ്ഞ് മണി കിലുക്കും. അപ്പോൾ എഴുത്തുകൾക്ക് മറുപടി അയയ്ക്കുവാൻ യാക്കോബ് ശെമ്മാശൻ ചെല്ലും." ധിക്കാരിയായ ഒരു പട്ടക്കാരന് മറുപടി അയയ്ക്കേണ്ടതില്ലെന്ന് സെക്രട്ടറി ശെമ്മാശൻ സങ്കടപൂർവ്വം അറിയിച്ചപ്പോൾ സ്മര്യപുരുഷൻ മറുപടിപറഞ്ഞതിങ്ങനെയാണ്: "എടോ താൻ ഒരു കൊച്ചുശെമ്മാശൻ, ഞാൻ ഒരു മെത്രാപ്പോലീത്താ. ഒരു പട്ടക്കാരൻ മെത്രാപ്പോലീത്തായോട് ചെയ്ത തെറ്റുകൾ മെത്രാപ്പോലീത്താ ക്ഷമിക്കണം. ... ആ കത്തനാരോട് കടമറ്റത്തുവച്ചുതന്നെ ക്ഷമിച്ചുകഴിഞ്ഞു. എനിക്കയാളോട് യാതൊരു വിരോധവുമില്ല. താനും ഇടവകയിൽ ചെല്ലുമ്പോൾ ഇടവകയിൽ പ്രശ്നങ്ങൾ ഉണ്ടാകും. എല്ലാവരുമായി സ്നേഹത്തിൽ കഴിയണം. പട്ടക്കാരുടെയും മേല്പട്ടക്കാരുടെയും ജീവിതത്തിൽ ശത്രുക്കളും സ്നേഹമില്ലാത്തവരും ഉണ്ടാകരുത്. എല്ലാവരുടെയും പിതാക്കന്മാരാണവർ."[17]

കൂദാശകളിൽ അവർണ്ണനീയമായ നിഷ്ഠയും ആദരവും പുലർത്തിയിരുന്ന സ്മര്യപുരുഷൻ, വിവാഹബന്ധം വിടർത്തുവാൻ ലഭിച്ച ഒരപേക്ഷയ്ക്കു നൽകിയ മറുപടി കാണുക: "പ്രിയനേ ചക്കാലക്കൽ റപ്പായി ലോനപ്പന്റെ സംഗതിയെ സംബന്ധിച്ച് ഈ മാസം 12-ാം തീയതി അയച്ച എഴുത്തുകിട്ടി. ടിയാന്റെ അപേക്ഷപ്രകാരം വേറെ വിവാഹത്തിന് അനുവദിപ്പാൻ പാടുള്ളതല്ല. വ്യഭിചാരകാരണം പറഞ്ഞ് വിവാഹം വേർപെടുത്തുന്നതിന് അനുവദിക്കയെന്ന് വന്നാൽ വേർപെടുത്തേണ്ടതായി അനേകായിരങ്ങൾ ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്. അതിനാൽ ഇങ്ങനെയുള്ളത് അശേഷവും അനുവദിക്കുന്നതല്ലെന്ന് നമ്മുടെ ലോനപ്പനോട് തീർച്ചയായിട്ടു പറഞ്ഞുകൊള്ളാവുന്നതാണ്. അത്താനാസ്യോസ് മെത്രാ

ച്ചന്റെ സാക്ഷിവിസ്താരം നടന്നില്ലെന്നും മറ്റും നമ്മുടെ പാലപ്പിള്ളിൽ കത്തനാരച്ചന്റെ എഴുത്തുമൂലം അറിയുന്നു."[18] 1916 മകരം 18 ന് കോട്ടയം സെമിനാരിയിൽനിന്ന് അയച്ച കല്പനയിൽ വിവാഹമോചനക്കാര്യത്തിൽ തനിക്കുള്ള സുദൃഢമായ നിലപാട് തെറ്റിദ്ധാരണകൾക്ക് ഇടവരാത്തവിധം വിശദമാക്കുന്ന ഒരു ഇടയന്റെ - ജാഗ്രതയോടെ സഭാതോട്ടം കാക്കുന്ന കാവൽക്കാരന്റെ - നിഷ്ഠ തെളിഞ്ഞുകാണാം. വിവാഹമോചനത്തിന് വ്യഭിചാരം സ്വീകാര്യമായ കാരണമായി വി. വേദപുസ്തകവും ഹൂദായ കാനോനും അനുവദിക്കുന്നുണ്ടെങ്കിലും അക്കാര്യം സംശയാതീതമായി തെളിയിക്കുക സാധ്യമല്ലെന്ന പ്രായോഗിക ചിന്തയാണ് അദ്ദേഹത്തെ ഈ നിലപാടിലെത്തിച്ചതെന്ന് തോന്നുന്നു. സഭയുടെ ഉപദേശങ്ങൾക്ക് മാറ്റമൊന്നും വന്നിട്ടില്ലെങ്കിലും ഈ കാര്യത്തിൽ സഭയിൽ കണ്ടുവരുന്ന അയഞ്ഞ നിലപാട് വിലയിരുത്തുമ്പോൾ സ്മര്യപുരുഷന്റെ തത്വദീക്ഷയ്ക്കു മുമ്പിൽ നമസ്കരിക്കേണ്ടി വരുന്നില്ലേ?

വിവാഹമോചനത്തെക്കുറിച്ചുള്ള മറുപടിയിൽ സഭാക്കേസുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ വിശേഷം ഉൾപ്പെടുത്തിയത് വ്യക്തിബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ എഴുത്തുകാരനുള്ള താല്പര്യത്തെയാണ് വ്യക്തമാക്കുന്നത്. കത്തുകൾ അയയ്ക്കുന്നതിലുള്ള നിഷ്ഠകൾ പരാമർശിക്കുമ്പോൾ മറ്റൊരു കത്ത് ഓർമ്മയിൽ തെളിഞ്ഞുവരുന്നുണ്ട്. ആ കത്ത് പൂർണ്ണമായും ചേർക്കുന്നു. "പ്രിയനേ, കഴിഞ്ഞമാസം 22-ാം തീയതി അയച്ച എഴുത്തും ബങ്കിയായി അയച്ചു (പാർസൽ) തന്ന ആ വിലയേറിയ മാങ്ങയും കിട്ടിയതിൽ വളരെ സന്തോഷിക്കുന്നു. മാങ്ങാ തന്നെ സ്വതേ വളരെ വലിപ്പവും രസവും ഉള്ളതായിരുന്നു. അങ്ങനെയുള്ളത് നമ്മുടെ ചാക്കോ സൂപ്രണ്ട് മുതലായി നിങ്ങളുടെ കൈകളിൽനിന്ന് നമ്മോടുള്ള നിങ്ങളുടെ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സ്മരണയുടെയും ലക്ഷ്യമായി ദൂരദേശത്തുനിന്ന് ബങ്കിയായി വരികയും പലരുടെയും മുമ്പാകെ വച്ച് പൊട്ടിച്ചെടുത്ത് ഭക്ഷിക്കുകയും പലരെയും ഭക്ഷിപ്പിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകാവുന്ന രസവും ആനന്ദവും അവർണ്ണനീയമാണെന്ന് നാം പറയേണ്ടതില്ലല്ലോ. അവിടുത്തെ നമ്മുടെ പള്ളിപ്പുരയിടം കമനീയമായ ഒരു തോട്ടമായിത്തീരുമ്പോൾ ഉണ്ടാകാവുന്ന ഹൃദയാനന്ദം ഓർക്കുമ്പോൾ ഒക്കെയും വലിയ സന്തോഷം നമുക്കുണ്ടാകുന്നു. സർവ്വശക്തനായ ദൈവം നിങ്ങൾ എല്ലാവരുടെയും സകല ആലോചനകളെയും കൈവേലകളെയും അനുഗ്രഹിച്ച് ഫലപ്രദമാക്കിത്തീർക്കുന്നതിന് ബലഹീനനായ നാം പ്രാർത്ഥിക്കുന്നു. നമ്മുടെ ദാവീദ് ശെമ്മാശനെ സംബന്ധിച്ച് അയച്ചിരുന്ന എഴുത്തിന് നാം അയച്ചിട്ടുള്ള മറുപടി ഇതിനു മുമ്പുതന്നെ അവിടെ കിട്ടിയിരിക്കുമെന്ന് വിശ്വസിക്കുന്നു."[19]



1916 മേടം 5-ാം തീയതി ചേപ്പാട്ട് പള്ളിയിൽനിന്ന് അയച്ച ഈ സ്വഹസ്തലിഖിതം കത്തയയ്ക്കുന്നതിലുള്ള നിഷ്ഠയെ മാത്രമല്ല ഒരു ഉത്തുംഗഹൃദയത്തിലെ തടാകശോഭയേയും കുളിർമ്മയെയും അനുഭവിപ്പിക്കുന്നുണ്ട്. ഭക്ഷണകാര്യത്തിൽ അദ്ദേഹം പുലർത്തിയിരുന്ന ചില നിഷ്ഠകളും ഇവിടെ പരാമർശിക്കേണ്ടതുണ്ട്. "വട്ടശ്ശേരിൽ തിരുമേനിയുടെ ഭക്ഷണരീതി ഒരു പ്രത്യേക തരത്തിലുള്ളതായിരുന്നു. രാവിലെ കാപ്പിയും പുട്ടും കപ്പയോ ചേനയോ പുഴുങ്ങിയതും കാന്താരിച്ചമ്മന്തിയും അല്ലെങ്കിൽ ഏത്തക്കാചുട്ടതും. ഉച്ചഭക്ഷണം ചോറും കുമ്പളങ്ങയോ വെള്ളരിക്കായോ തോരൻ, കാച്ചിയ മോര്, തൈരു, കാന്താരിച്ചമ്മന്തി, കുറച്ച് ചോറിട്ട്, കാച്ചിയ മോരുമൊഴിച്ച് തോരനും അതിന്റെ കൂടെയിട്ട് ചമ്മന്തിയോടു കൂടി ഉണ്ണും. പിന്നീട് കുറച്ചു ചോറിട്ട് തൈരും തോരനും കൂട്ടി ചമ്മന്തിയും തൊട്ടുകൂട്ടി ഊണു തീർക്കും. നോമ്പുകാലങ്ങളിൽ പാലും മോരും കഴിക്കുകയില്ല. നാലു മണിക്ക് ഒരു ഗ്ലാസ്സ് കാപ്പി മാത്രം. അത്താഴം ഗോതമ്പുപൊടി പാലിൽ കുറുക്കി ഒരു ഗ്ലാസ് കഴിക്കും. അത്രമാത്രം അമ്പതു നോമ്പിലും ഉച്ചവരെ ഭക്ഷണമില്ല. ഉച്ചനമസ്ക്കാരം കഴിഞ്ഞു കഞ്ഞി കുടിക്കും. രണ്ടുമരക്കറികളും ചമ്മന്തിയും ഉണ്ടാകും. കാന്താരിച്ചമ്മന്തി നിർബ്ബന്ധമായിരുന്നു."[20]

## 9. വലിയ മനസ്സിന്റെ ഉടമ

മെത്രാന്മാർ രാജർഷിമാരാണെന്നും അവരുടെ 'മേശ' വിഭവസമൃദ്ധമാകണമെന്നും ശഠിക്കുകയും അപ്രകാരം 'മേശ' ഒരുക്കുന്നവരുടെ കെണികളിലും മുഖസ്തുതികളിലും ചക്കരവാക്കുകളിലും വഴുതിവീഴുകയും അപ്രകാരം ഒരുക്കാത്തവരോട് അടങ്ങാത്ത പകയും വെറുപ്പും അസംതൃപ്തിയും മനസ്സിലും വാക്കിലും സമീപനത്തിലും അറിഞ്ഞോ അറിയാതെയോ പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധരും അഭിവന്ദ്യരുമായ നമ്മുടെ പിതാക്കന്മാർ സിംഹപൗരുഷശാലിയും മഹാതേജസ്വിയുമായ ഈ രാജർഷിയുടെ ഭക്ഷണനിഷ്ഠകളും ലാളിത്യവും മുറകളും ഓർക്കുന്നതു നല്ലതല്ലേ?

വ്യവഹാരത്തിന്റെ അതിസങ്കീർണ്ണമായ നൂലാമാലകളിൽ അകപ്പെടുത്തി ഒരു പുരുഷകേസരിയുടെ കർമ്മശേഷിയെ വ്യർത്ഥമാക്കിയ കൂട്ടുട്രസ്റ്റികളായ കോനാട്ട് മാത്തൻ മല്പാനോടും സി. ജെ. കുര്യനോടും മെത്രാപ്പോലീത്തായുടെ സമീപനം എന്തായിരുന്നു? ഒടുങ്ങാത്ത അസഹിഷ്ണുതയും പകയും ആയിരുന്നുവോ? അവർ രണ്ടു പേർക്കും രണ്ടു ഘട്ടങ്ങളിലായി മെത്രാൻ ട്രസ്റ്റി അയച്ച കത്തുകൾ ഇക്കാര്യം വ്യക്തമാക്കും:

"നമ്മുടെ അക്കരെകൊച്ചുഞ്ഞിന് (സി. ജെ. കുര്യൻ) വാഴ്വ്.

പ്രിയനേ, നമ്മുടെ വട്ടിപ്പണക്കേസിന്റെ വിധി അടുത്ത ബുധനാഴ്ച പ്രസ്താവിക്കുമെന്നാണല്ലോ ഒരുവിധം സൂക്ഷ്മമായി... നമ്മുടെ വിശുദ്ധസഭയിൽ ഭിന്നത ഉണ്ടാകാതിരിപ്പാൻ കഴിയുന്നത്ര ഉത്സാഹിക്കേണ്ടത് നമ്മുടെ ചുമതലകളിൽ മുഖ്യമായിട്ടുള്ളതെന്ന് വിചാരിക്കുന്നതിനാൽ ഇപ്പോൾ ഈ കല്പന അയയ്ക്കുന്നതാണ്. .......നാം കുറ്റമറ്റവനെന്ന് പറയുന്നില്ലെങ്കിലും നമ്മുടെ വിശുദ്ധ സഭയുടെ അംഗങ്ങളിൽ യാതൊരുത്തർക്കും വിരോധമായും യാതൊന്നും ചെയ്തിട്ടില്ലെന്നാണ് നമ്മുടെ ബോധ്യം. അല്ല, ചെയ്തിട്ടുണ്ടെന്ന് കൊച്ചുകുഞ്ഞോ നമ്മുടെ സഭയിൽപെട്ടവർ ആരെങ്കിലുമോ വിചാരിക്കുന്നുവെങ്കിൽ ദൈവത്തെയും നമ്മുടെ സഭയേയും ഓർത്തു നമ്മോടു ക്ഷമിക്കണമെന്ന് നമ്മുടെ സഭയിൽപെട്ട ഏവരോടും പ്രത്യേകിച്ച് കൊച്ചുകുഞ്ഞിനോടും ദൈവത്തിന്റെ തിരുനാമത്തിൽ കണ്ണീരോടുകൂടെ നാം അപേക്ഷിക്കുന്നു. നാം കാരണത്താൽ നമ്മുടെ വിശുദ്ധ സഭയ്ക്കു യാതൊരു ദോഷവും അതിൽ യാതൊരു ഭിന്നതയും ഉണ്ടാകരുതെന്നുള്ള നമ്മുടെ ആഗ്രഹം നിമിത്തം ഇങ്ങനെ അപേക്ഷിക്കുന്നതാണ്. സമാധാനത്തെ സംബന്ധിച്ച് തമ്മിൽ കണ്ടു സംസാരിച്ചാൽ കൊള്ളാമെന്ന് നമുക്കാഗ്രഹമുള്ളതിനാൽ ഇന്നു തന്നെ കൊച്ചുഞ്ഞു ഇത്രടം വന്നുപോകണമെന്ന് നാം ആഗ്രഹിക്കുന്നു.........."[21]

വൈദികട്രസ്റ്റിയായിരുന്ന കോനാട്ട് മാത്തൻ മല്പാന് സ്മര്യപുരുഷൻ അയച്ച ഒരു കത്തും ഒരു വലിയ മനസ്സിന്റെ ഉടമയെ വെളിപ്പെടുത്തുന്നുണ്ട്. മല്പാൻെറ അന്ത്യകാലമായി. "സുഖക്കേട് കൂടുതലായി ശയ്യാവലംബിയായപ്പോൾ വട്ടശ്ശേരിൽ തിരുമേനിയെ നേരിൽ കണ്ടു സംസാരിച്ചു കഴിഞ്ഞുപോയതെല്ലാം മറക്കണമെന്നും ക്ഷമിക്കണമെന്നും ഉണർത്തിപ്പാൻ മല്പാന്റെ ഹൃദയം വെമ്പി. അതിനായി മല്പാന്റെ സഹോദരൻ കുഞ്ഞിപ്പൈലിയോടു പറഞ്ഞു വട്ടശ്ശേരിൽ തിരുമേനിക്കു ഒരു കത്തയച്ചു. വട്ടശ്ശേരിൽ തിരുമേനി, കഴിഞ്ഞതെല്ലാം ക്ഷമിച്ച് വളരെ സ്നേഹപൂർവ്വം കുഞ്ഞിപ്പൈലിയ്ക്ക് മറുപടിയയ്ക്കുകയും ചെയ്തു. ആ മറുപടിയിൽ, അന്യോന്യം ഉണ്ടായിരുന്ന വിരോധങ്ങൾ സകലവും തീർന്നിരിക്കുകയാണെന്ന് അറിയുന്നതു നമുക്കും അദ്ദേഹത്തിനും ഹൃദയസമാധാനത്തിന് കാരണമായിത്തീരുന്നതാണ് എന്നെഴുതിയിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ കത്ത് തുടരുന്നു: "അതിനാൽ നമുക്കു അദ്ദേഹത്തിന്റെ നേരെ യാതൊരു ദേഷ്യവും വഴക്കും ഇല്ലെന്നും ഉണ്ടായിരിക്കാവുന്ന സകലവും ഉപേക്ഷിച്ച് ദൈവതിരുനാമത്തിൽ ക്ഷമിച്ചിരിക്കുകയാണെന്നും അദ്ദേഹത്തോട് പറഞ്ഞുകൊള്ളണം. ....... കാരുണ്യവാനായ ദൈവം ഞങ്ങൾ ഇരുവരോടും ഞങ്ങളുടെ കുറ്റങ്ങളെയും കുറവുകളെയും ക്ഷമിക്കുന്നതിന് ബലഹീനനായ നാം തന്നോട് പ്രാർത്ഥിക്കുന്നു."[22]



മണലിലച്ചൻ അനുസ്മരിക്കുന്നു: '1927 ജനുവരിയിൽ കോനാട്ട് മല്പാൻ പരുമലയിൽ എത്തിയപ്പോൾ അദ്ദേഹവും വട്ടശ്ശേരിൽ തിരുമേനിയും തമ്മിൽ ദീർഘനേരം സ്വകാര്യസംഭാഷണം നടത്തി. അന്നത്തെ സമാധാന ആലോചന കഴിഞ്ഞ് എല്ലാവരും പിരിഞ്ഞപ്പോൾ വട്ടശ്ശേരിൽ തിരുമേനി യാക്കോബ് ശെമ്മാശനോടു പറഞ്ഞു. ഞാനും മല്പാനച്ചനും സെമിനാരിയിൽ ഒന്നിച്ചു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ വലിയ സ്നേഹിതരായിരുന്നു. പിന്നീട് ഞാൻ മെത്രാനായപ്പോൾ ട്രസ്റ്റി എന്ന നിലയിൽ സ്നേഹിതരല്ലാതെ ശത്രുക്കളായി. ആ കാര്യങ്ങൾ ഞങ്ങൾ തമ്മിൽ സംസാരിച്ചു. പഴയ സ്നേഹത്തിലായി. എല്ലാം തമ്മിൽ സംസാരിച്ചു തീർന്നു. സന്തോഷമായി. ..."[23]

## 10. പ്രത്യുല്പന്നമതിത്വം

സ്മര്യപുരുഷന്റെ പ്രത്യുല്പന്നമതിത്വവും വ്യക്തിത്വദീപ്തിയുടെ ഭാഗമായി പരാമർശം അർഹിക്കുന്നുണ്ട്. വിവിധ കോടതികളിൽ സാക്ഷിയായി മാസങ്ങളോളം നീളുന്ന വിസ്താരം നടന്നിട്ടും പരസ്പരവിരുദ്ധമായോ അസത്യമായോ അദ്ദേഹത്തിന് സംസാരിക്കേണ്ടി വന്നിട്ടില്ല. ചില തത്വങ്ങൾ മുറുകെപ്പിടിച്ച് അവയെ അടിസ്ഥാനമാക്കി ചോദ്യങ്ങൾക്കുത്തരം പറഞ്ഞിരുന്നതുകൊണ്ടാണ് ഈ സാക്ഷിമൊഴികളിൽ അസത്യമോ വൈരുദ്ധ്യമോ വരാതെ സൂക്ഷിക്കാനായത് എന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മൊഴികേട്ട ജഡ്ജിമാരും അദ്ദേഹത്തിന്റെ അവകാശവാദത്തെ ശരിവച്ചിട്ടുണ്ട്. സാക്ഷിമൊഴികളിലെ പ്രത്യുല്പന്നമതിത്വം വെളിപ്പെടുത്തുന്ന രണ്ടു മൂന്ന് സന്ദർഭങ്ങൾ ഇവിടെ ഉദ്ധരിക്കുകയാണ്: "ഞാൻ മെത്രാൻ സ്ഥാനം ഏറ്റത് ഊർശ്ലേമിൽ വച്ചാണ്. ... സ്ഥാത്തിക്കോൻ തന്നത് അബ്ദുള്ളാ പാത്രിയർക്കീസാണ്. ചോ. പല ആളുകളുടെ പേരു പറഞ്ഞതിൽ അവിടേക്ക് മെത്രാൻ സ്ഥാനത്തിനടുത്ത നൽവരം ആരാണ് തന്നത്? ഉത്തരം: ..... ദൈവത്തിൽ നിന്നുള്ള നൽവരമാണ് എനിക്ക് ലഭിച്ചത്... സിനഡ് ആണ് എനിക്ക് സ്ഥാനം തന്നത്. ...എനിക്ക് സ്ഥാനം തന്നപ്പോൾ കുർബ്ബാനചൊല്ലിയത് അബ്ദുള്ളാ പാത്രിയർക്കീസാണ്. .... ഒരു മേല്പട്ടക്കാരൻ ഒരു കത്തനാർക്കു കത്തനാർ സ്ഥാനം കൊടുക്കുമ്പോൾ മേല്പറഞ്ഞവിധം കത്തനാരെ കാപ്പയുടെ ഉള്ളിൽ നിറുത്തിക്കൊണ്ട് വിശുദ്ധാത്മാവിറങ്ങി മേല്പടി കത്തനാർക്കു ദൈവവരം കൊടുക്കുന്നു എന്ന് ദൃഷ്ടാന്തപ്പെടുത്തി കാണിപ്പാൻ വേണ്ടി മേല്പട്ടക്കാരൻ തന്റെ കൈകളെ പട്ടക്കാരന്റെ തലയിന്മേൽ ആഘോഷിക്കുക പതിവുണ്ട്. മെത്രാൻസ്ഥാനത്തിന് ഇത് പതിവുണ്ടോ എന്ന് എനിക്ക് നല്ല ഓർമ്മയില്ല. എങ്കിലും ഉണ്ടെന്നാണ് തോന്നുന്നത്. .... എനിക്ക് ഇങ്ങനെചെയ്തിട്ടുണ്ടെന്നും ഇങ്ങനെ പതിവുണ്ടെന്നുമാണ് തോന്നുന്നത്. ചോദ്യം: ആരുടെ കാപ്പക്കകത്താണ്

അവിടുത്തെ കയറ്റി നിർത്തി എന്ന് ഓർമ്മയുള്ളത്? ഉത്തരം: കയറ്റി നിറുത്തി എങ്കിൽ അബ്ദുള്ളാ പാത്രിയർക്കീസിന്റെ കാപ്പക്കകത്തു മാത്രമേ പാടുള്ളൂ. ചോ. ഒരാൾ നേരെ കൈവെച്ചു എന്നുപറഞ്ഞത് ആരാണ്? ഉ. എന്റെ സംഗതിയിൽ അങ്ങനെ ചെയ്തത് അബ്ദുള്ളാ പാത്രിയർക്കീസ് ആയിരിക്കണം. ചോ. അബ്ദുള്ളാ പാത്രിയർക്കീസ് ആയിരിക്കണം എന്നേയുള്ളോ അതോ ഓർമ്മയുണ്ടോ? ഉ. കുർബ്ബാന ചൊല്ലുന്ന ആളാണ് അങ്ങനെ ചെയ്ക പതിവ്. അബ്ദുള്ളാ പാത്രിയർക്കീസാണ് അന്ന് കുർബ്ബാന ചൊല്ലിയത്. അതിനാൽ അദ്ദേഹം ആയിരിക്കണം. മേല്പട്ടസ്ഥാനമേൽക്കുന്ന ആളിന്റെ തലയും മുഖവും മിക്ക സമയങ്ങളിലും മൂടപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്ക് സ്ഥാനംതന്ന സമയത്തുനടന്ന സംഗതികളെക്കുറിച്ച് ഒക്കെയും കണ്ടറിവായി പറയാൻ പാടില്ല."[24]

മറ്റൊരു സാക്ഷിവിസ്താരം: 'കൈവിറയൽ ഉണ്ട്. കുർബ്ബാനയിലെ എല്ലാ കർമ്മങ്ങളും ക്രിയകളും അനുഷ്ഠിക്കാൻ സാധിക്കുകയില്ല. അപ്പോൾ മുടക്കുരേഖയിലെ ആരോപണം ശരിയാണ് എന്ന് തെളിയിക്കാം എന്നുവച്ച് വട്ടിപ്പണക്കേസിൽ മൊഴികൊടുക്കവേ എതിർഭാഗവക്കീൽ ചോദിച്ചു. ചോ. ശെമ്മാശന്മാർക്കും കശ്ശീശന്മാർക്കും സ്പൂൺകൊണ്ടാണ് കുർബ്ബാന കൊടുക്കേണ്ടതെന്ന് കാനോനിൽ പറഞ്ഞിട്ടില്ലേ? ഉ. ഉണ്ട്. ഇവിടെ നടന്നുവരുന്ന പതിവും അങ്ങനെതന്നെയാണ്. ചോ. അവിടത്തേക്കു സ്പൂൺകൊണ്ട് കുർബ്ബാന കോരി താഴെവീഴാതെ കൊടുക്കാമോ? ഉ. അങ്ങനെയാണ് ഇതുവരെയും നടന്നുപോരിക. ചോ. കാസായുടെ സൈസിലുള്ള ഒരു കപ്പും പീലാസായുടെ സൈസിലുള്ള ഒരു സോസറും തന്നാൽ ആ കപ്പിനകത്ത് വെള്ളം ഒഴിച്ചുകൊണ്ട് ആ കപ്പും സോസറും കയ്യിൽവച്ചുകൊണ്ട് ഇരുപതടി നടന്ന് കാണിക്കാമോ? ഉ. ഞാൻ ഇപ്പോൾ കോടതിയുടെ മുമ്പിൽ ഹാജരായിരിക്കുന്നത് സാക്ഷിമൊഴി കൊടുക്കുന്നതിനായിട്ടാണ്. കുർബ്ബാനയിലെ കർമ്മം ഡ്രാമാ കളിച്ചുകാണിപ്പാനല്ല. അതിനാൽ ഈ ചോദ്യത്തിന് ഉത്തരം പറയാൻ എനിക്ക് മനസ്സില്ല.[25]

പട്ടമേറ്റതിനെക്കുറിച്ച് 1094 ചിങ്ങം 13-ാം തീയതി വട്ടിപ്പണക്കേസ്സിൽ വിസ്തരിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടിയും അദ്ദേഹത്തിലെ പ്രത്യുല്പന്നമതിത്വം വെളിവാക്കുന്നു.

ചോദ്യം: അവിടുന്ന് മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടപ്പോൾ അവിടുത്തെ തലയിൽ കൈവെച്ചത് അബ്ദുള്ള പാത്രിയർക്കീസ് അല്ലേ? ചോദ്യം: നേരെ കൈവച്ചത് അബ്ദുള്ള പാത്രിയർക്കീസ് ആണെന്ന് പൂർണ്ണ വിശ്വാസം മാത്രമേ ഉള്ളൂ. നിശ്ചയമില്ല എന്നാണോ പറയുന്നത്?



ഉ. നിശ്ചയമില്ല എന്നല്ല കാണാൻ സാധിച്ചില്ല എന്നാണ്.[26]

സാക്ഷിവിസ്താരവേളയിൽ നിയമവിദഗ്ദ്ധരായ വക്കീലന്മാർ നിയമബോധമില്ലാത്ത സാക്ഷികളെക്കൊണ്ട് തങ്ങൾക്കാവശ്യമായ പ്രസ്താവനകൾ നടത്തിക്കാറുണ്ട്. അപ്രകാരമുള്ള നിർണ്ണായക ഘട്ടങ്ങളിലാണ് സ്മര്യപുരുഷൻ പിടികൊടുക്കാതെ മികച്ച മെയ്വഴക്കത്തോടെ വഴുതിമാറുന്നത്. സാക്ഷിമൊഴിയിലെ മറ്റൊരു ഭാഗം കൂടെ ഉദ്ധരിക്കാം. ഉത്തരം പറയാൻ പണ്ഡിതന്മാർക്കു പോലും ചിന്താക്കുഴപ്പമുണ്ടാക്കുന്ന ഈ ചോദ്യത്തെ, മർമ്മജ്ഞനായ മെത്രാപ്പോലീത്താ നേരിടുന്നത് നമ്മെ വിസ്മയിപ്പിക്കുകതന്നെ ചെയ്യും.

"ചോ. മൂറോൻ എന്ന വസ്തു ഒരു കൂദാശയാണോ? ഉ. മൂറോൻ കൊണ്ടുള്ള ഉപയോഗത്തെയാണ് കൂദാശയായിട്ട് ഗണിക്കുന്നത്."[27] പള്ളിയുടെയും തബലൈത്താകളുടെയും ശുദ്ധീകരണത്തിനും മാമ്മൂദീസായിലെ മുദ്രണത്തിനുമാണ് മൂറോൻ ഉപയോഗിക്കുന്നത്. ആ ഉപയോഗമാണ് മൂറോൻ തൈലത്തെ കൂദാശയാക്കിത്തീർക്കുന്നത്. ഈ മറുപടിയിൽ മറഞ്ഞിരിക്കുന്ന ധ്വന്യാത്മകതയും പ്രത്യുല്പന്നമതിത്വവും വർണ്ണിക്കാവതല്ല.

## 11. എക്യുമെനിക്കൽ ദർശനം

എക്യുമെനിസം എന്ന പദം സർവസാധാരണമല്ലാത്ത ആ കാലഘട്ടത്തിൽ സ്മര്യപുരുഷൻ ആ നിലയിലും ശ്രദ്ധേയനാണ്. തന്റെ തലമുറയിൽ സഭയിൽനിന്ന് വിട്ടുപോകേണ്ടിവന്ന നവീകരണ വിഭാഗത്തിന് മാതൃസഭയിലേക്കു മടങ്ങിവരുവാൻ തടസ്സങ്ങളൊന്നും സൃഷ്ടിച്ചുകൂടാ എന്നദ്ദേഹത്തിന് നിർബ്ബന്ധമുണ്ടായിരുന്നു. പുലിക്കോട്ടിൽ മെത്രാച്ചന്റെ അന്ത്യകല്പനയിൽ പ്രത്യേകം ശട്ടം കെട്ടിയിരുന്നത് പിൻഗാമി പ്രത്യേകം ഓർത്തു. "....നമ്മുടെ സഭയുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ച് നാം ആഗ്രഹിച്ചിരുന്ന ആഗ്രഹങ്ങളിൽ പലതും സാധിക്കാതെ കിടപ്പുണ്ട്. അവയിൽ സർവ്വപ്രധാനമായും നാം കരുതിയിരിക്കുന്നത് നമ്മുടെ തൊഴുത്തിൽ നിന്നു വിട്ടുപോയ ആടുകളെ തൊഴുത്തിലേക്കു വീണ്ടും ചേർക്കണമെന്നുള്ളതായിരുന്നു. ഇതിനായി നാം പല സന്ദർഭങ്ങളിലും ശ്രമം ചെയ്തു എങ്കിലും അതിലേക്കു ദൈവം നിശ്ചയിച്ചിട്ടുള്ള സമയവും നാഴികയും വരാത്തതിനാലോ നമ്മുടെ ബലഹീനതയുടെ പാപം നിമിത്തം ഈ ദിവ്യവേലയെ പൂർത്തിയാക്കുവാൻ നാം അയോഗ്യനാണെന്ന് അവിടേക്കു തോന്നിയിട്ടോ ആ ആഗ്രഹം സാധിച്ചുകാണാൻ നമ്മുടെ ജഡകണ്ണുകളാൽ കഴിയാതെപോയത് നമ്മുടെ ആയുസ്സിൽ ഏറ്റവും വലിയ നിർഭാഗ്യമായി നാം ഗണിക്കുന്നു. എങ്കിലും ഇതിൽ നമുക്കു ഇച്ഛാഭംഗമോ നിരാശയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്..... അപ്രകാരം ദേവാ

ലയമാകുന്ന നമ്മുടെ സഭയുടെ കെടുമതികളെ പണിയിക്കുന്നതിന് (കേടുപാടുകൾ തീർക്കുവാൻ - ലേഖകൻ) ദൈവം തന്റെ ദൂതനായി തെരഞ്ഞെടുത്തിരിക്കുന്നത് നമ്മുടെ പിൻഗാമിയെ ആയിരിക്കാമെന്ന് നാം ആശ്വസിക്കുന്നു. ... നമ്മുടെ സഭാഭവനത്തിന്റെ ഈ കേടുകളെ പണിയിച്ച് അതിൽ സമാധാനവും ഐക്യവും വർദ്ധിപ്പിക്കുവാനുള്ള ചുമതല നമ്മുടെ പിൻഗാമിയെയും ആ ദിവ്യവേലയിൽ സഹായിപ്പാൻ നിങ്ങളിൽ ഓരോരുത്തരെയും നാം പ്രത്യേകം പ്രത്യേകം ഭരമേല്പിക്കുന്നു."[28]

'പട പേടിച്ച് പന്തളത്തു ചെന്നപ്പോൾ പന്തം കൊളുത്തിപ്പട' എന്ന പഴഞ്ചൊല്ലുപോലായി പിൻഗാമിയുടെ കാലത്തെ സഭാ കാലാവസ്ഥ. തന്മൂലം നവീകരണസഭകളെ പൂർവിക തൊഴുത്തിലേയ്ക്കാനയിക്കാനുള്ള ശ്രമങ്ങളൊന്നും ആരംഭിക്കുവാൻ സ്മര്യപുരുഷനു കഴിഞ്ഞില്ല. എന്നാൽ ഒരു സഭാപ്രവേശം അസാദ്ധ്യമാക്കുന്ന മുറിവുകൾ വർദ്ധിക്കാതിരിക്കുവാനും ഉള്ളവ എണ്ണ പകർന്നു ശമിപ്പിക്കുവാനും പിൻഗാമി ചെയ്ത ചില ശ്രമങ്ങൾ തന്റെ മൊഴികളിൽ ബോധപൂർവ്വം അദ്ദേഹം നടത്തിയി ട്ടുള്ളതായി കാണാം. നവീകരണക്കാരുടെ പൗരോഹിത്യത്തെക്കുറിച്ചുള്ള സംശയങ്ങളാണല്ലോ സഭായോജിപ്പിന് പ്രധാന തടസം. ആ തടസം ഇന്നും തലപ്പത്തിരിക്കുന്നവർ ഏറ്റുപാടാറുണ്ട്. വട്ടശ്ശേരിൽ മെത്രാച്ചന്റെ മൊഴികൾ ഇക്കാര്യത്തിൽ നൽകുന്ന ഉൾക്കാഴ്ച ഭാവിയിലേക്കു വലിയ ചൂണ്ടുപലകകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നത് കാണുക.

"ചോ. നവീകരണക്കാർ കുർബ്ബാന ചൊല്ലിയ പള്ളിയിൽ യാക്കോബായക്കാർ കുർബ്ബാന ചൊല്ലുമ്പോൾ ത്രോണോസ് ശുദ്ധീകരിക്കണമെന്നുണ്ടോ? ഉ. ഇതിനെക്കുറിച്ച് നിയമമൊന്നും കാണുന്നില്ല. എന്നാൽ ചിലർ ഒരു തല്ക്കാല ശുദ്ധീകരണം നടത്തുകയും ചിലർ നടത്താതിരിക്കുകയുമാണ് പതിവ്. ... മാർ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ശുദ്ധീകരണം കഴിക്കാതെയാണ് ചൊല്ലിക്കണ്ടിട്ടുള്ളത്. കാലം ചെയ്ത മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ശുദ്ധീകരണം കഴിക്കയായിരുന്നു പതിവ്. മാർ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ശുദ്ധീകരണം കഴിക്കാതെ കുർബ്ബാന ചൊല്ലി ഞാൻ കണ്ടിട്ടുള്ളത് നിരണത്തും ചെങ്ങന്നൂരും പുത്തൻകാവിലും വച്ചാണ്. ... നവീകരണക്കാരുടെ പട്ടം ന്യായമായിട്ടുള്ളതല്ലെന്നാണ് അദ്ദേഹം (മാർ ഗ്രീഗോറിയോസ്) വിചാരിച്ചു വന്നത്. ... ചോ. യാക്കോബായ സഭയിലേക്കു വന്ന നവീകരണപട്ടക്കാർക്ക് അദ്ദേഹം വീണ്ടും പട്ടം കൊടുത്തിട്ടുണ്ടോ? ഉ. ഞാൻ കണ്ടതായി ഓർക്കുന്നില്ല. എങ്കിലും കൊടുത്തുകാണുമെന്നാണ് എന്റെ വിശ്വാസം. മാർ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആർക്കും കൊടുത്തിട്ടില്ലെന്നുമാണ് എന്റെ വിശ്വാസം. .... നവീകരണ



മെത്രാന്മാരിൽ നിന്ന് പട്ടമേറ്റിട്ടുള്ള ചിലർക്ക് പത്രോസ് പാത്രിയർക്കീസ് കോറിസ്ഥാനം കൊടുത്തിട്ടുള്ളതായി കേട്ടിട്ടുണ്ട്. ... കാലം ചെയ്ത മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കു ആദ്യം കത്തനാർ പട്ടം കൊടുത്തത് മാത്യൂസ് അത്താനാസ്യോസ് ആയിരുന്നു. സ്ഥാനത്തെ സംബന്ധിച്ച് അദ്ദേഹത്തിന് സംശയമുണ്ടായിരുന്നതിനാൽ മാറി പട്ടം കൊടുക്കണമെന്ന് അന്ന് മലയാളത്തുണ്ടായിരുന്ന യൂയാക്കീം കൂറിലോസിനോട് അപേക്ഷിച്ചാറെ മാറിക്കൊടുക്കുന്നതിന് അദ്ദേഹം ധൈര്യപ്പെടാതെ കോറിസ്ഥാനം കൊടുക്കയാണ് ചെയ്തതെന്ന് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എന്നോട് പറഞ്ഞ് എനിക്കു അറിവുണ്ട്. ........നവീകരണ സഭയിൽനിന്ന് വന്നവരെ ആരെയും പാത്രിയർക്കീസന്മാരാകട്ടെ, വേറെ മെത്രാന്മാരാകട്ടെ, ആരുംതന്നെ മൂറോൻ പൂശുകയോ അവരുടെ മാമ്മൂദീസാ അസാധുവായി ഗണിക്കുകയോ ചെയ്തിട്ടില്ല.[29]

ഇപ്പോഴത്തെ സുന്നഹദോസ് നിശ്ചയം വ്യത്യസ്തമാണ്. മാർത്തോമ്മാ സഭയിലും അവരുടെ കൈവെപ്പ് സ്വീകരിക്കുന്ന തൊഴിയൂർ സഭയിലും സാധുവായ പൗരോഹിത്യമുള്ളതായി കരുതുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ആ സഭകളിൽ നിന്ന് ഓർത്തഡോക്സ് സഭയിലേക്കു വരുന്നവരെ മൂറോൻ അഭിഷേകം നടത്തി പൂർത്തീകരണം നടത്തണമെന്ന സിനഡ് നിശ്ചയം പ്രാബല്യത്തിലുണ്ട്. വട്ടശ്ശേരിൽ മെത്രാച്ചന് അറിവില്ലാത്ത ഇക്കാര്യം അദ്ദേഹത്തിന്റെ കാലം കഴിഞ്ഞ് നാല് പതിറ്റാണ്ടു കഴിഞ്ഞ് ആരാണ് മലങ്കരസഭാ നേതൃത്വത്തെ അറിയിച്ചതെന്ന് ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. നവീകരണക്കാരുടെ മൂറോനും, മാമ്മൂദീസായും സാധുവാണെന്ന വട്ടശ്ശേരിൽ മെത്രാച്ചന്റെ നിലപാട് ഇപ്പോഴത്തെ സഭാനേതൃത്വം അംഗീകരിക്കുമെങ്കിൽ എക്യുമെനിക്കൽ രംഗത്ത് അതൊരു വൻമുന്നേറ്റത്തിന് ഊർജ്ജസ്രോതസ്സായി തീരുമെന്നാണ് ഇതെഴുതുന്ന ആൾ കരുതുന്നത്.

## 12. സ്വർണ്ണനാവുകാരൻ

സ്മര്യപുരുഷന്റെ ലേഖനപടുതയെപ്പറ്റി മുൻ അധ്യായത്തിൽ നാം ചർച്ച ചെയ്തുവല്ലോ. ലേഖനകലയേക്കാൾ അദ്ദേഹം തിളങ്ങിയത് പ്രഭാഷണകലയിലാണ്. ഈ കലയിലും അദ്ദേഹത്തെ 'സ്വർണ്ണനാവുകാരൻ' എന്ന് വിശേഷിപ്പിക്കാവുന്നതാണ്. വേദപുസ്തകസംഭവങ്ങളെ സ്വന്തം അനുഭവങ്ങളുമായും സഭയുടെ വർത്തമാനകാലാനുഭവങ്ങളുമായി വ്യാഖ്യാനിച്ച് ശ്രോതാക്കളെ ഉന്മേഷം കൊള്ളിക്കുവാൻ അദ്ദേഹം ഓരോ പ്രസംഗത്തിലും ശ്രമിക്കുന്നതു കാണാം. എല്ലാ കലകളും ആത്മാവിഷ്കാരമാണെന്ന നിർവ്വചനം പ്രഭാഷണകലയിലും അന്വർത്ഥമാണെന്ന്

ഈ അഭിനവ സ്വർണ്ണനാവുകാരൻ തെളിയിക്കുന്നു. ഡോ. സാമുവേൽ ചന്ദനപ്പള്ളി സ്മര്യപുരുഷന്റെ ഏതാനും പ്രസംഗങ്ങൾ '*മലങ്കര സഭാപിതാക്കന്മാരിൽ*' ഉദ്ധരിച്ചു ചേർത്തിട്ടുണ്ട്.[30] അതിസാധാരണമായ വിഷയമെടുത്തു അതിന്റെ പശ്ചാത്തലം, വർത്തമാനകാല പ്രസക്തി, കാലാതീത പ്രസക്തി എന്നിവ വ്യാഖ്യാനിക്കുന്ന വിവിധ തലങ്ങൾ അവയിലുണ്ടാവും. അവയൊക്കെ ധ്വന്യാത്മകമായി അവതരിപ്പിക്കുവാൻ അദ്ദേഹം വിജയപൂർവ്വം ശ്രമിച്ചിരുന്നു. ഓരോ പ്രസംഗവും ഓരോ അനുഭവമായി ശ്രോതാവിന് അനുഭവപ്പെടുന്നു. വേദപുസ്തക പാണ്ഡിത്യം, വേദവ്യാഖ്യാനങ്ങളുടെ പഠനം, സമകാല വൃത്താന്തങ്ങളുടെ സൂക്ഷ്മനിരീക്ഷണം, മനുഷ്യ സ്വഭാവത്തെപ്പറ്റിയുള്ള ആഴമേറിയ അവബോധം, സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള വ്യക്തമായ ലക്ഷ്യബോധം, സാമൂഹികവും സഭാപരവുമായ പ്രതിസന്ധികൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ ഇവയൊക്കെ ഓരോ പ്രസംഗത്തിലും പ്രതിഫലിക്കും. മിക്ക പ്രസംഗങ്ങളിലും ഹെസക്കിയ, ഏശായ, മോശ, ഏലിയാവ്, ഏലീശാ, നാബോത്ത്, യാക്കോബ്, ദാവീദ്, പത്രോസ്, പൗലൂസ്, സ്തേഫാനോസ് തുടങ്ങിയ വേദപുസ്തക കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടും. പ്രവാചകമുഖമുള്ള ഈ വേദപുസ്തക ചരിത്രപുരുഷന്മാർക്കു പ്രഭാഷണം പുരോഗമിക്കുമ്പോൾ പ്രഭാഷകന്റെ മുഖച്ഛായ കൈവരുന്നത് ശ്രോതാക്കളെ അത്ഭുതപ്പെടുത്തും. .....പ്രഭാഷകന്റെ പ്രവാചക വ്യക്തിത്വം വേദപുസ്തക പ്രവാചകരിലൂടെ പ്രതിഫലിക്കുകയാണ് എന്ന് ശ്രദ്ധാലുക്കൾക്ക് തിരിച്ചറിയാം. കല്ലേറുകൊള്ളേണ്ടിവരുന്ന, കരുത്തന്മാരാൽ നിരന്തരം വേട്ടയാടപ്പെടുന്ന, പരിഹസിക്കപ്പെടുന്ന, തെറ്റിദ്ധരിക്കപ്പെടുന്ന എന്നിങ്ങനെ സമകാല ലോകത്തിന് അനുരൂപങ്ങളല്ലാത്ത തന്റെ നിലപാടുകളുടെ ഫലമായി തനിക്ക് നേരിടേണ്ടിവരുന്ന എല്ലാ കൈപ്പേറിയ പാനപാത്രങ്ങളും അദ്ദേഹം സന്തോഷപൂർവ്വം കുടിച്ചുതീർത്തു. ഒരു പ്രവാചകന്റെ വ്യക്തിത്വവും കൂസലില്ലായ്മയും അദ്ദേഹത്തിന്റെ പ്രഭാഷണത്തിലെ ഓരോ വാക്യത്തിലും ശോഭ വിതറുമായിരുന്നു. നമ്മുടെ കർത്താവ് തന്റെ കയ്പേറിയ ജീവിതാനുഭവങ്ങളെ വിവരിക്കുവാൻ ദാവീദിന്റെ സങ്കീർത്തനങ്ങളിലെ ധ്വനി നിറഞ്ഞ വാക്യങ്ങളെ കടമെടുക്കുന്നത് നാം കണ്ടിട്ടുണ്ടല്ലോ. എതിരാളികളെയും പാരമ്പര്യൈകവാദികളേയും നിശബ്ദരാക്കുവാൻ ഈ പുരാവൃത്തപരാമർശങ്ങൾക്കു കെല്പുണ്ടായിരുന്നു. സമകാല സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഭൂതകാല സംഭവങ്ങളെ വ്യാഖ്യാനിക്കുകയോ പരാമർശിക്കുകയോ താരതമ്യപ്പെടുത്തുകയോ ചെയ്യുമ്പോൾ പ്രഭാഷകന്റെ കണ്ഠമിടറുന്നതും, കണ്ണുനിറയുന്നതും അസാധാരണമായിരുന്നില്ല. സാക്ഷി വിസ്താരവേളയിൽ പോലും ഇത്തരം അനുഭവങ്ങൾ ഉണ്ടായിരുന്നതായി പാറേട്ട് അനുസ്മരിക്കുന്നത് കാണുക: "തന്റെ ദേഹരക്ഷയ്ക്കായി സെമിനാരിയിൽ വന്ന് താമസിച്ചി



രുന്ന 'ആനപ്പാപ്പി' എന്ന് പറയാറുള്ള ആറ്റുപുറത്തു വർക്കി വർഗ്ഗീസ് എന്ന മല്ലനെ കൊലപ്പെടുത്തി എന്ന കേസ്സിൽ വാദിഭാഗം 19-ാം സാക്ഷിയായി മാർ ദീവന്നാസ്യോസ് മൊഴി കൊടുത്തു. "എന്റെ കർമ്മത്തിന്റെ അവസാന സമയത്താണ് കൃത്യമുണ്ടായത്. മണപ്പുറത്തു നിലവിളിയും കേട്ടു. ... കർമ്മം കഴിഞ്ഞു മുറിയിൽനിന്നിറങ്ങിയ ഉടനെ സംഗതി ഞാൻ അറിഞ്ഞു. ... എന്റെ ദേഹരക്ഷയ്ക്കായി വന്നയാളിനെ തല്ലിക്കൊന്നല്ലോ എന്ന വേദനകൊണ്ട് ഞാൻ പാപ്പിയെ പോയി കണ്ടില്ല (ഇവിടെ സാക്ഷിക്കു ഗദ്ഗദസ്വരമായി, നേത്രങ്ങളിൽ അശ്രുകണങ്ങൾ നിറഞ്ഞു എന്ന് കമ്മീഷൻ നോട്ടുചെയ്തിരിക്കുന്നു).[31]

കുന്നംകുളം കേസ്സിലെ മൊഴിയിലും തത്തുല്യമായ ഒരനുഭവം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. "... അബ്ദുള്ള പാത്രിയർക്കീസ് എന്നെ മുടക്കുകയും അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തോട് ചേർന്നുനിന്നവർ എന്റെ ജീവഹാനി വരുത്തുവാൻ ഉത്സാഹിക്കുകയും മറ്റും ചെയ്തത്, മലങ്കരസഭയ്ക്ക് മെത്രാനില്ലെന്നാക്കി അദ്ദേഹത്തിന്റെ ദുർമ്മോഹത്തിന് മലങ്കരസഭയെ കീഴ്പ്പെടുത്തണമെന്നുള്ള ഉദ്ദേശ്യത്തിന്മേൽ ആയിരുന്നു. ... മെത്രാന്മാരില്ലാതെ ഒരു സഭയ്ക്ക് നിലനില്ക്കാൻ പാടില്ലെന്നുള്ളത് സർവ്വസമ്മതമായ കാര്യമാണ്...." ഈ ഉത്തരം പറയുമ്പോൾ സാക്ഷിയുടെ കണ്ണിൽനിന്നു കണ്ണുനീരൊഴുകിക്കൊണ്ടിരുന്നു എന്ന് കമ്മീഷൻ രേഖപ്പെടുത്തിയിട്ടുണ്ട്."[32]

അദ്ദേഹത്തിന്റെ ഒരു അസോസിയേഷൻ പ്രസംഗത്തിലെ ചില വാക്യങ്ങളും അദ്ദേഹത്തിലെ സുവർണ്ണനാവുകാരനെ അനാവരണം ചെയ്യുവാൻ ഉദ്ധരിച്ചുചേർക്കുകയാണ്. 1087 (1911) ചിങ്ങം 22 ന് കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന അസോസിയേഷനിൽ മലങ്കര മെത്രാപ്പോലീത്താ പ്രസംഗിച്ചതിപ്രകാരമാണ്: "...അല്ലയോ മഹാജനങ്ങളെ, എനിക്കു അധികാരഭ്രമം ഉണ്ടായിരുന്നെങ്കിൽ ഞാൻ അതാണു (പാത്രിയർക്കീസിന്റെ എപ്പിത്രോപ്പാ സ്ഥാനം) ആഗ്രഹിക്കേണ്ടത്. എന്നാൽ ഞാൻ അതു ചെയ്തില്ല. എന്റെ അധികാരഭ്രമംകൊണ്ടാണ് ഞാൻ ഉടമ്പടിക്ക് വഴിപ്പെടാത്തതെന്ന് ഒരു പറച്ചിലുണ്ടല്ലോ.... എന്നാലും മറ്റാരും അറിയാതെയും സർവ്വസാക്ഷിയും, സർവ്വഹൃദയങ്ങളെയും പരിശോധിക്കുന്നവനുമായ ദൈവം സാക്ഷിയായും ആറു പ്രാവശ്യം ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ എന്റെ അധികാരംകൊണ്ടല്ലെന്നും എനിക്കു യാതൊരു പദവിക്കും മോഹമില്ലെന്നും എന്നെപ്പറ്റിയുള്ള വിരോധമാണെന്നിരുന്നാൽ ഞാൻ സർവ്വവും ഒഴിഞ്ഞുംവെച്ച് ഉടനെ പിന്മാറാൻ തയ്യാറാണെന്നും സഭയുടെ നന്മയെ ഉദ്ദേശിച്ച് മാത്രമാണ് എന്റെ നിലയെന്നും അതുകൊണ്ട് സഭയ്ക്ക് നാശം വരത്തക്കവണ്ണം യാതൊന്നും ചെയ്യരുതെന്നും ഞാൻ പിന്മാറിക്കൊള്ളാമെന്നും ആറു പ്രാവശ്യം കാലുപിടിച്ചു പറഞ്ഞു. അതു വകവച്ചില്ല. ഇപ്പോഴും ദൈവം സാക്ഷിയായി പൂർണ്ണ

മായ ഹൃദയപരമാർത്ഥതയോടെ നിങ്ങളോട് ഞാൻ അതു തന്നെ പറയുന്നു. എനിക്കീ സ്ഥാനത്തെപ്പറ്റിയോ അതിന്റെ പദവികളെപ്പറ്റിയോ ഒട്ടും മോഹമില്ല. സഭയുടെ നന്മയ്ക്കായി ഞാൻ ഒഴിയുന്നത് ആവശ്യമാണെന്ന് നിങ്ങൾക്ക് തോന്നുന്നപക്ഷം അതിനു ഞാൻ തയ്യാറാണ്. അയ്യോ നിങ്ങൾ എന്നെ അവിശ്വസിക്കരുതേ എന്ന് നിങ്ങളുടെ മുമ്പാകെ ഞാൻ നിലവിളിച്ചുകൊണ്ടിതാ പറയുന്നു (കൂടിയിരുന്ന ജനങ്ങളെല്ലാം ഒരുപോലെ കരഞ്ഞു).[33]

## 13. സഭാദർശനം

ഒരു ജീവിതത്തിന്റെ ബാക്കിപത്രമാണല്ലോ മരണപത്രിക. എഴുതുന്നയാളിന്റെ ജീവിതത്തെ പ്രതിഫലിപ്പിക്കുവാൻ അതിനു കഴിയും; അദ്ദേഹത്തിന്റെ സ്വഭാവഘടന, ശീലങ്ങൾ, താല്പര്യങ്ങൾ, ആഭിമുഖ്യങ്ങൾ, ഭാവനകൾ, ആശ്രിതവാത്സല്യം തുടങ്ങിയവയെപ്പറ്റിയുള്ള അസംഖ്യം രേഖാ ചിത്രങ്ങൾ മരണപത്രത്തിൽ പ്രതിബിംബിക്കാതിരിക്കുകയില്ല. സ്മര്യപുരുഷൻ എഴുതിവച്ച മരണപത്രികയിലെ ചില പ്രാതിനിധ്യസ്വഭാവമുള്ള പ്രധാന വ്യവസ്ഥകൾ ഇപ്രകാരമാണ്.

1. വൈദികസെമിനാരി, വ്യവഹാരത്തിൽപ്പെട്ട് അവിടുത്തെ പഠനം മുടങ്ങിക്കിടക്കുന്നതിനാൽ കോട്ടയം ഏലിയാ ചാപ്പൽ ബംഗ്ലാവിൽ സെമിനാരി ആരംഭിക്കണം.

2. സി. എം. എസ്. കോളജിന് സമീപം കൊല്ലപ്പറമ്പിൽ കെ. എം. കുര്യൻമാസ്റ്റർ നൽകിയ സ്ഥലത്ത് ഒരു സ്റ്റുഡന്റ് സെന്റർ (ഹോസ്റ്റൽ) സ്ഥാപിക്കണം.

3. തന്റെ സ്ഥാവരങ്ങളും ജംഗമങ്ങളുമായ എല്ലാ സ്വത്തുക്കളും കാതോലിക്കാ അദ്ധ്യക്ഷനായ സിനഡിന്റെ നിയന്ത്രണത്തിലായിരിക്കണം.

4. മേൽപട്ടക്കാരുടെ സമ്പാദ്യങ്ങൾ മരണശേഷം എപ്പിസ്കോപ്പൽ ഫണ്ടായി മേൽപട്ടക്കാരുടെ ആവശ്യത്തിനും ഉപയോഗത്തിനുമായി മാറ്റി വെയ്ക്കണം. അതിനു അസോസിയേഷന്റെ ആലോചനയോടെ സിനഡ് നിയമം പാസ്സാക്കുകയാണെങ്കിൽ എന്റെ എല്ലാ സമ്പാദ്യങ്ങളും ആ ഫണ്ടിലേക്ക് ചേർത്തുകൊള്ളണം.

ഇതിൽ നാലാമത്തേതൊഴിച്ച് മറ്റെല്ലാം നടപ്പിലായി. എം. ഡി. സെമിനാരിയിൽ അദ്ദേഹത്തിന്റെ താല്പര്യപ്രകാരം വൈദികവിദ്യാഭ്യാസം ആരംഭിച്ചു. ചെറിയമഠത്തിൽ സ്കറിയാ മല്പാന്റെ നേതൃത്വത്തിൽ ആരംഭിച്ച വൈദിക സെമിനാരി, പഴയസെമിനാരിയിലേക്ക് പഠനം മാറ്റുന്നതുവരെ നിർവിഘ്നം പ്രവർത്തിച്ചു. കോട്ടയം സി. എം. എസ്. കവലയിൽ



ലഭിച്ച സ്ഥലത്ത് എം. ഡി. ഹോസ്റ്റൽ എന്ന പേരിൽ ഒരു ഇരുനില കെട്ടിടം പണിതു വിദ്യാർത്ഥികൾക്കു താമസസൗകര്യം ഒരുക്കി. ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ പ്രസിഡണ്ടും ഫാ. പി. സി. ചെറിയാൻ ജനറൽ സെക്രട്ടറിയുമായിരുന്ന കാലത്ത് ആ കെട്ടിടം ഒരു ബൃഹത് സ്ഥാപനമായി മാറി. താഴെ നിലയിൽ ഷോപ്പിംഗ് കോംപ്ലക്സ്, മുകളിൽ പ്രസ്ഥാനത്തിന്റെ കേന്ദ്ര ഓഫീസ്, വിദ്യാർത്ഥികൾക്കുള്ള താമസസൗകര്യങ്ങൾ ഇവ ഏർപ്പാടാക്കിയിരുന്നു. സ്മര്യപുരുഷന്റെ മരണപത്രത്തിലെ ആഗ്രഹപ്രകാരവും നിർദ്ദേശപ്രകാരവും നിർമ്മിക്കപ്പെട്ട ഈ സ്ഥാപനത്തിന് വട്ടശ്ശേരിൽ മെത്രാച്ചന്റ സ്മാരകമെന്ന നിലയിൽ നാമകരണം ചെയ്യുന്നത് അനുയോജ്യമാണ്.

മൂന്നാമത്തെ സംഗതി സ്മര്യപുരുഷന്റെ രക്തത്തിലലിഞ്ഞു ചേർന്ന ചിന്തയാണ്. അതു ഹൂദായകാനോന്റെ സംസ്കാരത്തിൽനിന്ന് രൂപം കൊണ്ട ഒരു നിലപാടുമാണ്. സ്വത്തുക്കൾ മേൽപട്ടക്കാരുടെ സംഘത്തിന്റെ ഭരണത്തിലായിരിക്കണം. മുളന്തുരുത്തി സുന്നഹദോസ് മുതൽ ട്രസ്റ്റു സ്വത്തുക്കളിൽ സമാധികാരമുള്ള മൂന്നു ട്രസ്റ്റിമാർ എന്ന ആശയത്തോടു പൊരുത്തപ്പെടുവാൻ അദ്ദേഹത്തിന് ഒരിക്കലും കഴിഞ്ഞിരുന്നില്ല. "... മെത്രാച്ചനും ഈ ജനസംസാരം മാറ്റണം എന്ന് ഒരു ഗർവ് ഉണ്ടായി. കൂട്ടുട്രസ്റ്റികളെ തീർത്തും അവഗണിച്ച് അവരോടാലോചിക്കാതെ കാര്യങ്ങൾ നടത്തി മുമ്പോട്ടുപോയി. .... സെമിനാരിയിലെ ബെസ്ഗാസാ മുറിയുടെ മൂന്ന് താക്കോലിൽ ഒന്നു മെത്രാച്ചന്റെയും ഒന്നു അത്മായ ട്രസ്റ്റിയുടേയും (സി. ജെ. കുര്യൻ) ഒന്ന് വൈദിക ട്രസ്റ്റിയുടേയും (കോനാട്ടു മാത്തൻ മല്പാൻ) കൈയിലായിരിക്കണമെന്നതായിരുന്നു സഭാചട്ടം. മെത്രാച്ചൻ താക്കോൽ മൂന്നും കസ്റ്റഡിയിൽ വെച്ചു. മെത്രാച്ചന്റെ സ്വേച്ഛാധിപത്യപ്രവൃത്തികളും കൂടെ നിന്നവരുടെ പ്രേരണാശക്തിയും സമുദായത്തെ രണ്ടു ചേരിയിലാക്കിയെന്നു പറയാം. രണ്ടു കക്ഷികളും അവരവരുടെ കക്ഷിയിലേക്ക് ആളുപിടിത്തവും ശക്തമാക്കിയെന്ന് പറഞ്ഞാൽ മതിയല്ലോ."[34]

ഹൂദായ കാനോനിൽ നിന്ന് സ്മര്യപുരുഷൻ സ്വാംശീകരിച്ച ഈ അടിസ്ഥാനതത്വത്തെ പ്രതിയല്ലേ ഒരു നൂറ്റാണ്ടുകാലം മുഴുവൻ ദീർഘിച്ചതും ഇന്നും അവസാനിക്കാത്തതുമായ ഒരു മഹായുദ്ധത്തിലേക്കു അദ്ദേഹം വലിച്ചിഴക്കപ്പെട്ടതു എന്ന് ചിന്തിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ ഈ സ്വപ്നം സ്വന്തം അനുയായികൾക്കുപോലും പൂർണ്ണ അളവിൽ ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റി അംഗങ്ങളുമായി ഇക്കാര്യത്തിൽ മെത്രാപ്പോലീത്താ വിയോജിപ്പിലായിരുന്നുവെന്നത് അക്കാലത്തു അങ്ങാടിപ്പാട്ടായിരുന്നുവെന്ന് മനോരമ പത്രം ഉദ്ധരിച്ച് പാറേട്ട് സ്ഥാപിച്ചിട്ടുണ്ട്."[35]

ഇക്കാര്യങ്ങൾ അനുയായികൾക്കു സ്വീകാര്യമാണെങ്കിലും അല്ലെങ്കിലും തന്റെ നിലപാട് തെറ്റിദ്ധാരണക്ക് അല്പവും ഇടയില്ലാത്തവിധം മരണപത്രത്തിൽ അദ്ദേഹം വ്യക്തമാക്കുകയായിരുന്നു (സഭയിലെ അത്മായ നേതൃത്വം സുഘടിതവും തന്മൂലം സുശക്തവുമായിരുന്ന അക്കാലത്ത് ജനാധിപത്യവും എപ്പിസ്കോപ്പൽ ആധിപത്യവും സമന്വയിപ്പിക്കുന്ന ഒരു ഭരണശൈലി 'ഘടനയിൽ' പ്രഖ്യാപിക്കപ്പെട്ടു എങ്കിലും പിന്നീട് പിന്നീട് എപ്പിസ്കോപ്പൽ ആധിപത്യത്തിന്റെ നിയന്ത്രണം അപ്രഖ്യാപിതമായി ശക്തമാകുന്ന കാഴ്ചയാണ് നാം കാണുന്നത്. മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങളിലൂടെ ഭരണഘടനയ്ക്ക് ഭേദഗതികൾ വന്നുകൊണ്ടിരിക്കുന്നു എന്നും ആ ഭേദഗതികൾ അസോസിയേഷനിൽ അവതരിപ്പിച്ച് അംഗീകാരം നേടാതെ ഭരണഘടനയുടെ പിൽക്കാല പതിപ്പുകളിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചുവെന്നും ചില നിരീക്ഷണങ്ങൾ ചർച്ച് വീക്കിലിയിൽ ഒരു ദശാബ്ദം മുമ്പ് ഒരു ലേഖനപരമ്പരയിലൂടെ പ്രസിദ്ധീകരിച്ചിരുന്നു. അതിനെ നിഷേധിക്കുന്ന യാതൊരു ഔദ്യോഗിക പ്രസ്താവനയും ചുമതലപ്പെട്ടവർ പുറപ്പെടുവിക്കാതിരുന്നതും അതെഴുതിയ ലേഖകനെ മുടക്കുവാൻ നേതൃതലത്തിൽ ആലോചിച്ചതും ഒക്കെ അന്നേ ഈ ലേഖകനെ വിസ്മയിപ്പിച്ചിട്ടുണ്ട്). എപ്പിസ്കോപ്പൽ സഭയെന്ന് പലരും 'കഥ'യറിഞ്ഞും അറിയാതെയും പാടിനടക്കാറുണ്ടെങ്കിലും എപ്പിസ്കോപ്പൽ ഭരണതത്വങ്ങളും ജനായത്ത ഭരണതത്വങ്ങളും അതിമനോഹരമായ ഒരനുപാതത്തിൽ ചേർത്ത് കൊരുത്തുണ്ടാക്കിയ പൂമാലയാണ് മലങ്കര സഭാഭരണഘടനയെന്ന് റവ. ഡോ. വി. സി. ശാമുവേൽ നിരീക്ഷിച്ചിട്ടുള്ളത് ഇവിടെ സ്മർത്തവ്യമാണ്. അദ്ദേഹം ഒരിക്കൽ എഴുതിയതിപ്രകാരമാണ്:

"ബിഷപ്പിന്റെ അധികാരത്തെ ആവശ്യത്തിലധികം മുഴുപ്പിച്ച് മനസ്സിലാക്കുന്ന ഒരു ചിന്താഗതിയുണ്ട്. അത് നാം സ്വീകരിക്കുന്നില്ലായെന്ന് പറയാമെങ്കിലും അത് നിലനിർത്തുവാനല്ലേ ....... പല ബിഷപ്പന്മാരും നമ്മുടെ സഭയിൽ യത്നിച്ചുവരുന്നത്. സഭയിലെ എല്ലാ സ്ഥാനികളും നിയമത്തിന് വിധേയരാണ്. അത്മായക്കാരെയും പട്ടക്കാരെയും മേൽപട്ടക്കാരെയും ബാധിക്കുന്ന നിയമങ്ങൾ സഭയിൽഉണ്ട്. അതനുസരിച്ച് വേണം ഓരോരുത്തരും ജീവിക്കുവാൻ. എന്നാൽ വിദ്യാഭ്യാസം അടിസ്ഥാനമാക്കി എല്ലാവർക്കും ഒരേ കഴിവല്ല ഉള്ളത്. ഒരാൾ വൈദികനോ മേൽപ്പട്ടക്കാരനോ ആയി എന്നതുകൊണ്ടുമാത്രം സർവ്വവിജ്ഞാനവും കരസ്ഥമാക്കി എന്നർത്ഥമില്ല."[136]

നിസ്സംഗനും സർവ്വസംഗപരിത്യാഗിയും സമദർശിയും തത്വദീക്ഷയിൽ സമർപ്പിതനുമായ ഒരു സന്യാസമേൽപട്ടക്കാരന്റെ കൈയിൽ "എപ്പിസ്കോപ്പസി" ആദരണീയമായ സഭാഭരണശൈലിയാകുമെന്നതിന്



യാതൊരു സംശയവുമില്ല. എന്നാൽ സന്യാസവേഷം ധരിച്ച് മേൽപ്പട്ടം വരിച്ചവരാണ് സഭയിലെ എല്ലാ മേൽപട്ടക്കാരുമെങ്കിലും അതിൽ സന്യാസസംസ്കാര സമ്പത്ത് ആർജ്ജിച്ചവർ അംഗുലീപരിമിതർ ആണെന്നതല്ലേ സത്യം? തലമുറകൾ കഴിയുന്തോറും സഭാ താല്പര്യത്തിന്റെ ആഴവും വ്യാസവും കുറഞ്ഞു വരുന്നതായിട്ടാണ് അനുഭവം. അത്തരം അപക്വമതികളുടെ കൈകളിൽ എപ്പിസ്കോപ്പൽ ഭരണശൈലി അർപ്പിതമായാൽ അതു സഭയ്ക്ക് പ്രയോജനപ്പെടുകയില്ലെന്ന് കഥാപുരുഷൻ ഓർക്കാതിരിക്കാനെന്തേ? അതാവില്ല, എപ്പിസ്കോപ്പൽ സ്ഥാനികൾക്കു പിൽക്കാലത്തുണ്ടായ നൈതികാപചയവും മൂല്യാധഃപതനവും അദ്ദേഹത്തിന് മുൻകൂട്ടി കാണുവാൻ കഴിഞ്ഞിരിക്കുകയില്ല. മാനുഷികമായ ഒരു നോട്ടപ്പിഴയാകാം അത്. താൻ പാൽ കൊടുത്തു വളർത്തിയ പണിക്കരുവീട്ടിൽ മെത്രാച്ചൻ മാതൃസഭയെ വഞ്ചിച്ച് അതിന്റെ 'പിച്ചച്ചട്ടി'യിലുള്ള ചില്ലിക്കാശുകൾ അപഹരിച്ച് സമ്പന്നമായ റോമാസഭയുടെ വക്ഷസ്സിൽ അമരുമെന്ന് സ്മര്യപുരുഷന് വേണ്ടസമയത്തു തിരിച്ചറിയാൻ കഴിഞ്ഞില്ലല്ലോ. അതും മാനുഷികമായ ഒരു നോട്ടപ്പിശകാണെന്ന് തന്നെ പറയാം.

നാലാമത്തെ കാര്യം എപ്പിസ്കോപ്പൽ ഫണ്ട് ഇതുവരെയും പ്രാവർത്തികമായെന്ന് തോന്നുന്നില്ല. കെ. ഫീലിപ്പോസ് ശെമ്മാശ്ശന്റെയും (ഡോ. തെയോഫിലോസ്) ആലുവാ യു. സി. കോളജിന്റെ മുൻ പ്രിൻസിപ്പാൾ എ. എം. വർക്കി സാറിന്റെയും മറ്റും മുഖ്യ ഭാരവാഹിത്വത്തിൽ ഒരു കാതോലിക്കാ നിധി സഭാതല ഫണ്ടായി സ്വരൂപിക്കുവാൻ ഇടയായതാകാം കാരണം. എപ്പിസ്കോപ്പന്മാരുടെ (മേൽപ്പട്ടക്കാരുടെ) ആർജ്ജിത സമ്പത്തുമുഴുവൻ സഭയ്ക്ക് നൽകത്തക്കവിധം സഭയോട് പ്രതിബദ്ധതയുള്ള മേൽപ്പട്ടക്കാരുടെ എണ്ണം കുറഞ്ഞുവന്നതും മറ്റൊരു കാരണമാകാം. ഏതായാലും 1934 നു ശേഷമാണ് മേൽപട്ടക്കാർക്കു ലഭിക്കുന്ന കൈമുത്തുകളും വിദേശപിരിവുകളും മറ്റു വരുമാനങ്ങളും സഭയുടേയോ ഭദ്രാസനത്തിന്റെയോ വരുമാനമല്ലാതായിത്തീർന്നത്. ഈ വ്യതിയാനത്തിൽ ദുഃഖിതനായിട്ടാണ് താൻ സഭയുടെ വൈദികട്രസ്റ്റി സ്ഥാനത്തുനിന്നു വിരമിച്ചതെന്ന് മണലിലച്ചൻ അനുസ്മരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:

"ഇപ്പോഴത്തെ മേൽപ്പട്ട ഭരണം വേണ്ടത്ര തൃപ്തികരമല്ല."[37]

പ. ഗീവറുഗീസ് ദ്വിതീയൻ മുതൽ പ. മാത്യൂസ് ദ്വിതീയൻ വരെ നാലു കാതോലിക്കാമാരുടെ സന്തതസഹചാരിയായിരുന്ന ഫാ. റ്റി. ജി. സഖറിയായുടെ ചില വെളിപ്പെടുത്തലുകൾ ഭയാനകമായ ചില അറിവുകളാണ് നമുക്കു നൽകുന്നത്.

"......വട്ടക്കുന്നേൽ ബാവായും വില്പത്രം തയ്യാറാക്കി ഒരു ദിവസം എന്നെ വിളിച്ചു. വില്പത്രത്തിൽ സാക്ഷിയായി ഒപ്പിടാൻ ആവശ്യപ്പെട്ടു. ഞാൻ ഒപ്പിട്ടു കൊടുത്തു. ബാവായുടെ വക വൻതുകകളുടെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ അതിൽ ഉണ്ടായിരുന്നിരിക്കണം എന്നാണെന്റെ വിശ്വാസം. തിരുമേനിക്കു നിക്ഷേപമായും മറ്റു അക്കൗണ്ടുകളിലായും വൻ തുകകൾ ഉണ്ടായിരുന്നു.

ചോ. വിൽപ്പത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ? ഇപ്പോൾ അത് എവിടെയാണെന്നറിയാമോ?

ഉ. ഇപ്പോഴത്തെ ബാവായുടെ കൈവശമാണെന്നാണ് തോന്നുന്നത്.

ചോ. വട്ടക്കുന്നേൽ ബാവായുടെ വിൽപ്പത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

ഉ. ഇല്ല, സുന്നഹദോസ് അംഗങ്ങൾ പോലും അതു കണ്ടിട്ടില്ല എന്നാണ് തിരുമേനിമാർ പലരും പറയുന്നത്.

ചോ. അച്ചൻ അരമനയുടെ മാനേജരാണല്ലോ. ബാങ്കുകളിലും മറ്റും ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ പണം എന്തു ചെയ്തു എന്ന് അച്ചന് അറിഞ്ഞുകൂടേ?

ഉ. അറിഞ്ഞുകൂടാ. വിൽപ്പത്രത്തിലെ നിർദ്ദേശപ്രകാരം അതു വിനിയോഗിച്ചു കാണും. ചില തിരിമറികൾ നടന്നതായി ആരോപണമുണ്ട്."[38]

മണലിലച്ചന്റെ *സഭാസ്മരണകളിൽ* ടി. ജി. സഖറിയാ അച്ചൻ എഴുതിയിട്ടുള്ളതും ചില ച്യുതികളെ അനാവരണം ചെയ്യുന്നുണ്ട്. "1964 ജനുവരി 3 ന് ബാവാ (ഗീവറുഗീസ് ദ്വിതീയൻ) കാലം ചെയ്തു. ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി മലങ്കര മെത്രാപ്പോലീത്താ ആയി ഭരണം ഏറ്റെടുത്തു. മേയ് 22 ന് കാതോലിക്കോസുമായി. തുടർന്നു താൻ (മണലിലച്ചൻ) മുൻ പിതാക്കന്മാരുടെ പക്കൽനിന്ന് പഠിച്ചതും പരിശീലിച്ചതുമായ രീതികളിൽനിന്ന് വ്യത്യസ്തമായ ചില കാര്യങ്ങൾ നീങ്ങുന്നു എന്ന് കണ്ടു മണലിലച്ചന് കേന്ദ്രത്തിൽ തുടരാൻ സാധിക്കാതെ വരുകയും മനഃസാക്ഷിയെ മുൻനിർത്തി സ്ഥാനം സ്വയമായി രാജിവയ്ക്കുകയുമാണ് ഉണ്ടായത്. സഭാപിതാക്കന്മാർ സഭയുടെ സ്വത്തുക്കളും, കുടുംബസ്വത്തല്ലാതെ, തങ്ങളുടെ സ്ഥാനാനുസൃതമായി ലഭിച്ചിട്ടുള്ള സ്വത്തുക്കളും വിഭിന്നമായി കാണുന്ന പ്രവണത അഭിലഷണീയമല്ലെന്നാണ് അച്ചന്റെ ഉറച്ചനിലപാട്. .... കൈമുത്തും സമ്മാനങ്ങളും സഭാധ്യക്ഷനെന്ന നിലയിൽ കിട്ടുമ്പോൾ അവ സഭയുടെ മുതൽക്കൂട്ടായിക്കാണണം. സ്വന്തം ഇഷ്ടപ്രകാരം അതു വിനിയോഗിക്കുന്നതും സ്വന്തക്കാർക്കും പാർശ്വവർത്തികൾക്കും നൽകുന്നതും അച്ചന് അസ്വീകാര്യമാണെന്ന് ചുരുക്കം. ...."[39]



എപ്പിസ്ക്കോപ്പൽഫണ്ട്, സ്മര്യപുരുഷൻ ആഗ്രഹിച്ചതിൻപടി, സഭയുടേതായി ഉണ്ടായില്ലെങ്കിലും മിക്കവാറും എല്ലാ മേൽപ്പട്ടക്കാരുടേയും പേരിൽ മികച്ച ഫണ്ടുകൾ സമാന്തരഫണ്ടുകളായി രൂപവൽക്കരിക്കുവാൻ എല്ലാവരും ധൃതിപ്പെട്ടു. സഭാനേതൃത്വത്തിൽ സ്മര്യപുരുഷന്റെ കാലശേഷം വന്ന ഈ ച്യുതി അനവധി വൈദികരെയും അവൈദിക നേതാക്കളെയും സഭാസ്നേഹത്തിൽനിന്നും സഭാസേവനതല്പരതയിൽനിന്നും അകറ്റിയിട്ടുണ്ടെന്നുള്ള സത്യം ആർക്കാണറിയാത്തത്? മലങ്കരസഭയിൽനിന്ന് സെക്ടേറിയൻ വിഭാഗങ്ങളിലേക്കുള്ള വൻ ഒഴുക്ക് ആരംഭിച്ചത് ആയിരത്തിതൊള്ളായിരത്തി നാല്പതുകളിലാണെന്നത് മണലിലച്ചന്റെ അഭിപ്രായവുമൊന്നിച്ച് കൂട്ടിവായിക്കാവുന്നതാണ്.

"1908 മുതൽ 1934 വരെയുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണകാലഘട്ടം വല്ലാത്ത ദുർഘടം പിടിച്ചതായിരുന്നു. തീയിൽക്കൂടി നടന്നും തീ തിന്നുമായിരുന്നു തിരുമേനി ദിനരാത്രങ്ങൾ തള്ളിനീക്കിയിരുന്നത്. ഭാരിച്ച കേസുചെലവ് നടത്താൻ കയ്യിൽ പണമില്ലാതെ ചിലരുടെ പക്കൽനിന്ന് പ്രോമിസറിനോട്ട് എഴുതിക്കൊടുത്ത് പണം വാങ്ങിയതറിയാം. ഒഴുക്കിനെതിരെയാണ് തിരുമേനിക്ക് നീന്തേണ്ടിവന്നത്. അസാമാന്യ മനഃശക്തിയുള്ളവർക്കേ ആ വിഷമഘട്ടത്തിൽ തളരാതെ പിടിച്ചുനിൽക്കുവാൻ കഴിയുമായിരുന്നുള്ളൂ. എണ്ണിയാൽ ഒടുങ്ങാത്ത പ്രതിസന്ധികളേയും പ്രതിബന്ധങ്ങളേയും അദ്ദേഹം നേരിട്ടു. കൂട്ടത്തിൽ നിന്നവർ തന്നെ അദ്ദേഹത്തിന്റെ കാലുവാരാൻ ശ്രമിച്ചു. ബഥനിയുടെ മാർ ഈവാനിയോസിന്റെയും കൂട്ടരുടെയും സഭ വിട്ടുള്ള പോക്കു കടുത്ത ആഘാതമാണ് അദ്ദേഹത്തിനു വരുത്തിയത്. ഒരു സഹായിയാകുമെന്ന് കരുതി പോറ്റിപ്പുലർത്തിക്കൊണ്ടുവന്ന ബഥനി മെത്രാൻ കുലദ്രോഹിയായി മാറി. വിശ്വസിച്ച് ഏല്പിച്ച സഭവക സ്കൂളുകളുംകൊണ്ടാണ് അദ്ദേഹം സഭ വിട്ട് റോമ്മാ പാളയത്തിലേക്കു പോയത്. ആ കുതികാൽ വെട്ടും വഞ്ചനയും വട്ടശ്ശേരിൽ തിരുമേനി അതിജീവിച്ചു. വൈതരണികൾ ഓരോന്നായി വരുമ്പോഴും (ഒന്നിച്ചു വരുമ്പോഴും) അതിനെയെല്ലാം മറികടക്കാനുള്ള അപൂർവ്വ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ....."[40]

കാതോലിക്കേറ്റ് 1912-ൽ സ്ഥാപിതമായതോടെ മലങ്കരസഭയ്ക്ക് അതിശക്തമായ ഒരു സംരക്ഷണസാധ്യത ഉണ്ടായി. വളരെ ഭാവനാപൂർവ്വം സ്മര്യപുരുഷൻ ആ കോട്ട അതിന്റെ ജോലി സ്തുത്യർഹമായി നിർവഹിക്കാനുള്ള വ്യവസ്ഥകൾ തയ്യാറാക്കി. കാതോലിക്കാ, സുന്നഹദോസിന്റെ അദ്ധ്യക്ഷനും സുന്നഹദോസിന് വിധേയനും ആയിരിക്കണമെന്ന് വ്യവസ്ഥ ക്രമീകരിച്ചതിൽ സ്മര്യപുരുഷന്റെ ക്രാന്തദർശിത്വം നിതരാം പ്രകടമാണ്. കോട്ടയുടെ അറ്റകുറ്റപ്പണികൾ അതത് സമയത്ത് നടത്താ

തിരുന്നാൽ ഏതു കോട്ടയും ബലഹീനവും തൻമൂലം നിഷ്പ്രയോജനവും ആകാം. അങ്ങനെ ആകാതിരിക്കുവാൻ സഭാപുരുഷന്റെ ത്യാഗോജ്ജ്വലമായ ജീവിതസന്ദേശങ്ങൾ സഭയ്ക്ക് എന്നും കോട്ടയായിരിക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുക.

1. കൊച്ചി ഭദ്രാസന ഡയറക്ടറി, പ്രസാ. യൂഹാനോൻ മാർ സേവറിയോസ്, പു. 13, 1972.
2. മണലിലച്ചന്റെ സഭാസ്മരണകൾ, കെ. വി. മാമ്മൻ, പു. 91.
3. ടി. പുസ്തകം, പു. 93.
4. മലങ്കര നസ്രാണികൾ, വാല്യം 4, പു. 35-38.
5. മണലിലച്ചന്റെ സഭാസ്മരണകൾ, പു. 27, 28.
6. ടി. പുസ്തകം, പു. 49, 50.
7. ഈ കല്പനയുടെ അസ്സൽ ലേഖകന്റെ പുരാരേഖകളുടെ ശേഖരത്തിലുണ്ട്.
8. കൊച്ചി ഭദ്രാസന ഡയറക്ടറി, പു. 15.
9. മലങ്കര നസ്രാണികൾ, വാല്യം 4, പു. 789-793.
10. മണലിലച്ചന്റെ സഭാസ്മരണകൾ, പു. 88.
11. മലങ്കര നസ്രാണികൾ, വാല്യം 4, പു. 791.
12. മലങ്കര നസ്രാണികൾ, വാല്യം 4, പു. 786.
13. ഡോ. സാമുവൽ ചന്ദനപ്പള്ളി, മലങ്കരസഭാ പിതാക്കന്മാർ, പു. 259.
14. മണലിച്ചന്റെ സഭാസ്മരണകൾ, പു. 89, 90.
15. ടി. പുസ്തകം, പു. 87.
16. ടി. പുസ്തകം, പു. 68.
17. ടി. പുസ്തകം, പു. 66, 67.
18. ലേഖകന്റെ കല്പന ശേഖരത്തിൽ നിന്നു.
19. ലേഖകൻേറ കല്പന ഫയലിൽ നിന്ന്.
20. മണലിലച്ചന്റെ സഭാസ്മരണകൾ, പു. 60, 61.
21. മലങ്കര നസ്രാണികൾ, വാല്യം 4, പു. 483.
22. ആനപ്പാപ്പി, രണ്ടാം പതിപ്പ്, പു. 139, കെ. വി. മാമ്മൻ, അഡ്വ. പി. സി. മാത്യു.
23. മണലിലച്ചന്റെ സഭാസ്മരണകൾ, പു. 38.
24. മലങ്കര നസ്രാണികൾ, വാല്യം 4, പു. 65-68.
25. ടി. പുസ്തകം, വാല്യം 4, പു. 818.
26. ടി. പുസ്തകം, വാല്യം 4, പു. 68.
27. മലങ്കര നസ്രാണികൾ, വാല്യം 8, പു. 350.
28. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ ചരമ നവതി സുവനിർ, ചീഫ് എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ, പു. 94.
29. മലങ്കര നസ്രാണികൾ, വാല്യം 8, പു. 402.
30. മലങ്കര സഭാപിതാക്കന്മാർ, പു. 163 മുതൽ.
31. മലങ്കര നസ്രാണികൾ, വാല്യം 4, പു. 817.
32. ടി. പുസ്തകം, വാല്യം 4, പു. 817.
33. ടി. പുസ്തകം, വാല്യം 4, പു. 382, 383.



34. ആനപ്പാപ്പി (രണ്ടാം പതിപ്പ്), കെ. വി. മാമ്മൻ, അഡ്വ. പി. സി. മാത്യു. പു. 144.
35. മലങ്കര നസ്രാണികൾ, വാല്യം 4, പു. 786.
36. സ്വാനുഭവവേദിയിൽ, പു. 72.
37. മണലിലച്ചന്റെ സഭാസ്മരണകൾ, പു. 102.
38. കാതോലിക്കാബാവാമാരുടെ കാലടികളിൽ, ഫാ. റ്റി. ജി. സഖറിയ, പു. 75, 76.
39. മണലിലച്ചന്റെ സഭാസ്മരണകൾ, ഭാഗം രണ്ട്, പു. 15.
40. ആനപ്പാപ്പി, രണ്ടാം പതിപ്പ്, പു. 129, 130.

## ബിബ്ലിയോഗ്രാഫി


| | |
|---|---|
| 1. കുരിയൻ ഡാനിയേൽ. ഡീക്കൻ | മലങ്കരസഭാ ഭാസുരൻ |
| 2. ഗീവറുഗ്ഗീസ് ദീവന്നാസ്യോസ് | മതോപദേശസാരം |
| 3. ,, ,, | സുറിയാനി ഒന്നാംപാഠപുസ്തകം |
| 4. ,, ,, | കുർബ്ബാനക്രമം |
| 5. ജോസഫ് ചീരൻ. റവ. ഡോ. | ചരമ നവതി സ്മരണിക (സുവനിർ) |
| 6. ,, ,, | സഭാജ്യോതിസ് |
| 7. ,, ,, | ഇന്ത്യൻ ഓർത്തഡോക്സ് സഭ |
| 8. ,, ,, | മലങ്കരസഭയും കേരളസംസ്കാരവും |
| 9. ,, ,, | കല്പനകളുടെ ശേഖരം |
| 10. ദീവന്നാസ്യോസ് ജോസഫ് പുലിക്കോട്ടിൽ I | കുർബാനക്രമം വിവർത്തനം |
| 11. ദീവന്നാസ്യോസ് ജോസഫ് പുലിക്കോട്ടിൽ II | കുർബാനക്രമം വിവർത്തനം |
| 12. പാറേട്ട് ഇസ്സഡ്. എം. | മലങ്കരനസ്രാണികൾ വാല്യം 3 |
| 13. ,, ,, | ,, ,, വാല്യം 4 |
| 14. ,, ,, | ,, ,, വാല്യം 5 |
| 15. ,, ,, | ,, ,, വാല്യം 8 |
| 16. ബാർ എബ്രായ | ഹൂദായ കാനോൻ (അച്ചടിയും കൈയെഴുത്തും) |
| 17. ബാർ എബ്രായ | സൽഗ കയ്യെഴുത്ത് (സുറിയാനി) |
| 18. മനോരമ (പബ്ലി.) | റോയൽക്കോടതിവിധി |
| 19. മാമ്മൻ കെ. വി. | ആനപ്പാപ്പി |
| 20. ,, ,, | ,, ,, (രണ്ടാം പതിപ്പ്) |
| 21. ,, ,, | മണലിലച്ചന്റെ സഭാസ്മരണകൾ |
| 22. മലങ്കരസഭാ ഭരണഘടന 1934 | |
| 23. യൂഹാനോൻ മാർ സേവേറിയോസ് | കൊച്ചി ഭദ്രാസന ഡയറക്ടറി |
| 24. വർഗ്ഗീസ് വി. ചീരൻ | Faith of Our Fathers |
| 25. വാൻഡർ പ്ലോഗ് J. P. M. | Syriac Manuscripts of St. Thomas Christians |
| 26. ശെമവൂൻ മാർ ദീവന്നാസ്യോസ് | കണ്ടനാട് ഗ്രന്ഥവരി. കൈയെഴുത്ത്, |

| | |
|---|---|
| | അപ്രകാശിതം |
| 27. ശാമുവേൽ വി. സി. റവ. ഡോ. | Truth Triumphs |
| 28. ,, ,, | സ്വാനുഭവവേദിയിൽ |
| 29. സഖറിയാ ടി. ജി. ഫാ. | കാതോലിക്കാ ബാവാമാരുടെ കാലടികളിൽ |
| 30. സാമുവേൽ ചന്ദനപ്പള്ളി, ഡോ. | മലങ്കരസഭാപിതാക്കന്മാർ |
| 31. റൈട്ടർ ഇട്ടൂപ്പ് | സഭാചരിത്രം. |


– ഫാ. ഡോ. [illegible]

# 10

## മലങ്കരസഭയുടെ കോട്ട

മലങ്കരസഭയുടെ സുദീർഘമായ ചരിത്രത്തിൽ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന് അദ്വിതീയമായ സ്ഥാനം ലഭിച്ചത്, സഭയുടെ ഭരണസ്വാതന്ത്ര്യവും പൗരോഹിത്യശ്രേണിയും ഇവിടെ അന്യൂനമായും സുസ്ഥിരമായും നിലനിറുത്തുന്നതിനു പ്രതിസന്ധികളെ തരണം ചെയ്ത് സുധീരമായ നിലപാടുകൾ സ്വീകരിക്കുകയും ആജീവനാന്തം അചഞ്ചലനായി അതിനുവേണ്ടി പ്രയത്നിക്കുകയും ധർമ്മസമരം നടത്തുകയും ചെയ്തതുകൊണ്ടാണെന്ന് എടുത്തുപറയേണ്ട ആവശ്യമില്ല. അദ്ദേഹം പ്രസരിപ്പിച്ച വ്യക്തിപ്രഭാവത്തിന്റെ കണ്ണഞ്ചിക്കുന്ന കിരണങ്ങളുടെ തേജസ്സ് ഇന്നു സഭയ്ക്കാകമാനം ആദ്ധ്യാത്മിക പ്രഭാവലയമായി നിലകൊള്ളുന്നു എന്ന സത്യം ബലിഷ്ഠമായ ആ കോട്ടയ്ക്കു സമീപത്തെത്തുന്ന സഭാസ്നേഹികൾക്കു മാത്രമേ നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കുകയുള്ളു. മൂന്നാംകിട ലേഖനം ചമച്ചും വിദേശത്തു ഒന്നു സഞ്ചരിച്ചും ചില പണക്കാർ ശുപാർശ ചെയ്തും വിദേശികളിൽ നിന്നു കിട്ടുന്ന കാശിനു വിലയില്ലാത്ത സ്ഥാനമൊന്നുമല്ല ജനലക്ഷങ്ങൾ ആദർശ ശുദ്ധിയും ലക്ഷ്യനിഷ്ഠയും പടനിലത്തിലെ ധീരതയും മുൻനിറുത്തി ആദ്ധ്യാത്മിക ജീവിത വ്രതനിഷ്ഠനായ വട്ടശ്ശേരിൽ തിരുമേനിക്കു ചാർത്തിയ മലങ്കരസഭാ ഭാസുരൻ എന്ന അത്യുന്നത പൊന്നാട അല്ലെങ്കിൽ ബഹുമതി. അത് ആചന്ദ്രതാരം തിളങ്ങി നിലകൊള്ളുമെന്നുള്ളതിന് എതിരാളികൾക്കു പോലും എള്ളോളമെങ്കിലും സംശയമുണ്ടാവില്ല.

മലങ്കരസഭ വഴിയെ പോകുന്ന മാരാർക്കും പൂജാരിക്കും കയറി കൊട്ടാവുന്ന ചെണ്ടയാണെന്നും പൂരപ്പറമ്പിലെ കത്തിക്കരിഞ്ഞ നിലാത്തിരിയാണെന്നും കരുതി കൈയാങ്കളി കളിച്ചവർക്ക് സഭയുടെ കോട്ടയായ വട്ടശ്ശേരിൽ തിരുമേനിയുടെ രംഗപ്രവേശനത്തോടുകൂടി അതിനുള്ളിൽ കടക്കാനോ അനധികൃതമായി എന്തെങ്കിലും വിതച്ച് വിളവെടുക്കാനോ സാധിക്കാതെ വന്നു എന്നുള്ളതാണ് ചരിത്രസത്യം. അധികാരമോഹതിമിരരോഗംമൂലം അന്ധരായി, ബലിയേക്കാൾ മെച്ചമായ അനുസരണത്തിന്റെ വേലിക്കെട്ടു തകർത്തു എതിർഗ്രൂപ്പിൽ ചേർന്നു സഭയ്ക്കു പാരകളായോ കൂരമ്പുകളായോ സ്വയം മാറിയ അയോഗ്യരായ ട്രസ്റ്റികളെ വട്ടശ്ശേരിൽ തിരുമേനി കാലിൽ കടിച്ചുതൂങ്ങി രക്തം കുടിക്കുന്ന കണ്ണട്ടകളെപ്പോലെ പിടിച്ചുവലിച്ചെറിഞ്ഞുകളഞ്ഞു. തുടർന്ന് ദൈവഭയവും യോഗ്യതകളുമുള്ള പാമ്പാക്കുട പാലപ്പള്ളിൽ പൗലൂസ് കത്തനാരെയും കോട്ടയം ചിറക്കടവിൽ കോരുള കൊച്ചുകോരുളയേയും ഉന്നതസ്ഥാന

ങ്ങളിൽ പ്രതിഷ്ഠിച്ചു. മെത്രാൻ ട്രസ്റ്റിക്കുള്ള അതുല്യവും അനിഷേധ്യവുമായ മുഖ്യസ്ഥാനമാണ് ഈ സംഭവം വിളിച്ചോതുന്നത്. ഒരു പ്രത്യേക സാഹചര്യത്തിൽ മലങ്കരസഭയ്ക്ക് നഷ്ടമായ ആത്മീയ പരമാധികാരം, വളരെ കരുതലോടും വരുംവരായ്കകളെ കണക്കിലെടുത്തും സർവ്വഥാ യോഗ്യനായ അബ്ദേദ് മശിഹാ പാത്രിയർക്കീസിനെ ക്ഷണിച്ചുവരുത്തി കാതോലിക്കാ സിംഹാസന പുനഃസ്ഥാപനത്തിലൂടെ വീണ്ടെടുത്തു.

ഒരു കാതോലിക്കായ്ക്കുവേണ്ടിയുള്ള മലങ്കരയുടെ ദീർഘകാല ആഗ്രഹവും ശ്രമങ്ങളും നേരത്തെ അബ്ദേദ് മശിഹായുമായുള്ള കത്തിടപാടുകളും കാത്തിരിപ്പും മറ്റും അബ്ദുള്ളാ പാത്രിയർക്കീസിന് അജ്ഞാതമല്ലായിരുന്നു. അതിനെ തടയാനുള്ള അദ്ദേഹത്തിന്റെ ശ്രമം, ജലം പെരുകി ശക്തിയോടൊഴുകുന്ന മീനച്ചിലാറിനെ ദ്രവിച്ചുതുടങ്ങിയ ഒരു തടികൊണ്ട് തടയാൻ ശ്രമിച്ചവനു തുല്യമായിരുന്നു എന്നു വിശേഷിപ്പിക്കാം.

പാത്രിയർക്കീസിന് 1665 മുതൽ അന്നുവരെ മലങ്കരസഭ സ്നേഹബഹുമാനാദരപൂർവ്വം നൽകിയിരുന്ന അനിയന്ത്രിതമായ ആത്മിക അധികാരത്തിന്റെ അന്ത്യവും കാതോലിക്കാ സിംഹാസനപുനഃസ്ഥാപനത്തോടെ കുറിക്കപ്പെട്ടു. അബ്ദേദ് മശിഹായുടെ ദൈവികനൽവരം മെത്രാന്മാർ 1903-ൽ അല്ലെങ്കിൽ 1905-ൽ യോഗം ചേർന്ന് ഉരിഞ്ഞതിനാൽ നഷ്ടപ്പെട്ടു എന്ന് കാണിക്കുന്ന കത്ത്, 1938-ൽ യൂലിയോസ് മെത്രാച്ചൻ പാതിരാത്രിയിൽ മഞ്ഞനിക്കര കബറിങ്കൽ വച്ച് കഷ്ടപ്പെട്ട് സൃഷ്ടിച്ചു എങ്കിലും കോടതി അത് തെളിവായി സ്വീകരിക്കാതെ നിരാകരിച്ചപ്പോൾ കോട്ടയം ജില്ലാക്കോടതിയിലെ സമുദായക്കേസിൽ പാത്രിയർക്കീസ് ഭാഗം തറപറ്റി.

പഴയസെമിനാരി കൈവശപ്പെടുത്തുന്നതിനുവേണ്ടി ഒരു കാരണവും കൂടാതെ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കാൻ പാത്രിയർക്കീസിനെ ഉപദേശിച്ച ധിക്കാരികളായ ധനപൂജകരുടെ വിജയപ്രതീക്ഷ നിയമം അതിന്റെ വഴിക്ക് പോയതിനാൽ തകർന്നടിഞ്ഞു. വട്ടിപ്പണത്തിന്റെ, അന്ന് വലിയ വിലയുണ്ടായിരുന്ന പല വർഷങ്ങളിലെ പലിശ ഒന്നിച്ചുവാങ്ങാതിരിക്കാൻ വേണ്ടി വട്ടശ്ശേരിൽ തിരുമേനിയെ, ഒരു കാര്യത്തിനും യാതൊരധികാരവും ഇല്ലാത്ത യൂലിയോസ് എന്ന പരദേശ മെത്രാൻ സസ്പെൻഡ് ചെയ്തതു സംബന്ധിച്ചു നടന്ന കേസിൽ കോടതിയുടെ ചെറിയ ഫീസ് പോലും നൽകാൻ കഴിയാഞ്ഞതിനാൽ പാത്രിയർക്കീസ് വിഭാഗം കൊടുത്ത കേസിന്റെ ഫ്യൂസ് ഊരിപ്പോയി. സർവ്വ അടവുകളും ഉടഞ്ഞപ്പോൾ മലങ്കര മെത്രാപ്പോലീത്തായെ വകവരുത്താൻ വകതിരിവോതുമ്പോ ഇല്ലാത്ത ഏതാനും മേത്തന്മാരെ അബ്കാരിമണമുള്ള പണക്കൊഴുപ്പുമൂലം വാടകയ്ക്കെടുത്തു. സഭയുടെ നങ്കൂരവും മാർഗ്ഗദർശിയും വെള്ളിനക്ഷത്രവും ശക്തിദുർഗ്ഗവുമായ മെത്രാപ്പോലീത്തായെ രണ്ടാം



നിലയിൽനിന്ന് ഏണിചാരി കയറി തോണ്ടിവലിച്ചിട്ട് വധിക്കാനുള്ള ഗൂഢനീക്കങ്ങളെ അദൃശ്യനായ ശക്തിയുടെ കരങ്ങൾ തടഞ്ഞു. സഭാംഗങ്ങൾ സൃഷ്ടിച്ച രക്ഷാവലയങ്ങളും ഭേദിക്കാൻ അവർക്ക് കഴിഞ്ഞില്ല. രാപകലെന്യേ വിഭിന്ന ഭാഷകളിൽ സ്വർഗ്ഗോന്മുഖമായി ഉയരുന്ന ഈശ്വരസ്തുതിഗീതങ്ങളുടെ മന്ദ്രമധുരധ്വനികൾ തളംകെട്ടിനിന്ന പഴയസെമിനാരിയുടെ പാവനമായ അങ്കണത്തിൽ വച്ച് വലിയ സഭാസ്നേഹിയായിരുന്ന വർക്കി ആശാൻ എന്ന ആനപ്പാപ്പിയെ കശാപ്പുചെയ്യുകയും അദ്ദേഹത്തിന്റെ ആർത്തനാദം സ്വർഗ്ഗത്തിന്റെ കനകകവാടത്തോളം എത്തുകയും നിഷ്ഠുരന്മാരായ ചിലർ കേസിൽ കുടുങ്ങി പഴയ ഉടുതുണി ഒഴിച്ചുള്ള അവരുടെ പിതൃസ്വത്തെല്ലാം കേസിന്റെ തീച്ചൂളയിൽ ചാടി നശിപ്പിക്കുകയും മറ്റു ചിലർ ദുഃഖചിന്തകളാൽ നൊന്തും വെന്തും നീറിയും, അഗ്നിപർവ്വതംപോലെ തിളച്ചു നിറഞ്ഞും പുകഞ്ഞും അകാലത്തിൽ ഒലിച്ചിറങ്ങിയ ലാവയിൽ കത്തിക്കരിഞ്ഞും ദുഃഖസാഗരത്തിന്റെ അക്കരയിലേക്ക് കടക്കുകയും ചെയ്തു.

ആസന്നമരണനായപ്പോൾ തപ്തഹൃദയനായ കോനാട്ട് മല്പാനച്ചൻ, വട്ടശ്ശേരിൽ തിരുമേനിയെ ഒന്നുകണ്ട് 'കുമ്പസാരിക്കാൻ' ആഗ്രഹിച്ചു. മല്പാനച്ചന്റെ അന്ത്യാഭിലാഷം നിറവേറ്റാൻ തിരുമേനി തീയതി നിശ്ചയിച്ചു. യാത്ര പുറപ്പെടുന്നതിന് ഏതാനും മണിക്കൂർ മുമ്പ്, പാപബോധം ഉണ്ടായ മല്പാനച്ചൻ മനസ്സമാധാനം ലഭിച്ച് മൺമറഞ്ഞുപോയി. കാലം ആർക്കുവേണ്ടിയും കാത്തുനില്ക്കുന്നില്ലല്ലോ. അന്ത്യം വരെ ചൂടുപിടിച്ചുനിന്ന പടനിലത്തിലായിരുന്നു സി. ജെ. കുര്യനും മല്പാനച്ചനും കൂടാരമടിച്ചിരുന്നത്. അവർ ഉദ്ദിഷ്ടകാര്യം നേടാതെ ആശാഭംഗത്തോടെ സമരരംഗത്തുനിന്നു വിരമിച്ചു. പല വർഷങ്ങൾ കഴിഞ്ഞാണ് മെത്രാൻ ട്രസ്റ്റി ഭാഗ്യമരണം പ്രാപിച്ചത് (മുൻ ട്രസ്റ്റികളുടെ ദാരുണനിര്യാണത്തിൽ ആരോടും പകയില്ലായിരുന്ന സ്നേഹനിധിയായ തിരുമേനി ദുഃഖിച്ചിരിക്കണം). ശവസംസ്കാരവും മുപ്പതടിയന്തിരവും ഒരു കാതോലിക്കായ്ക്കോ പാത്രിയർക്കീസിനോ ചേർന്ന നിലയിലായിരുന്നു നടത്തപ്പെട്ടത്.

പാത്രിയർക്കീസിന് യഥാർത്ഥത്തിൽ അധികാരമില്ലാതിരുന്നിട്ടും സഭയുടെ സ്വാതന്ത്ര്യത്തിലുള്ള കടന്നാക്രമണമായിട്ടും 1876-ൽ സഭാംഗങ്ങളുടെ എതിർപ്പുകൂടാതെ നടത്തപ്പെട്ട മുളന്തുരുത്തി സുന്നഹദോസ് അംഗീകരിച്ച നിശ്ചയങ്ങൾക്കും പാത്രിയർക്കീസിന് മലങ്കരയിൽ ലൗകികാധികാരങ്ങൾ ഇല്ലെന്നുള്ള രാജകീയ കോടതിവിധിക്കും മറ്റും എതിരായി പിന്നീടുവന്ന ചില പാത്രിയർക്കീസന്മാർ സങ്കോചലേശമെന്യെ ദുഷ്ടന്മാരെപ്പോലെ ദൈവത്തെ പേടിക്കാതെയും മനുഷ്യരെ ശങ്കിക്കാതെയും പെരുമാറിയതിന്റെ വെളിച്ചത്തിലാണ് സഭാഭാസുരൻ സഭാഭരണഘട

നയ്ക്ക് രൂപംനൽകിയത്. അതിൽ മേൽപ്പട്ടക്കാർക്ക് ഏതാണ്ട് റോമൻ കത്തോലിക്കാ സഭാമാതൃകയിൽ കൂടുതൽ അധികാരങ്ങൾ വന്നിരുന്നതിനാലാവാം അവൈദിക നേതാക്കൾ മേല്പ്പട്ട അധികാരകേന്ദ്രീകരണത്തെ സംബന്ധിച്ച ചില വ്യവസ്ഥകളോടു തുറന്ന എതിർപ്പ് പ്രകടിപ്പിച്ചത്. തന്നിമിത്തം തിരുമേനിയുടെ കാലത്ത് ഭരണഘടന പാസാക്കാൻ സാധിച്ചില്ല.

പക്ഷേ, അദ്ദേഹം കടന്നുപോകുന്നതിനുമുമ്പേ അതിന്റെ ഉറച്ച അടിത്തറയും ഭിത്തികളും നിർമ്മിക്കാൻ സാധിച്ചു. 1934 ഡിസംബർ 26 നു മലങ്കര അസോസിയേഷൻ യോഗം ഭരണഘടനയുടെ ബലിഷ്ഠമായ മേൽക്കൂടും ശരിക്കുറപ്പിച്ചു. വട്ടശ്ശേരിൽ തിരുമേനി പാത്രിയർക്കീസിനു മാന്യമായ ഉന്നതസ്ഥാനം ഭരണഘടനയിൽ നൽകിയത് അന്ത്യോക്യാ സഭയുമായുള്ള നല്ല ബന്ധവും സഹവർത്തിത്വവും സ്നേഹവും മേലിലും നിലനിർത്താനാണ്. പാത്രിയർക്കീസിന് ഇത് മനസ്സിലാക്കാനുള്ള മേധാശക്തി ഇല്ലാതെ പോയി. പല തവണ സഭാഭരണഘടന ഭേദഗതി ചെയ്തു എങ്കിലും പാത്രിയർക്കീസിനെ സംബന്ധിക്കുന്ന വകുപ്പുകൾ പിന്നീട് മാറ്റാത്തത് സഭാഭാസുരന്റെ മഹത്തായ ദർശനത്തെ മാനിച്ചാണെന്നോർക്കണം. ഇന്നും  ഒന്നാം തുബ്ദേനിൽ പാത്രിയർക്കീസിന്റെ നാമം ഇവിടെ ഭക്തിപൂർവ്വം ഓർക്കുന്നുണ്ട്. ആരെന്ന് അവിടെയും ഇവിടെയും ആർക്കും നിശ്ചയമില്ലാത്ത ഒരു മാർ ഗ്രിഗോറിയോസു പോലും ഒന്നാം തുബ്ദേനിൽ അനുസ്മരിക്കപ്പെടുന്നു.

തന്നെ സഭാംഗങ്ങൾ വിശ്വസിച്ച് ഭരമേൽപിച്ച സഭയ്ക്ക് നാശം സംഭവിക്കാതിരിക്കാനാണ് ഭരണഘടന ഒരു ശക്തിസ്തംഭമായി മാറ്റിയത്. ഈ ഭരണഘടനയ്ക്ക് വിധേയമായി 1958-ൽ പരസ്പര സ്വീകരണം നടന്നപ്പോൾ, അന്നുവരെ കാതോലിക്കായുടെ പട്ടത്വം സംബന്ധിച്ച തന്റെ നിലപാടുകൾ പാത്രിയർക്കീസ് കാറ്റിൽ പറത്തി അനുയായികളെ അമ്പരപ്പിച്ചു. അന്നുവരെ  വൃദ്ധൻ പുന്നൂസായിരുന്ന മേല്പട്ടക്കാരൻ, കൈമുത്തേണ്ട പരിശുദ്ധ കാതോലിക്കായാണെന്ന ഉദാത്ത ദർശനം ഉടയവനിൽനിന്ന് ഉടനെയല്ലെങ്കിലും ലഭിച്ചിട്ടുണ്ടാവണം. യോജിച്ച സഭയെ സംബന്ധിച്ചും കടന്നാക്രമണങ്ങളെ കടത്തിവിടാതിരിക്കുന്ന ഈ ഭരണഘടന ശക്തമായ കോട്ടയായി നിലകൊള്ളുന്നുണ്ട്.

1958-ൽ കാതോലിക്കായുടെ പട്ടം അന്യൂനമാണെന്നു അർത്ഥശങ്കയെന്യേ സമ്മതിച്ചു. കോടതിച്ചെലവു നൽകേണ്ടതിന്റെ കാലഹരണ കാലാവധിയായ 12 കൊല്ലം കഴിഞ്ഞപ്പോൾ വീണ്ടും കലഹമുണ്ടാക്കാനായി ക്രിസ്തു ശിഷ്യനായ മാർത്തോമ്മായ്ക്ക് പട്ടമില്ലെന്നു പറഞ്ഞു വെട്ടിനിരത്തിയപ്പോൾ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായ്ക്ക് സമചിത്തത നഷ്ടപ്പെട്ടതായി ക്രൈസ്തവലോകം മനസ്സി



ലാക്കി. പാണ്ഡിത്യത്തിനും അനുരഞ്ജനത്തിലധിഷ്ഠിതമായ പരിശുദ്ധ ജീവിതത്തിനും ഇനിയും തെളിവ് ഹാജരാക്കേണ്ടിയിരിക്കുന്ന ഇന്നത്തെ സഖാ പാത്രിയർക്കീസും വിമത സമ്മർദ്ദം മൂലം ഗത്യന്തരമില്ലാതെ ഏറ്റുമുട്ടലിന്റെയും വഴക്കിന്റെയും വഴിയിൽതന്നെയാണ് ചരിക്കുന്നത്. കാരണം ഇന്നും തന്റെ ഉത്തമബോധ്യത്തിനെതിരെ സഭാ ഭരണഘടന ലംഘിച്ചുകൊണ്ട് പാത്തും പതുങ്ങിയും പാത്രിയർക്കീസ് തന്റെ അധികാരസീമക്കപ്പുറത്തുള്ള മലങ്കരയിലെ അനുയായികൾക്ക് എന്നു പറഞ്ഞുകൊണ്ട്, യോഗ്യതയില്ലാത്തവരും കലാശാലകൾ അകലെ നിന്നു മാത്രം കണ്ടിട്ടുള്ളവരും അധികാരമുള്ള ഒരു സമിതിയും തെരഞ്ഞെടുക്കാത്തവരും അതേസമയം മേലധ്യക്ഷനെ 'വേണ്ടപോലെ കണ്ടവരുമായ' ചില നാലാംകിടക്കാരെ മൈൽക്കുറ്റിക്ക് ചുവന്നകുപ്പായം ചാർത്തുംപോലെ മേലങ്കിയണിയിച്ചു ബലൂൺപോലെ വിടാറുണ്ട്. മെനുവിൽ മദ്യവും മാംസവും നിത്യവും ഉൾപ്പെടുത്തുന്നവർ ചെയ്യുന്നത് എന്താണെന്നു പോലും ഉടനെ അറിയുന്നില്ലെന്നുള്ളതു പ്രസക്തമായ മറ്റൊരു സാമാന്യ വസ്തുതയാണ്. മുമ്പ് അധികാരമില്ലാതിരുന്ന ഒരു ബദൽ കാതോലിക്കാ സൃഷ്ടിക്കപ്പെട്ടു. മേലിൽ ബോധപൂർവ്വം ഇത്തരം നടപടി സ്വീകരിക്കാൻ സുപ്രീം കോടതിവിധി തടസ്സമാവും. കോർട്ടലക്ഷ്യത്തിനും മറ്റും വഴി വയ്ക്കുന്ന നടപടികളായി അതു മാറിയെന്നും വരാം.

അന്ത്യോക്യൻ അടിമനുകം പേറിയ ശ്രേഷ്ഠകാതോലിക്കാ മാനഹാനി എന്ന മരക്കുരിശും വഹിച്ചുകൊണ്ടാണ് സ്വയം നിത്യവിശുദ്ധ പദവിയെടുത്തിരിക്കുന്ന പാത്രിയർക്കീസിനു വിധേയത്വം എഴുതിക്കൊടുത്തതെന്നും മേലിൽ മാന്യതയുള്ള ഒരാളും ഇതുപോലെ ഹീനമായി അധിക്ഷേപിക്കപ്പെടരുതെന്നും ശ്രേഷ്ഠ കാതോലിക്കാ തന്നെ പറഞ്ഞിട്ടുണ്ട്. ഈ ശ്രേഷ്ഠ കാതോലിക്കാ പദവി ഏറ്റെടുക്കുന്നതിനു മുൻപ് നൽകിയ ലജ്ജാകരമായ സമ്മതപത്രത്തെപ്പററി ഡോ. തോമസ് മാർ അത്താനാസ്യോസ് (മൂവാറ്റുപുഴ) എഴുതിയിട്ടുള്ള "അന്ത്യോക്യാ മലങ്കരബന്ധം ഒരു പുനരന്വേഷണം" എന്ന പുസ്തകത്തിൽ (പേജ് 22) ഇങ്ങനെ പറയുന്നു:

"1972 ൽ മാർത്തോമ്മാ ശ്ലീഹായുടെ പൗരോഹിത്യം പോലും നിഷേധിച്ചുകൊണ്ട് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവ മലങ്കര സഭയ്ക്ക് കൽപന അയച്ചതു സഭയിലെ പിളർപ്പ് ശീഘ്രവും പൂർണ്ണവുമാക്കാൻ കാരണമാക്കിയ അനധികൃത നടപടിയായിരുന്നു. അങ്ങനെ സഭാവിഭജനം സംഭവിച്ചപ്പോൾ പാത്രിയർക്കീസ് ബാവായ്ക്ക് യഥേഷ്ടം മലങ്കരയിൽ ഇടപെടുന്നതിനുള്ള അവസരം ലഭിച്ചു. 1975 -ൽ ഇവിടെ ബദൽ ഹൈറാർക്കി ഉണ്ടാക്കിയപ്പോൾ കടന്നുകയറ്റം എളുപ്പമാക്കുന്നതിന് കാതോലിക്കേറ്റിന്റെ അധികാരങ്ങൾ വെട്ടിച്ചുരുക്കി. കാതോലിക്കാ

വാഴ്ചയിൽ ഇവിടെ നിന്നു എഴുതി തയ്യാറാക്കിക്കൊണ്ടുപോയിരുന്ന ശൽമൂസ പാത്രിയർക്കീസ് ബാവാ വായിച്ചുനോക്കുകപോലും ചെയ്യാതെ, കാതോലിക്കായ്ക്ക് അധികാരമൊന്നും നൽകാത്ത ഒന്നിൽ ശ്രേഷ്ഠ ബാവായെക്കൊണ്ട് ഒപ്പിടീപ്പിച്ചു. ഈ വിവരം നേരത്തെ പാത്രിയർക്കീസ് ബാവ ധരിപ്പിച്ചുപോലുമില്ല. വാഴ്ചയ്ക്ക് തലേരാത്രിയിൽ ആണിത് പുറത്തെടുത്തത്. അപ്പോഴേക്ക് വാഴിക്കപ്പെടുന്നതിൽ നിന്നു പിന്മാറാൻ ശ്രേഷ്ഠ കാതോലിക്കാ ബാവായ്ക്ക് സാധിക്കുമായിരുന്നില്ല. ശ്രേഷ്ഠ കാതോലിക്കാ ബാവ താൻ പാത്രിയർക്കീസിന് എഴുതിക്കൊടുക്കേണ്ടിവന്ന വിധേയ പത്രത്തെ പിന്നീട് വിലയിരുത്തുന്നത് ഇപ്രകാരമാണ്: "ഇത്രമാത്രം അപമാനകരവും അന്തസ്സില്ലാത്തതുമായ ഒരു ഉടമ്പടി എഴുതിക്കൊടുത്ത് ആരും ഒരിടത്തും സ്ഥാനമേറ്റിട്ടുണ്ടായിരിക്കുകയില്ല. അത് ശൽമൂസ ആയിരുന്നില്ല; യജമാനന് ഒരടിമ എഴുതിക്കൊടുത്ത വിധേയപത്രമായിരുന്നു." (1989 സെപ്തംബറിൽ പാത്രിയർക്കീസ് ബാവായ്ക്ക് എഴുതിയ കത്തിൽ നിന്ന്). 1975 ൽ കാതോലിക്കായെ വാഴിച്ചപ്പോൾ പ്രഖ്യാപിച്ച അധികാരങ്ങൾ പോലും 1981 ലെ സുന്നഹദോസ് കവർച്ച ചെയ്തു. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്മേലുള്ള അനധികൃതമായ കൈയേറ്റമായിരുന്നു പ്രസ്തുത യോഗത്തിലെ ഓരോ നടപടിയും തീരുമാനവും.

സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയാകട്ടെ ഇവിടുത്തെ ആഭ്യന്തരകാര്യങ്ങളിൽ നിരന്തരം ഇടപെട്ടുവരുന്നു. കോടതി വിലക്കുകൾ നിലനിൽക്കുമ്പോൾ തന്നെ സുന്നഹദോസ് കൂടലും, ഭരണസമിതി യോഗങ്ങളും, തീരുമാനമെടുക്കലുമെല്ലാം തകൃതിയായി നടക്കുന്നതിന് അദ്ദേഹം അനുമതി നൽകിക്കൊണ്ടിരുന്നു. ഇത്തരം നടപടികൾക്ക് വല്ല നിയമസാധുതയുമുണ്ടോ എന്നത് ഒരു പ്രശ്നമേയല്ല. 1989 ൽ യാക്കൂബ് തൃതീയൻ പാത്രിയർക്കീസും 1980 ൽ സഖാ പ്രഥമൻ ബാവായും ശ്രേഷ്ഠ കാതോലിക്കാ ബാവായെ മുടക്കുവാൻ നടപടികൾ ആരംഭിച്ചെങ്കിലും മലങ്കരയിലെ ഒരു വിഭാഗം ശക്തമായി എതിർത്തതിനാൽ പ്രയോഗത്തിലായില്ലെന്നു മാത്രം. ഇത്തരം ഇടപെടലുകൾ ദുസ്സഹമായപ്പോഴാണ് 1993 -ൽ ഇവിടെയുള്ള ഭൂരിപക്ഷം മെത്രാപ്പോലീത്താമാരും അതിനെതിരെ നീങ്ങിയതും സുന്നഹദോസ് സെക്രട്ടറിയെ മാറ്റി പ്രതിഷ്ഠിച്ചതുമെല്ലാം."

വർഷങ്ങൾക്കു മുമ്പ് പാത്രിയർക്കീസിന്റെയും 'ആകമാന' സുന്നഹദോസിന്റെയും അനധികൃതമായ കൈയേറ്റങ്ങൾക്കും ഹീനമായ പെരുമാറ്റങ്ങൾക്കുമെതിരെ ശ്രേഷ്ഠ കാതോലിക്കാ ഒരിക്കൽ ഒരു കേസ് ഫയൽ ചെയ്തു. അതിലെ വിവരങ്ങൾ അറിഞ്ഞയുടനെ അമേരിക്കയിലെ ശാമുവേൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അന്ന് അമേരി



ക്കയിൽ ഉണ്ടായിരുന്ന തിരുവല്ലാ മേളാംപറമ്പിൽ ജോൺ റമ്പാച്ചനുമായി ബന്ധപ്പെട്ടു. അപ്പോൾ "I am the First and the last Catholicos of the patriarcal side"എന്നു ശ്രേഷ്ഠ കാതോലിക്കാ തന്നോടു പറഞ്ഞിട്ടുണ്ടെന്ന് റമ്പാച്ചൻ മെത്രാപ്പോലീത്തായെ അറിയിച്ചു. പിന്നീടൊരിക്കൽ റമ്പാച്ചൻ പാത്രിയർക്കീസിനെ സന്ദർശിച്ചപ്പോൾ ഇക്കാര്യം സൂചിപ്പിച്ചു. പാത്രിയർക്കീസു ചിരിച്ചുകൊണ്ട് "Some People in India want only Titles. That I have given to them" എന്നു പറഞ്ഞു.

മലങ്കരയിലെ ഏകസഭയും സിറിയയിലെ ഓർത്തഡോക്സ് സഭയും തമ്മിൽ സമഭാവേന സൗഹൃദത്തിലും സഹകരണത്തിലും നീങ്ങുന്നതായിരിക്കും ഇരുസഭകൾക്കും ഇന്നും എന്നും നല്ലത്. ഏലിയാസ് പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവും നിയമാനുസരണം ന്യായമായി നടത്തിയതല്ലെന്നു വട്ടശ്ശേരിൽ തിരുമേനിക്ക് ബോധ്യമുണ്ടായിരുന്നിട്ടും "മലങ്കരസഭയിൽ സമാധാനം ഉണ്ടാക്കുവാൻ കഴിയുമെങ്കിൽ അതു സാധിക്കണമെന്നുള്ള എന്റെ അതിതാല്പര്യം നിമിത്തമായിരുന്നു ഞാൻ ആ യാത്രയ്ക്ക് (മർദ്ദീൻ യാത്ര) ഒരുങ്ങിയത്" എന്ന് വട്ടശ്ശേരിൽ തിരുമേനി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞിട്ടുണ്ട്.

മലങ്കരയിൽ ഇടപെടണമെങ്കിൽ പാത്രിയർക്കീസ് ചില വ്യവസ്ഥകൾ പാലിക്കണമെന്നു സുപ്രീം കോടതിയും അംഗീകരിച്ച ഭരണഘടന അനുശാസിക്കുന്നുണ്ട്. അല്ലെങ്കിൽ ആ സമുന്നത പദവിക്കുള്ള മാന്യത ചോരും; വെറും, ആലങ്കാരികം മാത്രമാവും. സിംഹം മൃഗരാജാവാണെങ്കിലും കൂട്ടിൽ കിടക്കുന്ന കാലത്തോളം വെറും കാഴ്ചമൃഗമാണെന്ന് കൊച്ചുകുട്ടികൾക്കുപോലും അറിയാം. കൂട്ടിൽ കിടക്കുന്നതിനാൽ അതിന്റെ അസ്തമിച്ച ശക്തി പ്രയോഗിക്കാനെന്ന ഭാവേന മലങ്കരയിൽ ചില ചെറുകുറുക്കന്മാർ സ്വയം മൃഗരാജാപ്പാർട്ടെടുത്തു പല വേദികളിലും പത്രത്താളുകളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. ഭീകരന്മാരെ ഭയപ്പെട്ടു ജീവിക്കുന്നവരെപ്പോലെ കേരളത്തിലെ ചില പത്രങ്ങൾ തത്വദീക്ഷയോ, സത്യസന്ധതയോ ഇല്ലാതെ അല്പന്മാരും സൽസ്വഭാവരഹിതരുമായ സ്വയംസ്ഥാനസ്വീകരണ ആകൽക്കറുസാമാരെ കാദീശന്മാരാക്കി വിശേഷിപ്പിക്കുന്നതു ചില പ്രത്യേക മേഖലകളിൽ നിന്നു കൂടുതൽ പണവും

(അബ്ദൽ മശിഹാ പാത്രിയർക്കീസിനെ സുന്നഹദോസ് മുടക്കിയെന്നും തുടർന്നു പട്ടത്വം ഉരിഞ്ഞുപോയെന്നുമുള്ള ചില നീചന്മാരുടെ കള്ളപ്രചാരണങ്ങളുടെയും ആരോപണങ്ങളുടെയും സത്യാവസ്ഥ അറിയാൻ ആഗ്രഹിക്കുന്നവർ 1951 -ൽ പ്രസിദ്ധീകരിച്ച "കാനോനിക പാത്രിയർക്കീസ് ആര്?" എന്ന ഫാ. കെ. പി. പൗലൂസിന്റെ (കല്ലറക്കപ്പറമ്പിൽ പെരുമ്പാവൂർ) പുസ്തകവും "മലങ്കരസഭാ പ്രശ്നം ചില ഉള്ളുകള്ളികൾ" എന്ന ഫാ. സി. എസ്. സ്ക്കറിയായുടെ (ചെമ്മനുകുഴ മണ്ണേത്തൂർ) പുസ്തകവും വായിക്കുന്നത് നന്നായിരിക്കും.)

പരസ്യവും ഉണ്ടാക്കാനാണെന്നു കാണാൻ മൂന്നാമതൊരു കണ്ണിന്റെ ആവശ്യമില്ല.

## അന്ത്യോക്യാ മലങ്കര ബന്ധം ഇന്ന്

ഈ വിഷയത്തെപ്പറ്റി ഡോ. തോമസ് മാർ അത്താനാസ്യോസ് (മൂവാറ്റുപുഴ) അടുത്തകാലത്ത് പ്രസിദ്ധപ്പെടുത്തിയ "അന്ത്യോക്യാ മലങ്കര ബന്ധം ഒരു പുനരന്വേഷണം" എന്ന അതിശ്രദ്ധേയമായ പുസ്തകത്തിന്റെ ഒന്നാം അദ്ധ്യായത്തിലെ ചില പ്രസക്ത ഭാഗങ്ങളാണ് ചുവടെ ചേർക്കുന്നത്:

"1665 -ൽ മാർ ഗ്രിഗോറിയോസ് അബ്ദുൽ ജലീൽ മലങ്കരയിൽ എത്തിയ ശേഷം അന്ത്യോക്യാ പാത്രിയർക്കേറ്റിന്റെ ആത്മീയ മേൽക്കോയ്മ മലങ്കര സഭാംഗങ്ങൾ അംഗീകരിച്ചുവന്നു. അതായത് അന്ത്യോക്യൻ പാത്രിയർക്കേറ്റിന്റെ നിർദ്ദേശപ്രകാരം കാലാകാലങ്ങളിൽ ഇവിടെ മേൽപ്പട്ടക്കാർ എത്തിയിരുന്നു. അവരെ നാം സ്വീകരിച്ചുവരികയും ചെയ്തു. മാവേലിക്കര പടിയോലയിൽ അന്ത്യോഖ്യയുടെ മേലന്വേഷണാധികാരം മലങ്കര സഭ അംഗീകരിച്ച് പ്രഖ്യാപിക്കുന്നുണ്ട്. അന്ത്യോക്യാ പാത്രിയർക്കീസ് അദ്ധ്യക്ഷത വഹിച്ച് മലങ്കരസഭയുടെ ഭരണക്രമീകരണങ്ങൾക്ക് ചട്ടക്കൂടുണ്ടാക്കിയ മുളന്തുരുത്തി സുന്നഹദോസ് തീരുമാനങ്ങൾ നാം അംഗീകരിച്ചതാണ്. 1889 ലെ റോയൽ കോടതി വിധി നമ്മുടെ അംഗീകാരത്തിന് നിയമസാധുത നല്കുക മാത്രമായിരുന്നു. അതോടെ ആത്മീയകാര്യത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് നാം നല്കിയ ആത്മീയ മേലദ്ധ്യക്ഷസ്ഥാനം നിയമപരമായി സ്ഥാപിക്കപ്പെട്ടു.

എന്നാൽ 20-ാം നൂറ്റാണ്ടിൽ മലങ്കരസഭ പിളർന്നപ്പോഴും വട്ടശ്ശേരിൽ തിരുമേനിക്ക് അനുകൂലമായ വിഭാഗവും ഈ ബന്ധം നിഷേധിക്കാൻ തയ്യാറായില്ല. അംഗീകാരത്തിന് പുതിയ അടിസ്ഥാനം സൃഷ്ടിക്കുവാനാണീ കാര്യം 1934 -ലെ ഭരണഘടനയിൽ ചെയ്തത്. മലങ്കരസഭയും അന്ത്യോഖ്യൻ സഭയും ചേർന്ന ഏക ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ അന്ത്യോഖ്യാ പാത്രിയർക്കീസ് ആണ് എന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. മലങ്കരസഭയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടശേഷമുള്ള കാര്യമാണിത്. മെത്രാന്മാരെ വാഴിക്കുക, മൂറോൻ കൂദാശ ചെയ്യുക തുടങ്ങിയ പാത്രിയർക്കീസ് കൈകാര്യം ചെയ്തുകൊണ്ടിരുന്ന ആത്മീയാധികാരങ്ങൾ കാതോലിക്കായ്ക്ക് ലഭ്യമായ ശേഷവും മലങ്കര സഭ ഏക സുറിയാനിസഭയുടെ ഭാഗമായി തുടരുവാനാണ് തീരുമാനിച്ചത്. അതിനുള്ള ന്യായം വ്യക്തമാക്കുകകൂടി ചെയ്തു. ഇവിടെ കാതോലിക്കാ അദ്ധ്യക്ഷനായ പ്രാദേശിക ഭരണസംവിധാനവും, സിറിയയിൽ പാത്രിയർക്കീസ് അദ്ധ്യക്ഷനായ പ്രാദേശിക സംവിധാനവും



ഉണ്ട്. ഈ രണ്ട് പ്രാദേശിക വിഭാഗങ്ങൾ ഏകസഭയുടെ രണ്ട് ഭാഗമാണെങ്കിലും അതിന്റെ സംയുക്തതയുടെയും ഐക്യത്തിന്റെയും പ്രതീകമായി അന്ത്യോഖ്യാ പാത്രിയർക്കീസിനെ പൊതു തലവനായി മലങ്കരസഭ തുടർന്നും അംഗീകരിച്ചുവരുന്നു. ഈ കാര്യം മലങ്കരസഭ ഇന്നുവരെ അംഗീകരിച്ചിരിക്കുന്ന കാര്യമാണ്.

ഈ ബന്ധം എങ്ങനെയായിരിക്കണം എന്നതിന് 1934 ലെ ഭരണഘടനയാണ് മാനദണ്ഡമായി മലങ്കരസഭ അംഗീകരിച്ചിരിക്കുന്നത്. ഇതിൻ പ്രകാരം അന്ത്യോക്യാ പാത്രിയർക്കേറ്റ് മലങ്കരസഭ ഉൾപ്പെടുന്ന ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനാണ്. അദ്ദേഹത്തെ മലങ്കരസഭയിലെ കാതോലിക്കായെ വാഴിക്കുമ്പോൾ ക്ഷണിച്ചിരിക്കണം. അദ്ദേഹം വരുന്നെങ്കിൽ മലങ്കരസഭാ സുന്നഹദോസിന്റെ അദ്ധ്യക്ഷനായി കാതോലിക്കായെ വാഴിക്കണം. കാതോലിക്കായുടെ പേരിൽ ആരോപണം ഉണ്ടായാൽ അത് സംബന്ധിച്ച് പ്രഥമദൃഷ്ട്യാ കഴമ്പുണ്ട് എന്ന് സുന്നഹദോസിന് ബോദ്ധ്യപ്പെട്ടാൽ വിചാരണ ചെയ്യാൻ സൃഷ്ടിക്കപ്പെടുന്ന ജൂറിയുടെ അദ്ധ്യക്ഷനായി വർത്തിക്കേണ്ടത് അന്ത്യോഖ്യാ പാത്രിയർക്കീസ് ആണ്. അതായത് പൗരസ്ത്യ കാതോലിക്കായുടെ വാഴ്ചയിലും, അദ്ദേഹം കുറ്റക്കാരനാണെന്ന് കണ്ടാൽ വിചാരണ സമിതിയിലും പാത്രിയർക്കീസ് ക്ഷണിക്കപ്പെടുന്ന ആളാണ്. എന്നാൽ നിയമാനുസൃതം വാഴിക്കപ്പെട്ട കാതോലിക്കേറ്റ് ഇവിടെ ഉള്ളപ്പോൾ പാത്രിയർക്കീസ് ബാവ മലങ്കരസഭയിൽ ഭരണഘടനയ്ക്ക് ഉപരിയായി ഇടപെട്ടുകൂടാ. അതിന്റെ ന്യായമാണ് 1995 ലെ സുപ്രീം കോടതി വിധി പറയുന്നത്.

ഇത്രയും കാര്യം ഭരണഘടന ഇന്നത്തെ രൂപത്തിൽ നില്ക്കുന്നിടത്തോളം കാലം നിലനിർത്താൻ മലങ്കരസഭ പ്രതിജ്ഞാബദ്ധമാണ്. അതായത് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കരസഭയിലെ സ്ഥാനം, ഇടപെടലുകൾ എന്നിവ 1934 ലെ ഭരണഘടന നിയന്ത്രിക്കുന്നു. ഇതിൽ നിന്ന് വ്യത്യസ്തമായോ ഉപരിയായോ ഉള്ള അവകാശാധികാരങ്ങൾ പാത്രിയർക്കീസിന് കൊടുക്കാൻ ആവശ്യപ്പെടുന്നത് അനധികൃതമാണ്.

ഈ ഭരണഘടന കോടതി അംഗീകരിച്ചതോടെ സഭയിലെ അന്ത്യോഖ്യാ - മലങ്കരബന്ധം ക്ലിപ്തപ്പെടുത്തുകയുണ്ടായി. 1995 ലെ കോടതിവിധി പ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ സുറിയാനി സഭയിലെ അത്യുന്നതസ്ഥാനിയാണ്. എന്നാൽ അദ്ദേഹത്തിന്റെ മലങ്കരയിലെ ഇടപെടൽ സഭാഭരണഘടനപ്രകാരവും, കാതോലിക്കോസുമായുള്ള ധാരണപ്രകാരവും ആയിരിക്കണം. മലങ്കരസഭ അംഗീകരിച്ചുകൊടുത്ത അവകാശ - സ്ഥാനമാനങ്ങൾ ആണ് കോടതിയും അംഗീകരിച്ചത്. ഇത് ഇന്ന് പാത്രിയർക്കേറ്റും മലങ്കരയുമായുള്ള ബന്ധത്തിൽ ബാധകവുമാണ്.

അതുകൊണ്ട് മലങ്കരസഭയ്ക്ക് നിയമപരവും ഭരണഘടനാപരവും ആയി ഇപ്പോൾ ഈ ബന്ധം അവഗണിക്കാനോ നിഷേധിക്കാനോ ആവില്ല. അത് നല്ലതാണെങ്കിലും, അല്ലെങ്കിലും ഇത് നിലനിർത്താൻ ഇന്നത്തെ സാഹചര്യത്തിൽ ബാദ്ധ്യതയുണ്ട്. അതുകൊണ്ട് അന്ത്യോഖ്യാ പാത്രിയർക്കേറ്റിന്റെ ഭരണഘടനാപരമായ അവകാശം പരിഗണിക്കാതെയും അതിന് ഉപരിയുമായുള്ള നിലപാടുകൾക്കും രചനകൾക്കും നിയമരീത്യായും സഭയുടെ ഔദ്യോഗിക നിലപാട് അനുസരിച്ചും സാധുതയില്ല. ഏതായാലും ഈ ചട്ടക്കൂട്ടിൽ ഈ ബന്ധം നിലനിർത്തുവാൻ നാം ശ്രമിക്കേണ്ടതാണ്. എന്നിട്ടും പാത്രിയർക്കേറ്റ് ഇടപെട്ടു സഭാദൗത്യനിർവ്വഹണത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്ന സാഹചര്യം ഉണ്ടാകുകയാണ് എങ്കിൽ ഈ ബന്ധം കൂടുതൽ നിയന്ത്രിക്കാനോ ആവശ്യമെങ്കിൽ അവസാനിപ്പിക്കാനോ വേണ്ട നിയമനിർമ്മാണം ചെയ്യുക."

മലങ്കര മെത്രാപ്പോലീത്താ ഓർത്തഡോക്സ് വിശ്വാസം ലംഘിച്ചു എന്നും തന്റെ മേലധികാരിയായ പാത്രിയർക്കീസിനെ അനുസരിക്കുന്നില്ലെന്നുമുള്ള കുറ്റങ്ങൾ ചുമത്തിയാണല്ലോ 1911 -ൽ അദ്ദേഹത്തെ മുടക്കിയത്. *മതോപദേശസാരങ്ങൾ* എന്ന പണ്ഡിതോചിതമായ സഭാവിശ്വാസ സംഹിത വായിക്കുന്ന സാമാന്യബുദ്ധിയുള്ളവർക്കുപോലും വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വാസദാർഢ്യം സുവ്യക്തമാകും. അനുസരണക്കേട് എന്ന പദം മെത്രാപ്പോലീത്തായുടെ നിഘണ്ടുവിൽ ഉണ്ടോ എന്ന് വീണ്ടും തപ്പിനോക്കേണ്ടതുണ്ട്.

മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുകയും അന്ത്യോഖ്യൻ സഭാബന്ധം അന്യൂനം തുടരുകയും സഭയെ പരദേശികളുടെ കടന്നാക്രമണങ്ങളിൽ നിന്നും അധികാരമോഹങ്ങളിൽനിന്നും ചൂഷണങ്ങളിൽ നിന്നും രക്ഷിക്കുകയും സഭയുടെ അഖണ്ഡതയും സ്വാശ്രയബോധവും കാത്തുസൂക്ഷിക്കുകയും ചെയ്തതു തെറ്റാണെങ്കിൽ അത് വട്ടശ്ശേരിൽ തിരുമേനി ചെയ്തിട്ടുണ്ട്. ഇതൊന്നും 'സാത്താന്റെ ആയുധ'മായ മുടക്കു പ്രയോഗിക്കാനുള്ള കാരണങ്ങളാകുന്നില്ല. അതുകൊണ്ടാണ് ഈ മുടക്കിനെ ഒരു പൂമാലയായി താൻ കണക്കാക്കുന്നു എന്ന് മെത്രാപ്പോലീത്താ പ്രതിവചിച്ചത്. അധികാരമില്ലാതെ എടുത്ത ഈ മുടക്ക് ശരിയാണെന്നു ഒരു കോടതിയും പറഞ്ഞിട്ടില്ലെന്നുമാത്രമല്ല, സ്വാഭാവികനീതിക്ക് വിരുദ്ധമാണെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കോടതിവിധികളുടെ സത്ത മനസ്സിലാക്കാനുള്ള മേധാശക്തി വിദേശങ്ങളിലും വിലയ്ക്കുവാങ്ങാൻ കിട്ടുന്നതല്ലല്ലോ. മലങ്കരസഭയുടെ തിരുനെറ്റിയിലെ മനംകവരുന്ന സിന്ദൂരപ്പൊട്ടായ കാതോലിക്കേറ്റിനെ അബ്ദേദ് മശിഹാ അംഗീകരിക്കുകയും ആശീർവദിക്കുകയും ചെയ്തതുപോലെ വിശാല ഹൃദയമില്ലാത്ത



കാലത്തോളം മറ്റൊരു പാത്രിയർക്കീസിനും ആ വലിയ സ്ഥാപനത്തെ അംഗീകരിക്കുവാൻ കഴിയുന്നില്ല. അംഗീകരിച്ചാൽ മേലിൽ മലങ്കരസഭയിൽ ഇഷ്ടാനുസരണം കൈകടത്താൻ സാധിക്കില്ല. തങ്ങൾ പറയുന്നതുപോലെ പ്രവർത്തിക്കുന്ന ഒരു ഇസ്പേടു കാതോലിക്കായെ വേണമെങ്കിൽ തരാമെന്ന് പണ്ടേ പറഞ്ഞിരുന്നു. അതാണ് ആദ്യത്തേയും അവസാനത്തേയും ശ്രേഷ്ഠകാതോലിക്കായുടെ സ്ഥാനദാനത്തിൽ കലാശിച്ചത്. മലങ്കരസഭയുടെ യഥാർത്ഥ ആവശ്യങ്ങൾ സമ്മതിക്കാൻ പാത്രിയർക്കീസിന് കഴിയുകയില്ലെന്ന് മനസ്സിലാക്കിയ മലങ്കരസഭാ ഭാസുരനെ കൂടുതൽ വേദനിപ്പിച്ചത് മലങ്കരസഭയിലെ ജനങ്ങളുടെ ചേരിപ്പോരും ചിലരുടെ കുതികാൽവെട്ടുമാണ്. യോജിച്ചു നീങ്ങിയിരുന്നുവെങ്കിൽ മുളന്തുരുത്തിയിൽ വെച്ച് സഭയെ തളയ്ക്കാൻ ഉപയോഗിച്ച ചങ്ങല നിഷ്പ്രയാസം തകർക്കാമായിരുന്നു. രണ്ടു ട്രസ്റ്റികളുടേയും ഒരു വിഭാഗത്തിന്റെയും ആഗ്രഹം അനുസരിച്ചു പാത്രിയർക്കീസ് തുള്ളിയതിനാൽ കർമ്മകുശലനായ മെത്രാപ്പോലീത്തായ്ക്ക് വളരെയധികം പ്രയാസങ്ങളും പ്രശ്നങ്ങളും നേരിടേണ്ടിവന്നു. അദ്ദേഹത്തെ മറിച്ചിടാനും പാത്രിയർക്കീസിന്റെ അന്യായമായ ആവശ്യങ്ങൾക്ക് പിന്തുണ നൽകാനും ദൈവത്തിനു പകരം പറമ്പിലും പണത്തിലും സ്വാധീനത്തിലും ആശ്രയിച്ച ശക്തരായ കൂട്ടുട്രസ്റ്റികളും അനുയായികളും വാളെടുത്തപ്പോൾ മെത്രാപ്പോലീത്താ കുലുങ്ങിയില്ലെങ്കിലും മരണഭീതിയുടെ താഴ്വരയിൽ കടക്കേണ്ടിവന്നു എന്നത് ഒരു സത്യമാണ്. പക്ഷേ അദ്ദേഹം ദൈവത്തെ മുറുകെപ്പിടിച്ച ജോസഫിനെപ്പോലെയോ സെന്റ് പോളിനെപ്പോലെയോ ഒടുവിൽ വിജയശ്രീലാളിതനായി. അനീതികൾക്ക് എതിരെ ജനലക്ഷങ്ങൾ പരപ്രേരണ കൂടാതെ ഒരു കോട്ടപോലെ മെത്രാപ്പോലീത്തായ്ക്കു ചുറ്റും നിന്നപ്പോൾ എതിരാളികൾ മലങ്കരസഭ സൃഷ്ടിച്ച കോട്ടയ്ക്ക് വെളിയിലായിപ്പോയി. ദുഷ്ചെയ്തികൾ മൂലം രാഷ്ട്രത്തലവൻ സ്ഥാനം നഷ്ടപ്പെടുന്ന ഒരാളെപ്പോലെ പാത്രിയർക്കീസ് മലങ്കരസഭയെ സംബന്ധിച്ചിടത്തോളം അധികാരസീമയ്ക്ക് വെളിയിൽ ആകുകയും കാതോലിക്കാ, സ്വതന്ത്രസഭയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ പരമാധികാര സിരാകേന്ദ്രമായി ത്തീരുകയും ചെയ്ത ചരിത്രമാണ് വട്ടശ്ശേരിൽ തിരുമേനിയുടെ കാൽ നൂറ്റാണ്ടു കാലത്തെ ഭരണത്തിന്റെ ആകെത്തുക. തിരുമേനി പണിതുയർത്തിയ ആ കോട്ടയ്ക്കുള്ളിൽ മേലിൽ ഒരു പാത്രിയർക്കീസിനും സ്നേഹപൂർവ്വം ബലിഷ്ഠമായ ഉരുക്കുവാതിൽ തുറന്നുകൊടുക്കുന്നതുവരെ കടക്കാനാവില്ല. ഈ കോട്ട ഭദ്രമായി നിർമ്മിച്ച വട്ടശ്ശേരിൽ തിരുമേനിയുടെ പാദാരവിന്ദത്തിൽ ഞങ്ങൾ കുമ്പിടുന്നു. അങ്ങയുടെ പരിശുദ്ധമായ ജീവിതത്തെ ഞങ്ങൾ അനുദിനം അനുസ്മരിക്കുന്നു. അങ്ങയുടെ മദ്ധ്യസ്ഥ പ്രാർത്ഥന സഭയ്ക്കും ഞങ്ങൾക്കും എന്നും സ്വർഗ്ഗീയകോട്ടതന്നെ ആയിരിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

# അന്ത്യ സന്ദേശം

**മലങ്കരയുടെ**
**മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും**

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സംസ്ഥാപിതമായ മലങ്കരസഭയിലെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും ശേഷം ജനങ്ങളുമായി നമ്മുടെ പ്രിയ മക്കളായ എല്ലാവർക്കും വാഴ്‌വ്.

നമ്മെ ഭരമേല്പിച്ചിട്ടുള്ള ആത്മീകതൊഴുത്തിലെ കുഞ്ഞാടുകളും നമ്മുടെ പ്രേമഭാജനങ്ങളുമായ പ്രിയ മക്കളെ, അൽപ ദിവസങ്ങളായി നാം രോഗശയ്യയെ അവലംബിച്ചിരിക്കുന്ന വിവരം നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. എഴുപത്താറുവയസ്സു പ്രായമുള്ള വയോവൃദ്ധനും ഏതാനും സംവത്സരക്കാലമായി വർദ്ധമാനങ്ങളായ പലതരം ശരീരാസ്വാസ്ഥ്യങ്ങളാൽ പീഡിതനുമായ നമ്മുടെ ഐഹിക ജീവിതം ഇതിലധികമായി ദീർഘിച്ചു കിട്ടണമെന്നാഗ്രഹിക്കാനൊ ആശിക്കാനൊ നമുക്കവകാശമുള്ളതല്ലല്ലൊ. അതിനാൽ അലംഘനീയവും കരുണാസംപൂർണ്ണവുമായ ദൈവഹിതത്തിനു സസന്തോഷം കീഴ്പ്പെടുകയെന്നുള്ളതല്ലാതെ മറ്റൊന്നും ഇപ്പോൾ നാം ചെയ്യേണ്ടതായിട്ടില്ല. മലങ്കര സമുദായചരിത്രത്തിൽ അത്യധികം വിഷമകരമായ ഒരു ഘട്ടത്തിൽ ഈ സഭയുടെ ഭരണചുമതല അനേകതരം ബലഹീനതകളോടും അയോഗ്യതകളോടും കൂടിയ നാം വഹിക്കണമെന്നാണ് ദൈവം തിരുമനസ്സായത്. ഈ കഴിഞ്ഞ 25 സംവത്സരക്കാലങ്ങളിലെ സംഭവങ്ങളെല്ലാം ഒരു നിഴൽപോലെ ഇപ്പോൾ കടന്നുപോയിരിക്കുന്നു എന്നിരുന്നാലും അവയുടെ ഫലങ്ങൾ സഭയുടെ ഭാവിയെ സാരമായ വിധത്തിൽ സ്പർശിക്കാതിരിക്കുന്നതല്ല. അനേകതരം അത്യാപത്തുകളിൽകൂടി മലങ്കര സമുദായം കടന്നുകൂടിയതു സർവ്വശക്തനായ ദൈവത്തിന്റെ കരുണ ഒന്നുകൊണ്ടു മാത്രമാണ്.

പലവിധത്തിലുള്ള ബലഹീനതകൾക്കു വശംവദനായ നമ്മുടെ കുറവുകളെയും അയോഗ്യതകളെയും വിസ്മരിച്ചു ഈ കാലമെല്ലാം നിങ്ങളിൽ ഓരോരുത്തരും നമ്മുടെ സമുദായത്തിന്റെ അഭ്യുദയത്തിനായി ആശയിലധികമായി നമ്മോടു സഹകരിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടുള്ളതിനെപ്പറ്റിയുള്ള സ്മരണയും കൃതജ്ഞതയും നമ്മുടെ അവസാനശ്വാസംവരെ നമ്മിൽനിന്നു വിട്ടുമാറുന്നതല്ലെന്നു നിങ്ങൾ ഉറപ്പായി വിശ്വസിക്കണം. സമുദായനന്മയെ മാത്രം ലാക്കാക്കി നാം സ്വീകരിച്ച പല പദ്ധതികളെപ്പറ്റിയും പരമാർത്ഥമായ അഭിപ്രായവ്യത്യാസം നമ്മുടെ പ്രിയമക്കളിൽ ചിലർക്കെല്ലാം ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതിയെപ്പോലെ



മർമ്മഭേദകമായ വേറൊരു സ്മരണ ഈ ഘട്ടത്തിൽ നമുക്കില്ല. പ്രിയമക്കളെ നാമെല്ലാവരും മനുഷ്യസാധാരണങ്ങളായ പലതരം ബലഹീനതകളോടുകൂടിയവരാണെന്നും നമ്മുടെ പിതാക്കന്മാർ വളരെ വാശിയോടും ദണ്ഡത്തോടും കൂടി നടത്തിയ പല വഴക്കുകളും തർക്കങ്ങളും എത്രയും നിസ്സാരങ്ങളും ബുദ്ധിശൂന്യങ്ങളുമായി നമുക്കിപ്പോൾ തോന്നാറുള്ളതുപോലെ എത്രയും ഘനമേറിയവയെന്നു നാം കണക്കാക്കിവരുന്ന മിക്ക സംഗതികളും ഭാവി തലമുറയിലെ ആളുകൾ നിസ്സാരങ്ങളും ബുദ്ധിശൂന്യങ്ങളുമായവയെന്നു വിധിക്കാനിടയുണ്ടെന്നും നിങ്ങൾ ധരിച്ച്, ചെറിയ ആട്ടിൻ കൂട്ടമാകുന്ന നമ്മുടെ പാവപ്പെട്ട സഭ ഛിന്നഭിന്നമായിത്തീരാതിരിക്കാനായി സകല വാശികളും വഴക്കുകളും ഉപേക്ഷിച്ചും സഭയുടെ യോജിപ്പിനായി യഥാർത്ഥമായ സ്വാർത്ഥപരിത്യാഗത്തോടുകൂടിയും സർവ്വാത്മനാ പ്രയത്നിക്കണമെന്നുള്ളതു ദൈവസന്നിധിയിൽ നിങ്ങളുടെ സർവപ്രധാനമായ ചുമതലയായി നമ്മുടെ പ്രിയ മക്കളിൽ ഓരോരുത്തരും സ്വീകരിക്കണമെന്നു നമ്മുടെ അവസാന ശ്വാസത്തോടുകൂടി നാം പ്രബോധിപ്പിച്ചുകൊള്ളുന്നു. ഫറവോനെപ്പോലെ ഹൃദയകാഠിന്യമുണ്ടാകാതെ നമ്മുടെ കർത്താവിൽ നിന്ന് അനുഗ്രഹംപ്രാപിച്ച ചെറിയ ശിശുക്കളെപ്പോലെയുള്ള മാർദ്ദവഹൃദയത്തോടുകൂടി നമ്മുടെ ഈ അപേക്ഷയെ നിങ്ങൾ സ്വീകരിക്കുമെന്നു നാം വിശ്വസിച്ചുകൊള്ളുന്നു. നിങ്ങളെല്ലാവരും അന്യോന്യം കുറ്റങ്ങളെപ്പറ്റി മാപ്പുചോദിക്കയും ക്ഷമിക്കയും സഹിക്കയും ചെയ്യുന്നതായാലല്ലാതെ അവസാന വിധി കർത്താവിന്റെ സന്നിധിയിൽ നിങ്ങൾക്കും കരുണയും പാപമോചനവും ലഭിക്കുന്നതല്ലെന്നു നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലൊ. നമ്മുടെ അസ്ഥികൾ നമ്മുടെ പിതാക്കന്മാരുടെ അസ്ഥികളോടുകൂടി ചേർന്നശേഷവും നമ്മുടെ എളിയ സഭയുടെ യോജിപ്പിനായി സകല വാദങ്ങളും വഴക്കുകളും മറന്നു പ്രവർത്തിക്കാനുള്ള സൽബുദ്ധി നിങ്ങളിൽ നിലനിൽക്കണമെന്നുള്ള നമ്മുടെ ബലഹീനമായ പ്രാർത്ഥന എപ്പോഴും ദൈവസന്നിധിയിൽ അർപ്പിക്കപ്പെടുന്നതാണെന്നു നിങ്ങൾ വിശ്വസിച്ചുകൊള്ളണം. ഒരേ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമെങ്കിലും നമ്മുടെ സഭയിൽ നിന്നു പിരിഞ്ഞുപോയിട്ടുള്ള സഹോദരസമുദായങ്ങളുമായി യോജിപ്പുണ്ടാക്കണമെന്നു നമ്മുടെ ഹൃദയത്തിന്റെ അഗാധത്തിൽ വളരെക്കാലമായി വേരൂന്നിയിരുന്ന ആഗ്രഹം സഫലീഭവിപ്പിക്കാനായി സർവപ്രകാരേണ പരിശ്രമിക്കണമെന്നുള്ളതും നമ്മുടെ അവസാനശ്വാസത്തോടുകൂടി നിങ്ങളെ നാം ഭരമേല്പിക്കുന്ന ഒരു ചുമതലയും ഭാരവുമായി നിങ്ങൾ സ്വീകരിക്കണമെന്നു നാം ആഗ്രഹിക്കുന്നു.

നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും

ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരെയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാസ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.

കടശ്ശി, പ്രിയമക്കളെ! നീതിമാൻ ആരുമില്ല ഒരുത്തൻപോലുമില്ല. നമ്മുടെ കർത്താവിന്റെ രക്തത്താലല്ലാതെ ഒരു നീതിമാനും നീതീകരിക്കപ്പെടുന്നില്ല. നമ്മുടെ ഭരണകാലത്തു നാം നിങ്ങളിൽ ആരെയെങ്കിലും വ്യസനിപ്പിക്കയൊ നഷ്ടപ്പെടുത്തുകയൊ മനസ്സോടും മനസ്സു കൂടാതെയും അറിവോടും അറിവു കൂടാതെയും വല്ല ദോഷവും ചെയ്കയൊ ചെയ്തുപോയിട്ടുണ്ടെങ്കിൽ അവയെല്ലാം പാപികൾക്കുവേണ്ടി തന്റെ ജീവനെ ഏൽപിച്ചുകൊടുക്കയും തന്നെ കുരിശിൽ തൂക്കിയവർക്കുവേണ്ടി തന്റെ പിതാവിനോടു പ്രാർത്ഥിക്കുകയും ചെയ്തവനായ കർത്താവീശോമ്ശിഹായിൽ നമ്മോടു ക്ഷമിക്കുമെന്നു നാം ഓരോരുത്തരോടും അപേക്ഷിക്കുന്നു. അപ്രകാരംതന്നെ ആരെങ്കിലും നമ്മോടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു നാം നമ്മുടെ മനസ്സിൽ അശേഷം ശേഷിപ്പിച്ചിട്ടില്ലെന്നും മ്ശിഹായിൽ നാം ക്ഷമിച്ചിരിക്കുന്നു എന്നു നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു. പിന്നെയും പ്രിയരെ! നിങ്ങൾ ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിപ്പീൻ എന്നു വിശുദ്ധ യാക്കോബ് കൽപിച്ചിരിക്കുന്നതുപോലെ നമുക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ. നാം മരിക്കുന്നതായാലും സ്വസ്ഥതപ്രാപിക്കുന്നതായാലും നിങ്ങളുടെ പ്രാർത്ഥന നമുക്കു വിലയേറിയ സഹായമാകുന്നു. "ഞാൻ നല്ല പോർപൊരുതു, ഓട്ടത്തെ തികച്ചു, വിശ്വാസത്തെ കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. ആയതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു തരും" എന്നു വിശുദ്ധ പൗലൂസ് തന്നെക്കുറിച്ചു തന്നെ പറഞ്ഞ വചനം പാപിയായ നമ്മിലും നിവർത്തിക്കുന്നതിനായി നമുക്കുവേണ്ടി ഇപ്പോഴും നമ്മുടെ കാലശേഷവും നിങ്ങൾ പ്രാർത്ഥിക്കയും പട്ടക്കാർ വിശുദ്ധ കുർബാന ചൊല്ലുകയും ചെയ്യണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുന്നു.

നമ്മുടെ കർത്താവായ യേശുമ്ശിഹാ അദൃശമായിരിക്കുന്ന തന്റെ വലത്തു കൈയെ ബലഹീനനും പാപിയുമായ നമ്മുടെ വലത്തുകയ്യോടുകൂടി നിങ്ങളുടെമേൽ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും നിങ്ങളുടെ കൈകൾ ചെയ്യുന്ന എല്ലാ വേലകളെയും അനുഗ്രഹിക്കയും നമ്മെയും നിങ്ങളെയും വിശ്വാസികളായ നിങ്ങളുടെ എല്ലാ മരിച്ചുപോയവരെയും തന്റെ സ്വർഗ്ഗീയ പറുദൈസായിൽ ആശ്വസിപ്പിക്കുകയും ചെയ്‌വാൻ നാം പ്രാർത്ഥിക്കുന്നു.



അതു ദൈവമാതാവായ വി: കന്യകമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രത്യേകം നമ്മുടെ കാവൽക്കാരനായ മാർത്തോമ്മാ ശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും വിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നമ്മുടെ പ്രിയമക്കളെ! നിങ്ങൾ എല്ലാവരോടും എന്നേക്കും ഉണ്ടായിരിക്കട്ടെ ആമ്മീൻ.

1109 കുംഭം 11 -നു കോട്ടയത്തു പഴയസെമ്മനാരിയിൽ നിന്നും

## സഭയുടെ 'സിംഹക്കുട്ടി'

*മലങ്കര സഭയുടെ സ്വാതന്ത്ര്യ ശില്പി സഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനിയുടെ കബറടക്ക ശുശ്രൂഷാമദ്ധ്യേ 1934 ഫെബ്രുവരി 24-ാം തീയതി ഗീവറുഗീസ് ദ്വിതീയൻ ബാവാതിരുമേനി ചെയ്ത ചരിത്ര പ്രസിദ്ധമായ പ്രസംഗമാണിത്:*

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ,

നമ്മുടെ ഇടയിൽനിന്ന് വാങ്ങിപ്പോയിരിക്കുന്ന ഈ വിശുദ്ധ പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നതിനായി വന്നുകൂടിയിരിക്കുന്ന നിങ്ങളോട് അദ്ദേഹത്തെക്കുറിച്ച് അല്പം സംസാരിക്കുന്നത് അനുചിതമായിരിക്കയില്ലല്ലോ. ലോകപ്രകാരം നോക്കുന്നപക്ഷം അദ്ദേഹം ഒരസാധാരണമനുഷ്യൻ ആയിരുന്നുവെന്ന് നിങ്ങളേവരും സമ്മതിക്കുമെന്ന് നാം വിശ്വസിക്കുന്നു. കണ്ടോ കേട്ടോ അദ്ദേഹത്തെ അറിഞ്ഞിട്ടുള്ള നാനാജാതി മതസ്ഥരായ ഏവരും ഐകകണ്ഠ്യേന സമ്മതിക്കുന്ന ഒരു പരമാർത്ഥമാണിത്. അദ്ദേഹം ഒരു അഗാധബുദ്ധിമാനും വലിയ ജ്ഞാനിയും, മഹാപണ്ഡിതനും, ധീരയോദ്ധാവും, അചഞ്ചലഹൃദയനുമായിരുന്നു. എത്രയും വിഷമമേറിയ ഒരു ഘട്ടത്തിൽക്കൂടി വിജയപൂർവ്വം അദ്ദേഹം സഭയെ മുമ്പോട്ടു നയിച്ചു. പരാജയത്തിൽപ്പോലും ധൈര്യസമേതം പോരാടി വിജയം സമ്പാദിച്ചു. അദ്ദേഹത്തിനു സമാനമായി നമ്മുടെ ഇടയിൽ ആരുള്ളു? ജീവിച്ചിരുന്നപ്പോൾ അദ്ദേഹം ഒരു സിംഹക്കുട്ടി തന്നെയായിരുന്നു. സ്വതസിദ്ധമായ ഗാംഭീര്യത്തോടും ശോഭയോടും കൂടിത്തന്നെ അദ്ദേഹം ഇപ്പോഴും സ്ഥിതിചെയ്യുന്നു എന്ന് അവിടത്തെ മൃതശരീരം കണ്ടാൽ ആർക്കും തോന്നുകയില്ലയോ?

ബാലസിംഹത്തിനും മുട്ടുണ്ടായേക്കാം. എന്നാൽ അദ്ദേഹത്തിന് ഒരിക്കലും ഒരു കുറവും ഉണ്ടായിട്ടില്ല. എന്തെങ്കിലും ഇല്ലാതിരുന്നു

വിഷമിപ്പാൻ അദ്ദേഹത്തിന് ഇടയായിട്ടില്ല. ദൈവത്തെ ആശ്രയിക്കുന്ന നീതിമാന് ഒരിക്കലും മുട്ടുണ്ടാകയില്ലല്ലോ. മരണനിഴലിൻ താഴ്വരയിൽക്കൂടി നടക്കേണ്ടി വന്നപ്പോഴും അദ്ദേഹത്തിന് ആളുകളും പണവും ലോഭം കൂടാതെ ഉണ്ടായിരുന്നു. രോഗക്കിടക്കയിലും ഒരു കുറവും അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്നില്ല. എട്ടു ദിവസത്തോളം അദ്ദേഹം രോഗശയ്യയിൽ ആയിരുന്നു. ചികിത്സയ്ക്കും പരിചരണത്തിനും യാതൊരു കുറവുമില്ലായിരുന്നു. വിദഗ്ദ്ധന്മാരായ ഭിഷഗ്വരന്മാർ തന്നെയാണ് ചികിത്സകൾ നടത്തിയത്. അവസാനം സമീപിക്കുവോളം സുബോധമുണ്ടായിരുന്നു. അദ്ദേഹത്തിന് കാണേണ്ടവരും, അദ്ദേഹത്തെ കാണേണ്ടവരുമായ മിക്കവരും വന്ന് അദ്ദേഹത്തെ സന്ദർശിച്ചു. മേല്പട്ടക്കാരായ ഞങ്ങളും അനേകം പട്ടക്കാരും സദാ കൂടെയുണ്ടായിരുന്നു. 'കന്തീലാ ശുശ്രൂഷ' നടത്തിയപ്പോൾ എത്രയും തെളിവായ ബുദ്ധിയോടെ അദ്ദേഹം അതിൽ സംബന്ധിച്ചു. കുരിശുവരയ്ക്കേണ്ട സമയങ്ങളിൽ ഒക്കെയും അദ്ദേഹം തന്നെത്താൻ അപ്രകാരം ചെയ്തു. എന്നു മാത്രമല്ല, ശുശ്രൂഷാനന്തരം ആരും ഓർമ്മിപ്പിക്കാതെതന്നെ ക്രമപ്രകാരം ചുറ്റും നിന്നവരെ 'റൂശ്മാ' ചെയ്തനുഗ്രഹിച്ചു. മരണശേഷവും അദ്ദേഹത്തിന് എന്തെങ്കിലും കുറവുണ്ടോ? ഒരുവൻ ലോകത്തിൽ എത്ര മഹാനായി ജീവിച്ചാലും അവനുചിതമായ കബറടക്കം ലഭിക്കാതിരുന്നാൽ അവൻ അലസിപ്പോയ ഗർഭപിണ്ഡത്തിനു സദൃശനാണെന്നു മഹാജ്ഞാനിയായ ശലോമോൻ പറഞ്ഞിരിക്കുന്നു. ആകയാൽ യോഗ്യമായ കബറടക്കമെന്നുള്ളതു നിസാരകാര്യമല്ല. നമ്മുടെ ഈ പരിശുദ്ധ പിതാവിന് ആ ഭാഗ്യവും അധീനമായിരിക്കുന്നു. ഇത്രയധികം പട്ടക്കാരും ശെമ്മാശന്മാരും അയ്മേനികളും ഏതെങ്കിലും ഒരു കബറടക്കശുശ്രൂഷയിൽ സംബന്ധിച്ചിട്ടുള്ളതായി നമുക്കറിവില്ല. ഇതു സംബന്ധിച്ചുള്ള സന്നാഹങ്ങളും ക്രമീകരണങ്ങളും എത്രയോ ഉപരിയായിരിക്കുന്നു. ഒരു രാജർഷിക്കുചിതമായ വിധം തന്നെ അതും സാധിച്ചിരിക്കുന്നു.

ലോകപ്രകാരം നോക്കുന്നപക്ഷവും അദ്ദേഹം ഒരു മഹാൻ തന്നെയായിരുന്നു. തോൽവികളിൽപോലും നിരാശ കൂടാതെ സധൈര്യം പോരാടി ജയഘോഷം കൊണ്ടിട്ടുള്ളവനാണ്. ഒരു കുറവും അദ്ദേഹം അനുഭവിക്കേണ്ടിവന്നിട്ടില്ല. ആത്മീയപ്രകാരവും അദ്ദേഹം ഒരു മഹാനും യാതൊരു കറയും കുറവും ഇല്ലാത്തവനുമായിരുന്നുവെന്നാണ് നമ്മുടെ അഭിപ്രായം. പലർക്കും അത് അറിയുന്നതിനു സാധിച്ചിട്ടില്ല. കാരണം, അദ്ദേഹം അത് അശ്ലേഷം ഭാവിക്കുന്ന ആളല്ലായിരുന്നു എന്നുള്ളതാണ്. നമ്മുടെ കർ ത്താവ് ഉഗ്രമായി ശപിച്ചിട്ടുള്ള കപടഭക്തിയുടെ നിഴൽ പോലും അദ്ദേഹത്തിലില്ലായിരുന്നു. നമ്മൾ ആരോടടുത്ത് ഇടപെടുന്നുവോ അവരുടെ ജീവിതരഹസ്യങ്ങൾ നമുക്കു ഗ്രഹിപ്പാൻ



സാധിക്കുന്നതാണല്ലോ. നാം ചെറുപ്പംമുതൽ അദ്ദേഹത്തോടുകൂടി താമസിച്ചിട്ടുള്ളവനും അടുത്തു പെരുമാറിയിട്ടുള്ളവനുമത്രേ. ദൈവത്തിന് ഇഷ്ടമുള്ള നടപടികളല്ലാതെ അദ്ദേഹത്തിൻെറ ആത്മീയജീവിതത്തിൽ നാം കണ്ടിട്ടില്ല. ആത്മീയകാര്യങ്ങളിൽ അദ്ദേഹം എത്രയും ക്രമവും നിഷ്ഠയുമുള്ളവനായിരുന്നു എന്നുള്ളതിനു നാം ദൃക്സാക്ഷിയാണ്. നിത്യവുമുള്ള വേദവായന, യാമം തോറും - വിശിഷ്യ പാതിരാത്രിക്കു പോലുമുള്ള നമസ്ക്കാരങ്ങൾ, നോമ്പാചാരണം എന്നിവയൊക്കെയും കഴിഞ്ഞ വെള്ളിയാഴ്ച പ്രഭാതം വരെ അദ്ദേഹം നിർവിഘ്നം അനുഷ്ഠിച്ചുവന്നു. രോഗശയ്യയിലായി സംസാരശക്തി ക്ഷയിച്ചിട്ടും യാമങ്ങളിൽ അദ്ദേഹം കുരിശുവരച്ചു നമസ്കരിക്കുമായിരുന്നു. വിശുദ്ധ സഭയുടെ വിശ്വാസാചാരങ്ങളെപ്പറ്റിയുള്ള അറിവിൽ അദ്ദേഹം അദ്വിതീയനായിരുന്നതുപോലെ തന്നെ അവയുടെ അനുഷ്ഠാനങ്ങളിലും ഒട്ടും പിന്നോക്കമായിരുന്നില്ല. സുറിയാനിഭാഷ, കാനോൻ, സഭാചരിത്രം എന്നിവയിൽ അദ്ദേഹത്തെപ്പോലെ ഓർമ്മശക്തിയോടുകൂടിയ പാണ്ഡിത്യം മറ്റാർക്കുള്ളൂ? അദ്ദേഹം ഒരു വലിയ മൽപാനായിരുന്നു. ബലഹീനനായ നാം അദ്ദേഹത്തിന്റെ ശിഷ്യനാണ്.

അദ്ദേഹത്തിന്റെ കബറടക്കം ഇന്നു നടക്കുന്നത് അത്ഭുതകരമായിരിക്കുന്നു. വലിയനോമ്പിലെ ആദ്യ ശനിയാഴ്ചയായ ഇന്നു - ഭൂലോക മല്പാനായ മാർ അപ്രേമിന്റെ ഓർമ്മ ദിവസമായ ഇന്ന് - മലങ്കരയുടെ വലിയ മല്പാൻ ദിവംഗതനായിരിക്കുന്നു. നമ്മുടെ കർത്താവിനുവേണ്ടി രക്തസാക്ഷിമരണം വരിച്ച മാർ തേവോദോറോസ് സഹദായുടെ ഓർമ്മ ദിനമായ ഇന്ന്, കൊല്ലപ്പെട്ട സഹദ എന്ന പേരിന് അർഹതയില്ലെങ്കിലും അതുപോലുള്ള പല പീഡകൾ സഭയ്ക്കുവേണ്ടി സഹിക്കയാൽ ഒരു "മൗദ്യോനോ" എന്ന നാമത്തിനു യോഗ്യനായിത്തീർന്നിരിക്കുന്ന നമ്മുടെ മെത്രാച്ചൻ കബറടക്കപ്പെടുന്നു. എന്നു മാത്രവുമല്ല വലിയനോമ്പിൽ ശനി, ഞായർ ഈ ആഴ്ചകൾ ഒഴിച്ചുള്ള ദിവസങ്ങളിൽ വി. കുർബാന അനുഷ്ഠിക്കാൻ സഭ അനുവദിക്കുന്നില്ല. ആ രണ്ടു ദിവസങ്ങളിൽ അർപ്പിക്കണമെന്നു നിർബന്ധവുമാണ്. അദ്ദേഹം മരിച്ചുപോയി എന്ന വാർത്ത എങ്ങനെയോ പ്രചരിച്ച മിനിഞ്ഞാന്ന് അദ്ദേഹം കാലംചെയ്തിരുന്നെങ്കിൽ വി. കുർബാനാനന്തരം സംസ്ക്കരിക്കപ്പെടുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനു നഷ്ടപ്പെടുമായിരുന്നു.

അദ്ദേഹത്തിന്റെ വേർപാട് എത്രയും ശാന്തമായിരുന്നു. യാതൊരു ചേഷ്ടയോ ഗോഷ്ടിയോ കൂടാതെ നാഴികമണിയുടെ പെൻഡുലം ചലനരഹിതമായിത്തീരുന്നതുപോലെയാണ് അദ്ദേഹത്തിന്റെ ശ്വാസം നിന്നത്. പ്രാർത്ഥനയുടെ അവസാനം വിശ്വാസപ്രമാണം ചൊല്ലിത്തീർന്നപ്പോൾ കൃത്യം പന്ത്രണ്ടു മണിക്ക് മ്ശിഹാ തമ്പുരാൻ ലോകരക്ഷയ്ക്കുവേണ്ടി

ക്രൂശിക്കപ്പെട്ട വെള്ളിയാഴ്ച ദിവസത്തിലും ആ നാഴികയിലും അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.

കൂടാതെ ഒരാൾ മരിച്ചാൽ അതിന്റെ മൂന്ന്, ഒൻപത്, മുപ്പത് എന്നീ ദിവസങ്ങളിൽ ആ ആൾക്കുവേണ്ടി വി. ബലി അർപ്പിക്കണമെന്നാണല്ലോ സഭയുടെ കല്പന. നമ്മുടെ മെത്രാച്ചൻ ഇന്നലെ കാലം ചെയ്തതുകൊണ്ട് മേൽപ്പറഞ്ഞ മൂന്നു ദിവസങ്ങളിലും സകല പള്ളികളിലും കുർബ്ബാനയിൽ അദ്ദേഹത്തെ ഓർക്കുന്നതിനു സൗകര്യമുണ്ടായിരിക്കുന്നു. ഇവയൊക്കെയും അത്ഭുതകരമല്ലയോ? ദൈവത്തിന്റെ പരിശുദ്ധന്മാരെ നാം ഇങ്ങനെയാണു തിരിച്ചറിയേണ്ടത്. ആകയാൽ അദ്ദേഹത്തിന്റെ മരണംമൂലം സഭയ്ക്ക് വലിയ ഒരു പുണ്യവാളൻ നഷ്ടപ്പെട്ടിരിക്കുന്നു. നമ്മുടെ നഷ്ടം വലുതാണ്. നമ്മുടെ പണ്ഡിതനായ മല്പാൻ ഇന്നു നമ്മിൽനിന്ന് പിരിഞ്ഞുപോയിരിക്കുന്നു. നമ്മുടെ വലിയ മെത്രാപ്പോലീത്താ ഇന്നു കാലം ചെയ്തിരിക്കുന്നു. നമ്മുടെ ഈ വിശുദ്ധ പിതാവ് ഇന്ന് എടുത്തുകൊള്ളപ്പെട്ടിരിക്കുന്നു. കണ്ടാലും യിസ്രായേലിൽ ഒരു വലിയ രാജാവ് ഇന്നു വീണിരിക്കുന്നു. അവർക്കെന്നപോലെ നമുക്കും ഇതൊരു സന്താപദിനമാണ്. ഇതുവരെ അദ്ദേഹം നാമേവരെയും തന്റെ ചിറകുകളിൻകീഴിൽ കാത്തുകൊണ്ടു. അദ്ദേഹം നമ്മോടു സഹതാപമുള്ളവനാകയാൽ ദൈവസന്നിധിയിൽ നമുക്കുവേണ്ടി മുട്ടിപ്പായി മദ്ധ്യസ്ഥത നടത്തുമെന്നു നമുക്കു സമാശ്വസിക്കാം. നീതിമാന്റെ പ്രാർത്ഥനയുടെ ശക്തി വലുതാണല്ലോ. അദ്ദേഹം ഏതെല്ലാം തത്വങ്ങളെയും പ്രമാണങ്ങളെയും മുൻ നിർത്തി പോരാടിയോ, അവയെ സംരക്ഷിച്ചുപോകേണ്ട കടമ നാമേവർക്കുമുണ്ട്. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ അനുഷ്ഠിപ്പിൻ" എന്ന് നമ്മുടെ കർത്താവ് ശിഷ്യന്മാർക്ക് കൊടുത്ത അന്ത്യസന്ദേശപ്രകാരം നമ്മുടെ ഈ വലിയ മെത്രാച്ചനോടു നമുക്കുള്ള സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തേണ്ടത് അദ്ദേഹത്തിന്റെ ആദർശങ്ങളിൽ നിന്ന് വ്യതിചലിക്കാതെ ധൈര്യസമേതം പുരോഗമനം ചെയ്യുന്നതിലായിരിക്കണം എന്നു നാം നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഒരാശ്വാസം നമുക്കുണ്ട്. "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസത്തെ കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. ആയതു നീതിയുടെ ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു തരും" എന്നു പൗലൂസ് ശ്ലീഹാ തന്നെക്കുറിച്ചുതന്നെ പറഞ്ഞിരിക്കുന്ന വചനം നമ്മുടെ ഈ വിശുദ്ധ പിതാവിനെപ്പറ്റി എത്രയും ചേർച്ചയായിരിക്കുന്നുവെന്നതു തന്നെ. അദ്ദേഹം നമുക്കുവേണ്ടി പ്രാർത്ഥിക്കും; നമുക്ക് അദ്ദേഹത്തിനുവേണ്ടി അപേക്ഷിക്കാം. "നിങ്ങൾ സമാധാനത്തോടെ വസിപ്പിൻ" എന്നരുളിച്ചെയ്തിട്ട് അദ്ദേഹം നമ്മോട് യാത്ര




പറയുവാൻ പോകുന്നു. ഞങ്ങളുടെ "വിശുദ്ധ പിതാവേ, സമാധാനത്താലെ പോവുക" എന്ന വചനത്താൽ നമുക്ക് അദ്ദേഹത്തോട് യാത്ര പറയാം. ബാലസിംഹത്തെപ്പോലെ ഇവിടെ ഇരിക്കുന്ന ഇദ്ദേഹം സിംഹക്കുട്ടിയെപ്പോലെ ഉണർന്നെഴുന്നേൽക്കും. "വിശുദ്ധ ഭൃത്യാ, നീ യോഗ്യമായി പ്രവർത്തിച്ചു; നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക" എന്ന ഇമ്പകരമായ ശബ്ദം കേൾപ്പാൻ ആ ന്യായവിധി ദിവസത്തിൽ ദൈവം അദ്ദേഹത്തിന് ഇടയാകട്ടെ. ആ ദിവസത്തിൽ അഭിമുഖമായി കാണുന്നതിനും കർത്തൃസന്നിധിയിൽ കരുണ കണ്ടെത്തുന്നതിനും അദ്ദേഹത്തിനും നമുക്കും സംഗതിയാകുവാൻ പ്രാർത്ഥിപ്പിൻ.

## ഗുരുവും ശിഷ്യ പ്രമുഖരും



പ. പരുമല തിരുമേനി



പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് V



പ. വട്ടശ്ശേരിൽ തിരുമേനി



പ. ബസേലിയോസ് ഗീവറുഗീസ് II

# 11

# വലിയ ഇടയന്റെ ലളിതജീവിതം

മലങ്കരസഭാ ഭാസുരന്റെ ജീവിതം ലളിതവും സുതാര്യവുമായിരുന്നു. ഭക്ഷണത്തിലും വസ്ത്രധാരണത്തിലും യാത്രയിലും എല്ലാം മിതത്വം പാലിച്ചിരുന്നു. സഭയുടെ ഒരു പൈസ പോലും അനാവശ്യമായി ചിലവഴിക്കുകയോ, സ്വന്തക്കാർക്കു നല്കുകയോ ചെയ്തിട്ടില്ല. അവർക്കുവേണ്ടി എന്തെങ്കിലും കരുതിയുമില്ല. തന്റെ കൂടെ ശുശ്രൂഷിക്കുന്നവർക്കുപോലും അവിഹിതമായി, സഭയുടെ മുതൽ കൊടുക്കുകയോ, എന്തെങ്കിലും എടുക്കുന്നതിന് അവരെ അനുവദിക്കുകയോ ചെയ്തിരുന്നില്ല. പൊതുസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നവരെ ഇക്കാര്യത്തിൽ കർശനമായി തിരുമേനി നിയന്ത്രിച്ചു. വട്ടശ്ശേരിൽ തിരുമേനി സഭയുടെയും സഭ തിരുമേനിയുടെയും ആയിരുന്നു. സഭയുടെ നേട്ടങ്ങൾ തിരുമേനിയുടെയും തിരുമേനിയുടെ നേട്ടങ്ങൾ സഭയുടെയും ആയിരുന്നു. ആദിമസഭയിൽ നടന്നതുപോലെ തിരുമേനിയുടെ സ്വത്തുക്കൾ എല്ലാം പൊതുവകയും പൊതുസമുദായത്തിന്റേതുമായിരുന്നു. സ്വന്തമായി ഒരു രൂപ പോലും സൂക്ഷിക്കാതിരുന്ന തിരുമേനിയുടെ സ്വത്തും സഭയുടെ സ്വത്തും ഒന്നു തന്നെ ആയിരുന്നു. പൊതുസമുദായത്തിൽ നിന്നുള്ള വരവും തിരുമേനിക്കു സ്വന്ത നിലയിൽ ലഭിക്കുന്ന കൈമുത്തും വേർതിരിച്ചു തിരുമേനി കണ്ടിരുന്നില്ല. അവയുടെ ചെലവുകളും അങ്ങനെ തന്നെ. ചെമ്പകശ്ശേരിൽ കൊച്ചുകൊച്ച് *മണലിൽ അച്ചന്റെ സഭാസ്മരണകളിൽ* ഇങ്ങനെ പറയുന്നു:

"സഭാഭാസുരനു കാറില്ലായിരുന്നു. എവിടെയെങ്കിലും പോകണമെങ്കിൽ കോട്ടയം ചന്തക്കടവിൽ താമസിച്ചുവന്ന മോടിശ്ശേരിൽ എം. ഒ. തോമസ് വക്കിലിന്റെ (നിരണം കുഞ്ഞച്ചൻ) കാറായിരുന്നു തിരുമേനി ഉപയോഗിച്ചുവന്നത്. കാറിന്റെ പെട്രോൾ ചെലവു തിരുമേനി വഹിക്കും. കാർ വിട്ടുകൊടുക്കുന്നതിൽ കെ. സി. മാമ്മൻ മാപ്പിളയുടെ സ്യാലനായിരുന്ന എം. ഒ. തോമസ് വക്കീൽ സന്തോഷം കണ്ടെത്തിയിരുന്നു.

കപ്പയും കരിമീനും തിരുമേനിക്കു വളരെ ഇഷ്ടമായിരുന്നതിനാൽ കുശിനിക്കാർ തിരുനക്കരയിൽ വന്നു അവ നിത്യവും വാങ്ങുമായിരുന്നു.

കിരീടധാരണ വൈദ്യശാലയിൽ നിന്നായിരുന്നു എണ്ണ വാങ്ങുക. കസ്തൂരി കക്കൻ അരച്ചുള്ള വിലയേറിയ എണ്ണയാണു വയസ്കര വലിയ



പോറ്റിയുടെ നിർദ്ദേശപ്രകാരം (കൈവിറയലിനുള്ള ചികിത്സാർത്ഥം) ഉപയോഗിച്ചുകൊണ്ടിരുന്നത്. അക്കാലത്ത് ഇടങ്ങഴി (16 തുടം) എണ്ണയ്ക്ക് 500 രൂപയായിരുന്നു വില. എണ്ണ വില കൃത്യമായി ബിൽ കൊടുത്തു പരുമലയിൽ നിന്നു വാങ്ങണമെന്നായിരുന്നു എന്റെ പിതാവായ വർക്കി വൈദ്യനുള്ള നിർദ്ദേശം. വൈദ്യശാലയിൽ എണ്ണ സൂക്ഷിച്ചിരുന്ന അലമാരയുടെ ഒരു താക്കോൽ എന്റെ പിതാവിന്റെ കൈയിലും മറ്റൊന്നു മണലിൽ യാക്കോബു ശെമ്മാശന്റെ പക്കലുമായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ വിൽപത്രത്തിൽ "എന്റെ വിശ്വസ്ത സെക്രട്ടറിയായ മണലിൽ അച്ചനു 1500 രൂപയും എന്നെ ശുശ്രൂഷിച്ച വറുഗീസിനു (മനോഹര വറുഗീസ്) 150രൂപയും നൽകണമെന്നു എഴുതിയിരുന്നു."

വട്ടശ്ശേരിൽ തിരുമേനിക്കു സമർത്ഥരും സത്യസന്ധരും തിരുമേനിയെ പ്രാണനെപ്പോലെ കരുതി സ്നേഹിക്കുന്നവരുമായ രണ്ടു സെക്രട്ടറിമാരാണുണ്ടായിരുന്നത്. മണലിൽ യാക്കോബ് കത്തനാരും ചെറിയമഠത്തിൽ സ്കറിയാ മല്പാനും. പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മണലിൽ അച്ചന്റെ ജോലി പലവിധത്തിലുള്ളതായിരുന്നു. നേത്രരോഗം ഉണ്ടായിരുന്ന മെത്രാപ്പോലീത്തായെ അനുദിന ജീവിതത്തിൽ സഹായിക്കുന്നതിനു പുറമേ മലയാളമനോരമ വായിച്ചുകേൾപ്പിക്കുക, പ്രതിദിനം വരുന്ന കത്തുകളും മറ്റും വായിച്ചുകേൾപ്പിച്ചശേഷം മറുപടി അയയ്ക്കുക, സമുദായത്തിന്റെ കണക്കുകൾ ഓരോ ദിവസവും എഴുതുക, ബാങ്കുകളിൽ പോകുക (പരുമല സെമിനാരിയിൽ നിന്നു മൂന്നു കടത്തു കടന്നു തിരുവല്ലായിൽ ചെന്നു ബാങ്കിടപാടു നടത്താൻ ഒരു ദിവസം വേണ്ടിവരുമായിരുന്നു) പര്യടനവേളയിൽ അനുഗമിക്കുക മുതലായവയായിരുന്നു സെക്രട്ടറിയുടെ പ്രധാന ചുമതലകൾ.

ഒൻപതു വർഷം മണലിൽ അച്ചൻ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കാലഘട്ടം സഭാചരിത്രത്തിൽ കോളിളക്കം സൃഷ്ടിച്ച സമയവുമായിരുന്നു. ഈ കാലഘട്ടത്തിൽ തിമിരം മൂലം നാലു വർഷം ഒന്നും വായിക്കാനും വി. കുർബ്ബാന ചൊല്ലാനും സാധിക്കാതെ വന്ന തിരുമേനി 1926 നവംബർ 17 നു മധുരയ്ക്കടുത്തുള്ള തിരുപ്പത്തൂർ മിഷൻ ആശുപത്രിയിൽ നേത്ര ശസ്ത്രക്രിയയ്ക്കു വിധേയനായി. നവം. 23 നു ഓപ്പറേഷൻ വിജയകരമായി നടത്തി. ഇടതു കണ്ണിനായിരുന്നു ഓപ്പറേഷൻ. നല്ല കാഴ്ച കിട്ടിയതിനെ തുടർന്നു കാണാനും വായിക്കാനുമുള്ള രണ്ടു കണ്ണടകൾ ഡോക്ടർ കുറിച്ചുകൊടുത്തു. കണ്ണട കിട്ടുന്നതുവരെ ഉപയോഗിക്കാനുള്ള താല്ക്കാലിക കണ്ണടയും സമ്മാനിച്ചു. ഡിസംബർ 24 നു പരുമലയിൽ തിരിച്ചെത്തി. അതിനുശേഷം പള്ളികൾ സന്ദർശിക്കുകയും പട്ടംകൊട നടത്തുകയും, കേസിനു പണം ശേഖരിക്കുകയും കർമ്മാദികൾ നടത്തുകയും ചെയ്തു വന്നു.

കണ്ണ് ഓപ്പറേഷൻ സംബന്ധിച്ച വിവരങ്ങൾ മനോരമയ്ക്കു അയച്ചു കൊടുക്കുന്ന 'ലേഖകനാ'യും മണലിൽ അച്ചൻ പ്രവർത്തിച്ചു. തിരുമേനിയുടെ ഓപ്പറേഷനും മറ്റും അന്നു മലങ്കരയിലെ വലിയ വാർത്തകളായിരുന്നു. മാർ ഈവാനിയോസും (ബഥനി) പാറേട്ടു മാത്യൂസ് കത്തനാരും മറ്റും തിരുപ്പത്തൂരിൽ എത്തി തിരുമേനിയെ സന്ദർശിച്ചിട്ടുണ്ട്.

ഇന്നു പുതുക്കിപ്പണിതിരിക്കുന്ന കോഴഞ്ചേരി വഞ്ചിത്രപ്പള്ളി അന്നു നാലുകാലിൽ നിൽക്കുന്ന ഒരു ചെറിയ കെട്ടിടമായിരുന്നു. ഒരു വിവാഹകൂദാശ നടത്താനാണു തിരുമേനി വള്ളത്തിൽ കോഴഞ്ചേരിയിൽ എത്തിയശേഷം വഞ്ചിത്രയ്ക്കു പോയത്. വഞ്ചിത്ര സ്വദേശിയായ ഒരു മാത്യു തിരുമേനിയുടെ ശീമ യാത്രാവേളയിൽ ബാഗ്ദാദിൽ വച്ചു വളരെയധികം സഹായം ചെയ്തിരുന്നു. അതിന്റെ പ്രത്യുപകാരം എന്ന നിലയ്ക്കാണു ക്ലേശകരമായ യാത്രയ്ക്കുശേഷം വഞ്ചിത്രയിൽ എത്തിയത്. അതുപോലെ ബാഗ്ദാദിൽ വച്ചു സഹായിച്ച മേപ്രാൽ സ്വദേശി ഈപ്പന്റെ വിവാഹവും തിരുമേനി നടത്തിക്കൊടുത്തു. വരന്മാരുടെ വീടുകളിലും കയറി തിരുമേനി പ്രാർത്ഥിക്കുകയും അവർക്കു ഓരോ കനക മോതിരം സമ്മാനിക്കുകയും ചെയ്തു. ഒരു രൂപാ പോലും വിവാഹം പ്രമാണിച്ചു കൈമുത്തു വാങ്ങിയതുമില്ല. മെത്രാച്ചന്റെ കൂടെ കല്യാണത്തിനു പോയാൽ ശെമ്മാശനു രണ്ടോ മൂന്നോ രൂപ കിട്ടുമായിരുന്നു. അന്നു വളരെ ചുരുക്കം വിവാഹങ്ങൾക്കു മാത്രമേ മലങ്കര മെത്രാപ്പോലീത്താ പോയിട്ടുള്ളൂ. വിവാഹം നടത്താൻ വൈദികർ മതിയെന്നായിരുന്നു തിരുമേനിയുടെ മതം.

വട്ടശ്ശേരിൽ തിരുമേനി ക്ഷീണം മൂലം 1932 ൽ ഒരു വിൽപത്രമെഴുതാൻ തുടങ്ങി. സെമിനാരിയിലെ കമ്മിറ്റിമാളികയിൽ വച്ചാണ് വിൽപത്രമെഴുതുന്നത്. സെക്രട്ടറിയും മെത്രാപ്പോലീത്തായും മാത്രമേയുള്ളൂ. തിരുമേനി പറഞ്ഞതനുസരിച്ചു സെക്രട്ടറി വിൽപത്രത്തിന്റെ ഡ്രാഫ്റ്റ് എഴുതിയപ്പോൾ മെത്രാപ്പോലീത്തായുടെ കൈവശമുള്ള പണം ഇപ്പോൾ തന്നെ കാതോലിക്കാബാവായ്ക്കു അവകാശം വെച്ചെഴുതണമെന്ന് മണലിൽ അച്ചൻ നിർബന്ധിച്ചു. അല്ലെങ്കിൽ തിരുമേനിയുടെ കാലം കഴിയുമ്പോൾ പണത്തിനുവേണ്ടി വഴക്കുണ്ടാകുമെന്നും ആർക്കും പണം കിട്ടുകയില്ലെന്നും അച്ചൻ നിർബന്ധപൂർവ്വം അറിയിച്ചു. അതുകൊണ്ടു ബാവായുടെ പേരിൽ എഴുതണം എന്നു വീണ്ടും അറിയിച്ചു. സിനഡിനു കിട്ടത്തക്കവണ്ണം ആകാമെന്നു മെത്രാപ്പോലീത്തായും അഭിപ്രായപ്പെട്ടു. സെക്രട്ടറിയുടെ എതിർപ്പിനെ തുടർന്നു "എഴുതിയത് സൂക്ഷിച്ചുവെയ്ക്കണം. പിന്നീട് അസ്സൽപ്പെടുത്താം" എന്നു പറഞ്ഞു. 1933 ൽ സാധനങ്ങളുടെ ലിസ്റ്റും മറ്റും ഒന്നുകൂടി തിട്ടപ്പെടുത്തിയശേഷം കമ്മിറ്റിമാളികയിൽ ഇരുന്നു വിൽപത്രത്തിന്റെ അസ്സൽ തയ്യാറാക്കാൻ തുടങ്ങി. പണത്തിന്റെ കാര്യത്തിൽ സെക്രട്ടറി തടസ്സം പറഞ്ഞപ്പോൾ "ദൈവഇഷ്ടം പോലെ നടക്കട്ടെ. താൻ ഒന്നും പറയേണ്ട" എന്നു കല്പിച്ചു. അസ്സൽ തയ്യാറാക്കി സാക്ഷികൾ സഹിതം ഒപ്പിട്ടു ഒരു കവറിൽ ഇട്ടു ശരിയായി ഒട്ടിച്ചു. പിന്നീട് കൈപ്പെട്ടിയിൽ വച്ചു. തിരുമേനിയുടെ കബറടക്കം കഴിഞ്ഞു മാനേജിംഗ് കമ്മിറ്റി അംഗങ്ങൾകൂടി വിൽപത്രം എടുത്തു പൊട്ടിച്ചു. ചാക്കോ സൂപ്രണ്ടാണ് വായിച്ചത്. മഹസ്സർ എഴുതി ഹാജരുണ്ടായിരുന്ന കമ്മിറ്റി അംഗങ്ങൾ ഒപ്പുവച്ചു. താമസിയാതെ വിൽപത്രം രജിസ്റ്റർ ചെയ്തു.

## വിൽപത്രം

വട്ടശ്ശേരിൽ തിരുമേനിയുടെ വിൽപത്രം സുതാര്യവും മാതൃകാപരവുമായ ഒന്നാണെന്നു വിശേഷിപ്പിക്കപ്പെടുന്നു. അതേപ്പറ്റി സെഡ്. എം. പാറേട്ട് 1969 ൽ പ്രസിദ്ധപ്പെടുത്തിയ "വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്" എന്ന വിലതീരാത്ത പുസ്തകത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണു ചുവടെ ചേർക്കുന്നത്. പാറേട്ടിന്റെ പുസ്തകം ഇന്നു വാങ്ങാൻ ലഭ്യമല്ലാത്തതുകൊണ്ടും 830 പേജുള്ള പുസ്തകത്തിന്റെ പുതിയ പതിപ്പ് സാധാരണ ഗതിയിൽ മേലിൽ ഉണ്ടാകാൻ സാധ്യതയില്ലാത്തതുകൊണ്ടുമാണു വിൽപത്രം ഉദ്ധരിക്കുന്നത്. പാറേട്ടിന്റെ പുസ്തകം ഇന്നത്തെ രീതിയിൽ അച്ചടിച്ചിറക്കിയാൽ ഒരു പുസ്തകത്തിന് 300-350 രൂപ വില വയ്ക്കേണ്ടിവരും.

മാർ ദീവന്നാസ്യോസു ചരമം അടയുന്നതിന് ഏതാണ്ട് ഒരു വർഷം മുമ്പ് 1108 മകരം 3 -ാം തീയതി ഒരു മരണപത്രിക എഴുതിവച്ചു. തന്റെ കൈവശത്തിലുള്ള സമുദായം വക ആസ്തികൾ എല്ലാം കാതോലിക്കോസ് ഉൾപ്പെട്ട സുന്നഹദോസിന് കൊടുക്കുന്നതായി അതിൽ കാണിച്ചിരുന്നു. ഒട്ടധികം കുഴപ്പങ്ങളും വ്യവഹാരങ്ങളും ഒഴിവാക്കുന്നതിനു സഹായകമായി ഭവിച്ച ആ മരണപത്രികയേയും അദ്ദേഹത്തിന്റെ ഒരു നേട്ടമായിട്ടാണ് ഗണിക്കേണ്ടത്. കിഴക്കിന്റെ കാതോലിക്കോസ് എന്ന സ്ഥാപനത്തിനു അതുമൂലം കൂടുതൽ ഉറപ്പു വരുകയും ചെയ്തു. ദീവന്നാസ്യോസിന്റെ മരണശേഷം മരണപത്രിക രജിസ്റ്റർ ചെയ്യുന്നതിന് കാതോലിക്കോസ് അപേക്ഷിച്ച സമയം പാത്രിയർക്കീസു പക്ഷത്തുനിന്നു എതിർത്ത് ആക്ഷേപം ബോധിപ്പിച്ചു. വിചാരണ നടത്തി ആക്ഷേപം തള്ളിക്കളയുകയും വിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. അതുകൊണ്ടും തൃപ്തിപ്പെടാതെ വിൽ അസ്ഥിരപ്പെടുത്തി കിട്ടുന്നതിന് 111 ൽ അസൽ 558 -ാം നമ്പരായി ഒരു വ്യവഹാരവും ബോധിപ്പിച്ചു. അതും തള്ളിപ്പോയി.'

**മരണപത്രിക**

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ മലങ്കര ഇടവകയുടെ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായായ നാം നമ്മുടെ സമ്പാദ്യങ്ങളായി നമ്മുടെ കൈവശത്തിലും അനുഭവത്തിലും ആധീനത്തിലും കൈകാര്യ കർതൃത്വത്തിലും ഇരിക്കുന്ന സ്ഥാവര ജംഗമ സ്വത്തുക്കളെക്കുറിച്ചു നല്ല സുബോധത്തോടുകൂടി എഴുതിയ വില്പത്രം.

തൽക്കാലം ഓർമ്മയിൽവന്ന സ്ഥാവരങ്ങളുടെ ലിസ്റ്റ്.

1. കണ്ടനാട് കർമ്മേൽ പള്ളിയും പുരയിടവും. 2. മാവേലിക്കര തഴക്കര ഇംഗ്ലീഷ് മിഡിൽ സ്കൂൾ കെട്ടിടവും പുരയിടവും. 3. മല്ലപ്പള്ളി ബഥനിപ്പള്ളിയും പുരയിടവും..... 4. പട്ടവയിൽ ബഥനിപ്പള്ളിയും പുരയിടവും. 5. തിരുവല്ലാ ബഥനിപ്പള്ളിയും അതിനോട് ചേർത്ത് പണിയിച്ചിട്ടുള്ള അരമനയും കുശിനിയും ആ പുരയിടങ്ങളും....... 6. നേന്ത്രവേലി നിലത്തോടുചേർന്ന് നമ്മുടെ പേരിൽ പുതുവൽ പതിപ്പിച്ചതും വള്ളക്കാലിൽ ചാക്കോമാത്തു മുപ്പതു പറ നെല്ല് പാട്ടമായി നടന്നുവരുന്നതുമായ നിലം.... 7. കുമരകം കായൽ നിലം. 8. പരുമല സെമിനാരി വകയും സെമിനാരിക്കുവേണ്ടി പണം കൊടുത്തും ദാനമായും നമ്മുടെ മുൻഗാമികളുടെയും നമ്മുടെയും പേരുകളിൽ സമ്പാദിച്ചിട്ടുള്ളവയും അവിടുത്തെ നമ്മുടെ മാനേജരുടെ നടത്തിപ്പിൽ ഇരിക്കുന്നവയുമായ നിലം പുരയിടങ്ങൾ............

പൊൻ വെള്ളി വെങ്കലം ശീലത്തരങ്ങൾ മുതലായി പ്രധാനപ്പെട്ട നമ്മുടെ ജംഗമങ്ങൾ തൽക്കാലം ഓർമ്മയിൽ വന്നവയുടെ ലിസ്റ്റ്.

1. ഇരട്ടപ്പത്തിയുള്ള സ്വർണ്ണ അംശവടി 1. 2) സ്വർണ്ണ പണിത്തരങ്ങളോടുകൂടിയ മുതലവായൻ വടി 1. 3) കല്ലുകൾ പതിച്ച സ്വർണ്ണ സ്ലീബാ 1. 4) രത്നങ്ങൾ പതിച്ച സ്വർണ്ണക്കുരിശ് അതിന്റെ സ്വർണ്ണമാലയോടുകൂടിയത് 1. 5) നാം എപ്പോഴും ധരിച്ചുവരുന്നതും മരതകപ്പച്ച മുതലായ വിലയേറിയ രത്നങ്ങൾ പതിച്ചതുമായ സ്വർണ്ണമോതിരം 1. .... (89) പരിശുദ്ധ മാർ കൌമ്മായുടെ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്ന വെള്ളി ഡപ്പി 1. (70) പരുമല സെമിനാരിയിൽ കബറടങ്ങിയ കൊച്ചുമെത്രാച്ചന്റെ കൈപ്പടയിൽ എഴുതപ്പെട്ട വലിയ പട്ടംകൊട പുസ്തകം 1. ........... നമ്മുടെ വിശ്വസ്ത സ്നേഹിതന്മാരിൽ ഒരുവനായിരുന്ന മരിച്ചുപോയ കൊല്ലപറമ്പിൽ കെ. എം. കുര്യൻ മാസ്റ്റർ, ടിയാന്റെ മരണപത്രത്തിൽ സി. എം. എസ്. കോളജിനു സമീപം ടിയാന് ഉള്ള സ്ഥലത്ത് ഒരു വിദ്യാർത്ഥി സത്രം പണിയിക്കുന്നതിനും, നമ്മുടെ വൈദിക വിദ്യാർത്ഥികൾക്കായി ഒരു പ്രത്യേക തിയോളജിക്കൽ കോളജ് സ്ഥാപിച്ചു നടത്തുന്നതുവരെ അവരുടെ പഠിത്തം തല്ക്കാലം മാർ ഏലിയാ ചാപ്പൽ ബംഗ്ലാവിൽ



നടത്തുവാൻ ആലോചിച്ചിട്ടുള്ളതും ടി ബംഗ്ലാവിന്റെ മേൽക്കൂട് ജീർണ്ണപ്പെട്ടിരിക്കുന്നതും ആകയാൽ അയതുപൊളിച്ച് പുതുതായി പണിയിച്ചു നന്നാക്കി ഉപയോഗയോഗ്യമാക്കി തീർക്കുന്നതിനും വേണ്ടിവരുന്ന ചെലവുകൾ ചെയ്തുകൊള്ളണം. ..........

സ്ഥാവരങ്ങളോ, ജംഗമങ്ങളോ, പണമോ സാമാനമോ എന്തുതന്നെ ആയിരുന്നാലും നമ്മുടെ ശേഷം നമുക്ക് പകരം നമ്മുടെ സഭാ സംബന്ധമായ ഭരണം മുതലായതു നടത്തുന്നതിനും നമ്മുടെ ആഗ്രഹങ്ങളെയും നിശ്ചയങ്ങളെയും നിവർത്തിക്കുന്നതിനും നമ്മുടെ അവകാശികളായി നാമും നമ്മുടെ സഭയും ഗണിച്ചിരിക്കുന്ന പൗരസ്ത്യ സിംഹാസനത്തിന്റെ ഇപ്പോഴത്തെ രണ്ടാമത്തെ ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവായെയും കോട്ടയം മുതലായ ഇടവകകളുടെ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് എപ്പിസ്കോപ്പായെയും തുമ്പമൺ മുതലായ ഇടവകകളുടെ ഗീവറുഗീസ് മാർ പീലക്സിനോസ് എപ്പിസ്കോപ്പായെയും ആകകൊണ്ടും നമുക്കുപകരം വേണ്ടത് ആ നിലയിലും സ്വന്തനിലയിൽ ചെയ്യേണ്ടത് ആ നിലയിലും ഇപ്പോൾ തന്നെ നിവർത്തിച്ചുവരുന്നത് ആ മേല്പട്ടക്കാരാകകൊണ്ടും, ഈ വില്പത്രപ്രകാരം പ്രവർത്തിപ്പാനും പ്രവർത്തിപ്പിപ്പാനുമുള്ള അധികാരവും അവകാശവും അവർക്ക് ഇരിക്കുന്നതാകയാൽ, കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന എപ്പിസ്ക്കോപ്പൽ സിന്നഡ് അതുകളെ നടത്തിക്കേണ്ടതും, ഇതിൽ വിവരിച്ചിരിക്കുന്ന ചെലവുകൾ കഴിച്ച് ബാക്കിയുള്ളതു സകലവും ടി സിന്നഡിന്റെ അധികാരത്തിലും അവകാശത്തിലും വച്ച് ടി സിന്നഡ് ചെയ്യുന്ന നിശ്ചയങ്ങൾ അനുസരിച്ചു നടത്തുന്നതിനും നടത്തിക്കുന്നതിനും അനുഭവിക്കുന്നതിനും അനുഭവിപ്പിക്കുന്നതിനും സാമാനങ്ങൾ മുതലായവ ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ചെയ്യിക്കുന്നതിനും ഉള്ള അവകാശവും സ്വാതന്ത്ര്യവും ടി എപ്പിസ്ക്കോപ്പൽ സിന്നഡിനിരിക്കുന്നതും ഇരിക്കേണ്ടതുമാകുന്നു. ...... കോട്ടയം സിമ്മനാരിയുടെ ഇപ്പോഴത്തെ മാനേജരായിരിക്കുന്ന ഔസേപ്പു റമ്പാച്ചനെ[2] നാമും ശേഷം മേല്പട്ടക്കാരും സുറിയാനി സമുദായവും മേല്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളതിനാൽ ഈ വില്പത്രം നടത്തിക്കുന്നതിനും ടി എപ്പിസ്കോപ്പൽ സിന്നഡിലെ ഒരു അംഗത്തിനുള്ള അധികാരാവകാശങ്ങൾ അനുഭവിക്കുന്നതിനും ടി റമ്പാച്ചനെയും നാം അധികാരപ്പെടുത്തുകയും അവകാശപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

മേല്പട്ടക്കാർക്കുള്ള സമ്പാദ്യങ്ങൾ അവരുടെ മരണശേഷം ഒരു എപ്പിസ്ക്കോപ്പൽ ഫണ്ടായി ശേഖരിച്ച് എപ്പിസ്ക്കോപ്പൽ സിന്നഡിന്റെ ഭരണത്തിൻകീഴിൽ മേല്പട്ടക്കാരുടെ ആവശ്യത്തിനും ഉപയോഗത്തിനുമായി

നിശ്ചയിക്കുന്നതു നന്നായിരിക്കുമെന്നു നമുക്ക് അഭിപ്രായമുള്ളതിനാൽ അതുപ്രകാരം ഒരു എപ്പിസ്ക്കോപ്പൽ ഫണ്ട് സ്ഥാപിച്ചു നടപ്പിൽവരുത്തുന്നതിനുള്ള ഒരു നിയമം നമ്മുടെ അസ്സോസിയേഷന്റെ ആലോചനയോടുകൂടി എപ്പിസ്ക്കോപ്പൽ സിന്നഡു പാസ്സാക്കുന്നതായാൽ നമ്മുടെ ഈ വില്പത്രപ്രകാരം ചെലവു നീക്കി ബാക്കിയുണ്ടാകുന്ന നമ്മുടെ സകല സമ്പാദ്യങ്ങളും കൂടെ ടി എപ്പിസ്ക്കോപ്പൽ ഫണ്ടിലേയ്ക്കു ചേർത്തുകൊള്ളേണ്ടതാകുന്നു.

ഇതുവരെ നമ്മെ രക്ഷിച്ചു പാലിച്ചു വന്നവനായ കാരുണ്യവാനായ ദൈവത്തിനു തിരുവിഷ്ടം തോന്നി നമ്മുടെ ഇഹലോകജീവിതത്തെ ദീർഘിപ്പിക്കുന്നതായാൽ ഈ വില്പത്രത്തിൽ പറയുന്ന സംഗതികൾ നാം തന്നെ നടത്തുന്നതും അതിനു ഇടയാകാതെ ബലഹീനനായ നമ്മെ തന്റെ അടുക്കലേയ്ക്ക് ചേർത്തുകൊള്ളുന്നതായാൽ മേല്പറഞ്ഞ എപ്പിസ്കോപ്പൽ സിന്നഡിന് ഈ വില്പത്രത്തിലെ നമ്മുടെ ആഗ്രഹങ്ങളെയും നിശ്ചയങ്ങളേയും നടപ്പിൽ വരുത്തുവാൻ അധികാരവും അവകാശവും ഉള്ളതുമാകുന്നു. വല്ല കാരണത്താലും എപ്പിസ്ക്കോപ്പൽ സിന്നഡ് കൂടി ഇതുകളെ നടപ്പിൽ വരുത്തുന്നതിന് ഉത്സാഹിക്കാതിരിക്കയോ അതുമൂലം നടപ്പിൽ വരുന്നതിന് വിഘ്നങ്ങൾ നേരിടുകയോ ചെയ്യുന്നതായാൽ ഈ വില്പത്ര പ്രകാരമുള്ള സംഗതികൾ നടത്തിക്കുന്നതിന് ചെറിയമഠത്തിൽ സ്കറിയാ മല്പാനെയും ഹൈക്കോടതി വക്കീൽ ഈ. ജെ. പീലിപ്പോസ് ബി. എ. ബി. എൽ. -നെയും നാം അധികാരപ്പെടുത്തിയിരിക്കുന്നതും ഈ വില്പത്രപ്രകാരമുള്ള സംഭാവനകൾ വാങ്ങുന്നതിനു സംഭാവന ഉടമസ്ഥരായ അവകാശികൾക്ക് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും, എപ്പിസ്കോപ്പൽ സിന്നഡിനു പകരം സിന്നഡിനുവേണ്ടി ആവശ്യമുള്ള സകലവും പ്രവർത്തിക്കുന്നതിനും, ഇപ്പോൾ നമ്മുടെ കൈവശത്തിലും ആധീനത്തിലും ഉള്ള നോട്ടുകൾ, കറൻസിനോട്ടുകൾ, പാസ്സുബുക്ക്, വടി, മുടി, സ്ലീബാ മുതലായ സാമാനങ്ങൾ, താക്കോലുകൾ എന്നിവയൊക്കെയും കൈവശപ്പെടുത്തി കൈവശംവച്ചു വേണ്ടതു പ്രവർത്തിക്കുന്നതിനും എപ്പിസ്കോപ്പൽ സിന്നഡിന്റെ അദ്ധ്യക്ഷനായ കാതോലിക്കാബാവായ്ക്ക് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതുമാകുന്നു. ....................

ഈ വില്പത്രത്തെ മിശിഹാകാലം ആയിരത്തിതൊള്ളായിരത്തിമുപ്പത്തിമൂന്നിന്, കൊല്ലം ആയിരത്തി ഒരുനൂറ്റി ഏട്ടാമാണ്ടു മകരമാസം മൂന്നാം തീയതി തിങ്കളാഴ്ച കോട്ടയം സുറിയാനി സിമ്മനാരിയിൽ വച്ചു എഴുതി തീർത്തു ഇതിൽ നമ്മുടെ ഒപ്പും മുദ്രയും വച്ചു നാം സ്ഥിരപ്പെടുത്തിയിരിക്കുന്നു. മലങ്കര ഇടവകയുടെ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്, മുദ്ര) കൈപ്പട സാക്ഷി മണലിൽ യാക്കോബു



ശെമ്മാശ്ശൻ (സെക്രട്ടറി, ഒപ്പ്) സാക്ഷികൾ 1. വല്യപാറേട്ടു മാത്യൂസ് കത്തനാർ (ഒപ്പ്) 2. വട്ടശ്ശേരിൽ അവിരാ വറുഗീസ് ബി. എ. എൽ. റ്റി. (ഒപ്പ്) (സഹോദരപുത്രൻ)[3]

1930 ഓഗസ്റ്റിൽ ചേർന്ന മലങ്കര അസ്സോസിയേഷൻ സഭാ ഭരണഘടന എഴുതണമെന്നു നിശ്ചയിച്ചു. പുതുപ്പള്ളി ഒറ്റപ്ലാക്കൽ റാവുസാഹിബ് ഒ. എം. ചെറിയാൻ കൺവീനറായി ഒരു കമ്മിറ്റിയും തെരഞ്ഞെടുക്കപ്പെട്ടു. ആ കമ്മിറ്റി പല തവണ കൂടി ചിലതെല്ലാം എഴുതി. എന്നാൽ എപ്പിസ്കോപ്പൽ തത്വങ്ങളിൽ ചില അഭിപ്രായഭിന്നത ഉണ്ടായതുകൊണ്ട് ഭരണഘടന കമ്മിറ്റി തിരുമേനി വിളിച്ചുകൂട്ടി ഏറെക്കുറെ തത്വങ്ങളിൽ യോജിച്ചു പിരിഞ്ഞു. അത് അസ്സോസിയേഷനിൽ സമർപ്പിച്ച് പാസ്സാക്കണമെന്നും നിശ്ചയിച്ചു. മാനേജിംഗ് കമ്മിറ്റിയും അസ്സോസിയേഷനും കൂടണമെന്നു വിചാരിച്ചിരിക്കുമ്പോഴാണ് 1934 ഫെബ്രുവരി 23 നു മെത്രാപ്പോലീത്താ ദിവംഗതനായത്. 1933 ഏപ്രിൽ - മെയ് കാലത്തു തിരുമേനി തന്നെ ഒരു ഭരണഘടന എഴുതി പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ഈ ഭരണഘടനയാണു 1934 ൽ ഡിസംബർ 26 നു കോട്ടയം എം. ഡി. യിൽ ചേർന്ന മലങ്കര അസ്സോസിയേഷൻ പാസ്സാക്കിയത്.

മണലിൽ അച്ചൻ വട്ടശ്ശേരിൽ തിരുമേനിയുടെ പ്രൈവറ്റ് സെക്രട്ടറിയാകുന്നത് 1925 ജൂലൈ മാസത്തിലാണ്. ഒൻപതു വർഷം സെക്രട്ടറിയായിരുന്ന കാലയളവിൽ ഒരിക്കലെങ്കിലും ശെമ്മാശ്ശനോട് കോപിച്ചിട്ടില്ല. അതിനുള്ള സന്ദർഭം സെക്രട്ടറിയും സൃഷ്ടിച്ചിട്ടില്ല.

തിരുമേനിക്കു പന്ത്രണ്ട് പൂട്ടുകുപ്പായങ്ങൾ ആണ് ഉണ്ടായിരുന്നത് (കമ്മീശ്, കാക്കുപ്പായം, തൂവാല എന്നിവയാണ് ഒരു പൂട്ട്). ഒന്നു മുതൽ പന്ത്രണ്ടു വരെ നമ്പരും ഇടും. ആണ്ടുതോറും ആറു പൂട്ടു തൈപ്പിക്കും. പഴയ ആറ് പൂട്ടു അലക്കി മാറ്റിവച്ചു പ്രയാസത്തിൽ കഴിയുന്ന അച്ചന്മാർക്കു നൽകും. ദിവസംതോറും നമ്പർ മുറയ്ക്ക് കുപ്പായം മാറും. ഇന്നിടുന്ന കുപ്പായം നാളെ നനച്ചിടും. വേറൊരു കൂട്ടം എടുത്തു ധരിക്കും. ഒന്നാം ദിവസം നനച്ചിട്ടത് മൂന്നാം ദിവസം ഇടും. അങ്ങനെ ഓരോ ദിവസവും രാവിലെ കുപ്പായം മാറും. അതായതു വൃത്തിയായി വസ്ത്രം ധരിക്കണമെന്നു നിർബന്ധം ഉണ്ടായിരുന്നു.

സെക്രട്ടറിയായി നാലഞ്ചുമാസം കഴിഞ്ഞപ്പോൾ മാവേലിക്കരയിൽ ഒരു ശവസംസ്കാരത്തിനായി തിരുമേനിയും അച്ചനും ഒരു വേലക്കാരനും കൂടി പോയി. മരിച്ച ആളിന്റെ അടുത്ത ബന്ധുക്കൾ വരാൻ വൈകിയതിനാൽ സംസ്കാരം രാത്രി എട്ടു മണിയോടെയാണു കഴിഞ്ഞത്. തന്നിമിത്തം അന്നവിടെ താമസിക്കേണ്ടി വന്നു.

തിരുമേനിക്കു കുളിക്കുന്നതിനു രണ്ടു തോർത്തു വേണം. സോപ്പു വേണം. കൈക്കാരനോട് പറഞ്ഞ് ഇതെല്ലാം വാങ്ങി. തോർത്തും സോപ്പും എന്തുകൊണ്ടാണ് പോരുമ്പോൾ എടുക്കാഞ്ഞതെന്ന് സെക്രട്ടറിയോടു ചോദിച്ചപ്പോൾ ഇന്നു തന്നെ മടങ്ങുമെന്നു കരുതിയാണെന്നു മറുപടി നൽകി. 'മേലിൽ എവിടെയെങ്കിലും പോകുമ്പോൾ ഒരു പുട്ടുകുപ്പായം, തോർത്ത്, സോപ്പ് മുതലായവ കരുതിക്കൊള്ളണം. ഈ ചെലവുകൾ ഒന്നും പള്ളിക്കാരെക്കൊണ്ട് ചെയ്യിക്കരുത്. സ്വന്ത പണം കൊടുത്തു വാങ്ങണം." തിരുമേനി വേലക്കാരൻ കേൾക്കെ അച്ചനോടു പറഞ്ഞു.

ധർമ്മക്കാർ വന്നാൽ നാലണ മുതൽ ഒരു രൂപ വരെ ദാനം ചെയ്യാൻ അച്ചന് അനുവാദം നൽകിയിട്ടുണ്ട്. ഒരു രൂപയിൽ കൂടുതൽ കൊടുക്കണമെങ്കിൽ തിരുമേനിയോടു ചോദിക്കാതെ സാധ്യമല്ല. തിരുമേനി 1927-28 കാലങ്ങളിൽ തെക്കൻ ഭദ്രാസനങ്ങളിലെ പല പള്ളികൾ വട്ടിപ്പണക്കേസിന്റെ റിവ്യൂവിനു വേണ്ടി വാദിക്കാൻ മദ്രാസിൽ നിന്നു വന്ന വക്കീലന്മാർക്കു ഫീസു കൊടുക്കാനുള്ള പണം പിരിക്കാൻ വേണ്ടി സന്ദർശിച്ചു. ചില ഭദ്രാസനങ്ങളിലെ പ്രധാനപ്പെട്ട പള്ളികളിൽ താമസിച്ചുകൊണ്ട് സമീപമുള്ള പള്ളികൾ സന്ദർശിക്കുമെന്നു കല്പന മുഖാന്തരം നേരത്തെ അറിയിച്ചിരിക്കും. തിരുമേനി കൃത്യസമയത്തു പള്ളിയിൽ എത്തും. വികാരിയും കൈക്കാരനും ഇടവകക്കാരായ മറ്റു ചിലരും പള്ളികളിൽ കാണും. എല്ലാവരോടും കുറേ നേരം സംസാരിക്കും. പ്രാർത്ഥനയും ഗുണദോഷവും കഴിഞ്ഞ് മടങ്ങും. ഒരു ദിവസം ഏഴെട്ടു പള്ളികൾ സന്ദർശിക്കും. പലരും അവർക്കു നിശ്ചയിച്ച തുക നൽകും. ചിലർ അവധി പറഞ്ഞു അയച്ചു തരും. പള്ളികളിൽ ചെല്ലുമ്പോൾ പലപ്പോഴും വികാരിമാരെപ്പറ്റിയും കൈക്കാരന്മാരെപ്പറ്റിയും പരാതികളും ഉന്നയിക്കും. പരാതിക്കാരോട് അപേക്ഷ എഴുതി കോട്ടയത്തോ പരുമലയിലോ എത്തിക്കാൻ ആവശ്യപ്പെടും. പട്ടക്കാർ പള്ളിക്കു കിട്ടേണ്ട പണം എടുക്കുന്നതായി പരാതി വരുമ്പോൾ അവരെ വിളിച്ചു ശാസിക്കും, ഗുണദോഷവും നൽകും. പട്ടക്കാരുടെ ജീവിതപ്രശ്നമാണു കാരണമെന്നും കല്പിക്കാറുണ്ട്.

പള്ളികളിൽ വഴക്കു തീർക്കാൻ പോയി ഒരാഴ്ച വരെ ചിലയിടത്തു താമസിച്ചിട്ടുണ്ട്. ചില പ്രധാന പള്ളികളിൽ പഴയ ഭരണരീതി റദ്ദാക്കി പ്രത്യേക ഭരണക്രമം എഴുതി ഒപ്പിടീച്ചിട്ടുമുണ്ട്. പള്ളിക്കാര്യത്തിൽ ശാന്തമായും ഗൗരവമായും സംസാരിക്കുകയും പ്രസംഗിക്കുകയും ചെയ്യും. ഒരുത്തരോടും കോപിച്ചും ദേഷ്യപ്പെട്ടും സംസാരിച്ചിട്ടുള്ളതായി സെക്ര ട്ടറി കണ്ടിട്ടില്ല.

വട്ടശ്ശേരിൽ തിരുമേനിയുടെ എല്ലാ പ്രവൃത്തികളും സത്യസന്ധമായിരുന്നു. കാരണം തിരുമേനി ചില തത്വങ്ങളിൽ അടിയുറച്ചു നിന്ന മഹാ



നായിരുന്നു. അദ്ദേഹം തൃശൂർ കോടതിയിലാണ് കുന്നംകുളം പള്ളിക്കേസിൽ ആദ്യം മൊഴി കൊടുത്തത്. ദീർഘനാൾ വിസ്തരിക്കുകയും ചെയ്തു. വട്ടിപ്പണക്കേസിലും കൂടുതൽ ദിവസങ്ങൾ വിസ്തരിച്ചു. 1928 -ലെ സസ്പെൻഷൻ കേസിലും കുറെ ദിവസം വിസ്തരിച്ചു. മൂന്നു കേസിലും നൽകിയിട്ടുള്ള പല മൊഴികളും ഒരു വ്യത്യാസവും കൂടാതെ ഏറെക്കുറെ ഒരുപോലെ തന്നെയായിരുന്നു. ഇതെപ്പറ്റി സെക്രട്ടറി ഒരിക്കൽ മെത്രാച്ചനോടു ചോദിച്ചപ്പോൾ 'എനിക്കു ചില തത്വങ്ങൾ ഹൃദിസ്ഥമാണ്. അവ ശരിയാണെന്നു ബോദ്ധ്യവുമുണ്ട്. ആ തത്വം എപ്പോഴും മനസ്സിലുമുണ്ട്. അതനുസരിച്ചാണു സാക്ഷിമൊഴിയും കൊടുത്തിട്ടുള്ളത്. അതുകൊണ്ട് കാര്യമായ തെറ്റുകൾ വരികയില്ല' മെത്രാപ്പോലീത്താ മറുപടി നൽകി.

സഭാകാര്യങ്ങൾ സംബന്ധിച്ചു സത്യത്തിന് എതിരായി വല്ലതും പറഞ്ഞാൽ തിരുമേനി അല്പം ഗൗരവത്തോടെ സംസാരിക്കുമായിരുന്നു. തിരുമേനിയെപ്പറ്റി മറ്റുള്ളവരും എതിർകക്ഷികളും എന്തുതന്നെ പറഞ്ഞാലും പരിഭവിക്കുന്നതായി സെക്രട്ടറിക്ക് അനുഭവപ്പെട്ടിട്ടില്ല. വളരെ സൗമ്യനും സ്നേഹമുള്ള വ്യക്തിയുമായിരുന്നു തിരുമേനി എന്നാണു സെക്രട്ടറി സാക്ഷിക്കുന്നത്. "എല്ലാവരും നല്ലവരായി ജീവിക്കണം. എല്ലാവരോടും വിശിഷ്യ ശത്രുക്കളോടും സ്നേഹത്തോടും അസൂയ കൂടാതെയും കഴിയണം" എന്നതായിരുന്നു തിരുമേനിയുടെ ആഗ്രഹം. നല്ല ഹൃദയമുള്ള ആ മഹാത്മാവ് അധികാരദാഹികളോട് എതിർത്തു സംസാരിക്കുമായിരുന്നു. ആരോടും പകയും വിദ്വേഷവും പരിഭവവും മനസ്സിൽ വച്ചുകൊണ്ടിരിക്കുന്ന സ്വഭാവക്കാരനായിരുന്നില്ല.

## സ്ക്കറിയാ മല്പാൻ

ചെറിയമഠത്തിൽ സ്ക്കറിയാ മല്പാനച്ചൻ വളരെക്കാലം വട്ടശ്ശേരിൽ തിരുമേനിയുടെ അസിസ്റ്റന്റും പ്രൈവറ്റ് സെക്രട്ടറിയുമായി കഴിഞ്ഞിരുന്നു. തിരുമേനിയുടെ കീഴിൽ കിട്ടിയ പരിശീലനത്തെപ്പറ്റി അച്ചൻ തന്നെ ചിലരോടു പറഞ്ഞിട്ടുണ്ട്.

അസിസ്റ്റന്റായി നിയമിച്ചു കഴിഞ്ഞയുടൻ തിരുമേനി അച്ചനെ വിളിച്ച് ഒരു കാര്യം വെട്ടിത്തുറന്നു പറഞ്ഞു: 'എടോ, തന്നെ ഞാൻ ഈ ജോലിക്ക് ആക്കിയിരിക്കുന്നത് ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ്. ഞാൻ എവിടെ പോകുമ്പോഴും ആരോടു സംസാരിക്കുമ്പോഴും താൻ എന്റെ കൂടെ കാണണം. എല്ലാം ശ്രദ്ധയോടെ കാണുകയും കേൾക്കുകയും ചെയ്യണം. എല്ലാവരും പോയിക്കഴിഞ്ഞ് രാത്രിയിൽ ഞാൻ തനിയെ ഇരിക്കുമ്പോൾ, ഉറങ്ങുന്നതിനു മുമ്പു താൻ എന്റെ മുറിയിൽ വന്നു അന്നു നടന്ന സംഭവങ്ങളെപ്പറ്റി തന്റെ അഭിപ്രായങ്ങൾ തുറന്നു പറയണം. അതി

നൊട്ടും ഭയപ്പെടുകയോ മടിക്കുകയോ ചെയ്യരുത്. ഞാൻ ചെയ്ത തെറ്റുകളും ക്രമക്കേടുകളും തുറന്നുപറയണം. ഞാൻ ദേഷ്യപ്പെടുമെന്നോ തെറ്റിദ്ധരിക്കുമെന്നോ ശങ്കിക്കരുത്. ഞാൻ ആ സമയത്തു തന്നോടു കോപിക്കുകയോ എതിർത്തു സംസാരിക്കുകയോ ചെയ്താൽ സാരമാക്കേണ്ട. തനിക്കു പറയാനുള്ളത് ഒട്ടും മയപ്പെടുത്താതെ ശക്തമായിത്തന്നെ വെട്ടിത്തുറന്നു പറഞ്ഞുകൊള്ളൂ. നല്ലവണ്ണം മനസ്സിലായോ? ഇതിനുവേണ്ടിയാണു തന്നെ ഞാൻ ആക്കിയിരിക്കുന്നത്. അല്ലാതെ, എന്നെപ്പറ്റി മുഖസ്തുതി പറയാനല്ല.'

മല്പാനച്ചന് ആദ്യമേ വിഷമം തോന്നി. ഇത്ര പ്രഗത്ഭനും കരുത്തനും ധിഷണാശാലിയുമായ ഒരു പ്രതിഭാശാലിയെ - എല്ലാവരും ആദരിക്കുകയും ഭയപ്പെടുകയും ചെയ്യുന്ന ഒരു ഭരണാധികാരിയെ - ദൈവശാസ്ത്ര പണ്ഡിതനും അല്പം മുൻകോപിയും വിമർശനങ്ങളിൽ അസഹിഷ്ണു എന്നു പരക്കെ ധരിക്കപ്പെട്ടിരുന്നവനും ആയ സമുന്നത വൈദിക മേലദ്ധ്യക്ഷനെ - എങ്ങനെയാണു വിമർശിക്കുക? ഇതു സാധ്യമാണോ? ഈ പണി തന്നെ വലിയ കുഴപ്പത്തിലാക്കുമോ എന്നൊക്കെയുള്ള ഭയാശങ്കകളോടുകൂടിയാണു ജോലിയിൽ പ്രവേശിച്ചത്.

കുറേ ദിവസത്തേക്ക് മല്പാനച്ചൻ വിഷണ്ണനായിരുന്നു. തന്റെ ജോലി അത്യധികം ദുഷ്കരമായി അദ്ദേഹത്തിനു തോന്നി. അതതു ദിവസത്തെ ചെയ്തികളെപ്പറ്റി സ്വതന്ത്രമായി വിലയിരുത്താൻ അദ്ദേഹത്തിനു സ്വാഭാവികമായി വൈമനസ്യമുണ്ടായിരുന്നു - തിരുമേനിയുടെ പ്രതികരണം നന്നായില്ല എന്ന് അച്ചനു തോന്നിയ കാര്യങ്ങളെപ്പറ്റി പ്രത്യേകിച്ചും, തിരുമേനി ചിലരോട് അനാവശ്യമായി തട്ടിക്കയറിയിട്ടുണ്ടാവും. വേണ്ടാത്തിടത്തു ദേഷ്യപ്പെട്ടു കാണും. ഇതൊക്കെ തുറന്നുപറയുക ശരിയായിരിക്കുമോ? അച്ചന് ആകപ്പാടെ വെമ്പലായിരുന്നു.

പക്ഷേ, തിരുമേനിയുണ്ടോ വിടുന്നു? അദ്ദേഹം കിഴിഞ്ഞു കിഴിഞ്ഞു ചോദിക്കും. അച്ചന് പിന്മാറാൻ വയ്യാത്തവിധത്തിൽ കാര്യങ്ങൾ തുറന്നു പറയാൻ നിർബന്ധിക്കുന്ന ചോദ്യങ്ങൾ. അച്ചന്റെ മനസ്സിലുള്ളത് ഒന്നും ഒളിച്ചുവയ്ക്കാതെ വെളിപ്പെടുത്താൻ തിരുമേനി പ്രേരിപ്പിക്കും. തിരുമേനിയെ തുറന്നു വിമർശിക്കുവാൻ പ്രോത്സാഹിപ്പിക്കും. കുറെ കഴിഞ്ഞതോടെ അച്ചന്റെ ഭയവും ആശങ്കകളും മാറി. തിരുമേനിയുടെ പകലത്തെ നടപടികളെപ്പറ്റി അച്ചനു തോന്നിയ അഭിപ്രായങ്ങൾ കലവറ കൂടാതെ രാത്രിയിൽ ധൈര്യപൂർവ്വം തുറന്നുപറയാവുന്ന ഒരു സ്ഥിതി സംജാതമായി. തന്റെ ജീവിതത്തിലെ ഏറ്റവും മികച്ച അനുഭവങ്ങളുടെ കാലഘട്ടമയിരുന്നു ഇത്.

ഈ പരിചയം അച്ചനെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നേർ



ചിത്തനും ആത്മാർത്ഥശീലനുമാക്കി. മറ്റുള്ളവരോടു കാര്യങ്ങൾ മടികൂടാതെ തുറന്നുപറയുന്ന സ്വഭാവം അദ്ദേഹത്തിൽ വളർത്തി.

തിരുമേനി പറയും: 'താൻ ഒരു കാര്യം ചെയ്യണം. ഞാൻ പ്രധാനപ്പെട്ട ഏതെങ്കിലും കാര്യം വിട്ടുപോയാൽ അത് അവിടെവച്ച് അപ്പോൾത്തന്നെ എന്നെ ഓർമ്മിപ്പിക്കണം. ഏതെങ്കിലും സുപ്രധാനമായ കാര്യം വേണ്ടത്ര ശക്തിയോടെ ഊന്നിപ്പറയാൻ ഞാൻ വിട്ടുപോയാൽ താൻ ശക്തമായിത്തന്നെ അത് ഉറപ്പിച്ചുപറയാൻ മടിക്കേണ്ട.'

സമുദായത്തിനുവേണ്ടി എന്നു പറഞ്ഞ് പട്ടമേറ്റശേഷം കിട്ടാവുന്നതെല്ലാം കൈയിട്ടുവാരിയും തട്ടിയെടുത്തും ഇഷ്ടാനുസരണം തോന്നിയ വഴിക്കുപോകുന്ന രീതി നിറുത്തൽ ചെയ്യുന്നതിന് വട്ടശ്ശേരിൽ തിരുമേനി ശ്രദ്ധിച്ചിരുന്നു. സമുദായത്തിനുവേണ്ടി പട്ടമേൽക്കാൻ ആഗ്രഹിച്ചുവരുന്നവരെക്കൊണ്ട് ഉടമ്പടി എഴുതിച്ചുകൊണ്ടേ പട്ടം കൊടുക്കുകയുള്ളു എന്നും മെത്രാപ്പോലീത്താ ഒരു കത്തിൽ പറഞ്ഞിട്ടുണ്ട്. പ്രതിസന്ധികളുടെ വാൾമുനയിൽ നിന്നപ്പോഴും സഭയുടെ ഭാവി ഭദ്രമാക്കാൻ സഭാഭാസുരൻ പ്രത്യേക ശ്രമം നടത്തി എന്നതിന്റെ വ്യക്തമായ തെളിവാണ് തന്റെ വിശ്വസ്തനായ സെക്രട്ടറി ചെറിയമഠത്തിൽ സ്ക്കറിയാ മല്പാനെ സെമിനാരിയുടെ സാരഥിയാക്കി എന്ന വസ്തുത.

### മീനും മുട്ടയും ഉപേക്ഷിച്ചു

വട്ടശ്ശേരിൽ തിരുമേനിക്കു മത്സ്യവും മുട്ടയും വളരെ ഇഷ്ടമായിരുന്നു. പ്രത്യേകിച്ചു കരിമീൻ. 1913 - 14 കാലത്തു ഒരു വലിയ വെള്ളപ്പൊക്കം ഉണ്ടായി. സെമിനാരിയുടെ കുശിനിക്കെട്ടിടത്തിൽ നിന്നു ആറ്റുകടവിലേക്കുള്ള വഴി ഇരുവശത്തുനിന്നും മണ്ണു കോരിയിട്ടു നികത്തിയതായിരുന്നു. വഴിയുടെ കിഴക്കുവശത്തുനിന്നു മണ്ണെടുത്തതിനാൽ അവിടെ ഒരു കുഴിയുണ്ടായിരുന്നു. വെള്ളം പൊങ്ങിയപ്പോൾ വഴിയും കുഴിയും മുങ്ങി. വെള്ളം ഇറങ്ങിയിട്ടും കുഴിയിൽ രണ്ടുമൂന്നടി വെള്ളം കെട്ടിനിന്നു. അതിൽ മീനുണ്ടെങ്കിൽ പിടിക്കാൻ വേലക്കാർ ഒറ്റാലുമായി ഇറങ്ങി. രണ്ടു വലിയ കരിമീനിനെ വേലക്കാർ കണ്ടു. ഒന്നിനെ ഒറ്റാലിൽ കിട്ടി. മറ്റതിനെ പിന്നെ കണ്ടുമില്ല.

കിട്ടിയ വലിയ കരിമീൻ ഭംഗിയായി കറിവച്ചു ഉച്ചമേശയ്ക്കു തിരുമേനിക്കു കൊടുത്തു. തിരുമേനി നല്ലവണ്ണം മത്സ്യക്കറി കഴിച്ചു. ഈ മുഴുത്ത കരിമീൻ എവിടെനിന്നാണെന്നു ചോദിച്ചപ്പോൾ അതിനെ പിടിച്ച കാര്യം അറിയിക്കുകയും ആ കുഴിയിൽ ഇതുപോലെയുള്ള ഒന്നുകൂടി ഉണ്ടെന്നും തങ്ങൾ നോക്കീട്ടു കണ്ടില്ലെന്നും വേലക്കാർ തിരുമേനിയെ അറിയിച്ചു. അതുകേട്ടപ്പോൾ വെയിലാറുമ്പോൾ താൻ തന്നെ വന്നു കരിമീനെ നോക്കി കണ്ടുപിടിക്കാമെന്നു തിരുമേനി കല്പിച്ചു. സെക്രട്ടറി മണലിൽ

യാക്കോബു ശെമ്മാശനോടുകൂടി തിരുമേനി ഉച്ചകഴിഞ്ഞു ചെന്നുനോക്കി. ആദ്യം കണ്ടില്ല. കൂടുതൽ സൂക്ഷിച്ചുനോക്കിയപ്പോൾ പാണലിലകളുടെ ഇടയിൽ കരിമീൻ ഒളിച്ചിരിക്കുന്നതുകണ്ടു. വേലക്കാരെ വിളിച്ചു സ്ഥലം കാണിച്ചുകൊടുക്കുകയും അവർ ഒറ്റാലിൽ പിടിച്ചു തിരുമേനി നിന്നിടത്തു കൗതുകപൂർവ്വം ഇടുകയും ചെയ്തു.

തിരുമേനി സെമിനാരിയിലേയ്ക്കു മടങ്ങി. പ്രാർത്ഥന കഴിഞ്ഞു അത്താഴം കഴിക്കാൻ ഇരുന്നു. മേശയുടെ മാന്യസ്ഥാനത്തുതന്നെ കരിമീൻ ഉണ്ടായിരുന്നു. ആദ്യമേ കരിമീനിരുന്ന പാത്രം തിരുമേനി കൈകൊണ്ടു തള്ളിമാറ്റിയശേഷം വേലക്കാരനോടു 'എനിക്കു മേലിൽ മത്സ്യം വേണ്ട' എന്നു കല്പിച്ചുകൊണ്ടു ഭക്ഷണം കഴിച്ചു. അന്നുമുതൽ തിരുമേനി മത്സ്യം ഉപയോഗിച്ചിരുന്നില്ല. 1923 -ൽ മർദ്ദീനിൽ നിന്നു തിരിച്ചുവന്നശേഷം തിരുമേനി മുട്ടയും ഉപേക്ഷിച്ചു.

മണലിൽ ശെമ്മാശ്ശൻ 1924 -ൽ പ്രൈവറ്റ് സെക്രട്ടറിയായ കാലത്തും തിരുമേനി മീനും മുട്ടയും കഴിച്ചിരുന്നില്ല. അനേകവർഷം തിരുമേനിയുടെ കുശിനിക്കാരനായിരുന്ന പരുമല തോപ്പിൽ അയിപ്പിനോടു ശെമ്മാശൻ ചോദിച്ചപ്പോൾ മുമ്പു കരിമീൻ പിടിച്ചതും വേണ്ടെന്നു പറഞ്ഞതും മുട്ട ഉപേക്ഷിച്ചതുമെല്ലാം ധരിപ്പിച്ചു. ഒരുപക്ഷേ മീനെ ചെളിയിൽനിന്നു പിടിച്ചു കൊല്ലുന്നതു കണ്ടതുകൊണ്ടായിരിക്കാം മീൻ വേണ്ടെന്നുവച്ചതെന്നും അയിപ്പു പറഞ്ഞു. എന്നാൽ യഥാർത്ഥ കാരണം അതൊന്നുമല്ലായിരുന്നു എന്നു ശെമ്മാശനു തോന്നിയതിനാൽ ഒന്നു രണ്ടു കൊല്ലം കഴിഞ്ഞു ഒരു ദിവസം പല കാര്യങ്ങൾ തിരുമേനിയുമായി പറഞ്ഞുകൊണ്ടിരുന്നതിനിടയിൽ മത്സ്യനിഷേധപ്രശ്നം പരാമർശിച്ചു. 'തിരുമേനി മത്സ്യം കൂട്ടാത്തതുകൊണ്ടും മറ്റു കറികൾ അധികമൊന്നും ഉപയോഗിക്കാത്തതുകൊണ്ടും പള്ളികളിൽ ചെല്ലുമ്പോൾ ഞങ്ങൾക്കും കറികൾ വളരെ കുറച്ചേ കിട്ടാറുള്ളൂ. തിരുമേനിക്ക് മീൻ വളരെ ഇഷ്ടമായിരുന്നു എന്നത്രെ വേലക്കാർ പറയുന്നത്. ഒരു ദിവസം ചെളിയിൽ നിന്നു മീൻ പിടിക്കുന്നത് തിരുമേനി കണ്ടു എന്നും അന്നു മുതലാണ് മത്സ്യം ഉപയോഗിക്കാതിരിക്കുന്നതെന്നും ഉച്ചയ്ക്കു മീൻകൂട്ടിയ തിരുമേനി വൈകിട്ടു മീൻ വേണ്ടെന്നു വച്ചെന്നും കുശിനിക്കാർ അറിയിച്ചു. തിരുമേനിക്കു വളരെ ഇഷ്ടമായിരുന്ന മത്സ്യം എന്തുകൊണ്ട് ഉപേക്ഷിച്ചു?" ശെമ്മാശൻ ചോദിച്ചു.

തിരുമേനി ഇങ്ങനെ മറുപടി പറഞ്ഞു; 'മത്സ്യം കൂട്ടാതായിട്ട് എട്ടുപത്തുകൊല്ലമായി. ഒരുത്തരും എന്നോട് കാരണം ചോദിച്ചിട്ടില്ല. താൻ മാത്രമാണ് ഇപ്പോൾ ചോദിക്കുന്നത്. താൻ ആരോടും പറയരുത്. ഇത് എന്റെ ഒരു പ്രതിജ്ഞയാണ്.



മേൽപ്പറഞ്ഞ മത്സ്യം പിടിക്കുന്ന കാലഘട്ടം സമുദായത്തിൽ എനിക്ക് അല്പം ശാന്തമായ സമയമായിരുന്നു. ആനപ്പാപ്പിയുടെ വധത്തെത്തുടർന്ന് സെമിനാരിയിലെ വഴക്കുകൾക്ക് അവസാനമായി. അബ്ദേദ് മശിഹാ പാത്രിയർക്കീസു വന്ന് കാതോലിക്കായെ വാഴിക്കുകയും അതിനു സ്ഥിരമായ കല്പന തരുകയും മൂന്ന് മേല്പ്പട്ടക്കാരെ വാഴിക്കുകയും ചെയ്തു. അങ്ങനെ കാര്യങ്ങളെല്ലാം ഭംഗിയായും ആർഭാടമായും നടന്നു.

ശാന്തമായ അന്തരീക്ഷത്തിൽ രണ്ടു മത്സ്യങ്ങൾ ഒരുമിച്ചു തത്തിക്കളിച്ചുകൊണ്ടിരുന്നതിൽ ഒന്നിനെ പിടിച്ചു കറിവച്ചു കൂട്ടി. പിന്നാലെ മറ്റതിനെയും കണ്ടുപിടിച്ച് എന്റെ കാൽച്ചുവട്ടിൽ ഇട്ടപ്പോൾ എനിക്ക് കഴിഞ്ഞ കാലത്തെ ഓർമ്മകളാണ് മനസ്സിൽ ഉണ്ടായത്. അതായത് സമുദായം എന്നെയും, കൂടെ സ്ഥാനമേറ്റ മാർ കൂറിലോസിനെയും തെരഞ്ഞെടുത്തു. രണ്ടു പേരെയും പാത്രിയർക്കീസ് ഒന്നിച്ചു മെത്രാന്മാരാക്കി. ഞങ്ങൾ ഒരുമിച്ച് മലങ്കരയിൽ തിരിച്ചെത്തി. പുലിക്കോട്ടിൽ തിരുമേനി രോഗാവസ്ഥയിൽ കിടക്കുമ്പോൾ ഞങ്ങൾ ഇരുവരെയും വിളിച്ചുനിറുത്തി ഞങ്ങളുടെ വലതുകൈകൾ കൂട്ടി അദ്ദേഹം കല്പിച്ചു: 'അബ്ദുള്ളാ പാത്രിയർക്കീസ് വരുന്നു. അദ്ദേഹം മലങ്കരയിൽ വഴക്കുണ്ടാക്കിയാൽ നിങ്ങൾ ഒരുമിച്ച് ഏകാഭിപ്രായത്തിൽ നിൽക്കണം. സഭയിൽ ഭിന്നത ഉണ്ടാകരുതെന്ന് ഇരുവരോടും സമ്മതം വാങ്ങിക്കുകയും ചെയ്തതാണ്. പാത്രിയർക്കീസ് വന്നു കുഴപ്പം ഉണ്ടാക്കിയപ്പോൾ കൂറിലോസ് അതൊന്നും ഓർക്കാതെ എതിരായി പ്രവർത്തിച്ചു. വഴക്കുകൾ ഉണ്ടായി. എങ്കിലും ഇപ്പോൾ ഒരുവിധം ശാന്തമായി പോകുന്നു. വട്ടിപ്പണക്കേസുകൾ മാത്രമാണുള്ളത്. ഈ ഓർമ്മയാണു ആ മത്സ്യത്തെ കണ്ടപ്പോൾ എന്റെ ഹൃദയത്തിൽ തോന്നിയത്. എടുത്തുകൊണ്ടു പൊയ്ക്കോ എന്നുമാത്രം പറഞ്ഞ് അവിടെവച്ചുതന്നെ ഒരു പ്രതിജ്ഞ ചെയ്തു; *സഭയിൽ സമാധാനം ഉണ്ടാകാതെ മേലിൽ മത്സ്യം കഴിക്കുകയില്ലെന്ന്*".

പിന്നീട് 1924 ൽ മർദ്ദീനിൽ നിന്നു പാത്രിയർക്കീസിന്റെ സമാധാന കല്പനയുമായി മാർ യൂലിയോസുമൊന്നിച്ചു വരുമ്പോൾ കപ്പലിൽവച്ചു പിടയ്ക്കുന്ന മത്സ്യത്തെ പിടിച്ചു കറിവച്ചു കൂട്ടുന്നതു കണ്ടപ്പോൾ കൊതികൊണ്ടും സമാധാനം ഉണ്ടാകുമല്ലോ എന്ന ചിന്തകൊണ്ടും ഒന്നുരണ്ടു ദിവസം കപ്പലിൽ വച്ചു രുചിയോടെ മത്സ്യം കഴിച്ചു. മലങ്കരയിൽ എത്തിതാമസംവിനാ സമാധാനം ഉണ്ടാകുകയില്ലല്ലോ എന്നറിഞ്ഞപ്പോൾ പ്രതിജ്ഞാലംഘനത്തിൽ ഖേദിച്ചു. അതിന്റെ പരിഹാരാർത്ഥം അതുവരെ തൃപ്തികരമായി ഉപയോഗിച്ച മുട്ടയും ഉപേക്ഷിച്ചു. ഇതാണ് മീൻ നിഷേധത്തിന്റെ ചരിത്രം. ഇതെല്ലാം താൻ മാത്രം അറിയുന്നതിന് ഇപ്പോൾ പറയുന്നതാണ്. ആരെങ്കിലും അറിയണമെന്നു വിചാരിച്ചുള്ള പ്രചരണത്തിനുമല്ല" തിരുമേനി പറഞ്ഞു നിറുത്തി.

വട്ടശ്ശേരിൽ തിരുമേനിയുടെ ഭക്ഷണരീതി ഒരു പ്രത്യേക തരത്തിലുള്ളതായിരുന്നു. രാവിലെ കാപ്പി, പുട്ടും കപ്പയോ ചേനയോ പുഴുങ്ങിയതും കാന്താരി ചമ്മന്തിയും അല്ലെങ്കിൽ ഏത്തയ്ക്ക ചുട്ടതും.

ഉച്ചഭക്ഷണം ചോറ്, കുമ്പളങ്ങായോ വെള്ളരിക്കായോ തോരൻ, കാച്ചിയമോര്, തൈര്, കാന്താരി ചമ്മന്തി. കുറച്ചു ചോറിൽ, കാച്ചിയ മോരുമൊഴിച്ച് തോരനും അതിന്റെകൂടെ ഇട്ടു ചമ്മന്തിയോടുകൂടി ഉണ്ണും. പിന്നീട് കുറച്ചു ചോറിട്ട് തൈരും തോരനും കൂട്ടി ചമ്മന്തിയും തൊട്ടുകൂട്ടി ഊണു തീർക്കും. നോമ്പുകാലങ്ങളിൽ പാലും മോരും കഴിക്കയില്ല. നാലു മണിക്ക് ഒരു ഗ്ലാസ് കാപ്പി മാത്രം.

അത്താഴം ഗോതമ്പുപൊടി പാലിൽ കുറുക്കി ഒരു ഗ്ലാസ് കഴിക്കും. അത്രമാത്രം. ഭക്ഷണരീതി മണലിൽ അച്ചൻ സെക്രട്ടറി ആകുന്നതിനു മുമ്പുതന്നെ ഇതായിരുന്നു. അമ്പതു നോമ്പിലും മൂന്നു നോമ്പിലും ഉച്ചവരെ ഭക്ഷണമില്ല. ഉച്ചനമസ്കാരം കഴിഞ്ഞ് കഞ്ഞി കുടിക്കും. രണ്ട് മരക്കറികളും ചമ്മന്തിയും ഉണ്ടാകും. കാന്താരിച്ചമ്മന്തി നിർബന്ധമായിരുന്നു.

# 12

# അതുല്യമായ വ്യക്തിപ്രഭാവം

അതുല്യമായ വ്യക്തിപ്രഭാവം, അനുപമമായ സഭാസ്നേഹം, ബുദ്ധിശക്തി, ഉൾക്കാഴ്ച, വിശുദ്ധിയിലൂന്നിയ അനുകരണീയമായ ജീവിത സന്മാതൃകകൾ, സഭാധ്യക്ഷനെന്ന നിലയിലുള്ള സ്വാതന്ത്ര്യദാഹം സർവ്വോപരി തടസ്സത്തിന് ഇടകൊടുക്കാത്ത പ്രാർത്ഥനാജീവിതം മുതലായവയെപ്പറ്റി ചില കാര്യങ്ങൾ മനസ്സിലാക്കാതെ വട്ടശ്ശേരിൽ തിരുമേനിയുടെ വ്യക്തിപ്രഭാവം ശരിക്ക് ഗ്രഹിക്കാനാവില്ല.

കോങ്കണ്ണും കൈവിറയലുമുണ്ടായിരുന്ന തിരുമേനിയെ അവയുടെ പേരിൽ, സ്വാഭാവികനീതിയെ കാറ്റിൽ പറത്തിക്കൊണ്ട് ദ്രവ്യാഗ്രഹത്തിന്റെ ജീവനുള്ള വിഗ്രഹമായിരുന്ന അബ്ദുള്ളാ പാത്രിയർക്കീസ് സാത്താന്റെ ആയുധമായ മുടക്കു പ്രയോഗിച്ചു.

തിരുവനന്തപുരം ജില്ലാക്കോടതിയിൽ നടന്ന വട്ടിപ്പണക്കേസിൽ വിജയിച്ച വട്ടശ്ശേരിൽ തിരുമേനി, സെക്രട്ടറി മണലിൽ യാക്കോബ് ശെമ്മാശനെ അയച്ച് അഡ്വ. ഇ. ജെ. ഫീലിപ്പോസു മുഖാന്തിരം പലിശയിനത്തിൽ വാങ്ങിയ 16000 ൽ പരം രൂപയുടെ ഒരു ഭാഗംകൊണ്ട് കോട്ടയത്തെ സി. എം. എസ്. കോളജിനടുത്ത് നിർമ്മിച്ച എം. ഡി. ഹോസ്റ്റലാണ് ഇന്നത്തെ ഓർത്തഡോക്സ് സ്റ്റുഡന്റ് സെന്റർ. വട്ടശ്ശേരിൽ തിരുമേനിയെ വാനോളം വാകൊണ്ടു പുകഴ്ത്തുന്ന മലങ്കരസഭ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താൻ എന്താണ് ചെയ്തിട്ടുള്ളത്? തിരുമേനിയുടെ ആരാധകനായിരുന്ന പി. ഗീവറുഗീസ് കങ്ങഴ എം. ജി. ഡി. എം. ആശുപത്രി സ്ഥാപിച്ചു. അത് തിരുമേനിയുടെയും വറുഗീസിന്റെയും ശാശ്വത സ്മരണ നിലനിർത്തുന്നു എന്ന കാര്യം അഭിമാനപൂർവ്വം ഇവിടെ അനുസ്മരിക്കുന്നു. തിരുമേനിയുടെ ചരമ കനകജൂബിലി വൻതോതിൽ കൊണ്ടാടി. പക്ഷേ സമുചിതമായ ഒരു സ്മാരകം ഇനിയും അകലെ. ക്രിസ്തീയ സുകൃതമായ നന്ദിയുടെ സ്ഥാനം എവിടെ? പണിയിലിരിക്കുന്ന സ്റ്റുഡന്റ് സെന്ററിന്റെ ഒരു ഭാഗത്തിനെങ്കിലും വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് സ്മാരക ഹാൾ എന്ന് പേരിട്ടുകൂടേ? സമുദായക്കേസായ ചണ്ഡവാതം പിടിച്ചുലച്ചില്ലായിരുന്നു എങ്കിൽ വട്ടശ്ശേരിൽ തിരുമേനിയുടെ നേട്ടങ്ങൾ എണ്ണമറ്റതാകുമായിരുന്നു.

സിറിയൻ ഓർത്തഡോക്സ് എന്ന് ഇന്നറിയപ്പെടുന്ന വിദേശസഭയു

മായുള്ള ബന്ധം 1665 -ൽ ആരംഭിച്ചു എങ്കിലും പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാർത്തോമ്മാ സഭയുമായുണ്ടായ പോരാട്ടത്തിലാണ് പാത്രിയർക്കീസിന് ചില അധികാരങ്ങൾ ഉണ്ടെന്നു തൽക്കാല കാര്യസാദ്ധ്യത്തിനുവേണ്ടി മലങ്കരസഭ പറഞ്ഞുവച്ചത്. അതു കണ്ഠകോടാലിയായി മാറിയതു വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്തായിരുന്നു. സഭാഐക്യത്തെപ്പറ്റിയുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ വീക്ഷണം പ്രായോഗികമായിരുന്നു. എങ്ങാണ്ടോ കിടക്കുന്ന അർമ്മീനിയക്കാർ, ഈജിപ്തുകാർ മുതലായവരുമായുള്ള ഐക്യത്തേക്കാൾ അഭികാമ്യം അയൽപക്കത്തെ മാർത്തോമ്മാക്കാരുമായുള്ള ഐക്യമല്ലേ എന്നൊരിക്കൽ ബഥനിയിലെ തേവോദോസിയോസ് മെത്രാച്ചനോടു ചോദിച്ചു. നമ്മുടെ പരിശ്രമങ്ങൾക്ക് ഒരു യാഥാർത്ഥ്യബോധം വേണ്ടേയെന്നും വട്ടശ്ശേരിൽ തിരുമേനി ചോദിച്ചു.

വട്ടശ്ശേരിൽ തിരുമേനി ക്രാന്തദർശിയായിരുന്നു. കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച് പ്രായോഗികമായും ആദർശപരമായും പ്രശ്നങ്ങളെ വീക്ഷിക്കാനുള്ള അനന്യസാധാരണമായ കഴിവും മേധാശക്തിയും ആ പ്രതിഭാധനനുണ്ടായിരുന്നു. മലങ്കരസഭയുടെ ചരിത്രം തിരിച്ചുവിട്ട അദ്വിതീയനായ സഭാഭാസുരന്റെ ആദർശങ്ങൾ അടിപതറാതെ പിൻതുടരേണ്ടത് ഇന്നത്തെ അടിയന്തര ആവശ്യമാണ്.

തിരുമേനിയെപ്പറ്റി കൂടെനിന്നവരിൽ ചിലരും അകന്നുനിന്നവരിൽ ചിലരും പിന്നാലെ വന്നവരിൽ ചിലരും എഴുതിയിട്ടുള്ള അഭിപ്രായങ്ങളാണ് ചുവടെ ചേർക്കുന്നത്.

മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരുമേനി വരണമെന്നാഗ്രഹിക്കുകയും പിന്നീടുണ്ടായ ചില സംഭവപരമ്പരകളുടെ പശ്ചാത്തലത്തിൽ മെത്രാപ്പോലീത്തായെ നഖശിഖാന്തം എതിർക്കുകയും മാർത്തോമായുടെ ഇന്ത്യൻ സഭയെ നാശത്തിന്റെ വക്കിൽ എത്തിക്കുകയും ചെയ്ത സി. ജെ. കുര്യന്റെ ആദ്യകാല ചെയ്തികളെപ്പറ്റി സി. ടി. വർക്കി, സി. ടി. ജോൺ എന്നിവരെഴുതിയ "അക്കര കുടുംബ ചരിത്രത്തിൽ" ഇങ്ങനെ പറയുന്നു:

"സി. ജെ. കുര്യനും കോനാട്ട് മല്പാനും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ കാലത്ത് സഭാട്രസ്റ്റികളായിരുന്നു. വലിയ മെത്രാച്ചന് ക്ഷീണവും പ്രായവുമായി. പിൻഗാമി ആരാണ് എന്നൊരു ചിന്ത അദ്ദേഹത്തെ അലട്ടി. വട്ടശ്ശേരിൽ മല്പാൻ കാര്യശേഷിയുള്ളവനും ബുദ്ധിമാനുമാണ്. അംഗവൈകല്യമുള്ളവർക്ക് മെത്രാൻപട്ടം കൊടുക്കരുത് എന്ന് ഒരു മാമൂൽ. അതുകൊണ്ട് കണ്ണിന് തകരാറ് (കോങ്കണ്ണ്) ഉള്ളതിനാൽ വട്ടശ്ശേരിൽ മല്പാനെ മെത്രാനാക്കുവാൻ വടക്കർക്കും തെക്കർക്കും ഒരുപോലെ എതിർപ്പായി. പൗലൂസ് റമ്പാൻ സാധുവും കാര്യപ്പിടിപ്പില്ലാത്ത ആളും. വട്ടശ്ശേരിൽ മല്പാനോട് താല്പര്യക്കാരനും അദ്ദേഹത്തിന്റെ കഴിവിനെപ്പറ്റി ബോധവാനുമായിരുന്ന സി. ജെ. കുര്യൻ തെക്കും വടക്കുംപോയി എതിരഭിപ്രായമുള്ളവരെ കണ്ട് വട്ടശ്ശേരിൽ മല്പാനെപ്പോലെ ബുദ്ധിമാനായി മറ്റാരും സഭയിൽ ഇല്ലായെന്നും അതുകൊണ്ട് അദ്ദേഹത്തിന് തീർച്ചയായും പട്ടം കൊടുക്കണമെന്നും എല്ലാവരെയും ഒരുവിധം സമ്മതിപ്പിച്ചു. തുടർന്ന് അതിനുള്ള എഴുത്തുകുത്തുകൾ എല്ലാം തയ്യാറാക്കി. അന്ത്യോക്യൻ ഡെലിഗേറ്റായ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അംഗീകാരം ആവശ്യമായതിനാൽ അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹം തീർത്തും വിസമ്മതിച്ചു. കുണ്ഠിതനായി എന്തുചെയ്യണം എന്നറിയാതെ അനുജനായ അക്കര കൊച്ചാപ്പിയോട് വിഷമസ്ഥിതി അറിയിച്ചു. "ജനങ്ങളുടെ എതിരെല്ലാം മാറ്റി. ഇപ്പോൾ മെത്രാൻ സമ്മതിക്കുന്നില്ല. എന്തുചെയ്യാം" എന്നു പറഞ്ഞപ്പോൾ അക്കര കൊച്ചാപ്പി വല്യപ്പൻ, 'അത്രയേയുള്ളോ ഞാൻ നോക്കട്ടെ' എന്നു പറഞ്ഞു പാത്രിയർക്കീസിന് എഴുതിയ കത്തുകൾ വാങ്ങി സെമിനാരിയിൽ പോയി മെത്രാച്ചന്റെ മുറിയിൽ കയറി. 'പൊതുജനങ്ങൾ സമ്മതിച്ച ഈ പ്രമാണത്തിൽ ഒപ്പിടുന്നുണ്ടോ' എന്നു രോഷാകുലനായി ചോദിച്ചു. മെത്രാച്ചൻ അക്ഷരം മിണ്ടാതെ ഒപ്പിട്ടു കൊടുത്തു. അങ്ങനെ സി. ജെ. കുര്യൻ മുൻകൈയെടുത്താണ് വട്ടശ്ശേരിൽ മല്പാനെ മലങ്കര മെത്രാപ്പോലീത്താ ആക്കിയത്. ഇത് അവർ തമ്മിലുണ്ടായ കേസ്സു മുഖാന്തിരം പിന്നീട് പ്രചാരമില്ലാതെ പോയി."



## പുണ്യശ്ലോകൻ

വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ വ്യക്തിമാഹാത്മ്യത്തെപ്പറ്റിയും കഴിവുകളെപ്പറ്റിയും മറ്റും സെറാമ്പൂർ വൈദിക കോളജിന്റെ പ്രിൻസിപ്പലായിരുന്ന റവ. ഡോ. സി. ഇ. ഏബ്രഹാം അര നൂറ്റാണ്ടു മുമ്പ് എഴുതിയിട്ടുള്ള സഭാചരിത്ര സംഗ്രഹത്തിൽ ഇങ്ങനെ പറയുന്നു: "ബുദ്ധിശക്തി, കാര്യശേഷി, സമുദായസ്നേഹം ആദിയായവ നോക്കുന്നപക്ഷം വട്ടിപ്പണക്കേസ്സിൽ പ്രധാന വാദി പ്രതികളായിരുന്ന മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ, മി. സി. ജെ. കുര്യൻ എന്നീ മഹാന്മാർ ഏതൊരു സമുദായത്തിനും ഭൂഷണമായിരിക്കുന്നതാണ്. പ്രത്യേകിച്ച് 1934 ഫെബ്രുവരി 23-ാം തീയതി കാലം ചെയ്ത മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഓർത്തഡോക്സ് സുറിയാനിസഭയുടെ അഭിമാന സ്തംഭമായി ഗണിക്കാവുന്ന ഒരു പുണ്യശ്ലോകനത്രെ. 1858 ൽ ഭൂജാതനായ ഇദ്ദേഹം 1908 ൽ മെത്രാൻ സ്ഥാനത്ത് അവരോധിക്കപ്പെടുകയും, അടുത്ത വർഷം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മരണശേഷം

മലങ്കര മെത്രാപ്പോലീത്തായായി ഉയർത്തപ്പെടുകയും ചെയ്തു. കാൽ ശതാബ്ദത്തോളം നീണ്ടുനിന്ന ഇദ്ദേഹത്തിന്റെ ഭരണകാലത്ത് സഭയിൽ പലവിധ പരിഷ്കാരങ്ങൾ നടപ്പിൽ വന്നിട്ടുണ്ട്. വൈസ്രോയിയായ ഇർവിൻ പ്രഭു, ബിഷോപ്പ് ഗോർ, ഇന്ത്യയുടെ മെത്രാപ്പോലീത്താ ഡോ. വെസ്റ്റ്കോട്ട് ആദിയായ മഹാന്മാർ സുറിയാനിസഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ചെയ്ത ശ്രമങ്ങൾ സഫലമാകാഞ്ഞതിനാൽ മോശയെപ്പോലെ വാഗ്ദത്തനാട് ദൂരെനിന്നു ഒരു നോക്കു കാണുന്നതിനുള്ള ഭാഗ്യം മാത്രമേ ഇദ്ദേഹത്തിന് ലഭിച്ചുള്ളു. ദിവംഗതനായ ഈ ഋഷിവര്യനെപ്പോലെ അഗാധമായ ബുദ്ധിശക്തി, ദൈവഭക്തി, വേദശാസ്ത്രപാണ്ഡിത്യം, വീക്ഷണശക്തി, വിപദിധൈര്യം, ജീവിതനൈർമ്മല്യം എന്നിവ ഒരാളിൽ ഏകോപിച്ചു പ്രശോഭിച്ചിരുന്ന മേൽപട്ടക്കാരുടെ സംഖ്യ മലങ്കരസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ തുലോം ചുരുക്കമത്രെ. ഇദ്ദേഹത്തിന്റെ കാലത്തെ ഒരു പ്രധാന സംഭവം മലങ്കര ഒരു കാതോലിക്കാ സിംഹാസനം സൃഷ്ടിച്ച് നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ് പൗലൂസ് ബാവാ അവർകളെ പൗരസ്ത്യ കാതോലിക്കയായി വാഴിച്ചതത്രെ."

## സഭാനാഥന്റെ ആയുധം

മാർ ദീവന്നാസ്യോസിന്റെ കഴിവിനെപ്പറ്റി സുപ്രസിദ്ധ സഭാ ചരിത്രകാരനായ സെഡ്. എം. പാറേട്ട് "വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്" എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു: "മാർ ദീവന്നാസ്യോസിനു പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. ആദ്യകാലങ്ങളിൽ ആരെയെങ്കിലും ആകർഷിക്കത്തക്കതോ ബഹുമാനം തോന്നത്തക്കതോ ആയ രൂപവിശേഷവും ഉണ്ടായിരുന്നില്ല. ആ ഞാങ്ങിണയെയാണു സഭാനാഥൻ തന്റെ ആയുധമായി സ്വീകരിച്ചത്. ദീവന്നാസ്യോസ് തനിച്ചു കേവലം ദുർബലനായിരുന്നു എങ്കിൽ ദൈവവും ദീവന്നാസ്യോസും കൂടെ ആയപ്പോൾ അജയ്യ ശക്തിയായി പരിണമിച്ചു. അന്നത്തെ സ്ഥിതിഗതികൾ സംബന്ധിച്ചു വിവരമുള്ളവർ എല്ലാവരും ഇതു സമ്മതിക്കുന്നതാണ്. അബ്ദുള്ള, ഏലിയാസ് തൃതീയൻ എന്നീ രണ്ടു പേരുടെയും ലക്ഷ്യം മലങ്കരയെ കേവലം ഒരു 'ഇടവക'യുടെ നിലയിലേക്ക് ഇടിച്ചുതാഴ്ത്തുക എന്നുള്ളതായിരുന്നു. അതു മനസ്സിലാക്കുവാൻ സാമർത്ഥ്യവും ജന്മാവകാശം സംരക്ഷിക്കുന്നതിനു ഇറങ്ങി പ്രവർത്തിക്കാൻ വേണ്ട കഴിവും തന്റേടവും ഉള്ള ജാത്യാഭിമാനികൾ ധാരാളം ഉണ്ടായിരുന്നു. അവരെ നയിക്കുന്നതിനും അവരുടെ ശക്തി സംഘടിപ്പിച്ച് ഉദ്ദിഷ്ട സ്ഥാനത്തേക്കു തിരിച്ചുവിട്ടു ലക്ഷ്യത്തിൽ തറച്ചുകേറത്തക്കവിധം ക്രമപ്പെടുത്തുന്നതിനും സർവ്വസൈന്യാധിപനായി ദൈവം ഒരാളെ നമുക്ക് അയച്ചുതന്നു. ആ ആളായിരുന്നു ഗീവറുഗീസ് മാർ ദീവന്നാസ്യോസ്. വിവിധാഭിപ്രായക്കാരും, പരസ്പര വിശ്വാസമില്ലാത്തവരും മത്സരമുള്ളവരുമായ അനുയായികളുടെ



ശക്തി സംഭരിച്ചു കേന്ദ്രീകരിച്ചു പ്രയോജനപ്പെടുത്തുന്നതിനു കഴിവോ വരമോ ഉണ്ടായിരുന്നതാണു ദീവന്നാസ്യോസിന്റെ വിജയരഹസ്യം."

## ധ്രുവതാരകം

അടുത്തകാലത്ത് അന്തരിച്ച ചരിത്രഗവേഷകനായ ഡോ. സാമുവൽ ചന്ദനപ്പള്ളി 1983 -ൽ രചിച്ച *വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ* എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ നിന്ന്: "മലങ്കരസഭാന്തരീക്ഷത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ പ്രഭാതയാമത്തിൽ ഒരു ധ്രുവതാരകം കണക്കെ തെളിഞ്ഞുയർന്ന ബഹുമുഖ പ്രതിഭയായിരുന്നു വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. സ്വയംശീർഷകത്വവും സ്വയം ഭരണവും ഉള്ള ദേശ്യവും ദേശജവുമായ സ്വതന്ത്രസഭയ്ക്കുവേണ്ടി ഒരു പുരുഷായുസ്സു മുഴുവൻ ആത്മീയാധികാരത്തിന്റെ അംശവടി ആയുധമായി സ്വീകരിച്ചുകൊണ്ട് അദ്ദേഹം അടരാടി. സ്വാതന്ത്ര്യം ജന്മാവകാശമാണെന്നും പാരതന്ത്ര്യം മൃതിയെക്കാൾ ഭയാനകമാണെന്നും സമകാലീന ദേശീയ സ്വാതന്ത്ര്യസമര ചരിത്രത്തിൽനിന്നു പ്രചോദനം കൊണ്ട തിരുമേനി, സ്വസമുദായത്തെ ബന്ധിച്ചിരുന്ന പാരതന്ത്ര്യത്തിന്റെ ചങ്ങലക്കെട്ടുകളെ പൊട്ടിച്ചെറിയാൻ നിർബദ്ധനായി. മലങ്കരസഭയുടെ ആത്മീയവും ലൗകികവും ആയ അധികാരാവകാശങ്ങൾ വൈദേശികമായ അന്ത്യോഖ്യൻ സഭയ്ക്കു അടിയറ വയ്ക്കാൻ, പൂർവിക പിതാക്കന്മാർ തലമുറകളിൽനിന്നു തലമുറകളിലേക്കു കൈമാറി, തന്നെ ഭരമേല്പിച്ച ആത്മീയപൈതൃകം മറ്റൊരു സ്ഥാനത്തേക്കു കൈമാറാൻ, തലച്ചോറു ചെരിപ്പിനടിയിൽ കൊണ്ടുനടക്കാൻ ഇഷ്ടപ്പെടാത്ത ആ ധിഷണാശാലി സമ്മതിച്ചില്ല. സഭാ സംബന്ധമായ ഒട്ടേറെ പ്രതിസന്ധികളെയും അഭിസന്ധികളെയും ഏകാകിയുടെ ആത്മപൗരുഷത്തോടെ അദ്ദേഹം നേരിട്ടു. മർദ്ദീനിലെ മരണനിഴൽ വീണ മരുഭൂമികളിലൂടെ സഞ്ചരിച്ചപ്പോഴും മാലാഖമാർ ആ മനുഷ്യപുത്രനെ ദൈവപുത്രനെയെന്നപോലെ കാത്തുസൂക്ഷിച്ചു. തെഗ്രീസിന്റെ തീരഭൂമിയിൽ നാമാവശേഷമായിക്കൊണ്ടിരുന്ന ക്രൈസ്തവസംസ്കാരത്തിന്റെ ശക്തിയും സൗന്ദര്യവും ആയിരുന്ന കാതോലിക്കാ സിംഹാസനത്തെ വീണ്ടെടുത്തു മലങ്കരയുടെ മണ്ണിൽ പുനഃപ്രതിഷ്ഠിച്ചതും അദ്ദേഹം തന്നെ. വൈദികാവൈദിക വ്യത്യാസം കൂടാതെ സമുദായാംഗങ്ങളെ സഭാഗാത്രത്തിലെ രക്തധമനികളാക്കി അവരുടെ സർഗ്ഗശക്തിയെ സഭയുടെ സമഗ്രപുരോഗതിയിലേക്കു തിരിച്ചുവിടുകയും ചെയ്തു. ആദ്ധ്യാത്മിക വിദ്യാവിചക്ഷണനും സുറിയാനിഭാഷാ പണ്ഡിതനും, പ്രഭാവശാലിയും ധീരസത്വനും, അതുല്യ കർമ്മധീരനും, അപ്രതിരോദ്ധ്യമായ ആജ്ഞാശക്തിയുടെ ഉടമയും ആയിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കരസഭയുടെ ഗത-സ്ഥിത കാലങ്ങളെ കൂട്ടിയി

ണക്കിയ ശക്തമായ കണ്ണിയാണ്. മലങ്കരസഭാ പ്രതിഷ്ഠാപകനായ മാർത്തോമ്മാശ്ലീഹായുടെയും, ആപത്ഘട്ടങ്ങളിൽ അടിപതറാതെ അക്ഷയമായ കർമ്മകുശലതയോടെ സഭയ്ക്ക് നേതൃത്വം നൽകിയ അർക്കദിയാക്കോന്മാരുടെയും, മാർത്തോമ്മാ നാമധാരികളായ മഹാപിതാക്കന്മാരുടെയും ആത്മീയ പൗരുഷത്തിന്റെ അനശ്വര ചൈതന്യം ആവാഹിച്ചിട്ടുള്ള വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര സഭാചരിത്രത്തിൽ നിത്യ 'ഭാസുര' നായി നിലകൊള്ളുന്നു."

## ശ്രദ്ധേയമായ മുഖവുര

രണ്ടു വാല്യങ്ങളിലായി മലങ്കരസഭാ ചരിത്രം അനുഭവങ്ങളുടെയും അനിഷേധ്യമായ രേഖകളുടേയും പിൻബലത്തോടെ രചിച്ച പത്തനംതിട്ട മല്ലശ്ശേരി കരിമരത്തിനാൽ ഫാ. കെ. കെ. വറുഗീസ് *"മലങ്കരസഭാ ഭാസുരൻ"* എന്ന രണ്ടാം വാല്യത്തിൽ (1992) എഴുതിയിരിക്കുന്ന അതിശ്രദ്ധേയമായ മുഖവുരയാണു ചുവടെ ചേർക്കുന്നത്. ഇപ്പോൾ 95 വയസ്സുള്ള ബഹുമാനപ്പെട്ട അച്ചൻ വട്ടശ്ശേരിൽ തിരുമേനിയുടെ കാലഘട്ടത്തിലെ പല സംഭവങ്ങളുടെയും ദൃക്സാക്ഷിയാകയാൽ ഈ മുഖവുര അക്ഷരംപ്രതി ശരിയാണെന്നു തറപ്പിച്ചു പറയാനാവും.

"തന്റെ സ്വന്തം സഭാമാതാവ് അപകടത്തിൽ എന്നു കണ്ട ക്ഷണത്തിൽ അദ്ദേഹം മുൻപിൻ നോക്കാതെ അടർക്കളത്തിൽ ചാടി പോരാട്ടം നടത്തി. തന്നോടുകൂടി അടർക്കളത്തിൽ ഇറങ്ങുന്നതിനോ തന്നെ സഹായിക്കുന്നതിനോ അദ്ദേഹം ആരോടും ആവശ്യപ്പെട്ടില്ല. ആരേയും പ്രേരിപ്പിച്ചുമില്ല. ആ പിതാവ് സ്വന്തപുകഴ്ചയ്ക്കോ, ലാഭത്തിനോ വേണ്ടിയല്ല, സഭയുടെ നിലനില്പിനായിട്ടാണ് രാപകൽ വ്യത്യാസമില്ലാതെ ഊണും ഉറക്കവുമുപേക്ഷിച്ചു പോരാടുന്നു എന്നു കണ്ടപ്പോൾ വിദ്യാഭ്യാസപരമായും, സാമ്പത്തികമായും സാംസ്കാരികമായും സഭയിൽ പുരോഗതി കൈവരിച്ചിരുന്ന ജാത്യാഭിമാനികളായ മഹാഭൂരിപക്ഷം ജനങ്ങൾ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു. അവരുടെ നേതൃത്വം വഹിച്ചു സമരം ചെയ്യുവാൻ അദ്ദേഹത്തെപ്പോലെ ശക്തനായ ഒരു മെത്രാപ്പോലീത്തായെ ദൈവം നിയോഗിച്ചില്ലായിരുന്നു എങ്കിൽ മലങ്കരസഭ ഇന്ന് അറബികളുടെ പുരപ്പറമ്പുപോലെ അവശേഷിക്കുമായിരുന്നു.

അന്ത്യോക്യയുടെ നുകത്തിൻകീഴിൽ മെത്രാപ്പോലീത്തായുടെ തല കുനിപ്പിക്കുവാൻ മുടക്കു മുതലായ സർവ്വതന്ത്രങ്ങളോടുംകൂടി മാർ അബ്ദള്ള പാത്രിയർക്കീസും പാർശ്വവർത്തികളും ചേർന്നു നടത്തിയ ഉപജാപകങ്ങളേയും ദ്രോഹപ്രവൃത്തികളേയും സഭാ സ്നേഹം എന്ന ഒറ്റ കൈമുതലോടുകൂടി ബുദ്ധിപൂർവ്വം എതിരിട്ട് തകർത്തുകളഞ്ഞ ആ



മഹാപുരോഹിതന്റെ നടപടികളെപ്പറ്റി ഇന്നത്തെ തലമുറയിലുള്ള പലർക്കും കേട്ടുകേഴ്‌വി മൂലമുള്ള അറിവ് മാത്രമേയുള്ളൂ. ആ പിതാവ് ക്രൂശേറിയാണ് മലങ്കരസഭയുടെ അഭിമാനം സംരക്ഷിച്ചതും, അറബി വംശജരുടെ മുമ്പിൽ കുനിയാതെ നിവർന്ന് നിൽക്കുന്നതിനുള്ള അവകാശം ഉറപ്പിച്ചതും, മറ്റേത് സഭയോടും സമത്വത്തിൽ കഴിയുന്നതിനു സഹായകമായ ചുറ്റുപാടുകൾ സൃഷ്ടിച്ചതും എന്ന് ഇന്നത്തെ സഭാംഗങ്ങൾ മനസ്സിലാക്കിയിരിക്കണം. ആധുനിക തലമുറയ്ക്ക് അദ്ദേഹത്തെ സംബന്ധിച്ചുള്ള അറിവ് അല്പമാത്രവും എത്രയോ ശോചനീയവുമാണ്. "മുമ്പൊരുകാലത്ത് വട്ടശ്ശേരിൽ തിരുമേനി എന്നൊരു മെത്രാച്ചൻ മലങ്കരസഭയെ ഭരിച്ചിരുന്നു, അദ്ദേഹം ഒരു നല്ല വ്യവഹാരിയായിരുന്നു. വട്ടിപ്പണത്തിനുവേണ്ടി അദ്ദേഹം വ്യവഹാരം നടത്തി. അദ്ദേഹം മേലധികാരിയായ അന്ത്യോക്യാ പാത്രിയർക്കീസിനെ അനുസരിച്ചില്ല. അതിനാൽ പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി." അദ്ദേഹം മരണത്തെപ്പോലും അഭിമുഖീകരിച്ച് ആയുസ്സുമുഴുവൻ പോരാടി മലങ്കരയ്ക്ക് നേടിത്തന്ന സ്വാതന്ത്ര്യം അനുഭവിച്ചുവരുന്ന ഇന്നത്തെ തലമുറയുടെ അറിവ് ഇപ്രകാരമാണെങ്കിൽ ഇതെത്ര ലജ്ജാകരമാണ്. അക്ഷന്തവ്യമായ കൃത്യവിലോപം എന്നല്ലാതെ എന്താണ് പറയുക. ഈ പോരായ്മയ്ക്ക് അൽപമെങ്കിലും പരിഹാരമുണ്ടാകണമെന്നുള്ള ആഗ്രഹംമൂലം അണ്ണാറക്കണ്ണനും തന്നാലായത് എന്ന തരത്തിൽ ഞാൻ നടത്തിയ എളിയ പരിശ്രമത്തിന്റെ ഫലമാണ് ഈ സഭാചരിത്രഗ്രന്ഥം രണ്ടാം ഭാഗം.

85-ാം വയസ്സിലേക്ക് പ്രവേശിച്ചിരിക്കുന്ന എനിക്ക് വാർദ്ധക്യസഹജമായ എല്ലാ അവശതകളും ബാധിച്ചിരിക്കെ ഈ ചരിത്രഗ്രന്ഥം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത് ശൈശവകാലം മുതൽ ഞാൻ വളർന്നുവന്ന സാഹചര്യത്തിന്റെ സ്വാധീനത്താൽ വട്ടശ്ശേരിൽ തിരുമേനിയോട് എനിക്കുണ്ടായ നിസ്സീമമായ താൽപര്യമാണ്. വട്ടശ്ശേരിൽ തിരുമേനിയെന്നോ, കാതോലിക്കായെന്നോ ഓർത്തഡോക്സ് സഭയെന്നോ കേൾക്കുമ്പോൾ ചുവപ്പുകണ്ട കൂറ്റനെപ്പോലെ ഇളകിമറിയുന്ന ഒരു ജനസമൂഹത്തിന്റെ മദ്ധ്യത്തിലാണ് ഞാൻ ശൈശവം മുതൽ വളർന്നുവന്നത്. വട്ടശ്ശേരിൽ തിരുമേനിയെ അനുകൂലിക്കുന്ന കേവലം ന്യൂനപക്ഷക്കാരായ ഞങ്ങളുടെ നേരെ സദാ തൊടുത്തുവിട്ടുകൊണ്ടിരുന്ന അധിക്ഷേപങ്ങളും പോർവിളികളും കേട്ടു പലപ്പോഴും ഞാൻ ഭയന്നു പകച്ചുനിന്നിട്ടുണ്ട്. മെത്രാൻ കക്ഷിക്കാരുടെ ആത്മീയാവശ്യങ്ങൾ സ്വന്ത ഇടവകപ്പള്ളിയിൽ നിന്ന് സാധിച്ചുകിട്ടുന്നതല്ല എന്നു വന്നപ്പോൾ ഞങ്ങൾ വേറെ പള്ളിവച്ച് അവിടേക്ക് മാറുവാൻ നിർബന്ധിതരായി. എന്നിട്ടും അധിക്ഷേപങ്ങൾക്കും വെല്ലുവിളികൾക്കും ഒട്ടും കുറവുവന്നില്ല.

അന്നന്നു നടക്കുന്ന സഭാകാര്യങ്ങൾ അറിഞ്ഞേ മതിയാകൂ എന്നു

വന്നപ്പോൾ മനോരമ പത്രം വരുത്തി വായിക്കുവാൻ തുടങ്ങി. 1913 ആയപ്പോൾ പ്രായമുള്ളവർ വായിക്കുന്നത് കേട്ടു മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞു. സി. ജെ. കുര്യൻ എന്ന ധനാഢ്യനായ ഒരാൾ വട്ടശ്ശേരിൽ തിരുമേനിയെ ഭയപ്പെടുത്തി സെമിനാരിയിൽ നിന്നു ഓടിക്കുവാൻ മേത്തന്മാരെയും ചോവന്മാരെയും നിയോഗിച്ചു എന്നും, അത് ഫലപ്രദമാകാതെ വന്നപ്പോൾ തിരുമേനിയെ വധിക്കുന്നതിന് ആയുധം കൊടുത്ത് ഒരു മേത്തനെ സെമിനാരിയിലേക്ക് അയച്ചു എന്നും അവൻ മൂന്ന് രാത്രിയിൽ സെമിനാരിയിൽ കയറാൻ ശ്രമിച്ചു എന്നും ഗോവണി തെന്നി അവൻ താഴെവീണു എന്നും അങ്ങനെ അവൻ ആ ശ്രമം ഉപേക്ഷിച്ചു എന്നും, ഒടുവിൽ തിരുമേനിയുടെ കാവൽക്കാരൻ ആനപ്പാപ്പിയെന്ന മല്ലനെ മൃഗീയമായവിധം വാളുകൊണ്ടു വെട്ടിയും ഉലക്ക കൊണ്ട് തല അടിച്ചു പൊട്ടിച്ചും കൊന്നു എന്നും ബാല്യത്തിൽതന്നെ ഞാൻ ഗ്രഹിച്ചിരുന്നു. ആ വിവരങ്ങൾ അറിഞ്ഞപ്പോൾ എന്റെ ഹൃദയം ഭയം കൊണ്ടും സങ്കടം കൊണ്ടും നിറഞ്ഞു. തിരുമേനിയെ ഞാൻ കണ്ടിട്ടില്ലെങ്കിലും അദ്ദേഹത്തോടുള്ള താല്പര്യം വർദ്ധിച്ചു. അദ്ദേഹത്തെ കാണാനുള്ള ആഗ്രഹവും കൂടിവന്നു. 1916 ലെ മാക്കാംകുന്നു കൺവൻഷന് വന്ന തിരുമേനിയെ ഞാൻ കൺകുളിർക്കെ കണ്ടു. പിന്നീടു പലപ്പോഴും തിരുമേനിയെ കാണുന്നതിനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിരുന്നു. സഭയോടും തിരുമേനിയോടുമുള്ള എന്റെ താല്പര്യം വർദ്ധിച്ചുകൊണ്ടിരുന്നു. 1920 ൽ തിരുമേനിക്ക് അനുകൂലമായി കേസ് വിധിച്ചപ്പോൾ എന്റെ ആഹ്ലാദത്തിന് അതിരില്ലായിരുന്നു. 1923 ൽ കേസ് ദോഷമായി വിധിച്ചപ്പോൾ എനിക്ക് അളവറ്റ ദുഃഖമാണുണ്ടായത്. തിരുമേനി 1923 ൽ മർദ്ദീനിൽ പോയപ്പോൾ തിരുമേനിയുടെ ഫോട്ടോയുടെ കോപ്പികൾ ഞാൻ ഇവിടെയുള്ള നമ്മുടെ വീടുകളിൽ വിതരണം ചെയ്തു. 1927 കുംഭം 2-ാം തീയതി സഭയിലെ ഇരുഭാഗങ്ങളുടെയും ആവശ്യപ്രകാരം സമാധാനാലോചനയ്ക്കായി ആലുവായിൽ കോനാട്ട് മല്പാന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച മഹായോഗത്തിൽ ഞാനും പോയി സംബന്ധിച്ചു. 1927 ഇടവത്തിൽ ഞാൻ ശെമ്മാശ്ശനായതോടുകൂടി വട്ടശ്ശേരിൽ തിരുമേനിയെ സംബന്ധിച്ചും സഭയെപ്പറ്റിയും കൂടുതൽ പഠിക്കുവാൻ ശ്രമിച്ചു. 1929 മുതൽ 1932 വരെ സഭയെ സംബന്ധിച്ചിടത്തോളം സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നു. ആ കാലത്ത് ഞാൻ കോട്ടയത്ത് താമസിച്ചിരുന്നതിനാൽ പല സംഭവങ്ങളും നേരിട്ടറിയുന്നതിനും പലതിലും സംബന്ധിക്കുന്നതിനും എനിക്ക് സാധിച്ചു. മാർ യൂലിയോസിന്റെ സസ്പെൻഷൻ കേസ് 1929 ൽ ആയിരുന്നു. 1929 കുംഭം 2 -ാം തീയതി നടത്തപ്പെട്ട മാർ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമന്റെ കാതോലിക്കാ സ്ഥാനാരോഹണത്തിലും 3-ാം തീയതി നടന്ന പാമ്പാടി തിരുമേനിയുടെയും ബഥനി മാർ തെയോഫിലോസിന്റെയും മെത്രാൻ സ്ഥാനാഭിഷേകത്തിലും ഞാൻ ആദ്യന്തം



സംബന്ധിച്ചു. 1930 ൽ ഇൻഡ്യാ വൈസ്രോയി ഇർവിൻ പ്രഭു സഭയിലെ ഇരുവിഭാഗം മെത്രാന്മാരുമായി കോട്ടയം ടി. ബി. യിൽ വച്ച് നടത്തിയ സമാധാനാലോചന, ബഥനി മാർ ഈവാനിയോസിന്റെ സഭാഭ്രംശം, 1931 ൽ ഏലിയാസ് പാത്രിയർക്കീസിന്റെ ആഗമനം, ആലുവാ സെമിനാരിയിൽ വച്ച് അദ്ദേഹവുമായി മാർ ദീവന്നാസ്യോസിന്റെ സൗഹാർദ്ദകൂടിക്കാഴ്ച, ആറു ദിവസം കഴിഞ്ഞ് ഒരു മുടക്കുതീർക്കൽ പ്രസ്താവന, കുറുപ്പുംപടി പള്ളിയിൽ വച്ച് അഴിയാമുടക്കിനുള്ള സുന്നഹദോസ് പ്രഹസനം, അവിടെവച്ചുതന്നെ പാത്രിയർക്കീസ് വിളിച്ചുകൂട്ടിയ പള്ളിപ്രതിപുരുഷയോഗം, മലങ്കര മെത്രാപ്പോലീത്താ വിളിച്ചുകൂട്ടാൻ തീരുമാനിച്ച എം. ഡി. അസോസിയേഷന് പാത്രിയർക്കീസിന്റെ നിരോധന പ്രഖ്യാപനം, ഇവയെല്ലാം 1929 മുതൽ 1932 വരെയുള്ള കാലങ്ങളിൽ നടന്നിട്ടുള്ളവയാണ്. മെത്രാപ്പോലീത്താ വിളിച്ചുകൂട്ടിയ എം. ഡി. സെമിനാരി അസോസിയേഷന്റെ നിശ്ചയപ്രകാരം 19 കൊല്ലത്തെ വട്ടിപ്പണപ്പലിശ 16000 രൂപാ അദ്ദേഹം ഒന്നിച്ചുവാങ്ങിച്ചു. ആ അസോസിയേഷനിൽ ഞാനും പള്ളിപ്രതിപുരുഷൻ എന്ന നിലയിൽ സംബന്ധിച്ചിരുന്നു. കൂടാതെ മലങ്കരയിൽ ഇദംപ്രഥമമായി കാതോലിക്കാബാവാ നടത്തിയ മൂറോൻ കൂദാശയിൽ ഞാൻ ഒരു ശെമ്മാശ്ശൻ എന്ന നിലയിൽ ശുശ്രൂഷകനായിരുന്നു. 1934 കുംഭത്തിൽ നടന്ന വട്ടശ്ശേരിൽ തിരുമേനിയുടെ കബറടക്കത്തിലും ഞാൻ സംബന്ധിച്ചിരുന്നു. ചെറുപ്പകാലത്തു തന്നെ സഭാകാര്യങ്ങൾ പഠിക്കാൻ വേണ്ട സാഹചര്യങ്ങൾ എനിക്ക് ലഭിച്ചത് ഒരു വലിയ നേട്ടമായി ഞാൻ കരുതുന്നു.

അന്ത്യോക്യാ എന്നോ ശീമ എന്നോ പറഞ്ഞാൽ അത് സ്വർഗ്ഗത്തിന്റെ ഒരു ഭാഗമോ അല്ലെങ്കിൽ സ്വർഗ്ഗത്തോടു ഏറ്റവും അടുത്ത ഒരു സ്ഥലമോ ആണെന്നും അവിടെനിന്ന് വരുന്നവർ കർത്താവിന്റെ കുടുംബക്കാരാണെന്നും അവർ ആരായാലും പരിശുദ്ധന്മാരാണെന്നും അവർ ശപിച്ചാൽ ശാപം ഏൽക്കുന്നവന്റെ സകലവും ആവിയായിപ്പോകുമെന്നും ശപിക്കപ്പെടുന്നവർ പട്ടക്കാരായാൽ അവരുടെ പട്ടത്വനൽവരം നഷ്ടപ്പെട്ട് അത്മായക്കാരായിത്തീരുമെന്നും അത്മായക്കാരാണെങ്കിൽ പുറജാതിക്കാരായിത്തീരുമെന്നും മലങ്കര നസ്രാണികൾ വിശ്വസിച്ചിരുന്നു; അല്ലെങ്കിൽ അപ്രകാരം വിശ്വസിപ്പിച്ചിരുന്നു. മാർ അബ്ദള്ളാ പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയത് ഇപ്രകാരമായിരുന്നു: "നിങ്ങൾക്ക് തന്നതു ഞാൻ തിരികെ എടുത്തിരിക്കുന്നു; നിങ്ങൾ ഇനിയും മെത്രാനോ കത്തനാരോ അല്ല. നിങ്ങളെ പട്ടത്വത്തിൽ നിന്ന് ഉരിഞ്ഞിരിക്കുന്നു.'' ഈ ബൂളാ പുറപ്പെടുവിച്ചു കഴിഞ്ഞപ്പോൾ മെത്രാപ്പോലീത്താ ഉലഹന്നാൻ ഗീവറുഗീസായിത്തീർന്നു. ഇതു കൂടാതെ അന്ത്യോക്യർ ദ്രവ്യം ചെലവു ചെയ്തും രക്തം ചീന്തിയും ആണ് മലങ്കരയിൽ സഭ സ്ഥാപിച്ചതെന്നും,

പൂർവ്വിക കാലം മുതലെ മലങ്കരയുള്ള സുറിയാനിപ്പള്ളികളും, പള്ളിവക നിലം പുരയിടങ്ങളും പൊൻ, വെള്ളി മുതലായ സകല സാമാനങ്ങളും അന്ത്യോക്യാ സിംഹാസനത്തിലെ സ്വന്തം വകയും അവിടുത്തെ പൂർണ്ണ അധികാരത്തിൻ കീഴ് അടങ്ങിയതുമാകുന്നുവത്രെ. മലങ്കരയിലെ 12 പള്ളികളിൽ നിന്നു സമ്മതിച്ചു അല്ലെങ്കിൽ സമ്മതിപ്പിച്ച് എഴുതി ഒപ്പിട്ടു രജിസ്റ്ററാക്കിയ പ്രമാണങ്ങൾ അന്ത്യോഖ്യാ സിംഹാസനത്തിൽ ഇന്നും സൂക്ഷിച്ചിരിക്കുന്നു. അന്ത്യോക്യയിൽ നിന്ന് മലങ്കരയിൽ വരുന്നവരെല്ലാം ബാവാമാർ എന്ന് അറിയപ്പെടുന്നു. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസും, പൗലോസ് മാർ കൂറിലോസും മെത്രാൻ സ്ഥാനാഭിഷേകം പ്രാപിച്ചു മടങ്ങിവന്നപ്പോൾ സ്ലീബാ ശെമ്മാശ്ശൻ, ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാൻ സ്ഥാനാഭിഷേകം പ്രാപിച്ച് അവരോടുകൂടി പോകുന്നു. അവർ ഇവിടെ എത്തിയപ്പോൾ മാർ ഒസ്താത്തിയോസ്, ബാവായായും മറ്റവർ രണ്ടുപേരും മെത്രാന്മാരുമായും അറിയപ്പെട്ടു. 1924 ൽ വട്ടശ്ശേരിൽ തിരുമേനി മർദ്ദീനിൽ പോയി. മടങ്ങിപ്പോരാൻ സമയത്ത് അദ്ദേഹം കുടിച്ചേർന്ന് വാഴിച്ച യൂലിയോസ് മെത്രാൻ മലങ്കര വന്നപ്പോൾ യൂലിയോസ് ബാവായായിട്ടാണ് അറിയപ്പെട്ടത്. ഈ ശീമമെത്രാന്മാരെല്ലാം മലങ്കരയിൽ ബാവാമാർ എന്ന നിലയിൽ ആദരിക്കപ്പെട്ടു വന്നിരുന്നു.

മലങ്കര മെത്രാപ്പോലീത്താ എത്ര ശ്രേഷ്ഠനായാലും വൃദ്ധനായാലും അദ്ദേഹത്തെ ശീമബാവ, അവൻ, ഇവൻ, നീ എന്നിങ്ങനെ തീരെ ബഹുമാനമില്ലാതെ മാത്രമേ സംബോധന ചെയ്യുമായിരുന്നുള്ളു. കാരണം, ശീമബാവാ മലങ്കരസഭയുടെ ജന്മിയും മലങ്കര മെത്രാപ്പോലീത്താ അദ്ദേഹത്തിന്റെ കൊഴുവനും ആകുന്നു എന്ന് ശീമക്കാർ ഭാവിച്ചിരുന്നു. ശീമബാവാമാരുടെ വെളുത്ത കരങ്ങളിൽക്കൂടി മാത്രമേ പരിശുദ്ധാത്മ നൽവരം പ്രവഹിക്കുകയുള്ളു. മലങ്കരക്കാരന്റെ കറുത്ത കരങ്ങളിൽക്കൂടി പരിശുദ്ധാത്മാവ് പ്രവഹിക്കുന്നതല്ല എന്നുള്ള മിഥ്യാ ധാരണയും ശീമക്കാർ ഇവിടെ പരത്താൻ ശ്രമിച്ചു. 1825 -ൽ ശീമയിൽ നിന്ന് ഒരു അത്താനാസ്യോസും കൂടെ സുബോറോ എന്നൊരു റമ്പാനും മലങ്കരയിൽ എത്തി. അന്ന് മലങ്കരയെ ഭരിച്ചുകൊണ്ടിരുന്നത് ആഞ്ഞൂർ മാർ പീലക്സിനോസും സഹായി ചേപ്പാട്ടു മാർ ദീവന്നാസ്യോസും ആയിരുന്നു. അവർക്ക് ശീമപ്പട്ടമല്ല മലങ്കര പട്ടമായിരുന്നു ലഭിച്ചിരുന്നത്. അതുകൊണ്ട് അവർ മേല്പട്ടക്കാരായിരിപ്പാൻ അർഹരല്ലെന്നും മേല്പട്ട സ്ഥാനത്തിനടുത്ത ചുവന്ന കുപ്പായം,  വടി, സ്ലീബാ ഇവ ധരിക്കുവാൻ അവർക്ക് അവകാശമില്ലെന്നും ശീമ മെത്രാൻ ശഠിച്ചു. അവരെ കത്തനാരന്മാരെന്നാണ് അദ്ദേഹം സംബോധന ചെയ്തത്. അവരുടെ ചുവന്നകുപ്പായം വലിച്ചുകീറുമെന്നും വടിയും സ്ലീബായും കഷണമാക്കുമെന്നും ആക്രോശിച്ചുകൊണ്ട് റമ്പാൻ അവരുടെ നേരെ ചീറിയടുത്തു. സെമിനാരി



പ്രിൻസിപ്പൽ ഫെൻ ഇടപെട്ടതിനാൽ മറ്റു അനിഷ്ട സംഭവങ്ങൾ ഒന്നും കൂടാതെ കഴിഞ്ഞു. മലങ്കര മെത്രാന്മാരുടെ ആസ്ഥാനം കയറി ഒരു ശീമ റമ്പാൻ കാണിച്ച മുഷ്ക്ക് എന്നല്ലാതെ ഇതിനെപ്പറ്റി എന്താണ് പറയേണ്ടത്. നാട്ടുമെത്രാന്മാരിൽ നിന്ന് പട്ടംഏറ്റ കോനാട്ടു മൽപാൻ, പാലക്കുന്നത്തു മൽപാൻ, ഇടവഴിക്കൽ പീലിപ്പോസ് കത്തനാർ ആദിയായ ഒൻപതു പട്ടക്കാർക്കു വീണ്ടും പട്ടം കൊടുത്തതും ശീമക്കാരുടെ മുഷ്കല്ലയോ. നാട്ടുമെത്രാന്റെ പേര് തുബ്ദേനിൽ വായിച്ച ശുശ്രൂഷക്കാരനെ പുതുപ്പള്ളിപള്ളിയിൽ സുബോറൊ റമ്പാൻ തള്ളിമറിച്ചിട്ടു.

ശീമയിലെ മെത്രാന്മാരുടെ യോഗത്തിനു *പരിശുദ്ധ സുന്നഹദോസ്* എന്നാണ് പറയുന്നത്. എന്നാൽ മലങ്കരയിലെ മെത്രാന്മാരുടെ യോഗത്തിന് *മെത്രാന്മാരുടെ സംഘം* എന്നേ പറയാവൂ. മലങ്കരയിലെ അസോസ്യേഷനിൽ ആലോചിക്കുന്ന സംഗതികൾ പാത്രിയർക്കീസിന്റെ അംഗീകാരത്തിനു വേണ്ടി *മലങ്കരയിലെ മെത്രാന്മാരുടെ സംഘം ഒപ്പിട്ടു* അയയ്ക്കേണ്ടതാകുന്നു. അപ്രേം പാത്രിയർക്കീസിന്റെ കൽപനയാണ് ഇത്. മലങ്കരയിൽ നിന്നു ശീമയിൽ പോയി പട്ടം ഏൽക്കുന്നവരെ കസേരയിൽ ഇരുത്തി മാത്രമേ ഓക്സിയോസ് വിളിക്കുകയുള്ളു. കസേരയിൽ ഇരുത്തി കസേരയോടുകൂടി ഉയർത്തി ഓക്സിയോസ് വിളിക്കണമെന്നുള്ളത് കാനോൻ നിയമമായിരിക്കെ *ശീമക്കാർ കസേരയോടുകൂടി ഉയർത്തുകയില്ല*. കാരണം മലങ്കരക്കാർ അടിമവർഗ്ഗത്തിൽപെട്ടവരാണ്. മലങ്കരയിൽ ആരെയും പരിശുദ്ധൻ എന്നു വിളിക്കുവാൻ പാടില്ല. കാതോലിക്കോസിന്റെ ലെറ്റർ ഹെഡിംഗിൽ സ്ഥാനപ്പേരിനോടുകൂടി "പരിശുദ്ധ" എന്ന വിശേഷണം ചേർത്തുകൂടാ. കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് റമ്പാനായിരുന്നപ്പോൾ കുന്നംകുളത്ത് ആർത്താറ്റു പള്ളിയിൽ നോമ്പോടും, ഉപവാസത്തോടും, പ്രാർത്ഥനയോടുംകൂടി വളരെക്കാലം താമസിച്ചിരുന്നതിനാൽ ആത്മീയ സിദ്ധികൾ പ്രാപിച്ചിട്ടുള്ള ഒരു വിശുദ്ധനായിരുന്നു. അദ്ദേഹം പഴയസെമിനാരിയിൽ കബറടക്കപ്പെട്ടതിനാൽ ആർത്താറ്റു ഇടവകക്കാർ അദ്ദേഹത്തിന്റെ സ്മരണയ്ക്കായി ഒരു കബർ പള്ളിയോടു ചേർത്തു പണിത് അവിടെ മെഴുകുതിരി കത്തിച്ചു പ്രാർത്ഥിക്കുക പതിവായിരുന്നു. ശീമ ബാവാ യുയാക്കീം മാർ കൂറിലോസ് ആർത്താറ്റുപള്ളിയിൽ കുർബ്ബാന കഴിഞ്ഞു പുറത്തുവന്നപ്പോൾ ജനങ്ങൾ കബറിടത്തിൽ മേൽപ്രകാരം ചെയ്യുന്നതു കണ്ടു. ബാവായ്ക്കു കലികയറി 'മലങ്കരയിൽ പരിശുദ്ധനോ?' എന്ന് ആക്രോശിച്ചുകൊണ്ട് ആ കബറിടം തല്ലിപ്പൊളിക്കുകയുണ്ടായി.

ലെറ്റർ ഹെഡിംഗിൽ ചുവന്നമഷി ഉപയോഗിക്കുവാനും സിംഹാസനത്തിൽ ആസനസ്ഥനാകുവാനും അന്ത്യോക്യാ പാത്രിയർക്കീസിനു

മാത്രമേ അവകാശമുള്ളൂ എന്നും മലങ്കര കാതോലിക്കായ്ക്ക് അതിന് അവകാശമില്ലെന്നും ആയിരുന്നു അന്ത്യോക്യരുടെ നിലപാട്. അബ്ദള്ളാ പാത്രിയർക്കീസ് മലങ്കര പള്ളികൾ സന്ദർശിക്കുന്നതിനായി പുറപ്പെട്ട് പുതുപ്പള്ളിയിലും, കരിങ്ങാശ്രയിലും താമസിക്കുമ്പോൾ വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ പാത്രിയർക്കീസിന്റെ സുഖസൗകര്യങ്ങൾ അന്വേഷിക്കുവാൻ അവിടെ ചെന്നു. "ദീവന്നാസ്യോസ് പൊയ്ക്കൊള്ളണം; ഇവിടെ താമസിക്കേണ്ട ആവശ്യമില്ല" എന്ന് ബാവാ ആജ്ഞാപിച്ചതനുസരിച്ചു അദ്ദേഹം ആ പള്ളിയിൽ നിന്നു പോരികയാണ് ചെയ്തത്. മെത്രാപ്പോലീത്താ കരിങ്ങാശ്ര നിന്നു പുറപ്പെട്ടു കണ്ടനാടു പള്ളിയിൽ കയറി എന്നറിഞ്ഞു കോനാട്ടു മൽപാൻ വശം കത്തു കൊടുത്തയച്ച് അവിടെനിന്ന് അദ്ദേഹത്തെ ഓടിച്ചു. പാത്രിയർക്കീസ് പര്യടനം കഴിഞ്ഞ് പഴയസെമിനാരിയിൽ വന്നപ്പോൾ അദ്ദേഹം മുമ്പു താമസിച്ചിരുന്ന മുറിയിൽ താമസിക്കാതെ മലങ്കര മെത്രാപ്പോലീത്തായുടെ മുറിയിൽ കയറി താമസിക്കുകയാണ് ചെയ്തത്. മെത്രാപ്പോലീത്താ വേറൊരു മുറിയിൽ മാറി താമസിച്ചു.

പാത്രിയർക്കീസ് മെത്രാപ്പോലീത്തായോട് ഇത്രമാത്രം ഹീനമായി പ്രവർത്തിച്ചിട്ടും അദ്ദേഹം യാതൊരു പിറുപിറുപ്പും കൂടാതെ എല്ലാം സഹിക്കുകയും വഹിക്കുകയും ചെയ്തു എന്നു കണ്ടപ്പോൾ ഇനിയും എന്തും ആകാം എന്നൊരു തോന്നൽ പാത്രിയർക്കീസിനുണ്ടായി. 'നിങ്ങളെ പട്ടത്വത്തിൽ നിന്നു ഉരിഞ്ഞിരിക്കുന്നു' എന്നും 'ഇനിയും നിങ്ങൾ ഒരു മേല്പട്ടക്കാരനോ പട്ടക്കാരനോ അല്ല' എന്നും കാണിച്ച് ഒരു ബൂളാ പാത്രിയർക്കീസ് മെത്രാപ്പോലീത്തായുടെ പേർക്ക് അയച്ചുകൊടുത്തു. ഇനിയും ക്ഷമിക്കുന്നത് ബുദ്ധിയല്ല എന്ന് കണ്ടിട്ട് മെത്രാപ്പോലീത്താ അബ്ദൽ മിശിഹാ പാത്രിയർക്കീസിന്റെ സഹകരണത്തോടുകൂടി തെഗ്രീസിലെ കാതോലിക്കാസിംഹാസനം മലങ്കരയിലേക്കു മാറ്റി സ്ഥാപിക്കുകയും കണ്ടനാടു മാർ ഈവാനിയോസിനെ കാതോലിക്കായായി വാഴിക്കുകയും ചെയ്തു. ഇതു സംബന്ധിച്ചുണ്ടായ നീണ്ട വ്യവഹാരത്തിൽ ഇൻഡ്യയുടെ പരമാധികാര കോടതി "മലങ്കരസഭ 1912 -ൽ ഒരു കാതോലിക്കേറ്റായി പ്രഖ്യാപിക്കപ്പെടുകയും ഒരു കാതോലിക്കായെ വാഴിക്കുകയും ചെയ്തതോടുകൂടി അന്ത്യോക്യാ പാത്രിയർക്കീസിന് മലങ്കരസഭമേലുള്ള അധികാരം വട്ടപ്പൂജ്യമായി ചുരുങ്ങിയിരിക്കുന്നു" എന്ന് അവസാന വിധി കല്പിക്കുകയും ചെയ്തു. ഇതോടുകൂടി അന്ത്യോക്യരും പാർശ്വവർത്തികളും പുറന്തള്ളപ്പെടുകയും മലങ്കരസഭ സ്വതന്ത്രമായിത്തീരുകയും ചെയ്തു. കാൽ ശതാബ്ദക്കാലം രാപകൽ ഭേദമില്ലാതെ, വിശ്രമം കൂടാതെ, പീഡകൾ സഹിച്ച്, തീ തിന്നുകൊണ്ടു, സമുദായമുന്നണി നേതാക്കന്മാരുടെ സഹകരണത്തോടുകൂടി പോരാടി മലങ്കരസഭയെ സ്വതന്ത്രമാക്കി രക്ഷിച്ച ആ ധീരസേനാനി വട്ടശ്ശേരിൽ തിരുമേനിയെ ഈ സഭയുള്ള കാലത്തോളം സ്മരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ ആദർശങ്ങളെയും ആഹ്വാനങ്ങളെയും മുറുകെ പിടിച്ചുകൊണ്ടു മുന്നോട്ടു പോകു



ന്നതാണ് അദ്ദേഹത്തിന്റെ സ്മരണയെ നിലനിറുത്തുന്നതിന് ഇന്നത്തെ തലമുറയ്ക്ക് ചെയ്യാവുന്ന ഏറ്റവും മഹത്തായ കർമ്മം.

## 1. "താബോർ ദയറ പ്രധാന സ്ഥാപനമാകും"

**മലങ്കരസഭയിൽ** കക്ഷിവഴക്കും കേസ്സുകളും അവസാനമില്ലാതെ പെരുമഴപോലെ തുരുതുരെ തുടരുമ്പോഴും വട്ടശ്ശേരിൽ തിരുമേനി ഒട്ടധികം പള്ളികളും വിദ്യാലയങ്ങളും സ്ഥാപനങ്ങളും ആരംഭിക്കുന്നതിനു ഉത്സാഹിക്കുകയും പലരെ തൽസംബന്ധമായി പ്രോത്സാഹിപ്പിക്കുകയും ചെയ്തു എന്നുള്ളത് അദ്ദേഹത്തിന്റെ ഭരണപാടവത്തിനും കാലാതീതമായ ദർശനത്തിനും മകുടോദാഹരണമാണ്. ഇന്നു മലങ്കരസഭയിലെ വിദ്യാഭ്യാസ - സേവനപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം മുൻപന്തിയിൽനിൽക്കുന്ന പാമ്പാടി പൊത്തൻപുറം ദയറായിൽ തിരുമേനി എത്തി അതിനു "താബോർ ദയറാ" എന്നു പേരിട്ടു. ഇതു സംബന്ധിച്ചു "താബോറിലെ താപസവര്യൻ" എന്ന പാമ്പാടി തിരുമേനിയുടെ ജീവചരിത്രത്തിൽ (പുറം 47) ഇങ്ങനെ പറയുന്നു:

"പള്ളി പണി കഴിഞ്ഞ് അധികം താമസിയാതെ 1090 മേടം 13 നു തന്റെ (റമ്പാച്ചൻ) വന്ദ്യ ഗുരുഭൂതൻ വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമേനി മീനടം പാറയ്ക്കൽ പള്ളിയിൽ നിന്നുവന്നു ദയറായും പരിസരവും കണ്ട് സന്തോഷിച്ചു. അന്നു തിരുമേനി നാമകരണം ചെയ്തതാണു 'താബോർ ദയറ' എന്ന്. തിരുമേനിക്കു റമ്പാച്ചൻ സമുചിതമായ സ്വീകരണം നൽകി മംഗളപത്രവും സമർപ്പിച്ചു. വട്ടശ്ശേരിൽ തിരുമേനി രണ്ടു മൂന്നു ദിവസം ദയറായിൽ താമസിച്ചശേഷം പഴയസെമിനാരിയിലേക്കു തിരിച്ചുപോയി.

വട്ടശ്ശേരിൽ തിരുമേനി പൊത്തൻപുറം കുന്നിൽ കണ്ട കാഴ്ചകൾ താഴെ പറയും പ്രകാരം വർണ്ണിക്കപ്പെട്ടിരിക്കുന്നു:

"താബോർ കുന്നു സ്ഥിതി ചെയ്യുന്നത് എട്ടോ ഒൻപതോ സുറിയാനി പള്ളികളുടെ മധ്യത്തിലാണ്. ദയറായെ മധ്യേയാക്കിക്കൊണ്ട് അഞ്ചു നാഴിക അകലെയായി ഒരു വൃത്തം വരച്ചാൽ അതിനുള്ളിലായി പാമ്പാടി വലിയപള്ളി, പാമ്പാടി ചെറിയപള്ളി, വടക്കു പടിഞ്ഞാറായി മീനടം കിഴക്കേപള്ളി, പടിഞ്ഞാറു രണ്ടു പള്ളികൾ, തെക്കുമാറി തോട്ടയ്ക്കാട്ടു പള്ളി അഞ്ചുനാഴിക കിഴക്കായി വാഴൂർ പള്ളി, കങ്ങഴ പള്ളി എന്നിങ്ങനെ ഒൻപതു പള്ളികൾ കാണാം. വലിയ എടുപ്പുകൾ ഒന്നും താബോർ കുന്നിൽ ഇല്ലായിരുന്നു. ചുറ്റുമുള്ള സമൃദ്ധമായ ഭൂമിയുടെയും മിതമായിട്ടെങ്കിലും ഐശ്വര്യമായി ജീവിക്കുന്ന കർഷക സമുദായത്തിന്റെയും സ്ഥിതി ആലോചിച്ചാൽ അടുത്തകാലത്തു താബോർ ദയറാ ഒരു പ്രധാന

സ്ഥാപനമായിത്തീരുമെന്ന് വിചാരിക്കാൻ ന്യായമുണ്ട്. മിക്കവാറും സമതലമെങ്കിലും നാലുവശത്തോട്ടും മന്ദഗതിയിൽ ചരിഞ്ഞുകിടക്കുന്ന ദയറാ സ്ഥലം 12 ഏക്കറിൽ കുറയാതെ വിസ്തീർണ്ണമുള്ളതാണ്. കുന്നിൻപുറത്തു നിന്നാൽ പടിഞ്ഞാറു വളരെ ദൂരെ കാണപ്പെടുന്ന കായലും കടലോരങ്ങളും എത്രയും രമണീയങ്ങളത്രെ. ഈ സ്ഥലത്തെ ഒരു ദയറാ ആക്കിത്തീർക്കുന്നതിനു ഉത്സാഹിച്ച ആളും ഇപ്പോൾ അവിടെ പാർത്തുവരുന്ന ആളുമായ വ. ദി. ശ്രീ. കുറിയാക്കോസ് റമ്പാനവർകളുടെ ശ്രമവും എത്രയും ശ്ലാഘനീയമാണ്.

## ഒരു ഡയറിക്കുറിപ്പ്

ഡയറി എഴുതുന്നതിൽ തൽപരനായിരുന്ന പാമ്പാടി കുറിയാക്കോസ് റമ്പാച്ചന്റെ (പാമ്പാടിത്തിരുമേനി) 1087 മകരം 18 ലെ ഡയറിക്കുറിപ്പാണു ചുവടെ ചേർക്കുന്നത് (വിഷയം പഴയസെമിനാരിയിലെ തേങ്ങാ ഇടീൽ):

18 ഇന്നു കൊച്ചുകുഞ്ഞു (സി. ജെ. കുര്യൻ) മുതൽ പേർ തേങ്ങാ ഇടുവിക്കാനും പൊത്തുകെട്ടിക്കാനും സെമിനാരിപ്പറമ്പിൽ വന്നു. കുറെ ജോലിയൊക്കെ ചെയ്യിച്ചു. തിരുമേനിയുടെ വിരോധം മൂലം മുഴുവനായില്ല. മല്പാനെ (മട്ടയ്ക്കൽ) പിടിച്ചുതള്ളുക മുതലായവ ചെയ്തു. തിരുമേനി മല്പാനിട്ട് (കോനാട്ടു) ഒന്നു കൊടുത്തതായും കേട്ടു.

19 തിരുവല്ലായിൽ നിന്നും ആളുകളെ ക്ഷണിക്കാൻ തിരുമേനി പോയി.

20 താഴത്തങ്ങാടിക്കാർ വന്നു തെങ്ങിന്റെ പൊത്തെടുത്തു.

22 അൽവാറീസ് മെത്രാച്ചൻ സന്ധ്യക്കുശേഷം പോകുവാൻ ഒരുങ്ങുന്നു.

27 ഇന്നു മുതൽ കുറെ ആളുകളെ സെമിനാരിയിൽ താമസിപ്പിച്ചു വരുന്നു.

മീനം 5 സെമിനാരി, ചെറിയപള്ളി മുതലായവ പൂട്ടി.

13 പാത്രിയർക്കീസ് കക്ഷിക്കാരും കാവലിട്ടു.

15 ഒരു യാമനമസ്കാരം എഴുതിവരുന്നു.

20 തിരുവല്ലാ ആനപ്പാപ്പിയെ അടിച്ച് ആസന്നമരണനായി കിടക്കുന്നതായി കേട്ടു.

ഇടവം 7 ഇന്നേദിവസം അബ്ദേദ് മിശിഹാബാവാ പുറപ്പെട്ടതായി അദ്ദേഹത്തിന്റെ കമ്പി വന്നു.



## 2. കർമ്മേൽ ദയറ

മലങ്കരസഭയിൽ കക്ഷിവഴക്കു തുടങ്ങിയ കാലഘട്ടത്തിൽ ഓർത്തഡോക്സ് സഭയിലെ മേല്പട്ടക്കാർക്ക് കൊച്ചി - കണ്ടനാടു ഭദ്രാസനങ്ങളിൽ എത്തി താമസിക്കുന്നതിനു പറ്റിയ സ്ഥലങ്ങൾ ഇല്ലായിരുന്നു. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഒരിക്കൽ കണ്ടനാട്ടിൽ എത്തിയപ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ എത്തിയവരെ മറുകക്ഷിക്കാർ വഴിതെറ്റിച്ചുവിട്ടു. ഇതിൽ തിരുമേനിക്കു വലിയ മനഃപ്രയാസം ഉണ്ടായി. ഈ പശ്ചാത്തലത്തിൽ മെത്രാപ്പോലീത്തായുടെ കീഴിൽ ഉറച്ചുനിന്ന കണ്ടനാട്, മുളന്തുരുത്തി ഇടവകകളിൽപെട്ട തുകലൻ, കാച്ചിപ്പള്ളി, തുടിയൻ, വൈശ്യംപറമ്പിൽ എന്നീ കുടുംബാംഗങ്ങളുടെ പരിശ്രമത്താൽ വട്ടശ്ശേരിൽ തിരുമേനിയുടെ പേരിൽ അഞ്ചേക്കർ സ്ഥലം ഒരു നായർ കുടുംബാംഗത്തിൽ നിന്നു വിലക്കു വാങ്ങി. 1919 ൽ ഈ സ്ഥലത്തു മാർ കുറിയാക്കോസ് സഹദായുടെ പേരിൽ ഒരു ചാപ്പലിനു മെത്രാപ്പോലീത്താ തറക്കല്ലിട്ടു. 1930 -ൽ ചാപ്പൽ പണിതീർന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്തുതന്നെ പ്രവർത്തനം ആരംഭിച്ച പ്രമുഖ സുവിശേഷ പ്രചാരണ സംഘമായ സ്ലീബാദാസ സമൂഹത്തിന്റെ നേതാവ് മൂക്കഞ്ചേരിൽ എം. പി. പത്രോസ് റമ്പാച്ചന്റെ ആസ്ഥാനമായി ഈ സ്ഥലം 1950 -ൽ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ വിട്ടുകൊടുത്തു. വിജനമായി കിടന്ന സ്ഥലം തൈവച്ചും മറ്റും ഫലപുഷ്ടിയുള്ളതാക്കിത്തീർത്തു. സമൂഹത്തിന്റെ വൈസ് പ്രസിഡന്റായ റ്റി. വി. പീലിപ്പോസ് കോർഎപ്പിസ്കോപ്പായും സെക്രട്ടറി ഫാ. എം. ടി. ശാമുവലും അവിടെ താമസിച്ചു സമൂഹത്തിന്റെ പ്രവർത്തനങ്ങൾ നടത്തുന്നു. ഇപ്പോൾ മേല്പട്ടക്കാർക്കു വന്നാൽ താമസിക്കാൻ എല്ലാ സൗകര്യങ്ങളും ഉണ്ട്.

പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സ്പന്ദിക്കുന്ന കബറിടം ചാപ്പലിന്റെ വടക്കുവശത്തു സ്ഥിതിചെയ്യുന്നു. അദ്ദേഹത്തിന്റെ സ്മരണയെ നിലനിറുത്താൻ സ്ഥാപിച്ച ശിമയോൻ ഭവനം എന്ന വൃദ്ധമന്ദിരത്തിൽ ഏതാനും അന്തേവാസികൾ ഉണ്ട്. ആരംഭം മുതലേ കർമ്മേൽ ദയറാ മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിലാണ്.

## 3. വിദ്യാലയങ്ങൾ

വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഭരണകാലത്ത് സഭയിൽ വിദ്യാലയങ്ങളുടെ ഒരു ശൃംഖല തന്നെ ആരംഭിച്ചു. പലതും സഭ നേരിട്ടാരംഭിക്കാതെ സഭാംഗങ്ങളുടെ ഉത്സാഹത്താലും സഭാകേന്ദ്രത്തിന്റെ പ്രോത്സാഹനത്താലുമാണ് സ്ഥാപിക്കപ്പെട്ടത്. വെണ്ണിക്കുളം വെള്ളാറ മേമല എം. ഡി. യു. പി. എസ്. വട്ടശ്ശേരിൽ

തിരുമേനിയുടെ ഉത്സാഹത്തിൽ സ്ഥാപിതമായതാണ്. കുണ്ടറ എം. ജി. ഡി. (1916) പുതുപ്പള്ളി സെന്റ് ജോർജ് (1917), കടപ്ര സെന്റ് തോമസ് (1917), നിരണം സെന്റ് മേരീസ് (1918), കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് (1919), പുതുശ്ശേരി എം. ജി. ഡി. (1919), കാർത്തികപ്പള്ളി സെന്റ് തോമസ് (1919), തിരുമൂലപുരം ബാലികാമഠം (1920) സെന്റ് മേരീസ് ഹൈസ്കൂൾ വലിയകുന്നം (1920), മാവേലിക്കര (തഴക്കര 1921), പുത്തൻകാവ് മിഡിൽ സ്കൂൾ (1921), പത്തനാപുരം മൗണ്ട് താബോർ (1923), കുന്നംകുളം ജോസഫ് മാർ ഡയനീഷ്യസ് സ്കൂൾ (1925), ക്രൈസ്തവ മഹിളാലയം (1926), ശാസ്താംകോട്ട റസിഡൻഷ്യൽ സ്കൂൾ (1928), പാമ്പാടി എം. ജി. എം. (1929), പത്തനംതിട്ട കാതോലിക്കേറ്റ് (1931), മീനടം റ്റി. എം. യു. പി. എസ്. (1924) എന്നിവ തിരുമേനിയുടെ കാലത്ത് ആരംഭിച്ചതാണ്. സഭാകേന്ദ്രമായ കോട്ടയത്തുപോലും ഒരു കോളജും ആരംഭിക്കാൻ സാധിച്ചില്ല. സഭയിലെ കേസുകളായിരുന്നു തടസ്സമായിരുന്നത്.

**ഭരണഘടന**

മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ അനുമതിയോടുകൂടി ഒരു ഭരണഘടന തയ്യാറാക്കി അച്ചടിപ്പിച്ച് ഇടവകാംഗങ്ങൾക്ക് വിതരണം ചെയ്യുകയും 1105 കന്നി 29 -ന് കൂടിയ പൊതുയോഗത്തിൽ അംഗീകരിച്ച് നടപ്പിൽ വരുത്തുകയും ചെയ്തു. സഭാ ഭരണഘടന പിൽക്കാലത്തുണ്ടായപ്പോൾ നമ്മുടെ ഭരണഘടനയ്ക്ക് ഭേദഗതി നിർദ്ദേശിക്കേണ്ടതായി വന്നില്ല. മലങ്കരസഭാ ഭാസുരന്റെ അരുമശിഷ്യനായിരുന്ന കരിങ്ങണാമറ്റത്തിൽ മാത്യൂസ് കത്തനാർക്ക് സഭാഭരണഘടനയുടെ വ്യക്തമായ ഒരു രൂപം നേരത്തെ ദർശിക്കുവാനുള്ള അന്യാദൃശ പാടവം സിദ്ധിച്ചിരുന്നുവെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

## 4. ഡയറി എഴുത്ത്

വട്ടശ്ശേരിൽ തിരുമേനി വൈദികനായിരുന്ന കാലത്തു തന്നെ ഡയറി എഴുതിവന്നു. ഈ ഡയറിക്കുറിപ്പുകൾ അന്നത്തെ സഭാചരിത്രത്തിലേക്കു വെളിച്ചം വീശുന്നവയാണ്. നമ്മുടെ മിക്ക സഭാമേലദ്ധ്യക്ഷന്മാരും ഡയറി എഴുതാത്തതിനാൽ ചരിത്രസംബന്ധമായ വിവരങ്ങൾ ഇരുട്ടിലാണ്. പാറേട്ട് മാർ ഈവാനിയോസിന്റെയും പാമ്പാടി മാർ ഗ്രിഗോറിയോസിന്റെയും ഡയറിക്കുറിപ്പുകൾ സഭാചരിത്രത്തിന്റെ അനിഷേധ്യ തെളിവുകളാണ്. *മലങ്കര നസ്രാണികൾ* എന്ന പുസ്തക പരമ്പര എഴുതുന്നതിന് പാറേട്ട് മെത്രാച്ചന്റെ വൈദികനായിരുന്നതു മുതലുള്ള ഡയറിക്കുറിപ്പുകൾ വളരെയധികം സഹായിച്ചതായി സെഡ്. എം. പാറേട്ടു എടുത്തുപറഞ്ഞിട്ടുണ്ട്. ചരിത്ര ബോധമോ ചരിത്ര പഠനതാല്പര്യമോ ഇല്ലാത്ത ഒരു ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം ചരിത്ര സത്യങ്ങൾ പന്നിയുടെ മുന്നിൽ എറിഞ്ഞുകൊടുക്കുന്ന മുത്തുകൾക്കു തുല്യമാണല്ലോ. മലങ്കരസഭയുടെ ചരിത്രം ഐതിഹ്യങ്ങളെയും നിഗമനങ്ങളെയും ആശ്രയിച്ചു കഴിയുന്നതിന്റെ മുഖ്യ കാരണം ചരിത്രം സൂക്ഷിക്കാത്ത സഭാധികാരികൾ തന്നെയാണ്. പിതാമഹനോ മാതാമഹിയോ ആരെന്നു പോലും തിട്ടമില്ലാത്ത ആളുകൾക്ക് സഭയിലും ഭൂരിപക്ഷമുണ്ടാകും. ഈ ശോചനീയമായ സ്ഥിതിവിശേഷത്തെപ്പറ്റി ചിന്ത പോലുമില്ലാത്തവരും ഒട്ടും കുറവല്ല. സഭയുടെ മാത്രമല്ല, സ്വന്തം ഇടവകപ്പള്ളിയുടെ ചരിത്രംപോലും അറിഞ്ഞുകൂടാത്തവർ ആ ഇടവകയ്ക്ക് ഒരു ഭാരമായിരിക്കും. മലങ്കരസഭയെന്നുകേട്ടാൽ ചോര തിളക്കാത്തവരെക്കൊണ്ടു സഭയ്ക്കും തങ്ങൾക്കും എന്താണ് പ്രയോജനം എന്നു ചിന്തിക്കണം. വട്ടശ്ശേരിൽ തിരുമേനിയുടെ ഡയറിക്കുറിപ്പ് ഒരു ദിശാബോധം നൽകുമെങ്കിൽ എത്ര നന്ന്. 1886 -ലെ ഡയറിയിൽ നിന്നുള്ള ചില ഭാഗങ്ങളാണ് ചുവടെ ചേർക്കുന്നത്. പള്ളിവഴക്കുകൾ, അതിരു തർക്കങ്ങൾ, നെൽപിരിവ്, കെട്ടുതെങ്ങിൽ നിന്നുള്ള നാളികേര ശേഖരണം, വിവാഹം, പെരുന്നാളുകൾ, വള്ളം വഴിയുള്ള സഞ്ചാരങ്ങൾ, പട്ടംകൊട, നവപൂജാർപ്പണം മുതലായ വിവിധ വിഷയങ്ങളാണ് ഡയറിയിൽ എഴുതിയിട്ടുള്ളത്.



ഡയറി എഴുത്തിന്റെ ആദ്യഭാഗം ഇങ്ങനെ പോകുന്നു:

1886 ചിങ്ങം 30. അന്ത്യോഖ്യായുടെ മൂന്നാമത്തെ പത്രോസായ മാറാൻ മാർ ഇഗ്നാത്തിയോസു ബാവായുടെയും അവിടെനിന്നു അയയ്ക്കപ്പെട്ടിരിക്കുന്ന തീബേലിന്റെ മാർ ശെമഓൻ അത്താനാസ്യോസ് ബാവായുടെയും മലയാളത്തിന്റെ മാർ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെയും കോട്ടയം ഇടവകയുടെ മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെയും കണ്ടനാട് ഇടവകയുടെ മാർ പൗലൂസ് ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും അങ്കമാലി ഇടവകയുടെ മാർ ഗീവറുഗീസ് കൂറിലോസു മെത്രാപ്പോലീത്തായുടെയും തിരുവിതാംകോട്ടെ മൂലം തിരുനാൾ മഹാരാജാവിന്റെയും ദിവസങ്ങളിൽ വട്ടശ്ശേരിൽ യൗസേപ്പ് ഗീവറുഗീസ് കത്തനാരാൽ ഈ ഡയറി എഴുതപ്പെടുവാൻ തുടങ്ങി.

കോട്ടയത്തു സിമ്മനാരിയിൽ സുറിയാനി അസോസിയേഷൻ കമ്മിറ്റി കൂടി. ഞാനും ഉണ്ടായിരുന്നു. കമ്മിറ്റി മൂന്നു ദിവസത്തേക്ക് ഉണ്ടായിരുന്നു. ആലോചിച്ചു നിശ്ചയിച്ച കാര്യങ്ങളുടെ ചുരുക്കം താഴെപ്പറയുന്നു. ആലപ്പുഴ ജില്ലയിലും ഹൈക്കോർട്ടിലും വിധിച്ചുകിട്ടിയിരിക്കുന്ന കോട്ടയത്തു സിമ്മനാരിയുടെ സൊത്തുക്കളെയും വട്ടിപ്പണത്തേയും മറ്റും

തീർപ്പു നടത്തി കൈവശപ്പെടുത്തുന്നതിനു കോട്രസ്റ്റികളായി കോനാട്ടു യോഹന്നാൻ മല്പാനെയും കുന്നുംപുറത്തു കോര ഉലഹന്നാനേയും കമ്മിട്ടിക്കാരും പള്ളിക്കാരും കൂടി അധികാരപ്പെടുത്തി. നമ്പറിന്റെ അപ്പീൽ ചിലവിലേക്കു 7000 രൂപ വേണ്ടിയിരിക്കുന്നതിനാൽ ആയതു പള്ളികളിൽ നിന്നു അതാതിന്റെ യഥാശക്തിപോലെ എടുക്കണമെന്നു നിശ്ചയിച്ചു. തുലാമാസം ഒന്നു മുതൽ പഠിത്വം സിമ്മനാരിയിൽ തന്നെ തുടങ്ങണമെന്നു നിശ്ചയിച്ചു. അതിലേക്കുള്ള ചെലവു വകയ്ക്ക് എല്ലാ പള്ളികളിൽ നിന്നു പിടിയരിയും പള്ളികളിലെ വരവിൽ നിന്നു നൂറ്റുക്ക് അഞ്ചു കമ്മീഷനും പിരിക്കേണമെന്നു മൂന്നു സംവത്സരത്തേക്കു എല്ലാവരെയും ക്ലാസ്സു തിരിച്ച് ഒരു പിരിവ് എടുക്കണമെന്നും നിശ്ചയിച്ചു. പഠിത്വം നടത്തുന്നതിനുള്ള മേൽവിചാരത്തിനു മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായേയും പഠിപ്പിക്കുന്നതിനു കോനാട്ടു മത്തായി കത്തനാരെയും എന്നെയും നിശ്ചയിച്ചു.

എന്നാൽ പരുമല ജോലി നിമിത്തവും മറ്റു ചില കാരണങ്ങളാലും ഇനിക്കു ഇങ്ങോട്ടു പോരുന്നതിനു അത്ര മനസ്സുണ്ടായിരുന്നില്ല. പരുമലെ പഠിച്ചുവന്ന ശെമ്മാശന്മാരും കുട്ടികളും നിശ്ചയിച്ച അവധിക്കു തന്നെ ഇവിടെ വന്നുചേരുന്നതിന് ഞാൻ അവർക്ക് എഴുതി അയച്ചു. ഞാൻ വരുന്നില്ലാ എന്ന അറിവുകൊണ്ട് നിശ്ചയിച്ച തീയതി അവർ വന്നുചേർന്നില്ല. എന്നാൽ ഞങ്ങളുടെ നിർബന്ധം നിമിത്തം പിന്നത്തേതിൽ ചിലരൊക്കെയും വളരെ ദുഃഖത്തോടുകൂടെ വന്നുചേർന്നു. നിശ്ചയിക്കപ്പെട്ട തീയതി ശെമ്മാശന്മാർ വന്നുചേരാഞ്ഞതിനാൽ അന്നു പഠിത്വം തുടങ്ങിയില്ലെന്നു മാത്രമല്ല പിന്നത്തേതിൽ പാമ്പാക്കുട അച്ചൻ വന്നാറെയും അദ്ദേഹത്തിന് ഒരു ജ്വരം തുടങ്ങുകയാൽ അല്പനാളേക്കു പഠിത്വം തുടങ്ങുവാൻ പാടില്ലാതിരുന്നു. ഇനിക്ക് ഇങ്ങോട്ടു പോരുന്നതിന് മനസ്സുണ്ടായിരുന്നില്ലെങ്കിലും വല്യതിരുമനസ്സിലെ നിർബന്ധത്താലും ശെമ്മാശന്മാരുടെ താല്പര്യത്താലും മറ്റും പോരണമെന്നു തന്നെ നിശ്ചയിച്ചു.

ധനു 11. വ്യാഴാഴ്ച രാത്രി പരുമല നിന്നു വള്ളം കയറി. അപ്പോൾ ശെമ്മാശന്മാരിൽ നിന്നും കുട്ടികളിൽ നിന്നും ചിലരൊക്കെയും കൂടെ എന്നോടുകൂടെ പോരുന്നുണ്ടായിരുന്നു.

13. ശനിയാഴ്ച കാലത്തു ഇവിടെ എത്തി.

14. ശെമ്മാശന്മാരോടും മറ്റും ഞാൻ ഒരു ഗുണദോഷം പറഞ്ഞു.

15. കാലത്തെ ദൈവസഹായത്തെ യാചിച്ചുകൊണ്ടു പഠിത്വം നടത്തുവാൻ തുടങ്ങുകയും ചെയ്തു.



ഞാനും പാമ്പാക്കുട അച്ചനും തമ്മിൽ സ്നേഹം ആയിരിക്കേണമെന്നും ഒരിക്കലും യാതൊരു ഉന്നതഭാവവും തമ്മിൽ തമ്മിൽ കാണിക്കരുതെന്നും മറ്റും ഞങ്ങൾ തമ്മിൽ പറഞ്ഞു നിശ്ചയിച്ചു. ആയതു എന്നേക്കും നിലനില്ക്കുമാറാകട്ടെ.

**1887**

മകരം 29. കടമ്മനിട്ടെ പുത്തൻപുരയ്ക്കൽ ഗീവറുഗീസ് ശെമ്മാച്ചന്റെ കല്യാണത്തിനു വെണ്മണിയിൽ എത്തുവാനായിട്ടു 4 മണിക്കു വള്ളം കയറി.

മകരം 30 പകൽ പന്ത്രണ്ടു മണിക്കു പരുമലെ എത്തി. ഉച്ചയോടുകൂടെ അവിടെനിന്നു വള്ളം കയറി മാവേലിക്കരയെത്തി. കരവഴിയായി സന്ധ്യയ്ക്കു വെണ്മണിയിൽ എത്തി.

കുംഭം 1. ഞായറാഴ്ച വെളുപ്പിനു കൊച്ചുമെത്രാച്ചൻ തുമ്പമൺ നിന്നു വെണ്മണിയിൽ എത്തി. അന്നു കുർബ്ബാന ചൊല്ലിയതും വിവാഹം കഴിപ്പിച്ചതും മെത്രാച്ചൻ ആയിരുന്നു.

**1887**

മേടം 22. 20000 രൂപ കൊടുത്തയച്ചാൽ വിധി സമ്മതിച്ചു രാജിവച്ചേക്കാമെന്നു പാലക്കുന്നൻ സമ്മതിച്ചു പറഞ്ഞയച്ചതിനാൽ സായിപ്പിനോട് പണം വാങ്ങുവാനും രാജി ഉടമ്പടി ചെയ്യാനും ആയിട്ടു വല്യമെത്രാച്ചൻ ആലപ്പുഴയ്ക്ക് പോയി

23. മല്ലപ്പള്ളിക്കു പോകുവാനായി ഞാൻ തിരുവല്ലായിൽ എത്തിയപ്പോൾ ഇപ്പോൾ പോകേണ്ട എന്നു കല്പിച്ചതിനാൽ പോയില്ല. അന്നു തിരുവല്ലായിൽ പെരുന്നാൾ ആയിരുന്നു. അന്നു ഞാൻ അവിടെ താമസിച്ചു.

24. കൊച്ചുതിരുമനസ്സുകൊണ്ടു തിരുവല്ലായിൽ നിന്നു കാരെക്കലേക്കു പോയപ്പോൾ കല്പിച്ചതിനാൽ ഞാനും കൂടെപോയി. കാരക്കൽ പെരുനാൾ ആയിരുന്നു. കുർബാനയും കഴിഞ്ഞു സന്ധ്യയോടെ അവിടെ നിന്നു പുറപ്പെട്ടു.

# 13

# ഒരു പവിത്രചരിതൻ പത്രനേത്രങ്ങളിൽ

മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ദിവംഗതനായതിനെ തുടർന്ന് അദ്ദേഹത്തിന്റെ അപദാനങ്ങളെ പ്രകീർത്തിച്ചും ദേഹവിയോഗത്തിൽ അനുശോചിച്ചും അന്നത്തെ പത്രങ്ങൾ എഴുതിയ മുഖപ്രസംഗങ്ങളിൽ നിന്നുള്ള ഉദ്ധരണികളാണ് ചുവടെ ചേർക്കുന്നത്:

ഇവയിൽ *മലയാള മനോരമ, ദീപിക* എന്നിവ ഒഴിച്ചുള്ള പത്രങ്ങൾ എല്ലാം കാലക്രമേണ നിന്നുപോയി.

**മലയാള മനോരമ**

“ദൈവാശ്രയം, ബുദ്ധിശക്തി, പാണ്ഡിത്യം, സ്വഭാവ സംസ്കാരം, കർമ്മധീരത, അനഹങ്കാരം, കൃത്യബോധം, കളങ്കരഹിതമായ ജീവിതം, സ്ഥാനമാഹാത്മ്യം, സ്വസമുദായത്തിന്റെ സർവ്വപ്രധാനമായ ഘട്ടത്തിൽ നായകത്വം വഹിക്കാൻ സിദ്ധിച്ച ഭാഗ്യം, ജീവിത കാലത്തെ സംഭവബഹുലത, തന്നെ അഭിമുഖീകരിച്ച പ്രശ്നങ്ങളുടെ വിഷമതയും ബഹുലതയും എന്നിങ്ങനെ പല സംഗതികൾ ഒരുമിച്ചുചേർത്തു (ചിന്തിച്ചാൽ) ആലോചിച്ചു നോക്കിയാൽ മലങ്കര യാക്കോബായ സമുദായത്തിനു മാത്രമല്ല നസ്രാണി സമുദായത്തിൽ ഉണ്ടായിട്ടുള്ള മഹാരഥന്മാരിൽ വച്ച് പ്രഥമ സ്ഥാനത്തെ അർഹിക്കുന്ന ആളെന്ന് ന്യായമായി പരിഗണിക്കപ്പെടാൻ അർഹതയുള്ള പുണ്യാത്മാവായ മലങ്കരയുടെ നി. വ. ദി. ശ്രീ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ പരലോകപ്രാപ്തിയിലുള്ള അപാരമായ ദുഃഖത്തെ രേഖപ്പെടുത്തിക്കൊള്ളുന്നു.

.......... ജീവിത ദശയിലെ പ്രധാന സംഭവങ്ങളെപ്പറ്റിയോ അദ്ദേഹത്തിൽ ശോഭിച്ചിരുന്ന വിശിഷ്ട ഗുണങ്ങളെപ്പറ്റിയോ വിശദീകരിക്കുന്നതിന് ഒരുമ്പെടുന്നില്ല.” (1109 കുംഭം 15)

**ബഥനി മാസിക**

“മലങ്കര സഭാ ഭാസ്വരൻ” എന്ന അപരനാമത്താൽ സുപ്രസിദ്ധനായിരുന്ന മാർ ഗീവർഗീസ് ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമന



സ്സിലെ ദേഹവിയോഗത്തെപ്പറ്റി രേഖപ്പെടുത്തേണ്ടി വന്നതിൽ ഞങ്ങൾക്കുള്ള ദുസ്സഹദുഃഖം അവർണ്ണനീയമത്രെ. മല്ലപ്പള്ളിയിലെ ഏറ്റം പുരാതന കുടുംബങ്ങളിൽ ഒന്നായ വട്ടശ്ശേരിൽ കുടുംബത്തിൽ എഴുപത്താറു കൊല്ലങ്ങൾക്കു മുമ്പു ഭൂജാതം ചെയ്യുകയും കാലാന്തരത്തിൽ മലങ്കര സുറിയാനി സഭയുടെ എന്നു മാത്രമല്ല നസ്രാണി സമുദായം മുഴുവന്റെയും അഭിമാനസ്തംഭമായിത്തീരുകയും ചെയ്ത പുണ്യാത്മാവായ ഈ വന്ദ്യ തിരുമേനിയിൽ പ്രകാശിച്ചിരുന്ന ഗുണഗണങ്ങളെ പ്രകീർത്തിക്കുന്നതിനു ഞങ്ങൾ ഒരുമ്പെടുന്നില്ല. എങ്കിലും തിരുമേനിയെപ്പോലെ അഗാധമായ ബുദ്ധിശക്തി, നിഷ്കളങ്കമായ ദൈവഭക്തി, വേദശാസ്ത്ര പാണ്ഡിത്യം, കൃത്യബോധം, സ്വാർത്ഥപരിത്യാഗം, അനഹങ്കാരം, വീക്ഷണശക്തി, വിപദിധൈര്യം, ജീവിത നൈർമ്മല്യം, സത്യവിശ്വാസാചാര പ്രതിപത്തി എന്നിവ ഒരാളിൽ ഏകോപിച്ചു പ്രശോഭിച്ചിരുന്ന മേൽപട്ടക്കാരോ, പട്ടക്കാരോ, മലങ്കരസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നു ഒറ്റ വാചകത്തിൽ എങ്കിലും പ്രസ്താവിക്കാതെ നിവൃത്തിയില്ല. തിരുമനസ്സിലെ നിര്യാണം മലങ്കരസഭയ്ക്കു പൊതുവെയും ബഥന്യാശ്രമത്തിനു പ്രത്യേകിച്ചും അപരിഹാര്യമായ ഒരു നഷ്ടമാണ്. ആശ്രമം സ്ഥാപിച്ചതു മുതൽ ഇതുവരെ അതിന്റെ വിസിറ്റർ മെത്രാപ്പോലീത്താ ആയിരുന്ന തിരുമനസ്സിലെ അനുമതിയും ആശീർവാദവും പിതൃനിർവിശേഷമായ സ്നേഹവാത്സല്യങ്ങളും ആനുകൂല്യങ്ങളും സഹായസഹകരണങ്ങളും കൊണ്ടല്ലായിരുന്നുവെങ്കിൽ ഈ ആശ്രമം മലങ്കര സുറിയാനി സഭയിൽ ആവിർഭവിക്കുകയോ നിലനിൽക്കുകയൊ ചെയ്യുന്നതിനു ഇടവരുകയില്ലായിരുന്നു. തിരുമനസ്സിലെ വാത്സല്യ ശിഷ്യനായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളുടെ സഭാപരിവർത്തനം മൂലം മരണതുല്യമായ വേദന അനുഭവിച്ചുകൊണ്ടിരുന്ന ഞങ്ങൾക്കു പുണ്യശ്ശ്ലോകനായ ഈ തിരുമേനിയിൽ നിന്നു യഥാവസരം സിദ്ധിച്ച ആശ്വാസവചനങ്ങളും പ്രോത്സാഹനങ്ങളും ഞങ്ങളെ ധൈര്യപ്പെടുത്തുക തന്നെ ചെയ്തു. ഇവകൾക്കെല്ലാം തിരുമേനിയോട് എന്നാളും ഞങ്ങൾ കടംപെട്ടവരത്രെ.

തിരുമനസ്സിലെ അഗാധമായ ദൈവഭക്തിയെ പ്രദ്യോതിപ്പിക്കുന്ന ഏതാനും സംഗതികൾ ഇവിടെ രേഖപ്പെടുത്തുന്നത് അനുചിതമായിരിക്കുകയില്ലല്ലോ. തിരുമനസ്സിലേക്കു ആയുസ്സിൽ ഏറ്റം വെറുപ്പുള്ള ഏതെങ്കിലും ഒറ്റ സംഗതിയുണ്ടായിരുന്നുവെങ്കിൽ അതു ഭക്തിവേഷം നടിക്കുന്നതായിരുന്നു. തന്റെ ശിഷ്യന്മാരിൽ ഒരാളിൽ കണ്ട ഭക്തിയുടെ ഭാവന തനിക്കു അശേഷം രുചിക്കാഴികയാൽ അടുത്തുണ്ടായിരുന്ന മറ്റൊരു പട്ടക്കാരനോട് ഇപ്രകാരം കൽപിക്കുകയുണ്ടായി: “എടൊ കത്തനാരച്ചാ, യഥാർത്ഥത്തിൽ ഭക്തിയുള്ളവൻ അവന്റെ ഭക്തി വെളിപ്പെടുത്തുമോ?

നേരെമറിച്ചു അതു മറ്റുള്ളവർ കാണരുതെന്നല്ലായിരിക്കുമോ അവന്റെ വിചാരം?"

തിരുമനസ്സിലെ രഹസ്യപ്രാർത്ഥനകളും ധ്യാനങ്ങളും ഒരിക്കലും മറ്റുള്ളവർ കാണത്തക്കവണ്ണം അവിടുന്നു നടത്തിയിരുന്നില്ലെന്നു സൂക്ഷ്മമായി ഞങ്ങൾക്കറിയാം. *മ്ശിഹാനുകരണം* എന്ന പുസ്തകം നിത്യവും തിരുമനസ്സുകൊണ്ടു വായിച്ചു ധ്യാനിക്കുക പതിവായിരുന്നു. മുറിയുടെ കതകുകൾ അടച്ചുകൊണ്ടല്ലാതെ അവിടുന്ന് ഇതു ചെയ്തിരുന്നില്ല. തന്റെ ചിലപ്പോഴത്തെ മുഖഭാവവും പെരുമാറ്റവും കണ്ടാൽ തനിക്കു ഭക്തിയില്ലെന്നു ആളുകൾ പറയുന്നതു അവിടുത്തേക്കു ഒരുമാതിരി സന്തോഷമായിരുന്നു എന്നുകൂടെ തോന്നിപ്പോവും. എത്രവലിയ ജോലിത്തിരക്കൊ ബദ്ധപ്പാടൊ ഉള്ള അവസരമായിരുന്നാലും വി. വേദപുസ്തകത്തിൽ നിന്നു നിത്യവും നാല് അദ്ധ്യായം വീതം വായിച്ചു കേൾക്കുക അവിടുത്തെ പതിവായിരുന്നു. മറ്റുള്ളവരുടെ ദൃഷ്ടിക്കു വിഷയീഭവിക്കാതെയും മറ്റുള്ളവരെ ഗ്രഹിപ്പിക്കാതെയും ചില പ്രത്യേക വ്രതങ്ങളും ചിലപ്പോഴെല്ലാം അവിടുന്നു പരിപാലിച്ചുപോന്നു. തിരുമനസ്സുകൊണ്ടു ഒരു പരിശുദ്ധനാണ് എന്നു മഹാനായ സി. എഫ്. ആൻഡ്രൂസ് വിശ്വസിച്ചുപോന്നതായി ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. അദ്ദേഹം തിരുമേനിയെ സന്ദർശിച്ച രണ്ടു സന്ദർഭങ്ങളിൽ മുട്ടുകുത്തി *നമ്മുടെ കർത്താവു ഉപയോഗിച്ച ഭാഷയിൽ അവിടുന്നു എന്നെ അനുഗ്രഹിക്കണം* എന്നപേക്ഷിച്ചുകൊണ്ട് തിരുമനസ്സിലെ അനുഗ്രഹം പ്രാപിച്ചതായും അറിയാം. നമ്മുടെ തിരുമേനി മാർ ഗീവറുഗീസ് സഹദായെയും മറ്റും പോലെ ധീരനും യോദ്ധാവും ആയ ഒരു പരിശുദ്ധനാണ് എന്നു ദീർഘകാലം തിരുമേനിയുമായി ഇടപെട്ടിട്ടുള്ള ഡിസ്ട്രിക്ട് ജഡ്ജി എ. പീലിപ്പോസ് ഏതാനും വർഷങ്ങൾക്കു മുമ്പ് ഞങ്ങളോട് പറഞ്ഞ സംഗതിയും ഈ അവസരത്തിൽ പ്രസ്താവയോഗ്യമത്രെ. അഗാധമായ ഭക്തിയുള്ളവർക്കു മാത്രം അനുഭവപ്പെടുന്ന ചില ആത്മീയ സംഗതികൾ തിരുമനസ്സിലെ പ്രസംഗവും സംഭാഷണവും മൂലം ഗ്രഹിപ്പാനും ഞങ്ങൾക്കു ഇടയായിട്ടുണ്ട്. ജഡസംബന്ധമായ പ്രതിബന്ധങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കുകയാൽ ഈ പരിശുദ്ധന്റെ ആത്മാവ് സഭയുടെയും ഞങ്ങളുടെ ആശ്രമത്തിന്റെയും ഉന്നമനത്തിനായി പൂർവ്വാധികം പ്രവർത്തിക്കുന്നു എന്നു സമാശ്വസിക്കട്ടെ. തിരുമനസ്സിലെ നിത്യശാന്തിക്കായി ഞങ്ങൾ പ്രാർത്ഥിച്ചുകൊള്ളുന്നു."[1]

### നസ്രാണി ദീപിക

(മാന്നാനത്തു നിന്നുള്ള ഈ പത്രം, പിന്നീട് കോട്ടയത്തു നിന്നു പ്രസിദ്ധീകരണമാരംഭിച്ചപ്പോൾ അതിന്റെ പേര് 'ദീപിക' എന്നു മാറ്റി)

"മലങ്കര യാക്കോബായ സഭയുടെ നെടുംതൂണായിരുന്ന മാർ ദീവ



ന്നാസ്യോസ് മെത്രാപ്പോലീത്താ കഴിഞ്ഞ വെള്ളിയാഴ്ച പന്ത്രണ്ടേകാൽ മണിക്ക് കോട്ടയത്തുള്ള പഴയസെമിനാരിയിൽ വച്ചു കാലം ചെയ്തു. കുറെ നാളുകളായി ഇദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്ന വാതരോഗം പെട്ടെന്നു വർദ്ധിക്കുകയാലാണ് ഈ അത്യാഹിതം നേരിട്ടത്. ..... പുലിക്കോട്ടിൽ മെത്രാപ്പോലീത്താ 1909 -ൽ ചരമമടഞ്ഞതിനാൽ അദ്ദേഹത്തിന്റെ അനന്തരഗാമിയായി ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തെരഞ്ഞെടുക്കപ്പെട്ടു. അധികനാൾ കഴിയുന്നതിനു മുമ്പു ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ അബ്ദള്ളാ പാത്രിയർക്കീസു മുടക്കിയതും അതിന്റെ ഫലമായി പ്രസിദ്ധമായ ട്രസ്റ്റി വഴക്കും വട്ടിപ്പണക്കേസ്സും ബാവാ - മെത്രാൻ കക്ഷി ഭിന്നിപ്പും യാക്കോബായ സഭയിൽ ഉൽഭവിച്ചതും മറ്റും ഏവർക്കും അറിയാവുന്ന സംഗതികൾ ആണല്ലൊ.

ക്രമാതീതമായ ഒരധികാരമാണ് അന്ത്യോക്യാ പാത്രിയർക്കീസ് മലങ്കര യാക്കോബായ സഭയുടെ മേൽ പ്രയോഗിച്ചുകൊണ്ടു വരുന്നതെന്നും അതു വേണ്ടുംവിധം നിയന്ത്രിക്കപ്പെടേണ്ടതാണെന്നും ഉള്ള അഭിപ്രായക്കാരനായിരുന്നു പരേതനായ മെത്രാപ്പോലീത്താ. തന്നിമിത്തം ആജീവനാന്തം തൽസാദ്ധ്യാർത്ഥം അദ്ദേഹം ഭയങ്കരമായ പോരാട്ടം നടത്തി. മാത്രമല്ല മരണമടഞ്ഞതിന്റെ തലേദിവസം പുറപ്പെടുവിച്ച അന്ത്യസന്ദേശത്തിൽ കൂടെയും ആ ആദർശം നിലനിർത്തിക്കൊണ്ടു പോകുന്നതിന് അത്യാവശ്യമെന്നുകരുതി അദ്ദേഹം ഏർപ്പെടുത്തിയിട്ടുള്ള കാതോലിക്കാസ്ഥാപനത്തിനു ഒരിക്കലും ഉടവുതട്ടാത്ത തരത്തിലുള്ള വ്യവസ്ഥയിൽ മാത്രം എതിർകക്ഷികളുമായി സന്ധിക്കു വഴിപ്പെടണമെന്നത്രേ മെത്രാപ്പോലീത്താ സ്വപക്ഷക്കാരോട് ഉപദേശിക്കുന്നത്. ഇദ്ദേഹത്തിനുണ്ടായിരുന്ന വ്യക്തിമാഹാത്മ്യം ഒന്നു വേറെ തന്നെ ആയിരുന്നുവെന്നു സമ്മതിക്ക തന്നെ വേണം. അസാമാന്യമായ ബുദ്ധിശക്തി, അജയ്യമായ സ്വാധീനശക്തി, ആകർഷണീയമായ പ്രസംഗപാടവം, അഗാധമായ പാണ്ഡിത്യം, ഒരു അഭിഭാഷകനെ ജയിക്കുന്ന നിയമജ്ഞാനം എന്നിങ്ങനെ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കുണ്ടായിരുന്ന നാനാഗുണങ്ങൾ പ്രസിദ്ധങ്ങളാണ്. ഈദൃശനായ ഒരു മഹാനുഭാവന്റെ വിയോഗം മൂലം ദുഃഖിതരായിരിക്കുന്ന സഭാംഗങ്ങളോടു കൂടെ ഞങ്ങളും അനുശോചിച്ചുകൊള്ളുന്നു."

### നവഭാരതി

(മാർത്തോമ്മാ സഭയുടെ നാവ് ആയി കെ. ഐ. കൊച്ചീപ്പൻ മാപ്പിളയുടെ പത്രാധിപത്യത്തിൽ തിരുവല്ലായിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന പ്രത്യർദ്ധ വാരികയായിരുന്നു നവഭാരതി)

തിരുവല്ലാ താലൂക്കിൽ ഉൾപ്പെട്ട മല്ലപ്പള്ളിൽ വട്ടശ്ശേരിൽ എന്ന പുരാ

തനവും പ്രശസ്തവുമായ സിറിയൻ ക്രിസ്ത്യൻ കുടുംബത്തിലെ ഒരംഗമായി ഇദ്ദേഹം കൊല്ലവർഷം 1033 ൽ ഭൂജാതനായി. കാലാനുസൃതമായ രീതിക്ക് മാതൃഭാഷാഭ്യസനം നടത്തിയ ശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി പുറപ്പെടുകയും ആ ഭാഷയിലും സാമാന്യജ്ഞാനം പ്രാപിക്കുകയും ചെയ്തു. പ്രകൃത്യാ ബുദ്ധിമാനും സമർത്ഥനുമായ ഒരാളാണിദ്ദേഹമെന്നു ചെറുപ്പത്തിലെ മനസ്സിലാക്കാമായിരുന്നതിനാൽ ഇദ്ദേഹം ഉൾപ്പെട്ടിരുന്ന സമുദായത്തിലെ നേതാക്കന്മാരുടെ ശ്രദ്ധ സവിശേഷം ഇദ്ദേഹത്തിൽ പതിയുകയും ഇതു നിമിത്തം വൈദികസ്ഥാനത്തിന്റെ പ്രഥമ പദത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. സുറിയാനി ഭാഷ നന്നായി അഭ്യസിച്ചതിനാൽ സുറിയാനി മല്പാനായി ഇദ്ദേഹം നിയമിക്കപ്പെട്ടു. അനന്തരം കോട്ടയം എം. ഡി. സെമിനാരിയുടെ പ്രിൻസിപ്പാളായി തീർന്നു. ഇങ്ങനെ ഗുരുതരങ്ങളായ അനേക കാര്യങ്ങളിൽ ഇദ്ദേഹം ഏർപ്പെടുകയും എല്ലാറ്റിലും സഹജസാധാരണമായ ബുദ്ധിശക്തി പ്രകാശിപ്പിക്കുകയും ചെയ്യുക നിമിത്തം വൈദികവൃന്ദത്തിന്റെയും ഒട്ടാകെയുള്ള സമുദായ ജനങ്ങളുടേയും ഏകാഭിപ്രായപ്രകാരം ഇദ്ദേഹമൊരു മെത്രാപ്പോലീത്തായായി പട്ടം കെട്ടപ്പെട്ടു. ഈ സ്ഥാനാരോഹണത്തോടു സമീപിച്ചു യാക്കോബായ സഭയിൽ ഉണ്ടായ ആഭ്യന്തരകലഹം നിമിത്തം ഇദ്ദേഹത്തെക്കൊണ്ടു ന്യായമായി സഭയ്ക്കുണ്ടാകാമായിരുന്ന അനേകം സൽക്കാര്യങ്ങളും നഷ്ടപ്രായമായി തീർന്നു എങ്കിലും യാക്കോബായ സിറിയൻ സഭയുടെ സ്വാതന്ത്ര്യത്തിനും തന്മൂലം ഉണ്ടാകാവുന്ന സവിശേഷമായ ഭാവിക്കും ഇദ്ദേഹം അടിസ്ഥാനമായിത്തീർന്നു.

മറ്റനേകം വൈദിക സ്ഥാനികളെയുംപോലെ സഭയുടെ സ്വാതന്ത്ര്യത്തെ പരദേശികന്മാർക്ക് തീറെഴുതി കൊടുക്കാൻ ഇദ്ദേഹം തയ്യാറായിരുന്നു എങ്കിൽ ആഭ്യന്തര കലഹം മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് ഇദ്ദേഹം പാത്രിഭൂതനായി തീരാതെ ഇരിക്കുമായിരുന്നു. ഈ വിഷയത്തിൽ ഇദ്ദേഹം അനുഭവിക്കേണ്ടിവന്ന ദുഃഖങ്ങളും പ്രയാസങ്ങളും ഈ തലമുറയിൽ ജീവനോടിരിക്കുന്നവരായ കാര്യവിവരമുള്ളവരോടു പറയേണ്ടതായിട്ടുള്ള ഒന്നല്ല. ഇതിൽ ഇദ്ദേഹം ഉപയോഗിച്ച സുസ്ഥിരമായ മനഃശക്തിയും ക്ഷമയും വചാമഗോചരം എന്നു ചുരുക്കത്തിൽ പറഞ്ഞവസാനിപ്പിക്കുവാനല്ലാതെ നിവർത്തിയുള്ളതല്ല.

ജീവിതത്തെ മലിനപ്പെടുത്തുന്ന എന്തെങ്കിലുമൊന്ന് ഇദ്ദേഹത്തിൽ ഉണ്ടായിരുന്നുവെന്ന് ഇദ്ദേഹത്തിന്റെ ശത്രുക്കൾക്കുപോലും പറയാൻ കഴിയാത്ത ഒരു കാര്യമാണ്. അനഹങ്കാരം ഇദ്ദേഹത്തിന്റെ പ്രത്യേക ഗുണങ്ങളിൽ ഒന്നായിരുന്നു. സുറിയാനി സഭാമാതാവിൽ നിന്നും ഉൽഭൂതരായി മലങ്കരയുടെ വിഭിന്ന ക്രിസ്തീയ സമുദായങ്ങളിൽ ഇതഃപര്യന്തം ജീവിച്ചിരിക്കാൻ കഴിഞ്ഞിട്ടുള്ള മഹാരഥന്മാരിലൊരാളായിരുന്നു ഇദ്ദേഹമെന്ന് ആരും ഏതു കാലത്തും നിസ്സംശയം പറയുന്നതാണ്. ഇങ്ങനെയുള്ള



ഒരു ദേഹത്തിന്റെ വേർപാട് അദ്ദേഹത്തിന്റെ നായകത്വം സ്വീകരിച്ചിരിക്കുന്ന സഭയുടെ ചരിത്രത്തിലെ അപരിഹാര്യമായ ഒരു നഷ്ടം തന്നെയാണ്.

## ജഡ്ജി ജി. ശങ്കരപ്പിള്ള

സഭാചരിത്രത്തിൽ പ്രസിദ്ധമായ വട്ടിപ്പണക്കേസിൽ (1913) കോട്ടയം ജില്ലാ കോടതിയിൽ സ്പെഷൽ ജഡ്ജി ആയിരുന്നു 275 ഖണ്ഡികകളുള്ള പണ്ഡിതോചിതമായ വിധി എഴുതുകയും പിന്നീടു ഹൈക്കോടതി ജഡ്ജിയായി പരിലസിക്കുകയും ചെയ്ത ജി. ശങ്കരപ്പിള്ളയെ വട്ടശ്ശേരിൽ തിരുമേനിയുടെ നിര്യാണവാർത്ത കമ്പി മൂലം അറിയിച്ചപ്പോൾ കാതോലിക്കാ ബാവായ്ക്ക് അയച്ച അനുശോചന കത്തിൽ ജഡ്ജി ഇങ്ങനെ പറഞ്ഞു:

ഗോവിന്ദ ഭവനം, തിരുവനന്തപുരം
24-02-1934

മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ വിയോഗവാർത്ത എന്നെ സന്തപ്തനാക്കി. അദ്ദേഹത്തിന്റെ വിയോഗം മൂലം യാക്കോബായ സുറിയാനി സഭയ്ക്കു നികത്താനാകാത്ത നഷ്ടമാണ് സംഭവിച്ചതെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. അസാധാരണമായ വ്യക്തിമാഹാത്മ്യം ഉള്ള ഒരു ദേഹമായിരുന്നു അദ്ദേഹം. മലങ്കരസഭയുടെ ക്ഷേമത്തിൽ ഹൃദയ പ്രാധാന്യമുള്ള ഒരു തത്വത്തിന്റെ സംരക്ഷണത്തിനുവേണ്ടി നിവർന്നുനിന്നു പോരാടേണ്ടിവന്നു. അതുമൂലം വ്യാജമായ കുറ്റാരോപണങ്ങൾക്കും പീഡനങ്ങൾക്കും വിധേയനായി. വ്യക്തിപരമായി ഗൗരവതരമായ കഷ്ടതകൾ സഹിക്കേണ്ടതായും വന്നു. അവയെ എല്ലാം ഒരു വീരയോദ്ധാവിന് അനുയോജ്യമായ ധൈര്യത്തോടും ഒരു സത്യക്രിസ്ത്യാനിക്കു യോജിച്ച സമർപ്പണബുദ്ധിയോടും അദ്ദേഹം അഭിമുഖീകരിച്ചു. അദ്ദേഹം വിത്തു ശരിക്കു വിതച്ചു. സഭയ്ക്കു അതിൽ നിന്നു വിളവു ലഭിക്കുമെന്നുള്ളതിൽ എനിക്ക് സംശയമില്ല. ആയുഷ്കാലത്തു നിരാകരിക്കപ്പെട്ട സ്വാസ്ഥ്യം മരണാനന്തരം അദ്ദേഹത്തിന് ലഭിക്കട്ടെ. അവിടുത്തോടും സഭയോടും ഒപ്പം നമ്മിൽ നിന്നു പിരിഞ്ഞുപോയ ആളിന്റെ വേർപാടിൽ ഞാനും വിലപിക്കുന്നു."

## കബറടക്കവും കാതോലിക്കാ ബാവായുടെ അനുസ്മരണ പ്രസംഗവും

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കബറടക്കം പഴയസെമിനാരി ദേവാലയത്തിന്റെ ദക്ഷിണഭാഗത്തുള്ള മുറിയിൽ തയ്യാറാക്കപ്പെട്ട കബറിൽ 1934 ഫെബ്രുവരി 24-ാം തീയതി ശനിയാഴ്ച യഥാവിധി നടത്തപ്പെട്ടു.

തലേ രാത്രി (വെള്ളിയാഴ്ച) സിമ്മനാരി മുറ്റത്തു പന്തലിൽ വച്ച് പുണ്യപുരുഷനെ സംബന്ധിച്ചുള്ള പ്രസംഗങ്ങൾ നടത്തുകയുണ്ടായി. ഫാദർ അലക്സിയോസ് ഒ. ഐ. സി., ഫാദർ സി. എം. തോമസ് എന്നിവരും, റാവുസാഹിബ് ഒ. എം. ചെറിയാൻ, കെ. സി. മാമ്മൻമാപ്പിള, സി. പി. തരകൻ, കെ. എം. മാമ്മൻമാപ്പിള എന്നീ മാന്യന്മാരുമായിരുന്നു പ്രസംഗങ്ങൾ നടത്തിയത്. രാത്രി മുഴുവൻ പ്രത്യേക നമസ്കാരങ്ങളും ശുശ്രൂഷകളും നടത്തിക്കൊണ്ടിരുന്നു. ശനിയാഴ്ച രാവിലെ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, മാർ ഗ്രീഗോറിയോസ്, മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തോടു കൂടി മൂന്നിന്മേൽ കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ കാതോലിക്കാ ബാവാ അഭിവന്ദ്യ പുരുഷനെക്കുറിച്ചുള്ള സ്മരണകളെ ക്രോഡീകരിച്ചു ഹൃദയാവർജ്ജകമായ ചരമപ്രസംഗം ചെയ്തു (പ്രസംഗം അന്യത്ര).

## വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ സൂക്തങ്ങൾ

(പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടത്)

**ഹൃദയ കണ്ണുകൾ ദൈവത്തിൽ.** എന്തെല്ലാം ദുരിതങ്ങളും കഷ്ടതകളും ഉണ്ടായാലും അതെല്ലാം ദൈവകുഞ്ഞുങ്ങൾക്ക് അനുഗ്രഹമായിട്ടേ തീരുകയുള്ളു. നമുക്കാപത്തുണ്ടായാലും ദാരിദ്ര്യം ഉണ്ടായാലും നമ്മുടെ ഉൾക്കണ്ണുകൾ ദൈവത്തിൽ നിന്നു പറിക്കാതെ ജീവിക്കുന്നിടത്തോളം കാലം നമുക്ക് യാതൊരു ദോഷത്തേയും ഭയന്നിട്ടു കാര്യമില്ല.

**കുരിശ്.** സമസ്യഷ്ടങ്ങൾക്കുവേണ്ടി തങ്ങളെത്തന്നെ ബലി കഴിക്കുന്നതാണ് സാക്ഷാൽ കുരിശ്. കുരിശ് വിനയത്തിന്റെയും ക്ഷമയുടെയും അടയാളമാകുന്നു. സത്യത്തിനും നീതിക്കും വേണ്ടി എന്തു കഷ്ടതയും സഹിക്കുവാൻ തയ്യാറാകുന്നതാണ് കുരിശ്. ക്രിസ്ത്യാനികൾക്ക്, സ്ളീബാ ജയത്തിന്റെ അടയാളവും കൊടിയും ആകുന്നു. നമ്മുടെ അഭയസ്ഥാനവും ആശ്രയവും സ്ളീബാ ആകുന്നു.

**പ്രാർത്ഥന.** പ്രാർത്ഥനയുടെ ശക്തി വലിയതാകുന്നു. നമ്മുടെ ഹൃദയങ്ങളെ സ്രഷ്ടാവായ ദൈവത്തിങ്കലേക്കുയർത്തി തന്നോടു കൂടെ സംസർഗ്ഗം ചെയ്യുന്നതാകുന്നു പ്രാർത്ഥന.

നാം അവനവനു വേണ്ടി മാത്രമല്ല, മറ്റുള്ളവരുടെ രക്ഷയ്ക്കും നന്മയ്ക്കും വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നവരായിരിക്കണം. നമ്മുടെ പ്രാർത്ഥന നമ്മെക്കുറിച്ചു മാത്രം ആയിരിക്കരുത്.

ഞാനും എനിക്കുള്ള സകലതും നശിച്ചാലും എന്റെ പ്രാർത്ഥനകളും



പ്രവൃത്തികളും കർത്താവിന്റെ നാമം മഹത്വപ്പെടുന്നതിനു വേണ്ടിയായിരിക്കട്ടെ എന്ന ചിന്ത ഓരോരുവനെയും ഭരിക്കട്ടെ.

**ത്യാഗം.** നമ്മുടെ സഹോദരങ്ങൾക്കു വേണ്ടി കർത്താവിനെ പ്രതി എന്തു സഹിക്കേണ്ടി വന്നാലും നമ്മുടെ രക്തം ചിന്തേണ്ടി വന്നാലും നാം അതു ചെയ്യണം.

ഏതു കാര്യത്തിനുവേണ്ടി എന്റെ ആയുസ്സ് ഉപയോഗിച്ചുവോ ആ കാര്യത്തിനുവേണ്ടി യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നതാണ് മനസ്സിന് സ്വസ്ഥതയും ആശ്വാസവും. അങ്ങനെയല്ലെങ്കിൽ മനസ്സിന് സമാധാനക്കുറവും നീറ്റലുമാണ്.

സമുദായത്തിന്റെ ഉന്നതി അതിനായി പ്രയത്നിക്കുന്ന ആളുകളുടെ സ്വയപരിത്യാഗത്തിന്റെ ആധിക്യത്തിന്മേൽ ആശ്രയിച്ചിരിക്കുന്നുവെന്നുള്ളത് നിസ്സംശയമായ ഒരു സംഗതിയാകുന്നു.

എന്തെങ്കിലും വിരുദ്ധതയുള്ളപ്പോൾ ചുമതല വിട്ടുപോകുമെന്നു പറയുന്നത് ബുദ്ധിയല്ല.

**സമാധാനം.** എന്റെ ജീവന് ഒരുവേള അപകടം സംഭവിച്ചാലും മലങ്കരസഭയിൽ സമാധാനമുണ്ടാക്കുവാൻ കഴിയുമെങ്കിൽ അത് സാധിക്കണമെന്ന് എനിക്കതിയായ താല്പര്യമുണ്ട്.

സമാധാനത്തിനുവേണ്ടി നാമോരോരുത്തരും നമ്മെത്തന്നെ ബലികഴിക്കേണ്ടവരാണ്. എന്നാൽ, സമാധാനത്തിന്റെ നാമത്തിൽ എന്തെങ്കിലും മനസ്സാക്ഷിക്ക് ചേരാത്തത് ചെയ്തിരുന്നെങ്കിൽ എനിക്ക് ദുഃഖവും വേദനയും ഉണ്ടാകുമായിരുന്നു. സമാധാനത്തിനു വേണ്ടി ഒരുത്തൻ തന്റെ വിശ്വാസം ഉപേക്ഷിക്കുകയോ മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുകയോ ചെയ്യുവാൻ പാടില്ല.

**അനുതാപം.** സത്യ അനുതാപം എന്നു പറയുന്നത് ചെയ്തുപോയ പാപങ്ങൾക്കുവേണ്ടി ദുഃഖിച്ചു മാപ്പു ചോദിക്കുകയും ചെയ്തുവരുന്ന പാപങ്ങളിൽ നിന്നു ഒഴികയും, മേലിൽ ദൈവത്തിനിഷ്ടമാം വണ്ണം പരമാർത്ഥമുള്ള അനുസരണത്തിൽ നടക്കുമെന്ന് മനസ്സിൽ ഉറയ്ക്കുകയും ചെയ്യുന്നതാകുന്നു.

**സഭ.** നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അത് ഒരിക്കലും നശിച്ചുപോകാനിടയില്ലെന്നും നിങ്ങൾക്ക് വിശ്വാസമുണ്ടായിരിക്കേണ്ടതാണ്.

# 14

# സമുന്നത വ്യക്തികളുടെ സാക്ഷ്യങ്ങൾ

വട്ടശ്ശേരിൽ തിരുമേനിയുടെ മദ്ധ്യസ്ഥത മൂലം അനുഗ്രഹങ്ങൾ ലഭിച്ചവരും വിവിധ രംഗങ്ങളിൽ പ്രശോഭിക്കുന്നവരും തിരുമേനിയുമായി കുടുംബബന്ധമുള്ളവരും സമുന്നത സഭാസ്നേഹികളുമായ സി. കെ. കൊച്ചുകോശി ഐ. എ. എസ്. (റിട്ട.), പ്രശസ്ത ഭിഷഗ്വരന്മാരായ ഡോ. പി. വി. കോശി (പുപ്പള്ളിൽ ഹോസ്പിറ്റൽ ചെങ്ങന്നൂർ), ഡോ. ബാബു ചാക്കോ കോട്ടയം (വട്ടശ്ശേരിൽ മാർ ഡയനീഷ്യസ് ഫൗണ്ടേഷൻ ട്രസ്റ്റി) എന്നിവരുടെ സാക്ഷ്യങ്ങൾ സ്വയം വിശദീകരണ പ്രധാനമാണ്.

## കളങ്കരഹിതനായ താപസൻ

ചെങ്ങന്നൂരിലെ പ്രശസ്തമായ പൂപ്പള്ളിൽ ഹോസ്പിറ്റൽ ഉടമയായ ഡോ. പി. വി. കോശി ഇങ്ങനെ എഴുതുന്നു:

നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവരുടേതാണ് (വി. മത്തായി 5:10).

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയെക്കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം ഇസ്രായേൽ ജനതയെ കഷ്ടപ്പാടുകളിലൂടെ ഫറവോന്റെ അടിമത്തത്തിൽ നിന്ന് രക്ഷിച്ചു നയിച്ച മോശയെയാണ് ഓർമ്മ വരുന്നത്.

അഗ്നി പരീക്ഷണങ്ങളുടെ കാലഘട്ടത്തിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അകത്തും പുറത്തും വിരുദ്ധ ശക്തികളെ നേരിട്ട്, ജീവാപായത്തെപ്പോലും വകവെയ്ക്കാതെ കാൽ ശതാബ്ദക്കാലം സഭയെ നയിച്ച് കാതോലിക്കാ സിംഹാസനം സ്ഥാപിച്ച് സഭയുടെ സ്വാതന്ത്ര്യം നിലനിർത്തി ഉറപ്പിച്ച ദീവന്നാസ്യോസ് തിരുമേനി സഭയുടെ ഭാസുരൻ തന്നെയാണ്.


ഡോ. പി. വി. കോശി

### ബഹുമുഖ വ്യക്തിത്വം

കാപട്യമില്ലാത്ത ദൈവഭക്തൻ, സത്യവിശ്വാസത്തിന്റെ സംരക്ഷകൻ, സമാധാന കാംക്ഷിയായ ഇടയൻ, വേദശാസ്ത്ര പണ്ഡിതൻ, കർമ്മധീരനായ മേല്പട്ടക്കാരൻ, സ്വാതന്ത്ര്യ



ദാഹിയായ ഭരണകർത്താവ്, കളങ്കരഹിതനായ താപസൻ, ന്യായാധിപന്മാരെ അത്ഭുതപ്പെടുത്തിയ നീതിപാലകൻ എന്നിങ്ങനെ നീണ്ടുപോകുന്നു അദ്ദേഹത്തെപ്പറ്റി മറ്റുള്ളവരിൽ നിന്നു കേട്ടിട്ടുള്ള ഗുണഗണങ്ങൾ. അവയൊക്കെയും യാഥാർത്ഥ്യമാണെന്നു ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇവയെല്ലാം തന്നെ അദ്ദേഹത്തിന്റെ ദൈവാശ്രയത്തിൽ നിന്നും, പരിശുദ്ധനായ പരുമലത്തിരുമേനിയുടെ ശിക്ഷണത്തിൽ നിന്നും, പ്രഗല്ഭനായ പുലിക്കോട്ടിൽ തിരുമേനിയുടെ പരിശീലനത്തിൽ നിന്നും ലഭിച്ചതാണ്. സർവശക്തനായ ദൈവത്തിന്റെ കൃപ അദ്ദേഹത്തോടു കൂടെ എല്ലായ്പ്പോഴും ഉണ്ടായിരുന്നു.

*യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേയ്ക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു* എന്ന സങ്കീർത്തനഭാഗം തിരുമേനിയുടെ ജീവിതത്തിൽ സാക്ഷാത്കരിച്ചതായി കാണാം.

18-05-1924 ൽ കോട്ടയത്തു മാർ ഏലിയാ ചാപ്പലിൽ വച്ച് കുർബാന മദ്ധ്യേ അദ്ദേഹം ചെയ്ത ആത്മീയ ചൈതന്യമുളവാക്കുന്ന പ്രസംഗം നാം നിത്യവും സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലുന്ന 91-ാം മസ്മൂറയിൽ നിന്നുള്ള *ഉന്നതങ്ങളിൽ നിന്റെ വാസസ്ഥലം നീ വച്ചു എന്ന എന്റെ ശരണമായ കർത്താവു നീയാകുന്നു. ദോഷം നിന്നോട് അടുക്കയില്ല. ശിക്ഷ നിന്റെ വാസസ്ഥലത്തെ സമീപിക്കയുമില്ല* എന്ന വാക്യങ്ങളെ അടിസ്ഥാനമാക്കി ആയിരുന്നു. അത് അദ്ദേഹത്തിന്റെ ഹൃദയത്തിലെ യഥാർത്ഥ വിശ്വാസത്തിൽ നിന്നും അനുഭവത്തിൽ നിന്നും പറഞ്ഞ വാക്കുകളാണ്. ആ പ്രസംഗത്തിന്റെ പൂർണ്ണരൂപം ഇസ്സഡ്. എം. പാറേട്ട് എഴുതിയ *നിത്യാക്ഷരങ്ങൾ* മൂന്നാം വാല്യത്തിൽ ചേർത്തിട്ടുണ്ട്. അതു വായിക്കുന്നവർക്ക് ദൈവത്തോടു കൂടി വസിക്കുന്നവർക്കുണ്ടാകുന്ന അനുഭവം എന്തെന്നു മനസ്സിലാകും. കർത്താവിന്റെ മഹിമയോടു ചേർന്നു വസിക്കുന്നവർക്ക് ഒരു കുലുക്കവും ഇളക്കവും ഇല്ല. അവർക്കു നല്ല ഉറപ്പും ധൈര്യവും ഉണ്ടായിരിക്കും എന്നത്രെ അതിൽ പറയുന്നത്. മോശ സീനായ് പർവ്വതത്തിൽ വച്ച് യഹോവയെ കണ്ടപ്പോൾ പർവ്വതം അഗ്നി മൂലം എരിഞ്ഞുകൊണ്ടിരുന്നു. ഭൂമി വിറച്ചു. മിന്നലും ഇടിയും ഉണ്ടായി. എന്നിട്ടും മോശയ്ക്ക് ഒരു കുലുക്കവും ഇല്ലായിരുന്നു. ആ അനുഭവമാണ് നമുക്കുണ്ടാകേണ്ടത് എന്നാണ് അദ്ദേഹം ആ പ്രസംഗത്തിലൂടെ സമർത്ഥിച്ചത്.

### ജീവിത വിശുദ്ധി

തിരുമേനിയുടെ ജീവിത വിശുദ്ധിയെപ്പറ്റി അദ്ദേഹത്തിന്റെ ശിഷ്യനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ ചെയ്ത ചരമ പ്രസംഗത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. കൂടാതെ അദ്ദേഹ

ത്തിന്റെ സെക്രട്ടറിയായി ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുള്ള ബഹുമാനപ്പെട്ട മണലിൽ യാക്കോബു കശ്ശീശായിൽ നിന്ന് ഞാൻ കേട്ടിട്ടുമുണ്ട്. അദ്ദേഹത്തിന്റെ ജീവിതരീതിയും ഭക്ഷണവും ലളിതമായിരുന്നു. സഭയിലെ നോമ്പ്, നമസ്കാരം, ഉപവാസം തുടങ്ങിയ വ്രതാനുഷ്ഠാനങ്ങളിൽ കൂടി ആത്മശരീര മനസ്സുകളെ വിശുദ്ധിയിൽ സൂക്ഷിക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അനുതാപസൂചകമായ കണ്ണുനീരോടുകൂടിയ പ്രാർത്ഥനയ്ക്ക് അദ്ദേഹം പ്രാധാന്യം കൊടുത്തിരുന്നതായി തിരുമേനിയുടെ ശിക്ഷണത്തിൽ വളർന്നവരുടെ ജീവിതത്തിൽ നിന്നു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപെട്ട പരിശുദ്ധനായ പാമ്പാടി തിരുമേനിയുടെ ജീവിതവും ഗുരുവിന്റെ വിശുദ്ധിക്കു തെളിവാണ്. സഭയിലെ ഖേദകരങ്ങളായ കേസുകളും ഭിന്നതകളും ഉണ്ടായിരുന്ന കാലത്ത് വ്യക്തിപരമായി പരിശുദ്ധ ജീവിതം നയിക്കുവാൻ സാധിച്ച മഹാത്മാവായിരുന്നു അദ്ദേഹം എന്നു വേറൊരു ശിഷ്യനായ പുത്തൻകാവു മാർ പീലക്സിനോസ് തിരുമേനി പറഞ്ഞിട്ടുണ്ട്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസത്തിലൂടെ ലഭിച്ച ദൈവിക ശക്തിയും ചൈതന്യവും അദ്ദേഹത്തിൽ പ്രസരിച്ചിരുന്നു. തിരുമേനിയെ ഒരു പ്രാവശ്യമെങ്കിലും നേരിട്ടു കാണുവാൻ സാധിച്ചവർ അത് അറിഞ്ഞിട്ടുമുണ്ട്. അദ്ദേഹത്തെ നമ്മുടെ സഭയിലെ ഒരു പരിശുദ്ധനായി പ്രഖ്യാപിക്കുവാനുള്ള നീക്കത്തെ അഭിനന്ദിക്കുകയും ശ്ലാഘിക്കുകയും ചെയ്യുന്നു.

അദ്ദേഹത്തിനു യാത്ര ചെയ്യുന്നതിനായി സമുദായക്കേസ് ജയിച്ച അവസരത്തിൽ എല്ലാവരും കൂടി ഒരു കാർ സമ്മാനമായി നൽകുന്നതിന് അനുവാദം ചോദിച്ചു. എന്നാൽ അത് എതിരാളികൾക്ക് കൂടുതൽ മനഃപ്രയാസം ഉണ്ടാക്കുമെന്നും സമുദായത്തിന് കൂടുതൽ ചിലവ് വരുത്തിവയ്ക്കുമെന്നും പറഞ്ഞ് വിനയപൂർവ്വം തിരസ്ക്കരിച്ചതായി കേട്ടിട്ടുണ്ട്. ഇത്രയധികം സമുദായത്തേയും ജനങ്ങളേയും ഒരുപോലെ സ്നേഹിക്കുകയും ജനങ്ങളുടേയും വൈദികരുടേയും സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുകയും ചെയ്തിട്ടുള്ള മേല്പട്ടക്കാർ കുറവാണ്.

### പള്ളീൽ അപ്പച്ചൻ

എന്നെ സംബന്ധിച്ച് അദ്ദേഹം എന്റെ മാതൃവഴിയിൽ വല്യപ്പച്ചന്റെ ഇളയ സഹോദരനാണ്. ആയതിനാൽ ഞങ്ങൾക്ക് അദ്ദേഹത്തോടും അദ്ദേഹത്തിന് ഞങ്ങളോടും പ്രത്യേക സ്നേഹമുണ്ടായിരുന്നു. അദ്ദേഹത്തെ എന്റെ വല്യമ്മച്ചി *പള്ളീൽ ഉപ്പാപ്പ*നെന്നും, ഞങ്ങൾ കൊച്ചുമക്കൾ *പള്ളീൽ അപ്പച്ചൻ* എന്നും വിളിച്ചിരുന്നു. അദ്ദേഹം പുത്തൻകാവു



പള്ളിയിൽ വല്ലപ്പോഴുമൊക്കെ വരുമായിരുന്നു. അതിനെപ്പറ്റിയുള്ള അറിവ് അച്ചന്മാരിൽ നിന്നു നേരത്തെ തന്നെ വല്യമ്മച്ചിക്കു ലഭിക്കും. അപ്പോൾ മുതൽ തിരുമേനിക്കുവേണ്ടി വിവിധ തരത്തിലുള്ള പലഹാരങ്ങൾ ഒരുക്കുവാൻ തുടങ്ങും. പള്ളിയിൽ വരുന്ന അവസരങ്ങളിൽ അദ്ദേഹത്തെ കാണുവാനും കൈമുത്തി അനുഗ്രഹം പ്രാപിക്കുവാനും വല്യമ്മച്ചി എന്നെയും, സഹോദരികളേയും എന്റെ മാതാപിതാക്കളോടൊപ്പം കൊണ്ടുപോകുമായിരുന്നു. കൂടെ രണ്ടുമൂന്നു കുട്ടകൾ നിറയെ പലഹാരങ്ങളും കാണും. പള്ളിമുറിയിൽ ചെന്നു കൈമുത്തിയ ശേഷം പലഹാരങ്ങളെല്ലാം അവിടെ വയ്ക്കും. തിരുമേനി അവ സ്വീകരിച്ച് അനുഗ്രഹിച്ചതിനു ശേഷം അവിടെയുള്ള ജനങ്ങൾക്കും കൂടെയുള്ളവർക്കും അന്നേരം തന്നെ വിതരണം ചെയ്യും. ഒരു സ്നേഹനിർഭരമായ അന്തരീക്ഷമാണ് ആ സമയത്ത് അവിടെ കാണുന്നത്.

ധാരാളം ആളുകൾ തിരുമേനിയെ കാണുന്നതിനു വരിക പതിവായിരുന്നു. വല്യമ്മച്ചിയുടെ നിർബന്ധം കൊണ്ടായിരിക്കും തിരുമേനി പലഹാരങ്ങൾ അല്പമൊക്കെ രുചിച്ചുനോക്കുന്നത്. പക്ഷേ ഉപ്പാപ്പൻ അവ വേണ്ടവണ്ണം കഴിക്കാത്തതുകൊണ്ട് വല്യമ്മച്ചിക്ക് വീട്ടിൽ വരുമ്പോൾ ദുഃഖമുണ്ടാകുമായിരുന്നു. സിറിയാക്കാരുടെ നിറവും സുറിയാനി ഭാഷാ പാണ്ഡിത്യവുമുള്ള അദ്ദേഹം പ്രായമുള്ള വൈദികരോട് സുറിയാനിയിൽ സംസാരിക്കുന്നത് കൗതുകപൂർവ്വം ഞാൻ ശ്രദ്ധിക്കുമായിരുന്നു. ഒരു പ്രാവശ്യം അദ്ദേഹത്തെ കാണുവാൻ പുത്തൻകാവ് പള്ളിയിൽ പോയപ്പോൾ വല്യമ്മച്ചി തിരുമേനിയോട് കൊച്ചുമക്കൾക്ക് ഇതുവരെ സമ്മാനങ്ങൾ ഒന്നും കൊടുത്തിട്ടില്ലല്ലോ എന്ന് പരിഭവപ്പെടുകയുണ്ടായി. അദ്ദേഹം ഉടനെ ഇങ്ങനെ മറുപടി പറഞ്ഞതായി ഞാൻ ഓർക്കുന്നു. "മകളേ എന്റേതായി കാണുന്നതെല്ലാം സമുദായത്തിന്റേതാണ്. അതു നമുക്കു വീട്ടിൽ കൊണ്ടുപോകാൻ പറ്റുന്നതല്ല." ഏതായാലും ഒരവസരത്തിൽ വല്യമ്മച്ചിയുടെ ആഗ്രഹപ്രകാരം എനിക്ക് പഠിത്തസമയത്ത് ഉപയോഗിക്കുന്നതിന് ഒരു പേന വാങ്ങുന്നതിന് അഞ്ചു രൂപാ അനുഗ്രഹിച്ചു തന്നു. അത് അദ്ദേഹത്തിന്റെ സ്വന്തം പണത്തിൽ നിന്നു തന്നെയാണെന്ന് പ്രത്യേകം അനുസ്മരിപ്പിക്കുകയും ചെയ്തു. പിൽക്കാലത്ത് പേന ഉപയോഗിക്കുന്ന അവസരങ്ങളിൽ പലപ്പോഴും തിരുമേനിയെ ഞാൻ ഓർക്കുകയും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അപേക്ഷിക്കുകയും ചെയ്യാറുണ്ടായിരുന്നു.

വല്യപ്പച്ചൻ കുറച്ചു ചെറുപ്പത്തിലെ മരിച്ചുപോയതിനാൽ എന്റെ വല്യമ്മച്ചിക്കു ലഭിച്ച ദൈവാശ്രയവും, ആത്മധൈര്യവും, സഭാസ്നേഹവും തിരുമേനിയിൽ നിന്നാണ്. തിരുമേനി വല്യമ്മച്ചിയോട് നമ്മുടെ എല്ലാ നോമ്പുകളും ആചരിക്കണമെന്നും വേദഭാഗങ്ങൾ, നമസ്കാരം മുതലായവ മുടങ്ങാതെ ചൊല്ലണമെന്നും പള്ളിയാരാധനകളിൽ ഭക്തിയോടെ

മുടങ്ങാതെ സംബന്ധിക്കണമെന്നും കൂടെക്കൂടെ ഉപദേശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ വല്യമ്മച്ചിയും എന്റെ മാതാപിതാക്കളും കഴിവതും നിഷ്ഠയോടെ ആചരിക്കുന്നതായി ഞാൻ ഓർക്കുന്നുണ്ട്. ആ ഓർമ്മകളാണു ഇന്നും ഞങ്ങൾക്ക് ആത്മീയ പ്രചോദനം നൽകുന്നത്.

തിരുമേനിയെപ്പോലെ ദൈവഭക്തിയും വിശ്വാസവും വിശുദ്ധിയും ജീവിതനിഷ്ഠയുമുള്ള ആത്മീയ മേലദ്ധ്യക്ഷന്മാർ നമുക്കു കൂടുതലായി ഉണ്ടാകുവാൻ സർവ്വേശ്വരൻ ഇടയാക്കട്ടെ.

വന്ദ്യ തിരുമേനിയുടെ ആത്മാവിനു നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അദ്ദേഹം നമ്മുടെ വാങ്ങിപ്പോയ എല്ലാ പരിശുദ്ധന്മാരോടും കൂടെ നമുക്കുവേണ്ടി കർത്താവിനോട് മദ്ധ്യസ്ഥത അർപ്പിക്കുന്നതിനും അപേക്ഷിക്കാം.

'നീതിമാന്റെ ഓർമ്മ വാഴ്വിനായി തീരട്ടെ.'

## ചില അനുഭവ സാക്ഷ്യങ്ങൾ

എന്റെ മകൻ ജോർജ്ജു കോശിയേയും കൊണ്ട് ഞാൻ മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് കോട്ടയത്തേക്ക് പോയി. കാലത്ത് പള്ളിലപ്പച്ചൻ തിരുമേനിയുടെ കബറിങ്കൽ ചെന്ന് പ്രാർത്ഥിച്ച ശേഷമാണ് മകനെ പരീക്ഷാഹാളിൽ കൊണ്ടുവിട്ടത്. കാലത്തെ പരീക്ഷ തീരുന്നതുവരെ ഞാൻ തിരുമേനിയുടെ കബറിങ്കൽ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. അതുപോലെ ഉച്ചകഴിഞ്ഞുള്ള പരീക്ഷയും തീരുന്നതുവരെയും കബറിങ്കൽ ധ്യാനനിരതനായിരുന്നു. അത്ഭുതമെന്നു പറയട്ടെ ഒരു സാധാരണ വിദ്യാർത്ഥി ആയിരുന്ന ജോർജ്ജു കോശിക്ക് കോട്ടയത്തു തന്നെ എം. ബി. ബി. എസിനു പ്രവേശനം ലഭിച്ചു. തുടർന്ന് മദ്രാസിൽ എം. ഡി. ക്കും മണിപ്പാലിൽ കാർഡിയോളജിയിൽ ഡി. എം. നും പ്രവേശനപരീക്ഷയിലൂടെ പ്രവേശനം ലഭിച്ചു. ഒരു സംഭാവനയും നൽകേണ്ടി വന്നില്ല. ഇപ്പോൾ തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽ ചീഫ് കാർഡിയോളജിസ്റ്റായി ജോർജ് കോശി സേവനം അനുഷ്ഠിക്കുന്നു. അനേക ലക്ഷം രൂപ നൽകി ആളുകൾ നേടുന്ന പ്രവേശനം യതൊരു ചിലവുമില്ലാതെ പ്രവേശന പരീക്ഷയിലൂടെ എന്റെ മകന് ലഭിച്ചത് പള്ളീലപ്പച്ചൻ തിരുമേനിയുടെ മദ്ധ്യസ്ഥതയാലാണെന്ന് ഞാനും കുടുംബാംഗങ്ങളും പരിപൂർണ്ണമായി വിശ്വസിക്കുന്നു.

ചെങ്ങന്നൂരിൽ ഞാൻ നടത്തുന്ന ആശുപത്രിയുടെ കാവൽ പിതാവ് പ. വട്ടശ്ശേരിൽ തിരുമേനിയാണ്. ആശുപത്രിയിലെ എല്ലാ പ്രവർത്തനങ്ങളും തിരുമേനിയുടെ മദ്ധ്യസ്ഥതയിലാശ്രയിച്ചുകൊണ്ടാണ് നടത്തപ്പെടുന്നത്. ആ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയാണ് ആശുപത്രിയുടെ



പുരോഗതിക്കും മറ്റെല്ലാ അനുഗ്രഹങ്ങൾക്കും കാരണമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

# ഞാൻ അറിയുന്ന മലങ്കര സഭാസുരൻ

ഗവൺമെന്റു സെക്രട്ടറിയായിരുന്ന ശേഷം ഇപ്പോൾ തിരുവനന്തപുരം സിവിൽ സർവ്വീസ് അക്കാദമി ചെയർമാനായ സി. കെ. കൊച്ചുകോശി ഐ. എ. എസ്. (റിട്ട.) ഇങ്ങനെ എഴുതുന്നു:

ലോക ജനസംഖ്യയുടെ ഏറ്റവും വലിയ വിഭാഗമായ ക്രൈസ്തവ മതത്തിന്റെ ചരിത്രത്തിൽ സർവ്വോന്നതനായ ഒരു മഹാചാര്യനായിരുന്നു വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി. ഭക്തി, ജ്ഞാനം, കർമ്മം എന്നീ മൂന്നു രംഗങ്ങളിലും ഒരുപോലെ അപാരമായ നേട്ടങ്ങളുണ്ടാക്കിയ അതുല്യനായ യോഗിയായിരുന്നു അദ്ദേഹം.

ഞാൻ ഇദ്ദേഹത്തെ ആദ്യം കണ്ടത് 1929 -നോട് അടുത്താണ്. എനിക്ക് 7 വയസ്സ്. പരേതനായ കുലത്താക്കൽ തോമസ് കോർഎപ്പിസ്കോപ്പായാൽ സ്ഥാപിതമായ മാരാമൺ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ ഏതോ ആഘോഷം സംബന്ധിച്ച് എന്റെ അമ്മയോടൊപ്പം പോയിരുന്നപ്പോഴാണ് തിരുമേനിയെ അവിടെ വച്ച് കണ്ടത്. എന്റെ അമ്മയുടെ അമ്മ തിരുമേനിയുടെ സ്വന്തം ജ്യേഷ്ഠന്റെ മകളാണ്. എന്റെ അപ്പന്റെ വല്യമ്മയും തിരുമേനിയുടെ കസിൻ സിസ്റ്ററായിരുന്നു. ഒരു പിതാമഹനെ ആദ്യമായി കാണുന്ന കുട്ടിയുടെ ജിജ്ഞാസയും ചിന്തോദ്വേഗവും മുമ്പോട്ട് കുതിക്കുന്നതിന് എന്നെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. തിരുമേനി നീട്ടിയ കൈ മുത്തിക്കൊണ്ട് ആരോടും ചോദിക്കാതെ ഞൊടിയിടയിൽ ചാടിക്കയറി ഞാൻ തിരുമേനിയുടെ മടിയിൽ ഇരുന്നു. അത് തെറ്റായിപ്പോയെന്ന് തോന്നിയ അമ്മ എന്നെ ശകാരിച്ചപ്പോൾ *"അവന് അതിന് അവകാശമുണ്ട് ഇരുന്നു കൊള്ളട്ടെ"* എന്ന് കല്പിച്ച തിരുമേനിയെ ഞാൻ ഒരിക്കലും മറന്നിട്ടില്ല. ഗാംഭീര്യം കലർന്ന അദ്ദേഹത്തിന്റെ വാത്സല്യവും ഞാൻ ഇന്നും വ്യക്തമായി ഓർക്കുന്നു. തിരുമേനി 1934 -ൽ ദിവംഗതനായെങ്കിലും ഞാൻ ഒരു കുടുംബനാഥനും ഉദ്യോഗസ്ഥനുമായി ലോകപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ തുടങ്ങിയപ്പോഴാണ് അദ്ദേഹത്തിന്റെ ധീരോദാത്തതയെപ്പറ്റിയും പരിശുദ്ധിയെപ്പറ്റിയും ചിന്തിക്കുവാൻ തുടങ്ങിയത്. ദുഷ്കരമായ പരീക്ഷയ്ക്ക് എഴുതിയപ്പോഴും അതിനുവേണ്ടി വൈവായിൽ പങ്കെടുത്തപ്പോഴും തിരുമേനിയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചിട്ടുണ്ട്. ഔദ്യോഗിക ജീവിതത്തിൽ പല പ്രശ്നങ്ങളും അഭിമുഖീകരിച്ചപ്പോൾ തിരുമേനിയെ സ്മരിച്ചുകൊണ്ട് പ്രവർത്തിച്ചിരുന്നതിനാൽ വിജയിക്കുന്നതിനും എനിക്ക് സാധിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ കരുണയാൽ അത്ഭുതകരങ്ങളായ പല അനുഗ്രഹങ്ങളും ഞങ്ങൾക്ക് ഉണ്ടായിട്ടുണ്ട്.

സഭയുടെ പണം സ്വന്തക്കാർക്ക് കൊടുക്കുന്നത് അധർമ്മമായി അദ്ദേഹം കരുതിയിരുന്നു. പൊതു മുതലിനെപ്പറ്റി അദ്ദേഹം ഒരു കുടുംബാംഗത്തോട് പറഞ്ഞത് "അത് തീയാണ്" എന്നത്രേ. ചെറുപ്പകാലത്ത് കേട്ട ഈ വാചകം ഉദ്യോഗത്തിൽ നിന്ന് വിരമിച്ചശേഷവും എന്റെ ഹൃദയത്തിൽ തറച്ചുനില്ക്കുന്നു. സാമാന്യം നല്ല നിലയിൽ കഴിയുന്ന എന്റെ നാലു മക്കളുടെ വീടുകളിലും തിരുമേനിയുടെ ചിത്രം സൂക്ഷിച്ചിട്ടുണ്ട്. ഇത് കേരളം, ഗുജറാത്ത്, കാനഡ, രാജസ്ഥാൻ എന്നിവിടങ്ങളിലാണ്.

ഭയം എന്ന ഒരു വാക്ക് അദ്ദേഹത്തിന്റെ നിഘണ്ടുവിൽ ഇല്ലായിരുന്നു. മാനസികമായി അദ്ദേഹം ഒരു സിംഹമായിരുന്നു. അതേ സമയം ദയാമസൃണമായ ഒരു ഹൃദയവും അദ്ദേഹത്തിനുണ്ടായിരുന്നു. നാലു വശത്തു നിന്നും സഭാ സംബന്ധമായ കേസുകൾ കൊണ്ട് മനസ്സിൽ കൂരമ്പുകൾ തറച്ചുകൊണ്ടിരുന്ന കാലത്തും തിരുമേനി കുലുങ്ങിയില്ല.

സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് പറയുന്നത് തിരുമേനിയുടെ രണ്ടു കണ്ണുകൾ വൈദ്യുതി വിളക്കുകൾ പോലെ പ്രകാശിച്ചുകൊണ്ടിരുന്നു എന്നാണ്. ഒരു കണ്ണ് കോങ്കണ്ണായിരുന്നു. ഇദ്ദേഹത്തെപ്പറ്റി പറയാൻ തുടങ്ങിയാൽ നിർത്തുന്നതിന് പ്രയാസമാണ്. അദ്ദേഹത്തെപ്പറ്റി ഞാൻ എഴുതിയിട്ടുള്ള "ധീരോദാത്തൻ" എന്ന പുസ്തകം മുഴുവൻ വിറ്റു കഴിഞ്ഞതാണ്. കെ. വി. മാമ്മനും സ്നേഹിതന്മാരും കൂടി എഴുതിയ തിരുമേനിയുടെ ജീവചരിത്രത്തിന്റെ മൂന്നാം പതിപ്പാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. തിരുമേനിയുടെ ജീവചരിത്രം ജാതിമതഭേദമെന്യേ എല്ലാവരും വായിക്കേണ്ടതാണെന്നുള്ളതിന് സംശയമില്ല.

## വട്ടശ്ശേരിൽ മാർ ഡയനീഷ്യസ് ഹോം

വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമ കനക ജൂബിലി മലങ്കരസഭാടിസ്ഥാനത്തിൽ കൊണ്ടാടിയ അവസരത്തിൽ മൂടവൂരും ചുറ്റുപാടുമുള്ള ഏതാനും സഭാസ്നേഹികളുടെ ശ്രമഫലമായി 1983-ൽ രജിസ്റ്റർ ചെയ്ത ധർമ്മസ്ഥാപനമാണ് വട്ടശ്ശേരിൽ മാർ ഡയനീഷ്യസ് ട്രസ്റ്റ്.

മൂവാറ്റുപുഴ നെടുംചാലിൽ ഡോ. ബിനോയി മത്തായി ദാനം ചെയ്ത സ്ഥലത്ത് പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായാണു മാർ ഡയനീഷ്യസ് ഹോമിനു കല്ലിട്ടത്. തുടർന്ന് 90 അടി നീളവും 40 അടി വീതിയുമുള്ള ഒരു ത്രിനില കെട്ടിടം നിർമ്മിച്ചു. അന്ധരും നിരാശ്രയരുമായ 25 സ്ത്രീകളെ പുനരധിവസിപ്പിക്കാനുള്ള




ഏർപ്പാടു ചെയ്തു. ഇപ്പോൾ ഇതിൽ അന്ധരായ 20 സ്ത്രീകളും നിസ്സഹായരായ എട്ട് വൃദ്ധകളും താമസിക്കുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും എല്ലാവരുടെയും സംരക്ഷണം ട്രസ്റ്റ് ഏറ്റെടുത്ത് നടത്തിവരികയാണ്. പ. കാതോലിക്കാ ബാവാ ട്രസ്റ്റിയായി രജിസ്റ്റർ ചെയ്തിരിക്കുന്ന ഈ സ്ഥാപനത്തിന്റെ ചുമതല ബാവായാൽ നിയോഗിക്കപ്പെടുന്ന അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ പ്രസിഡന്റായുള്ള ഒരു കമ്മിറ്റിക്കാണ്.

## വട്ടശ്ശേരിൽ മാർ ഡയനീഷ്യസ് ഫൗണ്ടേഷൻ

കോട്ടയത്തെ ഒരു പ്രമുഖ ഭിഷഗ്വരനായ ഡോ. ബാബു ചാക്കോ 1983 മുതൽ മാങ്ങാനം മന്ദിരം ആശുപത്രിയിൽ ഓണററി ചീഫ് ഫിസിഷ്യനായി ജോലിനോക്കി വരവെ ആതുര ശുശ്രൂഷാ മേഖലയിലുള്ള തന്റെ താല്പര്യം വർദ്ധിപ്പിക്കാനായി ഒരു പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് രൂപവൽക്കരിക്കണമെന്ന് ആഗ്രഹിച്ചു. ഈ അഭിലാഷ സാക്ഷാത്ക്കാരത്തിനായി 1994-ൽ മലങ്കര ഓർത്തഡോക്സ് സഭയുടെ കോട്ടയും സഭാഭാസുരനും പരിശുദ്ധനുമായ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ നാമത്തിലും സഭാദ്ധ്യക്ഷനായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ രക്ഷാധികാരിത്വത്തിലും വട്ടശ്ശേരിൽ മാർ ഡയനീഷ്യസ് ഫൗണ്ടേഷൻ എന്ന രജിസ്റ്റേർഡ് ചാരിറ്റബിൾ ട്രസ്റ്റ് രൂപവൽക്കരിച്ചു. ഇതിന്റെ മാനേജിംഗ് ട്രസ്റ്റിയാണ് ഡോ. ബാബു ചാക്കോ.

പാവപ്പെട്ടവർക്കും അർഹതയുള്ളവർക്കും സൗജന്യമായും സൗജന്യനിരക്കിലും സേവനം നൽകുക എന്നതാണ് ഫൗണ്ടേഷന്റെ മുഖ്യ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി, നേരത്തെ പല കാരണങ്ങളാൽ നിന്നുപോയ കോട്ടയം ചെറിയപള്ളി ആശുപത്രി ഏറ്റെടുത്തു നടത്തണമെന്ന് പലർ ഡോ. ബാബു ചാക്കോയോട് ആവശ്യപ്പെട്ടു. ട്രസ്റ്റിന്റെ ജീവകാരുണ്യ പ്രവർത്തനം ഫലപ്രദമായി നടത്താൻ ഈ നിർദ്ദേശം ഉപകരിക്കുമെന്നു കണ്ടതിനെ തുടർന്നാണ് ചെറിയപള്ളി ആശുപത്രി മാർ ഡയനീഷ്യസ് ആശുപത്രി എന്ന പേരിൽ പുനരാരംഭിക്കാനിടയായത്. ഈ ആശുപത്രി കഴിഞ്ഞ 17 വർഷം സ്തുത്യർഹമായി പ്രവർത്തിച്ച ശേഷം ഈയിടെ തിരികെ പള്ളിക്കു നൽകി.



ഡോ. ബാബു ചാക്കോ

ട്രസ്റ്റിന്റെ പ്രവർത്തനം വിപുലീകരിക്കണം എന്ന ലക്ഷ്യമിട്ട് 1997-ൽ റോട്ടറി ക്ലബ്ബുകളുടെ സഹായത്തോടുകൂടി ഒരു അത്യാധുനിക രക്ത ബാങ്ക് കോട്ടയത്ത് സ്ഥാപിക്കുവാൻ നിശ്ചയിച്ചു. റോട്ടറി ഇന്റർനാഷ ണൽ, റോട്ടറി ക്ലബ്ബ് സിംഗപ്പൂർ, റബ്ബർ ബോർഡ്, മലയാള മനോരമ, കാനം ലാറ്റക്സ്, മിഡാസ്, പാരഗൺ മുതലായ സ്ഥാപനങ്ങളുടെ അക മഴിഞ്ഞ സഹായ സഹകരണങ്ങളാൽ 1999-ൽ റോട്ടറി ബ്ലഡ് ബാങ്ക് കോട്ടയം എന്ന പേരിൽ ഈ സ്വപ്നം സഫലീകൃതമായി.

രക്തത്തിന്റെ ഘടകങ്ങളായ റെഡ്സെൽ കോൺസെൻട്രേറ്റ്, ഫ്രഷ് ഫ്രോസൻ പ്ലാസ്പ, പ്ലേറ്റ്ലറ്റ്റിച്ച് പ്ലാസ്മ, സിംഗിൾ ഡോണർ പ്ലാസ്മ, പ്ലേറ്റ്ലറ്റ് കോൺസെൻട്രേറ്റ്, ക്രയേപ്രിസിപ്പിറേറ്റ് മുതലായവയാണ് ഈ അത്യാധുനിക ബ്ലഡ് ബാങ്കിൽ നിന്നു ലഭിക്കുന്നത്.

റോട്ടറി ബ്ലഡ് ബാങ്ക് കോട്ടയം എന്ന പേരിൽ 1999-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഇതിന്റെ സകലവിധ നടത്തിപ്പുകളും വട്ടശ്ശേരിൽ മാർ ഡയ നീഷ്യസ് ഫൗണ്ടേഷന്റെ ചുമതലയിലാണ്. കഴിഞ്ഞ 12 വർഷത്തിനിട യിൽ 85000-ൽ പരം യൂണിറ്റ് രക്തവും അതിന്റെ ഘടകങ്ങളും വിവിധ രോഗികൾക്ക് നൽകുവാൻ ഈ രക്തബാങ്കിന് സാധിച്ചു. ഇതുമൂലം പാമ്പു കടി, രക്തസ്രാവം, വാഹനാപകടം മുതലായ കാരണങ്ങളാൽ കോട്ടയം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലും വിശിഷ്യ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലുമായി ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് തക്കസമയത്ത് ആവശ്യമായ രക്തവും അതിന്റെ ഘടക ങ്ങളും നൽകുവാൻ സാധിച്ചതിനാൽ അനേക രോഗികളുടെ ജീവ രക്ഷയ്ക്ക് ഈ പ്രസ്ഥാനം തുണയായി.


പ. വട്ടശ്ശേരിൽ തിരുമേനിയുടെ സ്മരണയ്ക്കായി സ്ഥാപിച്ച ട്രസ്റ്റിന്റെ കീഴിലുള്ള റോട്ടറി ബ്ലഡ് ബാങ്കിന്റെയും വിജയത്തിന്റെ കാരണം തിരു മേനിയുടെ കാവലും കരുതലും ആണ് എന്നതിൽ ഡോ. ബാബു ചാക്കോ യ്ക്കു യാതൊരു സംശയവുമില്ല.

ഡോക്ടർ ബാബു ചാക്കോ ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, ആല പ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ റവന്യൂ ഡിസ്ട്രിക്റ്റുകൾ ഉൾക്കൊ ള്ളുന്ന റോട്ടറി ഡിസ്ട്രിക്ട് 3211-ന്റെ റോട്ടറി ഡിസ്ട്രിക്റ്റ് ഗവർണ്ണറായി സേവനം അനുഷ്ഠിക്കുന്നു. 50 ഹൃദയ ശസ്ത്രക്രിയകൾ ചെയ്യുക, 300 കൃത്രിമ കാലുകളും കൈകളും നൽകുക, 550 വീൽ ചെയർ നൽകുക, മുതലായ പലവിധ സാമൂഹ്യസേവന പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരി ക്കുകയാണെന്നു ഡോക്ടർ ഒരഭിമുഖ സംഭാഷണത്തിൽ പറഞ്ഞു.


തന്റെ മാതാവായ അക്കര വട്ടശ്ശേരിൽ തങ്കമ്മയിൽ നിന്നു വട്ടശ്ശേരിൽ തിരുമേനിയുടെ അപദാനങ്ങൾ കേട്ടിട്ടുള്ള ഡോ. ബാബു ചാക്കോ, തിരു മേനിയുടെ നാമശ്രവണ മാത്രയിൽ ഭക്ത്യാദരങ്ങളാൽ വിനയാന്വിതനായി കാണപ്പെട്ടു.



പ. വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമേനി അന്ത്യവിശ്രമംകൊള്ളുന്ന
കോട്ടയം പഴയ സെമിനാരി ചാപ്പൽ



ണലിൽ യാക്കോബ് കത്തനാർ





ചെറിയമഠത്തിൽ സ്കറിയാ മൽപ്പാൻ